P.G. House.
Ekm.

റാണി

# ഗംഗാധരലക്ഷ്മി.

---

DEFINITORY TO. C.D. No. 3238 LIBRARY. CANCELLED.

ഗ്രന്ഥകർത്താ:

ആലത്തൂർ അനുജൻ നമ്പൂതിരിപ്പാട്.

---

DHARMARAM COLLEGE LIBRARY, BANGALORE. 4522

പ്രസാധകൻ:

കല്ലിങ്ങാട്ട് ശങ്കരൻ നമ്പൂതിരി.

---

1100

രണ്ടാം പതിപ്പ്.

PRINTED AT
THE MANGALODAYAM PRESS,
TRICHUR.

വില 1 - 4 - 0

T.63.1
Al.11



കൊച്ചി വലിയ തമ്പുരാൻ തിരുമനസ്സുകൊണ്ട്.

# പ്രസ്താവന.

ആധുനികസാഹിത്യരസികന്മാരിൽ ഒരാളായ ബ്രഹ്മശ്രീ ആലത്തൂർ അനുജൻ നമ്പൂതിരിപ്പാടവർകളുണ്ടാക്കിയതാണ് ഈ പുസ്തകം. കൊച്ചിരാജ്യചരിത്രത്തെ ആധാരമാക്കിയാണ് ഇത് എഴുതിയിരിക്കുന്നത്. ഗ്രന്ഥകർത്താവിന്റെയും വിശേഷിച്ച് ഈ ഗ്രന്ഥത്തിന്റെയും യോഗ്യതയേപ്പററി, സ്വതസ്സിദ്ധവും, നിസർഗ്ഗസുന്ദരവുമായ ഭാഷയിൽ ശ്രീമാൻ സി. കുഞ്ഞിരാമമേനോൻ അവർകൾ, അദ്ദേഹത്തിന്റെ അവതാരികയിൽ പ്രസ്താവിച്ചിട്ടുമുണ്ട്. ഇനിയും എന്റെ ഒരു പ്രസ്താവന കൂടിയേ കഴിയു എന്നില്ലെങ്കിലും, എനിക്കു പറവാനുള്ളതു ഞാൻതന്നെ പറയേണ്ടിയിരിക്കുന്നതിനാൽ അതുംകൂടി നിർവ്വഹിക്കുന്നു. എന്റെ സ്വരാജ്യചരിത്രത്തെ അടിസ്ഥാനമാക്കി, മാന്യസുഹൃത്തുക്കളിൽ ഒരാളായ ആലത്തൂർ നമ്പൂതിരിപ്പാടവർകൾ എഴുതിയ ഈ പുസ്തകത്തിന്റെ പ്രസാധകത്വം വഹിക്കുവാൻ സാധിച്ചതിൽ എനിക്കു രണ്ടുപ്രകാരത്തിൽ ചാരിതാർത്ഥ്യത്തിനിടയായിട്ടുണ്ട്. നമ്പൂതിരിമാരിൽ നോവലെഴുത്തുകാർ—വിശേഷിച്ച് രാജ്യനിവാസികൾക്ക് ഉപയോഗകരമായ ചരിത്രവിഷയത്തെ ആസ്പദമാക്കി എഴുതുന്നവർ—അത്ര ധാരാളമുണ്ടെന്നു പറഞ്ഞുകൂട. അനുജൻനമ്പൂതിരിപ്പാടവർകൾ ആരംഭിച്ച ഈ ഉൽകൃഷ്ടോദ്യമത്തിൽ യേനകേനപ്രകാരേണ പങ്കുചേരുന്നത്, മറെറാരുവിധത്തിൽ കൂടിയും എന്റെ ഒരു മിത്രധർമ്മമാണെന്നു ഞാൻ കരുതുന്നു. എന്റെ ആവശ്യപ്രകാരം ഈ പുസ്തകം സനിഷ്കർഷം വായിച്ച് ഇതിന് അനുയോജ്യമായ ഒരു അവതാരികയെഴുതി, തക്ക സമയത്തേക്കു തന്ന ശ്രീമാൻ സി. കുഞ്ഞിരാമമേനോൻ അവർക

കാലം അനുഭവിക്കേണ്ടിവന്നില്ല. "കയ്യെഴുത്തുകോപ്പി ഇങ്ങോട്ടു തന്നേക്കു. ഞാൻ സകല ഭാരവും നടത്തിക്കൊള്ളാം" എന്നു സധൈര്യം പറവാനും അതുപോലെ പ്രവൃത്തിപ്പാനും എനിക്കൊരു ബന്ധുവുണ്ടായി. അദ്ദേഹം തന്നെയാണ് ഒന്നാം പതിപ്പിൻെറ പ്രസാധകനായ കപ്ലിങ്ങാട്ടു ശങ്കരൻ നമ്പൂതിരി അവർകൾ എന്നു സസന്തോഷം ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു. ഈ രണ്ടു സുഹൃത്തുക്കളുടെ ഔദാര്യത്തോടുകൂടിയ സഹായസഹകരണങ്ങൾ ഉണ്ടായിരുന്നില്ലെങ്കിൽ റാണിഗംഗാധരലക്ഷ്മിയുടെ കഥ ഇപ്പോഴും എവിടെയോ ഒളിച്ചുകിടക്കുമായിരുന്നു. ശങ്കരൻനമ്പൂതിരി അവർകൾ അച്ചടിപ്പിക്കുകയും സി. കുഞ്ഞിരാമമേനവൻ അവർകൾ തൻെറ സരസമായ ഭാഷയിൽ ഒരവതാരികകൊണ്ട് അതിനെ അലങ്കരിക്കുകയും ചെയ്തതോടുകൂടി ഗംഗാധരലക്ഷ്മിക്ക് സാമാന്യം ഓജസ്സും പുഷ്ടിയും ഉണ്ടായിത്തീൎന്നു. സാഹിത്യകുശലന്മാരും പത്രാധിപന്മാരും അതിനെ അനുകമ്പയോടുകൂടി ആദരിച്ചു. സൎവ്വകലാശാലക്കാരുടെ ദൃഷ്ടി അടുത്തരേണ ഈ ഗ്രന്ഥത്തിൽ പതിച്ചു. ഇപ്പോഴിതാ ഇതിൻെറ രണ്ടാംപതിപ്പ് ആവശ്യമായി വന്നിരിക്കുന്നു. ഒരു ഗ്രന്ഥകൎത്താവിന്നു അയാളുടെ ശ്രമത്തിൽ ആശിക്കാവുന്നിടത്തോളം എല്ലാം ഫലവും ഗംഗാധരലക്ഷ്മിയുടെ കൎത്താവിനു ലഭിച്ചിട്ടുണ്ടെന്നുള്ള സംഗതി കൃതജ്ഞതയോടുകൂടി ഇതാ മഹാജനങ്ങളെ അറിയിച്ചുകൊള്ളുന്നു. ഈ ഗ്രന്ഥം കൃത്യസമയത്തിന്നു ഭംഗിയായി അച്ചടിച്ചു തെയ്യാർ ചെയ്വാൻ ജാഗരൂകന്മാരായിട്ടുള്ള "മംഗളോദയം" അച്ചുകൂടം ഭാരവാഹികളേയും ഞാൻ വിസ്മരിക്കുന്നില്ല.

എന്ന്,

തൃശ്ശിവപേരൂർ<br>1100 കൎക്കിടകം 27-ാംനു } ആലത്തൂർ അനുജൻ<br>നമ്പൂതിരിപ്പാട്.

# അവതാരിക.

---

വളരെക്കാലമായി, തൎജ്ജമയും, അനുകരണവും ഏകദേശതൎജ്ജമയും, വേഷപ്പകൎച്ചയും, മററുമായ കഥകൾ വായിച്ച് ബുദ്ധി മടുത്തിട്ടുള്ള സഹൃദയന്മാൎക്ക്, ഗദ്യപദ്യകവനങ്ങളിൽ ഒരുപോലെ വൈഭവം സമ്പാദിച്ചിട്ടുള്ള ബ്രഹ്മശ്രീ ആലത്തൂർ അനുജൻ നമ്പൂതിരിപ്പാടവർകൾ എഴുതിയ "റാണി ഗംഗാധരലക്ഷ്മി" എന്ന ഈ കേരളചരിത്രകഥ ഒരുപുതിയ ഉണൎച്ചയും സന്തോഷവും ഉണ്ടാക്കി തീൎക്കാതിരിക്കയില്ല. അവനവൻെറ രാജ്യത്തിൽ നടന്നതും നടക്കുന്നതുമായ ചരിത്രങ്ങളെ അടിസ്ഥാനമാക്കിയും കഥാപാത്രസൃഷ്ടിയിൽ തന്മയത്വം വിടാതെയും 'രസക്കയർ' മുറിക്കുന്ന 'വിച്ഛേദം' കൂടാതെയും എഴുതുന്ന കഥകൾക്കു പ്രത്യേകമായ ഹൃദ്യതയുണ്ട്. നവീനവിദ്യാഭ്യാസംകൊണ്ടുണ്ടാവുന്ന വിദേശസംസ്കാരം സിദ്ധിച്ചിട്ടില്ലാത്ത നമ്പൂതിരിപ്പാടവർകൾ ഈ കഥയിൽ സൃഷ്ടിച്ചിട്ടുള്ള പാത്രങ്ങൾ ഓരോന്നിനും ഹൃദയാകൎഷകമായ തന്മയത്വം വന്നിട്ടുണ്ടെന്നുള്ള സംഗതിയാണ് ഈ കഥ വായിക്കുന്നവരുടെ മനസ്സിനെ ആദ്യമായി ആകൎഷിക്കുന്നത്. നോവലെഴുത്ത് എന്ന പ്രസ്ഥാനം കേരളഭാഷയിൽ നടപ്പിലാക്കിയവരും, നോവലുകളെക്കൊണ്ടു കേരളഭാഷയെ ഇപ്പോൾ പോഷിപ്പിക്കുന്നവരും എല്ലാം ഭൂരിപക്ഷവും വിദേശാദൎശങ്ങൾക്കധീനന്മാരായതുകൊണ്ടു വന്നുകൂടാറുള്ള ദോഷങ്ങളൊന്നും ഈ കഥയെ ബാധിച്ചിട്ടുമില്ല.

കൊച്ചിരാജകുഡുംബം ഈശ്വരാധീനംകൊണ്ടു പണ്ടുതന്നെ സന്താനസമൃദ്ധിയുള്ളതാണ്. ഈ കുഡുംബം മൂത്തതാവഴി, ഇളയ താവഴി, ചാഴൂർ എന്നിങ്ങിനെ നാലഞ്ചു താവഴികളായി മുമ്പു പിരിഞ്ഞു താമസിച്ചതും, എല്ലാം താ

വഴിയിലും വെച്ചു വയസ്സു മൂത്താൾ കൊച്ചി രജാവ വാണിരുന്നതും, പിന്നീടു് ഈ രാജ്യഭരണാധികാരം ലാബലപരീക്ഷയുടെ ഫലമായി ഒരു താവഴിയിൽ തന്നെ ലയിച്ചതും, പറങ്കികൾ ലന്തക്കാർ തുടങ്ങിയ പാശ്ചാത്യരും, കേരളത്തിലെ രാജാക്കന്മാരും പ്രഭുക്കന്മാരും ഈ ബലാബല പരീക്ഷയിൽ പക്ഷം പിടിച്ചു സഹായിച്ചതുമെല്ലാം ചരിത്രപ്രസിദ്ധമായ സംഗതികളാണു്. ഒരു കാലം കൊച്ചിരാജ്യഭരണം ഇളയ താവഴിക്കാർ മാത്രമായി കൈവശപ്പെടുത്തിയിരുന്നു. ആ താവഴിയിൽ സന്താനമില്ലാതെ ഒടുവിൽ ജീവിച്ചിരുന്ന "റാണി ഗംഗാധരലക്ഷ്മി"യാണു് ഈ കഥയിലെ നായിക. നല്ല പഠിപ്പും, ബുദ്ധിയും, വിവേകവും തികഞ്ഞ ഈ രാജ്ഞി വേണാട്ടരചന്മാരുടെ ശാഖയിൽപ്പെട്ട ഒരാളായ രാമണ്ണക്കോവിൽ എന്നാളെ പ്രധാനമന്ത്രിയാക്കിയതും, പ്രായാധിക്യം വന്നപ്പോൾ ആ മന്ത്രിയുടെ ഭരണനയത്തിന്നധീനയായതും, മൂത്ത താവഴിയിൽനിന്നു ദത്തനായ രാമവർമ്മരാജാവിനെ ഭ്രഷ്ടനാക്കിയതും, കൊച്ചി രാജവംശത്തിൽ ദത്തിന്നവകാശികളായവർ ധാരാളം ഉണ്ടായിരുന്നിട്ടുംകൂടി രാമണ്ണക്കോവിലിന്റെയും പറങ്കികളുടെയും പരിശ്രമംകൊണ്ടു് വെട്ടത്തു രാജവംശത്തിൽനിന്നു ചിലരെ ദത്തെടുത്തു വരുത്തിയതും, ഈ ദത്തന്മാരുടെ ഭരണകാലത്തു് രാജ്യത്തിൽ അന്തഃഛിദ്രം വർദ്ധിച്ചതും മൂത്ത താവഴിയിൽനിന്നു് ആദ്യം ദത്തെടുത്തു ഭ്രഷ്ടനാക്കപ്പെട്ട രാമവർമ്മ രാജാവു ലന്തക്കാരുടെയും സാമൂതിരിപ്പാട്ടിലെയും സഹായംകൊണ്ടു രാമണ്ണക്കോവിലിനേയും ആയാളുടെ പ്രേരണകൊണ്ടു കൊച്ചി രാജവംശത്തിലെ ദത്തന്മാരും രാജ്യഭരണാധികാരികളുമായിത്തീർന്ന വെട്ടത്തു രാജാക്കന്മാരെയും നശിപ്പിച്ചതും മൂത്ത താവഴിയിലെ രാമവർമ്മരാജാവു കാലധർമ്മം പ്രാപിക്കുകകാരണം അവിടത്തെ അനുജനായ വീരകേരളവർമ്മൻ തമ്പുരാൻ, ഗംഗാധരലക്ഷ്മിറാണിയുടെ അനുവാദത്തോടും അനുഗ്രഹത്തോടും കൂ

ടി പ്രജകളുടെ തുഷ്ടിക്കനുസരിച്ച രാജ്യഭാരം കയ്യേററത്തും മററുമായ ചരിത്രങ്ങളാണ് ഈ കഥയുടെ അടിസ്ഥാനം.

കൊച്ചിരാജവംശത്തെ നിഷ്കളങ്കം സ്നേഹിക്കുന്ന പാലിയത്തു കോമിയച്ചൻ, അഞ്ചിക്കയ്മൾമാരിൽ ഒരാളും പ്രഭുവും ആയ ഇട്ടിക്കുമാരൻ കയ്മൾ, അദ്ദേഹത്തിൻെറ മരുമകൾ ഉണ്ണിമായ, ചേററക്കുളത്ത് ഭട്ടതിരി, കിട്ടൻപട്ടർ, ഉണ്ണിമായയെ കാമിക്കുന്ന ദത്തൻ വെട്ടത്തുരാജാക്കന്മാരിൽ നാലാമനായ ഗോദവർമ്മൻ തമ്പുരാൻ, വേഷപ്രച്ഛന്നനായി ലന്തക്കാരുടെ ദ്വിഭാഷിയായി രാമണ്ണക്കോവിലിൻെറ നയങ്ങളോട് എതൃത്ത് ജയം നേടിയാളും ഉണ്ണിമായയുടെ പ്രേമഭാജനവുമായ വീരകേരളവർമ്മതമ്പുരാൻ തുടങ്ങിയ കഥാപാത്രങ്ങളെ വായനക്കാർ ഒരിക്കലും മറന്നുപോകാത്തവിധം അത്ര ചാതുര്യത്തോടെ നമ്പൂതിരിപ്പാടവർകൾ വർണ്ണിച്ചിട്ടുണ്ട്. രാജധാനിയെപ്പററിയും, അതോടു ബന്ധിച്ചവരെപ്പററിയും മററുമുള്ള വിവരണങ്ങൾ ഈ ഗ്രന്ഥകാരനെപ്പോലുള്ള ഒരു നമ്പൂതിരിയെക്കൊണ്ടല്ലാതെ ഇപ്രകാരം എഴുതി ഫലിപ്പിക്കുവാൻ ഒരിക്കലും സാധിക്കുന്നതുമല്ല.

പൌരാണികസമ്പ്രദായങ്ങളും നവീനപരിഷ്കാരങ്ങളും തമ്മിൽ കൂട്ടി, വിടത്വം, വ്യഭിചാരം, സംബന്ധമര്യാദ എന്നിങ്ങിനെയുള്ള തീപ്പൊരികൾ കേരളത്തിലെങ്ങും പറന്നുകളിക്കുന്ന ഇക്കാലത്ത് നമ്പൂതിരിപ്പാടവർകളുടെ ഈ കഥാപുസ്തകം കേരളീയരുടെ ശ്രദ്ധയെ സവിശേഷം അർഹിക്കുന്നതാണ്. ചെറുപ്പം മുതൽ വീരകേരളവർമ്മതമ്പുരാനും ഉണ്ണിമായയും തമ്മിൽ ഉണ്ടായിട്ടുള്ള അനുരാഗക്കെട്ടിനെ ഛേദിപ്പാൻ, രാമണ്ണക്കോവിലിൻെറ തന്ത്രമാകട്ടെ, രാജ്യഭാരം ചെയ്യുന്ന വെട്ടത്തു രാജാക്കന്മാരുടെ ശക്തിയാവട്ടെ, സിംഹപരാക്രമിയും അമ്മാമനുമായ കയ്മളുടെ നിർബ്ബന്ധവും പ്രതിജ്ഞയുമാകട്ടെ, വരനാവാൻ മോഹിച്ച ഗോദവർമ്മൻ തമ്പുരാൻെറ യത്നമാകട്ടെ, സ്വന്തം അമ്മയുടെ ശാസനയാവ

ട്ടേ ശക്തങ്ങളായിത്തീൎന്നിട്ടില്ല. സ്വാൎത്ഥലാഭത്തെ മോഹിക്കാതെ ചേററക്കുളത്ത് ഭട്ടതിരി ഉണ്ണിമായയെ രക്ഷിക്കുവാൻ ചെയ്ത പരിശ്രമങ്ങൾ ഏവനൊരുത്തന്റേയും അഭിനന്ദനയെ അൎഹിക്കാതിരിക്കുന്നതല്ല. ഈ കഥയിൽ ഏതു ഭാഗം നോക്കിയാലും നമ്പൂതിരിപ്പാടവർകളുടെ ലോകപരിചയം വെളിപ്പെടുന്നതാണ്. വളരെ ശുദ്ധമായ ലളിതഭാഷയിൽ ഏവൎക്കും എവിടെവെച്ചും വായിക്കാവുന്ന നിലയിൽ നമ്പൂതിരിപ്പാടവർകൾ എഴുതീട്ടുള്ള ഈ കഥാപുസ്തകത്തിന്ന് ഇങ്ങിനെ ഒരു അവതാരിക കൂടാതെതന്നെ സൎവ്വസമ്മതം സിദ്ധിക്കുന്നതാണ്. ദുർല്ലഭമായ ഇത്തരം ഗ്രന്ഥങ്ങളെ സജ്ജനസമക്ഷം അവതരിപ്പിക്കേണ്ടിവരുന്നതു മാത്രമാണ് സുഖമായി തോന്നുന്നത്.

ചെമ്പൂക്കാവ്
22—2—99.

സി. കുഞ്ഞിരാമ മേനോൻ.

# റാണി
# ഗംഗാധരലക്ഷ്മി

---

## ഒന്നാമദ്ധ്യായം.

---

പതിനേഴാംനൂററാണ്ടിന്റെ മദ്ധ്യകാലം. കൊച്ചിരാജ്യത്തു പറങ്കികളുടെ ആധിപത്യം പരിപൂൎണ്ണാവസ്ഥയെ പ്രാപിച്ചിരിക്കുന്നു. പണ്ടേയ്ക്കുപണ്ടേ ചരിത്രപ്രസിദ്ധമായ കൊച്ചിപ്പട്ടണം പറങ്കികളുടെ പരിഷ്കാരംകൊണ്ടു പൂൎവ്വാധികം ഐശ്വൎയ്യം പ്രാപിച്ചിട്ടുണ്ട്. കൊച്ചിരാജാക്കന്മാരുടെ തലസ്ഥാനവും അവിടെത്തന്നെയാണ്. കൊച്ചിയിലെ രാജാവു വാണിരുന്ന ഒരു കോവിലകവും അവിടെയുണ്ട്. അതു വളരെ ഉയൎന്നതും വിശാലവും ആയ ഒരു കെട്ടിടമാണ്. കല്ലുകൊണ്ടും കുമ്മായംകൊണ്ടുമാണ് അതു പണിചെയ്തിരുന്നത്. കോവിലകത്തിന്റെ തെക്കുഭാഗത്ത് അടുത്തുതന്നെ ഒരു ക്ഷേത്രവും ഒരു വലിയ കുളവും ഉണ്ട്. ആ ക്ഷേത്രത്തിന്നു തെക്കുവശത്തായിട്ടാണ് ജൂതന്മാരുടെ പട്ടണം. അവിടെ അവരുടെ വക ചില പള്ളികളും പാഠശാലകളും ഉണ്ട്. കോവിലകത്തിന്റെ വടക്കുഭാഗത്തു കിഴക്കുപടിഞ്ഞാറു മട്ടാഞ്ചേരിക്കൊച്ചി എന്നു പറയപ്പെടുന്ന പട്ടണവും സ്ഥിതിചെയ്യുന്നു. ഈ പട്ടണം പറങ്കിക്കൊച്ചിയോളംതന്നെ പ്രധാനമല്ലെങ്കിലും ഒരു നല്ല തുറമുഖമാണ്. ഇന്ത്യയിൽ മററു സ്ഥലങ്ങളിലുള്ളതുപോലെ തന്നെയാണ് ഇതും നിൎമ്മിച്ചിരിക്കുന്നത്. അവിടെ തെരുവുകൾക്ക് അധികം വിസ്താരമില്ല. ജനബാഹുല്യം സീമാതീതവുമാണ്. പട്ടണഭാഗത്തിന്നു പിമ്പുറത്തായി ആൾ മറയത്തക്കവണ്ണം ചുററും മതില്ക്കെട്ടുള്ള അ

നവധി വീടുകളും ഉണ്ട്. അവയെല്ലാം നല്ല വൃത്തിയും വെടുപ്പുമുള്ളവയുമാകുന്നു. ആകപ്പാടെ മട്ടാഞ്ചേരിക്കൊച്ചി ഒരു നല്ല പ്രദേശമാണെന്നുതന്നെ പറയാം. പുഴവക്കത്തു ചീനക്കപ്പലുകളും പത്തേമാരികളും വലിയ തോണികളും ഒഴിഞ്ഞ സമയമില്ല.

മട്ടാഞ്ചേരിക്കൊച്ചിയുടെ പടിഞ്ഞാറുവശമാണ് പറങ്കിക്കൊച്ചി കിടക്കുന്നത്. പശ്ചിമസമുദ്രത്തിന്ന് അഭിമുഖമായി തെക്കുവടക്കു നെടുനീളത്തിൽ നിരന്നുനില്ക്കുന്നവയും ചീനസ്സാമാനങ്ങളും നാട്ടുപണിത്തരങ്ങളും നിറച്ചുവെച്ചിട്ടുള്ളവയുമായ സൌധങ്ങളെക്കൊണ്ട് അലങ്കരിച്ചിട്ടുള്ള ആ പട്ടണവീഥിയുടെ കഴക് ആശ്ചര്യമെന്നേ പറയാനുള്ളു. അവയുടെ പിമ്പുറത്തു പറങ്കികളുടെ പ്രാണനായ മാനുവൽകോട്ടയും സ്ഥിതിചെയ്യുന്നു. അതിന്റെ നിൎമ്മാണം ഏറെക്കുറെ വിജാതീയമാണ്. ആകൃതിയിൽ ചതുരശ്രമായിട്ടാണ് അതു പണി ചെയ്തിട്ടുള്ളത്. ഇടയ്ക്കിടയ്ക്ക് അനവധി സ്തംഭങ്ങളും സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. നാലു മൂലകളിലും വലിയ പീരങ്കിത്തോക്കുകൾ കയററിവെച്ചിട്ടുള്ള കൊത്തളങ്ങളും ഉണ്ട്. വലിയ തെങ്ങിൻതടികൾ നാട്ടി ഇരിമ്പുവാറുകൊണ്ടു കെട്ടിയുറപ്പിച്ചു നടുക്കു മണ്ണു നിറച്ചിട്ടാണ് കോട്ട കെട്ടപ്പെട്ടിട്ടുള്ളത്. കോട്ടയ്ക്കകത്തുതന്നെ ആസ്റ്റിൻപ്രേഴ്സ് എന്നൊരുവക സന്ന്യാസിമാരുടേയും ഡോമിക്കൻസ് എന്ന കൂട്ടരുടേയും പള്ളികൾ ഉയൎന്നു നില്ക്കുന്നുണ്ട്. അചയ്ക്കടുത്ത് അവരുടെ പാഠശാലകളും നിൎമ്മിച്ചിരുന്നു. ഇതിന്നുംപുറമെ ജസൂട്ട് പാതിരിമാരുടെ വക പള്ളിയും പാഠശാലകളും അവിടെത്തന്നെയാണ് പണി ചെയ്തിട്ടുള്ളത്. ഈ പാഠശാലകൾക്കു വളരെ ഉയരവും നീളവുമുണ്ട്. അവയ്ക്കു മൂന്നു നിലകളും മുപ്പതു മുറികളും കാണപ്പെടുന്നു. ഇവയ്ക്കു ചുററും വലിയ മതിലുകളും ഉണ്ട്. അഭ്രംകഷങ്ങളായ മണിമാളികകളും അവിടവിടെ ധാരാളമാണ്. ആയുധങ്ങൾ ഉണ്ടമരുന്നുകൾ ഇതുകൾ സൂ

ക്ഷിക്കുന്ന വലിയ സ്ഥലങ്ങൾ പറങ്കികളുടെ പ്രാബല്യത്തെ പ്രദർശിപ്പിക്കാതിരുന്നില്ല.

ഒരു ദിവസം സൂര്യാസ്തമയത്തോടുകൂടി പറങ്കിക്കൊച്ചിയുടെ പടിഞ്ഞാറുവശം തെക്കുവടക്കു നീണ്ടുകിടക്കുന്ന വിശാലമായ മണൽപ്പുറത്ത് ഏതാനും ചിലർ ഒത്തൊരുമിച്ചു യോഗംകൂടി ഓരോന്നു പറഞ്ഞുംകൊണ്ട് അവിടെ ഇരുന്നിരുന്നു. ഇവർ വെള്ളക്കാരായിരുന്നു എന്നുള്ളതിന്നു യാതൊരു സംശയവുമില്ല. ഇവരുടെ നിറംതന്നെ ഇതിന്നു സാക്ഷിയായിരുന്നു. വട്ടത്തൊപ്പിയും കുപ്പായവും കാലുറയും പാപ്പാസ്സും ഈ സാക്ഷിയെ ബലമായി സഹായിക്കുന്നുമുണ്ട്. എല്ലാവർക്കും മേൽമീശ ധാരാളമുണ്ടായിരുന്നു. ചിലർ മാത്രം താടി നീട്ടിയിരുന്നു. കേവലം കടൽക്കാററു വിശ്രമിക്കുക മാത്രമല്ല ഇവരുടെ ഉദ്ദേശമെന്ന് ഒരു നോട്ടത്തിൽത്തന്നെ ആർക്കും ഊഹിക്കാമായിരുന്നു. സംഘത്തിൽ പ്രധാനിയാണെന്നു തോന്നുന്ന ഒരാൾ ഗൌരവമേറിയ എന്തോ ഒരു സംഗതിയെപ്പററി സംസാരിക്കുകയും മററെല്ലാവരും അയാൾ പറയുന്നതു മനസ്സിരുത്തിക്കേൾക്കുകയും ചെയ്തിരുന്നു. സായംകാലങ്ങളിൽ സാധാരണ കാണപ്പെടുന്ന പ്രകൃതിയുടെ മഹിമവിലാസത്തെ കണ്ടാനന്ദിക്കുവാൻ ആർക്കുംതന്നെ അവസരമുണ്ടായിരുന്നില്ല. അഹമഹമികയാ അടിച്ചുകയറുന്ന തിരമാലകളുടെ നർത്തനഭംഗിയെക്കുറിച്ചും അവർ ശ്രദ്ധിക്കുന്നില്ല. അസ്തമയസൂര്യന്റെ അതിമനോഹരമായ കിരണധോരണി മഞ്ഞപ്പട്ടു വിരിച്ചതുപോലെ മണൽപ്പുറത്തു പരന്നുകിടക്കുന്ന കാന്തിവിശേഷത്തേയും അവർ ഗണിക്കുന്നില്ല. ദീർഘമായ ഒരു സമുദ്രസഞ്ചാരം കഴിഞ്ഞു കരക്കിറങ്ങി സ്വാതന്ത്ര്യത്തോടുകൂടി സഞ്ചരിക്കുന്ന പാശ്ചാത്യമാരുതപരമ്പര, അവരുടെ ലംബമാനങ്ങളായ ശ്മശ്രുപടലങ്ങളെ സ്വസ്ഥാനത്തുനിന്നുചലിപ്പിച്ചു നാസാഗ്രങ്ങളെ ശല്യപ്പെടുത്തുന്നുണ്ടെങ്കിലും അവരുടെ ശ്രദ്ധ അങ്ങോട്ടു പതിയുന്നില്ല. പ്രധാനി മാത്രം കൂടക്കൂടെ കിഴക്കോട്ടു സൂക്ഷിച്ചു നോക്കിക്കൊണ്ടിരുന്നു.

ഇതിന്നിടയ്ക്കു കിഴക്കുനിന്നു വേറെ ഒരാൾ കടപ്പുറത്തേക്കു വരുന്നുണ്ടായിരുന്നു. മുൻപറഞ്ഞ സംഘത്തെ ലക്ഷ്യമാക്കിക്കൊണ്ടുതന്നെയാണ് ആയാൾ നടന്നിരുന്നത്. ആൾ ഒരു മലയാളിയാണെന്നുള്ളതു സ്പഷ്ടമായിരുന്നു. ഉദ്ദേശം അറുപതു വയസ്സു പ്രായം തോന്നും. നീളം കുറഞ്ഞു നരച്ച് എലിവാലുപോലെ കൂത്ത മുൻകുടുമ ഇടത്തേച്ചെവിക്കു നേരെ കെട്ടിവെച്ചിട്ടുണ്ട്. സാമാന്യം വെളുത്ത നിറം. നല്ല പുഷ്ടിയുള്ള ദേഹം. ആകപ്പാടെ ആകൃതി തരക്കേടില്ല. കുറഞ്ഞൊന്നു തള്ളിനില്ക്കുന്ന കുടവയറ്റിനു മീതെ പുളിയിലക്കരക്കുട്ടിപ്പാവു മീതെക്കുമീതെ രണ്ടെണ്ണം മടി ഉള്ളിലേയ്ക്കാക്കി തുമ്പുവലിച്ചുകുത്തി ഞാത്തി ഉടുത്തിരുന്നു. വളരെ വിലപിടിച്ച ഒരു സാൽവകൊണ്ടു ശരീരം മുക്കാലും മറച്ചിട്ടുണ്ടെങ്കിലും വെള്ളിക്കമ്പിപോലെ വിളങ്ങിക്കൊണ്ടിരുന്ന ബ്രഹ്മസൂത്രം കുറേശെ പുറത്തേക്കു കാണാമായിരുന്നു. നക്ഷത്രങ്ങളെപ്പോലെ പ്രകാശിക്കുന്ന വൈരക്കല്ലുകടുക്കൻ കാതിൽക്കിടന്നു കളിക്കുന്നുണ്ട്. രണ്ടു കൈക്കും വീരശൃംഖലയും പത്തു വിരല്ക്കും പലതരം മോതിരങ്ങളും ഉണ്ടായിരുന്നു. കാലിൽ ആനക്കൊമ്പുമെതിയടിയും കയ്യിൽ ഒരു വലിയ വടിയും ഉണ്ട്. ഉദ്ദിഷ്ടസ്ഥലത്തെത്തുവാനുള്ള ധൃതികൊണ്ടായിരിക്കാം ആൾ കുറച്ചധികം ബദ്ധപ്പെട്ടു നടക്കുന്നത്. സാധാരണ കാണികൾക്ക് അത്ഭുതം തോന്നുംവണ്ണം ഈ വയോവൃദ്ധൻ മെതിയടിയിട്ടു മണപ്പുറത്തു ബദ്ധപ്പെട്ടു നടക്കുന്നതു നിത്യപരിചയത്തിന്റെ ഫലമാവാനേ തരമുള്ളൂ. അധികം താമസിക്കാതെ ആയാളും ആ സംഘത്തിൽ ചെന്നുചേർന്നു. ആയാൾ ചെന്നു കേറിയ ഉടനെ എല്ലാവരും എഴുനീറ്റു കുറച്ചകന്ന് ഒതുങ്ങിനിന്നു. ഓരോരുത്തനേയും പ്രത്യേകം കണ്ടതായി അഭിനയിച്ച് അവരുടെ പ്രധാനിയുടെ അടുത്തുതന്നെ ആയാൾ ചെന്നിരുന്നു. അപ്പോൾ മറ്റെല്ലാവരും ഓരോ സ്ഥാനം നോക്കി വളരെ അകന്നും അടുത്തുമല്ലാതെ വീണ്ടും ഇരിപ്പാ

യി. അതിന്നുശേഷം താഴെ പറയുംപ്രകാരം ഒരു സംഭാഷണം നടന്നു. പറങ്കിഭാഷയിലായിരുന്നു അവർ സംസാരിച്ചിരുന്നത്.

പ്രധാനി—റാണി ഏതു നിലയിലാണിരിക്കുന്നത്? കാര്യം നടത്തുവാൻ സമ്മതിക്കില്ലെന്നുണ്ടോ?

മലയാളി—എന്താണിത്ര സംശയം? രാമണങ്കോവിലിനെ വിട്ടുനടക്കുന്നതിന്ന് അവിടേക്കു ധൈര്യമുണ്ടാവില്ലെന്ന് ഇനിയും നിങ്ങൾക്കറിയാറായില്ലെന്നുണ്ടോ?

പ്രധാനി—ഉവ്വ്; എങ്കിലും വല്ലവരും ഇടക്കു കടന്നു വല്ല തകരാറും പ്രവൎത്തിച്ചേക്കുമോ എന്നാണ് പരിഭ്രമം.

മലയാളി—നിങ്ങളുടെ ഈ ദീൎഘസൂത്രമാണ് സകല കാൎയ്യങ്ങൾക്കും പ്രതിബന്ധമായിത്തീരുന്നത്.

പ്രധാനി—(ചിരിച്ചുംകൊണ്ട്) ഇപ്പോൾ മൂപ്പിന്ന് എവിടെ പോയിരിക്കുന്നു? വല്ല വൎത്തമാനവുമുണ്ടോ?

മലയാളി—പല്ലുപറിഞ്ഞ പാമ്പ്; എവിടെയെങ്കിലും ഇരുന്നുകൊള്ളട്ടെ. ഗൌരവമേറിയ പല സംഗതികളും ചെയ്യാനുള്ളപ്പോൾ ഈ വക നിസ്സാരകാൎയ്യങ്ങളിൽ ആരാണ് ശ്രദ്ധിക്കുന്നത്?

പ്രധാനി—അങ്ങിനെ വിചാരിക്കുന്നത് വലിയ തെററാണ്. നിസ്സാരന്മാരും ചിലപ്പോൾ പ്രബലന്മാരായിത്തീരുന്നത് അത്ര അപൂൎവ്വമല്ല. പണ്ഡിതന്മാരുടെ ബുദ്ധിക്കു യാതൊരു കാൎയ്യവും നിസ്സാരമായിത്തോന്നുന്നതല്ല. ശത്രുക്കൾ ധാരാളമുണ്ടാവാനിടയുള്ള ഇക്കാലത്തു, വിശേഷിച്ചും ഈ വക കാൎയ്യങ്ങളിൽ മനസ്സിരുത്തേണമെന്നാണ് എനിക്കു തോന്നുന്നത്.

മലയാളി—നിങ്ങൾ പറയുന്നതു ശരിയാണ്. പക്ഷെ ആയാളുടെ പേരിൽ എനിക്കുള്ള വെറുപ്പു നിമിത്തം ആദ്യമായി അങ്ങിനെ പറഞ്ഞുവെന്നേയുള്ളു. ചാഴൂർ തമ്പുരാക്കന്മാരേയും മററും പാട്ടിൽ പിടിക്കുവാനാണ് ആയാളുടെ ഇപ്പോ

ഴത്തെ ശ്രമം എന്നു കേട്ടു. ഒരു സമയം സൈന്യശേഖരം ചെയ്തു നമ്മോടെതിക്കുവാൻതന്നെ പുറപ്പെട്ടേക്കാം.

പ്രധാനി—പാലിയത്തു മേനവൻെറ നില എന്താണ്? അദ്ദേഹമങ്ങോട്ടു ചേരുമെന്നുണ്ടോ?

മലയാളി—ആ കാൎയ്യം തീച്ചപ്പെടുത്താറായില്ല. നമ്മുടെ ആലോചനകളൊന്നും മേനവനു സമ്മതമാകുന്നില്ലെന്നു തോന്നുന്നുണ്ട്. ഇക്കാൎയ്യത്തെപ്പററി സംസാരിക്കുമ്പോഴെല്ലാം ആയാളുടെ മുഖത്തു വല്ലാത്ത ഒരു സ്തോഭവും കാണാറുണ്ട്. എങ്കിലും നമ്മെ ഉപേക്ഷിച്ചു നടക്കുന്നതിന്ന് ആയാൾക്കും ധൈൎയ്യമുണ്ടാവുമെന്നു തോന്നുന്നില്ല.

പ്രധാനി—അതൊന്നും നിശ്ചയിക്കേണ്ട. സമത്ഥന്മാരുടെ ആലോചനകൾ പ്രവത്തിച്ചുകഴിഞ്ഞാലേ പുറത്താകയുള്ളൂ. ഏതായാലും മേനവൻെറ ഗതിയേയും നമ്മൾ സൂക്ഷിക്കണം.

മലയാളി—ശരി; അതിരിക്കട്ടെ. വെട്ടത്തേക്കു പോയിരുന്ന ആൾ മടങ്ങി വന്നുവോ?

പ്രധാനി—ഉം, ഇന്നലെ വൈകുന്നേരം മടങ്ങിയെത്തിയിരിക്കുന്നു.

മലയാളി—അവരുടെ അഭിപ്രായങ്ങൾ എന്തെല്ലാമാണെന്നും മററും ആയാൾ വിവരമായി അറിഞ്ഞിരിക്കുമല്ലോ.

പ്രധാനി—ഒട്ടുമുക്കാലും ധരിച്ചിരിക്കുന്നുവെന്നാണ് തോന്നുന്നത്. ഇങ്ങോട്ടു പുറപ്പെടുവാനുറച്ചിട്ടുള്ളവരിൽ മൂത്ത ആളായ രാമവൎമ്മരാജാവിൻെറ ഒരെഴുത്തുമുണ്ട്. ഇതാ നോക്കാം (എന്നു പറഞ്ഞ് എഴുത്ത് അദ്ദേഹത്തിൻെറ കയ്യിൽ കൊടുക്കുകയും താഴെ കാണുംപ്രകാരം അദ്ദേഹം വായിക്കുകയും ചെയ്തു.)

ശ്രീ.

നിങ്ങളുടെ ലിഖിതം ശ്രദ്ധാപൂൎവ്വം വായിച്ചുനോക്കി. അതിലെ അഭിപ്രായപ്രകാരം പ്രവത്തിക്കുന്നതിന്നു ഞങ്ങളൊരു

ക്കമാണെന്നു പ്രത്യേകം അറിയിച്ചുകൊള്ളുന്നു. മറുരാജ്യത്തു വന്നു സാഹസം പ്രവൎത്തിക്കുന്നതു വളരെ ആലോചിക്കേണ്ട താണെന്നും മാനവും മൎയ്യാദയും കാത്തുരക്ഷിക്കേണ്ടതു കുലധൎമ്മമാണെന്നും ഒരു കാലത്തും വിസ്മരിക്കരുതെന്നു കാരണവന്മാർ ഉപദേശിച്ചുതന്നിട്ടുള്ളത് ഇപ്പോഴും ഞങ്ങളോൎക്കുന്നുണ്ട്. ഒരു നല്ല ഭരണതന്ത്രജ്ഞനായ രാമൻമേനോൻ കാവിൽ മന്ത്രിയും നവീനസമ്പ്രദായത്തിൽ യുദ്ധം ചെയ്യുന്നതിന്നു സമൎത്ഥന്മാരും അതിന്നു വേണ്ട സാമഗ്രികൾ ധാരാളം ശേഖരിച്ചിട്ടുള്ള പ്രസിദ്ധയോദ്ധാക്കളുമായ പറങ്കി ഭടന്മാരുമാണ് ഞങ്ങളെ ധൈൎയ്യപ്പെടുത്തുന്നത്. ദിവസം നിശ്ചയിച്ച വിവരം അറിവു തരികവേണ്ടിയിരിക്കുന്നു.

വെട്ടത്തു രാമവൎമ്മരാജാ (ഒപ്പ്)

ഈ എഴുത്തു വായിച്ചുകഴിഞ്ഞപ്പോൾ മലയാളി സാമാന്യത്തിലധികം സന്തോഷിച്ചു. എഴുത്തു പിന്നേയും രണ്ടു പരിവൃത്തി വായിച്ചുനോക്കി. വളരെ അദ്ധ്വാനിച്ചു ഒരു കാൎയ്യം സാധിച്ചാൽ സാധാരണക്കാൎക്കുണ്ടാവുന്നതുപോലെ ഒരു കൃതാൎത്ഥത ആ മനുഷ്യനും ഉണ്ടാവാതിരുന്നില്ല. ആയാൾ ആ എഴുത്തുതന്നെ ശ്രദ്ധിച്ചുനോക്കിക്കൊണ്ടിരിക്കുമ്പോൾ പ്രധാനി വീണ്ടും ഇങ്ങിനെ പറഞ്ഞു.

പ്രധാനി—കാൎയ്യം ഫലിച്ചു എന്നു തോന്നുന്നു ഇല്ലേ?

മലയാളി—സംശയമുണ്ടോ? ഇപ്പോഴേ എന്റെ മനസ്സു സ്വസ്ഥമായുള്ളൂ. ഈ എഴുത്തു ഇങ്ങിനെതന്നെ റാണിയെക്കൂടി ഒന്നു കാണിച്ചാൽ കൊള്ളാമെന്നു വിചാരിക്കുന്നു. രണ്ടു ദിവസം എന്റെ കൈവശം ഇരിക്കട്ടെ എന്നുവെച്ചാലോ?

പ്രധാനി—ഒരു വിരോധവുമില്ല. പക്ഷെ പുറത്തുപോകാതെ സൂക്ഷിക്കേണ്ടത് അവിടുത്തെ ചുമതലയാണെന്ന് ഓൎമ്മവേണം.

മലയാളി—എന്റെ കയ്യിൽനിന്നു ഒരു കുട്ടിക്കുപോലും അറിവാൻ തരമാവില്ല. നിങ്ങൾക്കു വിശ്വാസമില്ലെങ്കിൽ നി

ങ്ങൾതന്നെ അവിടെ കാണിച്ചാലും പേരാസ്റ്റയില്ല. റാണിയെ കാണിക്കാതിരിക്കരുതെന്നു മാത്രമേ ഞാൻ പറഞ്ഞതിന്നർത്ഥമുള്ളൂ.

പ്രധാനി—അത് അവിടുന്നുതന്നെ കൊണ്ടുപോയി റാണിയെ കാണിക്കുന്നതാണ് അധികം നല്ലത്. അങ്ങിനെതന്നെയാണ് വേണ്ടതും. ഞങ്ങളും അവിടെ വന്നുകണ്ടു വിവരം ധരിപ്പിച്ചുകൊള്ളാം. മേലാൽ വേണ്ടതായ സകലഭാരവും അവിടെത്തന്നെയാണ് ഞങ്ങൾ സമർപ്പിച്ചിരിക്കുന്നത്.

മലയാളി—എന്നാൽ കഴിയുന്നവിധം പ്രവർത്തിക്കുന്നതിന്നു ഇതുവരെ ഞാൻ ശ്രമിച്ചിട്ടുള്ളത് നിങ്ങൾക്കുതന്നെ അറിയാമല്ലൊ. ഇനിയും അപ്രകാരം ചെയ്യുന്നതിന്നു ഞാനൊരുക്കവുമാണ്.

പ്രധാനി—അതെല്ലാം ഞങ്ങൾക്കറിയാം. വെട്ടത്തുനാട്ടുകാർ അവിടുത്തെയാണ് ഒരു ബലമായിക്കരുതിയിരിക്കുന്നത് എന്നുള്ളത് ഈ എഴുത്തുകൊണ്ടു തന്നെ സ്പഷ്ടമാണല്ലോ.

മലയാളി—ശരി; വേണ്ടില്ല. എന്നാൽ ഈ എഴുത്ത് എന്റെ പക്കൽതന്നെ ഇരിക്കട്ടെ. റാണിയെ കാണിച്ചു തിരിയെ എത്തിച്ചുകൊള്ളാം. ഇപ്പോൾ നേരം അതിക്രമിച്ചുകഴിഞ്ഞു. ഇനി നമുക്കു പിരികയല്ലെ?

പ്രധാനി—അങ്ങിനെയാവട്ടെ; ഞങ്ങളും വീട്ടിലേക്കു മടങ്ങുകയായി. റാണിയെ കാണുവാൻ സൌകര്യമുള്ളസമയം ഞങ്ങളെ അറിയിക്കുമല്ലൊ.

'അറിയിക്കാം' എന്നു പറഞ്ഞു മലയാളി എഴുനീറ്റു പുറപ്പാടായി. ഉടനെ മറ്റുള്ളവരും പുറപ്പെട്ടു. അനന്തരം ഓരോ നേരംപോക്കുംപറഞ്ഞ് അവർ താന്താങ്ങളുടെ വസതിയെ പ്രാപിക്കുകയും ചെയ്തു. ഇവർ ആരായിരുന്നുവെന്നും ഇവരുടെ ആലോചന എന്തിനെപ്പററിയായിരുന്നുവെന്നും മററും

വായനക്കാരെ അറിയിക്കേണ്ട ചുമതല എനിക്കുണ്ട്. പക്ഷേ അതിന്നു മുമ്പായി വേറെയും ചില സംഗതികൾ പറയേണ്ടിയിരിക്കുന്നു. പണ്ട് കൊച്ചിരാജകുടുംബം മൂത്തതാവഴി, ഇളയതാവഴി, പള്ളുരുത്തി, ചാഴൂർ, മുരിങ്ങൂർ ഇങ്ങിനെ അഞ്ചു ശാഖകളായിപ്പിരിഞ്ഞു പാർത്തിരുന്നു. എല്ലാത്താവഴികൾക്കുംകൂടി കാരണവസ്ഥാനം വഹിക്കുന്ന ആളായിരുന്നു അന്നു കൊച്ചിരാജാവായി വാണിരുന്നത്. അങ്ങിനെ കുറച്ചു കാലം കഴിഞ്ഞതിന്നുശേഷം കൂറുവാഴ്ചയിൽ ഒരു വലിയ തൎക്കമുണ്ടായി. അക്കാലത്തു ഇളയതാവഴിയിലേക്കായിരുന്നു കൂറുവാഴ്ചയുണ്ടായിരുന്നത്. അന്നത്തെ രാജാവ് വളരെ ശാന്തനും ഒരു സാധുപ്രകൃതിയുമായിരുന്നു. മുറപ്രകാരം രാജ്യാധിപത്യം സിദ്ധിച്ച രാജാവിന്നു മനസ്സുള്ളപക്ഷം തന്റെ സ്ഥാനം മറ്റൊരാളെ ഏല്പിച്ചു കാൎയ്യം നടത്തിയിരുന്ന സമ്പ്രദായം ഇവിടെ അന്നും നടപ്പുണ്ടായിരുന്നു. അങ്ങിനെ രാജ്യാധികാരം ഒഴിഞ്ഞുകൊടുക്കുന്ന അവസരങ്ങളിൽ ഒഴിഞ്ഞ രാജാവ് സന്ന്യാസവൃത്തിയെ സ്വീകരിക്കുന്നതും സാധാരണയാണ്. ഒരു രാജാവിന്റെ പ്രതിനിധിയായി നിശ്ചയിക്കപ്പെട്ട ആൾ ആ രാജാവിന്റെ താവഴിയിൽത്തന്നെ ഉള്ളവനാണെങ്കിൽ, ഒഴിഞ്ഞ രാജാവു സ്വൎഗ്ഗാരോഹണം ചെയ്തുകഴിഞ്ഞാലുടനെ അദ്ദേഹത്തിന്റെ പ്രതിനിധിയായ മറ്റേ രാജാവും ആ സ്ഥാനമൊഴിഞ്ഞു ന്യായപ്രകാരം അവകാശിയായ ഒരാളെ ഏല്പിച്ചു തന്റെ ഗുരു ചെയ്തതുപോലെ തന്നെ താനും സന്ന്യാസവൃത്തിയെ സ്വീകരിക്കേണമെന്നും നിയമമുണ്ടായിരുന്നു.

ഈ നിശ്ചയത്തോടുകൂടിത്തന്നെയാണ് അന്ന് ഇളയതാവഴിയിലെ കാരണവനായിരുന്ന രാജാവ് തന്റെ സ്ഥാനത്ത് ഒരു പ്രതിനിധിയെ സ്വന്തം താവഴിയിൽനിന്നു തന്നെ നിശ്ചയിച്ചിരുന്നത്. അന്നു മുറപ്രകാരം മൂത്ത താവഴിയിലേക്കായിരുന്നു രാജ്യാവകാശം. പക്ഷേ ആ താവഴി എ



DEFINITORY T.O.C.D. No. 3738.

ന്തോം സംഗതിവശാൽ സാമൂതിരിയുടെ ഒരു ബന്ധുവിന്റെ നിലയിൽ ആ കൂറിലായിരുന്നു ഇരുന്നിരുന്നത്. ഇതു നിമിത്തം കൊച്ചിക്കാർക്ക് ഒട്ടുമുഴുവനും, നമ്പൂതിരിമാർക്ക് വിശേഷിച്ചും മൂത്ത താവഴിയിലെ കാരണവന്റെ പേരിൽ അശേഷം തൃപ്തിയുണ്ടായിരുന്നില്ല. മൂത്തതാവഴിയിലെ രാജാവ് രാജ്യാധിപത്യം സ്വീകരിക്കുന്നതു പൊതുവെ അനിഷ്ടമായിത്തീൎന്നു. ഇളയതാവഴിക്ക് ഇതു ഒരനുഗ്രഹമായും കലാശിച്ചു. അവർ രാജ്യാധികാരം മൂത്ത താവഴിക്ക് വിട്ടുകൊടുത്തില്ല. ന്യായമായ അവകാശിയെത്തള്ളിക്കളഞ്ഞു മററവർ സ്വതന്ത്രമായി രാജ്യഭാരം നടത്തിത്തുടങ്ങി. ഇങ്ങിനെ കുറച്ചുകാലം കഴിഞ്ഞപ്പോൾ കൊച്ചിയിലെ രാജകുടുംബം ഇളയ താവഴിമാത്രമായിത്തീൎന്നു. മററു താവഴിക്കാൎക്കെല്ലാം ഇതു നിമിത്തം വലിയ മനശ്ശല്യമുണ്ടായിരുന്നുവെന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലോ. അവരെല്ലാവരുംകൂടി യോജിച്ചു തങ്ങളുടെ അവകാശം വീണ്ടെടുക്കുന്നതിന്നു പല തവണയും ശ്രമിച്ചിട്ടുണ്ട്. പക്ഷെ യാതൊരു ഫലവും ഉണ്ടായില്ല. കുറെ കഴിഞ്ഞപ്പോൾ ഇനി പ്രയത്നിക്കുന്നത് വെറുതെയാണെന്നു അവൎക്കുതന്നെ ബോദ്ധ്യംവന്നു. അവർ ഒന്നിന്നും പോകാതെ ഒതുങ്ങിപ്പാൎക്കുകയും ചെയ്തു. അപ്പോൾ ഇളയതാവഴിക്കു ഒന്നുകൂടി ശക്തി വൎദ്ധിച്ചു. അവർ നിസ്സപത്നമായി രാജ്യം വാണുതുടങ്ങി. ഏകദേശം ഒന്നര ശതവൎഷം കാലം ഇങ്ങിനെ ഇളയ താവഴിക്കാർ തന്നെ കൊച്ചിരാജ്യം ഭരിച്ചുവന്നു.

കഥ നടന്ന കാലത്ത് ഇളയ താവഴി അന്യം വരേണ്ടദിക്കായിരിക്കുന്നു. ആ താവഴിയിൽ ഒരു രാജ്ഞി മാത്രമേ അക്കാലത്തുണ്ടായിരുന്നുള്ളു. ആ തമ്പുരാട്ടി ഇനി പ്രസവിക്കുകയില്ലെന്നും തീൎച്ചയായി. ഇങ്ങിനെയിരിക്കുമ്പോൾ പള്ളുരുത്തിത്താവഴിയിൽനിന്ന് ഒരാളെ ദത്തെടുത്തു രാജാവായി വാഴിച്ചു.* നാലഞ്ചുകൊല്ലം രാജ്യഭാരം ചെയ്തതിന്നുശേഷം

അദ്ദേഹവും അന്തരിച്ചുപോയി. അപ്പോൾ രാജ്ഞിയുടെ നിർബ്ബന്ധപ്രകാരം മൂത്ത താവഴിയിൽനിന്നു തന്നെ ഒരാളെ ദത്തെടുത്തു. അദ്ദേഹം മുറസ്സു അവകാശിയുമായിരുന്നു. ഈ രാജാവ് ഏകദേശം മൂന്നുകൊല്ലത്തോളം രാജ്യഭാരം ചെയ്തു വന്നു. ഇക്കാലത്തു രാജ്ഞിയുടെ പ്രധാന മന്ത്രിയായി രാമണങ്കോവിൽ എന്നൊരാളുണ്ടായിരുന്നു. ഇദ്ദേഹം ഒരു ക്ഷത്രിയവംശജാതനും വേണാട്ടരചന്മാരുടെ ശാഖയിൽപ്പെട്ട ഒരുവനുമായിരുന്നു. ഇദ്ദേഹം എങ്ങിനെയോ കൊച്ചിരാജ്യത്തു വന്നുകൂടി രാജ്ഞിയുടെ ബഹുമാനത്തിന്നും പ്രീതിക്കും പാത്രമായിത്തീൻ്നു. രാമണങ്കോവിൽ ആൾ വലിയ സമത്ഥനും പക്ഷെ വലിയൊരു സ്വാത്ഥിയുമായിരുന്നു. അദ്ദേഹത്തിൻെറ ആജ്ഞാശക്തിക്കു അതിരുണ്ടായിരുന്നില്ല. കുറച്ചു കാലം കഴിഞ്ഞപ്പോൾ രാജ്ഞികൂടി അദ്ദേഹത്തിൻെറ കീഴിലായിത്തുടങ്ങി. മൂത്ത താവഴിയിൽനിന്നും ദത്തെടുത്ത തമ്പുരാനും അത്ര മോശക്കാരനായിരുന്നില്ല. അവിടുത്തെ രാജ്യഭാരം തുടങ്ങിയപ്പോൾ രാമണങ്കോവിലിൻെറ ശക്തി ക്ഷയിക്കുവാൻ തുടങ്ങി. എന്നുമാത്രമല്ല, ഒരു സമയം തൻെറ സ്ഥാനം നഷ്ടമായിപ്പോയേക്കാമെന്നും സമത്ഥനായ അദ്ദേഹം മനസ്സിലാക്കി. ആകപ്പാടെ രാമണങ്കോവിലിന്നു വലിയ വിഷാദമായിത്തീൻ്നു. എങ്കിലും സൂത്രക്കാരനായ അദ്ദേഹം വെറുതെയിരുന്നില്ല. രാജ്ഞിയെ വിശ്വസിപ്പിച്ചും സേവകൂടിയും പുതിയ രാജാവിനെ ഏറെത്താമസിയാതെ അദ്ദേഹം സ്ഥാനഭ്രഷ്ടനാക്കിത്തീൎത്തു. രാജ്ഞി വീണ്ടും സ്വതന്ത്രമായി രാജ്യഭാരം തുടങ്ങി. ഇങ്ങിനെ പിന്നേയും ഒന്നുരണ്ടുകൊല്ലം കഴിഞ്ഞു. രാജ്ഞിക്ക് അശേഷം ശക്തിയില്ലാതായി. വേറെ ആരെയെങ്കിലും ഈ സ്ഥാനത്തു നിശ്ചയിക്കേണമെന്നു അവിടുന്നുതന്നെ നിർബ്ബന്ധിച്ചുതുടങ്ങി.

ഇക്കാലത്തു കൊച്ചിയിലെ പ്രധാന കച്ചവടക്കാരെല്ലാം പറങ്കിപ്രമാണികളായിരുന്നു. ഇവർ കുറെക്കാലമായി

കൊച്ചിയിൽ വന്നു കോട്ടയും മററും കെട്ടിയുറപ്പിച്ചു സ്ഥിരമായിത്താമസിക്കുന്നവരും നാട്ടുരാജാക്കന്മാരെ തമ്മിൽത്തല്ലിച്ചു സ്വശക്തി വൎദ്ധിപ്പിക്കുവാൻ ശ്രമിക്കുന്നവരുമായിരുന്നു. സാമൂതിരിയോട് ഇവൎക്കു പ്രത്യേകിച്ചും വൈരമുണ്ടായിരുന്നതുകൊണ്ട് ആ കൂറാണെന്നു വിചാരിച്ചുവന്നിരുന്ന മൂത്ത താവഴിത്തമ്പുരാക്കന്മാരോടു ഇവൎക്കും അശേഷം രസമുണ്ടായിരുന്നില്ല. മൂത്ത താവഴിയിലേക്കു രാജ്യാധിപത്യം സിദ്ധിച്ചാൽ തങ്ങളുടെ ശക്തിക്കു വല്ല ഇടിച്ചിലുംതട്ടിയേക്കുമോ എന്നൊരു ഭയവും ഇവൎക്കുണ്ടായിരുന്നു. മൂത്ത താവഴിയിലെ ഈ തമ്പുരാനെ ഭ്രഷ്ടനാക്കുന്നതിന്നു പറങ്കികളും സ്പഷ്ടമായി ശ്രമിച്ചിരുന്നു. വെട്ടത്തു രാജാക്കന്മാരെ ദത്തെടുത്തു കൊച്ചി രാജാവായി വാഴിക്കണമെന്നായിരുന്നു പറങ്കികളുടെ വിചാരം. വളരെക്കാലമായി വെട്ടത്തു രാജാക്കന്മാർ പറങ്കികളുടെ ഉററ ബന്ധുക്കളായിത്തീൎന്നിട്ടുണ്ട്. ആകപ്പാടെ മൂത്ത താവഴിക്കു വിരോധികളായിരുന്നു അന്നത്തെ മിക്ക പ്രധാനികളും എന്നു പറഞ്ഞാൽ കഴിഞ്ഞുവല്ലൊ. എന്നാൽ പാലിയത്തച്ചൻ ഒരാൾ മാത്രം ആ താവഴിക്കു സഹായമുണ്ട്. കോമിയച്ചൻ എന്നൊരാളായിരുന്നു അന്നത്തെ കാരണവർ. കൊച്ചിയിലെ മന്ത്രിസ്ഥാനം പാലിയം കുടുംബത്തിലേക്കു ശാശ്വതമെന്ന നിലയിൽ ഉറച്ചുവന്നിട്ട് ഇപ്പോഴേക്കു കുറെക്കാലം കഴിഞ്ഞിരിക്കുന്നു. രാമണ്ണക്കോവിലിന്റെ ആധിപത്യം തുടങ്ങിയതോടുകൂടി അച്ചനും അല്പം കോട്ടം കണ്ടുതുടങ്ങി. ഏതുവിധമെങ്കിലും രാജ്യാധികാരം മൂത്ത താവഴിക്ക് ഉറപ്പിക്കേണമെന്നായിരുന്നു അച്ചന്റെ ആഗ്രഹം. ഇപ്പോൾ അച്ചനും രാമണ്ണക്കോവിലും തമ്മിൽ അശേഷം ചേൎച്ചയുണ്ടായിരുന്നില്ല. അച്ചൻ വലിയ പ്രമാണിയും, ഒരു നല്ല യോദ്ധാവും, യൌവനയുക്തനും, വളരെ ആൾസ്വാധീനമുള്ള ഒരു സമ്പന്നനുമായിരുന്നതിനാൽ അദ്ദേഹത്തെ തീരെ തള്ളിക്കളയുന്നതിന്നു കുറച്ചു ഭയം രാമണ്ണക്കോ

വിലിനുമുണ്ടായിരുന്നു. അദ്ദേഹം ഒരു ഭടനായകൻെറ നിലയിലാണ് അച്ഛനെ നിൎത്തിയിരുന്നത്. അച്ഛനാകട്ടെ, പറങ്കികളുടെ ആദികാലങ്ങളിൽ അവർ തൻെറ കുടുംബത്തെ പലപ്പോഴും ഉപദ്രവിച്ചിട്ടുള്ളതിന്നു തരം വരുമ്പോൾ ഒരു തട്ടു കൊടുക്കേണമെന്നുതന്നെ വിചാരിച്ചിരുന്നു. അതു നിമിത്തം അച്ഛൻ തൻെറ ഉദ്യോഗം തീരെ ഉപേക്ഷിക്കാതേയും മററുള്ളവരുടെ ആലോചനകളെ തരമുള്ളേടത്തോളം അറിയുവാൻ ശ്രമിച്ചും മൂത്ത താവഴിയെ ഉള്ളുകൊണ്ടു സഹായിച്ചും കഴിഞ്ഞുവന്നിരുന്നു. ഇങ്ങിനെ ഇരിക്കുന്ന കാലത്താണ് മുൻപറഞ്ഞപ്രകാരം കടപ്പുറത്തുവെച്ച് ഒരു കൂടിയാലോചന നടന്നത്. അവിടെ ഉണ്ടായിരുന്നവർ ആരെല്ലാമാണെന്നും മററും ഇപ്പോൾ വായനക്കാർ ഏകദേശം ഊഹിച്ചിരിക്കും. അവർ മററാരുമല്ല: ആ മലയാളി റാണി ഗംഗാധരലക്ഷ്മിയുടെ പ്രധാന മന്ത്രി രാമണ്ണങ്കോവിലും മററുള്ളവർ പറങ്കിപ്രമാണികളും തന്നെയായിരുന്നു.

## രണ്ടാമദ്ധ്യായം.

കൊച്ചിരാജാക്കന്മാരുടെ തലസ്ഥാനം മട്ടാഞ്ചേരിയാണെന്നും അവിടെ ഒരു കോവിലകം ഉണ്ടെന്നും മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. മട്ടാഞ്ചേരിക്കൊച്ചിയുടെ തെക്കേ അതിരിന്നടുത്താണ് ആ കോവിലകം പണിചെയ്തിട്ടുള്ളത്. കൊച്ചിക്കും എറണാകുളത്തിന്നും മദ്ധ്യേ പരന്നു കിടക്കുന്ന വലിയ കായലിൻെറ വക്കത്തു കിഴക്കോട്ടു ദശനമായി ഒരു മനോഹരമായ വലിയ കെട്ടിടം കാണ്മാനുണ്ട്. ഇതുതന്നെയാണ് അന്നത്തെ പ്രധാന കോവിലകം. അതിൻെറ പ്രകൃതിക്കു ഇപ്പോൾ വളരെ മാററം വന്നിട്ടുണ്ടെങ്കിലും ആകൃതി മുമ്പത്തേപ്പോലെതന്നെയാകുന്നു. പുരാതനകാലങ്ങളിൽ ആഡംബരഭ്രമം അധികമില്ലാതിരുന്നതുകൊണ്ടോ എന്തോ,

വെറുതെ അനവധി പണം ചിലവു ചെയ്ത് ഒരു ദിക്കാസകലം പുര പണിയിക്കുന്ന സമ്പ്രദായം ഇവിടെ ഉണ്ടായിന്നില്ല. സാധാരണ മലയാളികളുടെ സമ്പ്രദായത്തേക്കാൾ അതിനൊരു വിശേഷമുള്ളത്, നാലുകെട്ടും ഉയത്തി മാളികയാക്കീട്ടുണ്ട് എന്നുള്ളതു മാത്രമാണ്. നാലുകെട്ടിൻെറ അംഗമായ ഒരു മാളിക തന്നെയാണ് പണ്ട് ആസ്ഥാനമണ്ഡപമായി ഉപയോഗിച്ചിരുന്നത്. ഒരു പൂമുഖവും രണ്ടു മുറികളും മാത്രമേ രാജാവിൻെറ ആവശ്യത്തിന്നൊഴിച്ചിട്ടിരുന്നുള്ളൂ. മനസ്സിരുത്താതെ പെരുമാറുന്ന പക്ഷം വളരെ പണം വെറുതെ നശിച്ചുപോകത്തക്കവണ്ണം, വിലയേറിയതും ഉറപ്പുകുറഞ്ഞതുമായ അനവധി സാമാനങ്ങൾ കുത്തിനിറച്ച് അകങ്ങൾക്കു സ്ഥലമില്ലാതാക്കുന്ന സമ്പ്രദായവും അവിടെ ഉണ്ടായിരുന്നില്ല. ഉള്ള സ്ഥലങ്ങളെല്ലാം വളരെ വൃത്തിയായി സൂക്ഷിച്ചിരുന്നു. ചുമർ വെള്ളതേച്ചിട്ടുണ്ടെങ്കിലും അകത്തുഭാഗങ്ങളിൽ നാലുപുറത്തും പുരാണപുരുഷന്മാരുടെ ചിത്രങ്ങൾ നല്ല വാസനക്കാരെക്കൊണ്ടു ഭംഗിയായി എഴുതിച്ചു വൃത്തിയോടെ വെച്ചിരുന്നു. അമൃതമഥനം, കാളിയമർദ്ദനം, ഗോവർദ്ധനം, ശ്രീരാമാഭിഷേകം മുതലായ കഥാഭാഗങ്ങളെക്കൊണ്ടാണ് ആ പൂമുഖം അലങ്കരിച്ചിരുന്നത്. എന്നാൽ ഒരു ഭാഗത്തു കൊച്ചിയിലെ രാജചിഹ്നമായ ശംഖ്, വിളക്ക്, പല്ലക്ക്, കുട ഇതുകളടങ്ങിയ ഒരു ചിത്രംകൂടി അവിടെ ഉണ്ടായിരുന്നു.

ഈ പൂമുഖത്ത് ഒരു വലിയ സിംഹാസനമുണ്ട്. അതിൻെറ നിർമ്മാണം ഏറെക്കുറെ മനോഹരമായിരുന്നുവെന്നു പറയാതെ നിവൃത്തിയില്ല. അതിലാണ് മലയാളികളുടെ ശില്പകലാസാമർത്ഥ്യം മുഴുവനും കാണിച്ചിരിക്കുന്നതെന്നു തന്നെ പറയാം. ആദ്യം കാണുമ്പോൾ ചാരിയിരിക്കാവുന്ന ഒരു പീഠമാണെന്നേ തോന്നുകയുള്ളൂ. സൂക്ഷിച്ചു നോക്കുംതോറും അത്യാശ്ചര്യകരങ്ങളായ അനവധി മനോധർമ്മങ്ങൾ തെളി

ഞ്ഞു പ്രകാശിക്കുമായിരുന്നു. ഒന്നാന്തരം ആനക്കൊമ്പും വീട്ടിയുമല്ലാതെ വേറെ യാതൊരു മരവും ഉപയോഗിച്ചിരുന്നില്ല. അമൂല്യങ്ങളായ അനവധി രത്നങ്ങളെക്കൊണ്ട് അലങ്കരിച്ചിട്ടുമുണ്ട്. പുരാതനകാലങ്ങളിൽ ഹിന്തുക്കൾക്കുണ്ടായിരുന്ന ശില്പകലാകൌശലം അന്യാദൃശമായിരുന്നുവെന്ന് ഇടക്കാലങ്ങളിലെ ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നത് അടിസ്ഥാനരഹിതമല്ലെന്നു ആ ഒരു സിംഹാസനം തന്നെ ഏവനും ബോദ്ധ്യപ്പെടുത്തുമെന്നു മാത്രമേ പറവാനുള്ളു.

ആദികാലങ്ങളിൽ കൊച്ചിരാജാക്കന്മാർ ആ സിംഹാസനത്തെ അധിരോഹണം ചെയ്തിട്ടായിരുന്നു, പ്രധാനകാര്യങ്ങളെ ആലോചിച്ചിരുന്നത്. എന്നാൽ പുരുഷന്മാരില്ലാതെ വന്ന ഈ കഥ നടന്ന കാലത്ത് അതിന്മേൽ എഴുന്നള്ളിയിരിപ്പാൻ ആരുമുണ്ടായിരുന്നില്ല. പകരം വേറെ സാമാന്യം വലിയ ഒരു പീഠം ഉണ്ടായിരുന്നു. അതിന്മേലാണ് രാജ്ഞി എഴുന്നള്ളിയിരുന്നിരുന്നത്. ഇതു കൂടാതെ വളരെ വിലപിടിച്ച രത്നപീഠങ്ങളും അലമാറികളും അവിടെയുണ്ട്. നിലത്തു രത്നകംബളങ്ങളും പുൽപായകളും നിറച്ചു വിരിച്ചിരിക്കുന്നു. വെള്ളികൊണ്ടു നിർമ്മിച്ചിട്ടുള്ളതും ഏഴ നിലയുള്ളതുമായ ഒരു ദീപസ്തംഭം നേരെ നടയ്ക്കുതന്നെ സ്ഥാപിച്ചിട്ടുണ്ട്. ഇത്രമാത്രമെ അലങ്കാരങ്ങളുള്ളൂ. പള്ളിക്കുറുപ്പുമുറിയിലും വലിയ ആഡംബരമൊന്നുമില്ല. മെത്താരണയും മേക്കട്ടിയുമുള്ള ഒന്നാന്തരം ഒരു വീട്ടിക്കട്ടിലും അതിന്മേൽ പട്ടുകിടക്കകളും ഉപധാനങ്ങളും ഉണ്ടായിരുന്നു. മെത്തകളും ഉപധാനങ്ങളും മൃദുതരങ്ങളായ പട്ടുകളെക്കൊണ്ടു വൃത്തിയായി മൂടി വിരിക്കുകയും ചെയ്തിരുന്നു. കൂടാതെ വിളക്ക്, കിണ്ടി, വെററിലത്തട്ട് മുതലായ ചില ഉപകരണങ്ങളും ഒരുക്കിയിരുന്നു. ഇതുകളെല്ലാം രജതനിർമ്മിതങ്ങളാണെന്നു വിശേഷിച്ചു പറയേണ്ടതില്ലല്ലോ. പള്ളിക്കുറുപ്പുണരുമ്പോൾ പതിവായി കണികാ

അന്നതിന്നു വേണ്ടി സാമാന്യം വലിയ ഒരു വേണുഗോപാല വിഗ്രഹം അവിടെ സ്ഥാപിച്ചിട്ടുണ്ടായിരുന്നു. ഇപ്രകാരം കാലാവസ്ഥക്ക് ഏററവും ഉൽകൃഷ്ടമായ ഒരു രാജധാനിയായിരുന്നു മട്ടാഞ്ചേരി കോവിലകം.

പതിവുപോലെ ഒരു ദിവസം രാജ്ഞി ഗംഗാധരലക്ഷ്മി ഇടനേരം പള്ളിക്കുറപ്പുണന്നു ആസ്ഥാനമണ്ഡപത്തിൽ എഴുന്നള്ളിയിരുന്നിരുന്നു. ഓരോ നേരമ്പോക്കും പറഞ്ഞ് ഏതാനും നമ്പൂതിരിമാരും അവിടെ ഉണ്ടായിരുന്നു. വലിയകാര്യാലോചനകളൊന്നും ഇല്ലാത്ത സമയങ്ങളിൽ വല്ല പുസ്തകങ്ങളും വായിച്ചോ നേരംപോക്കു പറഞ്ഞോ വിനോദിക്കുന്നതു രാജ്ഞിക്കു വളരെ ഇഷ്ടമായിരുന്നു. ആഭിജാത്യഭ്രമത്തിൻെറ ആധിക്യംകൊണ്ടോ എന്തോ, അക്കാലങ്ങളിൽ നമ്പൂതിരിമാർ മാത്രമല്ലാതെ വേറെ ആരും ഒരുമിച്ചിരുന്ന് വെടി പറയുന്ന ക്ഷത്രിയപ്രമാണികൾ വളരെ ചുരുക്കമായിരുന്നു. അതനുസരിച്ചു രാജ്ഞിയുടെ വിനോദക്കളരിയും നമ്പൂതിരിസംഘമായിത്തീന്നു. സാധാരണ നമ്പൂതിരിമാരെപ്പോലെതന്നെ ഫലിതമായി സംസാരിക്കുന്നതിന്നു രാജ്ഞിക്കും അറിയാമായിരുന്നു. അവർ ഓരോന്നു പറയുന്നതിനിടയ്ക്ക് രാജ്ഞി ഒരു നമ്പൂതിരിയോടു ഇങ്ങിനെ ചോദിച്ചു

രാജ്ഞി—ഇന്നെന്തായിരുന്നു വിശേഷം? കാരമംഗലത്തിനേയും മററും ഇവിടെ ഉണ്ണാൻ കണ്ടില്ലല്ലൊ.

കാരമംഗലം—ഇന്ന് ഒരു സദ്യയ്ക്കു ക്ഷണമുണ്ടായിരുന്നു. അതാണ് കാണാഞ്ഞത്.

രാജ്ഞി—അതുവ്വോ! എവിടെയായിരുന്നു?

കാരമം—മൂത്ത കയ്മളുടെ ഷഷ്ടിപൂത്തിയായിരുന്നു.

രാജ്ഞി—ഇട്ടിക്കുമാരൻെറ ഷഷ്ടിപൂത്തിയായി ഇല്ലേ? സമ്പാദ്യം വല്ലതുമുണ്ടായോ?

കാരമം—ഔ. അതുമുണ്ടായി. പതിനൊന്നു പണവും ഓരോ മുറിയും പരക്കെക്കൊടുത്തു.

രാജ്ഞി—ആളുകൾ കുറച്ചധികമുണ്ടായിരുന്നുവോ?

കാരമം—വളരെ അധികമില്ല. ഒരു ഇരുനൂററോളം കാണും.

രാജ്ഞി—ഊണിൻെറ വട്ടം?

കാരമം—സദ്യ പൊടിപൊടിച്ചു. വലിയപപ്പടം, പഞ്ചസാര, ശക്കരഉപ്പേരി എല്ലാമുണ്ടായിരുന്നു. നൂറു നൂററമ്പതു പറ അരിയും വെച്ചിരിക്കണം.

രാജ്ഞി—എന്താ ചൂരക്കാടിൻെറ അഭിപ്രായം?

ചൂരക്കാട്—കാരമംഗലത്തിനു പണം കിട്ടിയാൽ മറെറല്ലാം നന്നായിക്കഴിഞ്ഞു.

രാജ്ഞി—സദ്യ അത്ര നന്നായില്ലെന്നുണ്ടോ?

ചൂര—തരക്കേടില്ല എന്നല്ലാതെ പൊടിപൊടിച്ചു എന്നും മററും പറയുവാൻ തരമില്ല.

രാജ്ഞി—സ്വാദറിഞ്ഞു ഭക്ഷിക്കുന്നവൎക്കു പദാൎത്ഥങ്ങൾ നന്നാവാഞ്ഞാൽ ഊണു സുഖമാകുന്നതല്ലല്ലോ.

കാരമം—എന്തായിരുന്നു ഒരു തരക്കേട്? ഒന്നു കേട്ടാൽ കൊള്ളാം. താനൊരു വലിയ രസജ്ഞനല്ലേ?

രാജ്ഞി—ചൂരക്കാടിന്നു ഭരതശാസ്ത്രത്തിലും പാണ്ഡിത്യമുണ്ടോ?

കാര—ശിവ! ശിവ! അമ്മന്നൂച്ചാക്യാരുടെ അവതാരമാണെന്നാണ് നാട്യം.

ചൂര—വലിയ രസജ്ഞനാനമില്ലെങ്കിലും ശൃംഗാരവും മധുരവും തിരിച്ചറിഞ്ഞുകൂടെന്നില്ല.

രാജ്ഞി—ചൂരക്കാട് കാരമംഗലത്തിനെ പരിഹസിക്കുന്നതു കേട്ടില്ലേ? കാരമംഗലം എരിവും രൌദ്രവും അറിഞ്ഞുകൂടാത്തവരാല്ലാണെത്രെ.

ചൂര—അതു ഞാനല്ല പറഞ്ഞത്.

കാര—ആരെങ്കിലുമാവട്ടെ. താനൊരു കൂട്ടത്തിൽകുത്തിയാണെന്ന് എനിക്കു മുമ്പു തന്നെ അറിയാം.

രാജ്ഞി—അതൊക്കെ ഇരിക്കട്ടെ. ചേററക്കളം എന്താണ് ഒന്നും മിണ്ടാതിരിക്കുന്നത്?

കാര—ആയാളുടെ കാൎയ്യം മഹാ മോശമായി. ഇന്നു കയ്മളുടെ വീട്ടിൽചെന്നപ്പോൾ അവിടെ ഒരുത്തിയെക്കണ്ടു. അവൾ കണ്ടാൽ തരക്കേടില്ലെന്ന് എനിക്കും തോന്നി. എന്തിനു പറയുന്നു! അതുമുതൽക്ക് ആയാൾക്കൊരു മൌനമായിത്തീൎന്നു.

രാജ്ഞി—എന്താ ചേററക്കളം! കാരമംഗലം പറയുന്നതു വാസ്തവമാണോ? വ്യസനിക്കാനൊന്നുമില്ല. ഭ്രഷ്ടില്ലല്ലൊ.

ചേററക്കളം—(ഇനി എൻെറ നേരെയായൊ പുറപ്പാട് എന്നു വിചാരിച്ച് ഒന്നു പരുങ്ങി) ഐ! അതൊന്നുമില്ല. കാരമംഗലത്തിനു കലശൽ കൂട്ടുവാനാണ് വാസന. വേറെ ഒന്നുമല്ല.

രാജ്ഞി—ആട്ടെ മനോരാജ്യം പോകുവാൻ ഞാനൊരുപായം പറയാം. അതാ അവിടെ ഭാരതം ഗ്രന്ഥമിരിക്കുന്നു. അതെടുത്തു കുറച്ചു വായിച്ചു വെട്ടപ്പായി അൎത്ഥം പറയു. ചേററക്കളത്തിൻെറ വായന കേട്ടിട്ടു കുറച്ചു കാലമായി.

ചേററ—അങ്ങിനെയാവാം. കുറച്ചു കഴിയട്ടെ. ഊണിൻെറ ക്ഷീണം തീൎന്നിട്ടില്ല.

രാജ്ഞി—തലയ്ക്കു മത്തു പിടിച്ചിട്ടുണ്ടെങ്കിൽ സ്വല്പം കഴിഞ്ഞിട്ടു മതി. വായന നന്നാവാതെ വരരുത്.

രാജ്ഞിയുടെ അടുത്ത സേവന്മാരായ ഈ നമ്പൂതിരിമാർ അശേഷം അരസികന്മാരായിരുന്നില്ല. കാവ്യനാടകാലങ്കാരാദികളിലും പുരാണങ്ങളിലും നല്ല പരിചയം സിദ്ധിച്ചിട്ടുള്ള സഹൃദയന്മാരായിരുന്നു. ഇതിന്നു വേണ്ടിടത്തോളം ശാസ്ത്രപരിചയവുമുണ്ട്. ചേററക്കളത്തു ഭട്ടതിരി ഒരു നല്ല വ്യുല്പന്നനായിരുന്നതുകൊണ്ടു രാജ്ഞിക്കു കുറച്ചധികം പ്രത്യേകം തന്നെയുണ്ടായിരുന്നു. സാധാരണ ഇടയുള്ളപ്പോളെല്ലാം വല്ല കാവ്യങ്ങളോ നാടകങ്ങളോ വായിച്ചു രസിക്കുകയും ഇവരുടെ പതിവായിരുന്നു. ഈ വക വിനോദങ്ങളിലുള്ള താല്പ

ത്ത്യംകൊണ്ടുതന്നെയാണ് ആ ഉച്ചയ്ക്ക് ഊണു കഴിഞ്ഞ പ്പോൾ തന്നെ അവർ തൃശ്ശൂരിൽനിന്നു കൊച്ചിക്കു കടന്നതും. ഈ വിദ്വാന്മാരോടൊപ്പം തന്നെ സംസ്കൃതഗ്രന്ഥങ്ങൾ നോക്കി രസിക്കത്തക്കവണ്ണമുള്ള പാണ്ഡിത്യം രാജ്ഞിക്കുമുണ്ടായിരുന്നു. അവിടെയ്ക്കു ലോകവ്യുല്പത്തിയാണ് അധികമുണ്ടായിരുന്നത്. കാവ്യപ്രകാശം കട്ടകട്ടിയായിരുന്നു.

ചേററക്കുളത്തുഭട്ടതിരി കുറച്ചു കിടന്നു വിശ്രമിച്ചതിന്നുശേഷം പതുക്കെ എഴുന്നേററു ഒരു ഗ്രന്ഥമെടുത്തു 'നാരായണം നമസ്കൃത്യ നരഞ്ചൈവ നരോത്തമം ദേവീം സരസ്വതീം വ്യാസം തതോ ജയമുദീരയേൽ' എന്നു കണ്ണടച്ചു മന്ത്രിച്ചുകൊണ്ടു ഗ്രന്ഥം കെട്ടഴിച്ചു രണ്ടായി പകുത്തുവെച്ചു താഴെ കാണുംപ്രകാരം വായിച്ചു.

> പ്രയച്ഛ പാണ്ഡുപുത്രാണാം യഥോചിതമരിന്ദമ!
> യദീച്ഛസി സഹാമാത്യോ ഭോക്തുമർദ്ധംപ്രയച്ഛതാം.

ഈ ഭാഗം കിട്ടിയപ്പോൾ ഭട്ടതിരിക്കു വളരെ സന്തോഷമായി. ഇദ്ദേഹം ഉള്ളുകൊണ്ടു മൂത്ത താവഴിത്തമ്പുരാക്കന്മാരുടെ ഉററ ബന്ധുക്കളിൽ ഒരാളായിരുന്നു. കൊച്ചി രാജകുഡുംബത്തിലെ തേവാരിസ്ഥാനം ഇദ്ദേഹത്തിൻെറ തറവാട്ടേയ്ക്കു പണ്ടെയ്ക്കുപണ്ടേ ശാശ്വതമായി സിദ്ധിച്ചിട്ടുണ്ട്. മൂപ്പിലെ സ്ഥാനഭ്രഷ്ടനാക്കിയതും മററും ഇദ്ദേഹത്തിന്ന് അശേഷം സമ്മതമായിട്ടില്ല. തരംപോലെ തൻെറ മതം രാജ്ഞിയെ അറിയിക്കേണമെന്നും കരുതിയിരുന്നു. അങ്ങിനെ ഇരിക്കുമ്പോഴാണ് ഈ സംഭവമുണ്ടായത്. 'ഇപ്പോൾ ഒരു തരമാണ്' എന്നു കരുതി അദ്ദേഹം തൻെറ വായന ഒന്നു വിസ്തരിക്കുവാൻ തീർച്ചപ്പെടുത്തി. അനന്തരം ശ്ലോകം ഒന്നുകൂടിച്ചൊല്ലി വായന ആരംഭിച്ചു.

"കപടദ്യൂതകോവിദനായ ഗാന്ധാരരാജാവിൻെറ സഹായത്തോടുകൂടി ദുര്യോധനനാൽ അപഹൃതസർവ്വസ്വന്മാരായ പാർത്ഥന്മാർ പന്തീരാണ്ടു വനവാസവും ഓരാണ്ട് അജ്ഞാ

തവാസവും സാധിച്ച പൂൎവ്വപ്രതിജ്ഞയെ നിൎവ്വഹിച്ചതിന്നു ശേഷം, നഷ്ടമായിപ്പോയ രാജ്യങ്ങളെ അസൂയാകലുഷിതചിത്തന്മാരായ ധാൎത്തരാഷ്ട്രന്മാരിൽനിന്നു പ്രത്യാഹരിപ്പാനായി ഒരു മഹാസമരം വേണ്ടിവന്നതു ഹേതുവായിട്ടു സേനോദ്യോഗം ചെയ്തുകൊണ്ടിരിക്കുമ്പോൾ, സഞ്ജയൻ മുഖേന ധൃതരാഷ്ട്രമഹാരാജാവു പാണ്ഡവന്മാരോടായി വനവാസം തന്നെയാണ് അവൎക്കു ശ്രേയസ്സെന്നും അതാണ് ചെയ്യേണ്ടതെന്നും വിഷയസുഖങ്ങളെല്ലാം നിസ്സാരങ്ങളും നശ്വരങ്ങളുമാണെന്നും തപസ്സു ചെയ്തു പുണ്യം സമ്പാദിക്കുകയാണ് പരമപുരുഷാൎത്ഥമെന്നും മറ്റും പല ഉപദേശങ്ങളും ചെയ്തപ്പോൾ, ധൎമ്മപുത്രർ ഇതികൎത്തവ്യതാമൂഢനും ഭീമാദികൾ കോപാന്ധന്മാരുമായിത്തീൎന്നുവെങ്കിലും ഒന്നുകൂടി സന്ധി സംസാരിച്ചുനോക്കേണമെന്നുള്ള ധൎമ്മപുത്രരുടെ അപേക്ഷപ്രകാരം ഭഗവാൻ ശ്രീകൃഷ്ണൻ തന്നെ കൌരവസദസ്സിലെഴുന്നള്ളി 'നലോഭാദൎത്ഥസമ്പത്തിൎന്നരാണാമിഹ ദൃശ്യതേ തദലംതാത ലോഭേന പ്രശാമ്യ ഭരതൎഷഭ' എന്നു തുടങ്ങി പല പ്രകാരേണയും അവരുടെ ബുദ്ധിയെ നന്നാക്കുന്നതിന്നു ശ്രമിച്ചിട്ടും യാതൊരു പ്രയോജനവും ഉണ്ടാവാതെ, ഒടുക്കം 'മാതാതശ്രിയമായാന്തീമവമംസ്ഥാഃ സമുദ്യതാം അൎദ്ധം പ്രദായ പാൎത്ഥേഭ്യോ മഹതീം ശ്രിയമാപ്സ്യസി' എന്നിങ്ങിനെ ന്യായമായി അരുളിച്ചെയ്തപ്പോൾ കോപാവിഷ്ടചിത്തനായ ദുൎമ്മതി ദുൎയ്യോധനനാകട്ടെ 'യാവദ്ധിതീക്ഷ്ണയാ സൂച്യാവിദ്ധ്യേദഗ്രേണ കേവലം താവദപ്യപരിത്യാജ്യം ഭൂമേൎന്നഃ പാണ്ഡവാൻ പ്രതി' എന്നു ഖണ്ഡിച്ചു പറകയും ഇതു കേട്ടു ധൃതരാഷ്ട്രമഹാരാജാവു വിഷണ്ണനായിത്തീൎന്നു് പതിവ്രതാശിരോമണിയായ ഗാന്ധാരിയെ ആനയിച്ചു പുത്രനോടു ഗുണദോഷിക്കുവാൻ ആജ്ഞാപിച്ചതനുസരിച്ചു ഗാന്ധാരി ദുൎയ്യോധനനോടു പറയുന്നതാണ് പ്രകൃതം. ഗാന്ധാരി പറയുന്നു." എന്നുള്ള ദീൎഘമായ ഒരവതാരികയോടുകൂടിയാണ് വായന തുടങ്ങിയ

ത്. ശ്ലോകം വീണ്ടും ചൊല്ലി വിസ്തരിച്ച അൎത്ഥം പറഞ്ഞു. "ശത്രുക്കളെ നിശ്ശേഷം നശിപ്പിക്കുന്നതിന്നു സമൎത്ഥനായുള്ളോവേ! ഉണ്ണീ! പകുതി രാജ്യം പാണ്ഡവന്മാൎക്ക് കൊടുക്കു. നീ മന്ത്രിമാരൊരുമിച്ചിരുന്നു സുഖിപ്പാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ പകുതി രാജ്യം അവൎക്ക് കൊടുക്കാതെ തീരൂ. പാണ്ഡവന്മാരും നിശ്ചയം രാജ്യത്തിന്നു തുല്യാവകാശികളാകയാൽ നിന്നെപ്പോലെ തന്നെ അവൎക്കും അവകാശമുണ്ട്. അതുകൊണ്ട് അങ്ങിനെ ചെയ്യുന്നതാണ് ഉചിതം. തുല്യാവകാശിയെ അനാദരിച്ച സ്വാൎത്ഥമനുഭവിക്കുന്നത് അനീതിയുമാപൽക്കരവുമാണ്. നിൻെറ മന്ത്രിയായ ശകുനിയാണ് നിന്നെച്ചാടിക്കുന്നത്. അവൻെറ ചൊല്പടി വിട്ടു നീ നടക്കുന്നില്ല. മററാരു പറഞ്ഞാലും നീ കേൾക്കുന്നതുമില്ല. ഇതാണ് നിൻെറ മുഖ്യദോഷം." എന്നും മററുമായിരുന്നു വിസ്തരത്തിൻെറ ചുരുക്കം. ഇതിനിടയ്ക്കു മന്ത്രിയുടെ ദോഷംകൊണ്ടു സംഭവിക്കാവുന്ന ആപത്തുകളേയും വാസ്തവമായ അവകാശിയെ നിരസിച്ച സ്വാൎത്ഥം നേടുന്നതിൻെറ ദോഷത്തേയും അനൌചിത്യത്തേയും പററി ദീൎഘമായി പ്രസംഗിക്കാതിരുന്നില്ല. ഇങ്ങിനെ പത്തു പതിനഞ്ചു ശ്ലോകം വായിക്കുകയുണ്ടായി.

വായന ഇത്രത്തോളമായപ്പോഴയ്ക്കും രാജ്ഞിയുടെ ഒരു ദാസി അവിടെ വന്ന്, 'രാമണങ്കോവിലദ്ദേഹം താഴത്തു നില്ക്കുന്നുണ്ട്' എന്നറിയിച്ചു. 'വരാൻ പറയൂ.' എന്നു ദാസിയോടും, 'ഇനി നാളെ വായിക്കാം. ചോററുകളത്തിൻെറ വായന വളരെക്ഷേമമായി. ഞാൻ മുമ്പു തന്നെ ഈ പക്ഷക്കാരത്തിയാണ്. പക്ഷെ ഫലമുണ്ടാവുമെന്നു തോന്നുന്നില്ല' എന്നു ഭട്ടതിരിയോടും, 'നിങ്ങളെ എല്ലാവരേയും അത്താഴത്തിന്നു കാണുമല്ലൊ' എന്നു മററുള്ള നമ്പൂതിരിമാരോടും പ്രത്യേകം പറഞ്ഞു രാജ്ഞി പൂമുഖത്തേയ്ക്കു കടന്നു. നമ്പൂതിരിമാർ എല്ലാവരും താഴത്തേയ്ക്കു പോയി. അപ്പോഴയ്ക്കും രാമണങ്കോവിലും ഹാജരായി.

രാജ്ഞി—ഇന്നു വലിയ ജോലിയൊന്നുമില്ലെന്നു തോന്നുന്നു. ഓലക്കെട്ടും മററും അധികം കാണുന്നില്ല.

രാമണ—ജോലിയില്ലാഞ്ഞിട്ടല്ല. എല്ലാം നാളയ്ക്കു നീട്ടിവെച്ചിരിക്കാണ്.

രാജ്ഞി—അങ്ങിനെ നീട്ടിവെച്ചതെന്തിനാണ്? ഇന്നു വിശേഷിച്ചു വല്ല സംഗതിയുമുണ്ടോ?

രാമണ—കുറച്ചൊന്നു തിരുമനസ്സുണർത്തിപ്പാനുണ്ട്.

രാജ്ഞി—കേൾക്കട്ടെ.

രാമണ—പറങ്കികളുടെ ആലോചനപ്രകാരം വെട്ടത്തു തമ്പുരാക്കന്മാർ ഇങ്ങോട്ടു പുറപ്പെട്ടിട്ടുണ്ട്. ഇവിടെ എപ്പോഴാണ് സൌകര്യമെന്നറിയിച്ചാൽ ഉടനെ ഇങ്ങോട്ടു വരാമെന്നും എഴുതിയയച്ചിരിക്കുന്നു. (എന്നു പറഞ്ഞു ഒരെഴുത്തു രാജ്ഞിയുടെ പക്കൽ കൊടുത്തു.)

രാജ്ഞി—(അതു വായിച്ചുനോക്കി) ഇത്രത്തോളമായൊ?

രാമണ—'ശുഭസ്യശീഘ്രം' എന്നല്ലേ? കാര്യങ്ങളെല്ലാം വേഗം വേഗം നടത്തുന്നതു തന്നെയാണുത്തമം.

രാജ്ഞി—എല്ലാ കാര്യങ്ങളും പെട്ടെന്നു നടത്തുന്നത് അത്ര നന്നായിരിക്കുമെന്നു തോന്നുന്നില്ല. വിശേഷിച്ചും ഈ വക സംഗതികളിൽ വളരെ ആലോചിക്കാനുണ്ടെന്നാണ് എനിക്കു തോന്നുന്നത്.

രാമണ—ആലോചനകളെല്ലാം കഴിഞ്ഞില്ലേ? ഇനി എന്തിനാണമാന്തിക്കുന്നത്?

രാജ്ഞി—ആരുടെ ആലോചനയാണ് കഴിഞ്ഞത്? എന്നെസ്സംബന്ധിച്ചേടത്തോളം യാതൊരു തീരുമാനവും ഉണ്ടായിക്കഴിഞ്ഞിട്ടില്ല.

രാമണ—അവിടേയ്ക്കെന്താണ് സംശയം? പറങ്കികളുടെ സഹായമുള്ള കാലത്തോളം ആരേയും ഭയപ്പെടുവാനില്ല. ഇതിൽ എനിക്കു നല്ല ഉറപ്പുണ്ട്.

രാജ്ഞി—എനിക്കു വിശേഷിച്ചു യാതൊരു ഭയവുമില്ല. ഇതു

കൊണ്ടുള്ള ഭവിഷ്യത്തു മുഴുവനും നിങ്ങൾക്കും സാധുക്കളാ
യ എന്റെ പ്രജകൾക്കുമാണ്.

രാമൻ—അത്ര വലുതായ ഒരു ഭവിഷ്യത്ത് എന്താണുള്ളത്?

"കേൾക്കു കുറച്ചു പറയാം. കൊച്ചിയിലെ രാജപട്ട
ത്തിന്നു വാസ്തവത്തിൽ ന്യായമായ അവകാശി ഇപ്പോൾ മൂ
ത്ത താവഴിയിലെ മൂപ്പിന്നാണ്. ഇതിന്നു യാതൊരു തക്ക
വുമില്ല. 'താവഴിയിൽ കാരണവർ സ്ഥാനത്തിന്നധികാ
രി' എന്ന നിലയിലായിരുന്നു ഇവിടെ പണ്ടു നടന്നിരുന്ന
ത്. അവിടുന്നു കുറെ കഴിഞ്ഞപ്പോൾ എന്തോ സംഗതിവ
ശാൽ രാജ്യാധിപത്യം നമ്മുടെ താവഴിക്കുമാത്രമായിത്തീർന്നു.
അതു നിമിത്തം പല അസ്വാതന്ത്ര്യങ്ങളും ഇവിടെ ഇടയ്ക്കിടയ്ക്കു
ണ്ടാവാതിരുന്നില്ല. ഇപ്പോൾ ഇതാ ഞാനൊരു സ്ത്രീ മാത്ര
മായിക്കലാശിച്ചിരിക്കുന്നു. എന്റെ വംശം നിലനിന്നുപോ
രുന്നത് ഈശ്വരനുകൂടി ഇഷ്ടമല്ലെന്നാണു തോന്നുന്നത്. അ
ല്ലെങ്കിൽ അവിടുന്നു എന്നെ ഇപ്രകാരം ഉഭയഭ്രഷ്ടയാക്കി
ത്തീർക്കുമൊ? ഒരു കാലത്തുമില്ല. ഇനി ഏറെക്കാലം താമസി
യാതെ ഞാനും നാമാവശേഷമായി തീരും. ഇപ്പോൾ നിങ്ങ
ളുടെ ആലോചനപ്രകാരം നടത്തുന്നതായാൽ നാട്ടിൽ കല
ഹം മാത്രം ശേഷിക്കും. എന്നു മാത്രമല്ല; ലോകമുള്ള കാല
ത്തോളം ഈ അപഖ്യാതി നിലനില്ക്കുകയും ചെയ്യും.

ഇതെല്ലാം ആലോചിച്ചിട്ടാണ് അന്നുതന്നെ മൂത്തതാ
വഴിയിലെ മൂപ്പിലെ ദത്തെടുക്കേണമെന്നു ഞാൻ നിർബ്ബന്ധി
ച്ചത്. അതു നിങ്ങൾക്ക് അശേഷം സമ്മതമായില്ല. നിങ്ങ
ളെല്ലാവരുംകൂടി അദ്ദേഹത്തിനെ ഭ്രഷ്ടനാക്കിത്തീർത്തു. അവർ
വെറുതെയിരിക്കുമെന്നു തോന്നുന്നില്ല. തരം വരുമ്പോൾ ന
മ്മോട് എതിർക്കുവാനാണ് എളുപ്പം. ഇനി വെട്ടത്തുനിന്നു
ദത്തെടുക്കുന്നതായാൽ അതുതന്നെ ഒരു വലിയ കലാപത്തി
ന്നു കാരണമായിത്തീരും. മൂപ്പിന്നും മേനവനും കൂടി സാമൂ
തിരിരാജാവിനെ പാട്ടിൽ പിടിച്ചു സഹായത്തിന്നു ക്ഷണി

സ്ഥാതിരിക്കുമെന്നു തോന്നുന്നില്ല. സാമൂതിരിക്കാണെങ്കിൽ വെട്ടത്തു രാജാക്കന്മാരുടെ നേരെ പണ്ടുതന്നെ വൈരമുണ്ട്. ഈ അവസരത്തിൽ അദ്ദേഹം പ്രത്യേകിച്ചും സഹായിക്കും. ഒരു വലിയ യുദ്ധംതന്നെ ഉണ്ടാവും. ജയാപജയങ്ങളുടെ കാൎയ്യം അവിടെ ഇരിക്കട്ടെ. ഒരു യുദ്ധം കഴിയുമ്പോഴെയ്ക്കും ആ രാജ്യത്ത്, എന്നുവേണ്ടാ അടുത്ത രാജ്യത്തുകൂടി എന്തെല്ലാം നാശങ്ങളാണു സംഭവിക്കുക എന്നുള്ളത് ഊഹിപ്പാൻ തന്നെ പ്രയാസമാണ്. ഇപ്പോൾ കുറച്ചു കാലമായി ഒരു വിധം സമാധാനത്തിലാണ് കൊച്ചിയുടെ സ്ഥിതി. നാട് ഒരു നല്ല നിലയിലെത്തുവാൻ ഭാവിക്കുന്നതുമുണ്ട്. ഇനി ഇതെല്ലാം പോയി ദാരിദ്ര്യം ബാധിച്ച നാടു മുഴുവനും 'കുട്ടിച്ചോറാ'യിത്തീരും. അതുമല്ല, അനവധി നിരപരാധികളുടെ ജീവനെ ബലികഴിക്കേണ്ടിവരും. ഇങ്ങിനെ ചില മഹാപാതകങ്ങൾ ഇതിന്നു മുമ്പും ഇവിടെ നടന്നിട്ടുള്ളതുകൊണ്ടായിരിക്കാം ഈ താവഴി ഇങ്ങിനെ കുററിമുടിഞ്ഞുപോകുവാനിടവന്നത്.

ഇനി ധൎമ്മപ്രകാരം നോക്കുന്നതായാലും മൂത്ത താവഴിയിലേയ്ക്കു് ഈ സ്ഥാനം ലഭിയ്ക്കുവാനാണു വഴി കാണുന്നത്. ഒന്നാമത് അവരാണു ന്യായമായ അവകാശികൾ എന്നു ഞാൻ മുമ്പുതന്നെ പറഞ്ഞുവല്ലോ. അതിന്നും പുറമെ മൂപ്പിലെ ദത്തെടുക്കുകയും അദ്ദേഹം കുറച്ചുകാലം രാജാവായി വാഴുകയും ഉണ്ടായിട്ടുണ്ട്. എന്തുകൊണ്ടു നോക്കിയാലും ആ താവഴിയ്ക്കാണു ജയം സിദ്ധിക്കുക എന്നു തീച്ചതന്നെ. ധൎമ്മം എവിടെയോ അവിടെയാണു ജയവും. പാണ്ഡവന്മാരുടേയും കൗരവരുടേയും കഥതന്നെ ഒന്നാലോചിക്കുക. ദുൎയ്യോധനൻ കുലത്തോടുകൂടി നശിച്ചത് എന്തില്ലാഞ്ഞിട്ടാണ്? പാണ്ഡവന്മാൎക്കു ജയം സിദ്ധിക്കാനുള്ള കാരണവും എന്തായിരുന്നു? അതും ഇരിക്കട്ടെ. ആൎക്കു വേണ്ടിയാണ് ഇപ്പോൾ വെട്ടത്തു രാജാക്കന്മാരെ ദത്തെടുക്കുന്നത്? എന്നെ

രക്ഷിക്കേണമെന്നാണു വിചാരമെങ്കിൽ അതിന്നുവേണ്ടി ഇത്രയൊന്നും ക്ലേശിക്കേണ്ടതില്ല. എൻെറ കാലം ഇനി എത്രത്തോളമുണ്ടാവുമെന്നും ഏകദേശം ഊഹിക്കാറായിരിക്കുന്നു. ഇനി രാമണ്ണക്കോവിലിന്നു സുഖിക്കുവാനാണെങ്കിൽ അതിന്നും അധികം കാലം സംഗതിവരുമെന്നു തോന്നുന്നില്ല. എന്നെക്കാൾ പ്രായം കൂടുമല്ലൊ. വിശേഷിച്ച് ഇപ്പോൾ വളരെ ക്ഷീണിച്ചിട്ടുമുണ്ട്. കുടുംബത്തിലുള്ളവൎക്ക് വല്ല ഗുണവും ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അവിടുന്നല്ലെ വല്ലവരേയും കൊണ്ടുവരുവാൻ ശമിക്കേണ്ടത്. കണ്ണിൽക്കണ്ടവരുടെ വാക്കു കേട്ട് ഈ വയസ്സുകാലത്ത് ഇങ്ങിനെ ഇതിനെല്ലാം ചാടി പുറപ്പെടുന്നതെന്തിനാണ്? പറങ്കികൾ അവരുടെ ക്ഷേമത്തിന്നാണ് ഉത്സാഹിക്കുന്നത്. ഒരു സമയം മൂത്ത താവഴിക്കാർ വല്ല ഉടമ്പടിയും ചെയ്തുകൊടുക്കുന്നപക്ഷം അവൎക്കു അങ്ങോട്ടു ചാടുവാനും വിരോധമില്ല. ഇങ്ങിനെ പലതും ആലോചിക്കുവാനുണ്ട്. അതെല്ലാം വേണ്ടതുപോലെ ആലോചിച്ചു മാനവും മൎയ്യാദയും കളയാതെ ശാശ്വതമായ യശസ്സു നേടുവാനാണ് പ്രമാണികൾ ശ്രമിക്കേണ്ടത്. കാൎയ്യങ്ങൾ ഇത്രത്തോളമായ സ്ഥിതിക്കു ഒന്നും പറയാതിരിക്കുന്നതു യുക്തമല്ലല്ലൊ എന്നു വിചാരിച്ചു മാത്രം എൻെറ അഭിപ്രായം തുറന്നു പറഞ്ഞതാണ്. അതുകൊണ്ടു യാതൊരു പരിഭവവും തോന്നരുത്. ഇഷ്ടംപോലെ പ്രവൎത്തിക്കുന്നതിന്നു എനിക്കു യാതൊരു വിരോധവുമില്ല”.

രാമണ്ണ—അവിടുന്ന് എത്രതന്നെ നിൎബ്ബന്ധിച്ചാലും ഇനി യാതൊരു ഫലവുമില്ല. കാൎയ്യങ്ങളെല്ലാം ഉറച്ചുകഴിഞ്ഞു. പറഞ്ഞവാക്കു മാറുന്നതു പുരുഷധൎമ്മമല്ലല്ലൊ. വെട്ടത്തുതമ്പുരാൻെറ എഴുത്ത് ഇങ്ങോട്ടുതന്നെ ആവശ്യമുണ്ട്.

‘ഇതാ എടുക്കാം’ എന്നുംപറഞ്ഞ് എഴുത്തു തിരിയെ കൊടുക്കുകയും ‘യദഭാവി ന തൽഭാവി’ എന്നു വിചാരിച്ചു രാജ്ഞി സമാധാനിക്കുകയും ചെയ്തു. അവിടുന്നു തന്നോടി

ങ്ങിനെ എതിൎത്തു പറയുമെന്നു രാമണ്ണക്കോവിൽ അശേഷം വിചാരിച്ചിരുന്നില്ല. അതു നിമിത്തം അദ്ദേഹത്തിന്നു വലിയ കുണ്ഠിതവും കുറച്ചു കോപംതന്നെയും ഉണ്ടായി. എന്നാൽ തൽക്കാലം രാജ്ഞി വിചാരിച്ചാൽ യാതൊന്നും നടത്തുവാൻ സാധിക്കുന്നതല്ലെന്നുള്ള പൂൎണ്ണബോദ്ധ്യമുണ്ടായിരുന്നതുകൊണ്ടു അദ്ദേഹത്തിന്റെ ഈ വികാരഭേദങ്ങളൊന്നുംതന്നെ അധികനേരം നിലനിന്നില്ല. ഉടനെ വെട്ടത്തുരാജാവിന്റെ എഴുത്തു തിരിയെ വാങ്ങി അദ്ദേഹം യാത്ര പറഞ്ഞു താഴത്തിറങ്ങി. റാണി ഗംഗാധരലക്ഷ്മിയാകട്ടെ ഭാവിയെപ്പററി വലിയ ഒരു മനോരാജ്യത്തോടുകൂടി അനന്തരകൃത്യങ്ങളിൽ ഏൎപ്പെടുകയും ചെയ്തു.

## മൂന്നാമദ്ധ്യായം

തൃശ്ശിവപേരൂർ വടക്കേച്ചിറയുടെ വടക്കുഭാഗത്തുള്ള കോവിലകം പണ്ടുതന്നെ ഉണ്ടായിരുന്ന ഒരു കെട്ടിടമാണ്. നമ്മുടെ കഥ നടന്ന കാലത്തു അവിടെ ദിവസേന ആൾപ്പെരുമാററമില്ലാതിരുന്നതുകൊണ്ടു അതൊരു വലിയ വിജനപ്രദേശമായിട്ടാണ് കിടന്നിരുന്നത്. അതിന്നു ചുററും കോട്ടമതിലുകളും കൊത്തളങ്ങളും മററുമുണ്ടായിരുന്നുവെങ്കിലും കോട്ടസ്ഥലം മുഴുവനും കാടുപിടിച്ചാണ് കിടന്നിരുന്നത്. നാലുകെട്ടും നടുമുററവും പശുക്കളുടെ സുഖവസതികളായിരുന്നു. അടുക്കളയിലും മററും വലിയ പെരിച്ചാഴിമടകളും ചില വല്മീകങ്ങളും അവിടവിടെ കാണപ്പെട്ടിരുന്നു. തെക്കിനിയും പടിഞ്ഞാററിയും ഏകത്തിക്കെട്ടിയ മാളികയാണെങ്കിലും അവിടെ ഇരുന്നു പൊറുക്കുവാൻ പ്രയാസമായിരുന്നു. ഇടസ്ഥിടക്ക് അങ്ങോട്ടുമിങ്ങോട്ടും കിടന്നോടിക്കൊണ്ടിരുന്ന മരപ്പട്ടികളുടെ ശല്യം ഇന്നവിധമെന്നു പറഞ്ഞുകൂടാ. കണ്ടതെല്ലാം കട്ടിച്ചോറാക്കുന്ന വാനരത്താന്മാർ കൂട്ടംകൂട്ടമായി

കയറിവന്ന് പുരപ്പുറത്തുള്ള ഓടുകളെല്ലാം വലിച്ചു കളകയും പതിവായിരുന്നു. ഇതുനിമിത്തം മേൽപുരയ്ക്കു് ചില വലിയ ദ്വാരങ്ങളും ഉണ്ടായിട്ടുണ്ടു്. കോവിലകത്തിന്റെ മുറ്റത്തുതന്നെ വലിയ കാടും പടലും പടൎന്നുപിടിച്ചിരുന്നു. ആൾസഞ്ചാരത്തിന്നു കഷ്ടിച്ചു മാൎഗ്ഗമില്ലെന്നു പറഞ്ഞുകൂട. ആകപ്പാടെ ആ സ്ഥലം അതിഭയങ്കരവും ഉടമസ്ഥന്മാർ കാണുമ്പോൾ സങ്കടം തോന്നത്തക്കവണ്ണം അത്ര അശ്രീകരവുമായിരുന്നു.

ഒരു ദിവസം കാലത്തു വളരെ നേരത്തെ അവിടെ പടിഞ്ഞാറെമാളികയുടെ മുകളിൽ രണ്ടു പേർ ഇരുന്നിരുന്നു. ഒരാൾക്കു് നാല്പതും മറ്റേ ആൾക്കു് മുപ്പതിൽ കൂടാതെയും പ്രായം തോന്നും. മൂത്ത ആൾ തലമുടി വളൎത്തിയിരുന്നു. അതു് നല്ലവണ്ണം ഒതുക്കി മേല്പോട്ടു കെട്ടിവെച്ചിട്ടുണ്ടു്. കഴുത്തിൽ സ്വൎണ്ണംകൊണ്ടുള്ള ഒരു മാലയല്ലാതെ വേറെ യാതൊരലങ്കാരവുമുണ്ടായിരുന്നില്ല. മറ്റെ ആൾ അങ്ങിനെയല്ല. കാഴ്ചയിൽത്തന്നെ നല്ല പ്രഭുവാണെന്നു തോന്നുമാറു് ചില അലങ്കാരങ്ങളെല്ലാമുണ്ടായിരുന്നു. കാതിൽ കടുക്കനും കയ്യിന്മേൽ നല്ല മോതിരങ്ങളും വളരെ വില പിടിച്ച ഒരു മുത്തുമാലയും അണിഞ്ഞിരുന്നു. പുളിയിലക്കര മുണ്ടു തന്നെയാണു് രണ്ടുപേരും ഉടുത്തിരുന്നതു്. രണ്ടാളും ഒന്നുംതന്നെ സംസാരിക്കുന്നില്ല. എന്തോ വലിയ ഒരാലോചനയിൽപ്പെട്ടതുപോലെ ഇടയ്ക്കിടയ്ക്കു ദീൎഘശ്വാസം വിട്ടുകൊണ്ടിരുന്നു. ഇവരിൽ മൂത്ത ആൾ പെരുമ്പടപ്പുമൂപ്പിന്നും മറ്റേ ആൾ ചാഴൂർ തമ്പുരാനുമായിരുന്നു.

ഇളയ താവഴിയിൽ പുരുഷന്മാരില്ലാതെ വന്ന ഇക്കാലത്തു തങ്ങളുടെ അവകാശം വീണ്ടെടുക്കുന്നതിന്നു നല്ല തരമാണെന്നും ഇപ്പോൾ ശ്രമിച്ചുനോക്കേണ്ടതാണെന്നുമായിരുന്നു മൂപ്പിലയ്ക്കു ആദികാലത്തുണ്ടായിരുന്ന വിചാരം. അങ്ങിനെയിരിക്കുമ്പോൾ ദൈവഗത്യാ രാജ്ഞിതന്നെ അദ്ദേഹത്തെ രാജാവാക്കി വാഴിച്ചു. അതുനിമിത്തം ആ വക ശ്രമങ്ങ

മെല്ലാം വിത്തിവെക്കുകയും ചെയ്തു. അതിന്നുശേഷം രണ്ടു മൂന്നുകൊല്ലത്തോളം ഈ വക വിചാരം അദ്ദേഹത്തെ ബാധിച്ചിരുന്നില്ല. അക്കാലത്താണ് രാമണങ്കോവിലിൻെറ ദുരാലോചനയുടെ ഫലമായി അദ്ദേഹം ഭ്രഷ്ടനാക്കപ്പെട്ടത്. മുമ്പുണ്ടായിരുന്ന വിചാരം ഇപ്പോൾ പൂർവ്വാധികം വർദ്ധിച്ചിരിക്കുന്നു. പക്ഷെ കുറച്ചുകാലം സ്വസ്ഥമായിരുന്നതുകൊണ്ടു തൻെറ ഉദ്ദേശം സാധിക്കുമൊ എന്നു പരീക്ഷിച്ചുനോക്കുന്നതിന്നുതന്നെ വളരെ പ്രയാസമായിരുന്നു. ഇക്കാലത്തു കുറച്ചു ദിവസം അടുപ്പിച്ചു ഒരു ദിക്കിലും താമസിക്കണമെങ്കിൽ സമയവും സൌകര്യവും അദ്ദേഹത്തിന്നുണ്ടായിരുന്നില്ല. തൃപ്പൂണിത്തുറെയായിരുന്നു അദ്ദേഹത്തിൻെറ പ്രധാന കോവിലകം. എങ്കിലും തൃശ്ശിവപേരൂർ കോവിലകവും അദ്ദേഹത്തിൻെറ സ്വാധീനമായിരുന്നു. ഇടയ്ക്കു വല്ല സംഗതിവശാലും ഒന്നു രണ്ടു ദിവസം താമസിക്കേണ്ടിവന്നാൽ ആ കോവിലകത്തുതന്നെയാണദ്ദേഹം കഴിച്ചുകൂട്ടിയിരുന്നതും.

ഇപ്പോൾ ചാഴൂർ താവഴി തമ്പുരാക്കന്മാരും മൂപ്പിലോടു യോജിച്ചിരിക്കുന്നു. മിക്ക സമയങ്ങളിലും ചാഴൂർ മൂപ്പിന്നും ഒരുമിച്ചുണ്ടായിരിയ്ക്കും. അങ്ങിനെ ഒരു ദിവസം ഈ രണ്ടുപേരുംകൂടി തൃശ്ശിവപേരൂർ കോവിലകത്തുനിന്നു ഒരു വലിയ കാര്യത്തെപ്പററി ഗാഢമായി ആലോചിക്കുകയായിരുന്നു. ഈ സമയത്തു പടിഞ്ഞാറെ കോട്ടവാതിൽ കടന്നു ഒരു പുതിയ ആൾ അവിടെപ്രവേശിച്ചു. ഒരു കുതിരപ്പുറത്താണ് ആയാൾവന്നിരുന്നത്. ആയാൾ കാഴ്ചയിൽതന്നെ ഒരു ഭടനായകൻെറ ആകൃതിയിലായിരുന്നു. ആയാളുടെ ദീർഘമായ ശരീരവും മുട്ടുവരെ നീണ്ടു കിടക്കുന്ന കൈകളും ഉരുണ്ടിയ അരക്കെട്ടും വിടർന്ന മാർത്തടവും അംഗങ്ങളുടെ സ്പഷ്ടതയും ദേഹമാസകലംതന്നെ ഒരു കൊഴുപ്പും ആയാളുടെ ഒരു പ്രത്യേകചിഹ്നമായിരുന്നു. ഈ പുതിയ ആളും മുടി വളർത്തിയിരുന്നു. പക്ഷെ വെളിച്ചപ്പാടന്മാർ ചെയ്യുവരു

ന്നതുപോലെ പിൻകഴുത്തിൽ കെട്ടിയിട്ടിരിക്കുകയായിരുന്നു. കഴുത്തുമുതൽ അരക്കെട്ടുവരെ പഞ്ഞിപ്പാളിവെച്ച് തുന്നിയ ഒരു തരം കവചം ധരിച്ചിരുന്നു. കാലിൻെറ മുട്ടുവരെ അതുപോലെതന്നെ ഒരു തരം ഉടുപ്പുമുണ്ടായിരുന്നു. മുഖഭാഗം വെള്ളികൊണ്ടു പൊതിഞ്ഞിട്ടുള്ള ഒരു പരിചയും സ്വൎണ്ണപ്പിടിയുള്ള ഒരു വാളും ആയാളുടെ കയ്യിൽ ഉണ്ടായിരുന്നു. ഈ വേഷത്തോടുകൂടിയാണ് ആ ഭടനായകൻ അവിടെ പ്രവേശിച്ചത്. കുതിരപ്പുറത്തുനിന്നു ഇറങ്ങിയ ഉടനെ ആ പരിചകുതിരയുടെ ജീനിയിന്മേൽ തൂക്കുകയും വാൾ അരയിൽ ഉറപ്പിച്ചിരുന്ന ഉറയിൽ തിരുകുകയും ചെയ്തു. അനന്തരം മുകളിൽ ഇരുന്നിരുന്നവൎക്കു നോക്കിയാൽ കാണാവുന്ന ഒരിടത്ത് ചെന്ന് അവിടെ നിന്നു. കുറച്ചു നേരത്തേക്കു ആരുംതന്നെ ആയാളെ കണ്ടില്ല. എങ്കിലും ആയാൾ അവിടെത്തന്നെ കുറെ നേരം നിന്നു.

ഇങ്ങിനെ കുറെ കഴിഞ്ഞപ്പോൾ മൂപ്പിലെ ദൃഷ്ടി യദൃച്ഛയാ ആയാളുടെ നേരെ പതിച്ചു. രണ്ടുപേരും പരസ്പരം കണ്ടതായി നടിക്കുകയും ചെയ്തു. മൂപ്പിന്നു ഉടനെ താഴത്തിറങ്ങി ആ ഭടനായകനെ മുകളിലേക്കു കൂട്ടിക്കൊണ്ടുപോയി. അവിടെ ചെന്നപ്പോൾ ചാഴൂർതമ്പുരാനും വളരെ ആദരവു ഭാവിച്ചു. പിന്നെ രണ്ടു തമ്പുരാക്കന്മാരും അവരവരുടെ സ്ഥാനത്തു തന്നെയിരുന്നു. നമ്മുടെ ഭടനായകനാവട്ടെ അവിടെ ഒരു ദിക്കിൽ ഒതുങ്ങി നിന്നതേയുള്ളു. അതിന്നുശേഷം കുറച്ചു നേരത്തേക്കു ആരും സംസാരിച്ചില്ല. അപ്പോഴം മൂപ്പിന്നു എടയ്ക്കിടയ്ക്കു നെടുവീൎപ്പിട്ടിരുന്നു. മൂപ്പിലേയ്ക്കു എപ്പോഴം വലിയ മനോരാജ്യമുണ്ടായിരുന്നുവെങ്കിലും ഈ ഭടനായകൻെറ ആഗമനം അവിടെയ്ക്കു കുറച്ചൊരാശ്വാസമുണ്ടാക്കാതിരുന്നില്ല. ഒരു വിധം തൻെറ മനോരാജ്യങ്ങളെ ഒരു ദിക്കിൽ കുത്തിനിൎത്തി അവിടുന്നു ആ ഭടനായകനോടു കുശലപ്രശ്നവും മററും ചെയ്തതിന്നു ശേഷം ഇങ്ങിനെ പറഞ്ഞു.

മൂപ്പിന്ന്—മേലാൽ വേണ്ട സംഗതികളെക്കുറിച്ച് എന്തെല്ലാമാണെന്നു ആലോചിക്കുകയായിരുന്നു. ഇപ്പോഠം മേനവനും വന്നുചേൎന്നത് വളരെ നന്നായി. ഇനി നമുക്കു എന്താണ് വേണ്ടത്? അമാന്തിച്ചിരുന്നാൽ കാൎയ്യം പററില്ലെന്നു തീൎച്ചയായി.

ഭടനാ—അതിനെപ്പററി തിരുമനസ്സുണൎത്തിപ്പാൻതന്നെയാണ് ഇപ്പോഠം അടിയനും വിടകൊണ്ടിരിക്കുന്നത്. അതിന്നു മുമ്പായി ഒരു വാക്കു തിരുമനസ്സുണൎത്തിപ്പാനുണ്ട്.

മൂപ്പിന്ന്—അതെന്താണ് കേഠക്കട്ടേ.

ഭടനാ—(ഒന്നു പരുങ്ങി) ഉണൎത്തിക്കാം?

മൂപ്പിന്ന്—സ്വകാൎയ്യമാണെന്നുണ്ടോ? ഇവിടെ അവിശ്വസ്തർ ആരുമില്ല. എന്തെങ്കിലും പറയാം.

ഭടനാ—ഇപ്പോഠം എല്ലാം സ്വകാൎയ്യംതന്നെ. പക്ഷെ ഇതു അടിയൻെറ സ്വന്തം കാൎയ്യമാണ്.

മൂപ്പിന്ന്—(പതുക്കെ ഒന്നു ചിരിച്ചുംകൊണ്ട്) രാജ്യഭ്രഷ്ടനായ ഒരു നിസ്സാരനെക്കൊണ്ട് നിങ്ങളെപ്പോലുള്ളവൎക്കു എന്തു കാൎയ്യമാണുണ്ടാവാനുള്ളത്. എങ്കിലും കേഠക്കട്ടേ.

ഭടനാ—വാസ്തവത്തിൽ ഇങ്ങിനെയുള്ളവരെക്കൊണ്ടാണ് ജനങ്ങഠക്കുപകാരമുണ്ടാവുന്നത്. അതിരിക്കട്ടെ. ഇവിടുത്തെ വിരോധികളാണെന്നു ലോകസമ്മതമായ ഒരു കക്ഷിയിലാണെല്ലോ ഇപ്പോഠം അടിയനിരിക്കുന്നത്. ഈ സ്ഥിതിക്ക് തിരുമുമ്പിൽ വരുന്നതുതന്നെ എന്തോ ദുരുദ്ദേശത്തോടുകൂടിയാണെന്നു തോന്നുവാനെ മാൎഗ്ഗമുള്ളൂ. എന്നാൽ അടിയനെപ്പററി ഇങ്ങിനെ ഒരു തെററിദ്ധാരണ തിരുവുള്ളത്തിലുണ്ടാവരുത്. ഇതു മാത്രമാണ് തൽക്കാലം തിരുമനസ്സുണൎത്തിപ്പാനുള്ളത്.

മൂപ്പിന്ന്—മേനവൻ ഒന്നു സംശയിക്കണ്ട: ഞങ്ങഠക്ക് അങ്ങിനെ ഒരു ധാരണ ഉണ്ടായിട്ടില്ല. എന്നു മാത്രമല്ല, മേ

നവൻ ഒരാൾ മാത്രമേ ഞങ്ങളെ ശരിയായി സഹായിക്കു ന്നതിനുള്ളു എന്നു പലപ്പോഴും ഞാൻ പറയാറുണ്ട്. (എ ന്നുപറഞ്ഞു ചാഴൂർ മൂപ്പിലെ നേരെ ഒന്നു നോക്കി.)

ചാഴൂർ മൂ—അവിടുന്നു പറഞ്ഞതു ശരിയാണ്. ഈസംഗതി യെക്കുറിച്ചു പലതവണയും ഞാൻ തന്നെ കേട്ടിട്ടുണ്ട്.

ഭടനാ—അങ്ങിനെ തിരുവുള്ളമുണ്ടായത് അടിയൻെറ മന ശ്ശുദ്ധിയുടെ ഫലമാണെന്നുതന്നെ അനുമാനിക്കട്ടെ.

ചാഴൂർ—അതെല്ലാം ഇരിക്കട്ടെ. മേനവനെപ്പററി ആക്ഷം ത ക്കമില്ല. ഇനി സമയം വെറുതെ കളയാതെ മേലാൽ വേ ണ്ട കാൎയ്യങ്ങളെ തീച്ചപ്പെടുത്തുകതന്നെ.

മൂപ്പിന്ന്—മേനവൻെറ ഉദ്യോഗം രാജിവെച്ചുകഴിഞ്ഞുവോ? ഇല്ലെങ്കിൽ ഈ വത്തമാനം അവരറിയാതെ കഴിക്കേണ്ണ മെന്നു ഞാൻ പ്രത്യേകം പറയേണ്ടതില്ലല്ലോ.

ഭടനാ—രാജിവെച്ചു കഴിഞ്ഞില്ല. അടിയനുംകൂടി അവിടെ ഉണ്ടായിരിക്കുന്നതാണ് ഇവിടെയ്ക്കു ഗുണം എന്നു കരുതി അങ്ങിനെ ചെയ്യാതിരിക്കുന്നതാണ്. ഒരു സമയം അവർ തന്നെ രാജിവെപ്പിക്കുവാനും മതി. അങ്ങിനെ വരുന്നപ ക്ഷം എന്തുവേണ്ടു എന്ന് അപ്പോൾ ആലോചിക്കാം.

മൂപ്പിന്ന്—അതെല്ലാം മേനവൻെറ യുക്തംപോലെ. പക്ഷേ ചതിയന്മാരുടെ വലയിൽ കുടുങ്ങാതെ സൂക്ഷിക്കേണമെ ന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. അവർ എന്തു ചെ യ്യാനും മടിക്കുന്നവരല്ലെന്നു മേനവനുതന്നെ അറിയാ മല്ലോ.

ഭടനാ—എറാൻ, കഴിയുന്നതും മനസ്സിരുത്തിക്കൊള്ളാം. ഇ ളയതമ്പുരാൻ തിരുമനസ്സുകൊണ്ട് എവിടെയാണെന്ന് ഒരു വിവരവുമില്ലല്ലോ. അവിടുന്നുകൂടി എഴുനള്ളിയാലെ കാൎയ്യങ്ങൾക്കു ഗുണമുള്ളു.

മൂപ്പിന്ന്—ആയാൾ എന്നോടുതന്നെ ഒന്നും പറയാതെയാ ണ് പോയിരിക്കുന്നത്. എങ്ങോട്ടാണെന്ന് എനിക്കത

ന്നെ അറിഞ്ഞുകൂടാ. എന്നാൽ ആയാൾ നമുക്കനുകൂലമാണെന്നുമാത്രം എനിക്കറിയാം.

ചാഴ്ലർ—കുറേദിവസം മുമ്പെ അവിടുന്നും ഇവിടെ ഉണ്ടായിരുന്നുവല്ലോ. പിന്നെയും ചാടിപ്പോയോ?

മൂപ്പിന്ന്—ഇവിടെ വന്നിട്ട് അധികം താമസമുണ്ടായില്ല. ഇവിടുത്തെ സമ്പ്രദായങ്ങളെല്ലാം കണ്ടപ്പോൾ ആയാൾക്ക് അശേഷം സുഖമായില്ല.

ചാഴ്ലർ—എന്നാണ് പോയത്?

മൂപ്പിന്ന്—ഇപ്പോൾ ഏകദേശം മൂന്നുമാസമായിക്കാണും.

ഭടനാ—അവിടുന്നു വേഗം തിരിച്ചെഴുന്നള്ളാതിരിക്കമെന്നു തോന്നുന്നില്ല. അഭ്യാസംകൊണ്ടുള്ള മുഷിച്ചിൽ തീക്കവാൻ വേണ്ടി ഒരു സഞ്ചാരത്തിന്നിറങ്ങിയതായിരിക്കും.

മൂപ്പിന്ന്—ആട്ടെ. ഇപ്പോൾ മേനവൻ വന്നതിൻെറ ഉദ്ദേശം മുഴുവനും അറിഞ്ഞില്ലല്ലോ.

ഭടനാ—മററൊന്നുമല്ല. വെട്ടത്തു തമ്പുരാക്കന്മാരെ ദത്തെടുക്കേണ്ട കാൎയ്യത്തെപ്പററി തീച്ചയാക്കിയ വിവരം തിരുമനസ്സറിഞ്ഞിരിക്കുമല്ലോ.

മൂപ്പിന്ന്—അങ്ങിനെ ഒരു വത്തമാനം ഞാനും കേട്ടു. തീച്ചപ്പെടുത്തിക്കഴിഞ്ഞുവോ? എന്നാണ്, ആരെയാണ്, എന്നും മററും തീരുമാനമായോ?

ഭടനാ—ഒട്ടുമുക്കാലും തീരുമാനമായി. ദിവസം നിശ്ചയിച്ചുകഴിഞ്ഞില്ല. നാലു തമ്പുരാക്കന്മാരെ കൊണ്ടുവരുന്നുണ്ടെന്നാണ് കേട്ടത്.

മൂപ്പിന്ന്—എന്താണ്! 'കേട്ടത്' എന്നു പറഞ്ഞതിൻെറ അത്ഥം? സംഗതികൾ മേനവനോട് ആലോചിക്കാറില്ലെന്നുണ്ടോ?

ഭടനാ—അടിയൻ പണ്ടുതന്നെ പുറന്തള്ളാണ്. ഇതൊന്നും അടിയനറിഞ്ഞിട്ടില്ലെന്നാണ് അവരുടെ വിചാരമെന്നു തോന്നുന്നു. അറിഞ്ഞതായി അടിയൻ നടിക്കാറുമില്ല.

ചാഴൂർ—അങ്ങിനെ നില്ക്കുന്നതു തന്നേയാണ് ഇപ്പോൾ നല്ലത്.

മൂപ്പിന്ന്—അതു സംശയിപ്പാനില്ല. പക്ഷെ ഈ നിലയ്ക്കു നില്ക്കുവാൻ കുറച്ചു കുഴങ്ങുമെന്നാണ് എനിക്കു തോന്നുന്നത്.

ഭടനാ—അതു ശരിയാണ്. എങ്കിലും നിവൃത്തിയുള്ളേടത്തോളം ഇങ്ങിനെ കഴിയട്ടെ. പിന്നത്തെക്കാൎയ്യം പിന്നെ.

മൂപ്പിന്ന്—മേനവൻ വന്നതിന്റെ ഉദ്ദേശം ഇപ്പോഴും നല്ലവണ്ണം മനസ്സിലായില്ല.

ഭടനാ—ഉണൎത്തിയ്ക്കാം. തമ്പുരാട്ടി ഇവിടുത്തെ പക്കിലാണെന്നു കേട്ടു. ഈ സന്തോഷവൎത്തമാനം തിരുമനസ്സുണൎത്തിപ്പാൻതന്നെയാണ് വിടകൊണ്ടത്.

മൂപ്പിന്ന്—ചീററമ്മയ്ക്കു മുമ്പുതന്നെ എന്നെ സ്നേഹമാണ്. അവിടുന്നു വിചാരിച്ചതുകൊണ്ടൊന്നും ഫലമില്ലല്ലോ. ഈ സംഗതി ആരാണ് പറഞ്ഞത്?

ഭടനാ—വിശ്വസിയ്ക്കാവുന്ന ഒരാൾതന്നെയാണ്. ചേററക്കുളത്തു ഭട്ടതിരിയാണ് അടിയന് അറിവു തന്നത്.

മൂപ്പിന്ന്—വളരെ സന്തോഷമായി. ഇനി നമുക്ക് എങ്ങിനെയാണ് കാൎയ്യം സാധിയ്ക്കേണ്ടത്?

ഭടനാ—ഇവിടുത്തെ ആലോചനകൾ എന്തെല്ലാമാണെന്നു കേട്ടാൽ കൊള്ളാം.

മൂപ്പിന്ന്—ഇവിടംകൊണ്ടു തന്നെ കഴിച്ചുകൂട്ടാമെന്നാണ് ഞാനാദ്യം വിചാരിച്ചിരുന്നത്. അതുകൊണ്ടൊന്നും പററില്ലെന്ന് ഇപ്പോൾ തോന്നിത്തുടങ്ങി.

ഭടനാ—ഇവിടെ നമ്മളെ സഹായിപ്പാനും മററും ഒരുക്കമുള്ളവരും ധൈൎയ്യമുള്ളവരും അത്ര അധികമുണ്ടോ?

മൂപ്പിന്ന്—അങ്ങിനെ ചിലരെല്ലാം ഇല്ലെന്നു പറഞ്ഞുകൂടാ. തലപ്പിള്ളി രാജാക്കന്മാരും മനക്കോട്ടു നായരും ആറുനാ

ട്ടിൽ പ്രഭുക്കന്മാരും വേണ്ട സഹായങ്ങളെല്ലാം ചെയ്തുതരാമെന്നേററിട്ടുണ്ട്.

ഭടനാ—ആ നാട്ടിൽ പ്രഭുക്കൾ വിരോധികളായിരുന്നില്ലേ? അവരുടെ വാക്ക് വിശ്വസിപ്പാൻ പാടുണ്ടോ?

മൂപ്പിന്ന്—ആദികാലങ്ങളിൽ കുറച്ച് അങ്ങിനെയായിരുന്നു. പക്ഷെ ഇപ്പോൾ രാമണക്കോവിലിൻേറയും പറങ്കികളുടേയും നേരെ അവക്കും അത്ര സുഖമില്ല.

ഭടനാ—അപ്പോൾ ഇനി കയ്മന്മാർ മാത്രമേ ഇവിടങ്ങളിൽ വലിയ വിരോധികളുള്ളു എന്നാണല്ലോ വന്നത്.

മൂപ്പിന്ന്—ഇപ്പോൾ അങ്ങിനെതന്നെ തോന്നുന്നു. എങ്കിലും സമാധാനിയ്ക്കാറായില്ല. തെക്കൻവീഥിയിലുള്ള പ്രഭുക്കന്മാർ മുഴുവനും പുറക്കാട്ട രാജാവു പ്രത്യേകിച്ചും നമുക്കു വിരോധികളാണല്ലോ. അവർ കഴിയുന്നവിധം ദ്രോഹം ചെയ്യാതിരിക്കില്ല.

ഭടനാ—ഇനി ആരേയെല്ലാം കൂട്ടിപ്പിടിക്കേണമെന്നാണ് തിരുമനസ്സുകൊണ്ട് കരുതിയിരിക്കുന്നത്?

മൂപ്പിന്ന്—(കുറച്ചാലോചിച്ച്) സാമൂതിരിരാജാവിനെത്തന്നെ ഒന്നു ക്ഷണിച്ചാലോ എന്നാണ് ഇപ്പോഴത്തെ വിചാരം. എന്താ തരക്കേടുണ്ടോ?

ഈ ആലോചന കേട്ടപ്പോൾ ആ ഭടനായകൻ കുറച്ചൊന്നു പരുങ്ങി. ആയാളുടെ ആ വികാരഭേദത്തിന്നു തക്കതായ കാരണവും ഉണ്ടായിരുന്നു. പണ്ടയ്ക്കുപണ്ടേ കൊച്ചിരാജകുഡുംബവും സാമൂതിരിയും പരസ്പരം വൈരികളാണെന്നു ലോകസമ്മതമാണല്ലോ. അതിന്നുംപുറമേ ഇപ്പോഴത്തെ സാമൂതിരി വലിയ സൂത്രക്കാരനും ഒരു ശക്തനുമാണെന്നുള്ളതും ആയാൾ ധരിച്ചിരുന്നു. പോരെങ്കിൽ, സമത്ഥനും ഒരു നല്ല ഭരണതന്ത്രജ്ഞനുമായ മങ്ങാട്ടച്ചനേയും നമ്മുടെ ഭടനായകൻ അറിയും. ഈ സന്ദർഭത്തിൽ സാമൂതിരിയെ ക്ഷണിച്ചുവരുത്തുന്നതു കേറുംകുരങ്ങന് ഏണി ചാരുംപോലെ ആയി

ത്തീരുമെന്ന് ആയാളുടെ മനസ്സിൽ തോന്നാതിരുന്നില്ല. ഇതെല്ലാമായിരുന്നു ആ ഭടനായകൻെറ പരിഭ്രമത്തിന്നു കാരണം. പക്ഷെ തൽക്കാലത്തെ സ്ഥിതിക്കു ഗത്യന്തരമില്ലെന്നു കരുതി മൂപ്പിലെ അഭിപ്രായത്തോടുതന്നെ ആയാളും യോജിച്ചു. അപ്പോൾ ചാഴൂർ തമ്പുരാനും അനുവദിക്കാതിരുന്നില്ല.

ഈ ചാഴൂർ തമ്പുരാനെപ്പററി രണ്ടു വാക്കു പറയുന്നത് അപ്രകൃതമായിരിക്കയില്ല. ഇദ്ദേഹം ചാഴൂർ താവഴിയിലെ മൂപ്പിന്നാണെങ്കിലും കൊച്ചി രാജകുഡുംബത്തിന്ന് കട്ടാകെ മൂന്നാമത്തെ ആളായിരുന്നു. ഈ താവഴിക്കു രാജ്യഭാരമില്ലാതായിട്ടു വളരെക്കാലം കഴിഞ്ഞിരിക്കുന്നു എന്നും മററും മുമ്പു പറഞ്ഞിട്ടുണ്ടല്ലൊ. ഈ സ്ഥാനം വീണ്ടെടുക്കുന്നതിന്നു പലപ്പോഴും ഇവർ ശ്രമിച്ചിട്ടുണ്ട്. അതെല്ലാം വിഫലമായതേയുള്ളു. ആദികാലങ്ങളിൽ മൂത്ത താവഴിയോട് ഇവൎക്കു നല്ല രസമുണ്ടായിരുന്നില്ല. അതുനിമിത്തം ഈ രണ്ടു താവഴിയും തമ്മിൽ വലിയ മത്സരവും ചില്ലറ യുദ്ധം തന്നേയും ഉണ്ടായിട്ടുണ്ട്. പക്ഷേ ഇപ്പോൾ അതെല്ലാം തീൎന്നിരിക്കുന്നു. മൂപ്പിലെ ഭ്രഷ്ടനാക്കിയതോടുകൂടി ഇവർ വലിയ ബന്ധുക്കളായിത്തീൎന്നിട്ടുണ്ട്. ഇപ്പോൾ ചാഴൂർ തമ്പുരാനെ വലിയ ഒരവലംബമായിട്ടാണ് മൂപ്പിന്നു കരുതിയിരിക്കുന്നത്. ചാഴൂർ തമ്പുരാൻ അങ്ങിനെതന്നെ നിൽക്കുകയും ചെയ്തിരുന്നു. വല്ല വിധത്തിലും ഇളയ താവഴിയെ തോല്പിച്ചു രാജ്യാധിപത്യം വീണ്ടെടുക്കുവാൻ കഴിയുന്നപക്ഷം ഊഴപ്രകാരമെങ്കിലും ക്രമവാഴ്ച തനിക്കും സിദ്ധിക്കുമെന്നുള്ള വിചാരവും അദ്ദേഹത്തിന്നുണ്ടായിരുന്നു. ഈ പുതിയ ബന്ധുത്വത്തിന്ന് ഇതും ഒരു കാരണമായിത്തീൎന്നു.

ഇനി നമ്മുടെ ഭടനായകനെപ്പററിയാണ് രണ്ടുവാക്കു പറയുവാനുള്ളത്. ആയാളും മൂപ്പിന്നുമായി നടന്ന സംഭാഷണംകൊണ്ടുതന്നെ വായനക്കാർ ആളെ ഊഹിച്ചിരിക്കും.

എന്നാൽ നിങ്ങളുടെ ഊഹം അശേഷം പിഴച്ചിട്ടില്ല. ആ ഭടനായകൻ സാക്ഷാൽ കോമിയച്ഛൻ തന്നെ ആയിരുന്നു. അച്ഛൻെറ ആദികുഡുംബം വടക്കു വന്നേരി നാട്ടിലായിരുന്നു. പിന്നെ ഏതോ ഒരു കാലത്ത് ആ കുഡുംബം ഇന്നു കൊച്ചിരാജ്യത്തിൻെറ അതിരിന്നുള്ളിൽപ്പെട്ടു കിടക്കുന്ന ഒരു പ്രദേശമായ ചേന്നമംഗലത്തേയ്ക്കു മാററി അവിടെ താമസമുറപ്പിച്ചു. ഇതിന്നു പല കാരണങ്ങളും ഉണ്ടായിരുന്നു. വില്ലാർവട്ടം സ്വരൂപത്തിൻെറ കീഴിൽ ഭരിക്കപ്പെട്ടു വന്നിരുന്ന ഒരു ചെറിയ രാജ്യമായിരുന്നു ചേന്നമംഗലം. ഈ സ്വരൂപത്തിലെ ഒരാൾക്കു പാലിയത്തച്ഛനുമായി പണ്ടു വലിയ ബന്ധുത്വമുണ്ടായിത്തീന്നു. അദ്ദേഹത്തിന്നു മൂപ്പു കിട്ടുകയും ആ സ്വരൂപത്തിൽ അടുത്ത അവകാശിയായി മററാരും ഇല്ലാതാവുകയും ചെയ്തു. അക്കാലത്ത് അദ്ദേഹം തൻെറ സകല അധികാരങ്ങളും സ്ഥാനമാനങ്ങളും തൻെറ മകനായ അന്നത്തെ വലിയച്ഛന് ഒഴിഞ്ഞുകൊടുത്തു സന്ന്യാസവൃത്തിയെ സ്വീകരിച്ചു. അന്നുമുതൽക്കാണ് പാലിയം കുഡുംബം കൊച്ചിരാജ്യത്തു സ്ഥിരമായി ഉറച്ചത്. ആ കുഡുംബം വന്നേരിയിൽനിന്നു മാററുവാനുള്ള കാരണവും ഇതുതന്നെയായിരുന്നു.

അങ്ങിനെ കുറച്ചു കാലം കഴിഞ്ഞതിന്നുശേഷം പാലിയത്തച്ഛന്മാരും കൊച്ചിരാജാക്കന്മാരും തമ്മിൽ വളരെ സ്നേഹമായിത്തീന്നു. അക്കാലങ്ങളിൽ പാലിയത്തച്ഛന്മാർ കൊച്ചി രാജകുഡുംബത്തെ പലവിധത്തിലും സഹായിച്ചിട്ടുണ്ട്. കഥ നടന്ന കാലത്തു മൂത്ത താവഴിയിലെ മൂപ്പിന്നും അന്നത്തെ അച്ഛനുമായി കുറച്ചധികം വേണ്ടിയായിരുന്നു. മൂപ്പിലേയ്ക്കു രണ്ടുമൂന്നു കൊല്ലം രാജ്യഭാരം ചെയ്യാൻ സാധിച്ചിട്ടുണ്ടെന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലൊ. അക്കാലങ്ങളിൽ സകല കാൎയ്യങ്ങളും അച്ഛനോട് ആലോചിച്ചിട്ടേ നടത്തിയിരുന്നുള്ളൂ. ഒരു മന്ത്രിയുടെ നില തന്നെയായിരുന്നു അച്ഛനുണ്ടായിരുന്നത്. ശേഷം സംഗതികൾ വഴിയേ അറിയാം.

സാമൂതിരിയെച്ചെന്നു കണ്ടു കാൎയ്യം സാധിക്കുന്നതിന്ന് ഏതുവിധമാണ് ശ്രമിക്കേണ്ടതെന്നായിരുന്നുവല്ലോ മൂപ്പിലെ ആലോചന. താൻതന്നെ പോയി എല്ലാം നേരെയാക്കിപ്പോരാമെന്നും മററും വളരെ ഉത്സാഹത്തോടുകൂടി ചാഴൂർ തമ്പുരാൻ പറകയുണ്ടായി. പക്ഷേ അച്ഛൻ ഇതിന്നു വിരോധിയായിരുന്നു. രാജകുഡുംബത്തിലെ അംഗങ്ങൾ ഈവക കാൎയ്യങ്ങളിൽ നേരിട്ടു ശ്രമിക്കുന്നതായാൽ ഗൂഢസംഗതികൾ നാടെങ്ങും പരക്കുവാനെളുപ്പമുണ്ടെന്നും അപ്പോൾ ഒരു സമയം കാൎയ്യം നടക്കാതേയൊ നടന്നാൽത്തന്നെ ഗുണം പോരാതേയൊ വന്നേയ്ക്കുമെന്നുമായിരുന്നു അച്ഛൻെറ വിചാരം. വിശ്വസിക്കാവുന്നവരും പ്രമാണികളുമായ വല്ല നമ്പൂതിരിമാരേയും പറഞ്ഞയച്ചു കാൎയ്യം നടത്തുന്നതാണ് അധികം നല്ലതെന്ന് അച്ഛൻ അഭിപ്രായപ്പെട്ടു. മററുള്ളവർ അതിനെ സ്വീകരിക്കുകയും ചെയ്തു. കാൎയ്യങ്ങൾ ഇപ്രകാരമെല്ലാം തീച്ചപ്പെടുത്തി അച്ഛൻ അന്നുതന്നെ കൊച്ചിയിലേയ്ക്കു മടങ്ങിപ്പോയി. അനന്തരം മൂപ്പിന്നു പല കാൎയ്യങ്ങളെക്കുറിച്ചും ഗാഢമായി ആലോചിക്കുകയും ഒരുദിക്കിലും വലിയ പ്രതിബന്ധങ്ങളൊന്നും കാണായ്കയാൽ കുറച്ചു സമാധാനിക്കുകയും ചെയ്തു.

---

## നാലാമദ്ധ്യായം.

---

വെട്ടത്തു തമ്പുരാക്കന്മാരെ ദത്തെടുത്തിട്ടു ദിവസം കുറച്ചായി. രാമവൎമ്മ രാജാവിൻെറ രാജ്യഭാരവും തുടങ്ങിയിരിക്കുന്നു. അദ്ദേഹത്തിൻെറ സമ്പ്രദായം പ്രജകൾക്കു സാമാന്യമായും രാമന്നക്കോവിലിന്നു പ്രത്യേകിച്ചും സന്തോഷകരമായിരുന്നു. രാജ്ഞി യാതൊന്നിനും പുറപ്പെടാതെ ഒതുങ്ങി ഇരിപ്പായി. ചെറുമ്പടപ്പുമൂപ്പിന്നും മററും ചില ശ്രമ

ങ്ങൾ ചെയ്തുവരുന്നതായി ഒരു കിംവദന്തിയുണ്ട്. എന്നല്ലാതെ യാതൊരു ഒരുക്കവും പ്രത്യക്ഷത്തിൽ കാണാനില്ല. വലിയ യുദ്ധമൊന്നും ഇല്ലാത്ത അവസരത്തിൽ കോമിയച്ചനും സ്വസ്ഥമായി ഇരുന്നു.

ഇക്കാലത്ത് ഒരു ദിവസം മഞ്ഞപ്പയിററടി സമയത്ത് എറണാകുളത്തു കായലിൽക്കൂടെ ഒരു വലിയ ബോട്ട് പത്തു പതിനാറു തണ്ടും വെച്ചു വടക്കോട്ടു പോയിരുന്നു. "ആരും അടുത്തുകൂട; അബദ്ധം പററിപ്പോകും; ദൂരെ മാറിക്കൊൾവിൻ" എന്നിങ്ങിനെ അടുത്തുവരുന്നവരോട് ആംഗ്യം കാണിക്കുന്നതുപോലെ അങ്ങോട്ടുമിങ്ങോട്ടും ആടിക്കൊണ്ടിരിക്കുന്ന ഒരു ചുവന്ന കൊടിക്കൂറയുള്ള ഒരു കൊടിയും ആ ബോട്ടിൻെറ മുൻതലക്കൽ ഉണ്ടായിരുന്നു. അഴിമുഖത്തുകൂടി അടിച്ചുകയറുന്ന കോളിളക്കത്തിൽ കിടന്നു തേങ്ങിക്കൊണ്ടും ഇടക്കു താണും പൊങ്ങിയും നൃത്തംവെച്ചുകൊണ്ടും അത് അങ്ങിനെ പോയിരുന്നു.

കൊച്ചിക്കോവിലകത്തിൻെറ നേരെ കിഴക്കപുറത്തുനിന്നു പുറപ്പെട്ടിട്ടുള്ള ഈ ബോട്ട് ഈശാനകോണിനെ ലക്ഷ്യമാക്കിക്കൊണ്ടു അതിവേഗത്തിൽ ഓടിയിരുന്നു. വളരെ താമസിതാതെ അതു കരയ്ക്കടുത്തുകഴിഞ്ഞു. എറണാകുളം കരയുടെ വടക്കേ അതിരായ തുശത്തു കടവിലാണ് ആ ബോട്ടു ചെന്നടുത്തത്. അതു കരയ്ക്കടുത്ത ഉടനെ രാമണ്ണകോവിലും ഒന്നുരണ്ടു നമ്പൂതിരിമാരും കരയ്ക്കിറങ്ങി നേരെ കിഴക്കോട്ടു നടന്നുതുടങ്ങി. ഉദ്ദേശം കാൽനാഴിക ദൂരം അവിടെ അടുത്തുള്ള ഒരു വലിയ ഭവനത്തിൻെറ പടിക്കലെത്തി. ഇവരുടെ ആഗമനം കണ്ടപ്പോഴെയ്ക്കും ഒരു വൃദ്ധനും ഒന്നുരണ്ടു യുവാക്കന്മാരും പടിക്കലേയ്ക്ക് ഓടിച്ചെന്നു വളരെ ആദരവോടുകൂടി എതിരേററ് അവരെ ആ ഭവനത്തിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി. അവിടെ വളപ്പിന്നു പുറത്ത് ഉണ്ടായിരുന്ന ഒരു ഓറപ്പുരയുടെ തളത്തിൽ ഒരു പുല്ലുപായ ഇട്ടുകൊടുത്ത് അവരെ

അവിടെ ഇരുത്തി. അപ്പോഴയ്ക്കും വെററിലത്തട്ടം കോളാമ്പിയും അവരുടെ അടുത്തു ഹാജരാക്കപ്പെട്ടു. എല്ലാവരും മുറുക്കി കുറച്ചുനേരം അങ്ങിനെ ഇരുന്നു. ഈ സമയത്തെല്ലാം ആ വൃദ്ധനും അവിടെ നിന്നിരുന്നു. ഒരുമിച്ചുണ്ടായിരുന്ന രണ്ടു യുവാക്കന്മാരും കുറച്ചു മുമ്പുതന്നെ അവിടം വിട്ടുകഴിഞ്ഞു. ഈ അവസരത്തിൽ രാമണ്ണക്കോവിൽ ആ വൃദ്ധനോട് ഇങ്ങിനെ പറഞ്ഞു.

രാമണ്ണ— കയ്മൾ വലിയ തമ്പുരാനെ മുഖം കാണിച്ചു കഴിഞ്ഞില്ലല്ലോ. ഇങ്ങിനെ മതിയോ?

കയ്മൾ— അശേഷം നന്നായില്ല. ഇന്ന്, നാളെ എന്നു വിചാരിച്ചുതുടങ്ങിയിട്ടു കുറച്ചു ദിവസമായി. അപ്പോഴയ്ക്കും എന്തെങ്കിലും ബദ്ധപ്പാടുണ്ടായിത്തീരും. അങ്ങിനെ കഴിഞ്ഞുകൂടുന്നു എന്നേയുള്ളു.

രാമണ്ണ— അതു പന്തിയായില്ല. ഞങ്ങളുടെ അടുത്ത ബന്ധുക്കളിൽ ഒരാളും ഈ നാട്ടിലെ ഒരു പ്രമാണിയുമായ നിങ്ങൾ ഇങ്ങിനെ ഉദാസീനത കാണിക്കുന്നത് അശേഷം ഭംഗിയല്ല.

കയ്മൾ— ഇതെല്ലാം ഞാൻതന്നെ വിചാരിക്കാറുണ്ട്. എങ്കിലും പരമാത്ഥമറിഞ്ഞാൽ പരിഭവമുണ്ടാവില്ലെന്നുള്ള ഉത്തമവിശ്വാസംകൊണ്ടും ആദ്യം മുഖം കാണിക്കുന്നതു ദുർദ്ദിവസങ്ങളിൽ കൂടാതെ കഴിക്കേണമെന്നുള്ള വിചാരംകൊണ്ടും ഇങ്ങിനെ അമാന്തം വന്നുപോയതാണ്. ഇനി ഒട്ടും താമസിക്കാതെ അവിടെ ചെന്നു കണ്ടുകൊള്ളാം.

രാമ— സൌകൎയ്യംപോലെ ചെന്നു കണ്ടാൽ പോരാസ്സയില്ല. വിവരങ്ങളെല്ലാം ഞാൻ അവിടെ ധരിപ്പിച്ചിട്ടുണ്ട്. അവിടയ്ക്കു നിങ്ങളെക്കാണേണ്ടുന്നതിന്നു താല്പൎയ്യമുണ്ട്. ഇനി അധികം താമസിക്കേണ്ട.

കയ്മൾ— ഇല്ല. നല്ല ദിവസമാണെങ്കിൽ നാളെത്തന്നെ പൊയ്ക്കളയാം. അവിടത്തെ അപ്രീതി സമ്പാദിക്കരുത

ല്ലോ. ഇപ്പോൾ ഇവിടുന്ന് ഇങ്ങോട്ടു പുറപ്പെട്ടതു വിശേഷിച്ചു വല്ല സംഗതിയും ഉദ്ദേശിച്ചിട്ടായിരിക്കുമല്ലോ.

രാമണ—ഞങ്ങളെപ്പോലുള്ളവർ സാധാരണ ഒരു ദിക്കിൽ വെറുതെ കേറിച്ചെല്ലുന്ന സമ്പ്രദായം വളരെ അപൂർവ്വമാണ്. എന്നാൽ ഇവിടെ അതൊന്നും വിചാരിക്കുവാനില്ല.

കയ്യൻ—എങ്കിലും ആഗമനത്തിൻെറ ഉദ്ദേശം അറിഞ്ഞാൽ കൊള്ളാമെന്നുണ്ട്. ഞങ്ങളെക്കൊണ്ടു കഴിയുന്ന സംഗതികൾ മുഴുവനും ചെയ്യുന്നതിന്ന് ഒരുക്കമാണ്.

രാമണ—അതെനിക്കറിയാം. വെട്ടത്തുനിന്നു നാലു തമ്പുരാക്കന്മാരെ ദത്തെടുത്ത വിവരം അറിഞ്ഞിരിക്കുമല്ലോ.

കയ്യൻ—അറിയാം.

രാമണ—അവരിൽ നാലാമനായ ഗോദവർമ്മതമ്പുരാൻ ഒരു ചെറുപ്പക്കാരനും അത്യുത്സാഹിയുമാണ്. അവിടേയ്ക്ക് ഇവിടെ അടുത്തെങ്ങാനും ഒരു ബാന്ധവം ഏർപ്പെടുത്തിയാൽ കൊള്ളാമെന്നു താല്പര്യവുമുണ്ട്.

കയ്യൻ—(കുറച്ചുനേരം എന്തൊക്കയോ ആലോചിച്ച്) ചെറുപ്പക്കാൎക്ക് അങ്ങിനെ തോന്നുന്നതു സാധാരണയാണ്. ഈ ആഗ്രഹം സാധിച്ചുകൊടുക്കേണ്ടതു ബന്ധുക്കളുടെ ചുമതലയുമാണല്ലോ.

രാമണ—നമുക്ക് ഈ വക സംഗതികളിൽ കടന്നു വല്ലതും പ്രവൎത്തിക്കുന്നതിന്ന് അശേഷം രസമില്ല. എങ്കിലും അവിടുന്നിങ്ങിനെ അഭിപ്രായപ്പെട്ടപ്പോൾ ഒഴിച്ചുവിടുവാൻ തരമില്ലാതേയും വന്നുകൂടി. അതുകൊണ്ടാടെ ഇങ്ങോട്ടു പുറപ്പെട്ടു എന്നേയുള്ളൂ.

കയ്യൻ—ഇവിടുത്തേപ്പോലെ ഒരാൾ ശ്രമിക്കുകയും ഒരു രാജകുമാരൻ ആഗ്രഹിക്കുകയും ചെയ്യുന്നപക്ഷം ഈ കാൎയ്യത്തിന്ന് അത്രയൊന്നും പ്രയാസമുണ്ടാവുകയില്ലെന്നു തോന്നുന്നി

ല്ല. എന്നു മാത്രമല്ല, ഈ ബന്ധുത്വം വലിയ ഒരു ഭാഗ്യമായി വിചാരിക്കുന്നവർ തന്നെ പലരുമുണ്ടായിരിക്കും.

രാമണ—പലരും വേണമെന്നില്ല. ഇവിടെത്തന്നെ വേണമെന്നാണ് ഞങ്ങൾ തീച്ച്പ്പെട്ടത്തിയിരിക്കുന്നത്. അങ്ങിനെ വേണമെന്ന് ഈ നമ്പൂതിരിമാരും അഭിപ്രായപ്പെട്ടിട്ടുണ്ട്.

കയ്മൾ—(ഉള്ളുകൊണ്ടു സന്തോഷിച്ച്) ഇവിടെ അതിനുള്ള യോഗ്യതയുണ്ടോ? പക്ഷേ ഇല്ലെങ്കിലും ഉണ്ടാക്കിത്തരുവാനുള്ള ശക്തി അവിടേയ്ക്കുണ്ടല്ലോ.

രാമണ—എന്നാൽ അങ്ങിനെ തീച്ച്പ്പെടുത്തുകയല്ലേ?

കയ്മൾ—ഞങ്ങൾക്കൊന്നും പറയുവാനില്ല. ഇന്നവിധം വേണമെന്നു നിർബ്ബന്ധിക്കുവാൻ തന്നെ അവിടേയ്ക്കധികാരമുണ്ടല്ലോ.

രാമണ—ഞങ്ങൾ അങ്ങിനെ തന്നെ നിശ്ചയിച്ചു. ശേഷം സംഗതികൾ വഴിയെ അറിയിച്ചുകൊള്ളാം.

കയ്മൾ—സന്തോഷം (നമ്പൂതിരിമാരോട്) അകായിൽക്കൂടി എഴുന്നള്ളി അവരെയെല്ലാം ഒന്നു കണ്ടതിന്നുശേഷമല്ലേ യാത്ര നല്ലത്?

"അങ്ങിനെതന്നെ" എന്നു പറഞ്ഞുകൊണ്ട് എല്ലാവരും എഴുനീററു. ഇക്കൂട്ടത്തിൽ രാമണങ്കോവിലും അകായിലേക്കു പുറപ്പെടാതിരുന്നില്ല. ഇവർ വന്നു കയറിയതും മററും അവിടെ പലരും അറിഞ്ഞിരുന്നു. കാര്യം ഇന്നതാണെന്ന് ആക്കും മനസ്സിലാക്കുവാൻ സാധിച്ചില്ല. രാമണങ്കോവിലും മററും അകായിലേക്കു കടന്നപ്പോഴക്കും വിവരം കേട്ടു കേൾപ്പിച്ചു അയൽവക്കത്തുകാർകൂടി അവിടെ എത്തിക്കഴിഞ്ഞു. ആരും ഒന്നും പറയാതെ അവിടവിടെ പങ്ങിപ്പതുങ്ങി ചുററിപ്പററി കിടന്നു പരുങ്ങിത്തുടങ്ങി. അകായിലെ ഇറയത്തുവരെ മൂത്ത കയ്മളുകൂടി ഒരുമിച്ചുണ്ടായിരുന്നു. അവിടെ

ചെന്നപ്പോൾ കയ്മൾ പിന്നാക്കം തിരിച്ചു. "അവിടെ വേണ്ടതെല്ലാം ഒരുക്കിക്കൊടുക്കണം" എന്ന് ആരോടുമല്ലാതെ പറഞ്ഞേല്പിച്ച് കയ്മൾ തൻെറ വസതിയിലേയ്ക്കു തന്നെ പോന്നു. മററു മൂന്നുപേരും അകത്തേക്കും കടന്നു.

കാരമംഗലത്തു നമ്പൂതിരിയും മററും ഒരു കയ്മൾവീട്ടിൽ ഷഷ്ടിപൂർത്തിയടയന്തിരത്തിന്നു പോയിരുന്ന വിവരം രണ്ടാമദ്ധ്യായത്തിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. ആക്കയ്മളുടെ— ഇട്ടിക്കുമാരൻ എന്നു പ്രസിദ്ധനായ മൂത്ത കയ്മളുടെ— ഭവനത്തിലേക്കു തന്നെയാണ് രാമണ്ണകോവിൽ ഇപ്പോൾ പ്രവേശിച്ചിരിക്കുന്നത്. ഈ കയ്മൾ അഞ്ചിക്കയ്മന്മാരിൽ ഒരുവനും വളരെ സ്വത്തും ദേശാധിപത്യവും ഉള്ള ഒരു പ്രമാണിയുമായിരുന്നു. തറവാട്ടിൽ കാരണവനും കൈകാര്യകത്താവും ഇട്ടിക്കുമാരൻ കയ്മൾ തന്നെയാണ്. ഇയ്യാളുടെ ഏകശാസനയിലാണ് ആ കുഡുംബം മുഴുവനും കഴിഞ്ഞുകൂടിയിരുന്നത്. വല്ല സന്ദർഭങ്ങളിലും അനന്തരവന്മാർ മൂത്ത കയ്മളുടെ അപ്രീതിക്കു പാത്രമാവുമ്പോൾ ആയാളുടെ കോപത്തിന്നും എടുത്തുചാട്ടത്തിന്നും അതിരുണ്ടായിരുന്നില്ല. ചില്ലറ കുററങ്ങൾക്കുപോലും കഠിനശിക്ഷകൾ നടത്തുന്നതിന്ന് അശേഷം മടിയില്ലാത്ത ഒരു ക്രൂരനായിരുന്നു മൂത്തകയ്മൾ. അതു നിമിത്തം അയൽപക്കക്കാൎക്കുകൂടി കയ്മളെ വലിയ ഭയമായിരുന്നു. എന്നാൽ തൻെറ പ്രീതിയ്ക്കു ഭാജനമായ ഏതൊരാൾക്കും കഴിയുന്ന സഹായം ചെയ്തുകൊടുക്കുന്നതും സാധാരണയായിരുന്നു. തറവാട്ടിലെ സുകൃതക്ഷയംകൊണ്ടോ എന്തോ അവിടെ അധികംപേർ കയ്മളുടെ പ്രീതിയ്ക്കു പാത്രമാകാറില്ല. ഇപ്പോൾ കയ്മൾ ഷഷ്ടിപൂർത്തി കഴിഞ്ഞ ഒരു വൃദ്ധനാണെങ്കിലും ആയാളുടെ ഓജസ്സിന്ന് അശേഷം കുറവുണ്ടായിരുന്നില്ല. കാരണവർ എന്നു കേൾക്കുമ്പോൾകൊച്ചു കുട്ടികൾ പോലും കിടുകിടെ വിറച്ചിരുന്നു. ആയാളുടെ സമയം നോക്കാതെ ആരുംതന്നെ ഒന്നും പറകയോ പ്രവ

ത്തിക്കുകയോ ചെയ്തിരുന്നില്ല. കുഡുംബത്തിലുള്ളവരോട്ട സംസാരിക്കുന്നതുതന്നെ ഘനക്ഷയമാണെന്നായിരുന്നു ആയാളുടെ വിചാരം. തനിക്കു സ്വന്തമായി വല്ല സംഗതികളും വേണ്ടതുണ്ടെങ്കിൽ അപ്പോൾ മാത്രമെ ആയാൾ അനന്തിരവന്മാരോട്ട സംസാരിച്ചിരുന്നുള്ളു. മൂത്ത കയ്മൾ പറങ്കികളുടെ ബന്ധുക്കളിൽ ഒരുവനായിട്ടാണ് ഇപ്പോൾ നിൽക്കുന്നത്. ഇളയ താവഴിത്തമ്പുരാക്കന്മാരുടെ വേഴ്ച നിമിത്തമാണ് ഇങ്ങിനെ വന്നുകൂടിയത്. ഈ വേഴ്ചകൊണ്ടു കയ്മളുടെ തറവാട്ടിലേക്കു വലിയ ആദായമൊന്നും ഉണ്ടായിട്ടില്ലെങ്കിലും സ്ഥാനമാനങ്ങൾ അടിക്കടി കിട്ടിക്കൊണ്ടിരുന്നു. ചില സന്ദർഭങ്ങളിൽ ഈ വകയ്ക്കുവേണ്ടി കയ്മൾക്കു കുറെ അധികച്ചിലവും വേണ്ടിവരാറുണ്ട്. എന്നാൽ സ്ഥാനമാനങ്ങളിൽ അതിയായ ഭ്രമം ജന്മസിദ്ധമായി ഉണ്ടായിരുന്ന ഇട്ടിക്കുമാരൻകയ്മൾക്ക് ഈ വക ചിലവുകളെല്ലാം തൃണപ്രായവുമായിരുന്നു.

മൂത്ത കയ്മൾക്കു അനന്തിരവന്മാർ ധാരാളമുണ്ടായിരുന്നു. ആബാലവൃദ്ധം മുപ്പതിലധികം അംഗങ്ങളുള്ള ഒരു വലിയ കുഡുംബമായിരുന്നു ആ തറവാട്. സ്ത്രീപുരുഷന്മാർ ഉൾപ്പടെ ഇരുപതിലധികം പേർ പ്രായം തികഞ്ഞവർതന്നെ ആയിരുന്നു. പുരുഷന്മാർ എല്ലാവരും കച്ചകെട്ടിപ്പയററിയ യോദ്ധാക്കന്മാരായിരുന്നു എന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലൊ. സ്ത്രീകൾക്കു വിശേഷിച്ചു തൊഴിലൊന്നും ഉണ്ടായിരുന്നില്ല. പ്രായം തികഞ്ഞ മിക്കവൎക്കും ഭർത്താക്കന്മാർ ഉണ്ടായിരുന്നു. ആ തറവാട് ഒരു സ്ഥാനികുഡുംബമായിരുന്നതുകൊണ്ട് അവിടത്തെ സംബന്ധക്കാർ ഒട്ടു മുഴുവനും നമ്പൂതിരിമാർ തന്നെ ആയിരുന്നു. മററു ചില സ്ഥാനികളും സ്ഥാനം പിടിച്ചിട്ടില്ലെന്നില്ല. എല്ലാവരും മൂത്ത കയ്മളുടെ ആജ്ഞയെത്തന്നെ അനുവൎത്തിച്ചു പോന്നിരുന്നു. കോപം വരുമ്പോൾ കയ്മൾക്കാൾഭേദമുണ്ടായിരുന്നില്ല.

അതുനിമിത്തം മൂത്ത കയ്മളെ നമ്പൂതിരിമാൎക്കുകൂടി ഭയമായിരുന്നു. ആയാളുടെ ശകാരത്തിന്നും ചിലപ്പോൾ പ്രഹരത്തിന്നുംകൂടി വിഷയമാവാതെ ആ തറവാട്ടിൽ അധികം പേർ ഉണ്ടായിരുന്നില്ല. എന്നാൽ ഒരാൾ മാത്രം ഇതിനൊന്നും ഇടവരുത്താതെ ഒരുവിധം തഞ്ചത്തിൽ കഴിച്ചുവന്നിരുന്നു. ആ ആൾ കയ്മളുടെ നേരെ മരുമകളും കുഡുംബത്തിലെല്ലാവൎക്കും കണ്ണിലുണ്ണിയുമായ ഉണ്ണിമായ എന്ന ഒരു യുവതീരത്നമായിരുന്നു.

ഈ യുവതിക്ക് ഏകദേശം ഇപ്പോൾ പതിനെട്ടു വയസ്സു പ്രായമായിരുന്നു. അവളുടെ സൌന്ദൎയ്യാതിശയത്തെപ്പററി ഒന്നുംതന്നെ പറയേണമെന്ന് ഞാൻ വിചാരിക്കുന്നില്ല. അവൾക്കു സൌന്ദൎയ്യമില്ലായ്കയല്ല, എന്റെ ഈ ഉദാസീനതയ്ക്കു കാരണം. നേരേ മറിച്ച് ആ തരുണിയുടെ സൌന്ദൎയ്യത്തെ ശരിയായി വൎണ്ണിച്ച് അതിന്റെ ഏകദേശജ്ഞാനമെങ്കിലും വായനക്കാരുടെ മനസ്സിൽ പതിയത്തക്കവണ്ണം ഒരു ചിത്രം കുറിയ്ക്കുന്നതിന്ന് എനിക്കു സാമൎത്ഥ്യമില്ലായ്കയാണ്. സാധാരണ പെൺകുട്ടികൾക്കു യൌവനാരംഭത്തിലെ ചോരത്തിളപ്പു നിമിത്തം, യുവജനങ്ങളുടെ മനസ്സിനെ ബലാൽക്കാരമായി ആകർഷിക്കത്തക്കവണ്ണം സ്വയമേ ഉണ്ടാവുന്ന എന്തെന്നില്ലാത്ത ഒരു ശക്തിവിശേഷത്തിന്ന് അനുഗുണമായിരുന്നു അവളുടെ നിസൎഗ്ഗസുന്ദരമായ ആകൃതിവിശേഷമെന്നു മാത്രമെ ഇപ്പോൾ പറയുവാൻ സാധിയ്ക്കു. എന്നാൽ തിരെ വിട്ടുകളവാൻ പാടില്ലാത്ത ചില ഉൽകൃഷ്ടഗുണങ്ങൾ അവളിൽ വിളയാടിക്കൊണ്ടിരുന്നു. ഒരു നല്ല ബുദ്ധിയുള്ള സ്വഭാവക്കാരിയാണെന്ന് ഒന്നാമത്തുതന്നെ പറഞ്ഞുകൊള്ളുന്നു. അക്കാലങ്ങളിൽ വിദ്യാഭ്യാസത്തിന്നും മററും അത്ര സൌകൎയ്യമുണ്ടായിരുന്നില്ലെങ്കിലും എഴുതുവാനും വായിപ്പാനും ഉണ്ണിമായയ്ക്കു നല്ലവണ്ണം അറിയാമായിരുന്നു. അതിന്നുപുറമെ കുറച്ചു സംസ്കൃതവും വായിച്ചിട്ടുണ്ട്. ശാകുന്തളം മുതലായ

നാടകങ്ങൾ വായിച്ച കഥ മനസ്സിലാക്കത്തക്കവണ്ണം പരിചയമുണ്ടായിരുന്നു. ഭർത്തൃഹരി മുതലായ നീതിഗ്രന്ഥങ്ങൾ പലതും കാണാപ്പാഠവുമായിരുന്നു. മുന്നൂററിച്ചില്പാനം സംവത്സരങ്ങൾക്കു മുമ്പ് ഇങ്ങിനെ ഒരു സംഭവം നടന്നിട്ടുണ്ടെന്നു കേൾക്കുമ്പോൾ പലക്കും ആശ്ചര്യം തോന്നിയേക്കാം. എങ്കിലും ഉണ്ണിമായയ്ക്കു സംസ്കൃതസാഹിത്യത്തിൻെറ സ്വാദ് അല്പമെങ്കിലും അനുഭവിപ്പാൻ സാധിച്ചിരുന്നു എന്നു പറഞ്ഞേ തീരു.

ഉണ്ണിമായയുടെ അമ്മ ഉണ്ണിക്കാളി അമ്മയും രാജ്ഞി ഗംഗാധരലക്ഷ്മിയും തമ്മിൽ ചെറുപ്പം മുതല്ക്കേ ചെങ്ങാതിമാരായിരുന്നു. ഇടയുള്ളപ്പോഴെല്ലാം ഈ അമ്മ കോവിലകത്തുപോയി രാജ്ഞിയെ കാണുകയും ചിലപ്പോൾ കുറെ ദിവസം അവിടെ ഒരുമിച്ചു താമസിക്കയും പതിവുണ്ട്. രാജ്ഞിയുടെ നിർബ്ബന്ധപ്രകാരമാണ് ഉണ്ണിമായ ആദ്യമായി സംസ്കൃതം പഠിച്ചുതുടങ്ങിയത്. കുറച്ചുകാലം അവിടുന്നു തന്നെ പഠിപ്പിച്ചു. ഈ വഴിക്കാണ് ഈ യുവതിക്കു സംസ്കൃതപരിചയം സിദ്ധിച്ചത്. ഇതിന്നും പുറമെ വിദ്വാന്മാരായ ചില നമ്പൂതിരിമാർ രാജ്ഞിയുടെ സേവയ്ക്കുവേണ്ടി പല ഗ്രന്ഥങ്ങളും വായിപ്പിച്ചിട്ടുണ്ടായിരുന്നു. ആകപ്പാടെ ഉണ്ണിമായക്കു മനസ്സിന്നു നല്ല വികാസം സിദ്ധിച്ചുകഴിഞ്ഞിരിക്കുന്നു. ഇന്നതു നന്നായില്ല എന്നു പറയത്തക്കവണ്ണം ഒന്നുംതന്നെ ഉണ്ണിമായ ചെയ്തിട്ടുള്ളതായി ആ കുഡുംബത്തിലുള്ളവക്കു മാത്രമല്ല അയൽപക്കക്കാൎക്കുംകൂടി ഓൎമ്മയില്ല.

ഇപ്പോൾ ഉണ്ണിമായയ്ക്കു നല്ല യൌവനകാലമാണെങ്കിലും താഴെയുള്ള രണ്ടുരണ്ടു സ്ത്രീകൾക്കു ഭർത്താക്കന്മാരുണ്ടായിട്ടുണ്ടെങ്കിലും അവൾക്ക് ഇതുവരെ അന്തിത്തുണക്ക് ആരും ഉണ്ടായിട്ടില്ല. ഇതിന്നിടയ്ക്കു പലരും അവിടെ ചെന്ന് ഇക്കാൎയ്യത്തെപ്പററി ആലോചിക്കയുണ്ടായിട്ടുണ്ട്. അപ്പോഴെല്ലാം (ഉണ്ണിമായയോടു ചോദിക്കുമ്പോൾ) "വരട്ടെ തീച്ചപ്പെടു

ത്താം" എന്നേ ഉണ്ണിമായ മറുവടി പറഞ്ഞിരുന്നുള്ളു. ഇവരിൽ പലരും പ്രമാണികളായിരുന്നുവെങ്കിലും മരുമകളുടെ മുഖം മറച്ചു പ്രവൎത്തിക്കുന്നതിന്നു മൂത്ത കയ്മൾക്കു ധൈൎയ്യമില്ലായ്കയാൽ ആയാൾ ഒരിക്കലും നിൎബ്ബന്ധിച്ചിരുന്നില്ല. ഇങ്ങിനെ ഇരിക്കുന്ന ഒരു കാലത്താണ് രാമണ്ണക്കോവിലും മറ്റും അവിടെച്ചെന്നു കയറിയത്. ഈ സംഗതി കേട്ടപ്പോൾ മൂത്ത കയ്മൾക്കു വലിയ സന്തോഷവും സമാധാനവുമായി. കൊച്ചിയിലെ രാജ്യപട്ടത്തിന്ന് അവകാശിയായിത്തീൎന്ന ഒരു രാജകുമാരൻ ഇപ്രകാരം ഇങ്ങോട്ടാവശ്യപ്പെടുന്നതും അന്യഥാ ഒരുത്തൻ അപേക്ഷിക്കുന്നതും ഒരുപോലെ നിരസിക്കത്തക്ക ഒരു വിഡ്ഢിയല്ല തന്റെ മരുമകൾ എന്ന വിശ്വാസം മൂത്ത കയ്മളെ ഏറെക്കുറെ ധൈൎയ്യപ്പെടുത്താതിരുന്നില്ല. ഇപ്രകാരം വലിയ സന്തോഷത്തോടും സമാധാനത്തോടും കൂടിയാണ് സ്വന്തം സ്ഥലത്തേക്കു തിരിച്ചുപോയത്.

പുരവളപ്പിന്നു പുറത്തുണ്ടായിരുന്നതും രാമണ്ണക്കോവിലും മറ്റും ആദ്യം ചെന്നു കയറിയതുമായ ആ പുര തന്നെയായിരുന്നു കയ്മളുടെ വാസസ്ഥലം. അതു മറ്റു പുരയുമായി യാതൊരു സംബന്ധവുമില്ലാത്ത ഒരു ഒററപ്പുരയുമായിരുന്നു. മഠം എന്നാണ് അതിന്നു പേർ പറഞ്ഞിരുന്നത്. അവിടെ പ്രസവം തീണ്ടാരി മുതലായ അശുചികളൊന്നും ബാധിക്കാതിരുന്നതുകൊണ്ടു ബ്രാഹ്മണൎക്കുകൂടി ഭക്ഷണം കഴിക്കുന്നതിന്നു യാതൊരു വിരോധവുമുണ്ടായിരുന്നില്ല. മൂത്ത കയ്മളുടെ ഇരിപ്പ് എപ്പോഴും അവിടെത്തന്നെയായിരുന്നു. ഭവനം സാമാന്യം വലുതും എട്ടുകെട്ട് അടങ്ങിയതുമായ ഒരു കെട്ടിടമാണ്. രണ്ടു നാലുകെട്ടിന്റെയും പടിഞ്ഞാററി ഉയൎത്തി മാളികയാക്കീട്ടുണ്ട്. മേൽപ്പുര തെങ്ങോലകൊണ്ടു കെട്ടിമേഞ്ഞിട്ടേ ഉണ്ടായിരുന്നുള്ളു. മാളികയുടെ താഴത്തെ നില കല്ലുകൊണ്ടുതന്നെയാണ് കെട്ടിയുണ്ടാക്കിയിരിക്കുന്നത്. മുകളിൽ ചെറിയ ചെറിയ അനവധി മുറികളുമുണ്ടായിരുന്നു. മര

പ്പലക നിരച്ചിട്ടാണ് ഇങ്ങിനെ മുറിച്ചിരിക്കുന്നത്. എല്ലാ മുറികൾക്കും നല്ല ഉറപ്പുള്ള തട്ടും ഉണ്ടായിരുന്നു. തെക്കേ കെട്ടിൻെറ പടിഞ്ഞാററിയുടെ താഴത്തുഭാഗം മുഴുവനും അടച്ചുറപ്പുള്ള അറകളും പത്തായങ്ങളുമാണ്. അവയുടെ ചുവട്ടിൽ വലിയ ഒരു നിലവറക്കുണ്ടും ഉണ്ട്. ഈ നിലവറയുടെ ഉള്ളിൽ എന്തെല്ലാമാണുള്ളതെന്നു മൂത്ത കയ്മൾക്കുതന്നെ അറിവുണ്ടായിരുന്നില്ല. അതിനകത്തു കടന്ന് ഒന്നു പരിശോധിച്ചുനോക്കുന്നതിന്നു ചിലക്കെല്ലാം താല്പയ്യമുണ്ടായിരുന്നുവെങ്കിലും കാരണവരെ ഭയപ്പെട്ട് ആരുംതന്നെ ഇതുവരെ ശ്രമിച്ചിട്ടില്ല.

വടക്കേക്കെട്ടിൻെറ മാളികച്ചോട് സ്ത്രീകൾക്കു കിടക്കുവാനും മററും ഉപയോഗിക്കുന്നതിന്നു പാകത്തിൽ ഓരോ മുറികളായിത്തിരിച്ചിട്ടുണ്ട്. അതിൻെറ വടക്കേ അററത്തായിരുന്നു ഉണ്ണിക്കാളി അമ്മയുടെ അകം. വലിയ അലങ്കാരങ്ങളൊന്നും അവിടെ ഒരകത്തും ഉണ്ടായിരുന്നില്ല. ഒരാൾക്ക് അത്യാവശ്യം വേണ്ടതായ കട്ടിൽ, കിടയ്ക്ക മുതലായ ഉപകരണങ്ങൾ മാത്രമെ സാധാരണ ഉണ്ടായിരുന്നുള്ളു. ഉണ്ണിക്കാളി അമ്മയുടെ അകത്തു മാത്രം അതതിഥിസൽക്കാരത്തിന്നു ശേഖരിച്ചു വെച്ചിട്ടുള്ള കുറെ പുല്പായയും തലയണ്ണയും വിശേഷവിധിയായി ഉണ്ടായിരുന്നു. വടക്കേക്കെട്ടിൻെറ വടക്കിനിയാണ് അവിടെ വിശാലമായ ഒരു സ്ഥലമുണ്ടായിരുന്നത്. വിശേഷിച്ചു വല്ലവരും വന്നു കയറിയാൽ കുറച്ചുനേരം ഇരുന്നു വിശ്രമിക്കുകയോ അഥവാ കിടക്കുകതന്നെയോ ചെയ്യുന്നതും അവിടെത്തന്നെയായിരുന്നു. ഇതുകൂടാതെ കിഴക്കുപുറത്തു ഒരു ഊട്ടുപുരയും വടക്കുപുറത്തു തൊഴുത്തും പടിഞ്ഞാറുപുറത്തു കളരിയും ഉണ്ടായിരുന്നു.

രാമണന്മേനോവിലും മററും ഉണ്ണിക്കാളിയമ്മയുടെ അറയുമ്മറത്തുള്ള വടക്കിനിയിലേക്കാക്ക് ആദ്യമായിക്കടന്നു ചെന്നത്. ഈ അമ്മയെ മുമ്പുതന്നെ അദ്ദേഹത്തിന്നു പരിചയ

മായിരുന്നു. രാമണങ്കോവിൽ അകത്തു കടന്നപ്പോഴക്കും ഉണ്ണിക്കാളിയമ്മ പുല്പായ ഇട്ടുകൊടുത്തു താമ്പാളവും കൊണ്ടു വെച്ച് അവിടെ ഒരിടത്ത് ഒതുങ്ങി നില്പായി. ഉടനെ അവിടെ ഉണ്ടായിരുന്ന മററു സ്ത്രീകളും (ഉണ്ണിമായ ഒഴിച്ച്) ഓരോരുത്തരായി അവിടെ വന്നുകൂടി. ആകപ്പാടെ അവിടുത്തെ സ്ഥിതിക്ക് അതൊരു വലിയ സഭതന്നെ ആയിത്തീന്നു. നമ്പൂതിരിമാർ മുമ്പുതന്നെ എല്ലാവക്കും പരിചിതന്മാരായിരുന്നു. എങ്കിലും രാമണങ്കോവിൽ ഒരുമിച്ചുണ്ടായിരുന്നതുകൊണ്ട് അവക്ക് അധികമായി അഹങ്കരിക്കുവാൻ സാധിച്ചില്ല. ആരുമാരും ഒന്നും പറയാതെ ഇരിപ്പായി. കുറച്ചു കഴിഞ്ഞപ്പോൾ രാമണങ്കോവിൽതന്നെ ഉണ്ണിക്കാളിയമ്മയോട് ഇങ്ങിനെ പറഞ്ഞു:—

രാമണ—ഞങ്ങൾ ഇവിടെ വന്ന സംഗതി എല്ലാവരും അറിഞ്ഞിരിക്കുമോ എന്നു നിശ്ചയമില്ല.

ഉണ്ണിക്കാളി—ഇല്ല. ഞങ്ങൾക്കു മനസ്സിലായില്ല. ഇവിടെ നടക്കുന്ന കാൎയ്യങ്ങളൊന്നും ഞങ്ങളെ അറിയിച്ചിട്ടല്ല നടത്താറുള്ളത്.

രാമണ—അതിരിക്കട്ടെ. ഈ കാൎയ്യം നിങ്ങളോടുതന്നെ ആലോചിക്കേണ്ടതാണ് (എന്നു പറഞ്ഞ് ഒന്നു ചിരിച്ചു). ഇപ്പോൾ മനസ്സിലായിരിക്കും.

ഉണ്ണിക്കാളി—ഇല്ല, ഇപ്പോഴും മനസ്സിലായില്ല. കാൎയ്യമിന്നതാണെന്നു പറഞ്ഞാലെ മനസ്സിലാകയുള്ളു. അതുതന്നെയാണ് അധികം നല്ലത്.

രാമണ—അങ്ങിനെ തുറന്നു പറയുന്നത് അത്ര ഭംഗിയാവുമെന്നു തോന്നുന്നില്ല. കുറച്ചു ഗൂഢമായി ഇരിക്കേണ്ടതല്ലേ എന്നു സംശയിക്കുന്നു.

ഉണ്ണിക്കാളി—ഇവിടെ പുറമെ ആരുമില്ല. ഇവിടുത്തെ ആളുകൾക്കു തമ്മിൽ തമ്മിൽ അറിയാൻ പാടില്ലാത്ത ഒരു

കാൎയ്യം ഇതുവരെ ഇവിടെവെച്ച നടന്നിട്ടില്ല. ഇന്നുമുതല്ക്കു അങ്ങിനെ വേണമെങ്കിൽ—

രാമണ—ഐഃ! ഛീത്തഃ! അതൊന്നുമല്ല പറഞ്ഞത്. ഞാൻ ഇവിടെ എല്ലാവരേയും അറിഞ്ഞിട്ടില്ല. അപ്പോൾ ഈ സംഗതി അങ്ങിനെ തുറന്നു പറയുന്നത് ഭംഗിയാകുമോ എന്നു സംശയിച്ചുപോയി, അത്രേയുള്ളു.

ഉണ്ണി—കാൎയ്യമെന്തെന്നു കേൾക്കട്ടെ. പറയുന്നതിന്ന് ഏതായാലും വിരോധമില്ല.

അനന്തരം രാമണക്കോവിൽ തന്നെ താൻ വന്ന സംഗതി എന്താണെന്നും മററും പറഞ്ഞു മനസ്സിലാക്കി. സ്വന്തം കാൎയ്യത്തെപ്പററിപ്പറയുവാനാണ് രാമണക്കോവിൽ വന്നിട്ടുള്ളതെന്നായിരുന്നു ഉണ്ണിക്കാളിയമ്മ ആദ്യം വിചാരിച്ചിരുന്നത്. ആൾ കുബേരനായിരുന്നാലും ഈ വൃദ്ധനേക്കൊണ്ടു തന്റെ മകൾക്കു സംബന്ധം തുടങ്ങിക്കുവാൻ ഭാവമില്ലെന്ന് ആ അമ്മ തീൎച്ചപ്പെടുത്തിയിരിക്കുന്നു. കാൎയ്യം പറഞ്ഞു കഴിയുമ്പോൾ തന്നെ തരമില്ലെന്നു മറുപടിപറയണം എന്നായിരുന്നു ഉണ്ണിക്കാളിയമ്മയുടെ വിചാരം. അതുകൊണ്ടു തന്നെയാണ് ആദ്യമായി ഇങ്ങിനെ അനാദരവു ഭാവിച്ചത്. സംഗതി കേട്ടപ്പോൾ ആ അമ്മയ്ക്കു സാമാന്യത്തിലധികം സന്തോഷമായി. ആ സമയത്ത് ഉണ്ണിമായ അവിടെ ഉണ്ടായിരുന്നില്ലെന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. തെക്കേക്കെട്ടിന്റെ തെക്കിനിയും പടിഞ്ഞാററിയും കൂട്ടിമുട്ടുന്ന മൂലയിൽ ഒരു മുറിയുണ്ട്. അവൾ അതിലാണ് സാധാരണ ഇരിക്കുക പതിവ്. അത് ഒരു മൂലയിലായിരുന്നതുകൊണ്ടും മാന്യസ്ഥാനം വടക്കുപുറമായിരുന്നതുകൊണ്ടും ഈ മുറിയുടെ ഉമ്മറത്ത് അധികം ആരും വന്നു ശല്യപ്പെടുത്തിയിരുന്നില്ല. മിക്കസമയവും വല്ല ഗ്രന്ഥവും നോക്കിക്കൊണ്ടിരിക്കുന്നത് ഉണ്ണിമായയുടെ പതിവായിരുന്നു. അതിന്നു പററിയ സ്ഥലവും അതുതന്നെയാണ്. ആവശ്യമില്ലാതെ യാതൊരു കാൎയ്യത്തിലും ചെന്നു ചാ-

ടന്ന ഒരു സ്വഭാവമില്ലാതിരുന്നതിനാൽ, രാമണ്ണക്കോവി ലും മററും അവിടെ വന്നതിനെപ്പററി ആ യുവതിക്കു മാത്രം ഒരു വികാരഭേദവും ഉണ്ടായില്ല. അവൾ അപ്പോഴും അവി ടെയിരുന്നു് എന്തോ വായിക്കുകയായിരുന്നു. ഉണ്ണിക്കാളിയ മ്മയുടെ സന്തോഷം ഒരു വലിയ പരിഭ്രമമായി കലാശിച്ചു. രാമണ്ണക്കോവിൽ തന്റെ മകളെ കണ്ടറിയുന്ന ഒരാളാണെ ന്നുള്ള കഥതന്നെ ആ അമ്മ മറന്നുകളഞ്ഞു. "ഉണ്ണിയേ കാ ണണ്ടേ" എന്നു ചോദിച്ച് അവിടെനിന്നും പിടിച്ചെഴുന്നീ റരു. "വരട്ടെ പരിഭ്രമിക്കണ്ട. പിന്നെ ഞാൻമാത്രം കണ്ടാൽ പോരാതാനും." എന്നു് രാമണ്ണക്കോവിലും മറുപടി പറഞ്ഞു. രാമണ്ണക്കോവിലിന്റെ ഈ വാക്ക്, ഓടിപ്പോകുന്ന പിടിയാ നയെ ആനക്കാരന്റെ തോട്ടിപോലെ, പൊടുന്നനവെ പിടി ച്ചുനിർത്തിക്കളഞ്ഞു. അദ്ദേഹം വീണ്ടും ഇങ്ങിനെ പറഞ്ഞു തു ടങ്ങി.

രാമണ്ണ—നിങ്ങൾ ഒരു കാര്യം വേണം. അടുത്തൊരു ദിവ സം രാജ്ഞിയെ കാണുവാനായി അങ്ങോട്ടു പോരണം. അ പ്പോൾ—

ഉണ്ണി—ശരി. അപ്പോൾ ഉണ്ണിയെക്കൂടി ഒരുമിച്ചു കൊണ്ടുവ ന്നുകൊള്ളാം.

രാമണ്ണ—അതാണ് നല്ലത്. പിന്നെ മകൾക്കു സമ്മതമാ ണോ എന്നുള്ളത് അറിയുകയും വേണമല്ലൊ.

ഉണ്ണി—എന്തൊ സമ്മതിക്കാതിരിക്കാൻ! അതൊന്നും എനി ക്കു ഭയമില്ല. അടുത്തുതന്നെ ഞാനവിടെ വന്നു കണ്ടു കൊള്ളാം.

"എന്നാൽ ഞങ്ങൾ ഇറങ്ങട്ടെ" എന്നു പറഞ്ഞു രാമ ണ്ണക്കോവിൽ പുറപ്പാടായി. ഉണ്ണിക്കാളിയമ്മ നമ്പൂതിരിമാ രെ നോക്കി 'എഴുന്നള്ളുകയായി ഇല്ലേ' എന്നു ചോദിച്ചു. 'ഉവ്വ്' എന്നു മറുപടി കേട്ടപ്പോൾ 'നാളെ ഇങ്ങോട്ടുതന്നെ

എഴുന്നള്ളിയാൽ കൊള്ളാം'. എന്നു സവിനയം അപേക്ഷിക്കുകയും 'ആട്ടെ' എന്നു പറഞ്ഞ് അവർ പുറപ്പെടുകയും ചെയ്തു. ഉടനെ മൂന്നുപേരും മൂത്തകയ്മളെ വീണ്ടും ചെന്നുകണ്ട് വർത്തമാനങ്ങളെല്ലാം പറഞ്ഞു യാത്രയായി. ഗോദവർമ്മ രാജാവു കയ്മളുവീട്ടിൽ അമ്മയെ നൈത്യാരാക്കുവാൻ പോകുന്ന വിവരം അന്നുതന്നെ അവിടെ സംസാരമായി. ഉണ്ണിക്കാളിയമ്മയ്ക്കു മകളെ കൂട്ടിക്കൊണ്ടുപോയി തമ്പുരാനെ കാണിക്കുവാനുള്ള ധൃതി ഇന്നവിധമെന്നു പറവാനില്ല. അതിന്നു വേണ്ട ഒരുക്കങ്ങൾ ഓരോന്നു ചെയ്തുതുടങ്ങുകയും മേലാൽ വരുവാൻപോകുന്ന ഭാഗ്യത്തെക്കുറിച്ച് മകളോട് ഉപദേശിച്ചുതുടങ്ങുകയും ചെയ്തുവന്നു.

# അഞ്ചാമദ്ധ്യായം.

"കഷ്ടം! എന്താണിനി നിവൃത്തി. അവിടുന്ന് ഇവിടെ ഉണ്ടായിരുന്നുവെങ്കിൽ ഇങ്ങിനെയെല്ലാം വ്യസനിക്കുവാൻ ഇടവരുമായിരുന്നുവോ? 'താമസിക്കാതെ വരാം.' എന്നു പറഞ്ഞ് എഴുന്നള്ളീട്ട് ഇപ്പോൾ മൂന്നുമാസം കഴിഞ്ഞിരിക്കുന്നു. എവിടെയാണെന്ന്. ഒരു വർത്തമാനവുമില്ലല്ലോ. അതെങ്കിലും അറിഞ്ഞാൽ വല്ല വിധത്തിലും അവിടെ ചെന്നു കൂടാമായിരുന്നു. ഒരു സമയം — എന്തിനാണിങ്ങിനെ സംശയിക്കുന്നത്? അങ്ങിനെ ഒരു കാലത്തും ഉണ്ടാവുന്നതല്ല. 'ഉണ്ണിമായയാണ് എൻ്റെ പ്രേമഭാജനം.' എന്നിങ്ങിനെ പല തവണയും എന്നോടരുളിച്ചെയ്തത് തീരെ വിസ്മരിച്ച് എന്തെങ്കിലും പ്രവർത്തിക്കുന്ന ഒരാളല്ല അവിടുന്ന് എന്ന് എനിക്കു നല്ല വിശ്വാസമുണ്ട്. ഇപ്പോഴത്തെ ഈ അന്തഃഛിദ്രത്തിന്നു വല്ല പരിഹാരമാർഗ്ഗവും കണ്ടുപിടിക്കുവാനുള്ള ശ്രമമായിരിക്കും. അതുകൊണ്ടാണ് ഇങ്ങോട്ടു കാണാത്തത്. ഞാൻ

ഓരോന്നു ശങ്കിച്ചു വെറുതെ വ്യസനിക്കുകയാണ്. ഈ കുഴപ്പങ്ങൾക്കെല്ലാം നിവാരണമാൎഗ്ഗം കണ്ടുപിടിച്ച് ഇവിടെഎഴുന്നള്ളി അവ നിശ്ശേഷം നശിപ്പിച്ച് അവിടുന്ന് എന്നേയും സന്തോഷിപ്പിക്കാതിരിക്കയില്ല. പക്ഷെ അതുവരെ ഞാൻ എങ്ങിനെ കഴിഞ്ഞുകൂടുന്നു? കാരണവന്മാരുടെ, വിശേഷിച്ച് അമ്മയുടെ നിൎബ്ബന്ധം സഹിപ്പാൻ നിവൃത്തിയില്ലാതായല്ലോ ഈശ്വരാ! എന്തെങ്കിലും വരട്ടെ. ഞാൻ സമ്മതിക്കുവാൻ ഭാവമില്ല. തീൎച്ചതന്നെ. എന്റെ സമ്മതം കൂടാതെ കാൎയ്യം നടത്തുവാൻ ബ്രഹ്മാവിനുകൂടി സാധിക്കുകയില്ല. അതെനിക്കറിയാം. എങ്കിലുംഅമ്മയെ വിചാരിക്കുമ്പോഴാണ് ഞാൻ കുഴങ്ങിപ്പോകുന്നത്. സ്വൎഗ്ഗത്തിലെത്തിയതുപോലെയാണ് ഇപ്പോൾ അമ്മയുടെ വിചാരം. ഞാൻനിമിത്തം അതിന്നു വല്ല തടസ്ഥവും വന്നുപോയാൽ അമ്മ വല്ലാതെ വ്യസനിക്കും. ഈ വൎത്തമാനം അമ്മയോടും പറയരുതേ എന്നാണെങ്കിൽ, 'നമ്മുടെ ആലോചനകൾ തൽക്കാലം ആരേയുംഅറിയിക്കരുത്' എന്നല്ലേ അവിടുത്തെക്കല്പന. ആകപ്പാടെ എന്താണ് വേണ്ടതെന്ന് എനിക്കുതന്നെ അറിഞ്ഞുകൂടാ." എന്നും മറ്റും വിചാരിച്ചും, ചിലപ്പോൾ താനറിയാതെ തന്നെ ചില വാക്കുകൾ പുറത്തേയ്ക്കു പുറപ്പെട്ടും ഒരു വലിയ മനോരാജ്യത്തോടുകൂടി ഉണ്ണിമായ സ്വന്തം മുറിയിൽ ഇരുന്നിരുന്നു. പതിവായി വായിക്കുന്ന ഗ്രന്ഥങ്ങൾ അന്നു തൊട്ടിട്ടേ ഉണ്ടായിരുന്നില്ല.

ഉണ്ണിമായയുടെ ഈ മനോരാജ്യത്തിന്നു കാരണഭൂതൻ ആരായിരുന്നുവെന്നുള്ള സംഗതി ആരേയും അറിയിക്കരുതെന്നാണ് അവരുടെ നിശ്ചയം. എങ്കിലും ഈ കാൎയ്യം വായനക്കാരെ ഗൂഢമായിട്ടെങ്കിലും അറിയിക്കാതെ എനിക്കു തരമില്ല. മൂപ്പിലെ സഹോദരനും കൂറുവാഴ്ചപ്രകാരം രണ്ടാമത്തെ ആളുമായ ഒരു രാജകുമാരൻ ഉണ്ടെന്നും മറ്റും ഇതിന്നു മുമ്പു തന്നെ പറഞ്ഞിട്ടുണ്ടല്ലോ. ഈ തമ്പുരാൻ തന്നെയാണ് ഉ

ണ്ണിമായയുടെ മനോരാജ്യത്തിന്നു വിഷയീഭവിച്ചിട്ടുള്ള ആ പുരുഷരത്നം. അവിടന്നു കുറെ ചെറുപ്പത്തിൽ ഉണ്ണിമായയുമായി പരിചയപ്പെട്ടിരുന്നു. രാജ്ഞിയുടെ അടുത്ത് ഉണ്ണിമായ പഠിച്ചു താമസിച്ചിരുന്ന കാലത്ത് അവിടന്നു പല തവണയും അവിടെ കാണുവാൻ ചെല്ലുകയും അപ്പോൾ ഇടക്കിടക്കു ഉണ്ണിമായ അവിടെ ഉണ്ടാവുകയും പതിവുണ്ട്. ഇങ്ങിനെ ചെറുപ്പകാലത്തുതന്നെ കണ്ടുപരിചയം സിദ്ധിച്ചു. ഇവരുടെ ഈ പരിചയം ആദികാലങ്ങളിൽ വെറും വേഴ്ചമാത്രമായിരുന്നുവെങ്കിലും കാലക്രമേണ യൌവനാരംഭത്തോടുകൂടി അതൊരു അനുരാഗമായി പരിണമിച്ചു. അവരുടെ മനോരഥം പരസ്പരം അറിയിക്കുവാനും സൌകര്യമുണ്ടായി. അതുമാത്രമല്ല ചിലപ്പോഴെല്ലാം രാത്രിസമയങ്ങളിൽ ആരുമറിയാതെ കയ്മൾവീട്ടിൽവെച്ചും അവർ പരസ്പരം കൂടിക്കാഴ്ചയും മററും നടത്തിയും വന്നിരുന്നു. ഈ ഒരു സംഗതി ഉള്ളിൽ വെച്ചുകൊണ്ടാണ്, ഉണ്ണിമായയുടെ സംബന്ധകാര്യത്തെപ്പററി ആലോചിക്കുമ്പോഴെല്ലാം 'വരട്ടെ ആലോചിക്കാം' എന്ന് അവൾ പറഞ്ഞിരുന്നത്.

മൂപ്പിലെ സ്ഥാനഭ്രഷ്ടനാക്കിയ കാലത്ത് ഈ തമ്പുരാൻ വല്ലാതെ ക്ഷോഭിച്ചു വശായി. ഇപ്പോൾ തന്നെ പകരം ചോദിക്കണമെന്ന് അവിടന്നു വാശിപിടിച്ചു. മൂപ്പിന്നാണ് അതു മുടക്കിയത്. സാഹസം പ്രവൃത്തിക്കരുതെന്നും സഹായികളെ ശേഖരിച്ചു സാവധാനത്തിൽ പ്രവേശിക്കുന്നതാണ് നല്ലതെന്നും മൂപ്പിന്നു നിർബ്ബന്ധിച്ചു പറഞ്ഞു. അതുനിമിത്തം ഇളയതമ്പുരാൻെറ ഉത്സാഹം ശിഥിലമായിത്തീർന്നു എങ്കിലും അവിടന്നു വെറുതെയിരുന്നില്ല. താൻ പരിശീലിച്ചിട്ടുള്ള കായികാഭ്യാസത്തിന്ന് ഒന്നുകൂടി ശക്തി വരുത്തുവാനായി എവിടെയെങ്കിലും കുറെക്കാലം താമസിക്കണം എന്നായിരുന്നു അവിടത്തെ അപ്പോഴത്തെ വിചാരം. ഈ ആവശ്യത്തിന്നായി അവിടന്നു വേഷപ്രച്ഛന്നനായി കടത്തനാട്ടുചെന്നു

ഒരു വലിയ കുരുക്കളുടെ ശേഷത്തു രണ്ടരക്കൊല്ലത്തിലധികം കാലം താമസിച്ചു ഇയ്യിടെ മടങ്ങിവന്നിരുന്നു. അപ്പോഴയ്ക്കും ഇവിടെ താളം ഒന്നുകൂടി മാറിക്കഴിഞ്ഞു. ഇനി ഇങ്ങിനെ മിണ്ടാതിരിക്കുന്നത് അത്ര കാര്യമല്ലെന്നും എന്തെങ്കിലും ചില ഒരുക്കങ്ങളെല്ലാം ചെയ്യാതെ തരമില്ലെന്നും ഉറച്ച് ഇവിടെനിന്നു ആരോടും ഒന്നും പറയാതെ എങ്ങോട്ടോ എഴുന്നള്ളിയിരുന്നു. 'ഉടനെ വന്നു കണ്ടുകൊള്ളാം' എന്നിങ്ങിനെ മൂപ്പിലോടും ഉണ്ണിമായയോടും മാത്രം പറഞ്ഞിട്ടുണ്ട്. ഈ വക സംഗതികളാണ് ഉണ്ണിമായയുടെ മനോരാജ്യത്തിന്നു മുഖ്യകാരണം.

ഉണിക്കാളിയമ്മയ്ക്കു സന്തോഷം ദിവസംപ്രതി വൎദ്ധിച്ചു വരുന്നു. മകളെ കൊണ്ടുപോയി ഗോദവൎമ്മരാജാവിനെ കാണിക്കുവാനുള്ള ധൃതി കലശലായിരിക്കുന്നു. ആരെക്കണ്ടാലും മകൾക്കു വരുവാൻപോകുന്ന ഭാഗ്യത്തെപ്പററി രണ്ടുവാക്കു പറയാതെ ആ അമ്മയ്ക്ക് ഒരു സുഖവുമുണ്ടായിരുന്നില്ല. ഇങ്ങിനെയിരിക്കുമ്പോൾ ഒരു ദിവസം മകളെ കൂട്ടിക്കൊണ്ടുപോകുവാൻ തീൎച്ചപ്പെടുത്തി. മൂത്ത കയ്മളുടെ അനുവാദവും സിദ്ധിച്ചിരിക്കുന്നു. കൊച്ചിക്കു കടക്കുവാനുള്ള വഞ്ചിയും മററും കടവിൽ ഒരുക്കിക്കഴിഞ്ഞു. വിവരങ്ങളെല്ലാം കാലേക്കൂട്ടി രാമണ്ണകോവിലിനെ അറിയിട്ടുമുണ്ടായിരുന്നു. അന്ന് ഉച്ചതിരിഞ്ഞ് യാത്രയ്ക്കു വേണ്ട ഒരുക്കങ്ങൾ കൂട്ടുവാനും ഉണ്ണിമായയെ ചമയിക്കുവാനുമായി ഉണിക്കാളിയമ്മതന്നെ മകളുടെ മുറിയിലേയ്ക്കു കടന്നുചെന്നു.

ഈ വിവരങ്ങൾ ഒട്ടുമുക്കാലും മാതൃമുഖത്തിൽനിന്നുതന്നെ ഉണ്ണിമായ ധരിച്ചിരുന്നു. തൽക്കാലം അഹിതമൊന്നും പ്രവൎത്തിക്കേണ്ട എന്നു വിചാരിച്ചിരുന്നുവെങ്കിലും തന്റെ മനോഗതി അമ്മക്കനുകൂലമല്ലെന്നുള്ള സംഗതി അമ്മയെ അറിയിക്കേണമെന്ന് അവൾ കരുതിയിരുന്നു. അങ്ങിനെ ഇരിക്കുമ്പോഴാണ് ഉണിക്കാളിയമ്മ അവിടെ കടന്നുചെന്നത്.

അമ്മയെ കണ്ടപ്പോൾ ഉണ്ണിമായ ബഹുമാനപുരസ്സരം എഴുനീററു ഒതുങ്ങിനിന്നു. എങ്കിലും അവളുടെ മനോരാജ്യം അവളെ വിട്ടുപിരിഞ്ഞിട്ടുണ്ടായിരുന്നില്ല. തൻെറ വിചാരത്തിന്നു വിപരീതമായി കാൎയ്യം നടത്തില്ലെന്ന് അവൾക്കു നല്ല ഉറപ്പുണ്ടായിരുന്നുവെങ്കിലും തത്സമയം വല്ലാതെ ഒന്നു പരിഭ്രമിച്ചു. അമ്മയുടെ ആഗമനത്തിൻെറ ഹേതു ഇന്നതാണെന്നു ഏകദേശം അവൾ ഊഹിച്ചിരുന്നു. അതാണ് അവൾ ഇങ്ങിനെ പരിഭ്രമിച്ചത്. എന്തോ ചിലതു സംസാരിച്ചുകൊണ്ടാണ് അമ്മ അകത്തേയ്ക്കു കടന്നത്. പക്ഷെ യാതൊരു ചേഷ്ടയും കൂടാതെ ഒരു പ്രതിമയെപ്പോലെ അവിടെ നിന്നിരുന്ന ഉണ്ണിമായ അതൊന്നും കേട്ടിരുന്നില്ല. ഈ സമ്പ്രദായം കണ്ടപ്പോൾ ഉണിക്കാളിയമ്മയ്ക്കും കുറച്ചു പരിഭ്രമമുണ്ടായി. എന്നാൽ ക്ഷണനേരംകൊണ്ട് അവരുടെ ആ പരിഭ്രമം ശമിക്കാതിരുന്നില്ല. തൻെറ കാൎയ്യസിദ്ധിക്ക് അനുകൂലമാണ് മകൾ. അതുകൊണ്ടു തന്നെയാണ് അവൾ ഇങ്ങിനെ പരുങ്ങുന്നതും പരിഭ്രമിക്കുന്നതും എന്നാണ് ഉണിക്കാളിയമ്മ വിചാരിച്ചത്. അനന്തരം അവർ മകളോട് ഇങ്ങിനെ പറഞ്ഞു.

ഉണിക്കാളി—ഉണ്ണി ഇന്നു തേച്ചുകുളിച്ചില്ലേ? മേലൊക്കെ പൃതം പിടിച്ചപോലെയിരിക്കുന്നു. പുറപ്പെടാറായി. വേഗം ഒന്നു മേൽക്കഴുകിവരൂ.

ഉണ്ണിമായ—(ഇപ്പോൾ തൻെറ അഭിപ്രായം അറിയിക്കുവാൻ സമയമാണെന്നു കരുതി) ഇന്നലെ തേച്ചുകുളിച്ചതാണ്. ഇനി നാളെ ആവാമെന്നു വിചാരിച്ച് ഇന്ന് എണ്ണതേച്ചില്ല. ഈ ഉച്ചക്ക് എന്തിനാണ് മേൽക്കഴുകുന്നത്? ഒന്നും വേണ്ട.

ഉണി—വേണ്ടെങ്കിൽ വേണ്ട. എന്തെങ്കിലും കാട്ടിക്കോളൂ. ആരെങ്കിലും കണ്ടാൽ ഒരുവൃത്തിയും വെടപ്പും ഉണ്ടെന്നു തോ

ന്നണമെന്നുള്ള വിചാരം അവരവൎക്കതന്നെ ഉണ്ടാവണം. അതിന്നുള്ള പ്രായവുമായിട്ടുണ്ട്.

ഉണ്ണി—(ഒന്നും അറിഞ്ഞുകൂടാത്തപോലെ) ഇപ്പോൾ ആരാണ് എന്നെ കാണാൻ വരുന്നത്? അഥവാ കാണുമ്പോൾ ചന്തം ബോധിച്ചില്ലെങ്കിൽ തന്നെ എന്താണ് തരക്കേട്?

ഉണ്ണി—കാണാൻ പലരുമുണ്ടാവും. അവൎക്ക ബോധിച്ചില്ലെങ്കിൽ അതുകൊണ്ടു ചില തരക്കേടും ഉണ്ടാവും.

ഉണ്ണി—അതൊന്നും എനിക്ക തോന്നുന്നില്ല. ഈ വേഷത്തിൽ കണ്ടിട്ട വല്ലവൎക്കും രുഷിഞ്ഞുവെങ്കിൽ അവർ ഞാനൊരുമിച്ച ഇരിക്കുവാനും വരണ്ട.

ഉണ്ണി—അങ്ങിനെ പോരല്ലോ. നീ നന്നാവുകയും നിന്റെ അടുത്തു ഇരിക്കുകയും വേണമെന്നു വല്ലവരും വിചാരിക്കുന്നുണ്ടെങ്കിലോ?

ഉണ്ണി—എന്നാൽ അവരല്ലേ എന്നോടു പറയേണ്ടത്. പിന്നെ എന്നെക്കുറിച്ചു അത്ര സ്നേഹമുള്ളവരാണെങ്കിൽ എന്റെ ഇപ്പോഴത്തെ സമ്പ്രദായവും ഇഷ്ടമാവും.

ഉണ്ണി—ഞാൻതന്നെയാണ് അങ്ങിനെ വിചാരിക്കുന്നത്. എന്നാലോ?

ഉണ്ണി—ഈ സമയങ്ങളിൽ അങ്ങിനെ പറയാറില്ലല്ലോ. പിന്നെ എങ്ങോട്ടോ പുറപ്പെടാറായി എന്നല്ലേ അമ്മ പറഞ്ഞത്?

ഉണ്ണി—നിന്നോടു തൎക്കിപ്പാൻ എനിക്ക നേരമില്ല. മേൽകഴുകേണ്ടെങ്കിൽ വേണ്ട. ഈ ഉടുപ്പൊന്നു മാറി ഒരു നല്ലവേഷംകെട്ടി പുറപ്പെടരുതേ? ഇതാ ഈ പട്ടക്കരപ്പുടവതന്നെ ഉടുത്തോളൂ. ഈ പൂത്താലിയും ഇരിക്കട്ടെ. (എന്നുപറഞ്ഞ് പുടവയും പണ്ടങ്ങളും അവിടെവെച്ചു)

ഉണ്ണി—വല്ല ഉത്സവത്തിന്നോ മറ്റൊ പോകുവാനുണ്ടോ?

എന്തിനാണ് വേഷം കെട്ടുന്നത്? വെറുതെ ഈ ഭാരം ചുമക്കുവാൻ എനിക്കു പ്രയാസമാണ്?

ഉണ്ണി—(കുറച്ചു നീരസത്തോടുകൂടി) ഇതിനെക്കൊണ്ടു ഞാൻ വിഷമിച്ചു. എപ്പോഴും ഒരു കളിയാണ്. വേണ്ടതും വേണ്ടാത്തതും അറിഞ്ഞുകൂടാ.

ഉണ്ണി—പണ്ടം കെട്ടുകയും മററും വേണ്ടതാണെന്ന് എനിയ്ക്കു തോന്നുണ്ടോ? അതു വേണ്ടെന്നു പറയുന്നത് ഒരു കുറച്ചിലാണെന്നു ഞാൻ അറിഞ്ഞിട്ടില്ല.

ഉണ്ണി—കുറെക്കഴിഞ്ഞാൽ അറിയും.

ഉണ്ണി—അപ്പോൾ ഞാനതിനെ ചെയ്തുകൊള്ളാം. ഇനി ഒരുജന്മത്തിൽ പട്ടിയാവുമെന്നു ജാതകത്തിലുണ്ടെങ്കിൽ ഇപ്പോൾ തന്നെ കുരച്ചു തുടങ്ങേണമെന്നുണ്ടോ?

ഉണ്ണി—(ദ്വേഷ്യത്തോടുകൂടി) ഇതിൻെറ തലയ്ക്കൊന്നു കൊട്ടത്താലോ! പെണ്ണിൻെറ അധികപ്രസംഗം കുറച്ചേറിപ്പോയി. കണ്ടോരൊക്കെ ലാളിച്ചു ലാളിച്ച് ഒന്നിനും കൊള്ളരുതാതെയാക്കിത്തീർത്തു. വഞ്ചിയും വലിക്കാരും വെറുതെ മെനക്കെടുന്നു. വേഗം കഴിയട്ടെ. പക്ഷെ ഒന്നും ചെയ്യില്ലെങ്കിലും വേണ്ടില്ല. പുറത്തേയ്ക്കു കടക്കു.

ഉണ്ണി—ഈ ഉച്ചസമയത്ത് എങ്ങോട്ടാണ് ധൃതിപിടിച്ചു പുറപ്പെടുന്നത്? കുറച്ചു കഴിഞ്ഞു വൈലാറീട്ടു പോരേ?

ഉണ്ണി—പോരാ. ഇപ്പോൾ തന്നെ വേണം. നടക്കു. (എന്നുപറഞ്ഞു ഉണ്ണിമായയുടെ കയ്യിന്മേൽ കടന്നു പിടികൂടി).

ഉണ്ണി—(ഇനിയും തടസ്ഥം ഭാവിക്കുന്നത് അമ്മയുടെ കലശലായ ദ്വേഷ്യത്തിന്നു കാരണമായിത്തീരുമെന്നു കരുതി) അമ്മ കോപിക്കരുത്. ഞാൻ നടന്നുകൊള്ളാം. എൻെറ കൈ വിട്ടേയ്ക്കു.

ഉണ്ണി—എന്നാൽ നടക്കു. നിൻെറ ഈ ചപ്പടാച്ചിയൊന്നും എന്നോടു കൊണ്ടുവരണ്ട. (എന്നു പറഞ്ഞു കൈ വിട്ടു.)

ഉണ്ണി—എങ്ങോട്ടാണെന്നും മറ്റും പറഞ്ഞില്ലല്ലോ.

ഉണി—അതെല്ലാം പിന്നെ പറഞ്ഞുതരാം. ഇങ്ങോട്ടു വരു. നേരം വൈകി.

ഇങ്ങിനെ ഒരു കണക്കിൽ ഉണ്ണിമായയെ തള്ളിയുന്തി ഉണ്ണിക്കാളിയമ്മ പുറത്തു ചാടിച്ചു. ഉടനെ ആ നട്ടുച്ച സമയത്തുതന്നെ കടവിൽചെന്നു തോണി കയറുവാനുള്ള ശ്രമമായി. കോവിലകത്തുചെന്ന് തമ്പുരാക്കന്മാരെ കാണുമ്പോൾ കാഴ്ചവെയ്ക്കുവാനായി മൂത്ത കയ്യാൾ ശേഖരിച്ചു കൊടുത്തിട്ടുള്ള വെററില, അടയ്ക്ക, പഞ്ചസാര, പഴം, മുതലായ സാമാനങ്ങൾ ചുമന്നുംകൊണ്ടു കുറെ ഭൃത്യന്മാരും കടവുവരെ കൂമിച്ചുണ്ടായിരുന്നു. ഉണ്ണിമായ പണ്ടം കെട്ടുവാനും മററും തൽക്കാലം സമ്മതിച്ചിട്ടില്ലെങ്കിലും സമ്മതിപ്പിക്കാമെന്നായിരുന്നു ഉണ്ണിക്കാളിയമ്മയുടെ വിചാരം. അതു നിമിത്തം ആ വക പണ്ടങ്ങളും മററും ഉണ്ണിക്കാളിയമ്മ കയ്യിലെടുത്തിരുന്നു. സാമാനങ്ങളെല്ലാം ബോട്ടിൽക്കയററി സന്തോഷസാഗരത്തിൽ മുങ്ങിക്കുളിച്ചു മതിമറന്നിട്ടുള്ള ഉണ്ണിക്കാളിയമ്മ കൊച്ചിയ്ക്ക് യാത്രയായി. "ഇതൊന്നും സാരമില്ല. ഇപ്പോൾ എന്തെങ്കിലും ചെയ്തുകൊള്ളട്ടെ. പ്രധാനസംഗതി നടത്തുവാൻ ഒരിയ്ക്കലും ഞാൻ സമ്മതിയ്ക്കില്ല" എന്നും മററും തന്നെത്താൻ വിചാരിച്ചുകൊണ്ട് ഉണ്ണിമായയും ഇരിപ്പായി. ബോട്ടിൽ കയറിയ ഉടനെ ഉണ്ണിക്കാളിയമ്മ വീണ്ടും സംഭാഷണമാരംഭിച്ചു.

ഉണ്ണിക്കാളി—എങ്ങോട്ടാണ് യാത്രയെന്നു മനസ്സിലായൊ?

ഉണ്ണിമായ—ആരും പറയാതെ എങ്ങിനെയാണ് കാര്യം മനസ്സിലാക്കുന്നത്? ഞാൻ എത്രതവണ അമ്മയോടു ചോദിച്ചു. അമ്മക്ക് ഇഷ്ടമുണ്ടെങ്കിൽ പറഞ്ഞാൽ മതി. അല്ലെങ്കിൽ എവിടെയെങ്കിലും പോയി എന്തെങ്കിലും ചെയ്തുകൊള്ളു.

ഉണ്ണിക്കാളി—മുള്ളു പറയണ്ട. കാര്യം മുഴുവനും പറഞ്ഞുത

രാം. ഇപ്പോൾ കൊച്ചിക്കോവിലകത്തേയ്ക്കാണ് നമ്മൾ പോകുന്നത്.

ഉണ്ണിമായ—അതു ഞാനും ഏകദേശം ഊഹിച്ചു. എന്തിനാണെന്നു മനസ്സിലായില്ല.

ഉണ്ണിക്കാളി—വിശേഷിച്ചൊന്നുമില്ല. ഇപ്പോൾ ദത്തെടുത്ത തമ്പുരാക്കന്മാരെ, തിരുമുൽക്കാഴ്ചവെച്ചു മുഖംകാണിച്ചു പോരുവാനാണ് പോകുന്നത്.

ഉണ്ണിമായ—അമ്മാമനല്ലെ അതിന്നധികാരി. അവിടുന്ന് ഇയ്യിടെ കൊച്ചിക്കു പോവുകയും അവിടെ മുഖം കാണിക്കയും ഉണ്ടായല്ലൊ. ഇപ്പോൾ എന്തിനാണ് നമ്മൾ രണ്ടാമതും കാഴ്ചവെച്ചു മുഖം കാണിക്കുന്നത്?

ഉണ്ണിക്കാളി— പുരുഷന്മാരുടെ പേക്ക് ഓപ്പു കഴിച്ചു. സ്ത്രീകളുടെ പേക്ക വേണ്ടതിനാണ് ഇപ്പോൾ നമ്മൾ പോകുന്നത്.

ഉണ്ണിമായ—വെട്ടത്തുനിന്നു തമ്പുരാട്ടിമാരെ ദത്തെടുത്തിട്ടുണ്ടോ? ഞാനറിഞ്ഞില്ലല്ലൊ. അങ്ങിനെയുണ്ടെങ്കിൽ ഇതുവരെ അമാന്തിച്ചതു തന്നെ അശേഷം നന്നായില്ല.

ഉണ്ണിക്കാളി—പുരുഷന്മാരെ മാത്രമെ ദത്തെടുത്തിട്ടുള്ളു. അവരെ കാണ്മാൻതന്നെയാണ് ഇപ്പോൾ പോകുന്നതും.

ഉണ്ണിമായ—പുരുഷന്മാരെ കാണുന്നതിന്നും കാഴ്ച വെക്കുന്നതിന്നും നമ്മൾ പോകുന്നത് അത്ര ഭംഗിയാണൊ?

ഉണ്ണിക്കാളി—(കുറഞ്ഞൊന്നു സ്തോഭം മാററിക്കൊണ്ട്) ഇതാ തുടങ്ങിയല്ലൊ തക്കം രണ്ടാമതും. നിന്നോടു അതെല്ലാം ആരെങ്കിലും ചോദിച്ചുവോ? അവിടെപ്പോയി കണ്ടു വരണമെന്നു നിൻെറ അമ്മാമൻ തന്നെയാണ് നിശ്ചയിച്ചത്. നിനക്കു ചോദിപ്പാനുള്ളതെല്ലാം അവിടെ ചോദിച്ചോ?

ഉണ്ണിമായ—("എന്നോട് പറയാൻ പുറപ്പെട്ടാൽ ആരായാലും ഇതെല്ലാം ഞാൻ ചോദിയ്ക്കാതെ ഇരിയ്ക്കില്ല" എന്നു തന്നത്താൻ വിചാരിച്ചുകൊണ്ടു) ഇപ്പോൾ അമ്മയല്ലേ എന്നോടു പറഞ്ഞത്? അമ്മാമൻ ഇവിടെയില്ലല്ലോ.

ഉണ്ണിക്കാളി—നിന്നെ അവിടെ കൊണ്ടുപോയി തമ്പുരാന് കാഴ്ചവെയ്ക്കുവാനാണ് വിചാരിക്കുന്നത്. എന്താണ് ഭാവം?

ഉണ്ണിമായ—അങ്ങിനെ ചെയ്തുകൊള്ളണം. അതിന്ന് എന്റെ സമ്മതം വേണമെന്നുണ്ടോ?

ഉണ്ണിക്കാളി—നിനക്കു സമ്മതമാണോ?

ഉണ്ണിമായ—ഇത്രത്തോളമായത് എന്റെ സമ്മതപ്രകാരമല്ലല്ലോ. ഇനിയും അങ്ങിനെതന്നെ നടക്കട്ടെ.

ഇവർ ഇങ്ങിനെ പറഞ്ഞുകൊണ്ടിരിയ്ക്കുമ്പോൾ ബോട്ടു കടവിലടുക്കാറായി. ഉണ്ണിക്കാളിയമ്മ വീണ്ടും പരിഭ്രമിച്ചു തുടങ്ങി. താൻ കൊണ്ടുവന്നിട്ടുള്ള പുടവയും പണ്ടങ്ങളും അണിഞ്ഞ് ചമയുന്നതിന്നു മകളോട് അവർ ഒന്നുകൂടി നിർബ്ബന്ധിച്ചു. "വഴിക്കുവെച്ചു കലശൽ കൂട്ടണ്ട" എന്നു കരുതി ഉണ്ണിമായ അപ്പോൾ അഹിതമായി യാതൊന്നും പറഞ്ഞില്ല. മകളുടെ ഈ അനുകൂലഭാവം ഉണ്ണിക്കാളിയമ്മയെ കണക്കിലധികം സന്തോഷിപ്പിച്ചു. അവർ ഉടനെ ഉണ്ണിമായയുടെ തലമുടി വേർപെടുത്ത് മുൻഭാഗത്തു കോത്തു വലിച്ചുകെട്ടി അഗ്രം അകത്തേയ്ക്കു തിരുകി വിടർത്തു വൃത്താകാരത്തിൽ, നെററിയ്ക്കു മേലെ വെച്ചു മിനുക്കി ഭംഗിയാക്കി. പട്ടുകര ഉടുപ്പിച്ചു. പണ്ടവും ഇടിയിച്ചു. കൃതാർത്ഥതയോടുകൂടി ഇരിപ്പായി. അവരുടെ ഈ ധൃതിയിൽ ബോട്ടു കരയ്ക്കടുത്തുവെങ്കിലും ആ സംഗതി കുറെ നേരത്തേക്ക് ഉണ്ണിക്കാളിയമ്മ അറിഞ്ഞില്ല. മകളുടെ ചമയൽ കഴിഞ്ഞു തിരിഞ്ഞുനോ

ക്കിയപ്പോൾ ബോട്ട കടവിലടുത്തു നില്പായതു കണ്ട് ഉണ്ണിക്കാളിയമ്മ പരിഭ്രമത്തോടുകൂടി എഴുന്നേററ് മകളൊരുമിച്ച കരയ്ക്കിറങ്ങി പുറപ്പാടായി. ഇവരുടെ വരവു നോക്കിക്കൊണ്ടുതന്നെ ചിലർ അവിടെ നിന്നിരുന്നു. അവർ രാമണ്ണങ്കോവിലിന്റെ ആൾക്കാരുമായിരുന്നു. ഉണ്ണിക്കാളിയമ്മയും ഉണ്ണിമായയും ബോട്ടിറങ്ങിയപ്പോൾ ആ ഭൃത്യന്മാർ ബോട്ടിലുണ്ടായിരുന്ന സാമാനങ്ങളും മററും എടുത്തുകൊണ്ട പിന്നാലെയും പുറപ്പെട്ടു. ഉടനെ എല്ലാവരുംകൂടി കോവിലകത്തു ചെന്നുചേന്നു. അപ്പോൾ രാമണ്ണങ്കോവിൽ തന്നെ അവരെ എതിരേററു കൂട്ടിക്കൊണ്ടുപോയി വലിയ തമ്പുരാനേയും മററും കണ്ടു തിരുമുൽക്കാഴ്ച വെയ്ക്കുന്നതിനുള്ള ശ്രമമായി. മൂന്നു തമ്പുരാക്കന്മാരേയും കണ്ട് കാഴ്ചയും കഴിഞ്ഞ് ഗോദവർമ്മരാജാവിനെ കാണുവാൻ പുറപ്പെട്ടു. ഇവരുടെ ആഗമനത്തെക്കുറിച്ച് രാമണ്ണങ്കോവിൽ മുഖാന്തരം മുന്നറിവു കിട്ടിയിരിക്കുന്ന ഗോദവർമ്മരാജാവാകട്ടെ, ഈ പുതിയ അതിഥികളെ കാത്തുകൊണ്ടുതന്നെ ഇരുന്നിരുന്നു. കോവിലകത്തിന്റെ തെക്കിനിയുടെ താഴത്തെ മുറിയിലായിരുന്നു ഗോദവർമ്മരാജാവ് ഇരുന്നിരുന്നത്. ഉണ്ണിക്കാളിയമ്മയും മററും വന്നിട്ടുണ്ടെന്നുള്ള വിവരം അറിഞ്ഞതോടുകൂടി അദ്ദേഹത്തിന്നും കുറച്ചൊരു പരിഭ്രമമുണ്ടായി. കൂടക്കൂടെ പുറത്തേക്കു എത്തിനോക്കിക്കൊണ്ടും, വല്ല കാൽപെരുമാററവും കേൾക്കുമ്പോൾതന്നെ അതിഥികളുടെ വരവാണെന്നു തീച്ചപ്പെടുത്തിയും, ആളെക്കാണാതെ വരുമ്പോൾ മനോരാജ്യത്തോടുകൂടി പിന്മാറിയും അങ്ങിനെ കഴിഞ്ഞിരുന്നു. ഈ സമയത്താണ് ഉണ്ണിക്കാളിയമ്മയും മററും അങ്ങോട്ടു ചെല്ലുന്നതു കണ്ടത്. ഇവർ അങ്ങോട്ടുതന്നെയാണ് ചെല്ലുന്നതെന്നു നിശ്ചയമുണ്ടെങ്കിലും, അവർ തന്നെ കാണാതെ പോവാൻ തരമില്ലെങ്കിലും, വളരെ അടുത്തെത്തി കഴിഞ്ഞുവെങ്കിലും, ഇതിനിടയ്ക്ക് ഗോദവർമ്മരാജാവ് പല തവണയും

പുറത്തേയ്ക്കു എത്തിച്ചു നോക്കീട്ടുണ്ട്. പക്ഷെ അദ്ദേഹത്തിന്ന് അധികനേരം പരിഭ്രമിയ്ക്കേണ്ടതായി വന്നില്ല. ക്ഷണനേരം കൊണ്ടു രാമണ്ണക്കോവിലും ഉണ്ണിക്കാളിയമ്മയും ഉണ്ണിമായയും അദ്ദേഹത്തിൻെറ മുറിയ്ക്കകത്തു പ്രവേശിച്ചു. എന്തെന്നില്ലാത്ത ഒരു സന്തോഷം നിമിത്തം ആകപ്പാടെ എന്താണ് വേണ്ടതെന്നു ഗോദവൎമ്മരാജാവിന്ന് അറിഞ്ഞുകൂടാതെയായിത്തീൎന്നു. അദ്ദേഹം അത്യാദരവോടുകൂടി അവരുടെ നേരെ ഒന്നു തിരിഞ്ഞിരുന്നു. ഉണ്ണിക്കാളിയമ്മ താൻ കൊണ്ടു വന്നിട്ടുള്ള കാഴ്ചസാമാനങ്ങളെല്ലാം അടിയറവെച്ച് തൊഴുതു കുമ്പിട്ട് ഒതുങ്ങി നില്ക്കുമ്പോൾ ഗോദവൎമ്മരാജാവ് രാമണ്ണക്കോവിലിനോടായി ഇങ്ങിനെ പറഞ്ഞു.

ഗോദ—വലിയ ജ്യേഷ്ഠനേയും മററും കാണുക കഴിഞ്ഞിരിയ്ക്കുമല്ലൊ.

രാമണ്ണ—കഴിഞ്ഞു. ഇവർ ഇവിടെ വന്നിട്ടു കുറച്ചധികം നേരമായി. മററു മൂന്നു തമ്പുരാക്കന്മാരേയും കണ്ടു. ഇനി ഇവിടെക്കൂടി ഒന്നു കണ്ടു പോകണമെന്നു വിചാരിച്ചു പുറപ്പെട്ടതാണ്.

ഗോദ—നന്നായി (ഉണ്ണിക്കാളിയമ്മയോടു) മുമ്പുതന്നെ ഇവിടെ കൂടക്കൂടെ വരാറുണ്ട് ഇല്ലേ?

ഉണ്ണി—എറാൻ, തമ്പുരാട്ടിയാണ് അടിയങ്ങൾക്ക് ഒരാശ്രയം. അവിടുത്തെ ദയകൊണ്ടു തന്നെയാണ് അടിയങ്ങൾ കഴിഞ്ഞുകൂടുന്നതും.

രാമണ്ണ—അതെല്ലാം ഞാൻതന്നെ അറിയിച്ചിട്ടുണ്ട്.

ഗോദ—രാമണ്ണക്കോവിൽ ഒന്നും ബാക്കി വെച്ചിട്ടില്ല. എങ്കിലും ഞാനും ഒന്നു ചോദിച്ചു എന്നേയുള്ളു.

ഉണ്ണി—താന്തന്നെ നേരിട്ടറിയുന്നതും മറെറാരാൾ പറഞ്ഞറിയുന്നതും രണ്ടും രണ്ടാണല്ലൊ.

ഗോദ.—മകൾക്കു സംസ്കൃതത്തിൽ നല്ല പാണ്ഡിത്യമു

ണ്ടെന്നു കേട്ടു. നമ്മുടെ നാട്ടിൽ ഇങ്ങിനെയുള്ളവർ വളരെ ചുരുക്കമാണ്.

ഉണ്ണി—അതും തമ്പുരാട്ടിയുടെ ദയവു തന്നെയാണ്. അവൾക്കിപ്പോഴും പഠിച്ചു മതിയായിട്ടില്ല. എല്ലാം സമയത്തും ഇതേ വിചാരമുള്ളു.

രാമണ—ഇനിയും വേണമെങ്കിൽ പഠിക്കാമല്ലൊ. അതിനു വേണ്ടതെല്ലാം ഏല്പ്പെടുത്താം.

ഗോദ—ഓ ഹൊ! എന്തു വേണമെങ്കിൽ ചെയ്തുകൊടുക്കാം. ഒരു വിരോധവുമില്ല. പഠിക്കാൻ മോഹമുള്ളവർതന്നെ വളരെ ചുരുക്കം. അപ്പോൾ അങ്ങിനെ ഒരാൾക്കു താല്പര്യമുണ്ടെങ്കിൽ അതു സാധിപ്പിക്കേണ്ടതല്ലേ?

ഉണ്ണി—എല്ലാം അവിടത്തെ കൃപ. അടിയനൊന്നും അറിഞ്ഞുകൂടാ.

രാമണ—ആ ഭാരമൊന്നും നിങ്ങളറിയേണ്ട. എല്ലാം ഇവിടെ നേരെയാക്കിക്കൊള്ളാം.

ഇതു കേട്ടപ്പോൾ ഉണ്ണിമായ ഒന്നു ഞെട്ടി. വർത്തമാനത്തിന്നിടയ്ക്കാണെങ്കിലും, തന്നെ കാഴ്ചവെയ്ക്കുവാനാണ് കൊണ്ടുപോകുന്നതെന്ന് ഉണ്ണിക്കാളിയമ്മ പറഞ്ഞതു അവൾക്കു ഓൎമ്മ വന്നു. "കാൎയ്യംപററിപ്പോയൊ ഈശ്വരാ" എന്നിങ്ങിനെ ആ സാധു വല്ലാതെ വ്യസനിച്ചു. എന്നു മാത്രമല്ല; താൻ വിചാരിക്കുന്നതുപോലെ കാൎയ്യം സാധിച്ചാൽ ചില വഴിവാടുകളെല്ലാം ചെയ്തേക്കാമെന്നു മനസ്സുറച്ചു പരദൈവത്തെ പ്രാൎത്ഥിക്കുകയും ചെയ്തു. അതിന്റെ ഫലമായിട്ടൊ എന്തൊ ഉണ്ണിക്കാളിയമ്മ സംഭാഷണം നിൎത്തി യാത്രയറിയിക്കുവാനുള്ള നിലയായി. ഉടനെ ഗോദവൎമ്മ രാജാവിനോട് കാണപ്പാടയും വാങ്ങി രണ്ടുപേരും താഴത്തിറങ്ങി രാജ്ഞിയെ കാണുവാനായി പുറപ്പെട്ടു. ഇവരുടെ സകല വൎത്തമാനവും അവിടുന്നു അറിഞ്ഞിരുന്നു. ഉണ്ണിക്കാളിയമ്മ

വന്നു കേറിയ ഉടനെത്തന്നെ രാജ്ഞിയെ കാണാതെ വലിയ തമ്പുരാനെ കാണുവാനാണു് പോയതു്. വിചാരിക്കാതെ സിദ്ധിച്ചിട്ടുള്ള വലിയ ബന്ധുത്വത്തിന്റെയും പദവിയുടേയും സുഖാനുഭവങ്ങളിലുള്ള അത്യാഗ്രഹം കൊണ്ടായിരിക്കാം അവർ അങ്ങിനെ ചെയ്തതു്. അവസാനത്തിലെങ്കിലും അവർ തന്നെ കാണുവാൻ വരാതിരിക്കില്ലെന്നു രാജ്ഞിയും വിചാരിച്ചിരുന്നു. അവിടത്തെ ആലോചനപോലെത്തന്നെ മററെല്ലാവരേയും കണ്ടു് എറണാകുളത്തേയ്ക്കു് മടങ്ങാറായപ്പോൾ ഉണ്ണിക്കാളിയമ്മ അവിടേയും ചെന്നു കണ്ടു. ഇവർ ചെന്നു കയറിയപ്പോൾ തന്നെ രാജ്ഞി ഒന്നു ചിരിച്ചു. ഇതു പണ്ടത്തെ വേഴ്ചയുടെ ഫലമായിരിക്കാമെന്നു് ഉണ്ണിക്കാളിയമ്മയും വിചാരിച്ചു. അവൾക്കു കുറച്ചുനേരം അവിടെയും താമസമുണ്ടായി. ഉള്ള സമയംകൊണ്ടു പഴേ കഥകൾ പലതും വാരി വലിച്ചു പറഞ്ഞുവെങ്കിലും, താൻ വന്ന പ്രത്യേകസംഗതിയെപ്പററി ഉണ്ണിക്കാളിയമ്മ ഒന്നുംതന്നെ സൂചിപ്പിച്ചില്ല. ഒടുക്കം യാത്രപറഞ്ഞു പുറപ്പാടായി. അപ്പോൾ "ഇനിയും കൂടക്കൂടെ കാണാമല്ലൊ" എന്നു മാത്രം രാജ്ഞി അരുളിച്ചെയ്തു. "എറാൻ" എന്നു ഉണ്ണിക്കാളിയമ്മയും പറകയുണ്ടായി. രാജ്ഞിയുടെ ചോദ്യത്തിന്റെ ആന്തരാർത്ഥം ഉണ്ണിക്കാളിയമ്മ നല്ലവണ്ണം ധരിച്ചുവൊ എന്നു സംശയമാണു്. അവർ താൻ വിചാരിച്ചതുപോലെ കാര്യം സാധിച്ചു എന്നു കരുതി കൃതാർത്ഥയോടുകൂടി, സന്ധ്യക്കു മുമ്പുതന്നെ മടങ്ങി വീട്ടിൽ ചെന്നുചേന്നു. ഉണ്ണിക്കാളിയമ്മയ്ക്കുണ്ടായിരുന്ന സന്തോഷം ഇന്നപ്രകാരമാണെന്നു വിചാരിപ്പാൻതന്നെ പ്രയാസമാണ്. ഉണ്ണിമായയുടെ മനോരാജ്യത്തിന്നു് അപ്പോഴും ശമനമുണ്ടായിരുന്നില്ല. ആ യുവതി വീണ്ടും മനോരാജ്യം വിചാരിച്ചുതുടങ്ങി.

## ആറാം അദ്ധ്യായം.

വൃശ്ചികമാസത്തിൻെറ അവസാനകാലം. മഞ്ഞിൻെറ ശല്യം സാമാന്യം തുടങ്ങിയിരിക്കുന്നു. കരിമ്പടവും കുമ്പൻ തൊപ്പിയുമില്ലാതെ, യുവാക്കന്മാരെപ്പോലും കാണുവാൻ പ്രയാസമാണ്. നേരം പ്രഭാതമായിരിക്കുന്നു. ഈ സമയത്ത് കരിമ്പുഴക്ഷേത്രത്തിൻെറ തെക്കുപുറത്തുള്ള പുഴക്കടവിൽ അനവധി നമ്പൂതിരിമാർ കുളിയും സന്ധ്യാവന്ദനവും കഴിഞ്ഞ് ജപം തുടങ്ങിയിരിക്കുന്നു. അന്നത്തെ കുളമന്മാരായ ചില ഉണ്ണിനമ്പൂതിരിമാർ മാത്രം വെള്ളത്തിലിറങ്ങിയതേയുള്ളൂ. ഇവരുടെ ഈ 'ധൃത്തു'കണ്ട് നെററി ചുളിച്ചുകയും ചിലരെ ശാസിക്കയും ചെയ്യുന്ന വയോധികന്മാരും കൂട്ടത്തിലുണ്ട്. ഈ നമ്പൂതിരിമാരുടെ ആകപ്പാടെയുള്ള ധൃതി കണ്ടാൽ, അനുഷ്ഠാനങ്ങളെല്ലാം ആവുന്നതും വേഗത്തിൽ കഴിച്ച്, അടിയന്തിരമായ എന്തൊ ഒരു കാൎയ്യം നടത്തുവാനുണ്ടെന്നു തോന്നും. വാസ്തവം അങ്ങിനെത്തന്നെ ആയിരുന്നു.

അവിടെ അന്നു ജപക്കാലമായിരുന്നു. കൊല്ലംതോറും വൃശ്ചികം ഇരുപത്തിഒന്നാം തിയ്യതി മുതൽ ധനു പത്താം തിയ്യതിവരെയാണ് കരിമ്പുഴ ജപം നടന്നുവരാറുള്ളത്. അതി കേമമായി നടത്തിവരുന്ന ഒരു പ്രത്യേക അടിയന്തിരമാണ് ഈ ജപം. ഇത് ഇന്നും നടന്നുവരുന്നതുമുണ്ട്. ചതുൎവ്വിധമായ ഭക്ഷണത്തിന്നു പുറമെ, നമ്പൂതിരിമാൎക്ക് പരക്കെ മുക്കാൽ പണം ദക്ഷിണയും ചെയ്യാറുണ്ട്. വേദം മുറകഴിച്ച് വേട്ടേക്കരനെ പ്രസാദിപ്പിക്കുകയാണ് ഇതിൻെറ ഉദ്ദേശം. നമ്പൂതിരിമാരെ മാത്രമെ ഇതിന്ന് എടുത്തുവരാറുള്ളൂ; അതിലും വിശേഷിച്ച് സാമൂതിരിയുടെ കൂട്ടുകാരായ 'തിരുനാവായ' ഓത്തന്മാൎക്ക് മാത്രമെ അവിടെ പ്രവേശം അനുവദിക്കപ്പെട്ടിരുന്നുള്ളൂ. തരമുള്ളേടത്തോളം നമ്പൂതിരിമാർ അ

ക്കാലത്ത് അവിടെ ഹാജരാവുകയും പതിവാണ്. ഈ അടിയന്തിരത്തിന്നായി അവിടെ താമസിക്കുന്ന ഏതെങ്കിലും നമ്പൂതിരിമാരെ ചാത്തുസമയത്ത് നിശ്ചിതസ്ഥലങ്ങളിൽ കാണാത്ത പക്ഷം അവരുടെ പേർ പട്ടികയിൽനിന്ന് എടുത്തുകളകയും അവർക്കു ദക്ഷിണ കൊടുക്കാതിരിക്കുകയും ചെയ്യുന്നതു പണ്ടേതന്നെ ഉള്ള ഒരു ഏർപ്പാടാകുന്നു. ഇങ്ങിനെ തള്ളിക്കളയുന്നതിന്നു 'ജപംകുത്തുക' എന്നു പേർ പറയും. ഈ കുററം വരാതിരിക്കുവാൻ വേണ്ടി കാലേക്കൂട്ടി കരുതുന്ന ധൃതികളിൽ ഒന്നാണ് പ്രസ്തുത പുഴക്കടവിൽ ഇപ്പോൾ കാണുന്നത്.

ഈ കൂട്ടത്തിൽ ഒരാൾമാത്രം അശേഷം പരിഭ്രമിക്കാതെ സാവധാനത്തിൽ കുളിക്കുന്നുണ്ടായിരുന്നു. കണ്ടാൽ തന്നെ ആൾ ഒരു പ്രഭുവാണെന്നു തോന്നും. അദ്ദേഹം ഇറങ്ങിയതിന്നടുത്ത് ചങ്ങലവട്ട കുളത്തിപ്പിടിച്ച് ഒരു ഭൃത്യനും നിന്നിരുന്നു. ഉമിക്കരി, മാവില, കാഞ്ഞവെള്ളം മുതലായ സ്നാനോപകരണങ്ങളും തയാർ ചെയ്തിരുന്നു. അദ്ദേഹം ഇരിക്കുന്നതിനടുത്ത് മററാരും ചെന്നു ശല്യപ്പെടുത്തിയിരുന്നില്ല. അദ്ദേഹം ആരോടും ഒന്നും പറഞ്ഞിരുന്നുമില്ല. അങ്ങിനെ ഇരിക്കുമ്പോൾ കുറെ പ്രായം ചെന്ന മറെറാരാൾ ജലസ്പർശത്തിന്നായി അവിടെ ഇറങ്ങിവന്നു. ആ ആൾ ഈ പ്രഭുവിനെ നല്ലവണ്ണം അറിയുമെന്നു തോന്നുന്നുണ്ട്; പരസ്പരം കണ്ടപ്പോൾ തന്നെ രണ്ടുപേരും ഒന്നു ചിരിച്ചു. പിന്നെ അവർ തമ്മിൽ ഒരു ചെറിയ സംഭാഷണമുണ്ടായി.

പ്രഭു—കുന്നത്തിന്ന് ഇപ്പോഴും ക്ഷീണം ബാധിച്ചിട്ടില്ല. ഇത്ര പ്രായമായിട്ടും എല്ലാം കഴിച്ചുകൂട്ടുന്നുണ്ട്. ഇല്ലേ?

കുന്നം—അശേഷം വയ്യാതായി. എങ്കിലും ഈ ജപം ഉപേക്ഷിക്കുവാൻ തോന്നുന്നില്ല. നമ്പൂതിരി ഇന്നലെ വന്നിരിക്കും?

പ്രഭു—ഉവ്വ്. ഇന്നലെ വൈകുന്നേരം വന്നു. ഇവിടെ എത്തിയപ്പോൾ സമയം കുറച്ചധികമായി.

കുന്നം—വിശേഷിച്ച്?

പ്രഭു—അങ്ങിനെ പറയാനൊന്നുമില്ല. സാമൂതിരിയെ കണ്ടിട്ടു കുറച്ചു കാര്യമുണ്ട്. അദ്ദേഹം ഇപ്പോൾ ഇവിടെയാണല്ലൊ.

കുന്നം—ഇനി ജപം കഴിയാതെ അവിടുന്ന് എങ്ങും യാത്രയില്ലെന്നാണ് കേട്ടത്. നേരത്തെ കുളി കഴിച്ച് അമ്പലത്തിൽ എത്തും. വേണമെങ്കിൽ അവിടെ വെച്ചു തന്നെ കാണാം.

പ്രഭു—ധൃതിപ്പെടണ്ട. വന്ന സംഗതി അറിയിച്ചിട്ടുണ്ട്. ഊണു കഴിഞ്ഞിട്ടാവാമെന്നു മറുവടിയും കിട്ടിയിരിക്കുന്നു.

സംഭാഷണം ഇത്രത്തോളം ആയപ്പോഴെക്കും കുന്നത്തു നമ്പൂതിരിയുടെ ശൌചാചമനാദികളെല്ലാം കഴിഞ്ഞു. അദ്ദേഹം ക്ഷേത്രത്തിലേക്കു തന്നെ പുറപ്പാടായി. "തേവാരത്തിന്ന് എല്ലാം അമ്പലത്തിൽ ഒരുക്കമുണ്ട്". എന്നു കുന്നത്തു നമ്പൂതിരി പറഞ്ഞതിന്നു "ഒന്നുംവേണ്ട. ഒരു പെററപുലയാണ്" എന്നായിരുന്നു പ്രഭുവിൻെറ മറുവടി. 'ഉണ്ണിതന്നെയല്ലെ' എന്നു കുന്നത്തു നമ്പൂതിരിയും, 'അതെ' എന്നു പ്രഭുവും പറഞ്ഞു. ഈ കുന്നത്തുനമ്പൂതിരി സാമൂതിരി രാജാവിൻെറ അടുത്ത സേവനായിരുന്ന സാക്ഷാൽ 'അടക്കാപ്പുത്തൂർ കുന്ന്'മായിരുന്നു. ഇദ്ദേഹത്തിനെ ഇവിടെ കണ്ടത് നമ്മുടെ പ്രഭുനമ്പൂതിരിപ്പാടിന്നു വളരെ സന്തോഷമായി. ഊണു കഴിഞ്ഞ് സാമൂതിരിരാജാവിനെ കാണുവാൻ പോകുന്നതിന്നു മുമ്പായി സംഗതികളെല്ലാം ഇദ്ദേഹമായി ആലോചിച്ചിട്ടാവാമെന്നു നമ്പൂതിരിപ്പാട് തീർച്ചപ്പെടുത്തുകയും ചെയ്തു.

കുന്നത്തുനമ്പൂതിരിയുമായി സംഭാഷണം നടത്തിയ

പ്രബല സാക്ഷാൽ മന്ത്രവാദി കല്ലൂർ നമ്പൂതിരിപ്പാടായിരുന്നു. പെരുമ്പടപ്പുമൂപ്പിലെ ആവശ്യപ്രകാരം സാമൂതിരിരാജാവിനെ ചെന്നു കണ്ട് യുദ്ധത്തിന്നു വേണ്ട സഹായം ചെയ്തുകൊടുക്കേണമെന്നു പറയുവാനാണ് അദ്ദേഹം അവിടെ ചെന്നിരിക്കുന്നത്. ശേഷം സംഗതികൾ വഴിയെ അറിയാവുന്നതുകൊണ്ട് ഇവിടെ വിസ്തരിക്കുന്നില്ല. നമ്പൂതിരിപ്പാട് കുളിയും മററും കഴിഞ്ഞു തനിക്ക് ഒഴിച്ചിട്ടുള്ള സ്ഥലത്തേക്കുതന്നെ മടങ്ങി. പോകുന്ന വഴിക്കു സാമൂതിരിയും പരിവാരങ്ങളും അമ്പലത്തിലേക്കു പോകുന്നത് കണ്ടുവെങ്കിലും അദ്ദേഹം ഒഴിഞ്ഞു മാറിപ്പോയതല്ലാതെ അപ്പോൾ കണ്ടതായി ഭാവിച്ചില്ല. നമ്പൂതിരിപ്പാടിനെ സാമൂതിരിയും കണ്ടു. എന്നാൽ അവിടുന്നും കാണാത്തഭാവത്തിൽ നേരെ എഴുന്നുള്ളിയതേയുള്ളു. ഇപ്രകാരം സാമൂതിരിപ്പാട് ക്ഷേത്രത്തിലെഴുന്നള്ളി തൃക്കൺപാർത്തു മതിലകത്തുവന്നു പ്രദക്ഷിണംവെച്ചും നാമംജപിച്ചും കുറെ നേരം അവിടെ കഴിച്ചുകൂട്ടി. ഉദ്ദേശം ഒമ്പതു നാഴിക പുലർന്നപ്പോഴേക്കു അവിടെ ബ്രാഹ്മണഭോജനത്തിന്റെ ആരംഭമായി. എല്ലാവരും ഭക്ഷണത്തിന്നിരിക്കുകയും നമ്പൂതിരിപ്പാട്ടിലേക്കു സകല പദാൎത്ഥങ്ങളും അദ്ദേഹത്തിന്റെ വസതിയിലേക്കു എത്തിച്ചുകൊടുക്കുകയും ചെയ്തു. നമ്പൂതിരിപ്പാടിന്റെ ഊണു കഴിഞ്ഞപ്പോഴെക്കും കുന്നത്തു നമ്പൂതിരിയും അവിടെ ചെന്നുചേൎന്നു.

കല്ലൂർ—കുന്നത്തിനെ കണ്ടതു നന്നായി. ഒന്നു കാണണമെന്നു കരുതി. ഒരാളെ അങ്ങോട്ടു പറഞ്ഞയച്ചാലൊ എന്നു തന്നെ വിചാരിച്ചുകൊണ്ടിരിക്കുകയായിരുന്നു.

കുന്നം—വിശേഷിച്ചു വല്ലതും ഉണ്ടായിട്ടോ?

കല്ലൂർ—കുറച്ചൊരു വിശേഷമുണ്ട്. വലിയ ബുദ്ധിമുട്ടൊന്നും ഉണ്ടാകുമെന്നു തോന്നുന്നില്ല.

കുന്നം—കുറച്ചു ബുദ്ധിമുട്ടേണ്ടതാണെങ്കിൽത്തന്നെ പ്രായാധിക്യ

ത്താലുള്ള ദോഷമല്ലാതെ വേറെ യാതൊരു വിരോധവു മില്ല.

കല്ലൂർ—ആ സംശയം എനിക്കില്ല. കാര്യം കുറച്ചു ഗൂഢമായിരിക്കേണ്ടതാണ്.

കുന്നം—അങ്ങിനെ ഒരു കാര്യം എന്നെക്കൊണ്ടു നിവൃത്തിക്കേണ്ടതായി എനിക്കു തോന്നുന്നില്ല. എങ്കിലും കേൾക്കട്ടെ.

കല്ലൂർ—പറയാം. (എന്നു പറഞ്ഞു നാലു പുറവും ഒന്നു നോക്കി)

കുന്നം—ഇല്ല. ഇപ്പോൾ ആരും ഇങ്ങോട്ടു വരുമെന്നു തോന്നുന്നില്ല. സാമൂതിരിയെക്കണ്ടു സംസാരിക്കുന്നതിന്ന് ഇപ്പോഴാണ് പരക്കെ അവസരം. അതുകൊണ്ടു എല്ലാവരും ഇപ്പോൾ അങ്ങോട്ടു പോയിരിക്കും.

കല്ലൂർ—അദ്ദേഹത്തിന്റെ ഊണും മററും കഴിഞ്ഞുവോ?

കുന്നം—ഇപ്പോഴാണ് ഊണിന്റെ സമയം. അതിനിടക്കു വല്ല നേരംപോക്കും പറഞ്ഞ് അങ്ങിനെയിരിക്കും. പ്രമാണികളായ നമ്പൂതിരിമാർ എല്ലാവരും അവിടെ ചെന്നു കൂടുകയും ചെയ്യും. ഇതാണ് പതിവ്.

കല്ലൂർ—എന്നാൽ ഇപ്പോൾ ഊണു കഴിയാറായിക്കാണും ഇല്ലേ?

കുന്നം—ഏകദേശം ഒട്ടായിക്കാണും. എന്നെ കാണണമെന്നു പറഞ്ഞത് എന്തിനായിട്ടാണെന്ന് ഇനിയും മനസ്സിലായില്ല.

കല്ലൂർ—പറയാം. കൊച്ചിയിൽ ഇയ്യിടെ ഒരു ദത്തും മററും ഉണ്ടായത് കുന്നം കേട്ടിട്ടില്ലേ?

കുന്നം—അങ്ങിനെ കേട്ടു. വെട്ടത്തുനിന്നായിരുന്നു എന്നാണ് കേട്ടത്. അതുകൊണ്ട്?

കല്ലൂർ—മറെറാന്നുമല്ല. ന്യായമായ അവകാശി ഇരിക്കു മ്പോഠം ഇങ്ങിനെ പ്രവൃത്തിക്കുന്നതുകൊണ്ടുള്ള വൈഷമ്യം കുന്നത്തിന്നുതന്നെ അറിയരുതെ?

കുന്നം—(കുറച്ചാലോചിച്ച്) എന്താ ചരിത്രത്തിൻെറ ആരംഭമുണ്ടൊ?

കല്ലൂർ—ആരംഭമല്ല. ഇതു സ്പഷ്ടമായിക്കഴിഞ്ഞു.

കുന്നം—ഇനി എന്താണ് പെരുമ്പടപ്പു മൂപ്പിന്നു വിചാരിക്കുന്നത്? അദ്ദേഹത്തിനെ ഇങ്ങിനെ ധിക്കരിക്കുന്നതു ഭംഗിയല്ല.

കല്ലൂർ—ഈ കാൎയ്യംകൊണ്ട് ആലോചിക്കുവാൻ തന്നെയാണ് ഞാനിങ്ങോട്ടു പുറപ്പെട്ടത്. സാമൂതിരിരാജാവിൻെറ സഹായംകൂടി ഞങ്ങഠംക്കു ആവശ്യമായിരിക്കുന്നു.

കുന്നം—അവർ പണ്ടുതന്നെ ഇവിടുത്തെ കൂറുകാരാണല്ലൊ. അതുകൊണ്ടു സാമൂതിരി നിശ്ചയമായും സഹായിക്കും.

ഇതു കേട്ടപ്പോഠം നമ്പൂതിരിപ്പാട്ടിലേക്കു വളരെ ഉത്സാഹമായി. അദ്ദേഹം തൻെറ ഉദ്ദേശങ്ങളെല്ലാം കുന്നത്തു നമ്പൂതിരിയെ ധരിപ്പിച്ചു. കാൎയ്യം നേരെയാക്കി തരുവാൻ കുന്നത്തു നമ്പൂതിരി ശ്രമിക്കണമെന്നു നമ്പൂതിരിപ്പാട് ആവശ്യപ്പെടുകയും അങ്ങിനെ ചെയ്യാമെന്നു അദ്ദേഹം സമ്മതിക്കുകയും ചെയ്തു. ഇത്രത്തോളമായപ്പോഴക്കും വേറെയും ചില നമ്പൂതിരിമാർ അവിടെ ചെന്നുകൂടി. അപ്പോഠം ഇവർ സംഭാഷണം നിൎത്തി വേറെ വിഷയത്തിൽ പ്രവേശിച്ചു. ഓരോരുത്തരും അവരവരുടെ ഓൎമ്മപോലെ ഓരോ പഴമ്പുരാണങ്ങഠം പറഞ്ഞു രസിച്ചുതുടങ്ങി. ഇങ്ങിനെ ഏകദേശം രണ്ടു നാഴിക പിന്നേയും കഴിഞ്ഞു. അപ്പോഴേക്കും സാമൂതിരിപ്പാട്ടിലെ ആഠം വന്നു നമ്പൂതിരിപ്പാടിനെ കോവിലകത്തേക്കു കൂട്ടിക്കൊണ്ടുപോയി.

കരിമ്പുഴക്ഷേത്രത്തിന്നു അടുത്തുതന്നെ ആയിരുന്നു സാ

മൂതിരിപ്പാട്ട എഴുന്നള്ളിയിരുന്നിരുന്നത്. അവിടേക്ക അവിടെ സ്ഥിരതാമസമില്ലായിരുന്നതുകൊണ്ട ആ കോവിലകം അധികം വലുപ്പത്തിൽ പണിചെയ്തിട്ടുണ്ടായിരുന്നില്ല. ഒരു ചെറിയ നാലുകെട്ടും പുറത്തു ഒരു മാളികയും മാത്രമേ ഉണ്ടായിരുന്നുള്ളു. സാമൂതിരിപ്പാട്ട എഴുന്നള്ളിയിരുന്നിരുന്നത് ആ മാളികയിൽ തന്നെയായിരുന്നു. നമ്പൂതിരിപ്പാട്ട കയറിച്ചെന്നപ്പോൾ തന്നെ സാമൂതിരിപ്പാട്ട എഴുനീററു. ഒന്നു രണ്ട വാക്ക കുശലപ്രശ്നം ചെയ്തതിന്നു ശേഷം നമ്പൂതിരിപ്പാട്ടിലേക്ക ഒരു പലക ഇട്ടുകൊടുത്തു അദ്ദേഹത്തെ അവിടെ ഇരുത്തി. അവിടുന്നും യഥാസ്ഥാനത്തിരുന്നു. പിന്നെ അവർ തമ്മിൽ ദീൎഘമായ ഒരു സംഭാഷണവും ഉണ്ടായി.

സാമൂ—ഇപ്പോൾ നമ്പൂതിരിപ്പാട് ഇങ്ങോട്ടു പുറപ്പെട്ടുമെന്ന് അശേഷം വിചാരിച്ചിരുന്നില്ല. ആകപ്പാടെ കണ്ടതു വളരെ സന്തോഷമായി.

കല്ലൂർ—ഇവിടെ വന്നുകാണേണമെന്ന് പലപ്പോഴും ഞാൻ വിചാരിക്കാറുണ്ട്. പക്ഷെ പല ബദ്ധപ്പാട്ട നിമിത്തം ഇതുവരെ സാധിച്ചില്ല. ഇപ്പോൾ ഇവിടെ വന്നുകാണാതെ നിവൃത്തിയില്ലാത്ത ഒരു ഘട്ടമായി.

സാമൂ—അങ്ങിനെ വന്നതു നന്നായി എന്നുതന്നെ പറയട്ടെ. എന്തെങ്കിലും ചില കാരണങ്ങളുണ്ടായാലെ കാൎയ്യങ്ങൾ ഉണ്ടാകയുള്ളൂ. ഇപ്പോൾ നമ്പൂതിരിപ്പാട്ടിലേക്ക് ഇങ്ങിനെ ഒരാവശ്യം നേരിട്ടിട്ടില്ലെങ്കിൽ ഇവിടെ വരുവാനും ഞങ്ങൾക്ക് ഇപ്രകാരമുള്ളവരെ കാണുവാനും സാധിക്കുന്നതല്ലല്ലോ.

കല്ലൂർ—ഇപ്പോഴത്തെ വരവ് എന്റെ പ്രത്യേക ആവശ്യത്തിന്നല്ലെങ്കിലും എനിക്കും ആവശ്യമുള്ള ഒരു സംഗതി ഇവിടെ അറിയിപ്പാനുണ്ട്.

സാമൂ—എന്നെക്കൊണ്ടു വേണ്ടതിന്നു യാതൊരു തടസ്ഥവുമില്ല. കാൎയ്യത്തിന്റെ താരതമ്യംപോലെയാണ് എ

ൻെറ സഹായത്തിൻെറ ഫലസിദ്ധി എന്നു പ്രത്യേകിച്ച ഞാൻ പറയേണ്ടതില്ലല്ലൊ.

കല്ലൂർ— ഇവിടെ വിചാരിച്ചാൽ അത്ര പ്രയാസമില്ലാത്ത ഒരു സംഗതിയാണ്. ഞങ്ങൾക്ക മാത്രമല്ല; കൊച്ചിരാജ്യത്തിന്ന് ഒട്ടാകെ ശ്രേയസ്കരമായ ഒരു കാൎയ്യവുമാകുന്നു. അതുകൊണ്ട എൻെറ അപേക്ഷയെ ഉപേക്ഷിക്കരുതെന്ന്, എനിക്കധികാരമില്ലെങ്കിലും, ഞാൻ നിൎബ്ബന്ധിക്കുന്നു.

സാമൂ—നല്ല ശിക്ഷ! എന്നെ വേണ്ടതുപോലെ ഉപദേശിച്ച കൊണ്ട നടത്തുവാനുള്ള അവകാശവും അധികാരവും നിങ്ങളെപ്പോലുള്ളവൎക്കല്ലാതെ മററാൎക്കാണുള്ളത്? ഈ വക അന്ധാളിത്തം അശേഷം വേണ്ട. എത്രയെങ്കിലും നിൎബ്ബന്ധിക്കുകയോ എന്നെ ശാസിക്കുകയൊ ചെയ്യുന്നതിന്നു യാതൊരു വിരോധവുമില്ല. എന്നുമാത്രമല്ല അങ്ങിനെ ചെയ്യണമെന്നാണ് എൻെറ മോഹം.

കല്ലൂർ— പറങ്കികളുടെ ദുൎബ്ബോധന നിമിത്തം വെട്ടത്തു തമ്പുരാക്കന്മാർ കൊച്ചിയിൽ കടന്നുകൂടിയ ഒരു കാലമാണല്ലൊ ഇപ്പോൾ. ഇവൎക്ക സഹായമായി രാമണ്ണകോവിൽ എന്നൊരു വിദ്വാനും അവിടെ ഉണ്ട്.

സാമൂ—(ചിരിച്ചുകൊണ്ട്) പറങ്കികൾ വലിയ സമൎത്ഥന്മാരാണ്. തങ്കാൎയ്യം നോക്കുന്നതിന്നു ഇത്ര മിടുക്ക മററാൎക്കമില്ല. അവർ മലയാളികളെ മിരട്ടി പല കാൎയ്യങ്ങളും നേടിവരുന്നുണ്ട്. രാമണ്ണകോവിലിൻെറ സ്വഭാവവും ഏതാണ്ട് എനിക്കറിയാം.

കല്ലൂർ—കുറച്ചുകാലം മുമ്പ് കൊച്ചിയിലെ മൂപ്പിലെത്തന്നെ ഈ സ്ഥാനത്തു നിയമിക്കുകയും ഈയിടെ അവിടുത്തെ തള്ളിക്കളകയും ചെയ്ത വിവരവും ഇവിടെ അറിഞ്ഞിരിക്കുമല്ലൊ.

സാമൂ—അങ്ങിനെ കേട്ടു. അദ്ദേഹം ഒരു നല്ല ആളാണ്.

പക്ഷെ എത്രതന്നെ ഗുണമുണ്ടെങ്കിലും ഏകാകിയായ ക രുവന്ന് ഈ സന്ദർഭത്തിൽ എന്തു ചെയ്വാൻ കഴിയും?

കല്ലൂർ—പാലിയത്തച്ഛൻ മാത്രമേ ഇപ്പോൾ അവിടുത്തെ സഹായമുള്ളൂ.

സാമൂ—ചാഴൂർ മൂപ്പിനും മററും വേണ്ട സഹായങ്ങൾ ചെയ്യില്ലേ? സ്വാധികാരം വീണ്ടെടുക്കുന്നത് അവർക്കും നല്ലതാണല്ലോ.

കല്ലൂർ—അവരും സഹായികൾ തന്നെയാണ്. പക്ഷെ യുദ്ധസാമഗ്രികളും ഭടന്മാരും ഇല്ലാത്തവരുടെ സഹായംകൊണ്ടു വലിയ ഫലമൊന്നും ഇല്ലല്ലോ.

സാമൂ—അതു ശരിയാണ്. എങ്കിലും യുദ്ധച്ചിലവിലേക്കു വേണ്ടിവരുന്ന ധനം സഹായിച്ചുകൊടുക്കുന്നതിന്ന് അവർക്കും സാധിക്കില്ലേ?

കല്ലൂർ—അങ്ങിനെ ചെയ്യാമെന്നു അവർ സമ്മതിച്ചിട്ടുമുണ്ട്. അതുകൊണ്ടൊന്നും ഞങ്ങൾക്കു സമാധാനമായില്ല.

സാമൂ—തലപ്പിള്ളി രാജാവും മനക്കോട്ടു നായരും മൂപ്പിലെ ഭാഗത്തല്ലേ? അവരുടെ അധീനത്തിൽ ഏതാനും സൈന്യങ്ങളും യുദ്ധസാമഗ്രികളുമുണ്ടല്ലോ.

കല്ലൂർ—(സാമൂതിരിപ്പാട്ടിലെ ചാരചക്ഷുസ്സിനെക്കുറിച്ചു അത്ഭുതപ്പെട്ടുംകൊണ്ട്) ഇവിടുന്ന് കാര്യങ്ങളെല്ലാം അറിഞ്ഞിട്ടുണ്ട്. ഇനി ഞാനൊന്നും അറിയിക്കേണ്ടതില്ല.

സാമൂ—അതൊന്നും അത്ര കണക്കാക്കേണ്ട. ഞാൻ എന്തോ ചിലതെല്ലാം പറയുന്നു എന്നേയുള്ളൂ. നമ്പൂതിരിപ്പാട് പറയുവാൻ വന്ന കാര്യം ഇന്നതാണെന്നു സ്പഷ്ടമായിപ്പറയുകതന്നെ വേണം.

കല്ലൂർ—പറങ്കികളോടു ചുരുക്കത്തിൽ ഒരു യുദ്ധം വേണ്ടിവരുമെന്നുതന്നെയാണ് തോന്നുന്നത്. അതിന്ന് ഇവിടുന്നും കൂടി സഹായിക്കണം. ഈ സംഗതി ഇവിടെ അറിയിക്കു

വാൻ തന്നെയാണ് ഞാനിപ്പോഠം ഇവിടെ വന്നിരിക്കുന്നത്.

സാമൂ—(ഇതു മുമ്പുതന്നെ കരുതിയിരുന്നതാണ് എന്നു വിചാരിച്ചുംകൊണ്ട്) അതിനെന്താണ് പ്രയാസം? യുദ്ധം ചുരുക്കത്തിൽ തന്നെ കലാശിക്കുമെന്നു തോന്നുന്നില്ല. വെട്ടത്തു രാജാക്കന്മാരും മററും ഒത്തുകൂടീട്ടുണ്ടല്ലോ. ഏതായാലും കഴിയുന്ന ശ്രമം നമുക്കു ചെയ്തു നോക്കണം.

കല്ലൂർ—(സാമൂതിരിപ്പാട്ടിലെ മറുവടിയിൽ സന്തോഷിച്ചുകൊണ്ട്) എന്നാൽ ഈ വിവരം ഞാൻ അവിടെ അറിയിക്കട്ടെ. ഇതു അവിടേക്കു വളരെ ആശ്വാസകരമായിരിക്കുമെന്നു പറയേണ്ടതില്ലല്ലോ.

സാമൂ—(കുറച്ചാലോചിച്ചിട്ട്) ഓ, അങ്ങിനെയാവാം. പക്ഷെ വേറെയും ചില സംഗതികഠം പറയാനുണ്ട്. മങ്ങാടനുംകൂടി വന്നോട്ടെ. വിവരം ഞാൻ എഴുത്തുമൂലം അറിയിച്ചുകൊള്ളാം.

കല്ലൂർ—എന്നാൽ മതി. ഇനി എനിക്കു വിശേഷിച്ചൊന്നും ഇവിടെ അറിയിക്കേണ്ടതില്ല. എൻെറ ആഗമനം സഫലമായല്ലോ എന്നുള്ള ഒരു കൃതാൎത്ഥത എന്നെ സാമാന്യത്തിലധികം സന്തോഷിപ്പിക്കുന്നുണ്ട് എന്നുള്ള പരമാൎത്ഥം അറിയിക്കാതേയും നിവൃത്തിയില്ല.

സാമൂ—സഫലമാകുന്ന കാൎയ്യം ഒടുക്കമല്ലേ അറിയാവൂ. അതിനെപ്പററി ഇപ്പോഠം ഒന്നുംതന്നെ തീരുമാനിക്കേണ്ട.

കല്ലൂർ—എന്നെ സംബന്ധിച്ചേടത്തോളമാണ് ഞാൻ പറഞ്ഞത്. ഇവിടെ വന്നു കണ്ട് കാൎയ്യം പറഞ്ഞ് അനുവാദം വാങ്ങിക്കൊണ്ടു പോകണം. അതാണ് എൻെറ ഉദ്ദേശം. അതു സാധിച്ചു. ഞാൻ ഇന്നുതന്നെ യാത്രയാണ്.

സാമൂ—അത്രയായോ? രണ്ടു ദിവസം കഴിഞ്ഞിട്ടുപോരെ?

കല്ലൂർ—ഇപ്പോഠം താമസിക്കുവാൻ നിവൃത്തിയില്ല. എനിക്കു ഒരു പെററപുലയാണ്. ഇന്നു എട്ടായി. നാളെ വൈകുന്നേരം തന്നെ അവിടെ എത്തണം.

"എന്നാൽ അങ്ങിനെയാവട്ടെ" എന്നു പറഞ്ഞു സാമൂതിരിപ്പാട് ഓണപ്പുടവയും മററും കൊടുത്തു നമ്പൂതിരിപ്പാട്ടിലെ സന്തോഷിപ്പിച്ചു യാത്രയാക്കി. മേലാൽ വേണ്ട സംഗതികളെപ്പററി ഗാഢമായി ആലോചിച്ചുകൊണ്ടു സാമൂതിരിപ്പാടും ഇരിപ്പായി. നമ്പൂതിരിപ്പാടു യാത്രപറഞ്ഞു താഴത്തിറങ്ങി സ്വസ്ഥാനത്തുചെന്നു കുന്നത്തു നമ്പൂതിരിയെ കണ്ട് കാര്യങ്ങൾ ഒന്നുകൂടി പറഞ്ഞേല്പിച്ചു അവിടംവിട്ടു പോരികയും ചെയ്തു. നമ്പൂതിരിപ്പാട് പോയ ഉടനെ തന്നെ കുന്നത്തു നമ്പൂതിരി സാമൂതിരിപ്പാടിൻെറ സമീപം ചെന്നുകൂടി. ഈ നമ്പൂതിരി കാര്യം അറിഞ്ഞിട്ടില്ലായിരിക്കുമെന്നും ഇദ്ദേഹത്തിനോടുകൂടി ആലോചിക്കുന്നതു നന്നായിരിക്കുമെന്നും കരുതി സാമൂതിരിപ്പാട് നമ്പൂതിരിയോടു ഇങ്ങിനെ പറഞ്ഞുതുടങ്ങി.

സാമൂ—കല്ലൂര നമ്പൂതിരിപ്പാട് വന്നിരുന്ന വർത്തമാനം നമ്പൂതിരിയും അറിഞ്ഞിരിക്കുമല്ലൊ.

കുന്നം—അറിഞ്ഞു; ഇത്രനേരം ഞങ്ങൾ ഒരുമിച്ചുതന്നെയായിരുന്നു. പോകുമ്പോഴും കണ്ടു.

സാമൂ—കാര്യവും മനസ്സിലായി ഇല്ലേ?

കുന്നം—ഉവ്വ്. ഇവിടെ ഒന്നുകൂടി നിഷ്കർഷിക്കേണമെന്നു വീണ്ടും വീണ്ടും പറഞ്ഞേല്പിച്ചിട്ടാണ് നമ്പൂതിരി പോയിരിക്കുന്നത്.

ഇവർ ഇത്രത്തോളം പറഞ്ഞപ്പോഴെയ്ക്കും മങ്ങാട്ടച്ചനും അവിടെ വന്നുചേർന്നു. അനന്തരം കാര്യങ്ങളെല്ലാം അച്ചനേയും ധരിപ്പിച്ചു. ഏതു നിലയിലാണ് സാമൂതിരിപ്പാട് സഹായിക്കേണ്ടതെന്ന സംഗതിയെപ്പററി ആലോചിച്ചുകൊണ്ട് അച്ചൻ കുറേ നേരം അവിടെത്തന്നെ നിന്നു. അപ്പോൾ ആരുമാരും ഒന്നും പറഞ്ഞില്ല. ഒടുക്കം സാമൂതിരിപ്പാട് തന്നെ ഇങ്ങിനെ പറഞ്ഞു.

സാമൂ— കാര്യം തരക്കേടില്ല. ഒന്നുകിൽ കൊച്ചിരാജ്യം സാമൂതിരിയുടെ സഹായംകൊണ്ടു നന്നാവും. അല്ലെങ്കിൽ സാമൂതിരി കൊച്ചിയിലെ രാജാവായിത്തീരും. ഏതായാലും ശ്രമിച്ചുനോക്കണം. എന്താ മങ്ങാടന്റെ അഭിപ്രായം?

മങ്ങാട—എറാൻ, സംശയമില്ല. ഈ നേരം വെറുതെ കളയുന്നതു ഭംഗിയല്ല.

കുന്നം—ഇപ്പോൾ കൊച്ചിയിൽ കടന്നു കൂടുന്നതായാൽ ഏറെത്താമസിയാതെ അവിടുത്തെ ആഗ്രഹം സാധിക്കുമെന്നു തീച്ചയാണ്. പക്ഷെ സഹായിക്കുവാനല്ലെ അവർ ആവശ്യപ്പെട്ടിട്ടുള്ളത്. അപ്പോൾ വിപരീതം പ്രവത്തിക്കുന്നതു ഭംഗിയാണൊ?

സാമൂ—ഇപ്പോൾ കൊച്ചിയോടു പടവെട്ടുവാനല്ല പോകുന്നത്. അവരെ സഹായിപ്പാൻ തന്നെയാണ്.

കുന്നം—അപ്പോൾ കൊച്ചിരാജ്യം സാമൂതിരിക്കു കീഴടങ്ങുന്നതെങ്ങിനെ? അതെനിക്കു മനസ്സിലായില്ല.

മങ്ങാ—അതിനൊക്കെ വഴിയുണ്ടാവും. ഏതായാലും സൌകര്യമുള്ളപ്പോൾ ശ്രമിക്കാതിരിക്കരുത് തീച്ചതന്നെ.

ഇങ്ങിനെ കുറെ നേരം സാമൂതിരിപ്പാടും മങ്ങാട്ടച്ചനും കുന്നത്തു നമ്പൂതിരിയും കൂടി ഓരോന്നു പറഞ്ഞുംകൊണ്ട് അവിടെയിരുന്നു. അന്നത്തെ ദിവസം അങ്ങിനെ കഴിഞ്ഞു. പിന്നേയും ഈ സംഗതിയെക്കുറിച്ചു തന്നെ അവർ ആലോചിച്ചുവന്നു. അങ്ങിനെ കരിമ്പുഴ ജപവും അവസാനിച്ചു. സാമൂതിരിപ്പാടു പതിവുപോലെ നമ്പൂതിരിമാക്കു ജപദക്ഷിണയും മററും കഴിച്ച് അനുഗ്രഹം വാങ്ങി. വേട്ടേക്കരനു വഴിവാടു നടത്തി അവിടുത്തെ പ്രസാദം വാങ്ങിക്കൊണ്ട് കോഴിക്കോട്ടേക്കു മടങ്ങി എഴുന്നള്ളുകയും ചെയ്തു. വൃദ്ധനായ കുന്നത്തു നമ്പൂതിരിക്കു കാര്യങ്ങളെല്ലാം വിവരമായി അറിയുന്നതിന്നു വളരെ താല്പര്യമുണ്ടായിരുന്നു. പക്ഷെ കോഴിക്കോട്ടു ചെന്നു താമസിക്കുമ്പോൾ പണ്ടത്തെപ്പോലെ നിത്യവൃ

ത്തി കഴിച്ചുകൂട്ടുവാൻ അപ്രാപ്തനായിരുന്നതുകൊണ്ട് ഇത്തവണ സാമൂതിരിപ്പാടൊരുമിച്ച് അദ്ദേഹം പോയില്ല. കല്ലൂർ നമ്പൂതിരിപ്പാടാകട്ടെ വലിയ കൃതാൎത്ഥതയോടുകൂടി മടങ്ങിച്ചെന്ന് വിവരങ്ങളെല്ലാം മൂപ്പിലെ അറിയിച്ചു. അവിടേക്കും ഒരുവിധം സമാധാനമായി.

---

## ഏഴാമദ്ധ്യായം.

---

ഇപ്പോൾ പാലിയത്തച്ചൻെറ കുഡുംബം വയ്പിലേക്കു സ്ഥലം മാററിയ ഒരു കാലമാണ്. അവിടെ വെളിയത്താംപറമ്പ് എന്നൊരു ദേശവഴിയും വലിയ ഒരു ക്ഷേത്രവുമുണ്ട്. അവിടെത്തന്നെയാണ് അച്ചൻെറ വാസസ്ഥലവും. കൊച്ചിയിലെ ഭടനായകസ്ഥാനമുണ്ടെങ്കിലും അച്ചൻ സ്വന്തം ഭവനത്തിൽ തന്നെയാണ് അധികവും താമസിച്ചിരുന്നത്. വയ്പ്കരയുടെ മേൽക്കോയ്മസ്ഥാനവും അച്ചനു സിദ്ധിച്ചിട്ടുണ്ട്. അവിടെ കുറച്ചു ഭൂസ്വത്തും അച്ചൻെറ കുഡുംബത്തിലേക്കു ഉറച്ചുകിട്ടിയിരിക്കുന്നു. മൂത്ത താവഴിത്തമ്പുരാക്കന്മാരെ സഹായിക്കുവാൻ അച്ചൻ കൊണ്ടുപിടിച്ചു ശ്രമിക്കുന്ന ഒരു കാലമാണ് ഇപ്പോഴും. താൻ തന്നെ രാജ്ഞിയെ നേരിട്ടു കണ്ടു വിവരം ഒന്നു തിരുമനസ്സുണർത്തിക്കേണമെന്നും അച്ചൻ കരുതിയിരുന്നു. പക്ഷെ അതിന്നവസരം കിട്ടാതെ ദിവസം നീണ്ടു നീണ്ടു പോവുകയാണ്. ഇതിനിടെ ത്രുശത്രു കയ്യാൾ വീട്ടിൽ ഗോദചന്ദ്ര രാജാവിൻെറ കട്ടിലേററം നിശ്ചയിച്ച വിവരം അച്ചനും അറിവുകിട്ടി. ഈ സംഗതി അച്ചന് വലിയ അസ്വാസ്ഥ്യത്തെ ജനിപ്പിച്ചു. വെട്ടത്തു രാജാക്കന്മാരുടെ ശക്തി വൎദ്ധിക്കുവാൻ ഇതും ഒരു മാൎഗ്ഗമായിത്തീരാതെയിരിക്കയില്ല എന്ന വിചാരമാണ് അച്ചൻെറ ഈ അസ്വാസ്ഥ്യത്തിന്നു കാരണം. കയ്യാൾ സഹായിക്കുമ്പോൾ ആ

യാളുടെ ബന്ധുവായ പുറക്കാട്ടു രാജാവും ഗോദവൎമ്മ രാജാവിന്റെ ഭാഗത്തേയ്ക്കു ചേരാതെയിരിക്കയില്ലെന്നും അച്ചൻ വിചാരിച്ചു. ഏതായാലും രാജ്ഞിയെ ചെന്നു കാണുക തന്നെ എന്നു നിശ്ചയിച്ച് ഒരു ദിവസം അച്ചൻ കൊച്ചിക്കു പുറപ്പെട്ടു. അവിടെ ചെണ്ണു കയറിയപ്പോൾ രാമണ്ണക്കോവിലിനെയാണ് ഒന്നാമതായി കണ്ടത്. അദ്ദേഹത്തിന് ഈ കാഴ്ച എന്തോ ചില വികാരഭേദങ്ങളെ ഉണ്ടാക്കിത്തീൎത്തുവെങ്കിലും, അതൊന്നും പുറത്തു കാണിയ്ക്കാതെ മൎയ്യാദയ്ക്കു കുശലപ്രശ്നം ചെയ്ത് അച്ചനേയും കൂട്ടിക്കൊണ്ട് അദ്ദേഹം രാമവൎമ്മരാജാവിന്റെ സന്നിധിയിലേയ്ക്കു ചെന്നു. ഇങ്ങിനെ ചെയ്തതിൽ രാമണ്ണക്കോവിലിന്നു പ്രത്യേകമായ ഒരു ഉദ്ദേശമുണ്ടായിരുന്നു. അതു മറ്റൊന്നുമല്ല. വല്ല വിധത്തിലും അച്ചനെ സ്വാധീനത്തിലാക്കണമെന്നതു തന്നെ. അതും താൻ തന്നെ നേരിട്ടു ചെയ്യുന്നതിനേക്കാൾ അധികം നല്ലതു തന്റെ തമ്പുരാക്കന്മാരെക്കൊണ്ടു ചെയ്യിക്കുന്നതാണ് എന്നും കൂടി അദ്ദേഹം കരുതിയിരുന്നു.

ഈ സംഗതി രാമവൎമ്മരാജാവിനോട് ഇതിന്നു മുമ്പുതന്നെ അദ്ദേഹം പറഞ്ഞിരുന്നു. ഏതു വഴിക്കാണ് അച്ചനെ സ്വാധീനം വെയ്ക്കേണ്ടതെന്നു രാമവൎമ്മരാജാവിനും നല്ല നിശ്ചയമുണ്ടായിരുന്നില്ല. ആകപ്പാടെ അദ്ദേഹത്തിനും ഒരു വിചാരമായിത്തീൎന്നു. അതിന്നും പുറമെ അനുജന്റെ സംബന്ധം നടത്തുവാനുള്ള ധൃതിയും അദ്ദേഹത്തിന്റെ വിചാരത്തെ ദ്വിഗുണീകരിച്ചിട്ടുണ്ട്. ഈ അവസരത്തിലാണ് രാമണ്ണക്കോവിലും അച്ചനും അവിടെ കയറിച്ചെന്നത്. വിചാരിക്കാതെ തന്നെ അച്ചനെ അവിടെ കണ്ടപ്പോൾ രാമവൎമ്മരാജാവ് അല്പം ഒന്നു പരുങ്ങി. എങ്കിലും ക്ഷേമവൎത്തമാനങ്ങൾ ചിലതു ചോദിച്ചു എന്നു വരുത്തിക്കൂട്ടി, തന്റെ ഉദ്ദേശം എങ്ങിനെ സാധിക്കുമെന്നു പരീക്ഷിപ്പാനായി ഇങ്ങിനെ പറഞ്ഞുതുടങ്ങി:—

രാമവൎമ്മ—ഇവിടെ പുരുഷത്തിൽ ഒരു വിശേഷസംഗതി ആലോചിച്ചുവരുന്നുണ്ട്. മേനവനും അറിഞ്ഞിരിക്കുമല്ലോ.

അച്ചൻ—ചിലതെല്ലാം അടിയനും കേട്ടു. പക്ഷെ ഇപ്പോൾ അരുളിച്ചെയ്യുന്നത് എന്താണെന്നു മനസ്സിലായില്ല.

രാമവൎമ്മ—മറ്റൊന്നുമല്ല, ഗോദവൎമ്മനു ചെറുപ്പമല്ലേ. കയ്യാൽ വീട് ഇവിടെ അടുത്തുതന്നെയാണുതാനും. ഞങ്ങൾ ഒരു കാൎയ്യം നിശ്ചയിച്ചു.

അച്ചൻ—(കാൎയ്യം മനസ്സിലായി നടിച്ച്) ശരി. അങ്ങിനെ ഒന്നുണ്ടാവുന്നതു നല്ലതു തന്നെ. കയ്യാൽ ഒരു സ്ഥിതിയിൽ ഇരിക്കുന്ന നല്ല ഒരു പ്രമാണിയാണ്.

രാമവൎമ്മ—കാൎയ്യം തരക്കേടില്ലെന്നു തന്നെയാണല്ലോമേനവന്റെയും അഭിപ്രായം, ഇതിന്നു മുമ്പുതന്നെ ഈ സംഗതിയെപ്പററി മേനവനോടാലോചിക്കേണ്ടതായിരുന്നു. രാമണ്ണങ്കോവിലിന്റെയും മററും ബദ്ധപ്പാടുകൊണ്ടു അതിനു സാധിച്ചില്ലെന്നേയുള്ളു.

രാമണ്ണ—അതുകൊണ്ടു തരക്കേടൊന്നുമില്ല. ഞാൻ തീൎച്ചയായി യാതൊന്നും അവിടെ പറഞ്ഞിട്ടില്ല. അവൾക്കു സമ്മതമാണോ എന്നറിയുവാൻവേണ്ടി ചിലതെല്ലാം പറഞ്ഞു എന്നുമാത്രമേയുള്ളൂ.

അച്ചൻ—("ഇതെന്തു കഥ ആലോചന മാററുവാൻ ഭാവമുണ്ടോ" എന്നു വിചാരിച്ച് ഒന്നു ഞെട്ടി) ഈ സംഗതി ഇവിടുന്നുതന്നെ ആലോചിച്ചു തീൎച്ചപ്പെടുത്തിയാൽ ധാരാളമായി. അതാണ് വേണ്ടതും.

രാമവൎമ്മ—മേനവനോടാണ് ഈ വേഴ്ച വേണ്ടിയിരുന്നത്. അതിനാണ് ഇപ്പോഴും എനിക്കു മോഹം.

രാമണ്ണ—(ബദ്ധപ്പെട്ടുകൊണ്ട്) അതു വളരെ നല്ലതാണ്. ഇപ്പോഴും അതിനു കാലം അതിക്രമിച്ചിട്ടില്ല.

അച്ചൻ—അവർ ഇവിടെ വന്നുകാണുകയും കാൎയ്യം തീൎച്ച

പ്പെട്ടത്തി അരുമ്മിച്ചെഷ്ടയും ഉണ്ടായി എന്നു കേട്ടു. ഇനി അതുതന്നെയാണ് നല്ലത്.

രാമവൎമ്മ—തീൎച്ചപ്പെട്ടത്തീട്ടില്ല. ഉണ്ടെങ്കിൽത്തന്നെ മേനവന്റെ ആവശ്യപ്രകാരം മാററുന്നതിന്ന് ഇവിടെ ഒരുക്കവുമാണ്.

അച്ഛൻ—ഇക്കാൎയ്യത്തിൽ ഇവിടത്തെ തീരുമാനമല്ലല്ലോ പ്രധാനം. നാലാംകൂറു തമ്പുരാന്റെ അഭിപ്രായമല്ലേ ആദ്യമായി അറിയേണ്ടത്?

രാമവൎമ്മ—ഞാൻ പറയുമ്പോലെ ആയാൾ നടക്കാതിരിക്കില്ല. എന്റെ അനുവാദം കൂടാതെ വല്ല തോന്നിവാസവും പ്രവൎത്തിക്കുന്നതായാൽ ഇവിടെ ഇരുന്നു പൊറുക്കുവാൻ സാധിക്കില്ലെന്നും ആയാൾക്കറിയാം.

രാമണ്ണ—അവിടന്നു സമ്മതിക്കാതിരിക്കില്ല. അതു ഞാനേററു. മേനവനു സമ്മതമാണെങ്കിൽ കാൎയ്യം നടന്നു.

അച്ഛൻ—(ചിരിച്ചുംകൊണ്ടു) അതിരിക്കട്ടെ. ഇതൊന്നുമില്ലെങ്കിലും അടിയൻ ഇവിടത്തെ ഒരു ബന്ധുവാണ്. ആ സ്ഥിതിക്ക് ഇപ്പോൾ വിശേഷിച്ചൊന്നും ഉണ്ടാക്കിത്തീൎക്കേണ്ടതില്ല.

രാമവൎമ്മ—(അച്ഛൻ താൻ വിചാരിച്ച വഴിക്കു തിരിയുവാനുള്ള ഭാവമില്ലെന്നറിഞ്ഞു വിഷയം മാററുവാൻ ഉദ്ദേശിച്ചുകൊണ്ട്) അതു വേണമെന്നില്ല. എങ്കിലും അങ്ങിനെ ആവാമായിരുന്നു. എന്നു വിചാരിച്ചു ഞാൻ നിൎബ്ബന്ധിക്കുന്നില്ല. മേനവന്റെ ഇഷ്ടംപോലെ.

അച്ഛൻ—ഇത് ഇങ്ങനെ തന്നെ നടക്കട്ടെ. ഇപ്പോൾ ഒന്നും വിദ്യയെടുക്കണമെന്നില്ല.

രാമവൎമ്മ—എന്നാൽ ഒരു കാൎയ്യം വേണം. മേനവൻ പതിവായി ഇവിടെ ഉണ്ടായിരിക്കണം. മേലാൽ പല കാൎയ്യങ്ങളും ആലോചിപ്പാനുണ്ട്.

അച്ഛൻ—(“അതാ വഴി മാററിത്തുടങ്ങി. എന്തെങ്കിലുമാവ

ട്ടെ. വരുമ്പോലെ വരും" എന്നുറച്ചുകൊണ്ട്) അങ്ങിനെ ചെയ്യുന്നതിന്നു യാതൊരു വിരോധവുമില്ല. ഇപ്പോൾ വിടകൊള്ളുവാൻ അനുവാദം തരണം.

രാമവർമ്മ—താമസിച്ചു തുടങ്ങുന്നതിന്നു മുമ്പുതന്നെ യാത്ര പറഞ്ഞാലോ? രണ്ടു ദിവസമെങ്കിലും കഴിയട്ടെ. എന്നിട്ടു പോവാം.

അച്ചൻ—അങ്ങിനെ സ്ഥിരതാമസമാക്കണമെങ്കിൽ അവിടെ ചിലതെല്ലാം ഒരുക്കുവാനുണ്ട്. അതെല്ലാം കഴിച്ചു വേഗമെത്തിക്കൊള്ളാം.

രാമണ്ണ—അതു ശരിയാണ്. അവിടെ ഒരു വലിയ കുഡുംബമല്ലേ. അപ്പോൾ പലതും പ്രവർത്തിപ്പാനുണ്ടാവും.

രാമവർമ്മ—ആട്ടെ. എന്നാൽ ഇപ്പോൾ പോകാം. താമസിക്കാതെ ഇങ്ങോട്ടു വരണം. അമാന്തിക്കരുത്.

"ഇല്ല." എന്നു പറഞ്ഞു യാത്രയ്ക്കനുവാദംവാങ്ങി അച്ചൻ താഴത്തിറങ്ങി. രാമവർമ്മരാജാവും രാമണ്ണക്കോവിലും അവിടെത്തന്നെ ഇരുന്നതേയുള്ളൂ. അച്ചന്റെ അനുകൂലഭാവം കണ്ടു രാമവർമ്മരാജാവിന്നു കുറച്ചൊരാശ്വാസമുണ്ടായി. എങ്കിലും രാമണ്ണക്കോവിലിന്ന് ഇപ്പോഴും വിശ്വാസം വന്നില്ല. രാമവർമ്മരാജാവ് അനുജന്റെ സംബന്ധത്തെപ്പറ്റി അച്ചനോടു സൂചിപ്പിച്ചിട്ടുള്ളത് അദ്ദേഹത്തിന്റെ സ്വന്തം ആലോചനയായിരുന്നു. അച്ചൻ അതിന്നു വഴിപ്പെടുന്നവട്ടം കാണാഞ്ഞതിനാൽ രാമണ്ണക്കോവിൽ ഉപദേശിച്ചിട്ടുള്ള മറ്റേ സൂത്രം പ്രയോഗിച്ചുനോക്കിയതാണ്. അച്ചനെക്കൊണ്ടു തങ്ങൾക്കു വലിയ ഉപകാരമുണ്ടായില്ലെങ്കിലും പ്രതിപക്ഷികളെ സഹായിക്കാതിരിക്കട്ടെ എന്നുള്ള ഏകവിചാരമാണ് അച്ചനെ സ്വാധീനമാക്കുവാൻ അവരെ പ്രേരിപ്പിച്ചത്. അച്ചനെ ഒരു തടവുകാരന്റെ നിലയിൽ എപ്പോഴും സൂക്ഷിച്ചുകൊണ്ടുതന്നെ പെരുമാറുവാനാണ് രാമണ്ണക്കോവിലിന്റെ

ആഗ്രഹം. ഈ സംഗതി എങ്ങിനെ കലാശിച്ചുവെന്നും മററും വഴിയെ അറിയാം.

രാമവൎമ്മരാജാവിനെക്കണ്ടു് യാത്രപറഞ്ഞു് പിരിഞ്ഞതിന്നുശേഷം രാജ്ഞിയുടെ അടുക്കലേക്കാണ് അച്ചൻ പുറപ്പെട്ടത്. അദ്ദേഹം സമയംപോലെ രാജ്ഞിയുടെ മുമ്പിൽ ഹാജരായി. തരമുണ്ടെങ്കിൽ മൂത്ത താവഴിത്തമ്പുരാനെത്തന്നെ കൊച്ചി രാജാവായി വാഴിക്കേണമെന്നുള്ള അഭിപ്രായമാണ് രാജ്ഞിയ്ക്കുണ്ടായിരുന്നത് എന്ന സംഗതി ഇതിന്നു മുമ്പുതന്നെ പ്രത്യക്ഷമായിട്ടുണ്ടല്ലൊ. രാമണക്കോവിലിൻെറ ആജ്ഞാശക്തിയും പറങ്കിപ്രമാണികളുടെ തന്ത്രനൈപുണ്യവും രാജ്ഞിയുടെ ഈ വിചാരത്തെ കീഴടക്കി. അവർ അവരുടെ കാൎയ്യം സാധിച്ചുകഴിഞ്ഞു. ഇനി എന്തെല്ലാമാണ് സംഭവിയ്ക്കുവാൻ പോകുന്നത് എന്നറിയാതെ വലിയ മനസ്സല്യത്തോടുകൂടിയാണ് രാജ്ഞി ദിവസം കഴിച്ചുവന്നിരുന്നത്. ഈ കാലത്തായിരുന്നു അച്ചൻെറ അങ്ങോട്ടുള്ള പുറപ്പാട്. അച്ചൻ വരുന്ന വിവരം അറിഞ്ഞപ്പോൾ നിഷ്കളങ്കമതിയായ ആ വയോധിക വല്ലാതെ പരിഭ്രമിച്ചു. തന്നെപ്പററി അച്ചൻ അന്യഥാ ശങ്കിച്ചുകളമൊ എന്നുള്ള വിചാരമായിരുന്നു അവിടത്തെ ഈ പരിഭ്രമത്തിന്നു കാരണം. ഏതായാലും തൻെറ പരമാൎത്ഥം അച്ചനിൽനിന്നു മറച്ചുവെയ്ക്കുവാൻ ഭാവമില്ലെന്ന് അവിടുന്നും തീൎച്ചപ്പെടുത്തിയിരുന്നു.

അച്ചൻ—(വിനയപൂൎവ്വം വാക്കയ്യ് പൊത്തി കുനിഞ്ഞു നിന്നുകൊണ്ടു്) തിരുമേനിയ്ക്കു വിശേഷിച്ച് ശീലായ്മ ഒന്നുമില്ലല്ലൊ.

രാജ്ഞി—അങ്ങിനെ പറയത്തക്കതൊന്നുമില്ല. പ്രായമായില്ലെ. ഇനി കുറച്ചൊക്കെ അങ്ങിനെയിരിക്കും.

അച്ചൻ—ക്ഷീണം വല്ലാതെ കാണുന്നുണ്ട്.

രാജ്ഞി—മനസ്സിന്ന് അശേഷം സുഖമില്ല. ഇവിടെ നടക്കുന്ന വൎത്തമാനങ്ങളെല്ലാം പതിവായി അറിയുന്ന ഒരാ

മായ മേനവനോട് പ്രത്യേകിച്ചൊന്നും പറയേണ്ടതില്ല ല്ലോ.

അച്ഛൻ—കട്ടമുക്കാലും അടിയൻ പഴമനസ്സിലാക്കിക്കഴിഞ്ഞു. ബലവാന്മാർ മത്സരിക്കുമ്പോൾ നടുക്കു കിടക്കുന്ന സാധു ക്കൾക്കാണ് കഷ്ടപ്പാട്.

രാജ്ഞി—അതു ശരിയാണ്. ഈ സംഗതികളെല്ലാം ഞാൻ ആദ്യംതന്നെ പറഞ്ഞിട്ടുണ്ട്. പക്ഷെ യാതൊരു ഫലവു മുണ്ടായില്ല.

അച്ഛൻ—ആപത്തു കാലത്ത് ആർ ഗുണദോഷിച്ചാലും പ്ര യോജനമുണ്ടാവില്ല. അതിൻെറ ഭവിഷ്യത്ത് അനുഭവിച്ച തന്നെ തീരണം.

രാജ്ഞി—മൂപ്പിന്ന് എവിടെയാണ്? ഇപ്പോൾ എന്താണ് ശ്രമം?

അച്ഛൻ—(കുറച്ചാലോചിച്ച്) അവിടുന്നെവിടെയാണെന്ന് അടിയനും അറിഞ്ഞുകൂടാ.

രാജ്ഞി—(വല്ലാതെ വിഷണ്ണയായി). മേനവൻ എന്നെ തെററിദ്ധരിച്ചിരിക്കുമെന്നു തോന്നുന്നു. (ഇത്രയും പറഞ്ഞ പ്പോഴക്കും ആ സാധുവിൻെറ നേത്രങ്ങളിൽനിന്ന് അശ്രു ക്കൾ ഒഴുകിത്തുടങ്ങി.)

അച്ഛൻ—(ഇത്ര കരുതിയില്ല എന്നു വിചാരിച്ച് കന്നു പരു ങ്ങി) തെററിദ്ധരിച്ചിട്ടല്ല. കുറച്ചു ദിവസം മുമ്പ് അടിയൻ തിരുമുമ്പിൽ വിടകൊണ്ടിരുന്നു.

രാജ്ഞി—അങ്ങിനെ കേൾക്കുകയുണ്ടായി. അതു വിചാരിച്ചാ ണ് ഞാൻ ചോദിച്ചത്. കാര്യങ്ങൾ എന്നെ മറച്ചുവെ യ്ക്കുവാനാണ് മേനവൻെറ പുറപ്പാടെന്നു കണ്ടപ്പോൾ എ നിയ്ക്കു വളരെ വ്യസനം തോന്നി.

അച്ഛൻ—അടിയൻ യാതൊന്നും ഇവിടെ മറച്ചുവെയ്ക്കുന്നി ല്ല. പഴമനസ്സിലറിയാവുന്ന സകല സംഗതിയും തിരുമന സ്സുണത്തിക്കാം. അന്ന് അടിയൻ അവിടെ കണ്ടപ്പോൾ

യുദ്ധത്തെപ്പററി ആലോചിക്കുന്ന തിരക്കായിരുന്നു. ചില പ്രമാണികളെല്ലാം അവിടുത്തെ സഹായിക്കാമെന്നേററിട്ടുണ്ട്. ഇപ്പോൾ സാമൂതിരിപ്പാടിനോടും അപേക്ഷിക്കണമെന്നാണ് വെച്ചിരിക്കുന്നത്. അവിടുന്നും സഹായിക്കുമെന്നു തോന്നുന്നുണ്ട്. ഇയ്യിടെ നടന്ന സംഗതികളൊന്നും അടിയനറിഞ്ഞുകൂടാ.

രാജ്ഞി—സാമൂതിരി വെട്ടത്തു രാജാക്കന്മാരുടേയും പറങ്കികളുടേയും വിരോധിയായിരിക്കുന്ന സ്ഥിതിക്ക് ഒരു സമയം അദ്ദേഹം സഹായിച്ചേക്കാം. സ്വതെ ശത്രുക്കളാണെന്നു ലോകപ്രസിദ്ധമായ ചിലരെ ആശ്രയിക്കുന്നതു വളരെ കഷ്ടമാണ്. എന്നാൽ തന്റെ സർവ്വസ്വവും അന്യന്മാർ അപഹരിക്കുന്നതു കണ്ടുംകൊണ്ടു വെറുതെ ഇരിക്കുന്നത് അതിലും കഷ്ടമാണ്. ഏതായാലും കൊച്ചിയിലെ രാജാവ് ഒരു കൊച്ചിരാജാവുതന്നെയാണ് എന്നു വരുന്നതു വലിയ സന്തോഷം തന്നെ. ഇത്രമാത്രമേ എനിക്കു പറയാനുള്ളൂ.

അച്ഛൻ—അരുളിച്ചെയ്തതു ശരിയാണ്. അടിയങ്ങൾ കഴിയുന്നേടത്തോളം ശ്രമിച്ചുനോക്കും. ഫലം ഈശ്വരാധീനമാണല്ലൊ.

രാജ്ഞി—മേനവൻ അശേഷം പരിഭ്രമിയ്ക്കേണ്ട. ധർമ്മമേ ജയിയ്ക്കൂ. അതിന്നു യാതൊരു സംശയവുമില്ല.

അച്ഛൻ—അതുതന്നെയാണ് അടിയങ്ങളുടെ ഉറപ്പ്.

രാജ്ഞി—ഗോദവർമ്മരാജാവിന്റെ വർത്തമാനം കേട്ടില്ലേ? അദ്ദേഹം ഇവിടെത്തന്നെ അടിയൂൎപ്പിച്ചു താമസിയ്ക്കുവാനാണു ഭാവിക്കുന്നത്.

"കേട്ടു"എന്നു തുടങ്ങി സകലവർത്തമാനങ്ങളും, രാമവർമ്മരാജാവു തന്നെ പാട്ടിൽ പിടിയ്ക്കുവാൻ ശ്രമിച്ചതും കൂടി, അച്ഛൻ രാജ്ഞിയെ അറിയിച്ചു. രണ്ടുപേൎക്കും പരസ്പരം സ്നേഹവിശ്വാസങ്ങൾ പൂർവ്വാധികം വർദ്ധിച്ചുവെന്നു പ്രത്യേകം പ

റയേണ്ടതില്ലല്ലോ. ഇങ്ങിനെ പിന്നേയും കുറെ നേരം കാര്യേന്നു സംസാരിച്ചുകൊണ്ട് അച്ചൻ അവിടെത്തന്നെ നിന്നു. അപ്പോഴേക്കും നേരം അതിക്രമിച്ചുതുടങ്ങി. അച്ചന് അന്നുതന്നെ വയ്പിലേയ്ക്കു മടങ്ങിപ്പോകേണ്ടിയിരുന്നു. വിവരം രാജ്ഞിയെ അറിയിക്കുകയും അവിടുന്നു അനുവദിക്കുകയും ചെയ്തു. ഇടയ്ക്കിടയ്ക്കു അവിടെ ചെന്നു വത്തമാനങ്ങളെല്ലാം അറിയിക്കാതിരിക്കരുതെന്ന് അവിടുന്നു പ്രത്യേകം അരുളിച്ചെയ്യുകയും ഉണ്ടായി. അനന്തരം അച്ചൻ യാത്രപറഞ്ഞു അവിടേനിന്നു പുറപ്പെട്ടു. അപ്പോൾ ചോറക്കളത്തു ഭട്ടതിരി അവിടെ എത്തിച്ചേർന്നു. അച്ചനൊരുമിച്ചു വയ്പിലേക്കു താനുമുണ്ടെന്നും, വിരോധമില്ലെങ്കിൽ തന്നെയും കൂട്ടിക്കൊണ്ടു പോയാൽ തരക്കേടില്ലെന്നും അദ്ദേഹം അച്ചനോടു പറഞ്ഞു. അച്ചൻ അതു സമ്മതിയ്ക്കുകയും ചെയ്തു. ഉടനെ രണ്ടുപേരും യാത്രയായി.

ഈ ചോറക്കളത്തു ഭട്ടതിരി ഉള്ളുകൊണ്ടു മൂപ്പിലെ ഭാഗത്താണെന്നു മുമ്പുതന്നെ പറഞ്ഞിട്ടുണ്ടല്ലോ. ഈ വിവരം എങ്ങിനേയോ ഉണ്ണിമായ അറിഞ്ഞിരുന്നു. രാമണക്കോവിലിൻെറ ആഗമനവും ഉണിക്കാളി അമ്മയുടെ പുറപ്പാടും മറ്റും കണ്ട് ആ യുവതി വലിയ മനോരാജ്യത്തിലകപ്പെട്ട കഥയും മുമ്പു സൂചിപ്പിച്ചിട്ടുണ്ട്. ഇപ്പോൾ ഗോദവമ്മരാജാവിൻെറ സംബന്ധത്തെക്കുറിച്ചുള്ള ആലോചന മുറുകിയിരിക്കുന്ന ഒരു കാലമാണ്. എന്നുമാത്രമല്ല ദിവസം നിശ്ചയിക്കുക കൂടി കഴിഞ്ഞിരിക്കുന്നു. ഉണ്ണിമായയ്ക്കാണെങ്കിൽ അശേഷം തൃപ്തിയുമില്ല. ആ സാധ്വസ്ത്രീ വലിയ കഷ്ടത്തിലായി. ഈ ഗ്രഹപ്പിഴയിൽനിന്നു മോചിയ്ക്കുവാൻ പല മാൎഗ്ഗങ്ങളും അവൾ ആലോചിച്ചുനോക്കി. ഒന്നുംതന്നെ അത്ര ഗുണപ്രദമായി തോന്നിയില്ല. എങ്കിലും മനസ്സുകൊണ്ടു ഒരുവിധം ഉറച്ചിരുന്നു. എത്രതന്നെ ആലോചനാശക്തിയും സാമത്ഥ്യവും ഉണ്ടായാലും അവൾ ഒരു ഏകാകിനിയുടെ നിലയില

ല്ലേ ഇപ്പോൾ ഇരിക്കുന്നത്. ഇക്കാൎയ്യത്തിൽ അവളുടെ പെറമ്മ കൂടി അവൾക്കു വിരോധമായിരിക്കുന്നു. ഈ സ്ഥിതിക്ക്, അത്രയൊന്നും അടുപ്പമില്ലാത്ത വേറെ വല്ലവരേയും സഹായത്തിന്നു വിളിയ്ക്കുന്നതു ഉദ്ദേശസാദ്ധ്യത്തിന്നു മതിയാകുമെന്നുള്ള വിശ്വാസം ലേശംപോലും അവൾക്കില്ല. എങ്കിലും ഒരു ദിവസം യാദൃച്ഛികമായി നമ്മുടെ ഈ ഭട്ടതിരിയെ കണ്ടെത്തുവാനും തന്റെ സങ്കടത്തിന്നു ഒരു നിവാരണമാൎഗ്ഗം ഉണ്ടാക്കിത്തരേണമെന്ന് അപേക്ഷിക്കുവാനും അവൾക്കു സാധിച്ചു. താനേററിരുന്ന കാൎയ്യം നിറവേററുവാനുള്ള ശ്രമങ്ങളിൽ ഒന്നായിരുന്നു അച്ഛനൊരുമിച്ചുള്ള അദ്ദേഹത്തിന്റെ വഞ്ചിയിൽയാത്ര. വഴിമദ്ധ്യത്തിൽ ബോട്ടിൽ വേറെ ആരും തന്നെ ഉണ്ടാകാതിരുന്നതുകൊണ്ട് ഇതുതന്നെയാണു തരമെന്നു കരുതി ഭട്ടതിരി തന്റെ കാൎയ്യം അച്ഛനെ അറിയിക്കുവാനായി ഇങ്ങിനെ പറഞ്ഞു:—

ചേററക്കുളം—കുറച്ചു കാൎയ്യമുണ്ടായിട്ടുതന്നെയാണ് ഞാനിങ്ങോട്ടു പുറപ്പെട്ടത്.

അച്ഛൻ—എന്തെങ്കിലും ഉണ്ടാവാതിരിക്കയില്ലെന്ന് ഞാനും കരുതീട്ടുണ്ട്. കാൎയ്യം അടിയന്തിരമായിരിക്കുമല്ലോ.

ചേററക്കുളം—അതെ. അടിയന്തിരം തന്നെയാണ്. ഇപ്പോൾ നിവൃത്തിക്കാമെങ്കിൽ അത്രയും നന്നായി. അങ്ങിനെയുള്ളതാണ്.

അച്ഛൻ—കേൾക്കട്ടെ.

ചേററക്കുളം—വളരെ ഗൂഢമാണെന്നു പറയേണ്ടതില്ലല്ലോ.

അച്ഛൻ—ഗോപ്യമാണെങ്കിൽ ഗൂഢമായിത്തന്നെയിരിക്കും.

ചേററക്കുളം—ഗോദവൎമ്മരാജാവിന്റെ ആലോചനകൾ അച്ഛനും അറിഞ്ഞിരിക്കുമല്ലോ. അതിനെപ്പററിയാണ് രണ്ടു വാക്കു പറവാനുള്ളത്.

അച്ഛൻ—(ഈ രാജാവിന്റെ പുറപ്പാട് ഭട്ടതിരിക്ക് വിരോധമാണ് എന്നായിരുന്നു അച്ഛൻ വിചാരിച്ചിരുന്നത്. എ

ങ്കിലും ഒന്നും നടിക്കാതെ) കേട്ടു. അതിനെപ്പററി അവി ടയ്ക്കു് എന്താണ് ഇത്ര ആലോചിപ്പാനുള്ളത്? അവി ടുന്നും അവരുമായി വല്ല ആലോചനയുമുണ്ടായിട്ടുണ്ടോ?

ചേററക്കളം—ചിലതെല്ലാം ആലോചിച്ചുറച്ചിട്ടുണ്ട്. അതി ന്ന് അച്ഛനുംകൂടി ഒന്നു സഹായിക്കണം.

അച്ഛൻ—ഈ വക സംഗതികളിൽ അന്യഥാ ഒരാൾക്ക് എത്രത്തോളം സഹായിക്കാം? അവരവരുടെ ഇഷ്ടമല്ലെ പ്രമാണം?

ചേററക്കളം—എത്രതന്നെ മടിയുണ്ടെങ്കിലും ഈ കാൎയ്യം ഉ പേക്ഷിക്കരുത്. അച്ഛനെത്തന്നെയാണ് ഉണ്ണിമായ ഒരു ശരണമായിക്കരുതിയിരിക്കുന്നത്.

അച്ഛൻ—('എന്റെ നേരിട്ടാണൊ പുറപ്പാട്' എന്നു വി ചാരിച്ച്) എന്നെയോ? എന്നെ എന്തിനു ശരണം പ്രാ പിക്കുന്നു? ഞാൻ അവരെ കണ്ടിട്ടുകൂടിയില്ല.

ചേററക്കളം— കണ്ടിട്ടു വേണമെന്നില്ലല്ലോ കാൎയ്യം മനസ്സി ലാക്കുവാനും മററും. ഇവിടെ അറിയിച്ചാൽ കാൎയ്യം നിവൃ ത്തിക്കുമെന്നാണ് ഉണ്ണിമായ പറഞ്ഞിരിക്കുന്നത്. അച്ഛ ന്റെ സകല വിവരവും അവൾക്കറിയാം. ഒരു കാലത്തും ഉപേക്ഷിക്കരുതെന്ന് ഇവിടെ പറയാനായി പ്രത്യേകം എന്നെപ്പറഞ്ഞേല്പിച്ചിട്ടുമുണ്ട്.

അച്ഛൻ—ഇപ്പോൾ അതിനൊന്നും ഞാനൊരുക്കമില്ല. വി ശേഷിച്ച് ഗോദവൎമ്മരാജാവിന് വലിയ വിരോധമായി ത്തീരുകയും ചെയ്യും. അതുകൊണ്ട് എന്നെ ഇക്കാൎയ്യ ത്തിൽ നിന്ന് ഒഴിവാക്കിത്തന്നാൽ കൊള്ളാമെന്നു ഞാ നും അപേക്ഷിക്കുന്നു.

ചേററക്കളം—അങ്ങിനെ തള്ളിക്കളയരുത്. സാധുവായ ഒ രു സ്ത്രീ, തനിക്ക് അശേഷം ഇഷ്ടമില്ലാത്ത ഒരു പുരുഷന്ന് നിൎബ്ബന്ധമായി പിടിച്ചു കെട്ടിക്കൊടുക്കുവാൻ പോകുന്ന വിഷമഘട്ടത്തിൽ മനസ്സഴിഞ്ഞ് അപേക്ഷിക്കുകയാണ്

ചെയ്യുന്നത്. ഇതിനുംപുറമെ അവൾ തന്റെ മനസ്സിൽ തനിയ്ക്കനുരൂപനായ ഒരു പുരുഷനെ പ്രതിഷ്ഠിക്കുകയും ചെയ്തിട്ടുണ്ട്. ആ പുരുഷൻ തൽക്കാലം എവിടെയോ പോയിരിക്കുകയാണ്. ഈ അവസരത്തിൽ അനന്യശരണയായി അഭയം പ്രാപിച്ച് അപേക്ഷിക്കുമ്പോൾ ഉപേക്ഷിക്കുന്നത് ഉദാരന്മാൎക്ക യുക്തമാണോ?

അച്ഛൻ(‘ഓ! തെററിപ്പോയി. ഇവളുടെ കാമുകൻ ഞാനല്ല. ആ ആൾ ഇവിടെ ഇല്ല എന്നല്ലെ പറഞ്ഞത്. അത് ആരായിരിക്കും?’ എന്നും മററും കുറച്ചാലോചിച്ചപ്പോൾ അച്ഛന്റെ മനസ്സിൽ ഒരു പുരുഷാതൃത്തിന്റെ ഛായ പ്രത്യക്ഷപ്പെട്ടുകയും തന്നാൽ കഴിയുന്നതും സഹായിക്കേണമെന്നു തോന്നുകയും ചെയ്തു. എങ്കിലും ഒന്നും ഭാവിക്കാതെ) വല്ലവരുടേയും തറവാട്ടിൽക്കയറിച്ചെന്ന് വല്ലതും പ്രവൎത്തിക്കുന്നത് മൎയ്യാദക്കാരുടെ മുറയാണൊ? ഇങ്ങിനെ വരുന്ന ഘട്ടങ്ങളിൽ എന്താണ് ഞാൻ ചെയ്യേണ്ടത്?

ചേററക്കുളം—എന്തു താക്കേടുവന്നാലും ഈ സംഗതി ഉപേക്ഷിപ്പാൻ പാടില്ലെന്നാണ് എനിക്കു തോന്നുന്നത്.

അച്ഛൻ—ആട്ടെ, അവളുടെ പ്രേമഭാജനമായ ആ ആൾ എവിടെ പോയിരിക്കുന്നുവെന്നോ, എന്നാണ് ഇവിടെ എത്തുക എന്നോ വല്ല വിവരവുമുണ്ടോ?

ചേററക്കുളം—അക്കാൎയ്യത്തെപ്പററി ഞാൻ ചോദിച്ചു. അപ്പോൾ അതൊന്നും പറയുവാൻ പാടില്ലെന്ന് ആ ആൾ പറഞ്ഞേല്പിച്ചിട്ടുണ്ടെന്നായിരുന്നു മറുപടി. ഞാൻ കുറച്ചൊക്കെ നിർബ്ബന്ധിച്ചുനോക്കി, എന്നിട്ടും ഒന്നും പറഞ്ഞില്ല.

അച്ഛൻ—എങ്ങിനെയാണ് ഞാൻ അവരെ രക്ഷിക്കേണ്ടത്?

ചേററക്കുളം—(കുറച്ച് സമാധാനത്തോടുകൂടി, “അച്ഛൻ രക്ഷിക്കാനുറച്ചു എന്നു തോന്നുന്നു. കാൎയ്യം ജയിച്ചു.” എന്നു

വിചാരിച്ച്) ആ വക സംഗതികൾ ആലോചിപ്പാൻ തന്നെയാണ് ഞാനിങ്ങോട്ടു പുറപ്പെട്ടത്.

അച്ഛൻ—സംബന്ധം എന്നാണ് നിശ്ചയിച്ചിരിക്കുന്നത് എന്നു തീൎച്ചയായൊ?

ചേററക്കുളം—അടുത്ത തിങ്കളാഴ്ചയോ മറേറാ ആണെന്നു കേട്ടു. നല്ല നിശ്ചയമില്ല.

അച്ഛൻ—എന്നാൽ അതെന്നു തീൎച്ചയറിഞ്ഞു വന്നാൽ തരക്കേടില്ല.

ചേററക്കുളം—അങ്ങിനെയാവാം. ഏതായാലും അച്ഛനുപേക്ഷിക്കരുത്. ഈ അവസരത്തിൽ ഈ സാധുവിനെ രക്ഷിക്കേണ്ടത് ബന്ധുക്കളുടെ കടമയാണ്.

അച്ഛൻ—(ഒരു പുഞ്ചിരിയോടുകൂടി) ഇപ്പോൾ മനസ്സിലായി. ഞാൻ കഴിയുന്നതും ശ്രമിച്ചുകൊള്ളാം.

പിന്നെ കുറെ നേരത്തേക്ക് രണ്ടുപേരും ഒന്നും സംസാരിച്ചില്ല. എന്നാൽ അവർ വെറുതെയിരുന്നുവെന്നു പറഞ്ഞുകൂടാ. ഉണ്ണിമായയെ രക്ഷിക്കേണ്ട കാൎയ്യത്തെക്കുറിച്ചു തന്നെയാണ് അച്ഛൻ വിചാരിച്ചിരുന്നത്. ഭട്ടതിരിയാകട്ടെ താൻ അപേക്ഷിച്ചപ്രകാരം അച്ഛൻ ശ്രമിക്കാമെന്നു സമ്മതിച്ചതു തന്നെ വീണ്ടും വീണ്ടും വിചാരിച്ചു സന്തോഷിക്കുകയായിരുന്നു. ചേററക്കുളത്തു ഭട്ടതിരി പ്രത്യേകിച്ചു സന്തോഷിക്കുവാൻ തക്കതായ കാരണമുണ്ട്. ഉണ്ണിമായയുടെ മനസ്സിനെ ബലാദാകൎഷിച്ച ആ പുരുഷരത്നം ആരായിരുന്നുവെന്ന് അദ്ദേഹത്തിന്നു നല്ലപോലെ അറിയാമായിരുന്നു. ആ പുരുഷകേസരിയെക്കൊണ്ട് അദ്ദേഹത്തിന്നു പല ഗുണങ്ങളും സിദ്ധിച്ചിട്ടും സിദ്ധിക്കാനുമുണ്ടായിരുന്നു. ഇതിനെല്ലാം പുറമെ ഇവർ ബാല്യത്തിൽത്തന്നെ സ്നേഹിതന്മാരുമായിരുന്നു. ഭട്ടതിരിയുടെ ചില സൂചനകളെക്കൊണ്ട് അച്ഛനും ആളെ ഊഹിച്ചിട്ടുണ്ട്. അതിബുദ്ധിമാനും സരസനുമായിരുന്ന അച്ഛന്റെ ഊഹം അധികം പിഴക്കാറില്ല. അതുനിമിത്തം താൻ ആ

ലോചിച്ചുറച്ച കാൎയ്യം ഉടനടി പ്രവൎത്തിക്കുന്നതിന്ന് ഒരു പ്രത്യേക ധൈൎയ്യം അച്ചനുണ്ടായിരുന്നു. അച്ചൻെറ ഊഹത്തിൽ പെട്ടിട്ടുള്ള ആ പുരുഷപുംഗവൻ ആരായിരുന്നുവെന്ന് ഇപ്പോൾ പുറത്തു പറയുന്നത് ഉചിതമല്ലെന്നു കരുതി അച്ചനും ആളെ പുറത്തു പറഞ്ഞില്ല.

------

## എട്ടാമദ്ധ്യായം

ചേററക്കളത്തു ഭട്ടതിരിയും അച്ചനും തമ്മിൽ പിരിഞ്ഞിട്ട് ഇപ്പോൾ അഞ്ചുദിവസം കഴിഞ്ഞിരിക്കുന്നു. ഗോദവൎമ്മരാജാവിൻെറ സംബന്ധം തുടങ്ങുന്ന ദിവസമായി. അദ്ദേഹത്തിൻെറ മനോരാജ്യങ്ങൾ ഇന്നവിധമെന്ന് പറഞ്ഞറിയിക്കുവാൻ പ്രയാസമാണ്. സ്വസ്ഥമായി ഒരു മിനുട്ടുപോലും അദ്ദേഹത്തിന്നുണ്ടായിരുന്നില്ല. തൻെറ സുഖജീവിതത്തോടു പങ്കുകൊള്ളാനിരിക്കുന്ന ആ തരുണിയെ ഏതെല്ലാം വിധത്തിലാണ് സന്തോഷിപ്പിക്കേണ്ടതെന്ന് എത്രതന്നെ ആലോചിച്ചിട്ടും കണ്ടുപിടിക്കുവാൻ അദ്ദേഹത്തിന്നു സാധിച്ചിട്ടില്ല. രാമണ്ണക്കോവിലിൻെറ സഹായത്താൽ ഒന്നാന്തരം തെക്കൻചരക്ക് കുറെ മുമ്പുതന്നെ അദ്ദേഹം ശേഖരിച്ചിട്ടുണ്ട്. വളരെ വിലപിടിച്ചിട്ടുള്ള ആഭരണങ്ങളും അദ്ദേഹത്തിൻെറ കൈവശമുണ്ടായിരുന്നു. അവ ഏതെല്ലാമാണ് തല്ക്കാലം ഉപയോഗിക്കേണ്ടതെന്നും മററും ഇപ്പോഴും തീൎച്ചപ്പെടുത്തിക്കഴിഞ്ഞിട്ടില്ല. ചിലതെല്ലാം പഴക്കം തട്ടീട്ടുണ്ടെന്നു കരുതി തീരെ തള്ളിക്കളയുവാനും ഉറച്ചിരുന്നു. കേടുപാടു വന്നിട്ടുള്ള പണ്ടങ്ങൾ പുതുപ്പിക്കുന്ന തിരക്കുകൊണ്ടു നേരം പോകുന്നതുതന്നെ അദ്ദേഹം അറിയുന്നില്ല. ഇതിന്നും പുറമെ ഉണ്ണിമായക്കു സമ്മാനിക്കുവാൻ കരുതിയിരുന്ന വിശേഷ

തരത്തിലുള്ള ചില ആഭരണങ്ങൾ പുതുതായി പണിയിക്കുകയും ചെയ്തുവരുന്നു. അവയുടെ പണി തീൎന്നുകാണാഞ്ഞിട്ടുള്ള പരിഭ്രമമാണു് സൎവ്വോപരി അദ്ദേഹത്തെ അസ്വാസ്ഥ്യനാക്കിയിരുന്നതു്. ഇതുനിമിത്തം ചില പണിക്കാൎക്കു് പ്രഹരം തന്നെ ഏല്ക്കേണ്ടി വന്നിട്ടുണ്ടു്. ഇതിന്നിടക്കു് വിശേഷമായ സുഗന്ധദ്രവ്യങ്ങൾ ശേഖരിക്കുന്ന മറ്റൊരു ജോലിയും അദ്ദേഹത്തിന്നു് നിൎവ്വഹിക്കേണ്ടതായി വന്നു. അപ്പോഴേക്കും തന്റെ സൎവ്വാംഗവും ചെത്തിത്തേച്ചു മിനുക്കുവാനുള്ള ധൃതിയായി. എന്തിനധികം പറയുന്നു? ഏകദേശം നാലുനാഴിക പകലായപ്പോഴെയ്ക്കും ഗോദവൎമ്മരാജാവിന്റെ ഒരുക്കങ്ങൾ ഒരുവിധം പരിപൂൎണ്ണമായി. എന്നാൽ അപ്പോഴും അദ്ദേഹത്തിന്റെ മനസ്സു സ്വാസ്ഥ്യമായില്ല. പകലിന്റെ അവശിഷ്ടഭാഗം ഓരോനിമിഷവും ഒരു യുഗംപോലെ അദ്ദേഹത്തിന്നു തോന്നി. എന്തുചെയ്തിട്ടും നേരം പോകുന്നില്ല. സകലസമയവും കിഴക്കോട്ടുതന്നെ നോക്കിക്കൊണ്ടിരുന്ന അദ്ദേഹത്തിന്നു് സൂൎയ്യാസ്തമയം എത്രത്തോളം അടുത്തിരിക്കുന്നുവെന്നു പരിശോധിക്കുവാൻതന്നെ സൌകൎയ്യമുണ്ടായിരുന്നില്ല. ആകപ്പാടെ അനവധിനേരം കഴിഞ്ഞുവെന്നു് അദ്ദേഹത്തിന്നു തോന്നി. ഇങ്ങിനെയിരിക്കുമ്പോൾ "ഇനി ഏകദേശം യാത്ര പുറപ്പെടാറായി." എന്നു പറഞ്ഞുംകൊണ്ടു് രാമണ്ണക്കോവിലും അവിടെ വന്നുചേൎന്നു. ഈ ശബ്ദം കേട്ട മാത്രയിൽ ഗോദവൎമ്മരാജാവു് താനറിയാതെതന്നെ, ഇരുന്നേടിക്കിൽനിന്നു് എഴുനീറ്റുപോയി. രാമണ്ണക്കോവിലിന്റെ ആഗമനം അദ്ദേഹത്തിന്നു് കുറച്ചൊരാശ്വാസം ഉണ്ടാക്കാതിരുന്നില്ല. കൊച്ചി കോവിലകത്തു് ഇങ്ങിനെയിരിക്കുന്നു കാൎയ്യം. ഈ സമയത്തുതന്നെ കയ്യൂളവീട്ടിൽ നടന്നിരുന്ന തിരക്കിന്നും അവസാനമുണ്ടായിരുന്നില്ല.

ഉണ്ണിമായയെ കോവിലകത്തു കൊണ്ടുപോയി അവിടെ വെച്ചുതന്നെ പുടമുറിക്കല്യാണം നടത്തേണമെന്നായിരു

ന്നു മൂത്തകയ്മളുടേയും ഉണ്ണിക്കാളിയമ്മയുടേയും ആഗ്രഹം. എന്നാൽ രാജ്ഞി അതിന്നു സമ്മതിച്ചില്ല. പരിശുദ്ധവും പുരാതനവുമായ ഒരു സ്ഥലത്തുവെച്ച് ഈ വക ശൃംഗാരാഘോഷങ്ങൾ നടത്തുന്നത് പൊതുവെ നിന്ദാവഹവും ദൈവകോപത്തിന്നുകൂടി കാരണവുമായിത്തീരുമെന്നും മററും വിചാരിച്ച്, ഈ കാര്യം അവിടെവെച്ച് നടത്താതെ കഴിക്കേണമെന്ന് രാജ്ഞി നിർബ്ബന്ധിച്ചു. ഇത് പലക്കും അത്ര രസിച്ചിരുന്നില്ല. ഇങ്ങിനെ നിഷേധിച്ചതിന്നു രാജ്ഞിക്കു ന്യായം പറയുവാൻ ഒരു നല്ല സംഗതിയുണ്ടായിരുന്നു. കൊച്ചിരാജകുടുംബത്തിലെ പരദേവതയായ പഴയന്നൂർ ഭഗവതിയെ പ്രതിഷ്ഠിച്ചിരിക്കുന്ന ഈ സ്ഥലത്തുവെച്ച് ഈ കാര്യം നടത്തുന്നതു ന്യായമല്ലെന്നായിരുന്നു രാജ്ഞിയുടെ വാദം. ഈ സംഗതി എടുത്തു പ്രസ്താവിച്ചപ്പോൾ എതൃകക്ഷികൾക്കു സമ്മതിക്കേണ്ടിവന്നു. പുതിയതായി അവിടെ ഒരു സ്ഥലം പണിയിച്ച് അവിടെവെച്ചുതന്നെ ഈ കാര്യം നടത്തുന്നതിന്നു ഗോദവൎമ്മരാജാവിൻെറ അക്ഷമതയും അനുവദിച്ചില്ല. അതുനിമിത്തമാണ് കയ്മൾവീട്ടിൽ ഇത്രയെല്ലാം ഒരുക്കങ്ങൾ വേണ്ടിവന്നത്. മൂത്തകയ്മളുടെ വീട് വളരെ പുരാതനവും വലിയ അന്തസ്സില്ലാത്തതുമായിരുന്നുവെന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. ഗോദവൎമ്മരാജാവിൻെറ എഴുന്നള്ളത്തോടുകൂടി, അകായിലുള്ളവരുടെ നാകതുല്യമായ ആ സ്ഥലം കുറെ വ്യത്യാസപ്പെടാതെ തരമില്ല എന്ന ദിക്കായി. കയ്മൾ തറവാട്ടാവശ്യത്തിന്നായി ചിലവു ചെയ്യുന്ന കാര്യത്തിൽ വളരെ ലുബ്ധ് കാണിച്ചിരുന്ന ഒരാളാണെങ്കിലും ഭാവിയിലിരിക്കുന്ന ഭാഗ്യത്തെ ഓൎത്ത് അപ്പോൾ കയ്യഴച്ച് ചിലവിട്ടു. സ്ഥലങ്ങളെല്ലാം കേടുപാടുപോക്കി വെള്ളയടിച്ചു വൃത്തിയാക്കിയിരുന്നു. മൂത്തകയ്മളുടെ മഠത്തിൽ തന്നെയാണ് എഴുന്നള്ളിയിരിപ്പാൻ ഏൎപ്പാടു ചെയ്തിരുന്നത്. അമറേത്തിന്നും വിശേഷാൽ വരുന്നവരുടെ ഭക്ഷണത്തിന്നും മററുമായി അവി

ടെ ചില പ്രത്യേക നെട്ടമ്പുരകളും ഉണ്ടാക്കിയിരുന്നു. മഠം വിശേഷമായി അലങ്കരിച്ചിരുന്നുവെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലൊ. ചുരുക്കിപ്പറയുന്നതായാൽ അന്ന് കൊച്ചിക്കാരെ സംബന്ധിച്ചേടത്തോളം സ്വർഗ്ഗമെന്നത് മൂത്തകയ്മളുടെ മഠം തന്നെയായിരുന്നു. ത്രശത്തുകടവു മുതൽ കയ്മൾ വീടുവരെ തോരണങ്ങളും കുലവാഴകളും അലങ്കരിച്ച് അതിമനോഹരമാക്കിയിരുന്നു. ഈ സ്ഥലങ്ങളിൽ വിസ്താരമേറിയ രാജപാത നിർമ്മിച്ച് അവിടെ മുഴുവനും വെള്ളയും കരിമ്പടവും വിരിച്ച് വൃത്തിയാക്കിയിരുന്നു. കയ്മൾ വീട്ടിലെ മുററത്തുണ്ടായിരുന്ന വിസ്മയം ഒന്നും പറയാനില്ല. മററുള്ളടിക്കിൽ വെള്ളയും കരിമ്പടവുമാണ് വിരിച്ചിരുന്നതെങ്കിൽ അവിടെ ഒന്നാന്തരം പട്ടു തന്നെയാണ് എഴുന്നള്ളത്തുവഴിയിൽ പരത്തിയിരുന്നത്. മുററത്തു നിരത്തിവെച്ചിരുന്ന നിലവിളക്കുകൾക്കും നിറപറകൾക്കും കണക്കുംകയ്യുമുണ്ടായിരുന്നില്ല. ചതുർവ്വിധമായ ഭക്ഷണത്തിനും അവിടെ ഒരുക്കിയിരുന്നു.

ഈ വക സംഗതികളിൽ ഉണ്ണിക്കാളിയമ്മക്ക് അധികം ശ്രദ്ധിക്കേണ്ടി വന്നില്ല. തറവാട്ടിൽ കാരണവന്മാർ തന്നെത്താൻ ഉത്സാഹിച്ച്, മരുമക്കൾക്ക സംബന്ധക്കാരനെ കൊണ്ടുവന്നു കൊടുക്കുന്ന സന്ദർഭങ്ങളിൽ ആയാളെ വേണ്ടതുപോലെ സൽക്കരിക്കുവാനും മററും അത്ര പ്രയാസമുണ്ടാവില്ലെന്ന് ആ അമ്മ പ്രത്യക്ഷത്തിൽ മനസ്സിലാക്കി. ഇതിന്നു മുമ്പു പല തവണയും കയ്മൾവീട്ടിൽ സംബന്ധം നടന്നിട്ടുണ്ട്. അന്നൊന്നും കാരണവന്മാരുടെ ശ്രമം കാണാതിരുന്നതിനെക്കുറിച്ചു പിറുപിറുക്കുന്നവരും അവിടെ ഉണ്ടാവാതിരുന്നില്ല. എങ്കിലും തമ്പുരാനെഴുന്നള്ളുന്നതു പരക്കെ സന്തോഷകരമായിരുന്നു അതുകൊണ്ടു എല്ലാവക്കും ഈ പ്രവൃത്തി ഉചിതമാണെന്നു തന്നെയാണ് തോന്നിയിരുന്നത്. മൂത്ത കയ്മൾ വേണ്ടതെല്ലാം ഒരുക്കിവരുന്നുണ്ടെങ്കിലും ഉണ്ണി

ക്കാളിയമ്മയും വെറുതെയിരുന്നില്ല. മകളെ കൊടുക്കുന്ന ഈ ശുഭാവസരത്തിൽ അങ്ങിനെ സ്വസ്ഥമായിരിയ്ക്കുവാൻ തരവുമില്ല. അതിന്നു സാധാരണ ആൎക്കും അത്ര ധൈൎയ്യവും ഉണ്ടാവില്ല. കയ്മളുടെ ഒരുക്കങ്ങൾ പുറത്താണെങ്കിൽ ഉണ്ണിക്കാളിയമ്മയുടെ ശ്രമങ്ങൾ അകത്തായിരുന്നുവെന്നു മാത്രമെ ഭേദമുള്ളൂ. ഉണ്ണിമായയെ ചമയിയ്ക്കുവാനുള്ള ധൃതിയാണ് ആ അമ്മയ്ക്കുണ്ടായിരുന്നത്. തന്റെ ചെറുപ്പകാലം മുതൽ ഇതുവരെ അപ്പഴപ്പഴായി അനവധി ആഭരണങ്ങൾ ഉണ്ണിക്കാളിയമ്മ സമ്പാദിച്ചിട്ടുണ്ട്. അതുകൾ മുഴുവനും അന്നു പുറത്തെടുക്കേണമെന്നായിരുന്നു ആ അമ്മയുടെ ആഗ്രഹം. കാതില, കഴുത്തില, കടകം മുതലായ പഴയ പണ്ടങ്ങളും, തണ്ടുമോതിരം, പൂത്താലി, കല്ലുവെച്ച തോട മുതലായ അന്നത്തെ പുതിയ പണ്ടങ്ങളും പല ജാതി മോതിരങ്ങളും മററും മാററിയും മറിച്ചും എടുത്തു ഭംഗിനോക്കി വേറെ വേറെ വെച്ചുതുടങ്ങി. ചളി കളഞ്ഞും, ചരടും പൊട്ടപ്പും മാറിയും നിറം കാച്ചിയും സകല പണ്ടങ്ങളും പുത്തനാക്കിക്കഴിഞ്ഞിരിക്കുന്നു. ഇതിന്നും പുറമെ അറ തുടച്ചു മിനുക്കുക, കട്ടിൽ തേച്ചുകഴുകി വൃത്തിയാക്കുക, കിടക്കയും തലയണയും ശീല മാറി തട്ടിക്കുടഞ്ഞു വിരിക്കുക, കിണ്ടി, കോളാമ്പി, വെററിലത്തട്ടു മുതലായവ തേച്ചു മിനുക്കുക ഇങ്ങിനെ തുടങ്ങി പല ജോലിയും ഉണ്ണിക്കാളിയമ്മതന്നെ കഴിച്ചുവെച്ചിരിയ്ക്കുന്നു. ഇപ്പോൾ ഉണ്ണിമായയെ അലങ്കരിക്കുക മാത്രമേ ആ അമ്മക്ക് ഒരു വലിയ ചുമതലയുണ്ടായിരുന്നുള്ളൂ. കട്ടിലേററം അസ്തമിച്ചായിരുന്നുവെങ്കിലും പകൽ തന്നെ മകളെ അലങ്കരിക്കേണമെന്നു ഉണ്ണിക്കാളിയമ്മ തീൎച്ചപ്പെടുത്തി. അന്ന് ഒരു വിശേഷദിവസമായിരുന്നതുകൊണ്ടു ഉണ്ണിമായയെ എറണാകുളം ക്ഷേത്രത്തിൽ തൊഴീയ്ക്കാൻ കൊണ്ടുപോയാൽകൊള്ളാമെന്നായിരുന്നു അവരുടെ വിചാരം. അപ്പോൾ ഈ വക പണ്ടങ്ങളുംമററും അണിയിയ്ക്കുകയും, തന്റെ മകൾ

ക്ക സിദ്ധിച്ച ആ വലിയ ഭാഗ്യത്തെ നാട്ടുകാരെ അറിയിയ്ക്കു കയും ചെയ്യേണമെന്നു അവൾക്ക മോഹമുണ്ടായിരുന്നു. അതാണ് ഇത്രകാലെ ഉണ്ണിമായയെ പണ്ടം കെട്ടിക്കുവാനും മററും അവർ ശ്രമിച്ചത്. നേരം ഏകദേശം ഒന്നര നാഴിക പകൽ എന്നായിക്കായി. ഇനിയും ഉണ്ണിക്കാളിയമ്മയുടെ ജോലി അവസാനിച്ചിട്ടില്ല.

ഉണ്ണിമായയുടെ കഥ ആകപ്പാടെ വളരെ കഷ്ടത്തിലായി. ഇനി എന്താണ് വേണ്ടതെന്നു അവൾക്കുതന്നെ അറിഞ്ഞുകൂട. തന്റെ സമപ്രായക്കാരിൽനിന്നും മററും, അവിടെ നടക്കുവാൻ പോകുന്ന സംഗതികൾ അവൾ നല്ലവണ്ണം ഗ്രഹിച്ചിരുന്നു. പിന്നെ വീട്ടിലെ അലങ്കാരവും ആഡംബരവുമെല്ലാം കണ്ടതോടുകൂടി അവളുടെ ഈ അറിവ് ഉറച്ചുവരികയും ചെയ്തു. ഈ ഗ്രഹപ്പിഴയിൽനിന്നു മോചിക്കുവാൻ പല വഴികളും അവൾ ആലോചിച്ചുവെങ്കിലും നല്ലതായി ഒന്നുംതന്നെ കണ്ടുപിടിയ്ക്കുവാൻ ഇതുവരെ സാധിച്ചിട്ടില്ല. ഇപ്പോൾ ആലോചിച്ചപോലെ പ്രവത്തിയ്ക്കുന്നതായാൽ അയൽപക്കക്കാർ കൂടി വെറുത്തു പോകുമെന്ന് അവൾക്ക അറിയാമായിരുന്നു. അതിരററ വാത്സല്യത്തോടുകൂടി തന്നെ പോററി വളത്തിയ തന്റെ പ്രിയമാതാവിന്റെ ഏകപുത്രിയായ താൻ തന്നെ മാതാവിന്നു മനശ്ശല്യത്തെ ഉണ്ടാക്കിത്തീക്കുന്നത് ഒരു വിധത്തിലും ശ്രേയസ്കരമായി തീരുന്നതല്ലെന്നും അവൾ ആലോചിക്കാതിരുന്നില്ല. എങ്കിലും "സവ്വവുമുപേക്ഷിച്ചുമാത്മാവെ രക്ഷിയ്ക്കേണം" എന്നുള്ള ഉപദേശത്തെ അനുസരിക്കുവാനാണ് അവൾ തീച്ചയാക്കിയിരുന്നത്. ഇപ്രകാരമെല്ലാം ഉറച്ചിരുന്നുവെങ്കിലും തന്റെ ആലോചന ഫലിയ്ക്കുന്ന കായ്യത്തിൽ അവൾക്കുതന്നെ വലിയ സംശയമുണ്ടായിരുന്നു. കയ്മൾവീട്ടിൽ അഭൂതപൂവ്വമായ ഈ കോലാഹലം നടന്നുവരുന്നുണ്ടെങ്കിലും ഉണ്ണിമായയുടെ ശ്രദ്ധ അങ്ങോട്ടെങ്ങും പതിഞ്ഞിരുന്നില്ല. എന്നു മാത്രമല്ല, ഈ വക

ഉത്സാഹങ്ങൾ കണ്ടുതുടങ്ങിയതോടുകൂടി അവളുടെ മനോരാജ്യത്തിന്നു ശക്തി കൂടിക്കൂടി വരികയാണ്ണ് ഉണ്ടായത്. ഇപ്പോൾ സാമാന്യംപോലെ ഭക്ഷണംതന്നെ ഇല്ലാതായിരിക്കുന്നു. ഈ വസ്തുതകൾ വഴിപോലെ അറിയാത്ത ഒരാൾ ഇപ്പോൾ അവളെ കാണുന്ന പക്ഷം, എന്തോ ഒരു ഉന്മാദം പിടിപെടുവാനുള്ള പൂൎവ്വലക്ഷണങ്ങൾ അവളിൽ കണ്ടുതുടങ്ങിയിരിക്കുന്നതായി ആയാൾ കരുതുമായിരുന്നു. ഏതു സമയത്ത് എവിടെവെച്ചു കണ്ടാലും കൈ കോൎത്തുപിടിച്ചു രണ്ടു വാക്കു സംസാരിക്കാതെ സുഖമില്ലാത്ത ചില ചങ്ങാതിമാർ അവൾക്കുണ്ടായിരുന്നു. അവരെക്കൂടി ഇപ്പോൾ അപരിചിതമാരെപ്പോലെയാണ് അവൾ അനുവൎത്തിച്ചുവരുന്നത്. ഒരക്ഷരംപോലും സംസാരിക്കുകയാകട്ടെ ഒന്നു കണ്ടതായി നടിക്കുകയാവട്ടെ അവൾ ചെയ്യാറില്ല. എപ്പോഴും മൌനം തന്നെ. തൻെറ മുറിയിൽനിന്നു പുറത്തിറങ്ങുന്നതുകൂടി അവൾക്കു ദുസ്സഹമായിരുന്നു. ഈ വിശേഷദിവസത്തിൽ വിശേഷിച്ചും അവൾക്കങ്ങിനെ തോന്നി. അതും ഇതും തിരിച്ചും മറിച്ചും വിചാരിച്ചുകൊണ്ട് അവൾ തൻെറ മുറിയിൽ തന്നെ കഴിച്ചുകൂട്ടിവരുന്നു. ഈ സന്ദൎഭത്തിലാണ് ഉണ്ണിക്കാളിയമ്മ അങ്ങോട്ടു പുറപ്പെട്ടത്.

“നേരം വൈകി തൊഴാൻ പോണം” എന്നു പറഞ്ഞ് ഉണ്ണിക്കാളിയമ്മ അടുത്തു ചെന്നപ്പോഴെ ഉണ്ണിമായ അമ്മയെ കണ്ടുള്ളു. മാതാവിനോടു അപ്രിയം പറവാൻ മടിച്ചും അങ്ങിനെ വല്ലതും പ്രവൎത്തിച്ചാൽ തൻെറ ഉദ്ദേശം സാധിച്ചില്ലെങ്കിലൊ എന്നു ഭയപ്പെട്ടും അവൾ തൽക്കാലം ഒന്നും പറഞ്ഞില്ല. ഉടനെ അമ്മയുടെ നിൎബ്ബന്ധപ്രകാരം പുറത്തുപോയി മേൽ കഴുകി വന്ന് അമ്പലത്തിൽ പോകുവാനുള്ള ശ്രമമായി. തൻെറ കാൎയ്യം തകരാറിലാവാതിരുന്നാൽ കൊള്ളാമെന്നുള്ള ആഗ്രഹം നിമിത്തം അമ്പലത്തിൽ പോയി ചിലവഴിവാടുകളും പ്രാൎത്ഥനകളും നടത്തേണ്ണമെന്നുള്ള താല്പ

ഷ്ടം ഉണ്ണിമായയ്ക്കുമുണ്ടായിരുന്നു. അതു കാരണം ഇക്കാൎയ്യത്തിൽ ഉണ്ണിക്കാളിയമ്മയ്ക്കു് വലിയ ആവലാതി വേണ്ടിവന്നില്ല. പക്ഷെ ആയമ്മയ്ക്കും കുറച്ചൊരു കുണ്ഠിതത്തിന്നിടയായി. അതു മറ്റൊന്നുമല്ല. മകളെ നല്ലവണ്ണമലങ്കരിച്ചു മോടി പിടിപ്പിച്ചിട്ടു വേണം അമ്പലത്തിൽ പോകാൻ എന്നു് ഉണ്ണിക്കാളിയമ്മയ്ക്കു മോഹമുണ്ടായിരുന്നു. അതു മാത്രം അനുസാധിച്ചില്ല. കന്നാന്തരം പണ്ടങ്ങൾ കൊണ്ടുവന്നു് ബോധിച്ചതെടുത്തു കൊള്ളുവാനുള്ള അനുവാദരൂപമായി ആരംഭിച്ച പ്രയത്നം ഒടുക്കം വലിയ ദ്വേഷ്യമായിക്കലാശിച്ചു. എങ്കിലും അവൾ പതിവായി ധരിച്ചിരുന്ന തോടയും താലിയും നൂലും വളയുമല്ലാതെ വിശേഷവിധിയായി ഒന്നും തന്നെ ഉണ്ണിമായ സ്വീകരിച്ചില്ല. ഇതുതന്നെയായിരുന്നു ഉണ്ണിക്കാളിയമ്മയുടെ കുണ്ഠിതത്തിന്നു കാരണം. അവരോധവധുക്കൾക്കു് സാധാരണയായി ഉണ്ടാവുന്ന പരിഭ്രമത്തിന്റെ ഫലമായിരിക്കാം ഈ ഔദാസീന്യം എന്നൊരു സമാധാനവും ആ അമ്മയ്ക്കുണ്ടാവാതിരുന്നില്ല. "എന്തെങ്കിലുമാവട്ടെ, തൊഴുതുവരിക തന്നെ" എന്നു വിചാരിച്ചു് ഉണ്ണിക്കാളിയമ്മയും മകളും പരിവാരസമേതം അമ്പലത്തിലേക്കു യാത്രയായി. പോകും വഴിക്കു തനിക്കു പരിചയമുള്ള വല്ലവരേയും കണ്ടെത്തിയാൽ തന്റെ സന്തോഷവൎത്തമാനം അവരോടു പറയാതിരിപ്പാനൊ വീട്ടിലേക്കു അവരെ ക്ഷണിക്കാതിരിപ്പാനൊ ഉണ്ണിക്കാളിയമ്മയ്ക്കു ധൈൎയ്യമുണ്ടായില്ല. ഉണ്ണിമായയുടെ സ്ഥിതിയാകട്ടെ, ഒരു ശവം നടക്കുമെങ്കിൽ അതുപോലെയായിരുന്നു എന്നു പറയാം. ദീപാരാധനയോടുകൂടി എല്ലാവരും അമ്പലത്തിൽ ചെന്നുചേൎന്നു. അവിടെ വെച്ചും കണ്ടവരോടെല്ലാം ഉണ്ണിക്കാളിയമ്മ ഈ വൎത്തമാനം പറയാതിരുന്നില്ല. ക്ഷേത്രത്തിൽ പ്രവേശിച്ചതോടുകൂടി ഉണ്ണിമായയുടെ പ്രകൃതമൊന്നു മാറി. അവളുടെ മുഖത്തു് ശാന്തരസപ്രധാനമായ ഒരു പ്രസന്നത പ്രത്യക്ഷപ്പെട്ടു. അവൾ അതിഭക്തിയോടു കൂടി

അകത്തു കടന്നു് "സർവ്വശക്തനായ സാക്ഷാൽ പരമേശ്വരൻ ഇവിടെത്തന്നെയാണ്" എന്നുള്ള ദൃഢവിശ്വാസത്തോടുകൂടി അനന്യചിത്തയായി അനവധി നേരം ആ ദേവനെ വന്ദിച്ചുകൊണ്ടു് അവിടെ നിന്നു. അനന്തരം തൻെറ ആവലാധികളെല്ലാം അറിയിക്കുകയും ചെയ്തു. ഭക്തിയോടുകൂടി ഭജിക്കുന്നവരെ വരദനായ അവിടുന്നു തന്നെ ഉപേക്ഷിക്കുകയില്ലെന്നും അവൾ വിശ്വസിച്ചു. ഇങ്ങിനെ നിൽക്കുമ്പോൾ ഉണ്ണിക്കാളിയമ്മയ്ക്കു പോകുവാൻ ധൃതിയായി. അവർ മകളെ വിളിച്ചുതുടങ്ങി. കുറെ നേരത്തേക്കു ഉണ്ണിമായ വിളി കേട്ടില്ല. തനിക്കു പ്രാർത്ഥിക്കാനുള്ളതെല്ലാം പ്രാർത്ഥിച്ചു കഴിഞ്ഞപ്പോൾ അവൾ കണ്ണു മിഴിച്ചു തിരിഞ്ഞുനോക്കി. അപ്പോഴെയ്ക്കും തീർത്ഥവും പ്രസാദവും വാങ്ങി മാതാവു യാത്ര പുറപ്പെട്ടു കഴിഞ്ഞിരിക്കുന്നു. അനന്തരം ആ തീർത്ഥവും പ്രസാദവും വാങ്ങി താനും സേവിക്കുകയും സർവ്വാംഗം അണിയുകയും ചെയ്തു. വീണ്ടും വീണ്ടും അവിടെ വന്ദിച്ചു വീട്ടിലേക്കു മടങ്ങുകയും ചെയ്തു.

ഇപ്പോൾ ഗോദവർമ്മരാജാവും പരിവാരങ്ങളും കയ്മൾ വീട്ടിൽ എത്തി കുറച്ചുനേരം കഴിഞ്ഞിരിക്കുന്നു. രാജാവിൻെറ സ്നാനസന്ധ്യാവന്ദനാദികൾ കഴിഞ്ഞ് അമരേത്തിനുള്ള ഉത്സാഹമായി. അവിടുന്നൊരുമിച്ചുതന്നെ അനവധി ആളുകൾ ഉണ്ടായിരുന്നു. ഇതിനു പുറമെ കയ്മളുടെ ക്ഷണം സ്വീകരിച്ചുവന്നിട്ടുള്ളവരും വളരെ ഉണ്ടു്. വെറുതെ കേട്ടുകേൾപ്പിച്ചുവന്നവരും ധാരാളമായിരുന്നു. നാനാജാതിക്കാരുമുണ്ടു്. അയൽപക്കത്തുകാർ ആബാലവൃദ്ധം അവിടെ ഹാജരുണ്ടായിരുന്നു. ആകപ്പാടെ അന്നു കയ്മളുവീട്ടിൽ ഉണ്ടായിരുന്ന ജനബാഹുല്യത്തിന്ന് അതിരില്ല. അവിടെ നടക്കുന്ന കോലാഹലം കടലിരമ്പുംപോലെ അനവധി ദൂരം കേൾക്കാമായിരുന്നു. മൂത്ത കയ്മൾക്കു് ഒരു നിമിഷമെങ്കിലും ഒരു ദിക്കിൽ ഇരിക്കുവാ

നിടയില്ല. ബ്രാഹ്മണസദ്യയും അമറേത്തും കഴിയുന്നതുവരെ താൻ പന്തിയിൽ പ്രവേശിക്കുന്നതു ഭംഗിയല്ലല്ലോ എന്നു വിചാരിച്ച് അവിടെ മാത്രം ആയാൾ പ്രവേശിക്കുന്നില്ല. എന്നാൽ അവിടേയും കൂടക്കൂടെ ചെന്ന് വർത്തമാനമന്വേഷിക്കാതെയിരിക്കുവാൻ ആയാൾക്കു ധൈര്യമുണ്ടായിരുന്നില്ല. ഇങ്ങിനെ ഈ വൃദ്ധൻ മെയ്യനങ്ങി പണിയെടുക്കുന്നത് ആരുംതന്നെ ഇതിന്നു മുമ്പു കണ്ടിട്ടില്ല. ഗോദവർമ്മരാജാവിന്റെ പ്രീതി സമ്പാദിക്കേണമെന്നുള്ള ഏകവിചാരമായിരുന്നു ഈ അദ്ധ്വാനത്തിനെല്ലാം കാരണം. ഉദ്ദേശം മൂന്നു നാഴിക രാച്ചെന്നപ്പോഴെയ്ക്കും തമ്പുരാൻ അമറേത്തു കഴിച്ച് എഴുന്നള്ളി. സ്വർഗ്ഗതുല്യമായി കരുതിയിരുന്ന ആ മഠത്തിൽ തന്നെയാണ് എഴുന്നള്ളിയിരുന്നത്. കുറച്ചുനേരം അവിടെ ഇരുന്നു വിശ്രമിച്ചു. അപ്പോഴെയ്ക്കും മൂത്ത കയ്മൾ (ഊണുകഴിച്ചു എന്നു വരുത്തിക്കൂട്ടി) അവിടെ ഹാജരായി. തത്സമയം അവിടെ വലിയ ഒരു സഭയായിരുന്നു. രാമണങ്കോവിൽ മുതലായ പ്രമാണികളും വിദ്വാന്മാരായ പല നമ്പൂതിരിമാരും അവിടെ ഇരിക്കുന്നുണ്ട്. ഗോദവർമ്മരാജാവ് അതിന്റെ നടുക്കും എഴുന്നള്ളിയിരിക്കുന്നുണ്ട്. കയ്മളുടെ ആദരവിനേയും ആഘോഷങ്ങളേയും പററിയുള്ള സ്തുതിയായിരുന്നു അവിടുത്തെ വിഷയം. ഇതിന്നിടയ്ക്കാണ് കയ്മൾ അവിടെ കേറിച്ചെന്നത്. അടുത്തു തന്നെ ഒരു ദിക്കിലിരിക്കാമെന്നു ഗോദവർമ്മരാജാവ് അഭിപ്രായപ്പെടുകയും രാമണങ്കോവിൽ അനുവദിക്കുകയുമുണ്ടായി. എങ്കിലും കയ്മൾ ഒരു മൂക്കിൽ ഒതുങ്ങി നിന്നതേ ഉള്ളൂ. അനന്തരം രാജാവും രാമണങ്കോവിലും മൂത്ത കയ്മളും എല്ലാവരുംകൂടി ഒരു സംഭാഷണം നടന്നു.

ഗോദ—(രാമണങ്കോവിലിനോടു) കയ്മളുടെ ഒരുക്കങ്ങളെല്ലാം വളരെക്കേമമായിരിക്കുന്നു. ഇല്ലേ?

രാമണ—ഓ; മഹാ കേമം തന്നെ. ഇത്രയൊന്നും ഞാനും കരുതിയില്ല. ഇവിടെ എല്ലാം ഒന്നു മാറിയിരിക്കുന്നു.

കയ്മൾ — അടിയങ്ങൾ ചിലതു കാട്ടിക്കൂട്ടി എന്നേയുള്ളു. നല്ലതോ ചീത്തയോ?

രാമണ — നല്ലതുതന്നെ. സംശയമില്ല. ഇപ്പോൾ അതു പരസമ്മതവുമായി.

ഗോദ — സദ്യയും ഒന്നാന്തരമായി. ഒരു ദിക്കിലും കുറച്ചിട്ടില്ല.

രാമണ — ഈയിടെയാണ് അതിഗംഭീരമായ ഒരു സദ്യ ഇവിടെ കഴിഞ്ഞതു്.

ഗോദ — അതെന്തായിരുന്നു?

രാമണ — മൂത്ത കയ്മളുടെ ഷഷ്ടിപൂർത്തി തന്നെ.

ഗോദ — അഹാ! അത്രയായോ? കണ്ടാൽ അത്ര തോന്നില്ല.

രാമണ — അതു ചിലരുടെ സ്വഭാവമാണ്. പിന്നെ ഇനിയും അനവധി സുഖങ്ങൾ അനുഭവിക്കുവാനുള്ള ഒരാൾ അത്ര വേഗം ക്ഷീണിക്കുവാൻ തരമില്ലല്ലോ.

കയ്മൾ — (ചിരിച്ചുംകൊണ്ട്) അടിയന് അശേഷം വയ്യാതായി. ഇവിടുത്തെയും മററും അനുഗ്രഹംകൊണ്ടും ഈ കാര്യത്തിൽ അടിയനുള്ള ആഗ്രഹംകൊണ്ടും ഇങ്ങിനെ കഴിഞ്ഞുകൂടുന്നു എന്നേയുള്ളു.

ഗോദ — ആ അടിയന്തിരത്തിനു പണം കുറെ ചിലവായിരിക്കും. ഇല്ലേ?

രാമണ — അനവധി! വളരെ ഓരോ ദാനങ്ങളും സർവാണിയും മററും ഉണ്ടായി. ഇതാ ഈ നമ്പൂതിരിമാരെല്ലാം അന്നിവിടെ വന്നിരുന്നവരാണ്.

ഒരു നമ്പൂതിരി — അടിയന്തിരം മഹാകേമമായിരുന്നു. ഇങ്ങിനെ ഒരു ഘോഷം അടുത്ത കാലത്തെങ്ങും ഉണ്ടായിട്ടില്ല.

ഗോദ — പ്രഭുക്കൾ അങ്ങിനെയാണ് വേണ്ടതു്. സംശയമി

ല്ല. പണം ഉണ്ടായാൽ പോരാ. സല്ക്കൎമ്മങ്ങൾ നടത്തുവാൻ ഭാഗ്യംതന്നെ വേണം. കയ്മൾക്ക് ഇതിനെല്ലാം സംഗതി വന്നതിൽ വലിയ സന്തോഷം തോന്നുന്നുണ്ട്.

കയ്മൾ—അവിടുത്തെ ഒരു തിരുവുള്ളമുണ്ടാകുന്നതിന്നു തന്നേയാണ് അടിയങ്ങൾ ഇത്രയെല്ലാം ഒരുക്കം ചെയ്തിട്ടുള്ളത്.

രാമൻ—അതും വേണ്ടതുതന്നെ. ഇപ്പോൾ അതു സാധിച്ചു എന്നു പറയാം.

ഗോദ—കയ്മളും ഉണ്ടില്ലേ?

കയ്മൾ—എറാൻ.

ഗോദ—ഇപ്പോൾ എല്ലാവരുടേയും ഊണു കഴിഞ്ഞിരിക്കും, ഇല്ലേ?

"അടിയൻ അറിഞ്ഞു വിടകൊള്ളാം" എന്നു പറഞ്ഞു കയ്മൾ അകായിലേക്കു പുറപ്പെട്ടു. അപ്പോൾ എല്ലാവരും ഭക്ഷണം കഴിഞ്ഞു മററു കാൎയ്യങ്ങൾക്കു ഉത്സാഹമായിരിക്കുന്നു. തമ്പുരാന്റെ പള്ളിക്കുറുപ്പ് എവിടേയാണ് വേണ്ടതെന്നു മാത്രം ഇനിയും തീൎച്ചയായിട്ടില്ല. ആരംഭദിവസമാകകൊണ്ട് അകായിൽ തന്നെ വേണമെന്നു ഒരു പക്ഷമുണ്ടായിരുന്നു. അവിടെ സ്ഥലസൌകൎയ്യമില്ലാത്തതിനാൽ മഠത്തിൽ തന്നെ മതിയെന്നു മറെറാരു പക്ഷവും ഉണ്ടാവാതിരുന്നില്ല. ഈ സംഗതിയെപ്പററി ഒരോരുത്തരും അവരവരുടെ അഭിപ്രായം പറഞ്ഞുകൊണ്ടിരിക്കുമ്പോഴാണ്, "എല്ലാം തയ്യാറായില്ലേ?" എന്നു ചോദിച്ചുകൊണ്ട് മൂത്ത കയ്മൾ കേറിച്ചെന്നത്. അപ്പോൾ അവിടെ കൂട്ടംകൂടിയിരുന്ന സ്ത്രീകളെല്ലാം, പുലിയെ കണ്ട മാൻകിടാങ്ങളെപ്പോലെ എവിടേക്കോ ഓടിക്കഴിഞ്ഞു. പുരുഷന്മാർ മാത്രം കുറുക്കന്മാരെപ്പോലെ അവിടെ ചുററിപ്പററി കൂടിയിരുന്നു. "എന്താണിനി താമസം" എന്നു കയ്മൾ ചോദിച്ചതിന് അവിടെ നിന്നിരുന്നവരിൽ ചിലർ കയ്മളെ കാൎയ്യം ഗ്രഹിപ്പിച്ചു. കയ്മൾ കുറച്ചുനേരം

തന്നത്താൻ ആലോചിച്ച് കട്ടക്കം രാമണങ്കോവിലിനോടുകൂടി ആലോചിച്ചു നിശ്ചയിക്കാമെന്നു വെച്ച് ആയാൾ മഠത്തിലേക്കു തന്നെ തിരിച്ചു. അവരുടെ കൂടിയാലോചനയുടെ ഫലമായി പ്രതിഗ്രഹവും കാണപ്പടയും മുറികൊടുക്കലും നാലുകെട്ടിൽ തന്നെ വെച്ചു നടത്തണമെന്നും പള്ളിക്കുറുപ്പു മഠത്തിൽ മതിയെന്നും നിശ്ചയിച്ചു. വിവരം ഉണ്ണിക്കാളി അമ്മയെ അറിയിക്കയും ചെയ്തു.

നാലുകെട്ടിൽ ഇങ്ങിനെ ഒരു ധൃതി നടക്കുന്നു. ഉണ്ണിമായ ഇതെല്ലാം അറിഞ്ഞിട്ടുണ്ട്. അവൾക്ക് ആഹാരംതന്നെ അന്നുണ്ടായിട്ടില്ല. താൻ വിചാരിച്ചിരുന്നതുപോലെ ഒന്നും ചെയ്യാൻ അവൾക്കതുവരെ സാധിച്ചിട്ടുമില്ല. ഇനി അധികം നേരം ആലോചിക്കുവാൻ ഇടയും ഇല്ലാതായി. ആകപ്പാടെ എന്താണ് വേണ്ടതെന്ന് അവൾക്കറിഞ്ഞുകൂടാ. സ്ത്രീകളെ അവരുടെ സമ്മതം നോക്കാതെ ആരെങ്കിലും പിടിച്ചു കെട്ടിക്കൊടുക്കുന്ന സമ്പ്രദായത്തിൻെറ നേരെ അവൾക്കു വലിയ വെറുപ്പു തോന്നി. ജീവനോടെ ഇരിക്കുന്ന കാലത്തോളം ഗോദവർമ്മരാജാവിൻെറ അടിമയായിരിക്കുന്നതല്ലെന്നു അവൾ മനസ്സുകൊണ്ട് ശപഥം ചെയ്തുകഴിഞ്ഞു. എന്നാൽ അതു നിറവേററുവാനുള്ള മാർഗ്ഗം കാണാതെ സാമാന്യത്തിലധികം വ്യസനിച്ചു. എന്തെങ്കിലുമാവട്ടെ, വരുന്നതു വരട്ടെ, എന്നുറച്ച് അകത്തു കടന്നു വാതിലടച്ചു സാക്ഷയിട്ടു കിടപ്പായി. എന്നാൽ അപ്പോഴും അവൾക്കു സമാധാനമില്ല. കരിങ്കല്ലുപോലുള്ള കയ്യുകളുടെ മനസ്സിനേക്കാൾ എത്രയോ ഉറപ്പുകുറഞ്ഞതാണ് അവളുടെ മണിമച്ചിൻെറ കവാടമെന്ന് അവൾക്കറിയാമായിരുന്നു. ഇതികർത്തവ്യതാമൂഢയായ ആ യുവതി അവിടെ അങ്ങുമിങ്ങും നടന്നും കിടന്നും ഉരുണ്ടും സമയം കഴിച്ചുവന്നു. ഇതിനിടെ ആരോ ഒരാൾ പുറത്തുവന്ന് 'ഉണ്ണി' എന്നു വിളിക്കുന്നതായി അവൾക്കു തോന്നി. അവൾ ഒന്നു പരിഭ്രമിച്ചു. വിളി പിന്നേയും കേട്ടു. ഈ

ശബ്ദം തനിക്ക പരിചയമുള്ളതുപോലെ അവൾക്ക തോന്നി. പതുക്കെ വാതിൽ തുറന്നു പുറത്തു കടന്നു. നാലുകെട്ടിൽ പ്രതിഗ്രഹത്തിന്റെയും മറ്റും തിരക്കായിരുന്നതുകൊണ്ടു ഈ പ്രദേശത്തു വിശേഷിച്ചാരും ഉണ്ടായിരുന്നില്ല. അങ്ങോട്ടുമിങ്ങോട്ടും നോക്കി വാതിൽ ചേൎത്തടച്ചു.

ഏകദേശം ഒമ്പതു നാഴിക രാവായി. ബ്രാഹ്മണൎക്ക ദക്ഷിണയും പരക്കെ ഓണപ്പുടവയും കഴിഞ്ഞിരിക്കുന്നു. ഇനി ഉണ്ണിമായക്ക മുറികൊടുക്കുന്ന മംഗളകൃത്യം നടക്കുവാനുള്ള സമയമാണ്. ഗോദവൎമ്മരാജാവും രാമന്നക്കോവിലും മൂത്ത കയ്മളും അടുത്ത സേവന്മാരായ ഏതാനും ആളുകളും നാലുകെട്ടിലും മറ്റുള്ളവർ ഒട്ടുമുക്കാലും പുറത്ത് ഇറയത്തും മുററത്തും വന്നു കൂടിയിരിക്കുന്നു. ഉണ്ണിക്കാളിയമ്മ സന്തോഷസമുദ്രത്തിൽ നീന്തിത്തുടിച്ചു കയ്യും കാലും തളൎന്ന് ആടിക്കുഴഞ്ഞുകൊണ്ടു മകളെ കൂട്ടിക്കൊണ്ടുവരുവാനുള്ള യാത്രയായി. അവർ അങ്ങോട്ടും ഇങ്ങോട്ടും നോക്കാതേയും മകളുടെ ഉദാസീനതയെപ്പററി സ്നേഹസൂചകമായി ചിലതൊക്കെ ശകാരിച്ചും ശാസിച്ചും ഉണ്ണിമായയുടെ അകത്തിന്റെ ഉമ്മറത്തെത്തി. വാതിൽ അടച്ചിരുന്നതു കണ്ടു കുറച്ചൊരു കോപം തന്നെ ഉണ്ടാകാതിരുന്നില്ല. വാതിൽ അതി ശക്തിയോടുകൂടി തള്ളിത്തുറന്നു. അപ്പോൾ അതോടുകൂടി ഒരു കാററ് പുറത്തേക്കു തള്ളിവരികയും അവളുടെ കയ്യിലുണ്ടായിരുന്ന ചങ്ങലവട്ട കെട്ടുപോകയും ചെയ്തു. ഈ ദുശ്ശകുനം ഉണ്ണിക്കാളിഅമ്മയെ വല്ലാതെ വ്യാകുലപ്പെടുത്തി. എങ്കിലും ചില വഴിപാടുകളെല്ലാം പ്രാൎത്ഥിച്ചു വീണ്ടും ചങ്ങലവട്ട കൊളുത്തിക്കൊണ്ടു വന്നു. അകത്തു കടന്നു നോക്കിയപ്പോൾ ഉണ്ണിമായ അവിടെ ഇല്ല. ഉണ്ണിക്കാളി അമ്മക്കു കോപവും വ്യസനവും പരിഭ്രമവും എന്നുവേണ്ട, മാനസികവികാരങ്ങൾ ഒട്ടുമുഴുവനും ഒരേ സമയത്തുതന്നെ അനുഭൂതമായി. 'മുക്കിലും മൂലയിലും' സൂക്ഷിച്ചുനോക്കി. അവിടെ എങ്ങും മകളെ കണ്ടില്ല.

നേരെ വളപ്പിൽ കടന്നു. അവിടേയും ഇല്ല മകൾ. ഉണ്ണിക്കൾച്ചി അമ്മയുടെ സപ്തനാഡികളും തളൎന്നു. താനറിയാതെ തന്നെ ചങ്ങലവട്ട താഴെ വീണു. തല ചുററും പോലെ അവൎക്കു തോന്നി. കണ്ണു തീരെ കാണാതാവുകയും അവിടെ കരിടത്തു മറിഞ്ഞുവീഴുകയും ചെയ്തു. ഉണ്ണിമായയുടെ ആഗമനത്തിന്നുള്ള അമാന്തം കണ്ടു കയ്മൾക്കും പരിഭ്രമമായി. ആയാൾ വീണ്ടും ആളെ പറഞ്ഞയച്ചു. എന്നിട്ടും ഉണ്ണിമായ വന്നില്ല. എന്തിനു വിസ്തരിക്കുന്നു? ക്ഷണനേരംകൊണ്ട് ഉണ്ണിമായയെ കാണാനില്ല എന്നു സംസാരമായി.

## ഒമ്പതാം അദ്ധ്യായം.

തൃശ്ശിവപേരൂർ ക്ഷേത്രത്തിന്നു ചുററും ഒരു കാലത്തു വലിയ കാട്ടുപ്രദേശമായിരുന്നു. വലിയ വലിയ കാട്ടുമരങ്ങളും കുററിക്കാടുകളും അവിടെ ധാരാളമായിരുന്നു. തേക്കുമരങ്ങളാണ് അധികമുണ്ടായിരുന്നത്. ഈ സ്ഥലത്തിന് ഇപ്പോഴും 'തേക്കിൻകാട്' എന്നു പറഞ്ഞുവരുന്നുണ്ട്. കഥ നടന്ന കാലത്ത് അവിടെ സാധാരണ പകൽ സമയംതന്നെ അധികം ജനങ്ങൾ സഞ്ചരിച്ചിരുന്നില്ല. രാത്രികാലങ്ങളിലെ കഥ പറയാനില്ലല്ലോ. വടക്കുന്നാഥക്ഷേത്രത്തിൽ തൃപ്പുക കഴിഞ്ഞാൽ അവിടെ ഭൂതപ്രേതാദികളുടെ സഞ്ചാരസമയമാണെന്നും അവരുടെ കേളീരംഗം ആ വനപ്രദേശവും ക്ഷേത്രപരിസരങ്ങളുമായിരുന്നു എന്നുമാണ് ജനങ്ങളുടെ വിശ്വാസം. ഇതിനെ അടിസ്ഥാനപ്പെടുത്തി അനവധി 'പേടിക്കഥ'കൾ ജനങ്ങളുടെ ഇടയിൽ ഇന്നും നടപ്പുണ്ട്. അസമയങ്ങളിൽ ഏകാകിയായി ഒരാൾ അവിടെ എത്താൻ കുടുങ്ങിപ്പോകുന്നപക്ഷം മരിക്കയല്ലാതെ ഗത്യന്തരമില്ലെന്നു അക്കാലത്തു പരക്കെ ബോദ്ധ്യമായിരുന്നു. ഇതു നിമിത്തം തൃപ്പുകക്കുശേഷം മ

തിലകത്ത് എന്നല്ല അടുത്തെങ്ങും തന്നെ മനുഷ്യശബ്ദം പോലും കേട്ടിരുന്നില്ല. ദൈവഗത്യാ അവിടെ ചെന്നു ചേരുന്നത് ഒരത്യാപത്തായിട്ടാണ് ജനങ്ങൾ കരുതിയിരുന്നത്. മരണശിക്ഷ വിധിച്ചവരെ തൂക്കിക്കൊല്ലുന്നതിന്നു പകരം 'തെക്കേഗോപുരം കടത്തുക' എന്നൊരു സമ്പ്രദായം നടപ്പുണ്ടായിരുന്നു എന്നു കേൾവിയുണ്ട്. അങ്ങിനെ ഗോപുരം കടത്തിയവരെ പിന്നെ ആരുംതന്നെ കണ്ടിട്ടില്ലത്രെ. ഇപ്രകാരം അതിഭയങ്കരമായ ഒരു പ്രദേശമായിരുന്നുവെങ്കിലും ഒരു ദിവസം അർദ്ധരാത്രി സമയത്ത് പ്രസ്തുതക്ഷേത്രത്തിന്റെ വടക്കുവശത്തായി ചിലർ ഇരുന്ന് എന്തോ സംഗതിയെപ്പററി ഗൂഢമായിട്ടാലോചിച്ചിരുന്നു. അവിടെ ഇരുന്നിരുന്നവരിൽ അധികം പേരും പടയാളികളായിരുന്നു എന്ന് അവരുടെ വേഷവ്യത്യാസങ്ങളും ആയുധങ്ങളും പ്രത്യക്ഷപ്പെടുത്തിയിരുന്നു. വാളും പരിചയും എല്ലാവക്കുമുണ്ടായിരുന്നു. രണ്ടാൾ മാത്രം കവചം ധരിച്ചിരുന്നില്ല. അവർ പെരുമ്പടപ്പു മൂപ്പിന്നും ചാഴൂർ തമ്പുരാനും ആയിരുന്നു. മൂപ്പിന്നു പറയുന്നു:—"വിചാരിച്ചപോലുള്ള ഒരുക്കങ്ങളൊന്നും ചെയ്വാൻ സാധിച്ചില്ല. എങ്കിലും നിങ്ങളെല്ലാവരും ഒത്തു കൂടിയതു വലിയ സമാധാനമായി. ഇനിയെല്ലാം നിങ്ങൾക്കു തന്നെയാണ് ഭാരം."

ചങ്ങരംകോത കർത്താവ് — ഇവിടെയ്ക്കു വേണ്ടിവരുന്ന സകല സഹായങ്ങളും ചെയ്യേണമെന്നുറച്ചിട്ടു തന്നെയാണ് അടിയങ്ങൾ ഇവിടെ ഹാജരായിരിക്കുന്നത്.

മൂപ്പിന്ന് — വളരെ സന്തോഷമായി. ശങ്കരൻകണ്ടനും മററും എന്നാണ് ഒന്നിച്ചു കൂടിയത്?

ശങ്കരൻകണ്ടത്തു പണിക്കർ—അടിയങ്ങളും കർത്താവുമായി കൂടിയാലോചിച്ച് ഇനി മേല്പട്ടു വേണ്ട കാര്യങ്ങൾക്കു ചില ഒരുക്കങ്ങളെല്ലാം ചെയ്തുതുടങ്ങിട്ടു കുറെ ദിവസമായി. പക്ഷെ ഇതുവരെ തിരുമുമ്പാൽ ഹാജരാകുവാൻ സാധിച്ചില്ലെന്നേയുള്ളു.

മൂപ്പിന്ന്—എൻെറ മുമ്പിൽ വരുന്നതല്ലല്ലോ കാൎയ്യം. (മേ ല്പോട്ടു നോക്കി കുറെ നേരം ആലോചിച്ച്) നേരം അൎദ്ധ രാത്രി കഴിഞ്ഞിരിക്കുന്നു. ഇനിയും മേനവൻ വന്നില്ലല്ലോ. ഇങ്ങിനെ അമാന്തിക്കാറില്ല.

ചങ്കര—അദ്ദേഹം ഇനി അങ്ങിനെ വരുമെന്നു തോന്നുന്നി ല്ല. ഇപ്പോൾ താമും ഒന്നും തെററിയിരിക്കുന്നു.

മൂപ്പിന്ന്—(പരിഭ്രമിച്ചുകൊണ്ട്) എന്ത്! മേനവൻ രാമണ ങ്കോവിലിൻെറ വലയിൽ കുടുങ്ങിയോ?

ചാഴൂർ—അതൊരിക്കലുമുണ്ടാവില്ല. എന്തൊ വേറെ വല്ല ധൃ തിയുമുണ്ടായിരിക്കണം.

ശങ്കര—എന്നാൽ ഇപ്പോൾ അങ്ങിനെതന്നെ വന്നിരിക്കു ന്നു. രാമവൎമ്മരാജാവൊരുമിച്ചല്ലാതെ അച്ഛനെ കാണ്മാൻ തന്നെ പ്രയാസമാണ്.

മൂപ്പിന്ന്—(അത്യധികം പരിഭ്രമിച്ച്) നേരു പറയണം. കാ ൎയ്യം വലിയ കുഴപ്പത്തിലായിത്തീരും.

ചങ്കര—ഇതു വാസ്തവമാണ്. ഇനി പറഞ്ഞിട്ടു വലിയ പ്ര യോജനമുണ്ടാവുമെന്നു തോന്നുന്നില്ല.

ചാഴൂർ—എനിക്കിനിയും വിശ്വാസം വരുന്നില്ല. ഇന്നാള ല്ലെ കോവിലകത്തു വന്നു പോയത്?

മൂപ്പിന്ന്—അതൊക്കെ ശരിതന്നെ. മനുഷ്യരുടെ മട്ടു മാറുന്ന ത് എപ്പോഴാണെന്നു ആൎക്കറിയാം? പിന്നെ രാമണങ്കോ വിലിൻെറ ഉപദേശപ്രകാരമായിരിക്കാം അന്നത്തെ വര വും. ഈ വ്യാജം ആരറിഞ്ഞു? ഏതായാലും പററിയതു പററി. ഇനി മനസ്സിരുത്താം.

ചങ്കര—(പരിഭ്രമത്തോടെ) എന്താ പററിയത്?

മൂപ്പിന്ന്—ഇവിടെ വന്നപ്പോൾ, ഇനി എന്തെല്ലാമാണ് നിശ്ചയിച്ചിരിക്കുന്നതെന്നും മററും എന്നോടു ചോദിക്കുക യും ആയേടത്തോളം സംഗതികൾ ഞാൻ തുറന്നുപറക

യും ചെയ്തു. ആ കൂട്ടത്തിൽ സാമൂതിരിയെ കണ്ടുവരുവാൻ ആളെ അയച്ച സംഗതിയും പറഞ്ഞുപോയി.

ശങ്കര—ഏതായാലും കഴിഞ്ഞതു കഴിഞ്ഞു. ഇനി അങ്ങിനെ വരാതെ നോക്കുക. അല്ലാതെ നിവൃത്തിയില്ലല്ലോ.

മൂപ്പിന്ന്—വരുമ്പോലെ വരട്ടെ (എന്നു പറഞ്ഞ് ഒരു ദീൎഘ ശ്വാസത്തോടുകൂടി കുറെ നേരം മൌനമായിരുന്നു. അപ്പോൾ മററുള്ളവൎക്കും മനോരാജ്യമായി.)

പാലിയത്തച്ചൻ, രാമവൎമ്മ രാജാവൊരുമിച്ചു കൊച്ചിയിൽ സ്ഥിരതാമസമാക്കി എന്നും മററും മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. ഈ വൎത്തമാനം ക്രമേണ നാട്ടിലെല്ലാം പരന്നു. ആ വഴിക്കു ചങ്ങരങ്കോത കൎത്താവും ശങ്കരങ്കണ്ടത്തു പണിക്കരും മററും അറിഞ്ഞിരുന്നു. അച്ചൻ, സ്വാൎത്ഥലാഭത്തിന്നായി അങ്ങിനെ ചെയ്തുവരുന്നതാണെന്നായിരുന്നു അവർ ധരിച്ചത്. എന്നുമാത്രവുമല്ല പ്രധാനമന്ത്രിസ്ഥാനം അച്ചനു കൊടുത്തിരിക്കുന്നു എന്നുകൂടി അവർ ധരിച്ചിട്ടുണ്ട്. ഇതാണ് അവരിങ്ങിനെ പറയാനുണ്ടായ കാരണം. ഇതു കേട്ടപ്പോൾ മൂപ്പിലേക്ക് ഉണ്ടായ വിധത്തിലേ അസഹ്യത ഉണ്ടായുള്ളൂ എന്നു പറഞ്ഞറിയിക്കാൻ പ്രയാസമാണ്. അച്ചന്റെ വഞ്ചനയേക്കുറിച്ചും മററും അദ്ദേഹം തന്നെത്താൻ അതികഠിനമായി നിന്ദിച്ചു. ഇദ്ദേഹത്തിന്റെ പേരിലുണ്ടായിരുന്ന വിശ്വാസം മാറി ഒരു വെറുപ്പായിത്തീൎന്നു. ഒരുകാലത്തു പകരം ചോദിക്കുവാൻ താൻ വന്നാൽ അന്ന് ആയിക്കൊള്ളാമെന്നു കൂടി ക്ഷണനേരംകൊണ്ട് അദ്ദേഹം നിശ്ചയിച്ചുകഴിഞ്ഞു.

ഈ സമയത്തു വടക്കുനിന്ന് ഒരാൾ വരുന്നതുപോലെ മൂപ്പിലേക്കു തോന്നി. അദ്ദേഹം സൂക്ഷിച്ചുനോക്കി. അതെ, ഒരാൾതന്നെയാണു വന്നിരുന്നത്. സാധാരണ മനുഷ്യസഞ്ചാരമില്ലാതിരുന്ന ഈ സമയത്ത് ഏകാകിയായി വരുന്നതു കണ്ടപ്പോൾ കുറച്ചു ഭയവും അത്ഭുതവും തോന്നാതിരുന്നില്ല. മൂപ്പിന്നു പരിഭ്രമിക്കുന്നതു കണ്ടു മററുള്ളവർ നാലു

പുറവും നോക്കിത്തുടങ്ങി. ഒരാൾ വരുന്നതുപോലെ അവൎക്കും തോന്നി. ആരും ഒന്നും പറഞ്ഞില്ല. ആയാൾ നേരെ തെക്കോട്ടു കയറി അവരുടെ അടുത്തടുത്ത് എത്തിത്തുടങ്ങി. അറിയാതെ പോകയാണെങ്കിൽ പോകട്ടെ എന്നു കരുതി മൂപ്പിന്ന് അനങ്ങാതെ ഇരുന്നു. മററുള്ളവർ കണ്ടിട്ടുള്ള കഥ അദ്ദേഹം ധരിച്ചില്ല. ഇതിനിടക്കു കൎത്താവും പണിക്കരും അങ്ങോട്ടു ചൂണ്ടിക്കാണിച്ച് 'പിറുപിറുത്തു'തുടങ്ങി. മൂപ്പിലെ, അനങ്ങരുതെന്നൎത്ഥമായ ആംഗ്യമനുസരിച്ച് അവരും മൌനമായിരുന്നു. ആൾ കുറേക്കൂടി അടുത്തെത്തി. ഇവർ അവിടെ ഇരിക്കുന്നതു കണ്ടിട്ടോ എന്തോ—ആയാൾ അങ്ങോട്ടു സൂക്ഷിച്ചുനോക്കുന്നുണ്ട്. അപ്പോൾ നാട്ടുവെളിച്ചം ധാരാളമുണ്ടായിരുന്നതുകൊണ്ടും സാമാന്യം അടുത്തെത്തിയതുകൊണ്ടും അവർ മനുഷ്യരാണെന്നു രണ്ടു കൂട്ടൎക്കും മനസ്സിലായി. ആയാൾ, അവർ ഇരിക്കുന്ന ദിക്കിലേക്കു തിരിച്ചു. അവർ ആകപ്പാടെ ഒന്നിളകി. കൎത്താവിന്റേയും പണിക്കരുടേയും കൈകൾ വാൾ തിരഞ്ഞുതുടങ്ങി. മൂപ്പിന്നു പതുക്കെ എഴുന്നേററ് ആയാളുടെ അടുത്തുചെന്നു. അപ്പോൾ അന്യോന്യം ആളെ മനസ്സിലായി. "ഇതെന്തുകഥ!" എന്നിങ്ങിനെ കുറച്ചുറക്കെ മൂപ്പിലെ മുഖത്തുനിന്നു പുറപ്പെട്ടുപോയി. അപ്പോഴേക്കും മററവരും അടുത്തെത്തി. പുതിയ ആൾ ഒന്നു പരുങ്ങി. "പരിഭ്രമിക്കേണ്ട" എന്നുള്ള മൂപ്പിലെ സമാധാനവാക്കു കേട്ടപ്പോൾ ആയാൾ അവിടെത്തന്നെ നിന്നു.

മൂപ്പിന്ന്—ഈ അസമയത്ത് ഇവിടെ വന്നുചാടിയത് എങ്ങിനെയാണ്?

ആഗതൻ—ഇന്നലെ രാത്രിതന്നെ എത്തിയിരിക്കുന്നു. കുന്നവും ഒന്നിച്ചുവന്നിട്ടുണ്ട്.

മൂപ്പിന്ന്—ഏതു കുന്നം?

ആഗതൻ—അടക്കാപ്പുത്തൂർ കുന്നംതന്നെ.

മൂപ്പിന്ന്—അദ്ദേഹം എവിടെ? കൂടെയുണ്ടോ?

ആഗതൻ—ഇല്ല; "കൊക്കരണി"യിൽ കിടക്കുന്നുണ്ട്. ഞാൻ വിവരം ഇവിടെ അറിയിക്കേണമെന്നുവെച്ച കോവിലകത്തു പോയിരുന്നു. അവിടെ ചെന്നപ്പോൾ ആരേയും കണ്ടില്ല. ഇപ്പോൾ വരുമെന്നു കരുതി കുറെ നേരം ഇരുന്നു. അങ്ങിനെ കുറച്ച് ഉറക്കം തൂങ്ങിപ്പോയി. ഉണന്ന നേരം നോക്കിയപ്പോൾ അഹസ്സു പകരാറായി എന്നു തോന്നി. ഇനി കുളിയും മററും കഴിച്ച നേരത്തെ കാണാമെന്നുവെച്ച തിരിയെ പുറപ്പെട്ടു. അപ്പോഴാണ് ഇവിടെ ചിലർ ഉണ്ടെന്നു് ഊഹം തോന്നിയത്. ഒരുസമയം ഇവിടെവെച്ച കാണാമെന്നും വിചാരിക്കാതിരുന്നില്ല.

ചങ്ങര—നല്ല കാൎയ്യമാവുമായിരുന്നു. അസമയങ്ങളിൽ ഇങ്ങിനെ എഴുന്നള്ളുവാൻ വളരെ സൂക്ഷിക്കണം. (എന്നു പറഞ്ഞു വാൾ ഉറയിൽ തിരുകി.)

ആഗതൻ—(ചിരിച്ചുംകൊണ്ട്) അങ്ങിനെ വിചാരിക്കാനില്ല. മരണം ഒരിക്കലേ ഉള്ളൂ.

ശങ്കര—അറിഞ്ഞുംകൊണ്ട് അങ്ങിനെ സംഭവിക്കില്ല. പക്ഷെ, അറിയാതെ വല്ലതും പററിപ്പോവാൻ എളുപ്പമുള്ള സ്ഥിതിക്കു കുറച്ച മനസ്സിരുത്തണമെന്നേ കൎത്താവു പറഞ്ഞതിന് അൎത്ഥമുള്ളൂ.

ആഗതൻ—മനസ്സിലായി. ഏതെങ്കിലും ഇത്തവണ ഭഗവതി സഹായിച്ചു.

ചങ്ങര—ഇവിടേക്ക് ഏതു കാലത്തും ഭഗവതി സഹായമുണ്ടാവാതിരിക്കയില്ല. അതു ഞങ്ങൾക്കറിയാം.

മൂപ്പിന്ന്—അതിരിക്കട്ടെ. കുന്നം ഏതു നിലക്കാണ് വന്നിരിക്കുന്നത് എന്നറിഞ്ഞുവോ?

ആഗതൻ—അന്നു പറഞ്ഞതുപോലെ ഒരുക്കമുണ്ടെന്നാണ് തോന്നുന്നത്. മുഴുവൻ എന്നോടു പറഞ്ഞില്ല.

ചങ്ങര—കാൎയ്യങ്ങൾ അടിയങ്ങൾക്കും കേൾക്കുവാൻ വിരോധമുണ്ടാവില്ലെന്നു വിശ്വസിക്കുന്നു.

മൂപ്പിന്ന്—ഒരു വിരോധവുമില്ല. എന്നല്ലാ, എല്ലാ സംഗതികളും നിങ്ങളെ അറിയിക്കണമെന്നു വിചാരിച്ചാണ് ഇന്നിവിടെ കാണണമെന്നാവശ്യപ്പെട്ടത്.

ശങ്കര—വളരെ നേരം വെറുതെ കളഞ്ഞു. ഈ നേരംകൊണ്ടു പലതും ആലോചിച്ചുറയ്ക്കാമായിരുന്നു.

മൂപ്പിന്ന്—വെറുതെ കളഞ്ഞു എന്നു ഞാൻ വിചാരിക്കുന്നില്ല. നമ്മൾ ഇങ്ങിനെയോരോന്നു പറഞ്ഞുകൊണ്ടിരുന്നില്ലെങ്കിൽ മേനവൻെറ കാര്യം ഞാനെങ്ങിനെയറിയും?

ആഗതൻ—മേനവന്ന് എന്താ വിശേഷം? അതെനിക്കും അറിയരുതെ?

മൂപ്പിന്ന്—ഓഹോ! അറിയാം. നമ്പൂതിരിയുടെ വരവിനെപ്പററി അറിവാൻ എനിക്കു ധൃതിയായി. അതുപോലെ മേനവൻെറ കാര്യം നമ്പൂതിരിക്കും അറിയണം. നമ്മൾ രണ്ടാളും അറിഞ്ഞിട്ടുള്ളത് ഇവക്കും അറിഞ്ഞേ തീരു, അപ്പോൾ ആരാണ് ആദ്യം പറയേണ്ടതെന്നു മുമ്പെ തീച്ചപ്പെടുത്തണം.

ആഗതൻ—എൻെറ കാര്യം മുഴവനും പറയണമെങ്കിൽ കുന്നവുംകൂടി ഉണ്ടായിരിക്കണം. അതുകൊണ്ട് അതു തല്ക്കാലം നിത്തിവെക്കുന്നതാണ് നല്ലത്.

ചങ്ങര—എന്നാൽ, അച്ഛനെക്കുറിച്ചുള്ള സംഗതികൾ അവിടുന്നു തിരുമനസ്സുണത്തിക്കും. ഞങ്ങൾക്കുള്ളതു കഴിഞ്ഞാൽ നേരം പുലരുംമുമ്പ് ഇവിടം വിട്ടു പോകാം.

ആഗതൻ—അതു ശരിയാണ്. എന്നാൽ അതുതന്നെയാവട്ടെ ആദ്യം. എനിക്കു കുളിക്കാൻ നേരമായി. ഇപ്പോൾ കുന്നവും ഉണന്നിരിക്കും. ഞങ്ങൾ നേത്തെ കോവിലകത്തു വന്നു കണ്ടുകൊള്ളാം.

'അങ്ങിനെയാവട്ടെ' എന്നെല്ലാവരും സമ്മതിച്ചു. ആഗതൻ നേരെ തെക്കോട്ടുകയറി കൊക്കരണിയിലേക്കുകടന്നു. മററവർ കുറെ നേരം അവിടെത്തന്നെ ഇരുന്നു. അതിനിടയ്ക്കു

പരസ്പരം അറിയിക്കുവാനുണ്ടായിരുന്ന സകല സംഗതികളും വിസ്തരിച്ചു പറകയും ഉണ്ടായി. സാമൂതിരിയെക്കണ്ടു സഹായത്തിന്ന് അപേക്ഷിക്കണമെന്നും മററും മൂപ്പിന്ന് ആലോചിച്ചിരുന്ന സംഗതി വായനക്കാർ ഓർക്കുന്നുണ്ടായിരിക്കുമല്ലോ. ഈ വിവരം ആറുനാട്ടിൽ പ്രഭുക്കന്മാരായ ചങ്ങരംകോത കത്താവ്, ശങ്കരംകണ്ടത്ത് പണിക്കർ മുതൽപേരെ കൂടി അറിയിച്ച് അവരുടെ അഭിപ്രായംകൂടി അറിഞ്ഞാൽ കൊള്ളാമെന്നു മൂപ്പിലേക്ക് താല്പര്യമുണ്ടായിരുന്നു. അതിനു തന്നെയാണ് കത്താവിനേയും മററും അവിടെ വരുത്തിയിരുന്നത്. ഇപ്പോൾ എല്ലാ സംഗതിയും അവരെ അറിയിക്കുകയും അവക്കും അതു സമ്മതമാണെന്നുള്ള അഭിപ്രായം ഗ്രഹിക്കുകയും ചെയ്തു. ഇത്രത്തോളമായപ്പോഴക്കും നേരം വല്ലാതെ അതിക്രമിച്ചു. അവരുടെ ആലോചന മറെറാരു ദിവസത്തേക്കു മാററിവെച്ചു എല്ലാവരും യാത്രപറഞ്ഞു പിരിഞ്ഞു. മൂപ്പിന്നും ചാഴൂർത്തമ്പുരാനും കോവിലകത്തേക്കും, മററുള്ളവർ സ്വന്തം സ്ഥലങ്ങളിലേക്കും യാത്രയായി.

മൂപ്പിലേക്കു കോവിലകത്തു ചെന്നതിന്നുശേഷവും ഉറക്കം തരമായില്ല. കുന്നത്തു നമ്പൂതിരിയുടെ ആഗമനംകൊണ്ടു തനിക്കെത്രത്തോളം ഗുണം സിദ്ധിക്കുമെന്നുള്ള വിചാരമായിരുന്നു അവിടേക്കു് അധികം ഉണ്ടായിരുന്നത്. വിശേഷിച്ചു പാലിയത്തച്ചൻ തന്റെ ഭാഗം വിട്ടു പോയതും വലിയ മനസ്സല്യത്തിനു കാരണമായി. മൂപ്പിന്ന്, ഇരുന്നും നടന്നും നേരം കഴിച്ചുകൂട്ടി. പ്രഭാതത്തോടുകൂടി കുളിയും സന്ധ്യാവന്ദനവും മററും കഴിച്ച് അതിഥികളുടെ ആഗമനം പ്രതീക്ഷിച്ചുകൊണ്ട് ഇരിപ്പായി. നേരം അഞ്ചാറു നാഴിക പുലന്നിട്ടും അവർ വന്നുകണ്ടില്ല. മൂപ്പിലേക്കു പരിഭ്രമമായി. കാഞ്ഞ വെള്ളത്തിൽ വീണ പൂച്ച പച്ചവെള്ളം കണ്ടാലും ഭയപ്പെടുന്നപോലെ, വെളുപ്പാൻകാലത്തു കണ്ടുമുട്ടിയ ആ വിദ്വാനും പാലിയത്തച്ചൻ പററിച്ചതുപോലെതന്നെ, തന്നെ വഞ്ചി

ക്കവാൻ പുറപ്പെട്ടതായിരിക്കമോ എന്നുള്ള ഭയം അവിട്ടത്തെ വല്ലാതെ ബാധിച്ചു. കൂടക്കൂടെ താഴത്തിറങ്ങി തെക്കോട്ടു നോക്കിക്കൊണ്ടു കുറച്ചുനേരം നില്ലുകയും, വീണ്ടും മുകളിലേയ്ക്കുതന്നെ കയറുകയും, അവർ വന്നുകാണാത്തതിനെപ്പററി പലതും ശങ്കിക്കുകയും ചെയ്തുകൊണ്ടു പിന്നേയും കുറേനേരം കഴിച്ചുകൂട്ടി. ഏകദേശം പത്തുനാഴിക പുലൻു. മൂപ്പിലേക്കു് ഇരിക്കപ്പൊറുതിയില്ലാതായി. അപ്പോഠം കല്ലൂർ നമ്പൂതിരിപ്പാടും കുന്നത്തു് നമ്പൂതിരിയും കൂടി വരുന്നതു കണ്ടു. അതിററ സന്തോഷത്തോടുകൂടി അവരെ എതിരേററു മുകളിലേയ്ക്കു കൂട്ടിക്കൊണ്ടുപോയി.

മൂപ്പിന്നു് അത്യാത്തിയോടുകൂടി അവരുടെ ആഗമനത്തെക്കുറിച്ചു വീണ്ടും വീണ്ടും ചോദിക്കാതിരുന്നില്ല. കുറച്ചധികം പറയാനുള്ളതുകൊണ്ടു് ഭക്ഷണം കഴിഞ്ഞതിനുമേൽ ആവാമെന്നും പരിഭ്രമിക്കാനില്ലെന്നും അറിഞ്ഞു സമാധാനത്തോടുകൂടി ആ സംഗതി തൽക്കാലം നിറുത്തിവെച്ചു. ഉടനെ ഊണിൻെറ ശ്രമമായി. എല്ലാവരും ഒരുമിച്ചാണു് ഉണ്ണാനിരുന്നതു്. ആ സമയങ്ങളിലും അവർ ഓരോ വത്തമാനങ്ങഠം പറഞ്ഞിരുന്നു. പാലിയത്തച്ചൻ രാമവമ്മരാജാവിൻെറ മന്ത്രിയായി കൊച്ചിയിൽ സ്ഥിരതാമസമാക്കിയ വിവരം അപ്പോഴാണു് കല്ലൂർ നമ്പൂതിരിപ്പാടു കേട്ടതു്. ഈ വത്തമാനം അദ്ദേഹത്തിനു വലിയ ആശ്ചയ്യവും പരിഭ്രമവും ഉണ്ടാക്കാതിരുന്നില്ല. എങ്കിലും ബുദ്ധിമാനായ നമ്പൂതിരിപ്പാടിനു മൂപ്പിലോളംതന്നെ പരിഭ്രമം തോന്നിയില്ല. അച്ചൻെറ പ്രവൃത്തിയിൽ സാരമായ എന്തോ ഒന്നു് ഉണ്ടായിരിക്കുമെന്നും ഇത്ര പെട്ടെന്നു അദ്ദേഹത്തെപ്പററി ദുരഭിപ്രായം പറയുന്നതു സാഹസമായിത്തീരുമെന്നും കുറെ ക്ഷമയോടുകൂടി കായ്യങ്ങഠം ആലോചിക്കണമെന്നും മററും അദ്ദേഹം അഭിപ്രായപ്പെട്ടു. പക്ഷെ, മൂപ്പിന്നു് അതൊന്നും അത്ര ചെവിക്കൊണ്ടില്ല. അവിടുന്നു് അച്ചനെപ്പററി പിന്നേയും പിന്നേയും ദുര

ഭിപ്രായം പുറപ്പെടുവിച്ചുതുടങ്ങി. നമ്പൂതിരിപ്പാട് അശേഷം അനുസരിച്ചില്ല. ചാത്തർമൂപ്പിന്നും നമ്പൂതിരിപ്പാടിനെ അനുഗമിച്ചു. വരുന്നതു വരട്ടെ എന്നു വിചാരിച്ചു തൽക്കാലം മൂപ്പിന്നു അധികമൊന്നും പറഞ്ഞില്ല. ഇങ്ങിനെ ഭക്ഷണസമയം കഴിച്ചുകൂട്ടി. ഉടനെ മുകളിൽ ചെന്നു അന്നത്തെ പ്രത്യേകസംഗതിയെപ്പററി സംസാരിച്ചുതുടങ്ങി.

മൂപ്പിന്ന് —കുന്നത്തിൻെറ വരവ് എന്തുദ്ദേശത്തിന്മേലാണെന്ന് മുഖ്യമായി അറിയേണ്ടിയിരിക്കുന്നു.

കുന്നം —വേറെ ഒന്നുമല്ല. സാമൂതിരിപ്പാട് ഒരെഴുത്തു തന്നിട്ടുണ്ട്. അതിവിടെ എത്തിക്കുവാൻ മാത്രമാണ്. (എന്നു പറഞ്ഞു ഒരു ഓല മൂപ്പിലെ കയ്യിൽ കൊടുക്കുകയും, അചിടുന്ന് താഴെ കാണുംപ്രകാരം വായിക്കുകയും ചെയ്തു.)

ശ്രീ.

കല്ലൂർനമ്പൂതിരിപ്പാട് ഇവിടെ വരികയും ചില കാര്യങ്ങളെക്കുറിച്ച് എന്നോടു പറകയും ഉണ്ടായി. അതുപ്രകാരം പ്രവൎത്തിക്കുന്നതിന് ഇവിടേയും ഒരുക്കമാണ്. കാര്യം ഗൌരവമേറിയതാകകൊണ്ടു കുറച്ചധികം ആലോചിച്ചിട്ടു വേണ്ടിവന്നു മറുപടിപറയാൻ. ഈ സംഗതിക്ക് ഒരു പ്രത്യേക ഉടമ്പടി എഴുതി അങ്ങുമിങ്ങും സൂക്ഷിക്കുന്നതു രണ്ടുപേക്ഷം ഗുണകരമായിരിക്കുമെന്നു തോന്നുന്നു. പകൎപ്പ് ഇതുസഹിതം അയച്ചിട്ടുണ്ട്. ഇപ്രകാരം സമ്മതമാണെങ്കിൽ അടയാളംവച്ച് തിരിയെ അയക്കണം. ശേഷം നമ്പൂതിരി പറയും. എന്ന്

മാനവേദൻ സാമൂതിരി (ഒപ്പ്)

(ഉടമ്പടിപ്പകൎപ്പ് ഏതാണ്ടിപ്രകാരമാണ്.)

"കോഴിക്കോട്ടു നെടിയിരുപ്പുസ്വരൂപവും കൊച്ചി പെരുമ്പടപ്പുസ്വരൂപവും തമ്മിൽ യോജിച്ചെഴുതിവച്ച ഉടമ്പടി പത്രം—വെട്ടത്തു രാജാക്കന്മാരോടും പറങ്കികളോടും ഒരു യുദ്ധം ചെയ്യേണ്ട ആവശ്യംകൊണ്ടു നമ്മൾ യോജിച്ചു പ്രവൎത്തിക്കുവാൻ നിശ്ചയിച്ചിരിക്കുന്നു. ഇതു നെടിയിരുപ്പു സ്വരൂ

പാംവക സൈന്യങ്ങളേയും മററും അയച്ചു വേണ്ടതൊക്കെ സഹായം ചെയ്തുതരുന്നതിന്നു സാമൂതിരിസ്ഥാനം സ്വീകരിച്ചിട്ടുള്ള നമുക്കു പൂൎണ്ണസമ്മതമാകുന്നു. ഈ യുദ്ധത്തിൽ വേണ്ടിവരുന്ന സകല ചിലവും പെരുമ്പടപ്പുസ്വരൂപം വക പണ്ടാരത്തിൽനിന്നു വഹിക്കുവാനും യുദ്ധം അവസാനിക്കുന്നതുവരെ വെട്ടിപ്പിടിച്ച പുതിയ സ്ഥലങ്ങളെല്ലാം നെടിയിരുപ്പുസ്വരൂപത്തിന്റെ അധീനത്തിൽ തന്നെ വച്ചുകൊണ്ടിരിക്കുന്നതിന്നും നാം രണ്ടുപേരും സമ്മതിച്ചിരിക്കുന്നു. യുദ്ധാനന്തരം നെടിയിരുപ്പു സ്വരൂപത്തിലെ ചിലവുകൾ സാമൂതിരിയെ ബോദ്ധ്യപ്പെടുത്തിക്കഴിഞ്ഞാൽ നെടിയിരിപ്പു സ്വരൂപത്തിൻകീഴിലുള്ള കൊച്ചിയിലെ സ്ഥലങ്ങൾ പെരുമ്പടപ്പുസ്വരൂപത്തിലേയ്ക്കു വിട്ടുകൊടുപ്പാനും ഉഭയസമ്മതപ്രകാരം നിശ്ചയിച്ചിരിക്കുന്നതു്.”

ഈ ഉടമ്പടി വായിച്ചുകഴിഞ്ഞപ്പോൾ മൂപ്പിലേയ്ക്കു തല്ക്കാലം എന്താണുത്തരം പറയേണ്ടതെന്നു് അറിഞ്ഞുകൂടാതെയായി. യുദ്ധങ്ങളിൽ സഹായിക്കുന്നവരുടെ ഭാരം ആവശ്യക്കാർതന്നെയാണെന്നും അതിന്നു ത്രാണിയില്ലാത്തപക്ഷം വെട്ടിപ്പിടിച്ച സ്ഥലങ്ങൾ സഹായിച്ചവരുടെ കൈവശം വയ്ക്കേണ്ടതാണെന്നും പറയുന്നതു ന്യായമാണെന്നു് അവിടേയ്ക്കു തന്നെ ബോദ്ധ്യമായിരുന്നു. ‘ഇരുമ്പു കുടിച്ച വെള്ളം കക്കാറില്ലെ’ന്നു വിശ്വാസമുണ്ടായിരുന്നതുകൊണ്ടാണു് മൂപ്പിലേക്കിത്ര മനോരാജ്യത്തിന്നിടവന്നതു്. എങ്കിലും ഗത്യന്തരമില്ലെന്നു കണ്ടു് അതുപ്രകാരം ചെയ്യുന്നതിന്നുതന്നെ അവിടുന്നു തീൎച്ചപ്പെടുത്തി. കല്ലൂർനമ്പൂതിരിപ്പാടിനോടിങ്ങനെ പറഞ്ഞു:—

മൂപ്പിന്നു്—നമ്പൂതിരി, ഈ എഴുത്തു നല്ലവണ്ണം മനസ്സിരുത്തി കേട്ടില്ലേ? വേണമെങ്കിൽ ഒന്നുകൂടി വായിച്ചുനോക്കാം.

നമ്പൂതിരിപ്പാടു്—ഞാൻ കേട്ടു. ഇനി ഒന്നുകൂടി നോക്കുകയും ചെയ്യാം. (എന്നുപറഞ്ഞു് എഴുത്തെടുത്തു മനസ്സിരുത്തി നോക്കി.)

മൂപ്പിന്ന്—എന്താണ് ചെയ്യേണ്ടത്?

നമ്പൂതിരിപ്പാട്—തൽക്കാലം വേറെയൊന്നും വേണമെന്നു തോന്നുന്നില്ല.

മൂപ്പിന്ന്—(ചാഴൂർ തമ്പുരാനോട്) രാമവർമ്മൻെറ അഭിപ്രായം എന്താണ്?

ചാഴൂർ—ആദ്യംതന്നെ ആലോചിച്ചിട്ടില്ലേ? ഇനി എന്താ സംശയിക്കാനുള്ളത്?

മൂപ്പിന്ന്—എന്നാൽ ഈ ഉടമ്പടിയിൽ അടയാളം വെച്ചു കൊടുക്കുകയല്ലേ?

എല്ലാവരും—അങ്ങിനെതന്നെയാണ് നല്ലത്.

അനന്തരം ഉടമ്പടിയിലെ വാചകം പകൎത്തെഴുതി കുന്നത്തു നമ്പൂതിരിയേക്കൊണ്ട് അടയാളം വയ്പിക്കയും അസ്സൽപ്രതിയിൽ അവിടുന്ന് അടയാളം വെച്ച് കല്ലൂർ നമ്പൂതിരിപ്പാടിനേക്കൊണ്ടും കുന്നത്തു നമ്പൂതിരിയേക്കൊണ്ടും സാക്ഷി രപ്പിടുവിക്കുകയും ചെയ്തു് ഉടമ്പടി കുന്നത്തു നമ്പൂതിരിയുടെ കയ്യിൽ കൊടുത്തു. ഇതു കഴിഞ്ഞപ്പോൾ തന്നെ കുന്നത്തു നമ്പൂതിരി യാത്ര പറഞ്ഞു പുറപ്പെട്ടു. “കുന്നത്തിനെ ഇപ്പോൾ കണ്ടിട്ടില്ല. ഉടനെ ഇങ്ങോട്ടു വരണം”എന്നും മററും മൂപ്പിന്നു ലൌകികം പറകയും “അങ്ങിനെതന്നെ”എന്നു കുന്നത്തു നമ്പൂതിരി അനുസരിക്കുകയും ഉണ്ടായി. ഇപ്രകാരം കുന്നത്തു നമ്പൂതിരി യാത്ര പറഞ്ഞു തിരിച്ചു. എങ്കിലും മൂപ്പിന്നും കല്ലൂർ നമ്പൂതിരിപ്പാടും മററും അവിടെത്തന്നെ ഇരുന്നു കുറെ നേരംകൂടി മേൽനടപടികളേപ്പററി ആലോചിക്കാതിരുന്നില്ല. അധികം താമസിയാതെ ഒരുവിധമെല്ലാം ആലോചിച്ചുറയ്ക്കുകയും ചെയ്തു.

---

## പത്താമദ്ധ്യായം.

---

കുന്നത്ത് നമ്പൂതിരി മൂപ്പിലെ കണ്ട് ഉടമ്പടി എഴുതി വാങ്ങി മടങ്ങിപ്പോയിട്ടു നാലഞ്ചു ദിവസം കഴിഞ്ഞപ്പോൾ തൃശ്ശിവപേരൂർ കോവിലകത്തു വേറെയും ഒരു സംഭവം നടന്നു. അന്നു കല്ലൂർ നമ്പൂതിരിപ്പാടും അവിടെ ഉണ്ടായിരുന്നു. കുന്നത്തു നമ്പൂതിരി വന്നുപോയ സംഗതിയെക്കുറിച്ചു ചർവ്വിതചർവ്വണം ചെയ്തുകൊണ്ടുതന്നെ ഇരിക്കയായിരുന്നു അവർ. ഇടക്കിടക്കു പാലിയത്തച്ചൻെറ സ്വഭാവമാററത്തെപ്പററിയും സംസാരിക്കാതിരുന്നില്ല. അവർ ഇങ്ങിനെ ഇരിക്കുമ്പോൾ ഒരു ദിവസം ഒരു പുരുഷനും ഒരു സ്ത്രീയും കോവിലകത്തേക്കു് കയറി വരുന്നത് അവർ കണ്ടു. പുരുഷൻ അവിടെ എല്ലാവർക്കും പരിചിതനായിരുന്നതിനാൽ ആയാളുടെ ആഗമനം അവിടെ കൂടിയിരുന്നവരെയെല്ലാം ആശ്ചര്യപരതന്ത്രന്മാരാക്കിത്തീർത്തു. പുരുഷൻ ഒരു നമ്പൂതിരിയും വിശേഷിച്ചൊരു ഗൃഹസ്ഥനുമാണ്. അഗ്നിസാക്ഷിയായി വിവാഹം ചെയ്ത സ്വഭാര്യയെ എവിടേയോ ഇരുത്തി ഏതോ ഒരു സ്ത്രീയെ ഒരുമിച്ചു കൊണ്ടുനടക്കുന്നത് കണ്ടിട്ടുണ്ടായ വികാരവിശേഷമായിരുന്നു അവരുടെ ആ ആശ്ചര്യം. ആ സംഗതിയേക്കുറിച്ച് അധികമൊന്നും ആലോചിക്കുവാനും പറയുവാനും അവസരമുണ്ടായില്ല. നമ്പൂതിരിയും ആ സ്ത്രീയും ക്ഷണനേരംകൊണ്ടു കോവിലകത്തെത്തിക്കഴിഞ്ഞു. രണ്ടുപേരും സാമാന്യത്തിലധികം ക്ഷീണിച്ചിരുന്നു. ഊണും ഉറക്കവുമുണ്ടായിട്ടു കുറേ ദിവസമായി എന്നു കണ്ടാൽ തന്നെ തോന്നും.

താരുണ്യത്തള്ളലുള്ള ഒരു യുവതിയായിരുന്നു ആ സ്ത്രീരത്നം. എങ്കിലും ഇപ്പോൾ വളരെ ക്ഷീണിച്ചു വശായിട്ടുണ്ട്. ചെന്താമരപ്പൂപോലെ അതിമനോഹരമായ അവളുടെ മുഖം ഇങ്ങിനെ വാടിത്തളർന്നിരിക്കുന്നതു വെയിലിൻെറ ചൂടുകൊണ്ടായിരിക്കാമെന്നു അവർ ആദ്യം വിചാരിച്ചു. എന്നാൽ അ

ടുത്തുവന്നപ്പോൾ ഈ വിചാരം അല്പം ഭേദപ്പെട്ടു. സഹിപ്പാൻപാടില്ലാത്ത എന്തോ ഒരു വ്യസനംനിമിത്തം ധാരമുറിയാതെ ഒഴുകിക്കൊണ്ടിരുന്ന അശ്രുപ്രവാഹത്തിൻെറ കൈവഴികൾ അവളുടെ രണ്ടു കവിൾത്തടങ്ങളിലും പ്രത്യക്ഷത്തിൽ കാണാമായിരുന്നു. എന്നു മാത്രമല്ല കോമളമായ കപോലസ്ഥലങ്ങളിൽ, മെഴുക്കു പുരണ്ട കണ്ണാടിയിലെന്നപോലെ വലിയ ഒരു മങ്ങലും ഉണ്ടായിരുന്നു. വാസ്തവം ഇപ്രകാരമാണെങ്കിലും ഒരു വലിയ വൈതരണി അക്കരെക്കടന്നപോലെ ഒരു സമാധാനം അടുത്ത നിമിഷത്തിൽ തനിക്കുണ്ടായിട്ടുണ്ടെന്നു തോന്നത്തക്കവണ്ണമായിരുന്നു അവളുടെ തേജോമയങ്ങളായ നേത്രങ്ങൾ മാളികയിലേക്കു പ്രസരിച്ചിരുന്നത്. അതിവിസ്രംഭത്തോടും സ്നേഹബഹുമാനങ്ങളോടുംകൂടി സ്വനേത്രങ്ങളെ പല തവണയും അവൾ ആ മാളികയിലേക്കു പതിപ്പിച്ചു. "ഞെരുങ്ങിപ്പിടിച്ച പ്രാണനുംകൊണ്ട് ഇവിടെ എത്തി. ഇനി സകല ഭാരവും അവിടെക്കുതന്നെയാണ്" എന്നിങ്ങിനെ മൂപ്പിലോടു അവൾ സ്വയം അപേക്ഷിക്കുകയാണെന്നു ആ നേത്രങ്ങൾതന്നെ എവരേയും ബോദ്ധ്യപ്പെടുത്തി. മൂപ്പിലേക്കു ആദ്യമുണ്ടായിരുന്ന വെറുപ്പിന്ന് അല്പം വ്യത്യാസപ്പെട്ടുതുടങ്ങി. ഉടനെ അദ്ദേഹം നമ്പൂതിരിയെ മാളികയിലേക്കു മാടിവിളിച്ചു. നമ്പൂതിരി മുകളിൽ കേറിച്ചെന്നു. മൂപ്പിന്ന് വിവരങ്ങൾ ചോദിക്കുകയും "ഇപ്പോൾ ഒന്നുംതന്നെ പറയാൻ സാധിക്കില്ല. മിനിയാന്നു രാത്രിമുതൽ ഇതുവരെ വെള്ളമല്ലാതെ യാതൊന്നും കഴിച്ചിട്ടില്ല. ഉറക്കവുമുണ്ടായിട്ടില്ല. ഇന്നലെ മുഴുവനും നടന്നു. ഇന്നും ഇതുവരെ നടക്കുകയായിരുന്നു. വേഗം കുളിച്ചു വല്ലതും കഴിക്കാതെ ഒന്നും വയ്യ. ഞങ്ങൾ രണ്ടു പേരുടേയും സ്ഥിതി ഇപ്രകാരമാണ്. എന്നാൽ ഇവിടുന്നു രക്ഷിക്കേണ്ട ഒരു സാധുവാണ് ഇപ്പോൾ താഴത്തു വന്നിട്ടുള്ളതെന്നു മാത്രം അറിയിക്കുന്നു". എന്നിങ്ങിനെ ഒരു ശ്വാസത്തി

ന്നു മറുവടി പറകയും ചെയ്തു. "എന്നാൽ വേഗം കുളിച്ചു വരൂ. ഇവറ്റക്കാരും തുണയില്ലല്ലോ. എങ്ങിനെയാണ് കുളിയും മററും കഴിക്കുന്നത്?" എന്നു മൂപ്പിന്നു ചോദിച്ചതിന്നു "അതെല്ലാം നേരെയാക്കിക്കൊള്ളാം" എന്നു മാത്രം പറഞ്ഞ് അവളേയും കൂട്ടിക്കൊണ്ടു ചിറവക്കത്തേക്കു തിരിച്ചു. ഇവക്കു ഭക്ഷണം തയ്യാറാക്കിക്കൊടുക്കുവാനും മററും മൂപ്പിന്നുതന്നെ ഭൃത്യന്മാരെ വിളിച്ചേല്പ്പാടു ചെയ്തു.

ഈ വഴിപോക്കരിൽ ഒന്ന് ഉണ്ണിമായ തന്നെ ആയിരിക്കുമെന്നു പക്ഷെ വായനക്കാർ ഊഹിച്ചിരിക്കും. മററത് ചേററക്കുളത്തു ഭട്ടതിരിയായിരുന്നു. അദ്ദേഹം പാലിയത്തച്ചനുമായി ആലോചിച്ചു അച്ചന്റെ ഉപദേശത്തോടും സഹായത്തോടും കൂടി കയ്മൾവീട്ടിൽ ചെന്നു ആരുമറിയാതെ ഉണ്ണിമായയെ കൂട്ടിക്കൊണ്ടു വന്നിരിക്കയാണ്. താനും ഒരുമിച്ചു പോകുന്നതായാൽ രാമവമ്മരാജാവിനും മററും തന്റെ നേരെ അവിശ്വാസം ജനിക്കുവാനിടയാവുമെന്നു കരുതി അച്ചൻ ഒരുമിച്ചു പുറപ്പെടാതിരുന്നതാണ്. ഭട്ടതിരി ഉണ്ണിമായയേയും കൊണ്ടു കട്ടിലേററദിവസം രാത്രിതന്നെ വഞ്ചികയറി വടക്കോട്ടു തിരിച്ചു. അവക്കു എത്തേണ്ട സ്ഥലംവരെ വഞ്ചിക്കു പോകാമായിരുന്നു. അങ്ങിനെ ചെയ്യുന്നത് രഹസ്യം പരസ്യമാവാനുള്ള മാർഗ്ഗമാവുമെന്നു കരുതി വള്ളംവഴി യാത്ര അധികമുണ്ടായില്ല. നേരം പ്രഭാതമായപ്പോഴേയ്ക്കും കരുപ്പടന്ന അടുക്കുവാൻ സാധിച്ചു. ഈ ഭട്ടതിരി പലക്കും പരിചിതനായിരുന്നതിനാൽ പുറത്തിറങ്ങി സാധാരണ വഴിയിൽകൂടി സഞ്ചരിക്കുവാനും അദ്ദേഹത്തിന്നു ധൈര്യമുണ്ടായില്ല. തന്നിമിത്തം ജനസഞ്ചാരം കുറഞ്ഞ ഒരു ഊടുവഴിയിൽകൂടിയാണ് യാത്രയുണ്ടായത്. വഴിക്കു ഭക്ഷണത്തിന്നു യാതൊന്നും സമ്പാദിക്കുവാൻ സാധിച്ചില്ല. എവിടെയൊ ചെന്നു ഒന്നുരണ്ടു കരിക്കു മാത്രം കൊണ്ടുവന്നു ഉണ്ണിമായയ്ക്കു കൊടുത്തു. വെളളപ്പാൻകാല

ത്തുതന്നെ കുളിയും സന്ധ്യാവന്ദനവും കഴിഞ്ഞിരുന്നതിനാൽ ഭട്ടതിരി വീണ്ടും കുളിക്കാൻ നില്ക്കാതെ നേരെ നടന്നുതുടങ്ങി. ഉച്ചയോടുകൂടി ഇരിങ്ങാലക്കുടെ അടുത്ത ഒരു ദിക്കിൽ ചെന്നുചേൎന്നു. അപ്പോഴയ്ക്കും ഉണ്ണിമായക്ക് ഒരടികൂടി നടക്കുവാൻ വയ്യാതായി. അതു കാരണം ഗൂഢമായി ഒരു ദിക്കിൽ ഇരുന്നു കുറെ വിശ്രമിച്ചു. വെയിൽ ആറിയെന്നു കണ്ടപ്പോൾ പിന്നേയും നടന്നു. വൈകുന്നേരം ഊരകത്തു ചെന്നുകൂടി, അവിടേയും ഭക്ഷണത്തിന്നു സാധിപ്പാൻ അവൎക്കു ധൈൎയ്യമുണ്ടായില്ല. കുളിയും മറ്റും കഴിച്ച് അപരിചിതനായ ഒരു പരദേശബ്രാഹ്മണന്റെ ഗൃഹത്തിൽ കയറിച്ചെന്നു അവരുടെ ഇറയത്തു കിടപ്പായി. ആ ഗൃഹസ്ഥൻ വലിയ ഉദാരനൊന്നുമായിരുന്നില്ലെങ്കിലും ഉപദ്രവമൊന്നും ചെയ്തില്ല. അതിഥികളുടെ വിവരം ആയാൾ വിസ്തരിച്ചു ചോദിച്ചുവെങ്കിലും അതെല്ലാം അവർ മൂടിവെച്ചതേയുള്ളൂ. വിശപ്പും ദാഹവും വല്ലാതെ ബാധിച്ചിട്ടുണ്ടെന്നറിഞ്ഞതിനാൽ ആ ഗൃഹസ്ഥൻ കുറെ പഴവും സംഭാരവും കൊണ്ടുവന്നു കൊടുത്തു. സംഭാരം രണ്ടുപേരും കുടിച്ചു. പഴം മുഴുവനും ഉണ്ണിമായക്കും കൊടുത്തു. രാത്രി അവിടെത്തന്നെ കിടന്നുവെങ്കിലും രണ്ടുപേൎക്കും ഉറക്കമുണ്ടായില്ല. കാലത്തു അവിടെനിന്നു പുറപ്പെട്ട് ഇപ്പോൾ തൃശ്ശിവപേരൂർ എത്തിയിരിക്കയാണ്.

നേരത്തെ തൃശ്ശിവപേരൂർ ചെന്നു ചേരണമെന്നു വിചാരിച്ച് അവർ അതിവേഗത്തിൽ നടന്നിരുന്നു. സ്വതേ അബല, വിശേഷിച്ചിച്ച് അദ്ധ്വാനവും വ്യസനവും, എല്ലാത്തിനും പുറമെ അതി ശക്തിയായ വെയിൽ, ആകപ്പാടെ ഒരടി നടന്നാൽ നീങ്ങുന്നില്ല. വഴിക്കു അവിടവിടെ ഇരുന്നു വിശ്രമിച്ച് ഒരു കണക്കിൽ ഉച്ചയോടുകൂടി അവിടെ എത്തുവാൻ സാധിച്ചു എന്നേ പറയേണ്ടു. ഇത്രയെല്ലാം കഷ്ടപ്പെട്ടുവെങ്കിലും കോവിലകത്തു ചെന്നു ചാടിയപ്പോൾ അവരുടെ കൂട്ടിൽ ജീവൻ വീണു. വേഗം കുളിയും മറ്റും കഴിച്ചു ഭ

ക്ഷണത്തിനുള്ള ശ്രമമായി. മൂപ്പിലെ ഔചിത്യത്തിന്റെ ഫലമായി അവിടെ കഞ്ഞിയാണ് ഏപ്പാടചെയ്തിരുന്നത്. ഭട്ടതിരിയും ഉണ്ണിമായയും സന്തോഷത്തോടും സമാധാനത്തോടുംകൂടി വെടപ്പായി ഭക്ഷണം കഴിച്ചു. സാധുസ്ത്രീ അവിടെ ഒരു ദിക്കിൽ കിടന്നുറങ്ങി. വഴി നടന്നിട്ടും മററും വലിയ ക്ഷീണം തട്ടിയിരിക്കുമെന്ന വിചാരത്താൽ ആരും അവരെ ശല്യപ്പെടുത്തരുതെന്നു പ്രത്യേകം ഏപ്പാട ചെയ്തിട്ടുണ്ടായിരുന്നു. ഭട്ടതിരിക്കു മൂപ്പിലെ കണ്ടു വത്തമാനമറിയിക്കാതെ തരമില്ലല്ലോ. അദ്ദേഹം അങ്ങിനെത്തന്നെ മുകളിലേക്കു കയറി. ചാഴൂർ തമ്പുരാനും മററും അവിടെത്തന്നെ ഉണ്ടായിരുന്നു. അവർ എല്ലാവരും കൂടി ഭട്ടതിരിയെ 'വിസ്തരി'ച്ചുതുടങ്ങി. തനിക്കു വല്ലാതെ ക്ഷീണമുണ്ടെങ്കിലും അതൊന്നും പുറത്തു കാണിക്കാതെ അവരുടെ ചോദ്യത്തിനെല്ലാം ഭട്ടതിരി സമാധാനം പറഞ്ഞുകൊണ്ടിരുന്നു. ഇടയ്ക്കൊരിക്കൽ താനറിയാതെതന്നെ ഭട്ടതിരി ഉറക്കം തൂക്കി വീണുപോയി.

ഭട്ടതിരി ഇങ്ങിനെ ക്ഷീണിച്ചിരിക്കുന്ന സ്ഥിതിക്ക് തല്ക്കാലം അദ്ദേഹത്തെ ശല്യപ്പെടുത്തരുതെന്നു കരുതി ആരും ഒന്നും മിണ്ടാതെ സ്വസ്ഥാനത്തുചെന്ന് അവരും കിടന്നു. ക്ഷണനേരംകൊണ്ടു ഭട്ടതിരി ഗാഢനിദ്രയെ പ്രാപിച്ചു. മൂപ്പിലേക്കു സംഗതികഠം മുഴവൻ ചോദിക്കറിവാൻ സാധിച്ചില്ല. എങ്കിലും ഭട്ടതിരി ഉണന്നുകഴിഞ്ഞാൽ വീണ്ടും ചോദിച്ചു മനസ്സിലാക്കാം എന്നു കരുതി സമാധാനിച്ചു. സാമൂതിരിയുമായി ചെയ്ത പുതിയ ഉടമ്പടിയെപ്പററി ചങ്ങരങ്കോത കത്താവിന്നും ശങ്കരൻകണ്ടത്തു പണിക്കക്കും മററും അറിവു കൊടുക്കേണ്ട കായ്യത്തെപ്പററിയായിരുന്നു അപ്പോഴത്തെ മനോരാജ്യം. ചാഴൂർതമ്പുരാനെ വിളിച്ചു കായ്യമാലോചിച്ചതിൽ ഈ സംഗതി കല്ലൂർനമ്പൂതിരിപ്പാട മുഖാന്തിരംതന്നെ നടത്തേണമെന്നു നിശ്ചയിക്കുകയും വിവരം അദ്ദേഹത്തെ ധ

രിപ്പിക്കുകയും ചെയ്തു. ഇങ്ങിനെയിരിക്കുമ്പോൾ ഭട്ടതിരി ഞെട്ടിയുണന്ന് എഴുന്നേററിരുന്നു. വിചാരിക്കാതെ ഇങ്ങിനെ ഉറക്കം ഞെട്ടിയതിൽ അദ്ദേഹം തന്നത്താൻ അത്ഭുതപ്പെടുകയും കുറച്ചൊന്നു പരിഭ്രമിക്കയും ഉണ്ടായി. ആരോടെന്നില്ലാതെ അദ്ദേഹം ഇങ്ങിനെ ഉറക്കെ പറഞ്ഞു:—

ഭട്ടതിരി—നേരമെത്രയായി? കുറച്ചധികം ഉറങ്ങി എന്നുണ്ടോ?

കല്ലൂർ—അധികമില്ല, ഒരഞ്ചുനാഴിക ഉറങ്ങിക്കാണും.

ഭട്ടതിരി—ഞാൻ പിടിച്ചാൽ നില്ക്കാതെയായി. അമ്പ! ക്ഷീണത്തിൻെറ ശക്തി!

മൂപ്പിന്ന്—ഇപ്പോൾ ക്ഷീണത്തിന്നു അല്പം ഭേദം വന്നോ? (എന്നു ചോദിച്ചു അടുത്തുചെന്നു.)

ഭട്ടതിരി—ഒഴ! ഇനി വിഴമെന്നു തോന്നുന്നില്ല. ഒരു തേച്ചുകുളിയുംകൂടി കഴിഞ്ഞാൽ തീരെ സുഖമാവും.

മൂപ്പിന്ന്—അങ്ങിനെയാവാം. ഇന്നിവിടെത്തന്നെ കൂടിയാൽ മതി.

ഭട്ടതിരി—ഞാൻ അങ്ങിനെത്തന്നെയാണ് കരുതിയിരിക്കുന്നത്.

കല്ലൂർ—പട്ടേരിയുടെ വൎത്തമാനം മുഴവൻ പറഞ്ഞില്ലല്ലോ. അതു കേൾപ്പാൻ വൈകിയിരിക്കുന്നു.

ഭട്ട—പറയാം. സ്ത്രീ തൃശത്ത് കയ്യാൾവീട്ടിലെയാണെന്നും മൂപ്പിന്നു രക്ഷിക്കേണ്ടവളാണെന്നും ഞാൻ മുൻപു പറഞ്ഞുവല്ലോ.

കല്ലൂർ—ഇന്ന ദിക്കിലെയാണെന്നു പറകയുണ്ടായില്ല. പറഞ്ഞതിൻെറ താൽപര്യം മനസ്സിലായതുമില്ല.

ഭട്ട—ഉറക്കഭ്രാന്തുകൊണ്ടും ക്ഷീണംകൊണ്ടും എന്തൊക്കെയൊ അബദ്ധം പറഞ്ഞിട്ടുണ്ടാവും. ഇപ്പോൾ ഒരു വെളിവു വീണു. ഇനി നേരെപ്പറയാം. വെട്ടത്തുനിന്ന് ദ

ത്തെടുത്തവരിൽ ഒട്ടക്കത്തെ ആളായ ഗോദവർമ്മരാജാവി ന്റെ സംബന്ധമായിരുന്നു മിനിയാന്നു്.

കല്ലൂർ—എവിടെ?

ഭട്ടതിരി—കയ്യാറവീട്ടിൽ തന്നെ.

കല്ലൂർ—ആക്ക്?

ഭട്ടതിരി—വല്ലവർക്കുമായിരുന്നെങ്കിൽ ഈ ഉണ്ണിമായ ചാടി പോരുമായിരുന്നുവൊ?

കല്ലൂർ—(ചിരിച്ചുംകൊണ്ടു്) ഇങ്ങിനെയാണൊ സംബന്ധം തുടങ്ങൽ?

ഭട്ടതിരി—ഇപ്പോൾ ഇങ്ങിനെയായി.

കല്ലൂർ—ഇവൾ എന്താണു് പട്ടേരിയുടെ കൂടെ പോന്നതു്?

ഭട്ടതിരി—തൽക്കാലം വേറെ ആരേയും കണ്ടുകിട്ടാഞ്ഞിട്ടു തന്നെ.

കല്ലൂർ—ഇവൾക്കു ഗോദവർമ്മരാജാവു് സംബന്ധം തുടങ്ങുന്നതിൽ എന്താണു വിരോധം?

ഭട്ടതിരി—അക്കാൎയ്യം എന്നോടു പറഞ്ഞിട്ടില്ല. ഇതു തനിക്കു വളരെ വ്യസനകാരണമാണെന്നും, തന്റെ പ്രാണപ്രിയനായി ഒരാൾ ഉണ്ടെന്നും, അദ്ദേഹം തൽക്കാലം എവിടെയൊ പോയിരിക്കയാണെന്നും, വരുന്നതുവരെ ഏതു വിധമെങ്കിലും രക്ഷിക്കണമെന്നും അവൾ എന്നോടപേക്ഷിച്ചു. ശ്രമിച്ചുനോക്കാമെന്നു ഞാനേല്ക്കുകയും ചെയ്തു.

കല്ലൂർ—അതു നന്നായില്ല. ഒരു പെൺകുട്ടി ഇങ്ങിനെ അപേക്ഷിക്കുകയും കാൎയ്യം മുഴുവനും മനസ്സിലാക്കാതെ അവളേയും കൂട്ടിക്കൊണ്ടു് ഭട്ടതിരി ഇങ്ങിനെ പുറപ്പെടുകയും ചെയ്തതു് അത്ര നന്നായോ? ഇതു വല്ലവരും കേൾക്കില്ലേ?

ഭട്ടതിരി—അറിഞ്ഞിട്ടു വേണ്ടതായിരുന്നു. പക്ഷേ, അതിനൊന്നും ഇടയുണ്ടായില്ല. ആരോടും ആലോചിച്ചില്ലെന്നും പറഞ്ഞുകൂടാ.

കല്ലൂർ—ആരോടാണ് ആലോചിച്ചത്?

ഭട്ടതിരി—പാലിയത്തച്ചൻ അടുത്തുതന്നെയുണ്ടായിരുന്നു. അദ്ദേഹത്തിനോട് വേണ്ടതുപോലെ ആലോചിച്ചു. എന്നുമാത്രമല്ല, വേണ്ട സഹായങ്ങളെല്ലാം ചെയ്തുതരേണമെന്ന് അപേക്ഷിക്കുകയും ഉണ്ടായി.

കല്ലൂർ—അച്ചനു തന്നെ ഇവളെ കൊണ്ടുപോയി രക്ഷിക്കരുതേ? അങ്ങിനെയല്ലേ വേണ്ടത്?

ഭട്ടതിരി—അച്ചനിപ്പോൾ ഒരു ദിക്കിലേക്കും പോവാൻ തരമില്ല. എപ്പോഴും രാമവർമ്മരാജാവിൻെറ അടുത്തുണ്ടായിരിക്കണമെന്നാണ് നിശ്ചയം. അപ്പോൾ ഇതിനൊന്നും സൌകര്യമുണ്ടാവുന്നതല്ലല്ലോ. ഇതിന്നും പുറമേ, താൻ നേരിട്ട് അവക്ക് വിരോധം പ്രവർത്തിക്കുന്നതു തൻെറ ഉദ്ദേശങ്ങൾക്കു പ്രതിബന്ധമായിത്തീരുമെന്നും മററും അദ്ദേഹംതന്നെ എന്നോട് പറഞ്ഞിരുന്നു.

ഇവർ ഇങ്ങിനെ ഓരോന്നു പറഞ്ഞുംകൊണ്ടിരിക്കുമ്പോൾ മൂപ്പിന്നും അവിടെ കിടന്ന് അതെല്ലാം കേട്ടിരുന്നു. അദ്ദേഹത്തിന് അച്ചൻെറ പേരിൽ കുറച്ചു വെറുപ്പുതോന്നിയിരുന്ന ഒരു കാലമായിരുന്നുവല്ലോ അത്. തന്നിമിത്തം അച്ചനെ സംബന്ധിച്ചു പറഞ്ഞുതുടങ്ങിയപ്പോൾ, അദ്ദേഹത്തിൻെറ സ്തോഭം ഒന്നു മാറി. എങ്കിലും ഒന്നും പുറത്തുകാണിച്ചില്ല. തൻെറ ഉദ്ദേശത്തിനു വിരോധമായിത്തീരും എന്നുള്ള അച്ചൻെറ അഭിപ്രായം കേട്ടപ്പോൾ മൂപ്പിലേക്കു വല്ലാതെ ഉള്ളിൽക്കൊണ്ടു. ആ ഉദ്ദേശം എന്താണെന്നറിവാൻ അവിടേക്കു ധൃതിയായി. അവിടുന്ന് ഇങ്ങിനെ ചോദിച്ചു.

മൂപ്പിന്ന്—അവിടെ മുഷിപ്പിച്ചാൽ തൻെറ മന്ത്രിസ്ഥാനത്തിനു ഹാനിവന്നേക്കും. അതുകൂടാതെ കഴിക്കേണമെന്നു തന്നെയായിരിക്കും മേനവൻെറ ഉദ്ദേശം അല്ലേ?

ഭട്ടതിരി—(ഇതെന്തുകഥ! ഇവർ തമ്മിൽ തെററിയിരിക്കുമോ എന്നു വിചാരിച്ചു ഒന്നു പരിഭ്രമിച്ചു. അതദ്ദേഹവും പ്രകാശിപ്പിച്ചില്ല.) ഇന്നതെന്ന് എന്നോടു പറഞ്ഞിട്ടില്ല.

മൂപ്പിന്ന് — അത്ര പറഞ്ഞാൽ പോരെ? മൂരി വാൽ പൊക്കുന്നതു കണ്ടാൽ സംശയിക്കാനുണ്ടോ? എല്ലാവക്കും തൻ കാൎയ്യത്തോളമേയുള്ളു.

ഭട്ടതിരി — (കാൎയ്യം പററി എന്നുറച്ച്) ഇവിടത്തെ ഈ അഭിപ്രായവ്യത്യാസത്തിനു വല്ല കാരണവുമുണ്ടെങ്കിൽ അറിഞ്ഞാൽ കൊള്ളാം. ഞാൻ അറിഞ്ഞേടത്തോളം അച്ഛനെപ്പററി ഒരു ദുരഭിപ്രായമുണ്ടാവാൻ തരമില്ല.

മൂപ്പിന്ന് — (ഇതും തന്നെ പററിക്കുവാനായിരിക്കും എന്നു വിചാരിച്ച്.) തരമില്ലെങ്കിൽ വേണ്ട. ഞാനറിഞ്ഞേടത്തോളം ഉണ്ടായി.

ഭട്ടതിരി — അങ്ങിനെ തെററിദ്ധരിക്കരുത്. ആരു പറഞ്ഞിട്ടാണ് അവിടെക്ക് അച്ഛനെപ്പററി ഇങ്ങിനെയൊരഭിപ്രായം ജനിച്ചത്?

മൂപ്പിന്ന് — പലരു പറഞ്ഞിട്ടും. രാജ്യത്തു മന്ത്രിസ്ഥാനം വഹിക്കുന്ന ഒരാൾ ആ സംഗതി എങ്ങിനെ മറച്ചു വയ്ക്കും? ആൎക്കാണ് അതറിവാൻ സാധിക്കാത്തത്?

ഭട്ടതിരി — വാസ്തവം ഞാനറിയിക്കാം. അച്ഛൻ മന്ത്രിസ്ഥാനം സ്വീകരിച്ചു കഴിഞ്ഞിട്ടില്ല. അങ്ങിനെ ചെയ്യുകയുമില്ല.

മൂപ്പിന്ന് — പിന്നെന്തിനാണ് എപ്പോഴും ഒരുമിച്ചു സേവയ്ക്കു നില്ക്കുന്നത്? അവരുടെ നീരസത്തെക്കുറിച്ച് ഇത്ര ഭയപ്പെടുന്നതും എന്തിനാണ്?

ഭട്ടതിരി — ഇതെല്ലാം രാമഗ്ഗനകോവിലിൻെറ സൂത്രമാണെന്നാണെനിക്കു തോന്നുന്നത്.

മൂപ്പിന്ന് — ആയിരിക്കാം. പക്ഷെ അതൊന്നും ഇനി ഫലിക്കുമെന്നു തോന്നുന്നില്ല.

ഭട്ടതിരി — (കാൎയ്യം വിഷമമായി എന്നു വിചാരിച്ച്) അവിടെ വിശ്വസിപ്പിക്കുവാൻ എനിക്കു തല്ക്കാലം സാധിക്കുകയില്ല. ഉടനെ പരമാൎത്ഥം ബോദ്ധ്യപ്പെടുത്തിക്കൊള്ളാം.

മൂപ്പിന്ന് — എന്തെങ്കിലും ആയിക്കൊള്ളു. ഇവിടെ ഒരു വിരോധവുമില്ല.

ഇവരുടെ സംഭാഷണം ഇത്രത്തോളമായപ്പോഴെക്കും നേരം അതിക്രമിച്ചു. കുളിയും മററും കഴിച്ചില്ലെങ്കിൽ പററില്ലെന്നു തോന്നിത്തുടങ്ങി. ഭട്ടതിരിക്കു അശേഷം ഉന്മേഷമില്ലാതായിത്തീൎന്നു. എങ്കിലും അത്താഴം കഴിഞ്ഞത് വീണ്ടും പറഞ്ഞുനോക്കാം എന്നു വിചാരിച്ച് സമാധാനിച്ചു. മൂപ്പിലേക്കാണെങ്കിൽ ഇതെല്ലാംതന്നെ അച്ഛന്റെ തിരിപ്പുകളായിരിക്കുമെന്നും തോന്നിത്തുടങ്ങി. ഏതായാലും പരമാൎത്ഥമറിയുന്നതുവരെ ഈ സ്ത്രീയെ സ്വീകരിപ്പാനൊ രക്ഷിപ്പാനൊ തരമില്ലെന്നും അവിടുന്ന് മനസ്സുകൊണ്ടുറച്ചുകഴിഞ്ഞു. ഭട്ടതിരി ഇതൊന്നും അറിഞ്ഞിരുന്നില്ല. മൂപ്പിലേക്ക് അച്ഛന്റെ പേരിൽ എന്തോ നീരസം ജനിച്ചിട്ടുണ്ടെന്നു മാത്രമെ അദ്ദേഹം ധരിച്ചുള്ളു. ഉടനെ താഴത്തിറങ്ങി, ഉണ്ണിമായ കിടക്കുന്ന ദിക്കിൽ ചെന്നുനോക്കിയപ്പോൾ അവൾ നല്ല ഉറക്കമാണ്. ഇനി ഉണൎത്തുകതന്നെ എന്നു കരുതി അസാധാരണമായി ചില ശബ്ദങ്ങൾ പുറപ്പെടുവിക്കുകയും അതു കേട്ട് അവൾ എഴുനേററിരിക്കുകയും ചെയ്തു. നല്ലവണ്ണം ഒന്നു തേച്ചുകുളിച്ചാൽ ക്ഷീണത്തിനും മററും വളരെ ഭേദമുണ്ടാകുമെന്നു ഭട്ടതിരി വളരെ നിഷ്കൎഷിച്ചു. എങ്കിലും അവളതു സ്വീകരിച്ചില്ല. മനസ്സിന്നുന്മേഷമില്ലാത്ത കാലങ്ങളിൽ ഇതിന്നൊന്നും അത്ര ശ്രദ്ധയുണ്ടാകുന്നതല്ലല്ലൊ. നേരം അതിക്രമിച്ചിരുന്നതുകൊണ്ടു അധികം തൎക്കിച്ചുനില്ക്കുവാൻ ഭട്ടതിരിക്കും സമയമുണ്ടായില്ല. അദ്ദേഹം കുളിച്ച് സന്ധ്യാവന്ദനം ചെയ്യാനുള്ള യാത്രയായി. ഉണ്ണിമായ അവിടെക്കിടന്നു മനോരാജ്യവും തുടങ്ങി. ആരോടും പറയാതെ മാതാവിനെ വഞ്ചിച്ചു വീട്ടിൽനിന്നിറങ്ങിപ്പോന്നതിനെക്കുറിച്ചും മേലിൽ കഴിഞ്ഞുകൂടേണ്ട കാൎയ്യങ്ങളെക്കുറിച്ചുമായിരുന്നു അവളുടെ മനോരാജ്യം. നേരം പോയത് അവൾ അശേഷമറിഞ്ഞില്ല. ഭട്ടതിരി കുളിയും മററും കഴിച്ചുവന്നപ്പോളും ആ സാധു അവിടത്തന്നെ ഇരുന്നിരുന്നു. ഇതിനിടക്കു കല്ലൂരുനമ്പൂതിരിപ്പാടും മൂപ്പിന്നും

തമ്മിൽ ഒരു ഗൂഢാലോചനയുണ്ടായി. ഇതിന്റെ ഫലമായി പിറേറദിവസം കാലത്തുതന്നെ ഉണ്ണിമായയെ പറഞ്ഞയയ്ക്കണമെന്നു നിശ്ചയിച്ചു. ഭട്ടതിരി വന്ന് ഉണ്ണിമായയോടു ചിറയിൽ പോയി മേൽക്കഴുകി വരുവാൻ നിർബ്ബന്ധിച്ചു. മുകളിൽ ചെന്നപ്പോഴേക്കും അത്താഴം കാലമായിരുന്നു. പിന്നെ എല്ലാവരും അത്താഴം കഴിച്ചു വീണ്ടും സംഭാഷണം തുടങ്ങി.

ഭട്ടതിരി—ഞാൻ നാളെത്തന്നെ പോകണമെന്നാണ് വിചാരിക്കുന്നത്.

മൂപ്പിന്ന്—എങ്ങോട്ടാണ്? ഇവളെ എവിടെ കൊണ്ടുപോയി രക്ഷിക്കും?

ഭട്ടതിരി—തല്ക്കാലം ചാഴൂർ കോവിലകത്തു കൊണ്ടുപോയി അവിടെ കുറെ ദിവസം താമസിപ്പിക്കാമെന്നാണ് വിചാരിക്കുന്നത്.

മൂപ്പിന്ന്—അവർ സമ്മതിക്കുമോ?

ഭട്ട—ഇവിടെ വന്നു കണ്ടു ചാഴൂർ മൂപ്പിലെ അനുവാദം വാങ്ങി അങ്ങോട്ടു പോവണമെന്നാണ് വിചാരിച്ചത്. അതാണ് ഇങ്ങോട്ടു പുറപ്പെട്ടതും.

മൂപ്പിന്ന്—ആ്! ആയാളും അടുത്തുണ്ടല്ലോ.

ചാഴൂർ—(എന്റെ നേരിട്ടാണോ എന്നു വിചാരിച്ച്) ഞാനെന്താ പറയേണ്ടത്? ഇവിടുന്നല്ലേ എല്ലാം നിശ്ചയിക്കാൻ?

മൂപ്പിന്ന്—ഇതിലൊന്നിലും എനിക്കൊരഭിപ്രായവുമില്ല. നിങ്ങളുടെ ഇഷ്ടംപോലെ.

ഭട്ട—ഇവിടുന്നിങ്ങിനെ ഉദാസീനത ചെയ്യരുത്. ഈ സാധുവിനെ ഇവിടുന്നുതന്നെ രക്ഷിക്കണം. അതു ചാഴൂർ കോവിലകത്തു മതിതാനും. ഇങ്ങിനെ വേണമെന്ന് അച്ഛൻ പ്രത്യേകം പറഞ്ഞിട്ടുമുണ്ട്.

മൂപ്പിന്ന്—അത്ര താല്പര്യമുണ്ടെങ്കിൽ ആയാളുടെ സ്ഥലത്തു കൊണ്ടുപോയി താമസിപ്പിക്കരുതേ?

ഭട്ട—അങ്ങിനെയാകാമായിരുന്നു. പക്ഷെ അത് ഇവിടത്തെ ക്ഷേമത്തിന്നു തന്നെ ഹാനികരമായെങ്കിലോ എന്നാണ് അച്ഛൻെറ ആലോചന.

മൂപ്പിന്ന് —ആയാൾ ആലോചിച്ചേടത്തോളം മതിയായി.

ഭട്ടതിരി—ഇവിടെയ്ക്കു യാതൊരപ്രിയവും അച്ഛൻ ചെയ്തിട്ടില്ല. ഇനി ചെയ്കയുമില്ല. ഇക്കാര്യത്തിൽ ഞാനൊരു സാക്ഷിയാണ്.

മൂപ്പിന്ന് —സാക്ഷിയുണ്ടാവാൻ അത്ര പ്രയാസമുണ്ടോ? പോരെങ്കിൽ മേനവൻ ഒരു ജന്മിയുമല്ലെ?

ഭട്ടതിരി—(വല്ലാതെ വിഷമിച്ച്) അച്ഛനെ ഞാനിങ്ങോട്ടു കൂട്ടിക്കൊണ്ടുവരാം. അതുവരെ അവളിവിടെ താമസിക്കട്ടെ.

മൂപ്പിന്ന് —ആദ്യംതന്നെ അങ്ങിനെ ചെയ്യാമായിരുന്നു. അതല്ലാതെ ഇങ്ങിനെ വളച്ചുപിടിച്ച സ്ഥിതിക്ക് ആയാൾ ഇങ്ങട്ടു വരുമെന്നു എനിക്കു തോന്നുന്നില്ല.

ഭട്ട—അങ്ങിനെ വിചാരിക്കരുത്. ഏതു വിധവും ഞാൻ കൂട്ടിക്കൊണ്ടുവരാം. അപ്പോൾ പരമാത്ഥം മനസ്സിലാവും.

മൂപ്പിന്ന് —എന്നാൽ അതു കഴിഞ്ഞതിന്നു ശേഷം എന്തു വേണ്ടു എന്നാലോചിക്കാം.

ഭട്ട—(ചാഴൂർ തമ്പുരാനോട്) നാളെ അങ്ങോട്ടു പോയി ഇവളെ അവിടെ താമസിപ്പിച്ചാലോ?

ചാഴൂർ—ഇവിടെയ്ക്കു സമ്മതമില്ലാത്ത കാര്യം ഞാൻ പ്രവൃത്തിക്കയില്ല. അതിന്നായി എന്നെ നിർബ്ബന്ധിക്കയുമരുത്.

എന്തിനു പറയുന്നു! ഭട്ടതിരി "പഠിച്ചവിദ്യ പതിനെട്ടും" പ്രയോഗിച്ചു. മൂപ്പിന്ന് തൻെറ പിടുത്തത്തിൽനിന്നു ഒരടി മാറുന്ന വട്ടം കണ്ടില്ല. ഒടുക്കപ്പാടെ ഭട്ടതിരി വല്ലാതെ അന്ധനായിത്തീൻ. താഴത്തുവന്ന് ഉണ്ണിമായയെ വിവരം ഗ്രഹിപ്പിച്ചു. താൻ ആശ്രയമായി കരുതിയിരുന്ന തമ്പുരാൻ തന്നെ ഇങ്ങിനെ നിർദ്ദയം തള്ളിക്കളഞ്ഞപ്പോൾ ആ സാധ്വിന്നുണ്ടായ വ്യസനം ഇന്നവിധമെന്നു പറഞ്ഞറിയിക്കാൻ പ്ര

യാസമായിരുന്നു. അവൾ തേങ്ങിത്തേങ്ങി കരഞ്ഞുതുടങ്ങി. ഈ കരച്ചിൽ മുകളിൽ ഉള്ളവൎക്കുകൂടി കേൾക്കാമായിരുന്നു. കരച്ചിൽ, സാധാരണ സ്ത്രീസ്വഭാവങ്ങളിലൊന്നാണെന്നു ചില ധീരന്മാർ ധരിച്ചുവെച്ചിട്ടുള്ളപോലെ മൂപ്പിന്നും ഇപ്പോൾ വിചാരിക്കാതിരുന്നില്ല. അതുകൊണ്ട് ആ സംഗതിയെപ്പററി അശേഷം ശ്രദ്ധിക്കുകയും ഉണ്ടായില്ല. ഇത്ര നിൎദ്ദയത്വം കാണിക്കുവാനുണ്ടായ കാരണം എന്തായിരുന്നുവെന്നും ആലോചിക്കേണ്ടതാണല്ലോ. അച്ഛൻ വന്നു കാണാൎക്കയാലും ഇപ്പോൾ രാമവൎമ്മ രാജാവിൻെറ മന്ത്രിയായി അദ്ദേഹം കൊച്ചിയിൽ തന്നെ താമസിക്കുകയാണെന്നു സൂക്ഷ്മമായി ഗ്രഹിച്ചിരുന്നതിനാലും ഉണ്ണിമായയുടെ ഈ ആഗമനവും ഭട്ടതിരിയുടെ ശുപാൎശിയും തന്നെ കുടുക്കിൽ ചാടിക്കുവാൻവേണ്ടി ചെയ്യുന്ന സൂത്രങ്ങളിൽ ഒന്നാണ് എന്ന് അവിടുന്നു ദൃഢമായി വിശ്വസിച്ചുപോയി. ഭട്ടതിരി എത്രതന്നെ അപേക്ഷിച്ചിട്ടും ഉണ്ണിമായ എങ്ങിനെയെല്ലാം കരഞ്ഞിട്ടും യാതൊരു പ്രയോജനവും ഉണ്ടായില്ല. അന്നു രാത്രി രണ്ടുപേരും അവിടത്തന്നെ കഴിച്ചുകൂട്ടി. പിറേറദിവസം കാലത്തുതന്നെ അവിടം വിട്ടു പോകുവാൻ കല്പനയായി. എത്ര എന്തൊക്കെ ആയാലും രാജകല്പന അനുസരിക്കാതെ തരമില്ലല്ലോ. പ്രഭാതത്തോടുകൂടി, ഉണ്ണിമായയേയുംകൊണ്ട് ഇറങ്ങി പുറപ്പെട്ടു.

## പതിനൊന്നാമദ്ധ്യായം

ഗോദവൎമ്മ രാജാവിനേയും മററും തളത്തിൽ ഇരുത്തിയിട്ടാണല്ലോ ഉണ്ണിമായ ഒളിച്ചോടിപ്പോയത്. അന്നു കയ്മൾ വീട്ടിൽ കൂടിയിരുന്നവർ ഓരോരുത്തരും പ്രത്യേകം നടന്നു തിരഞ്ഞിട്ടും അവളെ കണ്ടുപിടിക്കുവാൻ കഴിഞ്ഞിട്ടില്ല. ആകപ്പാടെ മൂത്ത കയ്മൾക്കു വലിയ വിഷാദമായിത്തീൎന്നു. ആ

യാൾ കണ്ടവരോടെല്ലാം ദേഷ്യപ്പെട്ടുതുടങ്ങി. എന്തിനധികം പറയുന്നു? ക്ഷണനേരംകൊണ്ടു കന്യകളുടെ ആശയെല്ലാം അസ്തമിച്ചു. ഇനി ആ മുഹൂർത്തത്തിൽ കെട്ടിലേറ്റം നടത്തുവാൻ സാധിക്കുകയില്ലെന്ന് അവിടെ കൂടിയിരുന്നവർ മുഴുവൻ ബോദ്ധ്യമായി. മൂത്ത കന്യക ചിന്താപാരവശ്യത്തോടു കൂടി ഗോദവർമ്മരാജാവിന്റെ കാൽക്കൽ വീണ്, തന്റെ കൊള്ളരുതായ്മയെപ്പറ്റി യാതൊന്നും തോന്നരുതെന്നും സകല അപരാധങ്ങളും ക്ഷമിക്കണമെന്നും വളരെ ദയനീയമായ വിധം അപേക്ഷിച്ചു. ഗോദവർമ്മരാജാവിനാണെങ്കിൽ കുണ്ഠിതം ഇന്നവിധമാണെന്നു പറയാനില്ല. എങ്കിലും അദ്ദേഹം മൂത്ത കന്യകളെ ഒരു വിധം സമാധാനിപ്പിച്ച് അപ്പോൾ തന്നെ കൊച്ചിക്കു കടന്നു കഴിഞ്ഞു. ആ രാത്രി തന്നെ ഈ വർത്തമാനം നാട്ടിലെല്ലാം പരന്നു. ഇങ്ങിനെ വരുമെന്നുള്ള വിചാരം തന്നെയായിരുന്നു ഗോദവർമ്മരാജാവിന്റെ കുണ്ഠിതത്തിനുള്ള പ്രധാനകാരണം. ഇപ്പോൾ അദ്ദേഹം പുറത്തിറങ്ങാതെ കഴിച്ചുകൂട്ടുകയാണ്. രാമണ്ണങ്കോവിലും മറ്റും പലവിധത്തിൽ സമാധാനപ്പെടുത്തുന്നുണ്ടെങ്കിലും ഗോദവർമ്മരാജാവിനെ സംബന്ധിച്ചിടത്തോളം ഒരു ഗുണവുമുണ്ടാകുന്നില്ല. അദ്ദേഹത്തിന്റെ മനസ്സിനു വല്ലാത്ത ഒരു മാറ്റംതന്നെ കണ്ടുതുടങ്ങിയിരിക്കുന്നു. ഒരു സമയം ചിത്തഭ്രമം തന്നെ സംഭവിച്ചേക്കുമോ എന്നു ഭയപ്പെടത്തക്ക നിലയായിട്ടുണ്ട്. ഇത്രത്തോളമായപ്പോഴേക്കും രാമവർമ്മരാജാവിനും വലിയ പരിഭ്രമമായി. അനുജന്റെ ആധിക്ക് എന്തെങ്കിലും ഒരു ശമനം കണ്ടുപിടിക്കാതെ തരമില്ലെന്ന് അദ്ദേഹം നിശ്ചയിച്ചു. രാമണ്ണങ്കോവിലിനോടും പറങ്കികളോടും ഇക്കാര്യത്തെക്കുറിച്ചാലോചിച്ചതിൽ തല്ക്കാലം കുറെ ദിവസത്തേക്കു സ്ഥലം മാറി താമസിപ്പിക്കുന്നതു നന്നായിരിക്കുമെന്നു തീർച്ചപ്പെടുത്തി. ഉടനെ വെട്ടത്തു പോയി കുറെ ദിവസം താമസിക്കണമെന്നും ചില പ്രത്യേക കാര്യങ്ങൾ നടത്തുവാനുണ്ടെന്നും മറ്റും ഗോ

ഠവൎമ്മ രാജാവിനെ ധരിപ്പിച്ചു. പക്ഷെ അദ്ദേഹം തീരെ സമ്മതിച്ചില്ല. ഈ അവമാനവും കൊണ്ടു നാട്ടിലേക്കു മടങ്ങിപ്പോകുവാൻ ഒരിക്കലും തരമില്ലെന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി.

ഇക്കാലത്തു, 'കൊടുങ്ങല്ലൂർ കോട്ട' പറങ്കികളുടെ അധീനത്തിലായിരുന്നു. കൊടുങ്ങല്ലൂർ രാജാവിനെ സ്ഥാനഭ്രഷ്ടനാക്കി ആ രാജ്യവും അവർ കൈവശപ്പെടുത്തിയിരുന്നു. അവിടെ വലിയ രാജധാനിയും മററും ഉണ്ടായിരുന്നു. അവയെല്ലാം ഇപ്പോൾ പറങ്കികളുടെ അധീനത്തിലാണിരിക്കുന്നത്. ഗോദവൎമ്മ രാജാവിന്റെ മനശ്ശല്യത്തിനു വല്ല വ്യത്യാസവും വന്നുവെങ്കിലായല്ലോ എന്നു കരുതി പറങ്കികൾ കൊടുങ്ങല്ലൂരിന്റെ ആധിപത്യം അദ്ദേഹത്തിനു വിട്ടുകൊടുപ്പാൻ തീൎച്ചപ്പെടുത്തി. ഈ വിവരം ഗോദവൎമ്മരാജാവിനെ അറിയിച്ചപ്പോൾ അദ്ദേഹം സന്തോഷിക്കുകയും ഉടനെ ആ സ്ഥാനം സ്വീകരിക്കുകയും ചെയ്തു. കൊടുങ്ങല്ലൂർ ചെന്നു കൂടിയാൽ ഇതിലും കുറെക്കൂടി അന്തസ്സിൽ കഴിഞ്ഞുകൂടുവാൻ യാതൊരു പ്രയാസവുമില്ലെന്നും മററും രാമണ്ണക്കോവിൽ പറഞ്ഞു പിടിപ്പിച്ചിട്ടുമുണ്ടായിരുന്നു. ഇങ്ങിനെ ഗോദവൎമ്മരാജാവ് കൊടുങ്ങല്ലൂർ സ്ഥിരതാമസമാക്കി. പറങ്കികളുടെ ശാസനപ്രകാരം ആ നാട്ടുകാർ അദ്ദേഹത്തെ അവരുടെ രാജാവിന്റെ നിലയിൽ സ്വീകരിക്കുകയും അദ്ദേഹത്തിന്റെ ആജ്ഞകളെ അനുവൎത്തിച്ചുവരികയും ചെയ്തു. ആകപ്പാടെ ഗോദവൎമ്മരാജാവ് ഒരു വലിയ പ്രമാണിയായിത്തീൎന്നു. അദ്ദേഹം സുകൃത്യങ്ങൾ മിക്കതും ഭംഗിയായി നിൎവ്വഹിച്ചുതുടങ്ങി. എന്നാൽ ഉണ്ണിമായയെപ്പററി അദ്ദേഹത്തിനുണ്ടായിരുന്ന മനശ്ശല്യത്തിനു വലിയ വ്യത്യാസമൊന്നും ഉണ്ടായില്ല. അവൾ എങ്ങോട്ടാണ് ചാടിപ്പോയതെന്നും മററും ഗൂഢമായി അന്വേഷിച്ചു തുടങ്ങി. ഇതിനിടയ്ക്ക് എങ്ങിനേയോ അച്ഛനെപ്പററി അദ്ദേഹത്തിന് ഒരു സംശയം ജനിച്ചു. അച്ഛന്റെ സ

ഹായത്തോടുകൂടിയാണ് അവൾ ഒളിച്ചോടിപ്പോയതെന്നും അച്ചൻ തനിക്കു വിരോധിയാണെന്നും ഗോദവൎമ്മരാജാവ് മനസ്സിലാക്കി. തന്നെ ഇങ്ങിനെ വഞ്ചിച്ചതിന്ന് ഒന്നാങ്ങോട്ടം കൊടുക്കണം എന്നദ്ദേഹം തീൎച്ചപ്പെടുത്തി. ഈ വിചാരം വളൎന്നു വന്നതോടുകൂടി ഗോദവൎമ്മരാജാവിന്റെ മനഃശല്യം പ്രതീകാരബുദ്ധിയായിപ്പരിണമിച്ചു. ഏതു വിധമെങ്കിലും അച്ചനെ ഒരു പാഠം പഠിപ്പിക്കണമെന്ന് അദ്ദേഹം നിശ്ചയിച്ചു. ഉടനെ രാമവൎമ്മരാജാവിന് ഒരു കത്തയച്ചു. അച്ചനോടുകൂടി രാമണങ്കോവിലിനെ കൊടുങ്ങല്ലൂൎക്കയക്കണമെന്നായിരുന്നു കത്തിലെ താല്പൎയ്യം.

ഈ കത്തു കണ്ടപ്പോൾ രാമവൎമ്മരാജാവ് കുറച്ചു പരിഭ്രമിച്ചു. കാൎയ്യങ്ങൾ ഒന്നും വ്യക്തമാക്കിയിരുന്നില്ലല്ലോ. സംഗതി സ്വകാൎയ്യമാണെന്നും ഉടനെ നടത്തേണ്ടതാകകൊണ്ടു അമാന്തിക്കരുതെന്നും പ്രത്യേകം എഴുതിയിട്ടുമുണ്ട്. ആകപ്പാടെ കൊടുങ്ങല്ലൂർ എന്തോ അസ്വാസ്ഥ്യം സംഭവിച്ചിരിക്കുമെന്നും മററും അദ്ദേഹം സ്വയം ഊഹിച്ചു. പറങ്കികളെ മറച്ചുവെച്ച് ഒന്നും പ്രവൎത്തിക്കുവാൻ രാമവൎമ്മരാജാവിന്നു ധൈൎയ്യമുണ്ടായിരുന്നില്ല. അതിനാൽ വിവരം രാമണങ്കോവിലിനെ അറിയിച്ചതോടുകൂടി പറങ്കികളേയും അറിയിച്ചു. ഗോദവൎമ്മരാജാവിന്റെ വിചാരമെന്താണെന്നു ശരിയായി ഊഹിപ്പാൻ ആൎക്കും കഴിഞ്ഞില്ല. എങ്കിലും എഴുത്തുപ്രകാരം രണ്ടുപേരേയും കൊടുങ്ങല്ലൂൎക്കയപ്പാൻ തീൎച്ചപ്പെടുത്തി. തിരിയേ വിളിക്കുന്നതുവരെ ഗോദവൎമ്മരാജാവൊരുമിച്ചു കൊടുങ്ങല്ലൂർ കോട്ടയിൽ താമസിച്ചുകൊള്ളണം എന്നൊരു കല്പന ഉടനെ അച്ചനു കൊടുക്കുകയും ചെയ്തു.

ഇനി അച്ചന്റെ സ്ഥിതിയെക്കുറിച്ചും ചിലതു പറഞ്ഞുകൊള്ളട്ടെ. ഉണ്ണിമായയേ കൂട്ടിക്കൊണ്ടുപോയി വേണ്ടപോലെ രക്ഷിക്കുവാൻ ചേററുകളത്തു ഭട്ടതിരിയെ ഏല്പിച്ചിട്ടുണ്ടെങ്കിലും അച്ചന്ന് അശേഷം സമാധാനം ഉണ്ടായിരുന്നി

ല്ല. ഒരു പരിചയവും ഇല്ലാത്ത ഒരു സ്ത്രീയെ കോവിലകത്തു കൊണ്ടുചെല്ലുമ്പോൾ മൂപ്പിലേക്ക് എന്തു തോന്നും എന്നായിരുന്നു അച്ഛന്റെ വിചാരം. ഈ അവസരത്തിൽ രാമവർമ്മരാജാവിനെ വിട്ടുപോവുന്നത് അദ്ദേഹത്തിന് തന്റെ പേരിൽ അവിശ്വാസം ജനിക്കുവാനും തന്മൂലം തന്റെ ഉദ്ദേശം സാധിക്കുവാൻ അധികം ബുദ്ധിമുട്ടുവാനും ഇടയായേക്കുമെന്ന് അച്ഛൻ വിചാരിക്കാതിരുന്നില്ല. ചേററക്കുളത്തു ഭട്ടതിരി മടങ്ങിവരുന്നതുമില്ല. എല്ലാംകൂടി അച്ഛനു വലിയ പരിഭ്രമമായി. ഉപായത്തിൽ പുറത്തിറങ്ങി ഒന്നന്വേഷിച്ചുവന്നാലോ എന്നും അച്ഛൻ സംശയിച്ചു. ഏതായാലും രണ്ടുദിവസംകൂടി കഴിയട്ടെ എന്നു വിചാരിച്ചു അവിടത്തന്നെ കഴിച്ചുകൂട്ടി. അച്ഛന്റെ സഹായത്തോടുകൂടിയാണ് ഉണ്ണിമായ ഒളിച്ചോടിപ്പോയതെന്നു കൊച്ചി കോവിലകം സംബന്ധിച്ചു ആരും അറിഞ്ഞിട്ടില്ല. ഇതു മാത്രമേ അച്ഛനൊരു സമാധാനമുണ്ടായിരുന്നുള്ളു.

ഇങ്ങിനെ ഇരിക്കുന്ന കാലത്താണ് ഗോദവർമ്മരാജാവിന്റെ എഴുത്തു വന്നതും അച്ഛനെ കൊടുങ്ങല്ലൂർക്ക് സ്ഥലം മാററിയതും. ഈ പുതിയ ഏർപ്പാടു കുറച്ചനുകൂലമായിട്ടാണു അച്ഛനു തോന്നിയത്. കൊടുങ്ങല്ലൂർക്കു പോകുംവഴി ഗൂഢമായി ഒന്നു സഞ്ചരിച്ചുവന്നാൽ ഉണ്ണിമായയുടേയും മൂപ്പിലേയും സ്ഥിതികൾ മനസ്സിലാകുമെന്നായിരുന്നു അച്ഛന്റെ അപ്പോഴത്തെ വിചാരം. അതിനാൽ രാമവർമ്മരാജാവിന്റെ കല്പന കിട്ടിയപ്പോൾത്തന്നെ അച്ഛൻ കൊച്ചിയിൽനിന്നു പുറപ്പെട്ടു. താനും ഒരുമിച്ചു വരാമെന്നു രാമണ്ണക്കോവിൽ പറഞ്ഞുവെങ്കിലും വയ്പിൽ സ്വന്തം സ്ഥലത്തുപോയി കാര്യങ്ങൾ പലതും ചെയ്തുവയ്പാനുള്ളതുകൊണ്ട് ചുരുങ്ങിയത് ഒരാഴ്ചയെങ്കിലും അവധി വേണമെന്ന് അപേക്ഷിക്കുകയും രാമവർമ്മരാജാവ് അനുവദിക്കുകയും ചെയ്കയാൽ അച്ഛൻ നേരെ വയ്പിലേക്കും രാമണ്ണക്കോവിൽ തനിയെ കൊടുങ്ങല്ലൂർക്കും തിരിച്ചു. അച്ഛൻ

വശ്ശിലെത്തിയതിൻെറ പിറേറദിവസം ചേറക്കളത്തു ഭട്ടതിരിയും അവിടെ എത്തിച്ചേൎന്നു. മൂപ്പിന്നു് ഉണ്ണിമായയെ ഉപേക്ഷിച്ച വിവരവും അവിടെക്കു അച്ഛൻെറ പേരിലുണ്ടായിട്ടുള്ള അഭിപ്രായമാററവും വഴിപോലെ ധരിപ്പിക്കണമെന്നുവച്ചിട്ടാണു് ഭട്ടതിരി പുറപ്പെട്ടിട്ടുള്ളതു്. അദ്ദേഹത്തിൻെറ തോളത്തുണ്ടായിരുന്ന ആ ഭാരം ഒരു ദിക്കിൽ ഗൂഢമായി സൂക്ഷിച്ചു പ്രത്യേകം ചിലരെ ഭരമേല്പിച്ചു് അവിടംവിട്ടു പോരുവാൻതന്നെ കുറെ ദിവസം വേണ്ടിവന്നു. അതെല്ലാം സാധിച്ചു കൊച്ചിയിൽ ചെന്നിട്ടുതന്നെ നാലഞ്ചു ദിവസമായി. അച്ഛനെക്കണ്ടു സംസാരിക്കുവാൻ സൌകൎയ്യം കിട്ടാതെ കിടന്നുതിരിയുമ്പോഴാണു് ഇദ്ദേഹത്തിനെ സ്ഥലം മാററിയ വിവരം മനസ്സിലായതു്. അച്ഛൻെറ പിന്നാലെ ഭട്ടതിരിയും പുറപ്പെട്ടു. ഇങ്ങിനെ താൻ വിചാരിക്കാതെ ഭട്ടതിരിയെ കണ്ടുമുട്ടിയപ്പോൾ അച്ഛന്നു വളരെ സന്തോഷമായി. രണ്ടുപേരും ഒരുമിച്ചുകൂടി നിൎബ്ബാധം ഇങ്ങിനെ പറഞ്ഞുതുടങ്ങി.

അച്ഛൻ— കാണാതെകണ്ടിരുന്നപ്പോൾ വളരെ പരിഭ്രമിച്ചു. ഉണ്ണിമായക്കു തരക്കേടൊന്നുമില്ലല്ലോ.

ഭട്ടതിരി— വലിയ തരക്കേടൊന്നുമില്ല.

അച്ഛൻ— ഈ സന്ദൎഭങ്ങളിൽ കുറച്ചു കൂടാതെ ആൎക്കും സാധിക്കുകയില്ല. അവിടക്കു ബുദ്ധിമുട്ടായാലും ഒരു സാധുവിനെ അവിടന്നു രക്ഷിച്ചു.

ഭട്ടതിരി— എൻെറ ബുദ്ധിമുട്ടെന്തു സാരം?

അച്ഛൻ— ആരുടെ ബുദ്ധിമുട്ടാണു് സാരമായിട്ടുള്ളതു്?

ഭട്ടതിരി— 'അന്യഥാ ചിന്തിതം കാൎയ്യം ദൈവമന്യത്ര ചിന്തയേൽ' എന്നല്ലേ പ്രമാണം? അപ്പോൾ ഓൎക്കാതെ പല സംഗതികളും സംഭവിച്ചേക്കും.

അച്ഛൻ— കാൎയ്യം തുറന്നു പറയൂ. വെറുതെ സമയം കളയരുതു്.

ഭട്ടതിരി—ഉണ്ണിമായയേയും കൊണ്ട് ഞാൻ തൃശ്ശിവപേരൂക്ക് പോയി.

അച്ചൻ—(ബദ്ധപ്പാടോടുകൂടി) എന്താ അവിടുന്നവിടെ ഉണ്ടായിരുന്നില്ലെന്നുണ്ടോ?

ഭട്ടതിരി—അവിടുന്നും ചാഴൂർ തമ്പുരാനും അവിടത്തന്നെ ഉണ്ടായിരുന്നു.

അച്ചൻ—സകല കാൎയ്യങ്ങളും തിരുമനസ്സുണൎത്തിച്ചില്ലേ?

ഭട്ടതിരി—അതും ഉണ്ടായി. (എന്നു തുടങ്ങി തൃശ്ശിവപേരൂർ കോവിലകത്തു നടന്ന സംഭവങ്ങൾ എല്ലാം അച്ചനെ ഗ്രഹിപ്പിച്ചു.)

അച്ചൻ—(ആശ്ചൎയ്യത്തോടും പരിഭ്രമത്തോടും കൂടി) ഞാൻ പ്രത്യേകം പറഞ്ഞിട്ടുണ്ടെന്നും മററും അറിയിച്ചുവോ?

ഭട്ടതിരി—അതുംകൂടി കഴിഞ്ഞപ്പോളാണ് അധികം മോശമായത്.

അച്ചൻ—(വല്ലാതെ പരിഭ്രമിച്ച്) അതെന്താണ്? അവിടേക്ക് എന്റെ പേരിൽ വല്ല അതൃപ്തിയും ഉണ്ടെന്നു തോന്നിയോ?

ഭട്ടതിരി—അങ്ങിനെയല്ലാതെ ഒന്നും തോന്നിയില്ല.

അച്ചൻ—വിസ്തരിച്ചു കേൾക്കട്ടെ. ഞാനിതൊന്നും അശേഷം അറിഞ്ഞിരുന്നില്ല.

വാസ്തവസംഗതി എന്തായിരുന്നുവെന്നു ഭട്ടതിരിക്കും നല്ല നിശ്ചയമില്ല. അച്ചന്റെ പേരിൽ മൂപ്പിലേക്കു നീരസം ജനിച്ചിട്ടുണ്ടെന്നുമാത്രമെ അദ്ദേഹത്തിനറിവാൻ കഴിഞ്ഞുള്ളൂ. അതങ്ങിനെത്തന്നെ അച്ചനേയും ധരിപ്പിച്ചു. എതെങ്കിലും തൃശ്ശിവപേരൂർ ചെന്നു മൂപ്പിലെ കാണുകതന്നെ. അതിനുശേഷമാവാം കൊടുങ്ങല്ലൂക്കു യാത്ര എന്നു തീൎച്ചയാക്കി. ഉണ്ണിമായയുടെ താല്ക്കാലികസ്ഥിതി ഏതു നിലയിൽ ഇരിക്കുന്നു എന്നും മററും ഭട്ടതിരിയോടു ചോദിച്ചറിഞ്ഞു. ഒരു നല്ല സ്ഥല

ത്തു വഴിപോലെ രക്ഷിച്ചിട്ടുണ്ടെന്നും തല്ക്കാലം അത്ര പരിഭ്രമിക്കുവാനില്ലെന്നും അറിഞ്ഞപ്പോൾ അദ്ദേഹത്തിന്നു കുറച്ചധികം സമാധാനമായി. അവിടെ രണ്ടു ദിവസം താമസിച്ചു കുറേക്കാലത്തേക്കു വേണ്ട ഏപ്പാടുകളെല്ലാം ചെയ്ത് അച്ചൻ തൃശ്ശിവപേരൂക്കു പുറപ്പെട്ടു. ഭട്ടതിരി ഇല്ലത്തേക്കും പോയി.

അച്ചൻ യാത്ര പുറപ്പെട്ട ദിവസം മൂപ്പിന്ന് തൃശ്ശിവപേരൂർ ഉണ്ടായിരുന്നില്ല. സാമൂതിരിയും സൈന്യവും ചാവക്കാട്ടുവഴി 'മതിലക'ത്ത് എത്തി പാളയമടിച്ച വത്തമാനമറിഞ്ഞ് അങ്ങോട്ടെഴുന്നള്ളിയിരിക്കയായിരുന്നു. മാഗ്ഗമദ്ധ്യത്തിൽ വെച്ച് ഈ വത്തമാനം അച്ചനും മനസ്സിലായി. അപ്പോൾ അദ്ദേഹം തൻെറ യാത്ര അങ്ങോട്ടു തിരിച്ചു. യാത്രപുറപ്പെട്ടു പിറേറദിവസം സന്ധ്യയോടുകൂടി മതിലകത്തു പാളയത്തിന്നു സമീപം ചെന്നുകൂടി. അപ്പോൾ തന്നെ മൂപ്പിലെ മുഖം കാണിച്ചു വന്നാലോ എന്നാലോചിച്ചു. എങ്കിലും അഭിപ്രായമറിയാതെ കയറിച്ചെല്ലുന്നതു ഭംഗിയല്ലെന്നറികയാൽ അദ്ദേഹം അതിന്നു തുനിഞ്ഞില്ല. അടുത്തൊരു ബ്രാഹ്മണഗൃഹത്തിൽ കയറി ഭക്ഷണവും മററും കഴിച്ച് അന്നവിടെത്തന്നെ കഴിച്ചുകൂട്ടി. പിറേറദിവസം കാലത്തു തന്നെ പാളയത്തിൽ ചെന്നു തിരുമുമ്പിൽ കാണുവാൻ സമയം ചോദിച്ചു. അപ്പോൾ മൂപ്പിലെ ഒരുമിച്ചു ചങ്ങരംകോത കത്താവും ശങ്കരൻകണ്ടത്തു പണിക്കരും മററും ഉണ്ടായിരുന്നു. അവർ അച്ചനെ കണ്ടുവെങ്കിലും ഒന്നും നടിക്കാതെ ഗൌരവത്തോടുകൂടെ നേരെ തിരുമുമ്പിലേക്കു കയറിച്ചെല്ലുന്നത് അച്ചനും കണ്ടു. ഇതും കൂടി കഴിഞ്ഞപ്പോൾ അച്ചൻ വളരെ വിവശനായിത്തീന്നു. യാതൊരപരാധവും താൻ ചെയ്തതായി അദ്ദേഹത്തിനോമ്മയില്ല. എവിടെ വെച്ചു കണ്ടാലും ഭക്തിബഹുമാനങ്ങളോടുകൂടി അടുത്തു വന്ന് ആദരിക്കാറുള്ള ഈ പ്രമാണികൾ ഇങ്ങിനെ ഒരു പുതിയ സമ്പ്രദായത്തിലായി കണ്ടപ്പോൾ അദ്ദേഹം വല്ലാതെ വ്യസനിച്ചു തനിക്കു

കാണുവാൻ സമയം കിട്ടുമെന്നാശിച്ചുംകൊണ്ടു കുറെ നേരം അവിടെത്തന്നെ നിന്നു.

ഇങ്ങിനെ കുറച്ചു കഴിഞ്ഞപ്പോൾ കൎത്താവും പണിക്കരും പുറത്തേയ്ക്കു വരുന്നതു കണ്ടു. സംഗതികൾ ഇവരോടു ചോദിക്കുകതന്നെ എന്നു നിശ്ചയിച്ച് അവരെ മാടി വിളിച്ചു. അച്ഛനോടു നേരിട്ടു അപ്രിയം പറവാൻ മടിച്ചിട്ടോ എന്തോ രണ്ടുപേരും അടുത്തു ചെന്നു. വിവരം ചോദിച്ചപ്പോൾ, അവൎക്കു നല്ല നിശ്ചയമില്ലെന്നും മററും ആദ്യം പറഞ്ഞുവെങ്കിലും അച്ഛന്റെ ചോദ്യത്തിന്റെ ശക്തി നിമിത്തം ഏതാണ്ടൊന്ന് ഊഹിക്കുവാൻ തക്ക മറുപടി അദ്ദേഹത്തിന്നു കിട്ടാതിരുന്നില്ല. രാമവൎമ്മരാജാവൊരുമിച്ചു താമസിക്കുക നിമിത്തമാണ് മൂപ്പിലെയ്ക്കു തന്റെ നേരെ വിരോധമായിരിക്കുന്നതെന്ന് അദ്ദേഹം മനസ്സിലാക്കി. കാൽക്കൽ വീണു സമസ്താപരാധം പറഞ്ഞു കളയാമെന്നും ഇനി അങ്ങോട്ടു പോകയില്ലെന്നു പ്രതിജ്ഞചെയ്യാമെന്നും തൽക്ഷണം അദ്ദേഹം തീൎച്ചപ്പെടുത്തി. തിരുമുമ്പിൽ കാണുവാൻ സമയം ചോദിച്ചു വന്നാൽ കൊള്ളാമെന്ന് അച്ഛൻ അവരോട് അപേക്ഷിച്ചു. അപ്പോൾ കൎത്താവു ചെന്നു വിവരം തിരുമനസ്സുണൎത്തിച്ചു. മൂപ്പിലെയ്ക്കു സമ്മതമായില്ല. അവിടുന്നനുവദിച്ചുമില്ല. തന്റെ ഗൂഢാലോചനകളെല്ലാം കണ്ടുപിടിക്കാനായിരിക്കുമോ അച്ഛൻ വന്നിരിക്കുന്നതെന്നുകൂടി അവിടേയ്ക്കു ഭയം ഉണ്ടായി. കൎത്താവു മടങ്ങിവന്നു കാൎയ്യം പറഞ്ഞപ്പോൾ അച്ഛൻ അന്ധനായിത്തീൎന്നു. ഇനി പ്രവൃത്തികൊണ്ടു സമ്മതിപ്പിക്കാനേ നിവൃത്തിയുള്ളു എന്നദ്ദേഹം നിശ്ചയിച്ചു. കൎത്താവും പണിക്കരും യാത്രപറഞ്ഞു പിരിഞ്ഞു. അച്ഛനും അധികനേരം അവിടെ നിന്നില്ല. ഏതു വിധമെങ്കിലും മൂപ്പിലെ മുഷിച്ചൽ തീൎക്കണമെന്നേ അദ്ദേഹത്തിന്നു വിചാരമുണ്ടായിരുന്നുള്ളു. ആൎത്തിയോടുകൂടി പലതും ആലോചിച്ചു. തല്ക്കാലം ഒന്നും തോന്നിയില്ല. പലവിധമായ മുന്നൊരുക്ക

ത്തോടുകൂടി അച്ചൻ മടങ്ങി. നേരെ കൊടുങ്ങല്ലൂക്കാണ് പുറപ്പെട്ടത്. അവിടെ എത്താറായപ്പോൾ അദ്ദേഹത്തിന്ന് ഒരു പൊടിക്കയ്യ തോന്നി. അങ്ങിനെ പ്രവൎത്തിച്ചാൽ തദ്വാരാ മൂപ്പിലെ തെററിദ്ധാരണ തീൎന്നു പൂൎവ്വസ്ഥിതിയെ പ്രാപിക്കാമെന്നും അദ്ദേഹം വിശ്വസിച്ചു.

കൊടുങ്ങല്ലൂർ രാജാവിനെ പറങ്കികൾ സ്ഥാനഭ്രഷ്ടനാക്കിയിരിക്കയാണെന്നും മററും മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. ഇപ്പോൾ കൊടുങ്ങല്ലൂർ രാജാ പദയിൽനിന്ന ഗോദവൎമ്മരാജാവിനെ തോല്പിച്ച് ആ സ്ഥാനം യഥാൎത്ഥ അവകാശിക്കു തന്നെ ഉറപ്പിച്ചു കൊടുക്കുന്നതായാൽ അദ്ദേഹംകൂടി തനിക്കു സഹായിയാകുവാനും, അതുവഴി മൂപ്പിലെ പരമാൎത്ഥം ധരിപ്പിച്ചു മുഷിച്ചിൽ തീൎത്തു മുമ്പിലത്തെപ്പോലെയാകുവാനും മാൎഗ്ഗമുണ്ടാകുമെന്ന് അച്ചനു തോന്നി. ഒരു പക്ഷെ കാൎയ്യം സാധിച്ചില്ലെങ്കിലും അതു തൻെറ കൎത്തവ്യമാകയാൽ കൃതാൎത്ഥതയും സുകൃതവും ഉണ്ടാകാതിരിക്കില്ലെന്നും അദ്ദേഹം വിചാരിച്ചു. ഏതായാലും കൊടുങ്ങല്ലൂർ കോവിലകത്തു ചെന്നു സംഗതികൾ ആലോചിക്കുകതന്നെ എന്നു നിശ്ചയിച്ച് അങ്ങോട്ടു കയറിച്ചെന്നു. യാദൃച്ഛികമായി അച്ചൻ കടന്നു ചെല്ലുന്നതു കണ്ട് കൊടുങ്ങല്ലൂർ രാജാവ് ഒന്നു പരിഭ്രമിച്ചു. എങ്കിലും വിവരം മനസ്സിലായപ്പോൾ അദ്ദേഹത്തിന്നു സന്തോഷമായി. ഇപ്പോൾ കൊടുങ്ങല്ലൂർ കോട്ടയിൽ വലിയ സൈന്യശേഖരമൊന്നുമില്ലാത്ത സ്ഥിതിക്ക് കാൎയ്യം നടത്തുവാൻ അധികം പ്രയാസമുണ്ടാവില്ലെന്നു രണ്ടുപേൎക്കും ബോദ്ധ്യമായി. കോട്ട കൈവശപ്പെടുത്തിക്കഴിഞ്ഞുവെങ്കിൽ പറങ്കികൾ ആക്രമിക്കാൻ വന്നാൽത്തന്നെ കുറേക്കാലം പൊരുതിനില്ക്കാമെന്നും അവർ നിശ്ചയിച്ചു. ഇത്രത്തോളമാകുമ്പോഴെക്കും മൂപ്പിന്നും സാമൂതിരിയും സഹായത്തിനെത്താതിരിക്കയില്ലെന്നും അവൎക്കു തോന്നി. തല്ക്കാലം അച്ചൻെറ അധീനത്തിലുള്ള ഏതാനും സൈന്യങ്ങളെ ശേഖരിക്കുകതന്നെ എന്നു നിശ്ച

യിച്ച് അദ്ദേഹം നേരെ വസ്തിലേയ്ക്കു തന്നെ മടങ്ങി. പോകും വഴി അച്ഛനു വേറേയും ചില സഹായികളെ കണ്ടുകിട്ടുവാൻ സാധിച്ചു. അതാണ് വലിയ കാര്യമായത്.

പടിഞ്ഞാറെ കടൽവക്കത്തായി വസ്തിന്നടുത്ത് ഒരു കലപ്പൽ വന്നടുത്തിരുന്നു. അതിൽനിന്നു ചിലർ കരയ്ക്കിറങ്ങി, നാടു കാണാനെന്നപോലെ നാട്ടുപുറത്ത് അവിടവിടെ സഞ്ചരിച്ചിരുന്നു. ഇവർ, 'വാൻഡർമെയിഡൻ' എന്ന ലന്തപ്രമാണിയും അയാളുടെ അനുചരന്മാരുമായിരുന്നു. ഈ സംഗതി അച്ഛനറിഞ്ഞിരുന്നില്ല. കൂട്ടത്തിലൊരാൾ മാത്രം അച്ഛനു പരിചിതനായിരുന്നു. ആയാൾ ഒരു ചട്ടക്കാരൻെറ വേഷമാണ് അപ്പോൾ ധരിച്ചിരുന്നതെങ്കിലും മുഖം കണ്ടപ്പോൾ അച്ഛന് ആളെ മനസ്സിലായി. ആയാൾ അച്ഛനേയും അറിയാതിരുന്നില്ല. അവരെ കണ്ടപ്പോൾ അച്ഛൻ അടുത്തുചെന്നു. ഏകദേശം തമ്മിൽ ചേർന്നപ്പോൾ ആ ചട്ടക്കാരൻ തൻെറ കൂട്ടക്കാരെ അച്ഛനും അച്ഛനെ കൂട്ടക്കാർക്കും പരിചയപ്പെടുത്തി. അവർ കുറേനേരം സാധാരണ സംഗതികളേക്കുറിച്ചു സംസാരിച്ചിരുന്നശേഷം, അച്ഛൻ യാത്ര പറഞ്ഞു പിരിഞ്ഞു. എന്നാൽ ആ പഴയ പരിചിതനോടു ചില സംഗതികൾ സ്വകാര്യമായി പറഞ്ഞാൽ കൊള്ളാമെന്ന് തോന്നുകയാൽ വിവരം ആയാളെ മനസ്സിലാക്കി. ആയാൾ തൻെറ കൂട്ടുകാരോടു അനുവാദം വാങ്ങി കുറേമാറി ഒരു വിജനപ്രദേശത്തു ചെന്നിരുന്ന് ഗൂഢമായി അച്ഛനോട് സംസാരിച്ചുതുടങ്ങി. ഈയാൾ ലന്തക്കാരുടെ ദ്വിഭാഷി ആയിരുന്നുവെന്നും ആ പേർ തന്നേയാണ് ഇവിടെ ഉപയോഗിക്കുവാൻ ഉദ്ദേശിക്കുന്നതെന്നുംകൂടി പ്രസ്താവിച്ചുകൊള്ളുന്നു.

അച്ഛൻ—ഇവിടെ ഇല്ലാഞ്ഞിട്ടുള്ള ദോഷം ഇത്രയാണെന്നൊന്നും പറയാനില്ല. ഏതെങ്കിലും വേണ്ട സമയത്തു വന്നു ചേർന്നുവല്ലോ.

ദ്വിഭാഷി—കാര്യങ്ങൾ എത്രത്തോളമായി? പിടിച്ചാൽ കിട്ടാത്ത കൂട്ടത്തിലായോ?

അച്ഛൻ—അതില്ല. വെട്ടത്തുനിന്നു ദത്തെടുക്കലും മററും കഴിഞ്ഞിരിക്കുന്നു.

ദ്വിഭാഷി—അറിഞ്ഞു. മൂപ്പിലെ ഇപ്പോഴത്തെ ശ്രമം എന്താണ്?

അച്ഛൻ—യുദ്ധം വേണമെന്നു തന്നേയാണ് ഇപ്പോൾ വിചാരിക്കുന്നത്. സാമൂതിരിപ്പാടും പടയും ഒരുമിച്ചു മതിലകംവരെ എത്തിക്കഴിഞ്ഞിരിക്കുന്നു.

ദ്വിഭാഷി—(വൈമനസ്യത്തോടുകൂടി) അങ്ങിനേയും ഒരാപത്തു വന്നുകൂടിയോ?

അച്ഛൻ—ഇപ്പോൾ യോജിച്ചിട്ടാണ്. വെട്ടത്തു രാജാക്കന്മാരും സാമൂതിരിപ്പാടും തമ്മിൽ പിണക്കമാണല്ലോ.

ദ്വിഭാഷി—എന്തെങ്കിലുമാകട്ടെ. ഇപ്പോൾ എങ്ങോട്ടാണ് പുറപ്പെടുന്നത്?

അച്ഛൻ—അതൊന്നും അറിഞ്ഞുകൂടാ. രണ്ടു ദിവസമേ ആയിട്ടുള്ളു.

ദ്വിഭാഷി—(ആശ്ചര്യത്തോടുകൂടി മേനവനെന്താ ഇങ്ങിനെ പറഞ്ഞത് എന്നു വിചാരിച്ചുംകൊണ്ടു) മേനവൻ ഒഴിഞ്ഞുനില്ക്കുന്നതുപോലെ തോന്നുന്നു. അതെന്താണ്?

അച്ഛൻ—(കുറേ നേരം മൌനമായിരുന്ന് ഒരു ദീൎഘശ്വാസത്തോടുകൂടി) അങ്ങിനെ വേണ്ടദിക്കായി.

ദ്വിഭാഷി—കാരണം?

അച്ഛൻ—അങ്ങിനെ പറയത്തക്കതായി ഒന്നുമില്ല. അവിടുന്നു കുറച്ചു തെററിദ്ധരിച്ചിട്ടുണ്ട്. (എന്നു തുടങ്ങി അറിഞ്ഞേടത്തോളം സംഗതികൾ വിസ്തരിച്ചു പറഞ്ഞു.)

ദ്വിഭാഷി—അത്രേ ഉള്ളൂ? സാരമില്ല. ഞാൻ വല്ലാതെ അന്ധാളിച്ചു.

അച്ഛൻ—ചിലൎക്കു നിസ്സാരമായിട്ടുള്ളതു മററു ചിലൎക്കു സാരമായിരിക്കും. സ്നേഹിതന്മാരെ സമാധാനിപ്പിക്കാൻവേണ്ടി

ചിലപ്പോൾ ഇതിലധികവും പറയും. ഏതായാലും ആപത്തുകാലത്തു സഹായിപ്പാനാളുണ്ടായത് നല്ലകാലം.

ദ്വിഭാഷി‌__മേനവൻെറ ഇപ്പോഴത്തെ ഉദ്ദേശം എന്താണ്?

അച്ചൻ__അറിയിക്കാം. (എന്നു തുടങ്ങി തൻെറ ഉദ്ദേശം മുഴുവനും അദ്ദേഹത്തെ അറിയിച്ചു.)

ദ്വിഭാഷി__തരക്കേടില്ല. ലന്തക്കാരും സഹായിക്കും. വേറെ വിശേഷമൊന്നുമില്ലല്ലോ?

അച്ചൻ__ഒരു സംഗതികൂടി ഉണ്ട്. അതു സാരമില്ല. (എന്നിങ്ങിനെ കയ്മൾ വീട്ടിൽ നടന്ന സംഗതികളും ഉണ്ണിമായ ഒളിച്ചോടിപ്പോയതും മററും വിസ്തരിച്ചു പറഞ്ഞു.)

ദ്വിഭാഷി__എല്ലാം ദുർഘടംതന്നെ. ഏതായാലും ഞാനിപ്പോൾ പിരിയട്ടെ.

'അങ്ങിനെ തന്നെ' എന്നു പറഞ്ഞു അച്ചൻ എഴുന്നേററു. രണ്ടുപേരും അവരവരുടെ വസതികളിലേക്കു പോകയും ചെയ്തു. ഈ ദ്വിഭാഷി ഒരു മലയാളി തന്നെ ആയിരുന്നു. ആയാൾ കുറേക്കാലമായി ഇവിടെ ഉണ്ടായിരുന്നില്ലെന്നും മററും അവരുടെ സംഭാഷണത്തിൽനിന്നുതന്നെ വ്യക്തമാകുന്നുണ്ട്. എന്തോ കാൎയ്യവശാൽ ദേശസഞ്ചാരം ചെയ്തുകൊണ്ടിരിക്കുമ്പോൾ ഒരിക്കൽ കൊല്ലത്തു ചെന്നു ചേൎന്നു. അക്കാലത്തു ലന്തക്കാർ ആ പട്ടണം കൈവശപ്പെടുത്തി താവളം ഉറപ്പിച്ചിരുന്നു. ഇവരുടെ പുറപ്പാട് തൻെറ ഉദ്ദേശത്തിന്നു സഹായമായിത്തീരുമെന്നു കരുതി ഉപായത്തിൽ അവരെ ചെന്നു കണ്ടു സേവകൂടി, അവരുടെ ദ്വിഭാഷിസ്ഥാനം സ്വീകരിച്ച് ഇങ്ങിനെ ഒരുമിച്ചു കൂടിയതാണ്. അധികം താമസിയാതെ ആ സ്ഥലം ലന്തക്കാൎക്കു കൈവിടേണ്ടതായി വന്നു. അപ്പോൾ കൊച്ചിപ്പട്ടണം കൈവശപ്പെടുത്തണമെന്നായി അവരുടെ ആഗ്രഹം. ഈ സംഗതിക്ക് നമ്മുടെ ദ്വിഭാഷികൂടി ഒരു സഹായിയായിത്തീൎന്നു. ഇപ്പോൾ ലന്തക്കാരുടെ ശ്രമം, പറങ്കികളെ തല്ലിയോടിച്ചു കൊച്ചിപ്പട്ടണം

കൈവശപ്പെടുത്തുവാനാണ്. ഇതിലേക്കുവേണ്ടി ഏതാനും സൈന്യങ്ങളോടും യുദ്ധസാമഗ്രികളോടുംകൂടി വസ്സിൽ വന്നു കപ്പൽ ഇറങ്ങിയിരിക്കുകയാണ്. ഇവക്കു വേണ്ടിവരുന്ന ഒത്താശകളെല്ലാം ചെയ്തുകൊടുപ്പാൻ ദ്വിഭാഷി ഒരുങ്ങിയിട്ടുമുണ്ട്. ഇവരെപ്പററി ഇതിലധികമൊന്നും അറിയേണ്ടതില്ല.

---

# പന്ത്രണ്ടാമദ്ധ്യായം

---

ഉണ്ണിമായ ഒളിച്ചോടിപ്പോയതിൻെറ ശേഷം കയ്മൾ വീട്ടിൽ നടന്ന സംഗതികളെന്തെല്ലാമാണെന്നും മൂത്ത കയ്മളും ഉണ്ണിക്കാളി അമ്മയും എങ്ങിനെ ദിവസം കഴിച്ചുകൂട്ടി എന്നും അറിവാൻ വായനക്കാർ ആഗ്രഹിക്കുന്നുണ്ടായിരിക്കാം. എന്നാൽ ഈ വക സംഗതികൾ വിസ്തരിച്ചു തുടങ്ങിയാൽ കഥ അത്ര വേഗമൊന്നും അവസാനിക്കയില്ല. വളരെ സമ്പത്തും ജനസ്വാധീനവും ദേശാധിപത്യവും മററും തികഞ്ഞിട്ടുള്ള ഒരു വലിയ കുടുംബത്തിൽ അഭൂതപൂർവ്വമായി ഒരപഖ്യാതി വന്നുചേരുന്ന പക്ഷം അവിടെ എന്തെല്ലാമാണുണ്ടാവുക എന്ന് ഊഹിപ്പാൻതന്നെ പ്രയാസമാണ്. ഇപ്രകാരമുള്ള സംഭവങ്ങൾ വിശേഷിച്ചും അസഹ്യങ്ങളായിരിക്കും. കാരണവരുടെ വരുതി വിട്ടു നടക്കുന്ന പുരുഷന്മാരേപ്പോലും ശാസിച്ചും ശിക്ഷിച്ചും വന്നിരുന്ന ഒരു കാലത്ത്, ഒരു സ്ത്രീ—വിശേഷിച്ചും ഭർത്താവുപോലുമില്ലാത്ത ഒരു പെൺകിടാവ്—കാരണവരെ ധിക്കരിച്ച് ഇറങ്ങിപ്പോകുന്നത് എത്രമാത്രം അവമാനകരമായിരിക്കുമെന്ന് ഊഹിക്കയാണുത്തമം. ഈ വലിയ ക്ഷോഭത്തിൽ മൂത്ത കയ്മൾ ഉണ്ണിമായയെ കണ്ടിരുന്നുവെങ്കിൽ അവളുടെ 'കഥ' കഴിയുമായിരുന്നു. അതു വിചാരിക്കുമ്പോൾ മാത്രം അവൾ അവിടെ ഇല്ലായിരുന്നത് നന്നായി എന്ന് ഉണ്ണിക്കാളി അമ്മയ്ക്കുകൂടി വിചാരമു

ണ്ടായിരുന്നു. സ്വതവേ 'രണ്ടാംവാക്കിനു കേറിയടിക്കുന്ന' സമ്പ്രദായക്കാരനായ മൂത്ത കയ്മൾ ഇപ്പോൾ സംഹാരരുദ്രൻെറ കോമരമായിത്തീൎന്നിട്ടുണ്ട്. കയ്മളുടെ മുഖത്തു നോക്കി സാമാന്യംപോലെ വൎത്തമാനം പറവാൻ ആൎക്കും ധൈൎയ്യമില്ല. ഉണ്ണിമായയേ പിടിച്ചു കെട്ടിക്കൊണ്ടുവന്നു ഗോദവൎമ്മരാജാവിനു കാഴ്ചവെച്ചുകൊള്ളാമെന്നു പ്രതിജ്ഞ ചെയ്യുന്നവരുടെ നേരെ കയ്മൾ ക്രമത്തിലധികം പ്രസാദിച്ചിരുന്നു. പല ദിക്കിലും അവളെ അന്വേഷിപ്പാൻ ആയാൾ ഏൎപ്പാടു ചെയ്തിട്ടുണ്ട്. ഉണ്ണിമായ ഇന്ന ദിക്കിലുണ്ടെന്നറിവു തരുന്നവൎക്ക് ആയിരം പണം സമ്മാനം കൊടുക്കാമെന്നു കയ്മൾ പ്രസിദ്ധപ്പെടുത്തിയിരുന്നു. എന്തുതന്നെയായാലും ഒരു വിവരവും ഉണ്ടാവുന്നില്ല.

ഉണിക്കാളിഅമ്മയുടെ വ്യസനം ഇന്നവിധമെന്നു പറവാനില്ല. ആ സ്ത്രീ ആകാശത്തോളം ഉയൎത്തികെട്ടിയ ആകാശക്കോട്ട പാതാളംവരെ ആണ്ടുപോയിരിക്കുന്നു. മകൾ സ്വാഭിപ്രായം തുറന്നു പറഞ്ഞിട്ടും താൻ നിൎബ്ബന്ധിച്ചതു വളരെ സാഹസമായി എന്ന് അവൎക്കിപ്പോൾ ബോദ്ധ്യമായി. മകൾ നേത്ര്യാരമ്മയായി സുഖിച്ചിരിക്കുന്നതു കാണുവാനുള്ള കൊതി നിമിത്തം, സുഖത്തിൻെറ ബീജമെന്താണെന്നു തന്നെ അവർ വിസ്മരിച്ചിരുന്നു! ഇപ്പോഴാണ് അവരുടെ ബുദ്ധി ന്യായമായ പന്ഥാവിൽക്കൂടി സഞ്ചരിച്ചു തുടങ്ങിയത്. മകളെ കണ്ടുകിട്ടിയാൽ തൽക്ഷണം തൻെറ സകല അവിവേകവും അക്രമവും സമ്മതിക്കുവാൻ തന്നെയാണ് അവർ ഉറച്ചിരിക്കുന്നത്. മററുള്ളവരുടെ മുഖത്തു നോക്കുവാൻ തന്നെ ഉണിക്കാളിയമ്മയ്ക്കു സുഖമില്ല. വീട്ടുകാൎയ്യങ്ങളെപ്പററിയാതൊന്നും ആലോചിക്കാറില്ല. എപ്പോഴും മൌനംതന്നെ. കുളിയും മററും വളരെ ചുരുങ്ങിയിരിക്കുന്നു. ചിലപ്പോൾ ഭക്ഷണം തന്നെ ഉണ്ടാകാറില്ല. വല്ല വഴിക്കും പോയാലോ എന്നു പലപ്പോഴും വിചാരിക്കാറുണ്ടെങ്കിലും കുലമഹിമയേ

യും മൂത്ത കയ്മളേയും വിചാരിച്ച് അവർ ചെയ്യാതിരിക്കുകയാണ്. ആയിരം പണം മോഹിച്ച കയ്മളോടു കരാറു പറഞ്ഞു പുറപ്പെട്ടുന്നവരുടെ വീരവാദം കേൾക്കുമ്പോൾ മാത്രം കുറച്ചൊരാശ്വാസമുണ്ടാകാറുണ്ട്. ഇങ്ങിനെ മകളുടെ ആഗമനം പ്രതീക്ഷിച്ചുകൊണ്ടും തൻേറയും കാരണവരുടേയും അവിവേകത്തെ പഴിച്ചുകൊണ്ടും ഉണ്ണിക്കാളിയമ്മ ദിവസം കഴിച്ചുവന്നു.

കയ്മൾവീട്ടിലെ മററംഗങ്ങൾ പലരും പല തരത്തിൽ പറഞ്ഞും പ്രവൎത്തിച്ചും വന്നു. ആവശ്യമില്ലാതെ അഭിമാനത്തിനു ചാടി പുറപ്പെട്ടതിന് ഇങ്ങിനെത്തന്നെ വേണമെന്നു ചിലർ പിറുപിറുത്തിരുന്നു. എന്നാൽ വല്ലവരുംകാരണം എല്ലാവൎക്കും ചീത്തപ്പേർ കേൾക്കേണ്ടതായി വന്നത് ഓൎത്തു വ്യസനിക്കുന്നവരും ധാരാളമായിരുന്നു. ആകപ്പാടെ തറവാട്ടുക്കു വലിയ ചീത്തപ്പേരായി എന്നു പരക്കെ അഭിപ്രായമുണ്ട്. ഏതു വിധമെങ്കിലും ഉണ്ണിമായയെ പിടിച്ചു കൊണ്ടുവന്ന് ഈ കുറച്ചിൽ തീൎത്തുവയ്ക്കുവാൻ എല്ലാവരും ഒരുപോലെ ശ്രമിച്ചുവന്നു. പ്രായംചെന്ന പുരുഷന്മാർ ഗൂഢമായി പുറത്തിറങ്ങി അന്വേഷിക്കുന്നുണ്ട്. ഇതിനിടക്ക് ഒരു ദിവസം ഒരു വഴിപോക്കൻെറ നിലയിൽ ഒരു ബ്രാഹ്മണൻ അവിടെ കയറിച്ചെന്നു. മൂത്ത കയ്മൾ കുറച്ചു ലുബ്ധനാണെങ്കിലും വഴിപോക്കരായ ബ്രാഹ്മണൎക്ക് ഭക്ഷണം കൊടുത്തിരുന്നു. അടുത്തുള്ള മഠത്തിലാണ് ഇതിലേക്കു വേണ്ട ഏൎപ്പാടുകളെല്ലാം ചെയ്തിരുന്നത്. സാധാരണ യാത്രക്കാർ അവിടെച്ചെന്നു ഭക്ഷണംകഴിച്ച് അവരവരുടെ വഴിക്കു പോകും. അല്ലാതെ വീട്ടിൽ കയറിച്ചെല്ലുവാനൊ മൂത്ത കയ്മളെ കാണുവാനൊ ആരും ഉത്സാഹിക്കാറില്ല. അങ്ങിനെ ചെല്ലുന്നത് മൂത്ത കയ്മൾക്കു അത്ര ഇഷ്ടവുമല്ല. നമ്മുടെ വഴിപോക്കന് ഈ വക സംഗതികളൊക്കെ അറിയാമായിരുന്നു. ഇയ്യാൾ കയ്മൾവീട്ടിൽ മാത്രമല്ല, പ്രധാനപ്പെട്ട മിക്ക പ്രഭുകുടുംബങ്ങളിലും

ചിരപരിചയം സമ്പാദിച്ചിട്ടുള്ള ഒരാളാണ്. വൈക്കത്തപ്പന്റെ പ്രസാദം കൊണ്ടുചെന്നു കൊടുക്കലാണ് ആയാളുടെ തൊഴില്. വൈക്കത്ത് വിഭൂതി കൊടുത്തു 'വിഭൂതിക്കിട്ടൻ' എന്നൊരു പേർകൂടി ആയാഠം സമ്പാദിച്ചിട്ടുണ്ട്. ഇദ്ദേഹം കേറിവരുന്നതു കണ്ടാൽ ആക്കും സംശയമുണ്ടാകാറില്ല. അതിനാൽ ആയാളുടെ ആഗമനത്തെപ്പററി ആരും അത്ര ശ്രദ്ധിച്ചതുമില്ല. എന്നാൽ ആയാഠം നേരെ മഠത്തിൽചെന്ന് മൂത്ത കയ്മളുടെ മുമ്പിൽ ഓച്ഛാനിച്ചു നിന്നു.

കയ്മഠം – (ഗൌരവത്തോടുകൂടി) എവിടുന്നു വരുന്നു?

കിട്ടൻപട്ടർ—ഊരകത്തുനിന്നുതന്നെ.

കയ്മഠം—എന്താ വിശേഷം? അഷ്ടമി അടുത്തില്ലല്ലോ!

കിട്ടൻ—ഇപ്പോഠം അതൊന്നുമല്ല.

കയ്മഠം—പിന്നെ?

കിട്ടൻ—ഇവിടെ കാണാൻതന്നെ.

കയ്മഠം—(സപരഭേദത്തോടുകൂടി) കാൎയ്യം പറയൂ.

കിട്ടൻ—സ്വകാൎയ്യമാണ്.

കയ്മഠം—ഇവിടെ ആരുമില്ല.

കിട്ടൻ—വളരെ സ്വകാൎയ്യമാണ്.

കയ്മഠം--(ദേഷ്യത്തോടുകൂടി) എന്നാൽ പറയേണ്ട.

കിട്ടൻ--പറയാം. (പതുക്കെ) ഇവിടെനിന്ന് ഒരു പെൺകിടാവ് ഇറങ്ങിപ്പോയിട്ടുണ്ടല്ലോ.

കയ്മഠം--(ഉണച്ചയോടുകൂടി) ഉവ്വ്! എന്താ നിങ്ങഠം കണ്ടുവൊ?

കിട്ടൻ--ഞാൻ കാണുകയുണ്ടായി.

കയ്മഠം—(ശാന്തതയോടും ആദരവോടും കൂടി) എന്നാണ്! എവിടെ വെച്ചാണ്? വിസ്തരിച്ചു പറയൂ, കേഠക്കട്ടെ.

കിട്ടൻ—ഞാനാദ്യം കണ്ടത് തൃശ്ശിവപേരൂർ വെച്ചാണ്.

കയ്മഠം—തൃശ്ശിവപേരൂർ എവിടെ വെച്ച്?

കിട്ടൻ—ക്ഷേത്രത്തിനു തെക്കുവശം കിഴക്കോട്ടു ചാരി ഒരിട വഴിയിൽ.

കയ്യൂർ—നിങ്ങൾ അവളെ നല്ലവണ്ണമറിയുമൊ?

കിട്ടൻ—പിന്നയൊ? ഇവിടെ എത്ര തവണ കണ്ടിരിക്കുന്നു? ഉണ്ണികാളി അമ്മയുടെ മകൾ ഉണ്ണിമായയെ അസ്സലായി അറിയും.

കയ്യൂർ—അവൾ തനിച്ചെ ഉണ്ടായിരുന്നുള്ളു?

കിട്ടൻ—ഒരു നമ്പൂതിരികൂടി ഒരുമിച്ചുണ്ടായിരുന്നു.

കയ്യൂർ—അതാരായിരുന്നു? അറിയില്ലേ?

കിട്ടൻ—ഒരു ചോറകളത്തു ഭട്ടതിരിയില്ലേ? കോവിലകങ്ങളിലും മററും എപ്പോഴും കാണും. ആയാളാണ്.

കയ്യൂർ—കണ്ണിൽ കണ്ടവരുടെ പിന്നാലെ ചാടിപ്പോയി വല്ലടിക്കിലും തെണ്ടിത്തിരിഞ്ഞു മാനവും മര്യാദയും വിററു തിന്ന് കുടുംബത്തിലേക്കുകൂടി കറച്ചിലാക്കിത്തീർത്തു. ആട്ടെ നിങ്ങളെ കണ്ടപ്പോൾ എന്തു പറഞ്ഞു?

കിട്ടൻ—ഉണ്ണിമായ ഒന്നും പറഞ്ഞില്ല. 'കാലത്തുതന്നെ ഒററപ്പുട്ടർ ശകുനത്തിനു ചാടിവന്നു' എന്നു പറഞ്ഞ് ഭട്ടതിരി കുറെ ശകാരിച്ചു. അതയാളുടെ പതിവാണ്. ഇപ്പോൾ കാലത്താണ് കണ്ടതെന്നേയുള്ളു.

കയ്യൂർ—അവരുടെ ശകുനം പിഴച്ചുവെങ്കിലും നിങ്ങളുടേതു നന്നായി. വേറെയൊന്നും പറഞ്ഞില്ലേ?

കിട്ടൻ—ഇല്ല, ഒന്നും പറഞ്ഞില്ല.

കയ്യൂർ—എവിടുന്നു വരുന്നു, എങ്ങോട്ടു പോകുന്നു, എന്നൊന്നും ചോദിച്ചില്ലെന്നൊ?

കിട്ടൻ—ചോദിക്കാതിരുന്നില്ല. എല്ലാററിനുംകൂടി 'തൃശ്ശിവപേരൂർ തൊഴുവാൻ വന്നു' എന്നു മാത്രം പറഞ്ഞു. വീണ്ടും തിരക്കിയപ്പോൾ വത്തമാനം പറവാനും മററും ഇടയില്ലെന്നും പറഞ്ഞ് വേഗം നടന്നുകളഞ്ഞു.

കയ്മൾ--നിങ്ങൾ എവിടെ പോയിരുന്നു? എന്തിനെയാണു തൃശ്ശിവപേരൂർവെച്ചു കണ്ടത്?

കിട്ടൻ--പാലക്കാട്ടോളം പോയിരുന്നു. അവിടെ മകളെ കൊടുത്തിട്ടുണ്ട്. വരും വഴി യദൃച്ഛയാൽ കണ്ടുമുട്ടിയതാണ്.

കയ്മൾ--അവൾ ഇവിടെനിന്നിറങ്ങിപ്പോയതാണെന്നും മററും നിങ്ങളെങ്ങിനെ മനസ്സിലാക്കി?

കിട്ടൻ--ആകപ്പാടെ അവരുടെ മട്ടു കണ്ടപ്പോൾ നല്ല പന്തിയല്ലെന്നു ഞാനൂഹിച്ചു. പിന്നെ അന്വേഷിച്ചപ്പോൾ സത്യസ്ഥിതി മിക്കതും അറിയുകയും ചെയ്തു.

കയ്മൾ--അവളെ കൊണ്ടുവന്ന് തരുന്നവൎക്കു ഞാനൊരു സമ്മാനം നിശ്ചയിച്ചിട്ടുണ്ട്.

കിട്ടൻ—അതും അറിഞ്ഞിരിക്കുന്നു.

കയ്മൾ—നിങ്ങൾ തന്നെയായിരിക്കും അതു വാങ്ങിപ്പാൻ.

കിട്ടൻ--ഈശ്വരനറിയാം! ഞാനൊരു സാധുവാണ്.

കയ്മൾ--ആട്ടെ, അവൾ എവിടെ ചെന്നിരിക്കുന്നു?

ഇത്രത്തോളമായപ്പോൾ ഒരു ഭൃത്യൻ ചങ്ങലവട്ടയുമായി അവിടെ എത്തി. "ഓ നേരം ഇത്രയായൊ? നിങ്ങൾ പോയി കുളിച്ച് ഊണു കഴിക്കു. രാത്രി കാണണം" എന്നു പറഞ്ഞു കയ്മൾ ചായ്പിലേക്കും 'കല്പനപോലെ' എന്നു പറഞ്ഞ് കിട്ടൻപട്ടർ കുളത്തിലേക്കും യാത്രയായി. കിട്ടൻപട്ടരുടെ വരവും കയ്മളുടെ അസാധാരണമായ ആദരവും മററും കണ്ടപ്പോൾത്തന്നെ എന്തോ ചില വിശേഷങ്ങളുണ്ടായിരിക്കുമെന്നു പലരും തീൎച്ചപ്പെടുത്തിക്കഴിഞ്ഞു. കയ്മളോടു നേരിട്ടു കാൎയ്യം ചോദിപ്പാൻ ആൎക്കും ധൈൎയ്യമുണ്ടായില്ല. ആയാൾ ആരോടും പറഞ്ഞതുമില്ല. മൂത്ത കയ്മളുടെ മുഖം അന്നു പതിവുപോലെ അല്ലായിരുന്നു. ആയാളുടെ മുഖത്ത് അതിയായ സന്തോഷവും അത്യുത്സാഹവും കളിയാടിക്കൊണ്ടിരുന്നു. എ

ന്തെങ്കിലും കുററം കണ്ടുപിടിച്ച് എല്ലാവരേയും ഭീത്ത പറയാറുള്ള കയ്മൾ അന്നു വളരെ സൌമ്യനായിരുന്നു. വാസ്തവത്തിൽ ഉള്ള കുററംതന്നെ ആയാൾ കണ്ടുപിടിക്കുന്നില്ല. അത്താഴം കഴിഞ്ഞ് നേരെ മഠത്തിലേക്കു പോകാറുള്ള കയ്മൾ അന്ന് കുറെ നേരം വെറുതെ എന്നപോലെ വീട്ടിൽ കിടന്നു തിരിഞ്ഞു. ഉണ്ണിക്കാളിയമ്മയോടെങ്കിലും വിവരം പറഞ്ഞാൽ കൊള്ളാമെന്ന് ആയാൾക്കുണ്ടായിരുന്നു. നേരിട്ടു സംസാരിപ്പാൻ മടിയുണ്ട്. തരത്തിൽ ആരേയും കണ്ടതുമില്ല. മൂത്ത കയ്മളുടെ പുറപ്പാട് എന്തിനാണെന്നറിയാതെ വീട്ടിലുള്ളവർ വല്ലാതെ പരിഭ്രമിച്ച് വശമായി. പുരുഷന്മാർ പുറത്തും സ്ത്രീകൾ അകായിലും കിടന്നു പരുങ്ങിത്തുടങ്ങി. ഇങ്ങിനേയിരിക്കുമ്പോൾ കിട്ടൻപട്ടർ അത്താഴവും കഴിച്ച് അവിടെ എത്തി. വർത്തമാനം പറവാൻ ആളെ കിട്ടായ്കയാൽ ശ്വാസം മുട്ടിക്കൊണ്ടിരുന്ന മൂത്തകയ്മൾക്കു കുറെ ആശ്വാസം കിട്ടി. “നിങ്ങൾ കൊണ്ടുവന്നിരിക്കുന്ന വർത്തമാനം അകായിൽക്കൂടെ അറിയിക്കണ്ടെ?” എന്നു സ്വകാര്യമായി ആയാൾ കിട്ടൻപട്ടരോടു ചോദിച്ചു. “വേണ്ടതാണ്; എന്നാൽ അധികമാരും അറിയരുത്” എന്നായിരുന്നു ആയാളുടെ മറുപടി. ഏതായാലും അങ്ങോട്ടു ചെല്ലു എന്ന് കിട്ടൻപട്ടരോടും ‘ഇദ്ദേഹത്തിനു ചില സംഗതികൾ പറയാനുണ്ട്’ എന്നു സ്ത്രീകളെ ഉദ്ദേശിച്ചും പറഞ്ഞുകൊണ്ടു കയ്മൾ മഠത്തിലേക്കു നടന്നു.

മൂത്ത കയ്മൾ പുറത്തു കടന്നപ്പോഴെക്കും അവിടന്നുമിവിടന്നുമായി ഒരോരുത്തർ വന്നു കയറി കിട്ടൻപട്ടരെ പൊതിഞ്ഞു. അദ്ദേഹത്തിനെ ഒരു ദിക്കിൽകൊണ്ടിരുത്തി ഓരോരുത്തരും ഇഷ്ടംപോലെ ചോദ്യം തുടങ്ങി. സംഗതികൾ ഉണ്ണിമായയെ സംബന്ധിച്ചായിരിക്കുമെന്ന് അവർ ഊഹിച്ചിരുന്നു. ഈ സംഗതി ആരോടെല്ലാം പറയാമെന്നറിഞ്ഞുകൂടായ്കയാൽ—ആരെ അറിയിച്ചാൽ തനിക്കു സമ്മാനം കി

ട്ടുവാൻ പ്രതിബന്ധമാവുമെന്നു നിശ്ചയമില്ലാസ്സയാൽ--കിട്ടൻപട്ടർ ഒന്നും മിണ്ടാതെയിരിപ്പായി. കുറെ കഴിഞ്ഞപ്പോൾ തന്റെ മൌനവ്രതത്തിനു ഭംഗം വരുത്താതിരിപ്പാൻ കിട്ടൻപട്ടക്കു നിവ്വാഹമില്ലാതായി. തനിക്കു പറവാനുള്ള കാൎയ്യം വളരെ സ്വകാൎയ്യമാകയാൽ ഇത്രയധികം ജനങ്ങളുള്ള സ്ഥലത്തുവെച്ചു പറവാൻ തരമില്ലെന്നും വേണമെങ്കിൽ തന്നെ കയ്മളുടെ അനുവാദം വേണമെന്നും ആയാൾ ഖണ്ഡിച്ചു പറഞ്ഞു. കുടുംബകാൎയ്യങ്ങൾ എല്ലാവക്കും കേൾക്കാമെന്നും കാൎയ്യം അകായിൽ അറിയിക്കണമെന്നു കാരണവർ പറഞ്ഞിട്ടുണ്ടെന്നും പുരുഷന്മാർ എതൃത്തു. 'അകായിൽ അറിയിച്ചുകൊള്ളാം' എന്നു മാത്രമായിരുന്നു അതിന് ആയാളുടെ സമാധാനം. ഇതു കേട്ടപ്പോൾ ഉണ്ണിക്കാളിയമ്മ ഒരു കോലുവിളക്കു കുളത്തിപ്പിടിച്ചുകൊണ്ടു അവരുടെ മുറിയിലേക്കു വിളിച്ചു. ആ അമ്മയും അവരുടെ ആവശ്യപ്രകാരം വേറെ ഒന്നുരണ്ടു സ്ത്രീകളും കിട്ടൻപട്ടരുംകൂടി അങ്ങോട്ടു പോയി. ഇതു കണ്ടപ്പോൾ മററുള്ളവർ നൈരാശ്യത്തോടുകൂടി ഒന്നും മിണ്ടാതെ അവരവരുടെ സങ്കേതസ്ഥലങ്ങളിലേക്കു തിരിക്കയും ചെയ്തു.

കിട്ടൻപട്ടർ, ഉണ്ണിക്കാളിയമ്മയുടെ മുറിയിൽ ചെന്നശേഷം തനിക്കു പറയാനുണ്ടായിരുന്ന സംഗതികളെല്ലാം വിസ്തരിച്ചു പറഞ്ഞു. എല്ലാവക്കും വിശേഷിച്ച് ഉണ്ണിക്കാളിയമ്മക്കും വളരെ സമാധാനമായി. ഉണ്ണിക്കാളി അമ്മക്ക് വൎത്തമാനം ചോദിച്ച് മതിയായില്ല. എന്നാൽ, തനിക്കു മൂത്ത കയ്മളെ കണ്ടിട്ട് വേറെയും ചില സംഗതികൾ അറിയിക്കാനുണ്ടെന്നും അധികം താമസിപ്പാൻ തരമില്ലെന്നും പറകയാൽ ആ അമ്മ തൽക്കാലം നിബ്ബന്ധിച്ചില്ല. പിറെറ ദിവസം കാണാതിരിക്കയില്ലെന്നും അവർ വിശ്വസിച്ചിരുന്നു. ഉണ്ണിക്കാളി അമ്മക്ക് ആകപ്പാടെ അന്നൊരു സുദിനമായിരുന്നു. കിട്ടൻപട്ടർ, പുറത്തുകടന്നപ്പോൾ തന്നെ അവർ

കുടുംബത്തിലെ മററു സ്ത്രീകളെ വിളിച്ചുവരുത്തി അറിയിക്കാവുന്നേടത്തോളം സംഗതികൾ അവരോടും പറഞ്ഞു. എല്ലാവക്കും ഒരുപോലെ സന്തോഷമായി. അവിടെ ഉണ്ടായിരുന്ന സ്ത്രീകളും അവരുടെ ഭത്താക്കന്മാരും അന്നുരാത്രി ഈ വത്തമാനംകൊണ്ടു തന്നെ കഴിച്ചുകൂട്ടി. എന്നാൽ ഉണ്ണിക്കാളിയമ്മമാത്രം ഇതുകൊണ്ടു തൃപ്തിപ്പെട്ടില്ല. എല്ലാവരും അവരവരുടെ മുറിയിലേക്കു പോയതോടുകൂടി അവർ പുറത്തേക്കു കടന്നു. മഠത്തിലേക്കു നോക്കിയപ്പോൾ മൂത്ത കയ്മളുടെ മുറിയിൽ വിളക്കു കത്തുന്നുണ്ടായിരുന്നു. ഇതൊരു വിശേഷമാകയാൽ ഉറക്കമായിട്ടില്ലെന്നും ഉണ്ണിമായയുടെ കായ്യംകൊണ്ടുള്ള ആലോചനതന്നെയായിരിക്കാമെന്നും അവർ വിചാരിച്ചു. എന്നു മാത്രമല്ല, ഗൂഢമായി അവിടെച്ചെന്നു കായ്യങ്ങൾ ഗ്രഹിച്ചു പോരണമെന്നും അവർ ഉറച്ച്, നേരെ അങ്ങോട്ടു പുറപ്പെട്ടു. കയ്മളുടെ മുറിക്കകത്തു പുറമെ ഒരിടത്ത് മറഞ്ഞുനിന്നു, അവർ വിചാരിച്ചതു തന്നെയായിരുന്നു വിഷയം.

കുറെ സമയം കഴിഞ്ഞിരുന്നതിനാൽ സംഗതികൾ മുഴുവൻ ധരിപ്പാൻ അവക്കു സാധിച്ചില്ല. ഗോദവമ്മരാജാവിനെ കണ്ടു വിവരം അറിയിച്ചുവരുന്നതുവരെ അവിടെത്തന്നെ താമസിക്കണമെന്നും ഒരാഴ്ചക്കുള്ളിൽ മടങ്ങി വരുമെന്നും കിട്ടൻപട്ടരോടു പറയുന്നതും ആയാൾ സമ്മതിക്കുന്നതും ആ സ്ത്രീ കേട്ടു. വേറെ ചില സംഗതികൾകൂടെ അവരുടെ സംഭാഷണത്തിൽനിന്നും മനസ്സിലാക്കുവാൻ ഉണ്ണിക്കാളിയമ്മക്കു സാധിച്ചു. പാലിയത്തച്ചൻ മുഖാന്തിരമാണ് ഉണ്ണിമായയെ ഒളിപ്പിച്ചിരിക്കുന്നതെന്ന് അപ്പോഴാണ് ഉണ്ണിക്കാളിയമ്മ അറിഞ്ഞത്. തൻെറ മകളിൽ അച്ഛന് അനുകമ്പയൊ അഭിലാഷമൊ ജനിച്ചതായി അറിഞ്ഞപ്പോൾ അവരുടെ മനസ്സിൽ പല പുതിയ വികാരങ്ങളും അങ്കുരിച്ചു. ഈ സംഗതി കുറച്ചെങ്കിലും അറിഞ്ഞിരുന്നുവെങ്കിൽ ഈ അബദ്ധങ്ങളൊന്നുംതന്നെ വരികയില്ലായിരുന്നു എന്നും മററും

അവക്ക് തോന്നാതിരുന്നില്ല. വാസ്തവത്തിൽ ഗോദവർമ്മരാജാവിനേക്കാൾ അവക്ക് 'ബോധിച്ചത്' അച്ഛനേയാണ്. എല്ലാംകൊണ്ടും അച്ഛൻ മേലെയാണെന്ന് അവക്ക് സമ്മതമായിരുന്നു. അപ്പോഴും അച്ഛൻെറ അധീനത്തിലാണ് ഇരിക്കുന്നതെന്നറിഞ്ഞപ്പോൾ ഉണ്ണിക്കാളിയമ്മക്കു കുറെക്കൂടി സമാധാനമായി. എന്നു മാത്രമല്ല; അച്ഛനെ അറിയിക്കാതെ ഉണ്ണിമായയെ കൂട്ടിക്കൊണ്ടു വരുന്നകാര്യംതന്നെ എങ്ങിനെ വേണ്ടു എന്നുള്ള വിചാരമായി. 'കഷ്ടേ! ഇതൊരിത്തിരി അറിഞ്ഞില്ലല്ലോ!' എന്നു തന്നത്താൻ പറഞ്ഞുകൊണ്ട് അവർ അസ്വസ്ഥയായി അവിടെ നിന്നുപോയി. അധികം താമസിയാതെ മൂത്ത കയ്മൾ ഉറക്കമായി. ഉണ്ണിക്കാളിയമ്മ തൻെറ മുറിയിലേക്കുതന്നെ തിരിച്ചു. അവക്കന്നു തീരെ ഉറക്കമുണ്ടായില്ല.

പോയിപ്പോയി നേരം വെളുത്തു. ഓരോരുത്തരും എഴുന്നേററ് സ്വകൃത്യം നിർവ്വഹിച്ചുതുടങ്ങി. കയ്മൾ വീട്ടിൽ ഗൂഢമായി വല്ല കാര്യവും നടന്നാൽ ഉടനെ പരസ്യമാകാറുള്ളപോലെ ഇക്കാര്യം അധികമാരും അറിഞ്ഞില്ല. മൂത്ത കയ്മളുടെ ശാസനയും കിട്ടൻപട്ടരുടെ നയവും ഇതിന്നു പ്രത്യേക കാരണമാണെന്നു പറയാം. എന്തോ ഒരു വിശേഷമുണ്ടെന്നു മാത്രം പലരും ധരിച്ചിരുന്നു. കാലം ഇതായിരുന്നതുകൊണ്ടു കാര്യം ഉണ്ണിമായയെ സംബന്ധിച്ചായിരിക്കുമെന്നൂഹിക്കുന്നവരും ഇല്ലാതിരുന്നില്ല. കിട്ടൻപട്ടരെ അവിടെ താമസിപ്പിച്ച് മൂത്ത കയ്മൾ കൊട്ടുങ്ങല്ലൂക്ക് പുറപ്പെട്ടു. ഗോദവർമ്മരാജാവിനെക്കണ്ടു വിവരം ധരിപ്പിച്ച് ഉണ്ണിമായയെ അവിടെ കൊണ്ടുചെന്നു കാഴ്ചവെക്കാമെന്നായിരുന്നു ആയാളുടെ ആലോചന. ഇത്രയും ആപത്തുകൾ ഉണ്ടാക്കിത്തീർത്തു പാലിയത്തച്ഛനാകയാൽ അദ്ദേഹത്തിനെ ഇനിയെങ്കിലും അടുപ്പിക്കാതിരിക്കുവാൻ ഏർപ്പാടുചെയ്യണമെന്ന് ആയാൾ വിചാരിച്ചു. മനോരാജ്യത്തിൻെറ ശക്തിനിമിത്തം വഴിപോയ

ത് ആയാൾ അറിഞ്ഞില്ല. അരയന്മാരുടെ "ആവേസ്" കേട്ടപ്പോളാണ് പുറത്തേക്കു നോക്കിയത്. അപ്പോൾ ബോട്ടു കോട്ടപ്പുറത്ത് അടുക്കാറായിരിക്കുന്നു. നേരവും അസ്തമിക്കാറായി. തന്റെ യാത്ര അതിവേഗത്തിൽ അവസാനിച്ചതായി മൂത്ത കയ്മൾക്കു തോന്നി. കരക്കടുത്ത ഉടനെ ബോട്ടുകാക്കു നല്ലതായ ഒരു 'ഇനാം' കൊടുത്ത് അവരെ സന്തോഷിപ്പിച്ച്, താൻ വരുന്നതുവരെ അവിടെത്തന്നെ ഉണ്ടായിരിക്കുണമെന്നു പ്രത്യേകം പറഞ്ഞേല്പിച്ച് ഇരുട്ടിനു മുമ്പെ കൊടുങ്ങല്ലൂർ കോട്ടയിൽ ചെന്നുചേർന്നു. അവിടെ രാമണക്കോവിൽ കൂടി അന്നുണ്ടായിരുന്നു. ആ സംഗതി കയ്മൾക്കു കുറച്ചധികം ഉത്സാഹജനകമായിത്തീർന്നു. ഗോദവർമ്മരാജാവും രാമണക്കോവിലുംകൂടി എന്തോ ആലോചിച്ചുകൊണ്ടിരിക്കുമ്പോഴാണ് മൂത്ത കയ്മൾ അവിടെ കടന്നുചെന്നത്. ആയാളുടെ വരവു കണ്ടപ്പോൾ അസാമാന്യമായ ആശ്ചര്യത്തോടുകൂടി രണ്ടുപേരും അടുത്തുചെന്നു കൂട്ടിക്കൊണ്ടുപോയി യഥാവിധി സല്ക്കരിച്ചു. അനന്തരം അവിടെ നടന്ന സംഗതികൾ വളരെ ഗോപ്യമായിട്ടാണ് വച്ചിരുന്നത്. എന്തെല്ലാമാണുണ്ടായിട്ടുള്ളതെന്ന് ഇതുവരെ ആരും ശരിയായി അറിഞ്ഞിട്ടില്ല. പുറത്തായേടത്തോളം സംഗതികൾ വഴിയെ അറിയാം.

## പതിമ്മൂന്നാം അദ്ധ്യായം.

സാമൂതിരിപ്പാടിന്റെ സഹായത്തോടുകൂടി പെരുമ്പടപ്പു മൂപ്പിന്നും പരിവാരങ്ങളും മതിലകംവരെ എത്തിയിരിക്കുന്നു 'വാന്ദർമേഡൻ' എന്ന ലന്തപ്രമാണിയും അനുചരന്മാരും വയ്പ്പുകരയിൽ കപ്പലിറങ്ങിയിരിക്കുന്നു. കൊടുങ്ങല്ലൂർ കോട്ടയിലിരിക്കുന്ന ഗോദവർമ്മരാജാവും രാമണക്കോവിലും, പറഞ്ഞവധിക്കു പാലിയത്തച്ചൻ വന്നുകാണായ്കയാൽ പരിഭ്രമി

ക്കന്നു. രാമവർമ്മരാജാവും പറങ്കികളും തങ്ങൾക്കുണ്ടാത്തിരിക്കു ന്ന ആപത്തിനെപ്പററി വല്ലാതെ വ്യാകുലപ്പെട്ടുന്നു. രാമണ കോവിൽ എത്തിച്ചേരാതെ ഒന്നും തീച്ചപ്പെടുത്തുവാനും അ വർ ശക്തരല്ല. ഇങ്ങിനെയിരുന്നു കുഴങ്ങുമ്പോളാണ് തങ്ങ ളുടെ അധീനത്തിലിരുന്ന പള്ളിപ്പുറം കോട്ട (അഴീക്കോട്ട) ല ന്തക്കാർ കൈവശപ്പെടുത്തിയെന്നും അവിടെയുണ്ടായിരുന്ന പറങ്കികളെല്ലാം ഓടിപ്പോയി എന്നും പറങ്കിപ്രമാണികൾ അറിഞ്ഞത്. "അൽബാനോ ഫിൽഫോപരേറ്" എന്ന ക പ്പിത്താനായിരുന്നു അന്നു പറങ്കികളുടെ നേതാവ്. ആയാൾ ഈ വത്തമാനം കേട്ടപ്പോൾതന്നെ എതാനും സൈന്യങ്ങ ളോടും യുദ്ധസാമഗ്രികളോടുംകൂടി വടക്കോട്ട പുറപ്പെട്ടു. കൊച്ചിക്കോട്ടയും സങ്കേതസ്ഥാനങ്ങളും രക്ഷിക്കുവാനുള്ള സ കല ചുമതലകളും രാമവർമ്മരാജാവിൽ സമപ്പിച്ചാണ് ആ യാൾ പുറപ്പെട്ടത്. ആദ്യംതന്നെ കൊടുങ്ങല്ലൂർ കോട്ട ര ക്ഷിച്ചിട്ടാവാം പള്ളിപ്പുറം കോട്ട വീണ്ടെടുക്കുവാനുള്ള ശ്രമം എന്നുകരുതി ആയാൾ നേരെ അങ്ങോട്ട ചെന്നുകയറി.

'പറേരം' കൂട്ടരും വന്നു കണ്ടപ്പോൾ ഗോദവർമ്മരാജാ വിനു സമാധാനമായി. അദ്ദേഹം വല്ലാതെ ഭയപ്പെട്ടാണിരു ന്നിരുന്നതു. ശത്രുക്കൾ കോട്ട കൈകേറി എന്നറിഞ്ഞപ്പോൾ ഉടനെതന്നെ ചെന്ന് എതിർത്തുനോക്കിയാലൊ എന്നദ്ദേഹം സംശയിക്കാതിരുന്നില്ല. പക്ഷെ ശത്രുക്കളുടെ ശക്തിയും സ്വഭാവവും അറിയാതിരുന്നതിനാൽ അതിനു ധൈര്യമുണ്ടാ യിരുന്നില്ല. ആകപ്പാടെ അവിടെക്കിടന്നു പരുങ്ങുമ്പോഴാ ണ് നമ്മുടെ പറങ്കിപ്രമാണി അവിടെ ചെന്നുകേറിയത്. ഇ വർ കോട്ടയിൽ എത്തി കുറച്ചു കഴിഞ്ഞപ്പോഴക്കും മൂത്ത കു ട്ടിയും ഒട്ടു വളരെ നായർപടയും അവിടെ എത്തിച്ചേന്നു. ഉ ണ്ണിമായയുടെ കാര്യം പറയാനായി അടുത്തൊരു ദിവസം കയ്മൾ അവിടെ ചെല്ലുകയും കാര്യം പറഞ്ഞു ധരിപ്പിച്ച പ്പോൾ ഗോദവർമ്മരാജാവിനു സന്തോഷമാവുകയും ചെയ്തു

വെങ്കിലും തൽക്കാലം അവളെ അങ്ങോട്ടു കൊണ്ടുചെല്ലുന്നത് അപായകരമാണെന്നും കുറച്ചു ദിവസം കയ്മൾ വീട്ടിൽ തന്നെ സൂക്ഷിക്കാമെന്നും രാമണകോവിൽ അഭിപ്രായപ്പെട്ടതനുസരിച്ച് അപ്രകാരം നിശ്ചയിക്കുകയും വിശേഷിച്ച് ഒരു ചെറിയ യുദ്ധത്തിന്നു ഒരുങ്ങിപ്പുറപ്പെടേണമെന്നു ഗോദവർമ്മ രാജാവ് ആജ്ഞാപിക്കുകയും മൂത്ത കയ്മൾ അഭിമാനപൂർവ്വം അതു സ്വീകരിക്കുകയും ചെയ്തിരുന്നു. അതാണു കയ്മളുംസൈന്യവും അവിടെ എത്തിച്ചേരുവാനുണ്ടായ കാരണം. ഈ സംഗതികളൊന്നും പറങ്കികൾ അറിഞ്ഞിരുന്നില്ല. കയ്മളുടെ ഔചിത്യമായിരിക്കുമെന്നു കരുതി അവർ ആയാളെ ഉള്ളുകൊണ്ടു വളരെ ബഹുമാനിച്ചു. കയ്മളുടെ ആഗമനകാരണങ്ങളെക്കുറിച്ച് ആരും ചോദിച്ചതും പറഞ്ഞതുമില്ല.

സൈന്യബലം വർദ്ധിച്ചുവെന്നു കണ്ടപ്പോൾ അവർക്കൊരുവിധം സമാധാനമായി. ഇനിയൊന്നു പരീക്ഷിച്ചുനോക്കാമെന്നു വിചാരിച്ചു വേണ്ട ഒരുക്കങ്ങളെല്ലാം ചെയ്തുവെച്ചു. ഇവരുടെ ഒരുക്കങ്ങൾ കഴിഞ്ഞപ്പോഴക്കും ലന്തക്കാർ എവിടെയോ പോയിക്കഴിഞ്ഞു. എന്നുമാത്രമല്ല സാമൂതിരിപ്പാടും പെരുമ്പടപ്പുമൂപ്പിന്നും ലന്തപ്രമാണികളെ ചെന്നു കണ്ട് അവരുമായി സഖ്യവും ചെയ്തിരിക്കുന്നു. ലന്തക്കാർ കൈവശപ്പെടുത്തിയ പള്ളിപ്പുറം കോട്ട സാമൂതിരിപ്പാടിനെ ഏല്പിച്ചുകൊടുത്തിട്ടാണ് അവർ പോയിരിക്കുന്നതെന്നും സാമൂതിരിപ്പാടും മൂപ്പിന്നും സൈന്യസമേതം അവിടെ താമസം ഉറപ്പിച്ചിരിക്കുന്നു എന്നുമുള്ള വിവരം കൊടുങ്ങല്ലൂർ കോട്ടയിൽ അറിവു കിട്ടി. കാര്യം ഇത്രത്തോളം ഗൌരവമുള്ളതായിത്തീർന്ന സ്ഥിതിക്കു വഴിപോലെ ആലോചിച്ചിട്ടുവേണം യുദ്ധത്തിന്നൊരുങ്ങുവാൻ എന്നു പറങ്കികളുംകൂട്ടരും തീർച്ചപ്പെടുത്തിയതിനാൽ തല്ക്കാലം അങ്ങോട്ടു പുറപ്പെട്ടില്ല. ലന്തക്കാർ ഇല്ലാത്ത സ്ഥിതിക്കു മൂപ്പിന്നു കേറി അക്രമിക്കുകയില്ലെന്നും അവർ കരുതിയിരുന്നു.

കാര്യം ഇപ്രകാരമാണെങ്കിലും പാലിയത്തച്ചൻ എത്തിക്കാണാത്തതിൽ എല്ലാവക്കും ഒരുപോലെ പരിഭ്രമം തുടങ്ങിയിരിക്കുന്നു. പറങ്കിക്കപ്പിത്താനും രാമന്നകോവിലും കൂടി ആലോചിച്ചു വയ്പ്പിലേക്ക വിശ്വസ്തനായ ഒരാളെ അയപ്പാനും തരമുണ്ടെങ്കിൽ അച്ചനെ കൂട്ടിക്കൊണ്ടു വരുവാനും നിശ്ചയിച്ചു. ഇക്കാര്യം മൂത്ത കയ്മൾക്കത്ര സമ്മതമായില്ല. തന്റെ മരുമകൾവഴിക്ക് അച്ചനും ഗോദവമ്മരാജാവിനും തമ്മിൽ നീരസം ജനിച്ചിരിക്കുന്നുവെന്നും അതാണ് അച്ചൻ വരാതിരിക്കുന്നതെന്നുമായിരുന്നു ആയാളുടെ വിചാരം. എന്നാൽ ഉണ്ണിമായയെ സംബന്ധിച്ച പ്രധാന സംഗതികളെല്ലാംതന്നെ അച്ചൻ പററിച്ചതാണെന്നു ഗോദവമ്മരാജാവും പറങ്കികളും ഊഹിച്ചിരുന്നതുകൊണ്ടും ഇതിന്നു പകരം അച്ചനേയും ഒന്നു പററിക്കണമെന്ന് അവർ കരുതിയിരുന്നതുകൊണ്ടും സ്വാധീനത്തിൽ ആൾ ധാരാളമുണ്ടായിരുന്നതിനാൽ അപ്പോൾ ആരേയും ഭയപ്പെടുവാനില്ലെന്നു വിശ്വസിച്ചിരുന്നതുകൊണ്ടും മൂത്ത കയ്മളുടെ വിരോധത്തെ ആരുംഅത്ര ഗൌനിച്ചില്ല. പിറേറദിവസം കാലത്തുതന്നെ 'പറയര്' തന്റെ സൈന്യത്തിൽപ്പെട്ട ഒരാളെ ഒരെഴുത്തോടുകൂടി വയ്പ്പിലേക്കയച്ചു. പാലിയത്തു ചെന്ന് അച്ചനെക്കാണുവാൻ ആവശ്യപ്പെട്ടപ്പോൾ പരിചാരകന്മാരുടെ പ്രാതികൂല്യത്താൽ പുറത്തു നിന്നതേയുള്ളൂ.

അച്ചന്റെ ഭൃത്യന്മാർ ചെന്നു വിവരമറിയിച്ചപ്പോൾ പറങ്കികളുടെ ദൂതനാണ് വന്നിരിക്കുന്നതെന്നും മററും അറിഞ്ഞപ്പോൾ തൽക്കാലം നല്ല സുഖമില്ലെന്നും എഴുത്തിങ്ങോട്ടു കൊടുത്തയച്ചാൽ മതിയെന്നും മറുപടി പറഞ്ഞു. എന്നാൽ സ്വകാര്യക്കത്ത് അങ്ങിനെ കൊടുത്തയപ്പാൻ ദൂതൻ അനുകൂലിച്ചില്ല. ഏതുവിധവും തനിക്കൊന്നു കണ്ടേ കഴിയു എന്നു നിബ്ബന്ധിക്കുകയാൽ, അച്ചന്റെ അനുവാദപ്രകാരം അദ്ദേഹം ഇരിക്കുന്നേടത്തേക്ക് ആയാളെ കൂട്ടിക്കൊണ്ടു

ചെന്ന് അച്ഛനെ കാണിച്ചുകൊടുത്തു. അച്ഛന്നു തീരെ സുഖമില്ലെന്നു ബോദ്ധ്യം വരികയാൽ പ്രധാനിയുടെ എഴുത്തു കയ്യിൽ കൊടുത്ത് ഒന്നും മിണ്ടാതെ നില്പായി. അച്ഛൻ കിടന്ന കിടപ്പിൽതന്നെ എഴുത്തു വായിച്ചുനോക്കി. "കാര്യങ്ങൾ തമ്മിൽ കണ്ടു പറഞ്ഞുകൊള്ളാം. തീരെ സുഖമുണ്ടായിരുന്നില്ല. ക്രമേണ ആശ്വാസമാണ്. നാലുദിവസം കഴിഞ്ഞാൽ അവിടെ വന്നു കണ്ടുകൊള്ളാം. എന്നു പ്രത്യേകം പറയണം." എന്നു മാത്രം പറഞ്ഞ് ആയാളെ മടക്കി അയച്ചു. ദൂതൻ മടങ്ങിവന്നു വിവരം പറഞ്ഞപ്പോൾ ആർക്കും അന്യഥാ ശങ്കയുണ്ടായില്ല. എന്നാൽ, താൻ ഒന്നു പോയി അച്ഛനെ കണ്ടു വന്നുകളയാം എന്നു രാമണ്ണക്കോവിൽ നിശ്ചയിച്ചു. സുഖക്കേടുകാലത്തു കാണാൻ ചെല്ലുന്നതു വേഴ്ചക്കാരുടെ കൃത്യമാകയാൽ ആരും തെററിദ്ധരിക്കയില്ലെന്നും കൊടുങ്ങല്ലൂരെത്തുന്നതുവരെ ഒരുമിച്ചുതന്നെ കൂടാമെന്നും അദ്ദേഹം നിശ്ചയിച്ചു. ഇതാണ് രാമണ്ണക്കോവിലിന്റെ ഈ പുതിയ യാത്രയ്ക്കു ബീജം. വിവരം ഗോദവർമ്മരാജാവിനേയും മററും ധരിപ്പിച്ചു പിറേറ ദിവസം തന്നെ വയ്പിലേക്കു പുറപ്പെട്ടു.

സായങ്കാലത്തിലെ മന്ദമാരുതനേററ് അച്ഛൻ മുററത്തു ലാത്തിക്കൊണ്ടിരിക്കയായിരുന്നു. അപ്പോഴാണ് രാമണ്ണക്കോവിൽ അങ്ങോട്ടു കയറിച്ചെന്നത്. അതു കണ്ടപ്പോൾ കുറച്ചൊരു സങ്കോചം അച്ഛനുണ്ടാവാതിരുന്നില്ല. തന്റെ അപ്പോഴത്തെ പ്രവൃത്തിയിൽ കുറച്ചു ഭീരുത്വം കൂടി ലയിച്ചുകിടക്കുന്നില്ലയോ എന്നൊരു ശങ്ക അച്ഛനുണ്ടായിരുന്നു. അതാണ് ഈ സങ്കോചത്തിന്നു കാരണം. ക്ഷണനേരം കൊണ്ട് ഈ വികാരഭേദമെല്ലാംവിട്ട് അദ്ദേഹംപൂർവ്വസ്ഥിതിയെ പ്രാപിക്കുകയും ആഗതനായ അതിഥിയെ എതിരേററു കൂട്ടിക്കൊണ്ടുപോയി യഥായോഗ്യം സല്ക്കരിക്കുകയും ചെയ്തു. പരസ്പരം കുശലപ്രശ്നങ്ങളെല്ലാം കഴിഞ്ഞ് ഇരുന്നു നേരം

പോക്കകൾ പറഞ്ഞുതുടങ്ങി. അച്ഛൻെറ സുഖക്കേട വലിയ ശക്തിയുള്ളതായിരുന്നില്ലെന്നും അപ്പോൾ നിശ്ശേഷം മാറിയിരിക്കുന്നുവെന്നും കണ്ടപ്പോൾ രാമണ്ണക്കോവിൽ സംസാരവിഷയം മാററി. നാട്ടകാര്യങ്ങളെപ്പററി ഓരോന്നു ചോദിക്കുകയും മേൽ ഇന്നിന്നവിധം പ്രവൎത്തിക്കേണമെന്നു സ്വയം നിശ്ചയിക്കുകയും ചെയ്തുകൊണ്ടു കുറെ സമയം കഴിച്ചു. അതിനിടക്ക് മൂത്ത കയ്മളുടെ സൈന്യങ്ങൾ കൊടുങ്ങല്ലൂർ വന്നുകൂടിയിരിക്കുന്ന സംഗതിയും അദ്ദേഹം പറയാതിരിക്കുന്നില്ല. ഈ സംഗതി അച്ഛൻ ധരിച്ചിരുന്നതുകൊണ്ടോ എന്തോ ഇതു കേട്ടപ്പോൾ വിശേഷവിധിയായി യാതൊരു സ്തോഭവും അച്ഛനുണ്ടായില്ല. സമയം അതിക്രമിച്ചു തുടങ്ങുകയാൽ കുളിയും അത്താഴവും കഴിഞ്ഞതാവാം ബാക്കി വിഷയമെന്നു നിശ്ചയിച്ചു രണ്ടുപേരും അതിലേക്കുദ്യമിച്ചു.

പാലിയത്ത് അടുത്തുതന്നെ ഒരു ക്ഷേത്രവും അതോടുകൂടി ഒരു മഠവും ഉണ്ടായിരുന്നു. സാധാരണ ബ്രാഹ്മണരും മററും ചെന്നാൽ അവിടെയാണ് ഭക്ഷണം പതിവ്. വഴിപോക്കർ ആരുമില്ലാത്ത ദിവസം ചുരുക്കമായിരിക്കും. ചിലപ്പോൾ നമ്പൂതിരിമാർ ധാരാളമുണ്ടാവും. ഈ ആവശ്യത്തിന്നുവേണ്ടിത്തന്നെ പ്രത്യേകം ആൾക്കാരെ നിശ്ചയിച്ചിട്ടുണ്ട്. രാമണ്ണക്കോവിൽ ചെന്നദിവസം അവിടെ ഒരു വിശേഷദിവസംപോലെ ചതുൎവ്വിധമായ ഭക്ഷണത്തിന്നു വട്ടം കൂട്ടിയിരുന്നു. എല്ലാം ഒരുക്കമായി എന്നു കണ്ടപ്പോൾ കുത്തുവിളക്കുമായി ഭൃത്യന്മാർ കുളക്കടവിൽ ഹാജരായി. അനന്തരം രണ്ടുപേരും ഒരുമിച്ചുതന്നെ ക്ഷേത്രത്തിൽ തൊഴുത് മഠത്തിലേക്കു കടന്നു. അവിടെ 'നിലവിളക്കും നെടിയെലയും' മററു രാജോചിതങ്ങളായ എല്ലാം ഉപകരണങ്ങളും ഒരുക്കിയിരുന്നതുകണ്ട് രാമണ്ണക്കോവിൽ വളരെ സന്തോഷിച്ചു. രണ്ടുപേരും ഒരുമിച്ചുതന്നെയാണ് ഭക്ഷണത്തിന്നിരുന്നത്. എന്നാൽ രണ്ടുവരിയിലാണ് ഇരുന്നിരുന്നതെന്നു പ്രത്യേകം

പറഞ്ഞുകൊള്ളട്ടെ. പാലിയത്തച്ഛൻെറ 'കല്ലൂർകലശം' കഴിഞ്ഞാൽ (കല്ലൂർ മനക്കൽ ചെന്നു കുംഭാഭിഷേകം കഴിച്ച് ഉപദേശം വാങ്ങിയാൽ) പിന്നെ അദ്ദേഹം നമ്പൂതിരിമാർ ഒരുമിച്ചിരുന്നുതന്നെ ഊണു കഴിക്കാറുള്ള സംഗതി രാമണ്ണകോവിൽ ധരിച്ചിരുന്നതുകൊണ്ടോ, വീട്ടിൽ കയറിച്ചെന്ന് അലൌകികം പ്രവത്തിക്കേണ്ടെന്നു വിചാരിച്ചോ എന്തോ അച്ഛൻെറ ഈ പ്രവൃത്തിയെക്കുറിച്ചു രാമണ്ണകോവിൽ ഒന്നും ശ്രദ്ധിച്ചില്ല. നേരമ്പോക്കു പറഞ്ഞും, അഹങ്കരിച്ചും സാവധാനത്തിൽ ഭക്ഷണം കഴിച്ചു രണ്ടുപേരുംകൂടി മാളികയിൽ ചെന്നുചേന്നു. രാമണ്ണകോവിലിൻെറ ആഗമനത്തിനുള്ള പ്രത്യേകകാരണമെന്തായിരിക്കുമെന്ന് അയൽപക്കത്തുകാർ കൂടി അന്വേഷിക്കാതിരുന്നില്ല. പക്ഷെ അവർ എത്ര അന്വേഷിച്ചിട്ടും ഒരു വിവരവും ഉണ്ടാക്കുവാൻ കഴിഞ്ഞില്ല. അത്താഴം കഴിഞ്ഞു മാളികയിൽ ചെന്നശേഷം വീണ്ടും അവർ സംഭാഷണം ആരംഭിച്ചു.

രാമണ്ണ—ക്ഷീണമുണ്ടെങ്കിൽ മേനവൻ അധികം സംസാരിക്കണമെന്നില്ല വേഗം പോയിക്കിടക്കാം.

അച്ഛൻ—എയ്, അത്രയ്ക്കൊന്നുമില്ല. കിടപ്പ് ഇവിടെത്തന്നെയാണുതാനും.

രാമണ്ണ—അതു നന്നായി. ഒരുമിച്ചുതന്നെ ആകാമല്ലൊ. ലന്തക്കാർ കൈകേറിയ പള്ളിപ്പുറം കോട്ട നെടിയിരിപ്പു മൂപ്പിലെ ഏല്പിച്ച വിവരം മേനോൻ അറിഞ്ഞിരിക്കും.

അച്ഛൻ—അറിഞ്ഞു. ലന്തക്കാർ തിരിയെ പോകയും ചെയ്തു ഇല്ലെ?

രാമണ്ണ—അതുവ്വ്; എങ്കിലും കോട്ട അന്യാധീനപ്പെട്ടു വല്ലൊ.

അച്ഛൻ—സ്വാധീനമാണെങ്കിലും സൂക്ഷിക്കാതിരുന്നാൽ അന്യാധീനപ്പെടാതിരിക്കുമോ?

രാമണ— അതു ശരിതന്നെ. മേനവൻ അടുത്തുണ്ടായിരുന്നുവല്ലോ. പഠങ്കികളെ സഹായിക്കാമായിരുന്നില്ലേ? എന്നാൽ ഇങ്ങിനെ വരില്ലായിരുന്നു.

അച്ഛൻ—(ജാതി മാറിത്തുടങ്ങി എന്നു വിചാരിച്ച്.) ഞാനെങ്ങിനെ സഹായിക്കും? ചട്ടകപ്രായമല്ലേ എനിക്കുള്ളത്? പ്രമാണികളുടെ അനുവാദം കൂടാതെ വല്ലതും പ്രവൎത്തിച്ചാൽ അതും കുററംതന്നെയല്ലേ? പിന്നെ അശേഷം സുഖമുണ്ടായിരുന്നുമില്ല.

രാമണ—സുഖക്കേടു ബാധിച്ചതാണ് ആപത്തായത്. മററു സാരമില്ല. കാലോചിതം അറിഞ്ഞു പ്രവൎത്തിച്ചാൽ പ്രമാണിയും അഭിനന്ദിക്കയേ ഉള്ളൂ.

അച്ഛൻ—കഴിഞ്ഞതുകഴിഞ്ഞു. ഇനി വേണ്ടതുപോലെ ആലോചിക്കുക.

രാമണ—(അച്ഛനെ ഒന്നു പരീക്ഷിക്കണമെന്നു വിചാരിച്ചുകൊണ്ട്.) കയ്മൾവീട്ടിലെ ആ പെൺകിടാവിനെ കണ്ടു കിട്ടിയത്രെ.

അച്ഛൻ—(രാമണകോവിൽ തന്നെ പററിക്കുവാൻ പുറപ്പെട്ടിരിക്കയാണെന്നുള്ള വിശ്വാസത്താൽ, എപ്പോഴും മനസ്സിരുത്തിക്കൊണ്ടിരുന്നതിനാൽ ഇതു കേട്ടപ്പോൾ ഒരു സ്വസ്ഥന്റെ നിലയിൽ കഴിഞ്ഞ യാതൊരു ഭാവഭേദവും പ്രത്യക്ഷപ്പെടുത്താതെ സൂക്ഷിപ്പാൻ സാധിച്ചു.) അതുവ്വോ? നന്നായി എവിടെവെച്ചാണ്?

രാമണ—(അച്ഛന്നു ഭാവഭേദമൊന്നുമില്ലെന്നു കണ്ട് അധികം വിസ്തരിക്കാതെ) അതൊന്നും അത്ര വിവരമില്ല. ഒരു കിംവദന്തി മാത്രമാണ്.

അച്ഛൻ—(അങ്ങിനെ വിടാൻ തരമില്ല എന്നു കരുതി) ആരാണ് ഇതു പറഞ്ഞത്?

രാമണ—എന്നോടു പറഞ്ഞത് മൂത്ത കയ്മൾ തന്നെയാ

ണ്. കാര്യം വിശ്വസിക്കാറായില്ലെന്നും ആയാൽ പറയു ന്നുണ്ട്.

അച്ഛൻ—കാര്യമായി എന്തു വിചാരിക്കുന്നു?

രാമണ—എന്താ സംശയം? ആൾക്ക് കൊടുപ്പാൻ നിശ്ചയി ച്ചിരുന്നുവോ അവൾക്ക് കൊടുക്കും?

അച്ഛൻ—അപ്പോഴും ഇതുതന്നെയല്ലേ ഗതി?

രാമണ—അതു രണ്ടാൾക്കും സമമല്ലേ?

അച്ഛൻ—നിലയില്ലാതാവുമ്പോൾ വല്ല കടുംകയ്യും പ്രവർത്തി ച്ചാലൊ?

രാമണ—എന്നാലെ 'സെല്ല' തീൻവല്ലോ?

അച്ഛൻ—(വലിയ ഉദ്വേഗത്തോടുകൂടി) ഇതാരുണ്ടാക്കിത്തീ ർത്തതാണ്? ആ കുട്ടിയോ, കാര്യമോ അതോ വേറെ വല്ല വരുമോ?

രാമണ—(കൂട്ടത്തിൽ തന്റെ കാര്യവും പറയേണ്ടി വരുമെ ന്നും വിഷയം മാററുകതന്നെയാണ് നല്ലതെന്നും വിചാ രിച്ചുകൊണ്ട്.) കണ്ടവരുടെ കാര്യംകൊണ്ടെന്തിനു തക്കി ക്കുന്നു? മേനോൻ നാളെ കൊടുങ്ങല്ലൂക്കില്ലേ?

അച്ഛൻ—(ചിരിച്ചുംകൊണ്ട്) ഒരു സമയം.

രാമണ—തീച്ചയായും വരണം. ഞാനിങ്ങോട്ടു പുറപ്പെട്ട പ്പോൾ ഇതു വിചാരിച്ചിട്ടുണ്ട്.

അച്ഛൻ—(വന്നുകണ്ടപ്പോൾ അതു ഞാനും വിചാരിക്കാതി രുന്നില്ല എന്നു മന്ത്രിച്ചുകൊണ്ട്.) കാലത്തു നിശ്ചയി ക്കാം. ഇപ്പോൾ നേരം കുറച്ചായല്ലൊ. ഇനി കിടക്കുക തന്നെ.

അച്ഛന്റെ ഈ അഭിപ്രായം രാമണകോവിലും സമ്മ തിച്ചു. രണ്ടുപേരും കിടന്നുറങ്ങുകയും ചെയ്തു. മുമ്പു പറ ഞ്ഞിരുന്നതുപോലെ പിറെറന്നാൾ കാലത്തുതന്നെ അവർ കൊടുങ്ങല്ലൂക്ക് പുറപ്പെട്ടു. അച്ഛൻ ഒരുമിച്ചു പുറപ്പെട്ട പ്പോൾ രാമണകോവിൽ കൃതാർത്ഥനായി. തന്റെ സാമ

ത്ഥ്യത്തിൻെറ ഫലമാണ് അച്ചൻെറ പുറപ്പാടെന്നു അദ്ദേ ഹം വിചാരിക്കാതിരുന്നില്ല. അപ്പനാണെങ്കിൽ--പറങ്കി കളുടെ ശക്തി ക്ഷയിക്കുവാൻ ഇനിയധികം താമസമില്ല. അതു കഴിഞ്ഞാൽ രാമണ്ണക്കോവിലും പിന്നാലെ വെട്ടത്തു രാജാക്കന്മാരും ഒഴിച്ചു പൊയ്ക്കൊള്ളും. ഇത്ര കാലം പ്രത്യ ക്ഷനീരസം കൂടാതെ കഴിച്ചുകൂട്ടി. ഇപ്പോൾ അതുണ്ടാക്കി ത്തീൎത്താൽ തനിക്കും കുഡുംബത്തിനുതന്നേയും വലിയ നാ ശം വന്നുകൂടുവാനിടയുണ്ട്. അതുകൊണ്ട് കുറേക്കാലം കൂ ടി സേവക്കു നില്ക്കുകയാണുത്തമം, വിചാരിച്ചതുപോലെ ക ന്നം ചെയ്വാൻ കഴിഞ്ഞതുമില്ല. കൊടുങ്ങല്ലൂർ പോയി താ മസിക്കുന്നതായാൽ ലന്തക്കാരുടെ പുനരാഗമനവേളയിൽ അവരെ സഹായിക്കുവാനും തദ്വാരാ മൂപ്പിലെ പ്രീതി സ മ്പാദിക്കുവാനും കഴിഞ്ഞേക്കാം. ഇല്ലെങ്കിലും ദോഷം വരു വാനില്ല നിശ്ചയം. എന്നും മററും ഉറച്ചിട്ടാണ് പുറപ്പെട്ടി രിക്കുന്നത്. സ്വാഭിപ്രായം പരസ്പരമറിയാതെ കഴിപ്പാൻ രണ്ടുപേരും പ്രത്യേകം മനസ്സു വെച്ചിരുന്നു. ഇങ്ങിനെ ഇ വർ ഒരുമിച്ചുതന്നെ ഉച്ചയോടുകൂടി കൊടുങ്ങല്ലൂർ ചെന്നു ചേന്നു.

ഇവരെ കണ്ടപ്പോൾ പറങ്കിക്കപ്പിത്താനും മൂത്ത കയ്മ ളും അടുത്തുചെന്ന് ഉപചാരപൂൎവ്വം കുശലപ്രശ്നം ചെയ്തു. അവർ നേരെ കയറിച്ചെന്ന് ഗോദവൎമ്മ രാജാവിനേയും ക ണ്ടു. അദ്ദേഹം ആദരവും സന്തോഷവും ഭാവിക്കാതിരുന്നി ല്ല. എങ്കിലും അച്ചൻെറ നേരെ നല്ല രസമില്ലെന്നു തോന്ന ത്തക്കവണ്ണമായിരുന്നു രാജാവിൻെറ പിന്നത്തെ പെരുമാ ററം. അവർ, ഓരോന്നു സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ, അച്ചൻ പറഞ്ഞപോലെ എത്തിക്കാണാഞ്ഞതിൽ വളരെ ശല്യമുണ്ടായി എന്നും മററും ഗോദവൎമ്മ രാജാവു പറയാതി രുന്നില്ല. നിവൃത്തിയില്ലാഞ്ഞിട്ടുതന്നെയാണ് അങ്ങിനെ വന്നതെന്നു അച്ചൻ മറുപടിയും പറഞ്ഞു. ഇങ്ങിനെ ചില

കാൎയ്യങ്ങളെപ്പററിയല്ലാതെ പ്രധാനകാൎയ്യങ്ങളെക്കുറിച്ചൊന്നും അന്യോന്യാലോചനയുമുണ്ടായില്ല. അന്നത്തെ ദിവസം അങ്ങിനെ കഴിഞ്ഞു. വയ്യിൽവെച്ചു കണ്ടപ്പോൾ ഉണ്ടായിരുന്ന വേഴ്ചയൊ സന്തോഷമൊ രാമനന്തങ്കോവിലും ഭാവിക്കുന്നില്ല. ഇങ്ങിനെ ഒരാഴ്ച കഴിഞ്ഞു. ഇതിനിടെയ്ക്ക് മൂത്ത കയ്മൾ യാത്ര പറഞ്ഞ് എറണാകുളത്തേക്ക് പോയിക്കഴിഞ്ഞു. ഇപ്പോൾ രാമനന്തങ്കോവിലും പുറപ്പാടായി. ഗോദവൎമ്മ രാജാവ് കുറച്ചു വൈമനസ്യം പ്രദശിപ്പിച്ചുവെങ്കിലും രാമവൎമ്മ രാജാവിനും പ്രത്യേകിച്ച് രാജ്ഞിക്കും സഹായത്തിനാരുമില്ലെന്നും മററും പറഞ്ഞപ്പോൾ അദ്ദേഹത്തിന് അററംവരിക്കാതിരിപ്പാനും നിവൃത്തിയില്ലാതായി. കൊടുങ്ങല്ലൂർ കോട്ട താൻ രക്ഷിച്ചുകൊള്ളാമെന്ന് പറങ്കിക്കപ്പിത്താലവൻ ഏല്ക്കുകയും ചെയ്തിരുന്നു. അധികം താമസിയാതെ രാമനന്തങ്കോവിലും കൊടുങ്ങല്ലൂർ വിട്ടുപോയി. ഗോദവൎമ്മരാജാവും പറങ്കിപ്രമാണിയും ആയാളുടെ സൈന്യങ്ങളും മൂത്ത കയ്മൾ നിൎത്തിയിരിക്കുന്ന ഏതാനും നായർപട്ടാളങ്ങളും, ഒററയാണെങ്കിലും പാലിയത്തച്ചനും കൊടുങ്ങല്ലൂർ കോട്ടയിൽത്തന്നെ താമസിച്ചു. അച്ചനു യാതൊരു സ്വാതന്ത്ര്യവുമില്ല. എപ്പോഴും ആൾ കൂടിച്ചുണ്ടായിരിക്കും. അനുവാദം കൂടാതെ പുറത്തു പൊയ്ക്കൂടാ എന്ന് പ്രത്യേകം ഒരു കല്പനയുണ്ടായി. ഏകദേശം ഒരു തടവുകാരന്റെ നിലയിൽ തന്നെയായിരുന്നു അച്ചൻ അവിടെ കഴിച്ചുകൂട്ടിയിരുന്നത്. എന്തു വന്നാലും ക്ഷമയോടെ സഹിപ്പാൻ അച്ചനും നിശ്ചയിച്ചു.

---

## പതിനാലാം അദ്ധ്യായം.

---

ഇന്നത്തെ ഒല്ലൂർ തീവണ്ടിയാപ്പീസ്സിന് ഉദ്ദേശം മൂന്നു നാഴിക കിഴക്ക് ഒരു ചെറിയ പുഴയുടെ തീരത്ത് വലിയ

പാറക്കുന്നിന്റെ മുകളിൽ കിഴക്കോട്ടു ദർശനമായി നിർമ്മിച്ചിട്ടുള്ളതും കുറേക്കാലമായി പാലിയം എസ്റ്റേറ്റിന്റെ അധീനത്തിലിരിക്കുന്നതുമായ "തൃക്കൂർ" ക്ഷേത്രം വായനക്കാരിൽ പലരും കണ്ടിട്ടുണ്ടായിരിക്കും. ഇതൊരു മഹാക്ഷേത്രമാകയാൽ ദർശനത്തിനായി ജനങ്ങൾ ചെന്നു കൂടുന്ന ഒരു സ്ഥലമാണ്. ഈ ക്ഷേത്രത്തിന്റെ ശ്രീകോവിൽ എന്ന പ്രധാനഭാഗം പാറ തുരന്ന് ഉണ്ടാക്കിയതാണെന്ന ഒരു വിശേഷംകൂടി ഇതിന്നുണ്ട്. ഒരുവിധം നോക്കിയാൽ പാറപ്പുറത്തുതന്നെയാണ് ക്ഷേത്രമിരിക്കുന്നതെന്നു തന്നെ പറയാം. ചുറ്റും വലിയ കരിമ്പാറകൾ അനവധിയുണ്ട്. അതുകളുടെ ഇടയിൽ ഒരിടത്ത് 'തീർത്ഥം' എന്നു പറഞ്ഞുവരുന്ന ഒരു ചെറിയ ജലാശയവുമുണ്ട്. എത്രതന്നെ വേനൽക്കാലത്തും അതിൽ വെള്ളം വറ്റുകയില്ല. ഇത് ഇപ്പോഴും അനുഭവമുള്ള സംഗതിയാണ്. ദേവൻ ശിവനും 'സ്വയംഭൂ'വുമാണ്. വിഗ്രഹത്തിന്റെ ഉപരിഭാഗത്തുതന്നെയാണ്, മുൻപറഞ്ഞ ജലാശയം സ്ഥിതിചെയ്യുന്നത്. തന്നിമിത്തം അതിലെ ജലം വളരെ പാവനമാണെന്നും സാക്ഷാൽ ശിവഗംഗതന്നെയാണെന്നും ഭക്തന്മാർ പറയാറുണ്ട്. അവിടെ കയറ് വഴിവാട് ചെയ്യുന്നത് വളരെ പ്രിയമാണെന്നാണ് ജനങ്ങൾ വിശ്വസിച്ചുപോരുന്നത്. വാതരോഗികൾക്ക് ഗുരുവായൂരെന്നപോലെ വായുക്ഷോഭക്കാർക്ക് തൃക്കൂരും ഭജനമിരിക്കുന്നത് പലപ്പോഴും ഫലവത്തായി കണ്ടിട്ടുണ്ട്. സ്വാമിദർശനത്തിന്നു ചെല്ലുന്നവർക്ക് വലിയ കുന്നു കയറാതെ ക്ഷേത്രത്തിൽ എത്തുവാൻ പ്രയാസമായിരുന്നു. നേരെ പടിഞ്ഞാറുവശമാണ് മുൻപറഞ്ഞ പുഴ കിടക്കുന്നത്. അവിടെ കുളിച്ച് ക്ഷേത്രത്തിൽ കയറിച്ചെല്ലുവാൻ സാമാന്യത്തിലധികം അദ്ധ്വാനമുണ്ട്. ജനങ്ങളുടെ സൌകര്യത്തിന്നുവേണ്ടി ഇപ്പോൾ അടിമുതൽ മുടിവരെ കരിങ്കൽ പടവ് കെട്ടിയിരിക്കുന്നു. ഈ വഴിക്കു കയറിയാൽത്തന്നെ മു

കളിൽ ചെല്ലുമ്പോൾ വിയക്കാത്തവരും കിതക്കാത്തവരും അപൂൎവ്വമായിരിക്കും. അത്ര ശ്രമസാദ്ധ്യമായ ഒരു കാൎയ്യമാണ്. ഈവക സൌകൎയ്യങ്ങളൊന്നും പണ്ടുകാലങ്ങളിൽ ഉണ്ടായിരുന്നില്ല. കുണ്ടും കുന്നും കല്ലും കട്ടയും നിറഞ്ഞ ഒരു ഊടുവഴി മാത്രമെ ഉണ്ടായിരുന്നുള്ളു. മനസ്സിരുത്തിയില്ലെങ്കിൽ മറിഞ്ഞുവീഴാനും എളുപ്പമാണ്. ഈ കുന്നിന്റെ താഴ്വാരങ്ങളിൽ ഇങ്ങിനെ ചില ഇടവഴികൾ വേറെയും ഉണ്ടായിരുന്നു.

വൎഷക്കാലത്ത് ഒരു ദിവസം രാത്രി ഏകദേശം ഏഴ നാഴിക രാച്ചെന്നപ്പോൾ ഒരാൾ ഈ ഊടുവഴിയിൽക്കൂടി ഇറങ്ങിപ്പോകുന്നുണ്ടായിരുന്നു. ഇരുട്ടും മഴയും വളരെ ശക്തിയായി ഉണ്ടായിരുന്നതിനാൽ നോക്കിയാൽ കാണ്മാനൊ പറഞ്ഞാൽ കേൾപ്പാനൊ യാതൊരു നിവൃത്തിയുമില്ല. പരിചയത്തിന്റെ പ്രഭാവംകൊണ്ടൊ മനോരാജ്യത്തിന്റെ മഹിമകൊണ്ടൊ ആ ഇറങ്ങിപ്പോകുന്ന ആൾക്ക് ഒരു പ്രയാസവുമുണ്ടായിരുന്നില്ല. കയ്യിലുണ്ടായിരുന്ന തീക്കൊള്ളി മഴനനഞ്ഞ് തീരെ കെട്ടപ്പോൾ നടപ്പ് കുറെ സാവധാനത്തിലാക്കേണ്ടി വന്നു. വിശേഷിച്ച യാതൊരപകടവും കൂടാതെ ആയാൾ താഴെ ഇറങ്ങി വടക്കോട്ട തിരിച്ചു. ഉദ്ദേശം കാൽ നാഴിക വടക്കോട്ട ചെന്നപ്പോൾ പടിഞ്ഞാട്ടുമാറി ഒരു വലിയ വീടിന്റെ പടിപ്പുര കണ്ട് അങ്ങോട്ട കയറി. ഇറയത്തുചെന്നു മുട്ടിവിളിച്ച് വാതിൽ തുറപ്പിച്ച് ആയാൾ അകത്തു കടന്നതു കണ്ടാൽ അവിടെ നിത്യപരിചിതന്മാരിൽ ഒരാളാണെന്നു തോന്നും. കാൎയ്യം അങ്ങിനെ തന്നെയായിരുന്നു. ഇത്രനേരം മഴകൊണ്ട് നനഞ്ഞൊലിച്ചിരുന്ന ആ സാധു അവിടെ സൂക്ഷിച്ചിരുന്ന തന്റെ മാറാപ്പഴിച്ച് ഒരു മുഷിഞ്ഞ സോമനെടുത്തു ഈറൻമാറി അവിടെ ഒരു ദിക്കിൽ ഒതുങ്ങിയിരിപ്പായി. അപ്പോൾ ആ വീട്ടിലെ ഭൃത്യാൎയ്യനിധികൾ ആയാൾക്ക ഒരു പായയും തലേണയും കൊണ്ടുവന്നുകൊ

ടുത്തു. ഒരു ചെറിയ കോല്വിളക്കും കൊളുത്തിവെച്ചു. ആ വീട്ടിലെ പ്രായംചെന്ന സ്ത്രീകൾ രണ്ടുമൂന്നു പേർ അവിടെയിരുന്നു കുറേ നേരം വർത്തമാനം പറഞ്ഞു. ഒടുക്കം അവർ കിടപ്പാൻ പോകയും ചെയ്തു. ഇത്രയും കഴിഞ്ഞപ്പോൾ നേരം ഏകദേശം പത്തുനാഴിക രാച്ചെന്നിരിക്കുന്നു. വാതിലടച്ച് വിളക്കൂതി അതിഥിയും കിടപ്പായി. ഈ അതിഥി ആരായിരുന്നു എന്നും ഇപ്പോൾ എവിടെയാണ് കിടക്കുന്നതെന്നും മററും നമുക്കറിയണമല്ലൊ.

ഉണ്ണിമായയെ താൻ കണ്ടുവെന്നും വേണമെങ്കിൽ താൻ പിടിച്ചുകൊണ്ടുവരാമെന്നും മററും കിട്ടൻപട്ടർ മൂത്തകയ്മളോടു പറഞ്ഞിരുന്ന വിവരം ആരും വിസ്മരിച്ചിരിക്കാനിടയില്ല. ആയാൾ—അതെ കിട്ടൻപട്ടർ തന്നെ—ആയിരുന്നു ഈ അതിഥി. ഇപ്പോൾ ആയാൾ കിടക്കുന്ന വീട്ടിലാണ് ഉണ്ണിമായ സൂക്ഷിക്കപ്പെട്ടിരിക്കുന്നതെന്നറികയാൽ മൂത്തകയ്മളെ ചെന്നുകണ്ടു പ്രകൃതദിവസം രാത്രി വേണ്ടിടത്തോളം വലിക്കാരോടു കൂടി ഒരു വലിയ ബോട്ട് തൃക്കൂർ കടവിലെത്തിക്കണമെന്നും മററും പറഞ്ഞേല്പിച്ച് വീടുകുത്തിത്തുറന്നോ മറേറാ ഉണ്ണിമായയെ ബോട്ടിലെത്തിച്ചു കൊടുക്കുവാനായി ഏതാനും മുട്ടാളന്മാരെ (തസ്കരപ്രമാണികളെ) പണംകൊടുത്തു ശട്ടംകെട്ടി, തൃക്കൂർ ക്ഷേത്രത്തിൽ ഭജനമെന്ന വ്യാജേന കൂടിയിരിക്കയാണ്. ഏകദേശം ഒരാഴ്ചയായി കിട്ടൻപട്ടർ അവിടെ ചെന്നു വശമായിട്ടു. ആർക്കും യാതൊരു സംശയവുമില്ല. എല്ലാവർക്കും അതിവിശ്വാസം, അതിഭക്തി, അതികരുണ. ഉണ്ണിമായക്കുമാത്രം ആളെ കണ്ടതു മുതൽ കുറെച്ചൊരു പരിഭ്രമം കാണുന്നുണ്ട്. വഴിമദ്ധ്യത്തിൽ കണ്ടുമുട്ടിയ ഓർമ്മയായിരിക്കണം ഇതിന്നു കാരണം. എന്നാൽ ഈ സംഗതി മററാരുമറിഞ്ഞതുമില്ല. വാസ്തവത്തിൽ കിട്ടൻപട്ടർ അത്രവലിയ വഞ്ചകനല്ല. പണത്തിനു കുറച്ചധികം മോഹമുണ്ട്. ഒരു ദരിദ്രനും പരാധീനക്കാരനുമാണ്. ഇ

പ്പോൾ ഇങ്ങിനെ ചെയ്താൽ കുറേ പണം കിട്ടുമെന്നും ഒരു സമയം മേലാൽ എന്തെങ്കിലും ഗുണമുണ്ടാകുമെന്നും വിശ്വസിച്ചു ഇങ്ങിനെയെല്ലാം വേഷംകെട്ടിയതാണ്. കാരണം എന്തായാലും കാൎയ്യം കഠിനമാണെന്നു പറയാതെ തരമില്ല.

തൃശ്ശൂർ ദേശത്തു ഏററവും പ്രധാനവും ഒരുമാതിരി അന്തസ്സുള്ളതുമായ 'ചിങ്ങപുരത്തു' വീട്ടിലാണ് കിട്ടൻപട്ടർ ഇപ്പോൾ കിടക്കുന്നത്. ചിങ്ങപുരത്തു വീട്ടുകാരും പാലിയം കുഡുംബവുംതമ്മിൽ പണ്ടുതന്നെ വലിയബന്ധുത്വമുണ്ട്. ചിങ്ങപുരത്തു കുഡുംബത്തിലെ മിക്ക പരമ്പരകളും പാലിയത്തച്ചന്മാരുടെ സന്താനങ്ങളാണ്. ഇതിന്നുംപുറമെ കല്യാണം മുതലായ അടിയന്തരങ്ങളിൽ ചിങ്ങപുരത്തെ സ്ത്രീകൾക്കു പാലിയത്തു ചില പ്രത്യേക ചുമതലകളും സ്ഥാനങ്ങളും ഉണ്ട്. ഈ വക സംഗതികൾ ചേററക്കുളത്തുഭട്ടതിരിയും ധരിച്ചിരുന്നു. പാലിയത്തച്ചൻ പറഞ്ഞിട്ടാണെന്നുകണ്ടാൽ, ഏതു കാൎയ്യമായാലും ചിങ്ങപുരത്തുകാർ തള്ളിക്കളയുകയില്ലെന്നും ഭട്ടതിരി ധരിച്ചിട്ടുണ്ട്. താൻവിചാരിച്ചിരുന്നതുപോലെ കാൎയ്യം സാധിക്കാതെ തൃശ്ശിവപേരൂർനിന്നു മടങ്ങിയപ്പോൾ ഭട്ടതിരിക്ക് ഒരു മാൎഗ്ഗംതോന്നി. നേരെ തൃശ്ശൂക്ക്പോയാൽ ഉണ്ണിമായയെ ചിങ്ങപുരത്തുകൊണ്ടുപോയി രക്ഷിക്കാമെന്നു അദ്ദേഹം നിശ്ചയിച്ചു. ഏറിയത് ഒന്നുരണ്ടുവാക്ക് അസത്യം പറയേണ്ടിവരുമായിരിക്കും. മനസ്സിരുത്തിയാൽ അതും കൂടാതെ കഴിക്കാം. ഒരാളെ, പ്രത്യേകിച്ചും ഒരു സ്ത്രീയെ, രക്ഷിക്കുവാൻവേണ്ടി—ജീവിതത്തിൽ ഏററവും പ്രധാനമായ വിവാഹം വേണ്ടപോലെ നടത്താമെന്ന ഉദ്ദേശത്തോടുകൂടി—ഒരസത്യം പറഞ്ഞാൽതന്നെ അത്ര സാരമില്ലെന്നും അദ്ദേഹം ഉറച്ചു. ഉണ്ണിമായയെ കാൎയ്യം പറഞ്ഞു ധരിപ്പിച്ച് സമാധാനമാക്കി അങ്ങോട്ടു കൊണ്ടുപോയി. ചിങ്ങപുരത്തു ചെന്നു കാൎയ്യം പറഞ്ഞപ്പോൾ അദ്ദേഹം വിചാരിച്ചതുപോലെ തന്നെ എല്ലാം സാധിക്കുകയും ചെയ്തു. ഉണ്ണിമായ ഭട്ടതിരി

യുടെ മകളാണെന്നും തൃക്കൂർ ഭജനത്തിന്നു താമസിക്കയാണെന്നും സംസാരവുമായി. ഇങ്ങിനെ തൃക്കൂർ ഭജനവുമായി ഉണ്ണിമായ ചിങ്ങപുരത്തു താമസിച്ചുവരുന്ന കാലമാണ് ഇപ്പോൾ. അമ്പലത്തിലും വീട്ടിലുംവെച്ചു പലപ്പോഴും കാണുകയും തമ്മിൽ സംസാരിക്കുകയും ചെയ്തുകൊണ്ടിരുന്നതിനാൽ ഉണ്ണിമായക്കു കിട്ടൻപട്ടരിലുള്ള അവിശ്വാസം ക്രമേണ വർദ്ധിച്ചുതന്നെ വന്നു. ആത്മരക്ഷക്കു എന്തെങ്കിലും ഒരു പുതിയമാർഗ്ഗം അന്വേഷിക്കണമെന്നും തോന്നിത്തുടങ്ങി. പക്ഷേ അവൾക്കു എന്തുചെയ്യാൻ കഴിയും! സാധു നാനാതരത്തിലുള്ള വിചാരങ്ങൾക്കടിമപ്പെട്ടു ഒടുക്കം നിദ്രയ്ക്കു വശംവദയായി.

നേരം അർദ്ധരാത്രി എന്നടിക്കായി. മഴയും ധാരാളമുണ്ട്. ഈ ഘട്ടത്തിൽ ചിങ്ങപുരത്തു ഒരാൾ ഉറങ്ങാതെ കിടന്നിരുന്നു. ആയാൾ കിട്ടൻപട്ടരല്ലാതെ മററാരുമല്ല. ആ രാത്രി ഒരു വിശേഷദിവസമാകയാൽ ആയാൾക്കു ഉറങ്ങുവാൻ തരമില്ല. വേണമെങ്കിൽത്തന്നെ ഉറക്കം വരുന്നുമില്ല. കിട്ടൻപട്ടർ കിടക്കുന്നതു നാലുകെട്ടിലാണെങ്കിലും ആയാളുടെ കാതും കരളും പുരയ്ക്കു പുറത്തുമിററത്തും ഇടവഴികളിലുമായിരുന്നു. വല്ല പ്രത്യേക ശബ്ദങ്ങളും കേൾക്കുന്നുണ്ടോ എന്നു മനസ്സിരുത്തിക്കൊണ്ടാണു കിടന്നിരുന്നത്. അങ്ങിനെ ഒരിക്കൽ ആരോ വാതലിൽ ഇടിക്കുന്നതുപോലെ ആയാൾക്കു തോന്നി. പെട്ടന്നെഴുന്നേററു ഒന്നു നിലവിളിച്ചു. അതോടുകൂടി വാതിൽ തുറക്കുകയും ചെയ്തു. പുറത്ത് പത്തിരുപത്തഞ്ചാളുകൾ ഉണ്ടായിരുന്നു. എല്ലാവക്കും തൊപ്പിക്കുടയുണ്ടായിരുന്നതിനാൽ കയ്യിലുണ്ടായിരുന്ന ചൂട്ടും പന്തവും തീരെ കെട്ടിരുന്നില്ല. വാക്കത്തി, പാറക്കോല്, മുട്ടൻവടി മുതലായ ആയുധങ്ങളും അവരുടെ കയ്യിലുണ്ടായിരുന്നു. ആരേയും ഭയമില്ലെന്ന് അവരുടെ മുഖം കണ്ടാൽ തന്നെ തിരുമാനിക്കാം.

വാതൽ തുറക്കുന്ന ശബ്ദവും കിട്ടൻ പട്ടരുടെ നിലവിളിയുംകേട്ടു അവിടെ ഉണ്ടായിരുന്നവർ മിക്കപേരും ഉണൎന്നുവശമായി. എഴുന്നേററു പുറത്തു വന്ന് നോക്കിയപ്പോൾ കണ്ട കാഴ്ച എത്ര ഭയങ്കരം! "അയ്യോ! കള്ളന്മാർ.!" എന്നു നിലവിളിച്ചുംകൊണ്ടു അവർ അവിടെ കിടന്നു പരക്കംപാഞ്ഞുതുടങ്ങി. പുരുഷന്മാൎക്കുതന്നെ ഭയമാകുന്ന ഏതാദൃശഘട്ടങ്ങളിൽ സാധുസ്ത്രീകളുടെ കഥ പറയാനുണ്ടോ? എന്തിനു പറയുന്നു? ക്ഷണനേരം കൊണ്ടു ആ വീട്ടിനകത്തു 'കരച്ചിലും പിഴിച്ചിലും' കലശലായികഴിഞ്ഞു. അവിടെ നാലു സ്ത്രീകൾക്കു ഭൎത്താക്കന്മാരുണ്ടായിരുന്നുവെങ്കിലും ഒരാൾ മാത്രമെ അവിടെ അന്നുണ്ടായിരുന്നുള്ളു. തറവാട്ടിലെ പ്രായംതികഞ്ഞ പുരുഷന്മാർ അത്താഴം കഴിഞ്ഞാൽ വേറെഎവിടെയെങ്കിലും അല്ലാതെ വീട്ടിൽ കിടക്കുന്ന സമ്പ്രദായം അക്കാലത്തും ഇല്ലായിരുന്നു. വേണമെന്നുവെച്ചാൽ തന്നെ വേണ്ടിടത്തോളം സൌകൎയ്യവുമുണ്ടായിരുന്നില്ല. ഏതായാലും ആ രാത്രി ചിങ്ങപുരത്തുകാൎക്കു 'കാളരാത്രി'യെന്നുതന്നെ പറയാം. എത്ര നിലവിളിച്ചിട്ടും സഹായത്തിന്നാരും എത്തിക്കണ്ടില്ല. വിചാരിച്ചതുപോലെ ശബ്ദം പുറപ്പെടാഞ്ഞതു കൊണ്ടുതന്നെയായിരിക്കാം ഇങ്ങിനെ വന്നത്. അധികം താമസിയാതെ കള്ളന്മാർ അകത്തു കടന്നു. അവിടെ ഉണ്ടായിരുന്ന ആ രക്ഷാപുരുഷനെ അവർ പിടിച്ചുകെട്ടി മുറികളിൽ കടന്നു പരിശോധിച്ചു തുടങ്ങി.

ഓരോ മുറിയിലും വെവ്വേറെ തിരഞ്ഞുനോക്കി. ആ കൂട്ടത്തിൽ ഒന്നിൽ ഉണ്ണിമായയും വേറെ ഒന്നുരണ്ടു പെൺകുട്ടികളും കിടന്നിരുന്നു. പുറത്തുണ്ടായ ഈ ശബ്ദങ്ങളും മററും കേട്ടു ഭയപ്പെട്ടു എന്തുവേണ്ടു എന്നറിയാതെ കിടന്നു കരകയായിരുന്നു ഇവർ. കവൎച്ചക്കാരുടെ ആജ്ഞാശക്തിയാൽ സാധുക്കൾ കരച്ചിൽ മതിയാക്കി, തേങ്ങിത്തുടങ്ങി. "അനങ്ങിയാൽ കഥ കഴിക്കും" എന്നു പറഞ്ഞുകൊണ്ടു ഏതാനും

മുട്ടാളന്മാർ അവരുടെ അടുത്തുതന്നെ നിന്നിരുന്നു. തന്നിമിത്തം ആക്കും അവരവരുടെ സ്ഥലം വിട്ടുമാറുവാൻ ധൈര്യമുണ്ടായില്ല. അവിടെയുണ്ടായിരുന്നവർ ഒട്ടുമുഴുവനും നോക്കിക്കൊണ്ടിരിക്കുമ്പോൾ തന്നെ ഒരു പെൺകുട്ടിയെ—ഉണ്ണിമായയെ—അവർ വലിച്ചിഴച്ചു പുറത്തു കൊണ്ടുവന്നു. ഇത്രയുമായപ്പോഴേ കവച്ചക്കാരുടെ ഉദ്ദേശം കേവലം ദ്രവ്യാപഹരണം മാത്രമല്ലെന്നു ആ പാവങ്ങൾ ധരിച്ചുള്ളു. ഇനി ആരെയെല്ലാമാണു ആ ഘാതകന്മാർ അപമാനിക്കാൻ പോകുന്നതെന്നറിയാതെ അവർ അമ്പരന്നു. "സർവ്വസ്വം പോയാലും ഞങ്ങളെ അപമാനിക്കരുതെ!" എന്നിങ്ങിനെ ഉറക്കെ നിലവിളിച്ചു. ഉണ്ണിമായക്കു തീരെ തന്റേടമുണ്ടായിരുന്നില്ല. അവൾ ഒന്നുംതന്നെ അറിയുന്നുമില്ല. അതും ആ കവച്ചക്കാൎക്കു അനുകൂലമായിത്തീൎന്നു. ഇടയ്ക്കു, കൂട്ടത്തിൽ ഒരു കൂററൻ ചാടിവന്നു ഉണ്ണിമായയെ എടുത്തുംകൊണ്ടു ഒരൊററയോട്ടം! അടുത്തു കടവിൽ തയാറായി നിന്നിരുന്ന ബോട്ടിൽ ചെന്നതിനു ശേഷമെ ആയാൾ ഓട്ടം നിറുത്തിയുള്ളു. ഇരുട്ടത്തു യാതൊരപകടവും പററാതെ അവളെ എടുത്തുംകൊണ്ടു ഓടിപ്പോയതെങ്ങിനേയാണെന്നു ഈശ്വരനു മാത്രം അറിയാം. ഈ കൂററന്റെ ഈ കൃത്യം കഴിഞ്ഞതോടുകൂടി ആ വീടു ഏറക്കുറെ ശാന്തമായി. പിന്നെ ആരേയും ആരും ഉപദ്രവിച്ചില്ല. കവച്ചക്കാർ ഓരോരുത്തരായി അവിടം വിട്ടുതുടങ്ങി. തൃക്കുരപ്പന്റെ അനുഗ്രഹം തന്നെയായിരിക്കണം തങ്ങൾക്കൊന്നും പററാഞ്ഞതെന്നു മറെറല്ലാവരും വിചാരിച്ചു. കവച്ചക്കാർ ആരായിരുന്നുവെന്നോ ഉദ്ദേശം എന്തായിരുന്നുവെന്നോ ആരും അറിഞ്ഞില്ല. അവർ പോയതോടുകൂടി കിട്ടൻ പട്ടരേയും കാണാതായി. ആയാൾ പേടിച്ചോടിയതാണെന്നു ചിലരും അതല്ല, കള്ളന്മാരുടെ ഒററുകാരനായിരുന്നുവെന്നു മററു ചിലരും അഭിപ്രായപ്പെട്ടു. അന്നുരാത്രി അവിടെ ആൎക്കും ഉറക്കമുണ്ടായില്ല. എല്ലാവരും വട്ടമിട്ടിരുന്ന് ഒരുവിധം രാത്രികഴിച്ചുകൂട്ടി.

കിട്ടൻപട്ടർ ആൾക്കാരെ പിരിച്ചയച്ചു ബോട്ടിൽ ചെന്നുകയറി. ഉണ്ണിമായയെ എടുത്തുകൊണ്ടുവന്ന ആൾക്കു ഒരു പ്രത്യേക സമ്മാനം കൊടുത്തു ആയാളേയും പറഞ്ഞയച്ചു. ബോട്ടു തള്ളുവാൻ കല്പനയും കൊടുത്തു. പതിനെട്ടു തണ്ടും ഒരു മരവുമുള്ള ഒരൊന്നാന്തരം ബോട്ടായിരുന്നു. കുറവിട്ടു ക്ഷണനേരം കഴിഞ്ഞപ്പോൾ ബോട്ടുകാർ ആഞ്ഞുവലിക്കുകയും ബോട്ടു 'ശരംപോലെ' പാഞ്ഞുതുടങ്ങുകയും ചെയ്തു. കിട്ടൻപട്ടർ കൃതാർത്ഥതയോടും ഉത്സാഹത്തോടുംകൂടി കൂടാരത്തിന്റെ മുൻവശത്തായി ഇരുന്നിരുന്നു. ഇടയ്ക്കു എഴുനീറ്റു നാലു ഭാഗത്തേയ്ക്കും നോക്കുകയും എന്തോ ചിലതു മന്ത്രിക്കുകയും ചെയ്തിരുന്നു. ഇങ്ങിനെ ഒരിക്കൽ നോക്കിയപ്പോൾ കൂടാരത്തിന്റെ പുറത്തു ഒരാൾ ഇരിക്കുന്നതായി കണ്ടു. "ആരാത്?" എന്ന കിട്ടൻപട്ടരുടെ ചോദ്യത്തിന്നു "ഞാൻതന്നെ" എന്നായിരുന്നു മറുപടി. ഭൃത്യ കയ്യാളുടെ ആളായിരിക്കുമെന്നു കരുതി കിട്ടൻപട്ടർ തന്റെ ചോദ്യം അവിടെ നിർത്തി. "ഇവിടെ ഇറങ്ങിയിരിക്കാം" എന്നു ലൗകികം പറഞ്ഞു. "ആട്ടെ വേണ്ടില്ല" എന്നു പറഞ്ഞു ആയാൾ അടുത്തുചെന്നു മറുഭാഗത്ത് ഇരുന്നു. ബോട്ടുകാർക്കു ആരേയും ഭയമുണ്ടായിരുന്നില്ല. അവർ ഉറക്കെ പാട്ടു പാടിക്കൊണ്ടു തന്നെയാണ് വലിച്ചിരുന്നത്. ഈ ലഹളയിൽ കിട്ടൻപട്ടരുടേയും മറ്റും ചോദ്യോത്തരങ്ങൾ അവർ കേട്ടിരുന്നില്ല. ആയാൾ കിട്ടൻപട്ടരുടെ കൂട്ടുകാരനായിരിക്കുമെന്നു വലിക്കാരും വിചാരിച്ചു. സംശയത്തിന്നു യാതൊരു വഴിയും ഉണ്ടായിരുന്നില്ല. ബോട്ടു മുറുക്കെ പോയ്ക്കൊണ്ടിരുന്നു. കിട്ടൻപട്ടർക്കു നല്ല സമാധാനം. ഇങ്ങിനെ പോകയാണെങ്കിൽ വിചാരിച്ചതിൽ വളരെ നേരത്തെ എറണാകുളത്തെത്തിക്കാമെന്നും ആയാൾക്കു തോന്നി. പുതിയ കൂട്ടുകാരനോടു അയാൾ ഇങ്ങിനെ ചോദിച്ചു.

കിട്ടൻ—നേരം എത്രയായിക്കാണും? പതിനൊന്നായോ?

ആയാൾ—അതൊക്കെ കഴിഞ്ഞിരിക്കുന്നു.

കിട്ടൻ—നിങ്ങൾക്കു പരിചയമുണ്ടാവും. ഇങ്ങിനെപോകയാണെങ്കിൽ എപ്പോൾ എറണാകുളത്തെത്തും?

ആയാൾ—ഉച്ചക്കുമുമ്പെ അവിടേയിറങ്ങാം.

കിട്ടൻ—ഒന്നരദിവസത്തെ വഴിയുണ്ടല്ലൊ. ഒരുമിച്ചു വലിക്കുമ്പോൾ ഇവർ ക്ഷീണിക്കയില്ലേ?

ആയാൾ—ഇടയ്ക്കു വല്ലതും വാങ്ങിക്കൊടുക്കണം.

കിട്ടൻ—ഇപ്പോൾ എന്തുവാങ്ങിക്കൊടുക്കും? എവിടെ നിന്നു കിട്ടുന്നു?

ആയാൾ—കുറെ കഴിഞ്ഞിട്ടു മതി. അവൎക്കറിയാം. പൈസ അങ്ങോട്ടു കൊടുത്താൽ മതി.

കിട്ടൻ—നിങ്ങൾ കയ്മളുടെ ആൾതന്നെയല്ലേ?

ആയാൾ—അങ്ങിനേയും പറയാം.

കിട്ടൻ—സ്ഥിരതാമസം അവിടെയല്ലായിരിക്കും!

ആയാൾ—അങ്ങിനെ ഒരിടത്തുമില്ല

കിട്ടൻ—നാട് എവിടെയാണ്?

ആയാൾ—എറണാകുളം സമീപിച്ചുതന്നെയാണ്.

കിട്ടൻ—ആരാ? എന്താ ജാതി!

ആയാൾ—ഞാനോ!

കിട്ടൻ—ആ്.

ആയാൾ—ഞാനൊരു തിരുപ്പാടാണ്.

കിട്ടൻ—കയ്മൾവീട്ടിൽ സംബന്ധമാണോ?

ആയാൾ—അല്ല.

കിട്ടൻ—മൂത്തകയ്മളുടെകാൎയ്യസ്ഥനായിരിക്കും. അല്ലേ?

ആയാൾ—അതുമല്ല.

കിട്ടൻ—പിന്നെ എന്താ നിങ്ങൾപുറപ്പെട്ടത്?

ആയാൾ—ഇപ്പറഞ്ഞതിൽ എതെങ്കിലുമൊന്നുണ്ടെങ്കിലേ പുറപ്പെടാവൂ എന്നുണ്ടോ?

കിട്ടൻ— ഈവക പ്രത്യേകകാൎയ്യങ്ങൾക്ക് സാധാരണ ഒരാളെ പറഞ്ഞയക്കുമോ?

ആയാൾ—അതുകൊണ്ടുതന്നെ അസാധാരണ ഒരാളാണെന്നു വിചാരിക്കരുതെ?

കിട്ടൻ—എന്നാൽ നിങ്ങൾ കൎയ്യളുടെ ഒരു സ്നേഹിതനായിരിക്കണം.

ആയാൾ—ഈ ഘട്ടത്തിലാണല്ലൊ സ്നേഹമുള്ളവർ സഹായിക്കേണ്ടത്.

കിട്ടൻ—സംശയമില്ല.

ഇവർ ഇങ്ങിനെ പറഞ്ഞുകൊണ്ടിരിക്കുമ്പോൾ ഉണ്ണിമായ അവിടെ കിടന്ന് എല്ലാം കേട്ടിരുന്നു. ബോട്ടിൽ കൊണ്ടുവന്നുകിടത്തി കുറെക്കഴിഞ്ഞപ്പോൾ അവൾക്ക് ബോധം വീണു. അനേകവിചാരങ്ങളോടുകൂടി അമ്പരന്നിരിക്കുമ്പോഴാണ് മേൽപറഞ്ഞ സംഭാഷണം നടന്നത്. മൂത്ത കൎയ്യളുടെ ആൾക്കാർ വന്നു തന്നെ പിടിച്ചുകൊണ്ടുപോകയാണെന്നും മററും അവൾക്കപ്പോൾ മനസ്സിലായി. കവച്ചക്കാർ പിടിച്ചുകൊണ്ടുപോയി അപമാനിക്കാനല്ല എന്ന് അറിഞ്ഞപ്പോൾ അവൾക്ക് തെല്ലു സമാധാനമാകാതിരുന്നില്ല. രണ്ടാൾ പുറത്തിരുന്നിട്ടും-വെറുതേയിരുന്നിട്ടും-അകത്തു കടന്നു ശല്യപ്പെടുത്താതിരുന്നപ്പോൾ അവളുടെ സമാധാനം ദൃഢപ്പെടുകയും ചെയ്തു. വീട്ടിൽ ചെന്നാൽ മൂത്തകൎയ്യളുടെ ശിക്ഷയും ഉണിക്കാളി അമ്മയുടെ ശകാരവും അനുഭവിക്കേണ്ടിവരുമെങ്കിലും വഴിയിലിട്ടു വല്ലവരും അപമാനിക്കാതിരുന്നാൽ മതിയെന്നേ അവൾക്കു വിചാരമുണ്ടായിരുന്നുള്ളു. മുൻവശത്തിരുന്നിരുന്നവരുടെ സംഭാഷണം മുഴുവൻ ശ്രദ്ധിച്ചുകേട്ടു. കിട്ടൻപട്ടരുടെ ചോദ്യങ്ങൾക്കു മറേറയാൾ കൊടുക്കുന്ന ഉത്തരങ്ങളിൽ എന്തോ ഗൂഢാൎത്ഥം ലയിച്ചുകിടക്കുന്നുണ്ടെന്ന് അവൾക്കു തോന്നി ഓരോവാക്കിലും പ്രത്യേകം മനസ്സുവെച്ചു. അങ്ങിനെ ചെയ്യുന്തോറും തന്റെ വിചാരം

ഉറച്ചുവന്നു തുടങ്ങി. അവൾ ശബ്ദത്തിൽ മനസ്സിരുത്തി. അ
തവൾക്കു പരിചയമുള്ളതായി തോന്നി. ക്ഷണനേരംകൊ
ണ്ട് ആളെ ഊഹിച്ചു. ആയാളുടെ ഓരോ വാക്കും അവൾ
ക്കു കർണ്ണാമൃതമായിരുന്നു. ലോകത്തിൽ എന്തെല്ലാം കാൎയ്യ
ങ്ങൾ വിചാരിക്കാതെ സംഭവിക്കുന്നു? നാലുനാഴിക മുമ്പെ
ഉണ്ണിമായയുടെ നില എന്തായിരുന്നു? ഇപ്പോൾ എങ്ങിനെ
യിരിക്കുന്നു? രാത്രി ചന്ദ്രികകൂടി ഉണ്ടായിരുന്നുവെങ്കിൽ ത
ൻെറ സകലസംശയങ്ങളും തീൎക്കാമെന്ന് അവൾക്കു തോന്നാ
തിരുന്നില്ല എന്നാൽ കുറച്ചു ചന്ദ്രിക ഉണ്ടായിരുന്നത് കഴി
ഞ്ഞുപോയതിനാൽ തൽക്കാലം അതസാദ്ധ്യമാണെന്ന് അ
വൾക്കു തോന്നി. കുറെനേരം കഴിഞ്ഞാൽ നേരം വെളുക്കുമ
ല്ലോ എന്നു സമാധാനിച്ചു. പക്ഷെ നേരം പോകാഞ്ഞതു
കൊണ്ടുള്ള സങ്കടം അസഹ്യമായിത്തീൎന്നു.

നേരംപുലൎന്നാലുണ്ടാകാൻപോകുന്ന നേത്രോത്സവത്തെ
യും മററും പററി തിരിച്ചും മറിച്ചും മറിച്ചുംതിരിച്ചും ആലോ
ചിച്ചുകൊണ്ട് ഉണ്ണിമായ സമയംകഴിച്ചുവരുമ്പോൾ ഉറക്കെ
ഒരു ശബ്ദം കേൾക്കുകയും വലിക്കാർ ഒപ്പം വലി നിൎത്തുക
യും ചെയ്തു. ആരും ഒന്നും അനങ്ങാതായപ്പോൾ "ചിറക്കലെ
ടുക്കട്ടെ" എന്നൊരാജ്ഞ തെളിഞ്ഞു കേട്ടു. "എറണാകുള
ത്തല്ലേ?" എന്നു കിട്ടൻപട്ടരും "അല്ല" എന്ന് തിരുപ്പാടും
പറഞ്ഞു. രണ്ടുപേരും എഴുന്നേററു. വലിക്കാർ വല്ലാതെ പ
രിഭ്രമിച്ചു. തിരുപ്പാട് ബോട്ടിൻെറ കൂടാരത്തിൽ ചാടിക്കയ
റി, വാളുരിപ്പിടിച്ചു നില്പായി. കിട്ടൻപട്ടർ എറണാകുള
ത്തേക്കും തിരുപ്പാട് ചിറക്കലേക്കും വലിക്കാരെ 'വലിച്ചു'തുട
ങ്ങി. അമരക്കാരന് കാൎയ്യം മനസ്സിലായില്ല. ആയാൾ പക
ച്ചുപോയി. തിരുപ്പാട് വാൾ നീട്ടിക്കൊണ്ട് "ചിറക്കലെടു
ക്കട്ടെ എന്നുപറഞ്ഞില്ലേ?" എന്ന് അമരക്കാരനെ ശാസി
ച്ചു. മൂത്തകയ്മൾ പറഞ്ഞിരുന്നത് എറണാകുളത്തേയ്ക്കാണെ
ന്നു വലിക്കാൎക്കു നിശ്ചയമുണ്ടായിരുന്നു. അവരും കിട്ടൻപ

ട്ടരും ഒരുഭാഗമായിത്തുടങ്ങി. തിരുപ്പാടിനെ തട്ടി താഴത്തിട്ട് ബോട്ട് എറണാകുളത്തേക്കുതന്നെ തിരിക്കുവാൻ നിശ്ചയിച്ചു. ചിലർ തണ്ടുംകുററി ഊരിത്തുടങ്ങി. ഇങ്ങിനെ അധികനേരം നില്ക്കേണ്ടി വന്നില്ല. കാൽ നാഴികക്കുള്ളിൽ രണ്ടുവലിയ ഓടികൾ ബോട്ടിൻെറ രണ്ടുവശത്തും വന്നടുത്തു. രണ്ടിലും അമ്പതാളിൽ കുറവല്ല. ഓരോ പങ്കായം എല്ലാവരുടെ കയ്യിലുമുണ്ടായിരുന്നു. ഇത്രയുമായപ്പോൾ ബോട്ടുകാരുടെ കഥ പരുങ്ങലിലായി. തിരുപ്പാടിൻെറ കല്പന കേട്ടില്ലെങ്കിൽ ജീവനോടുകൂടി തിരിച്ചുപോകുവാൻ സാധിക്കില്ലെന്ന് അവക്കു ബോദ്ധ്യമായി. ബോട്ട് നേരെ ചിറക്കലടുപ്പിച്ചു. കടവിലടുക്കുന്നതുവരെ രണ്ടോടികളും ഒരുമിച്ചുതന്നെ ഉണ്ടായിരുന്നു. ബോട്ടു കരയ്ക്കടുത്തപ്പോൾ ഉണ്ണിമായയോട് കരക്കിറങ്ങുവാൻ പറഞ്ഞു. എന്നല്ല ആയാൾ കയ്യുപിടിച്ചിറക്കുകയും ചെയ്തു കിട്ടൻപട്ടർക്കു ഒരു പ്രകൃതവുമില്ല. ആകപ്പാടെ ആയാൾ വല്ലാതെ പരിഭ്രമിച്ചിരിക്കുന്നു. ഒരക്ഷരം പുറപ്പെട്ടുന്നില്ല. ഉണ്ണിമായ കരയ്ക്കിറങ്ങിയപ്പോൾ ബോട്ടുകാരോട് തിരിച്ചുപൊയ്ക്കൊള്ളുവാൻ ആജ്ഞാപിച്ചു. കിട്ടൻപട്ടരും ബോട്ടിൽതന്നെയുണ്ടായിരുന്നു. ബോട്ടു തിരിച്ചിട്ടും ഓടികൾ പിടിവിട്ടില്ല. കാക്കത്തുരുത്തി എത്തുന്നതുവരെ അവർ ബോട്ടിനെ പിന്തുടന്നു. എന്നാൽ യാതൊരു ശല്യവും ചെയ്തില്ല. ഇനി തിരിച്ചുവരില്ലെന്നു തോന്നിയപ്പോൾ ഓടിരണ്ടും മടങ്ങിപ്പോരികയും ചെയ്തു.

## പതിനഞ്ചാമദ്ധ്യായം.

‘കൊടുങ്ങല്ലൂർ കോട്ട’ യെപ്പററി പലതവണയും പ്രസ്താവിക്കുകയുണ്ടായിട്ടുണ്ടല്ലൊ. ഇപ്പോൾ അതിൻെറ സ്ഥിതി എങ്ങിനെയിരിക്കുന്നുവെന്നു പ്രത്യേകം ധരിച്ചിരിക്കേണ്ട

താണ്. സുപ്രസിദ്ധമായ തിരുവഞ്ചിക്കുളം ക്ഷേത്രത്തിൻെറ തെക്ക കൊടുങ്ങല്ലൂർ കരയുടെ തെക്കേ അതിരിൽ കിഴക്കപടിഞ്ഞാറ് നെടുനീളത്തിൽ കിടക്കുന്ന പെരിയാറിൻെറ ഉത്തരതീരത്തിലാണ് ആ കോട്ട കെട്ടപ്പെട്ടിരിക്കുന്നത്. വടക്കനിന്നും ഈശാനകോണിൽനിന്നും വന്നു പെരിയാറിൽക്കൂടി പടിഞ്ഞാറേ സമുദ്രത്തിലേക്ക പ്രവഹിച്ചുകൊണ്ടിരിക്കുന്ന സാമാന്യം വലിയ രണ്ടുപോഷകനദികളുടെ സമ്മേളനം നിമിത്തം വളരെ വിശാലമായിത്തീൎന്നിരിക്കുന്ന ജലാശയത്താൽ കോട്ടയുടെ കിഴക്കുവശവും അതി ദുൎഗ്ഗമായിരുന്നു. ഇപ്രകാരം കിഴക്കും തെക്കും പ്രകൃതിതന്നെ ശത്രുനിവാരണോപായം നിൎമ്മിച്ചിരുന്നതും പിന്നെ മനുഷ്യകൃതങ്ങളായ മഹാപ്രാകാരങ്ങളാൽ പരിവൃതവുമായ ഒരൊന്നാന്തരം രക്ഷാസ്ഥാനമായിരുന്നു കൊടുങ്ങല്ലൂർ കോട്ട. കല്ലും കുമ്മായവും കൂട്ടി യോജിപ്പിച്ച് ആന കുത്തിയാൽ ഇളകാത്തവിധം അത്ര ബലത്തിലാണ് അതിൻെറ മതിൽ നിൎമ്മിച്ചിരുന്നത്. കോട്ടയ്ക്കകത്ത് ഒരു വലിയ ഗോപുരവും ചുററും അനവധി വെൺമേടകളും ഉണ്ടാക്കിയിരുന്നു. ആനപ്പന്തി, കുതിരലായം, ആയുധശാല, എന്നുവേണ്ട ഒരു കോട്ടയ്ക്കകത്ത് ഉണ്ടായിരിക്കേണ്ട മിക്ക ഏൎപ്പാടുകളും അവിടെയുണ്ട്. വാണിജ്യവസ്തുക്കൾ നിരത്തിവെച്ചിരിക്കുന്ന അങ്ങാടിത്തെരുവുകൾ കോട്ടയോടു തൊട്ടു അടുത്തുതന്നെയുണ്ടായിരുന്നു. കാഴ്ചയിൽതന്നെ ശത്രുക്കൾക്കു ഭയവും മിത്രങ്ങൾക്കു സാഹവും സ്വസ്ഥന്മാൎക്ക അത്ഭുതവും ജനിക്കത്തക്ക ഒരു പ്രത്യക്ഷസ്ഥലമായിരുന്നു അന്നത്തെ കൊടുങ്ങല്ലൂർ കോട്ട.

കാൎയ്യമിപ്രകാരമാണെങ്കിലും ഇപ്പോൾ അതിൻെറ പ്രകൃതം കുറച്ചൊന്നു മാറിയിട്ടുണ്ടെന്നു പറയാതെ നിവൃത്തിയില്ല. അങ്ങാടിത്തെരുവുകളിൽ ആൾസഞ്ചാരം വളരെ കുറഞ്ഞിരിക്കുന്നു. എന്നുമാത്രമല്ല കെട്ടിടങ്ങൾ കത്തിക്കരിഞ്ഞും പൊട്ടിപ്പൊളിഞ്ഞും നാഥനില്ലാതെ കിടന്നു നശിക്കുന്നു.

കോട്ടമതിലിന്റെ വടക്കും പടിഞ്ഞാറും ഭാഗങ്ങൾ അവിട വിടെ വീണുതകൎന്നിരിക്കുന്നു. ആനപ്പന്തിയും കുതിരാലയവും ശൂന്യംതന്നെ. എന്നാൽ കോട്ടയ്ക്കകം വിജനമെന്നു പറഞ്ഞു കൂടാ. അവിടെ അനവധി കൂടാരങ്ങളും അവയിൽ നിറച്ചു ആളുകളും ഉണ്ട്. അവിടെച്ചെന്നുനോക്കിയാൽ ഒരു യുദ്ധം നടന്നതിന്റെ എല്ലാം ലക്ഷണങ്ങളും സ്പഷ്ടമായി കാണാം. കൂടാരമടിച്ചു കൂടിയിരിക്കുന്നവർ തന്നെയായിരിക്കണം കോട്ട കീഴടക്കിയത്. അവരെല്ലാം പ്രായേണ സമാനന്മാരായി കാണപ്പെടുന്നതിനാൽ പ്രമാണികൾ വേറെയുണ്ടായിരിക്കുമെന്ന് ഊഹിക്കാം. കോട്ടയ്ക്കകത്തുള്ള ഗോപുരത്തിന്നു യാതൊരു കോട്ടവും സംഭവിച്ചിട്ടില്ല. അതിന്റെ മുകളിൽ ഒരു രാസ്ഥാനമണ്ഡപമുണ്ടായിരുന്നു. അവിടെയാണ് ഗോദവൎമ്മ രാജാവു പെരുമാറിയിരുന്നത്. എന്നാൽ ഇപ്പോൾ അദ്ദേഹം അവിടെയില്ല.

ഗോപുരത്തിന്റെ ചുവട്ടിൽ വിശാലമായ ഒരു പൂമുഖമുണ്ട്. പാലിയത്തച്ചൻ അവിടെത്തന്നെ ഉണ്ടായിരുന്നു. അച്ചനെ കൂടാതെ അഞ്ചെട്ടാളുകൾ വേറെയുമുണ്ട്. അവരാരും തന്നെ ഗോദവൎമ്മരാജാവിന്റെയോ പറങ്കികളുടെയോ ആൾക്കാരായിരുന്നില്ലെന്ന് അച്ഛന്റെ ഭക്തിബഹുമാനങ്ങൾ വിളിച്ചുപറയുന്നുണ്ടായിരുന്നു. സാമൂതിരിപ്പാട്; പെരുമ്പടപ്പു മൂപ്പിന്ന്, ചാഴൂർ തമ്പുരാൻ, ലന്തപ്രമാണികൾ അവരുടെ ദ്വിഭാഷി ഇങ്ങിനെ ചിലരായിരുന്നു അച്ചന്റെ ഭാവനാവിശേഷങ്ങൾക്ക വിഷയീഭൂതന്മാർ.

'വാന്ദർ മെഡൻ' എന്ന കപ്പിത്താനും കൂട്ടരും കൂടി അഴിക്കോട്ട കൈവശപ്പെടുത്തിയതും അത് സാമൂതിരിപ്പാട്ടിനെ ഏല്പിച്ചുകൊടുത്ത് മടങ്ങിപ്പോയതും ഇതിന്നു മുമ്പ് വിവരിച്ചിട്ടുണ്ടല്ലൊ. അവർതന്നെ ഇപ്പോൾ രണ്ടാമതും വന്നിരിക്കുന്നു. ഇത്തവണ വലിയ കപ്പിത്താൻ 'വാൻഗ്നസ്' കൂടി പുറപ്പെട്ടിട്ടുണ്ട്. ഇവർ വരുംവഴി കൊല്ലത്തു

വന്ന് ആ സ്ഥലം കൈവശപ്പെടുത്തി മുമ്പിലത്തെപ്പോലെ വയ്പിൽ വന്ന് കപ്പലിറങ്ങി പെരുമ്പടപ്പുമൂപ്പിലേയും മററു ശക്തികളുടേയും സഹായത്താൽ കൊടുങ്ങല്ലൂർ കോട്ട കൈവശപ്പെടുത്തിയിരിക്കയാണ്. ഇക്കാൎയ്യത്തിൽ പാലിയത്തച്ഛൻെറ സഹായം പ്രത്യേകമുണ്ടായിട്ടുണ്ട്. 'വാൻഗൂസ്' കോട്ട വളഞ്ഞ സമയം അച്ഛനും അതിനകത്തുണ്ടായിരുന്നു. അദ്ദേഹം വളരെ അപ്രശസ്തനും ഏകദേശം ഒരു തടവുപുള്ളിയുമായിരുന്നതിനാൽ യുദ്ധത്തിൽ ഗോദവൎമ്മരാജാവിൻെറ ഭാഗം ഒന്നും ചെയ്യേണ്ടിവന്നില്ല. ലന്തക്കാർ വലിയ തോക്കുകൊണ്ടുള്ള പ്രയോഗം തുടങ്ങിയപ്പോൾ കോട്ടയ്ക്കകത്തുള്ളവർ വല്ലാതെ വിഷമിച്ചു. എങ്കിലും അവർ ആയുധംവെച്ചു കീഴടങ്ങുവാൻ ഒരുങ്ങിയില്ല. ശത്രുക്കൾ കേറിയപ്പോൾ നായർ പട്ടാളവും പറങ്കി ഭടന്മാരും ശക്തിയോടുകൂടി തടുത്തു. ഒടുക്കം വളരെ ആൾനാശത്തോടുകൂടി തോററോടേണ്ടതായും വന്നു. ഇതിനിടയ്ക്ക് പാലിയത്തച്ഛൻ എങ്ങിനെയൊ പുറത്തു ചാടി ലന്തക്കാരുടെ ഭാഗത്തു ചേൎന്നിരുന്നു. അവർ ആദരവോടുകൂടി അച്ഛനെ സ്വീകരിക്കുകയും അദ്ദേഹത്തിൻെറ ഉപദേശപ്രകാരം സൈന്യങ്ങളെ നയിക്കുകയും ചെയ്തു. അതുനിമിത്തമാണ് ലന്തക്കാൎക്കു ഇത്ര എളുപ്പത്തിൽ കോട്ടയ്ക്കകത്തു കടപ്പാനും മററും സാധിച്ചത്. ശേഷിച്ച സൈന്യങ്ങളോടുകൂടി പറങ്കിപ്രമാണിയും ഗോദവൎമ്മ രാജാവും എവിടയ്ക്കോ ഓടിയിരുന്നതിനാൽ ലന്തക്കാൎക്കു ആരേയും പിടിച്ചു ബന്ധിക്കേണ്ടതായി വന്നില്ല. അവർ നേരെ കോട്ടയ്ക്കകത്തു കടന്ന് അതു തങ്ങളുടെ രക്ഷാസ്ഥാനമാക്കിവെച്ച് അവിടെ ഉറച്ചിരിപ്പായി. ഈ വഴിക്കാണ് സാമൂതിരിപ്പാടും മൂപ്പിന്നും മററും ഈ കോട്ടയിൽ കടന്നുകൂടിയത്.

ഈ കൃത്യം നടന്നിട്ട് അധികം ദിവസമായിട്ടില്ല. എങ്കിലും കൊച്ചിപ്പട്ടണം കീഴടക്കുവാനുള്ള ആലോചനയായി

രിക്കുന്നു. കുറേക്കാലമായി യാതൊരു ബാധയും കൂടാതെ രാജ്യഭാരം നടത്തിച്ചുവന്നതിനാൽ ഇയ്യിടെ ഉദാസീനന്മാരായിത്തീൎന്ന പറങ്കികൾ സൈന്യശേഖരത്തിലും മററു സാമഗ്രികളെ സമ്പാദിക്കുന്നതിലും അവരുടെ രക്ഷാസ്ഥാനങ്ങൾ സംരക്ഷിക്കുന്നതിന്നു പോലും അത്ര ശ്രദ്ധിച്ചിരുന്നില്ല. ഭരണാധികാരം നാട്ടുരാജാക്കന്മാരിൽ സമൎപ്പിച്ച് ദ്രവ്യം സമ്പാദിപ്പാനായിരുന്നു അവർ പ്രധാനമായി ശ്രമിച്ചിരുന്നത്. ഈ സന്ദൎഭത്തിൽ അവരെ ഓടിക്കുവാൻ നല്ല തരമാണെന്നും മററും ഈ ചെറിയ യുദ്ധംകൊണ്ടുതന്നെ ലന്തക്കാർ ധരിച്ചുകഴിഞ്ഞു. മററു സകല രഹസ്യങ്ങളും പാലിയത്തച്ചൻ വിസ്തരിച്ചുപറഞ്ഞിട്ടുമുണ്ട്. ഇതെല്ലാമാണ് കൊച്ചി പിടിച്ചടക്കുവാൻ ലന്തക്കാർ ബദ്ധപ്പെടുന്നതിന്റെ സാരം. ഇപ്പോൾ കൊടുങ്ങല്ലൂർ കോട്ടയിൽ മേൽനടവടികളെക്കുറിച്ചുള്ള ആലോചനയുടെ തിരക്കാണ്. മൂപ്പിന്നും സാമൂതിരിപ്പാടും മററുമുണ്ടെങ്കിലും ലന്തക്കാർ പാലിയത്തച്ചനോടാണ് പ്രധാനമായി ആലോചിക്കുന്നത്.

പാലിയത്തച്ചൻ കൂട്ടത്തിൽ കൂടിയപ്പോൾ മൂപ്പിലേക്ക് കുറെ വൈരസ്യമുണ്ടാകാതിരുന്നില്ല. ഇതത്ര പന്തിയല്ലെന്നും അച്ചനെ പ്രത്യേകം സൂക്ഷിക്കേണമെന്നും അവിടുന്ന് ലന്തക്കാരെ അറിയിച്ചു. എന്നാൽ അവർ ഈ അഭിപ്രായത്തെ തീരെ കൈക്കൊണ്ടില്ല. അങ്ങിനെ ചെയ്യുന്നത് അവരെ സംബന്ധിച്ചിടത്തോളം അന്യായവുമായിരുന്നു. പള്ളിപ്പുറം കോട്ട സാമൂതിരിപ്പാടിനെ ഏല്പിച്ച് "വാന്ദർമൈഡൻ" യാത്രപുറപ്പെട്ടസമയം അച്ചൻ ആയാളുടെ കപ്പലിൽ കയറിച്ചെല്ലുകയും മേലാൽ വേണ്ട നടപടികൾക്ക് ഒരുടമ്പടി എഴുതിമാറുകയും മററുമുണ്ടായിട്ടുള്ള വിവരം ഇതുവരെ മൂപ്പിലേക്കും കൂട്ടൎക്കും അറിവാൻ കഴിഞ്ഞിട്ടില്ല. മൂപ്പിന്ന് അച്ചന്റെ പേരിൽ ദൂഷ്യാരോപം ചെയ്തുകണ്ടപ്പോൾ ലന്തപ്രമാണികൾ വളരെ അത്ഭുതപ്പെട്ടു. എന്നാൽ പ്രതികക്ഷി

കഠംക്ക് അച്ചൻെറ കാൎയ്യത്തിൽ അധികം തക്കിക്കേണ്ടി വന്നില്ല. ഇടയിൽ നിന്നിരുന്ന നമ്മുടെ ദ്വിഭാഷി ഇരുകൂട്ടരേയും സംഗതികഠം വഴിപോലെ ധരിപ്പിച്ചു. താൻ സൂക്ഷിച്ചുവച്ചിരുന്ന ആ ഉടമ്പടി അങ്ങിനെത്തന്നെ മൂപ്പിലേ കയ്യിൽ കൊടുക്കുകയും ചെയ്തു.

അതോടുകൂടി മൂപ്പിലെ സകല തെററിദ്ധാരണകളും സംശയങ്ങളും തീൎന്നു പൂൎവ്വസ്ഥിതിയേ പ്രാപിച്ചു. ഇങ്ങിനെയാണ് അച്ചനു ഇവരുടെ സംഘത്തിൽ പ്രവേശം ലഭിച്ചതും കാൎയ്യാലോചനയിൽ ഒരു പ്രധാനഭാഗത്തിന്ന് അദ്ദേഹം അഷ്നായി തീൎന്നതും. ഈ വക സംഗതികഠം ഇവിടെ ഇരിക്കുട്ടെ. ഇപ്പോഠം കൊടുങ്ങല്ലൂർകോട്ടയിൽ കൂടിയിരിക്കുന്നവരുടെ ആലോചനകളും അതിൻെറ പരിണാമവും എന്താണെന്നുകൂടി കുറച്ചൊന്നു നിരൂപിക്കാം. അവരുടെ അധീനത്തിൽ വന്ന ആ പുതിയ സ്ഥലം കുറേക്കൂടി ഉറപ്പിച്ചു നിൎത്തുകയും കൊച്ചിയിൽ ഏതെങ്കിലും ഒരു നല്ല സ്ഥലം ഉടനെ കൈവശപ്പെടുത്തുകയുമാണ് ആദ്യമായി വേണ്ടതെന്നു നിശ്ചയിച്ചിരുന്നു. ഈ ആവശ്യത്തിലേക്കു കൊച്ചി 'വലിയ ബിഷപ്പി'ൻെറ സ്ഥലങ്ങഠം ഏൎപ്പാടുചെയ്യുവാൻ വലിയ പ്രയാസമുണ്ടാകയില്ലെന്നും ആ ഭാരം താൻ കഴിച്ചുകൊള്ളാമെന്നും അച്ചനഭിപ്രായപെട്ടു. ലന്തസ്സൈന്യങ്ങളെ കപ്പൽ വഴി കൊച്ചിത്തുറമുഖത്ത് ഇറക്കുകയും മൂപ്പിലേയും തൻെറയും ആഠംക്കാരെ കരവഴി കൊച്ചിപ്പട്ടണത്തിനു തെക്കുവശം എത്തിക്കുകയും വേണമെന്നാണ് അച്ചൻെറ അഭിപ്രായം. താനും ദ്വിഭാഷിയുംകൂടി കൊച്ചിയിൽ ചെന്നു സ്ഥലം തയ്യാറു ചെയ്തുകൊള്ളാമെന്നും മൂപ്പിന്നും മററും ലന്തക്കാർ ഒരുമിച്ചു കപ്പൽമാൎഗ്ഗം അവിടെ എത്തിയാൽ മതി എന്നും അദ്ദേഹം നിശ്ചയിച്ചിരുന്നു. ഇപ്രകാരം ആ സംഘം പിരിഞ്ഞു. മേൽ നടവടികഠം നടത്തുവാനുള്ള പ്രാരംഭമായി. ആ സമയത്തു ചേററുകുളത്തു ഭട്ടതിരി അവിടെ കേറിച്ചെന്നു. ഇ

ത്തു കണ്ടപ്പോൾ മൂപ്പിന്നു കുറച്ചു വിഷണ്ണനായി. അച്ഛൻ നിരപരാധിയാണെന്നും മററും ഭട്ടതിരി എത്ര തന്നെ പറഞ്ഞിട്ടും അതു കൈക്കൊള്ളാതെ ഇരുന്നു് ഇപ്പോൾ യഥാപൂർവ്വം സ്വീകരിച്ചുകഴിഞ്ഞതു് അറിഞ്ഞാൽ അദ്ദേഹം എന്തു പറയുമെന്നായിരുന്നു മൂപ്പിലെ വിചാരം. എന്നാൽ അതൊന്നും അദ്ദേഹം നടിച്ചില്ല.

ഉണ്ണിമായയെ കൊണ്ടുപോയി ഏല്പിച്ചതിൽപിന്നെ പലപ്പോഴും ചെയ്യാറുള്ളതുപോലെ അവളുടെ ക്ഷേമങ്ങളന്വേഷിപ്പാനായി ഒരു തവണ ഭട്ടതിരി തൃശ്ശൂർ ചെന്നപ്പോൾ അവിടത്തെ കഥ വളരെ കഷ്ടത്തിലായിരുന്നു. ആരെ കാണ്മാനായി അദ്ദേഹം പുറപ്പെട്ടുവോ ആ ആൾ മാത്രം അവിടെ ഇല്ല. വിശ്വസ്തനായ ഒരാൾ വന്നു കൂട്ടിക്കൊണ്ടു പോയതായിരുന്നുവെങ്കിൽ സമാധാനമുണ്ടായിരുന്നു. നേരെ മറിച്ചു് ഊരും പേരുമില്ലാത്ത കവർച്ചക്കാർ കടന്നു വന്നു് ബലാല്ക്കാരേണ പിടിച്ചുകൊണ്ടു പോയി എന്നറിഞ്ഞപ്പോൾ അദ്ദേഹത്തിനുണ്ടായ വ്യസനവും പരിഭ്രമവും ഇന്ന വിധത്തിലാണെന്നു പറവാനില്ല. ഭട്ടതിരിയോടു ഉണ്ണിമായയെ ഏററു വാങ്ങിയിരുന്ന ആ തറവാട്ടുകാരും അതികഠിനമായി വ്യസനിച്ചിരുന്നു. സംഭവം നടന്ന പിറെറ ദിവസംതന്നെ കിട്ടൻപട്ടരെ പിടിച്ചുകൊണ്ടുവരുവാൻ ആൾ പോയിരുന്നു പക്ഷെ അദ്ദേഹത്തിനെ ഒരു ദിക്കിലും കണ്ടുകിട്ടിയില്ല. നാടുമുഴുവൻ അരാജകത്വം ബാധിച്ചിരുന്ന അക്കാലത്തു സങ്കടം അറിയിക്കാനും അറിയാനും ആരുമുണ്ടായിരുന്നില്ല. വാൾ എടുത്തവരെല്ലാം വെളിച്ചപ്പാടു് എന്ന മട്ടായിരുന്നു.

ചിങ്ങപുരത്തുകാരുടെ അന്വേഷണംകൊണ്ടു് യാതൊരു ഫലവുമുണ്ടായില്ലെന്നില്ല. ഉണ്ണിമായയെ പിടിച്ചുകൊണ്ടു പോയതു് ആരാണെന്നറിഞ്ഞിട്ടില്ലെങ്കിലും അവൾ എവിടെയാണെന്നും ആരുടെ രക്ഷയിലാണെന്നും അവർക്കറിവാൻ കഴിഞ്ഞിരുന്നു. ഈ സംഗതി ചിങ്ങപുരത്തുകാർ മാത്രമല്ല,

ആ നാട്ടുകാർ ഒട്ടു മുഴുവനും അറിഞ്ഞിട്ടുണ്ട്. കിട്ടൻപട്ടരുടെ ആൾക്കാർ പിടിച്ചു കൊണ്ടുപോയത് അദ്ധ്‌രാത്രിയായിരുന്നെങ്കിലും വഴിക്കുവെച്ച് വേറെ ഒരാൾ ശക്തി പ്രയോഗിച്ച്, ആ ബോട്ട് ചിറ്റക്കൂലടപ്പിച്ചതും ഉണ്ണിമായയെ കരക്കിറക്കി കൊണ്ടുപോയതും മററും അത്ര ഗൂഢമായിട്ടല്ലായിരുന്നു. തന്നിമിത്തം അവളുടെ പുതിയ സങ്കേതസ്ഥാനം അഥവാ രക്ഷാസ്ഥാനം ചാഴൂർ കോവിലകമാണെന്നു പലരും ധരിച്ചിരുന്നു. ഏർ മുഖാന്തിരമാണ് അവളവിടെ ചെന്നു കൂടിയതെന്നോ അവളുടെ താല്ക്കാലികാവസ്ഥ എന്താണെന്നോ ആൎക്കും അറിഞ്ഞുകൂടാ. വിവരങ്ങൾ അറിഞ്ഞു വരുവാൻ ചിങ്ങപുരത്തുകാർ പോയിരുന്നപ്പോൾ ആരുമൊന്നും പറയാതെ 'ഉരുട്ടി' വിട്ടതേയുള്ളു. ഇത്രയും വിവരങ്ങൾ ചിങ്ങപുരത്തുനിന്നു മനസ്സിലായപ്പോൾ ഭട്ടതിരി നേരെ ചാഴൂക്കു തിരിച്ചു. അദ്ദേഹം അവിടേയും പരിചിതനായിരുന്നതിനാൽ ആൎക്കും അന്യഥാ ശങ്ക ഉണ്ടായിരുന്നില്ല. ഭട്ടതിരി ഏതാനും ദിവസം അവിടെ താമസിച്ച് ഉണ്ണിമായയെ കണ്ടു സംസാരിച്ച് സകല വിവരവും അറിഞ്ഞ് ചിങ്ങപുരത്തുകാരേയും സമാധാനിപ്പിച്ച് മടങ്ങിപ്പോരികയായിരുന്നു. അപ്പോഴാണ് കൊടുങ്ങല്ലൂർ പുതിയ യുദ്ധമുണ്ടായതും ഗോദവൎമ്മരാജാവ് ഓടിപ്പോയതും കോട്ട മൂപ്പിലെ ഭാഗഃത്തക്കു സ്വാധീനമായതും മററും ഇദ്ദേഹം കേട്ടത്. പോകുംവഴി അവിടെ ചെന്നു മൂപ്പിലേയും മററും കാണാമെന്നു കരുതി അദ്ദേഹം ഉത്സാഹത്തോടുകൂടി അങ്ങോട്ടു ചെന്നിരിക്കയാണ്. കോട്ടക്കകത്തു കടന്നപ്പോൾത്തന്നെ പാലിയത്തച്ചനെ കൂട്ടത്തിൽ കണ്ട് അദ്ദേഹം ആശ്ചര്യപ്പെട്ടു. 'കാലം തെളിഞ്ഞു' എന്നു കരുതുകയും ചെയ്തു.

അന്നു കൊടുങ്ങല്ലൂർകോട്ടയിലുണ്ടായിരുന്നവരിൽ ലന്തക്കാരുടെ മേലിംഗ്യഷിയാണ് ഭട്ടതിരിയുടെ ശ്രദ്ധയെ അധികമായി ആകർഷിച്ചത്. അവരുടെ നോട്ടം കണ്ടാൽ പരസ്പ

രം പരിചിതന്മാരായിരുന്നു എന്ന് ആൎക്കും അറിയാം. ഭട്ടതിരി അവരെ നോക്കിയിരുന്നപോലെത്തന്നെ അവർ ഭട്ടതിരിയേയും സൂക്ഷിച്ചു നോക്കിയിരുന്നു. ലന്തക്കാരൊഴികെ എല്ലാവൎക്കും ആളെ മനസ്സിലായി. ഭട്ടതിരിയുടെ ആഗമനത്തിൽ 'വാൻഗ്ലൂസ്' അല്പം സംശയിക്കാതിരുന്നില്ല. ഈ സന്ദൎഭത്തിൽ ദ്വിഭാഷി എന്തോ പറകയും ആയാൾ മുൻസ്ഥിതിപോലെ നിശ്ശങ്കനായി വൎത്തിക്കയും ചെയ്തു. അപരിചിതന്മാരെ കണ്ടിട്ടോ എന്തോ ഭട്ടതിരി അടുത്തു ചെല്ലാതെ ഒഴിഞ്ഞുനിന്നതേ ഉള്ളു. ഉടനെ ദ്വിഭാഷി മാടി വിളിക്കുകയാൽ അടുത്തു ചെന്ന് എല്ലാവരുടേയും അനുവാദപ്രകാരം അവിടെ ഇരുന്നു. ഭട്ടതിരിയുടെ ആഗമനത്തോടുകൂടി കോട്ടയിൽ കുറച്ചൊരു പ്രകൃതഭേദമുണ്ടായി. അവിടെ ഉണ്ടായിരുന്ന മലയാളികളുടെ ശ്രദ്ധ മുഴുവനും അദ്ദേഹത്തിന്റെ വാക്കിലും പ്രവൃത്തിയിലുമായിത്തീൎന്നു. അപ്പോൾ ലന്തക്കാൎക്ക് വിശേഷിച്ചു ജോലിയില്ലാതായി. 'കൂടാരത്തിൽചെന്നു സൈന്യങ്ങളുടെ ക്ഷേമങ്ങളന്വേഷിച്ചു വരാം' എന്നു ദ്വിഭാഷിയെ അറിയിച്ച് അവർ അവിടെനിന്നും എഴുന്നേറ്റു പോയി. ഇതു കണ്ടപ്പോൾ ഭട്ടതിരി ഒന്നു പരുങ്ങി. "അപകടത്തിലായൊ എന്റെ പുറപ്പാട്" എന്നു ചോദിച്ചതിന് "ഇല്ല. ആലോചനകളെല്ലാം ഒരു ദിക്കിൽ എത്തിയിരിക്കുന്നു. ഒരുവിധം നോക്കിയാൽ നല്ല അവസരത്തിലാണ് വന്നതെന്നും പറയാം?' എന്നു ദ്വിഭാഷി മറുവടി പറഞ്ഞു.

മൂപ്പിന്ന്—(ഭട്ടതിരിയോട്) എന്താ ഇങ്ങോട്ടു പുറപ്പെട്ടത്?

ഭട്ടതിരി—അങ്ങിനെ ഒന്നുമില്ല. സൌകൎയ്യമുണ്ടെങ്കിൽ ഒന്നു കണ്ടുപോകാമല്ലൊ എന്ന് വിചാരിച്ചാണ്.

മൂപ്പിന്ന്—ഞങ്ങൾ ഇവിടെയാണെന്ന് എവിടുന്നു മനസ്സിലായി?

ഭട്ടതിരി—ഇരിഞ്ഞാലക്കുടെ വന്നപ്പോൾ കേട്ടു.

ചാഴൂർ തമ്പുരാൻ—വടക്കുന്നാണൊ വരുന്നത്?

ഭട്ടതിരി—അതെ

ദ്വിഭാഷി—ചർച്ചയ്ക്കു് പോകയായിരിക്കും അല്ലേ?

ഭട്ടതിരി—ഇപ്പോൾ വേഴ്ചക്കു തന്നെയാണു് പോയതു്.

മൂപ്പിന്നു്—എവിടയ്ക്കാണു് പോയിരുന്നതു്?

ഭട്ടതിരി—ആദ്യം തൃശ്ശൂർക്കു്, പിന്നെ ചാഴൂർക്കും പോയി.

ചാഴൂർ ത—ആർക്കും വിശേഷമൊന്നും ഇല്ലല്ലൊ?

ഭട്ടതിരി—ഇല്ല; ഞാനറിഞ്ഞില്ല.

ദ്വിഭാഷി—എന്തെങ്കിലും അറിയാറുണ്ടോ?

ഭട്ടതിരി—അറിഞ്ഞു എന്നു നടിക്കാത്തവരെക്കാൾ കുറെ ഭേദം അറിയാത്തവർ തന്നെയാണു്.

ദ്വിഭാഷി—അറിഞ്ഞതു നടിക്കാറുണ്ടോ!

ഭട്ടതിരി—അടയ്ക്ക മടിയിൽ ഒതുക്കാം, അടയ്ക്കാമരമോ?

മൂപ്പിന്നു്—(അക്ഷമയോടെ) പട്ടേരി! ഞാനിത്രയൊന്നും വിചാരിച്ചില്ല.

ഭട്ടതിരി—വിചാരിക്കാതിരുന്നാലല്ലേ ആപത്തുണ്ടാവൂ?

മൂപ്പിന്നു്—ദൈവാധീനംകൊണ്ടു് ഇപ്പോൾ എല്ലാം നേരെയായി.

ഭട്ടതിരി—അങ്ങിനെയാകണമെന്നു തന്നെയാണു് മററുള്ളവരുടെ മോഹം.

മൂപ്പിന്നു്—ഇനി എങ്ങോട്ടാണു് യാത്ര?

ഭട്ടതിരി—എങ്ങോട്ടായാലും വിരോധമില്ല. ഇവിടെ വന്നു കണ്ടു് ഇത്രയും കഴിഞ്ഞപ്പോൾതന്നെ കൃതാർത്ഥനായി.

മൂപ്പിന്നു്—അതു് ബ്രാഹ്മണരുടെ സ്വഭാവമാണു്. സന്തോഷവും സംതൃപ്തിയും വേഗം കഴിയും.

ദ്വിഭാഷി—ശാപവും കോപവും അതുപോലെതന്നെയാണു്. ഇതുകൊണ്ടൊന്നും നമുക്കു തൃപ്തിയായില്ല.

ഭട്ടതിരി—ഇനിയും എന്നെ കഷണിപ്പിക്കണമെന്നാണൊ വിചാരം?

ദ്വിഭാഷി—ഇതിനു മുമ്പ് കരുതിക്കൂട്ടി കഷണിപ്പിച്ചതാണൊ?

ഭട്ടതിരി—ഇനി കുറെ അങ്ങിനേയും, അല്ലേ?

പാലിയത്തച്ഛൻ—വേണ്ടതെല്ലാം കൂടാതെ കഴിയുമൊ?

ഭട്ടതിരി—വേണ്ടതു ചെയ്താൽ വേണ്ടതു ചെയ്ത എന്നെങ്കിലും വേണ്ടതല്ലേ?

അച്ഛൻ—വേണ്ട ദിക്കിലല്ലെ അതും വേണ്ടു?

മൂപ്പിന്ന്—ഇപ്പോൾ ഇവിടെത്തന്നെ കൂടുവാനാണൊ ഭാവം?

ഭട്ടതിരി—ഇവിടെയെങ്കിൽ ഇവിടെ.

മൂപ്പിന്ന്—എന്നാൽ കൊച്ചിക്കുതന്നെ പോകരുതെ?

ഭട്ടതിരി—ആവശ്യമുണ്ടെങ്കിൽ അതിന്നും വിരോധമില്ല.

മൂപ്പിന്ന്—ആവശ്യമല്ല അത്യാവശ്യമാണ്.

ഭട്ടതിരി—എന്നാൽ അങ്ങിനെ ചെയ്യാൻ ഒരുക്കമാണ്.

മൂപ്പിന്ന്—(മറ്റുള്ളവരുടെ മുഖത്തുനോക്കി) ചിറ്റമ്മയെ വിവരമറിയിക്കാൻ ഒരാൾ പോകണമെന്നു വെച്ചിരുന്നത് ഭട്ടതിരി തന്നെയാണ് നല്ലത് അല്ലെ?

ചാഴൂർ—തരക്കേടില്ല. ആൾ നന്നായി

അച്ഛൻ—ഈ വക അത്യാവശ്യകാര്യങ്ങൾ നേരിടുമ്പോൾ എവിടുന്നെങ്കിലും ചാടി വീഴും. അതു ഭട്ടതിരിയുടെ ഒരു പ്രത്യേകയോഗമാണ്.

ഭട്ടതിരി—യോഗമൊ യോഗ്യതയൊ? ആകാവുന്നതു ചെയ്യാൻ മടിയില്ല.

ഇവർ ഇങ്ങിനെ പറഞ്ഞുകൊണ്ടിരിക്കുമ്പോൾ, കൂടാരത്തിൽ പോയിരുന്ന 'വാൻഗ്ലൂസ്' തിരിയെ വന്നുചേന്നു. മൂപ്പിന്നും മറ്റും സംഭാഷണം നിൎത്തി വെറുതെ ഇരിപ്പായി. ഈ സന്ദൎഭത്തിൽ ദ്വിഭാഷിയും അച്ഛനും കൂടി ഭട്ടതിരിയെ വിളിച്ചുംകൊണ്ടു പുറത്തേക്കിറങ്ങി. 'ഒന്നു നടന്നുവരാം' എന്നു വാൻഗ്ലൂസിനോടും പറഞ്ഞിരുന്നു. ഭട്ടതിരിയോടു പ്രത്യേകം ചിലതു ചോദിക്കുവാനുണ്ടായിരുന്നതുകൊണ്ടുതന്നെയാ

ണ്ട് അവർ അങ്ങിനെ ചെയ്തത്. ഭട്ടതിരിക്കാണെങ്കിൽ അച്ഛനെ കണ്ടുകിട്ടിയത് വലിയ കാൎയ്യമായി. വിശേഷിച്ചും ദ്വിഭാഷിയെക്കൂടി കണ്ടപ്പോൾ, അതു കരുതിയിരുന്നതുതന്നെയായിരുന്നെങ്കിലും അദ്ദേഹത്തിൻെറ സന്തോഷം എത്രമാത്രം വിപുലമായിതീൎന്നു എന്ന് പറഞ്ഞറിയിപ്പാൻ പ്രയാസം തന്നെ. അവർ, പുറത്തിറങ്ങിയ ശേഷം തങ്ങൾക്ക പറയാനുണ്ടായിരുന്ന പ്രത്യേകസംഗതികൾ എല്ലാം പ്രത്യേകം ഗ്രഹിച്ച് പരമസന്തുഷ്ടന്മാരായി ഏറെക്കുറെ 'അഹങ്കരിച്ചു.'. ഭട്ടതിരി അന്ന് കൊടുങ്ങല്ലൂർ കോട്ടയിൽതന്നെ താമസിച്ച് പിറേറന്നു രാവിലെ കൊച്ചിക്ക പുറപ്പെട്ടു.

---

## പതിനാറാം അദ്ധ്യായം.

---

കാലം മാറിക്കൊണ്ടിരിക്കുന്നത് അതിൻെറ സ്വഭാവമാണെങ്കിൽ അതറിയാതിരിക്കുന്നത് സാധാരണ ലോകത്തിൻേറയും സ്വഭാവമാണ്. ഇന്നും ഇന്നലയുമായി പറയത്തക്ക യാതൊരു ഭേദവും കാണുന്നില്ല. അഥവാ വല്ലതുമുണ്ടെങ്കിൽതന്നെ സാധാരണ ആരും അറിയുന്നില്ല. ഇതുവരെ എങ്ങിനെ കഴിഞ്ഞുകൂടി? അന്നെങ്ങിനെ കഴിഞ്ഞുകൂടുന്നു? മേലാൽ എങ്ങിനെ കഴിഞ്ഞുകൂടും? എന്നിങ്ങിനെയുള്ള കാലത്രയവിചാരം ചെയ്ത് കാൎയ്യങ്ങളെ ക്രമീകരിക്കുവാനുള്ള ശക്തി അധികം പേൎക്കും ഉണ്ടായിക്കാണുന്നില്ല. വാൎദ്ധക്യത്തിൽ വൈവശ്യത്തിന്നടിമപ്പെട്ടുമ്പോൾ താരുണ്യത്തിലെ തടിമിടുക്ക് സ്വപ്നം കാണുകയും അതു കിട്ടുവാൻ കഠിനമായി കാംക്ഷിക്കുകയും ചെയ്യുന്നവർ പലരുമുണ്ടെങ്കിലും കൊട്ടടയ്ക്ക കടിക്കുമ്പോൾ പല്ലിനു കേടാണെന്നുള്ള വിചാരം കുറച്ചുപേൎക്ക് ഉണ്ടാകുന്നുള്ളു. കാൎയ്യങ്ങൾ ഇങ്ങിനെ ഇരിക്കെ പ്രാപ

ഷികപടാൎത്ഥങ്ങൾക്കു പഴക്കത്തിൽ പ്രകൃതമാററം കാണുമ്പോൾ എന്താണാശ്ചൎയ്യപ്പെടുവാനുള്ളത്?

ഒരു കാലത്ത് പറങ്കികളുടെ അവസ്ഥ എന്തായിരുന്നു? ഇപ്പോൾ എങ്ങിനെ ഇരിക്കുന്നു? അടുത്ത കാലംവരെ അവൎക്കാരും എതിരുണ്ടായിരുന്നില്ല. എന്നാൽ ഇപ്പോൾ പലരേയും ഭയപ്പെടേണ്ടതായി വന്നിരിക്കുന്നു. അവർ ആദികാലങ്ങളിൽ സമ്പാദിച്ചിരുന്ന രക്ഷാസ്ഥാനങ്ങൾ ഓരോന്നോരോന്നായി കൈവിട്ടുതുടങ്ങി. തിരുവിതാംകൂറിൽ ഒരു പ്രധാനസ്ഥലമായ കൊല്ലംപട്ടണവും മററു സങ്കേതസ്ഥലങ്ങളും വീണ്ടും അന്യാധീനത്തിലായി. കൊച്ചിയിൽ 'അഴിക്കോട്ട്' കൈവിട്ട് പോയിട്ട് മാസം കുറെ കഴിഞ്ഞിരിക്കുന്നു. ഇപ്പോൾ ഇതാ കൊടുങ്ങല്ലൂർകോട്ടയും ശത്രുക്കൾ കൈക്കേറി. അവിടേയുണ്ടായിരുന്ന പറങ്കിപ്രമാണിയും നഷ്ടാവശിഷ്ടമായ ഏതാനും സൈന്യവും കൊച്ചിയിൽ മാനുവൽകോട്ടയിൽ അഭയം പ്രാപിച്ചിരിക്കുന്നു. ഗോദവൎമ്മരാജാവ് എവിടെയാണെന്ന് ആൎക്കും അറിഞ്ഞുകൂടാ. പാലിയത്തച്ചൻ കൊടുങ്ങല്ലൂർകോട്ടയിൽനിന്നു ചാടിപ്പോയി മൂപ്പിലെ ഭാഗത്തു ചേരുകയും അദ്ദേഹത്തിന്നു അച്ഛന്റെ പേരിലുണ്ടായിരുന്ന തെററിദ്ധാരണ തീൎന്ന് രണ്ടുപേരും പൂൎവ്വാധികം യോജിച്ചുപ്പോട്ടുകൂടി പെരുമാറിത്തുടങ്ങുകയും ചെയ്തു. പെരുമ്പടപ്പുമൂപ്പിലേക്കു ദിനംപ്രതി ശക്തി കൂടിവരുന്നുണ്ട്. സാമൂതിരിപ്പാട്ടും സൈന്യവും പാലിയത്തച്ചനും ദുൎഗ്ഗക്കാരും എന്നുവേണ്ട വടക്കൻ പ്രദേശങ്ങളിലെ പ്രഭുക്കന്മാരും അദ്ദേഹത്തെ സഹായിപ്പാൻ ഒരുങ്ങി പുറപ്പെട്ടിട്ടുണ്ട്. സൎവ്വോപരി ലന്തക്കാരും ഒരുങ്ങിയിരിക്കുന്നു. ഇങ്ങിനെ മൂപ്പിലെ ഭാഗം വളരെ തടിച്ചുവശായി.

പറങ്കികളുടെ ഭാഗത്താണെങ്കിൽ ഇപ്പോൾ വിശേഷിച്ചാരുമില്ല. വെട്ടത്തുരാജാക്കന്മാരും അവരുടെ ഏതാനും സൈന്യവും മൂത്ത കയ്മളും കുറുപ്കാരും മാത്രമെ അവരുടെ

ഭാഗത്തുള്ളു. രാമണ്ണക്കോവിൽ സ്വതേ ഒരു പടയാളിയില്ലാ യിരുന്നതിനാൽ അദ്ദേഹത്തിൻെറസഹായം യുദ്ധക്കളത്തിൽ നിഷ്ഫലമെന്നുതന്നെ പറയാം. പേരിന്ന് പാലിയത്തച്ഛൻെറ പേരിൽ നിന്നിരുന്ന കൊച്ചിപ്പട നാഥനില്ലാതെ അലഞ്ഞു തിരിഞ്ഞു തുടങ്ങീട്ടു കാലം കുറെയായിരിക്കുന്നു. രാമവൎമ്മരാ ജാവിൻെറ രണ്ടാമത്തെ അനുജനായ വീര ആൎയ്യനെന്ന രാ ജാവായിരുന്നു ആ പടയുടെ അന്നത്തെ നാഥൻ. അച്ഛൻ കൊടുങ്ങല്ലൂൎക്ക് പുറപ്പെട്ടതു മുതൽക്കെ അദ്ദേഹം ഈ ജോലി യിൽ ഏൎപ്പെടുകയുണ്ടായുള്ളു. അദ്ദേഹം സ്വതെ പരിചയം കുറഞ്ഞ ആളായിരുന്നതിനാൽ ഉള്ള സൈന്യത്തെപ്പോ ലും ഭരിച്ചുകൊണ്ടുപോവാൻ അശക്തനുമായിരുന്നു. എല്ലാം കൂടി പറങ്കികൾ വല്ലാതെ അന്ധന്മാരായിത്തീൎന്നു. ഭല്ലൂ ലം ഭാരമെല്ലാം വെട്ടത്തുരാജാക്കന്മാരുടെ തലയിൽതന്നെ സമൎപ്പിക്കുവാൻ അവർ തീൎച്ചയാക്കി. എങ്കിലും പിന്നിൽനി ന്നുകൊണ്ടു വേണ്ട സഹായങ്ങളെല്ലാം ചെയ്യാനും ഉറച്ചി രുന്നു. ശത്രുക്കൾക്കു വെട്ടത്തുരാജാക്കന്മാരോടാണ് വൈര മെന്നും അവർ കരുതാതിരുന്നില്ല. അതിനാൽ തോററാലും ജയിച്ചാലും തരക്കേടു വരാത്ത നിലയിലാണ് പറങ്കികൾ നി ല്ക്കുവാൻ നിശ്ചയിച്ചത.

കൊച്ചിരാജ്യം മുഴുവനും മട്ടാഞ്ചേരി പ്രത്യേകിച്ചും ഒരു വലിയ വിപ്ലവമുണ്ടാവാനുള്ള പൂൎവ്വലക്ഷണങ്ങൾ ഓരോന്നാ യി കണ്ടുതുടങ്ങിയപ്പോഴും രാജ്ഞി ഗംഗാധരലക്ഷ്മിക്ക് യാ തൊരു ഭാവഭേദവും ഉണ്ടായില്ല. ഭാവി ഭയങ്കരമാണെന്ന റിയാഞ്ഞിട്ടോ നാട്ടുകാരിൽ അനുകമ്പയില്ലാഞ്ഞിട്ടോ അല്ല അവിടുന്നിങ്ങിനെ ഉള്ളുറച്ചിരുന്നത്. മൂപ്പിലെ സ്ഥാനഭ്രഷ്ടനാക്കിയതോടുകൂടി കലഹബീജം നട്ടുകഴിഞ്ഞു വെന്നും വെട്ടത്തു രാജാക്കന്മാരുടെ ആഗമനം അതിന്നു നല്ല വളമായിട്ടുണ്ടെന്നും മററും ‘കരതലാമലകം’പോലെ ക ണ്ടിരുന്നതിനാൽ യോഗികളുടെ പ്രാപഞ്ചികവ്യവഹാരം

പോലെ ഒന്നിലുമില്ലാതെ എല്ലാം ചെയ്തുകൊണ്ടാണ് രാജ്ഞി കഴിച്ചിരുന്നത്. വെട്ടത്തു രാജാവിൻെറ വേഴ്ച തുടങ്ങിയതോടുകൂടി രാമൻകോവിൽ കാൎയ്യാലോചനയ്ക്കു ചെന്നു രാജ്ഞിയെ അധികം ശല്യപ്പെടുത്താറില്ല. അവിടെയ്ക്കു പണ്ടേ പ്രിയമായിരുന്ന പുരാണപാരായണത്തിനും തത്വചിന്തയ്ക്കും ഇത് ഏറാക്കുറെ സഹായമായിത്തീൎന്നു. പുരാണവായനക്ക് പ്രത്യേകശമ്പളം കൊടുത്ത് ഒരാളെ നിയമിക്കുക തന്നെ ചെയ്തിരുന്നു. വായന ഉച്ചയ്ക്കാണ് പതിവ്. രാവിലെ കുളിയും ജപവും കഴിഞ്ഞാൽ ഭക്ഷണസമയം വരെ അന്നു വായിപ്പാനുള്ള ഭാഗം താൻതന്നെ നോക്കിവെയ്ക്കുക പതിവായിരുന്നു.

ലന്തക്കാർ കൊടുങ്ങല്ലൂർ കോട്ട കീഴടക്കി ഒരാഴ്ച കഴിഞ്ഞതിനു മേൽ ഒരു ദിവസം കാലത്തു ഭക്ഷണത്തിനു മുമ്പായി കൊച്ചിക്കോവിലകത്ത് പൂമുഖത്തിരുന്ന് പതിവുപോലെ രാജ്ഞി ഗ്രന്ഥം നോക്കുകയായിരുന്നു. അപ്പോൾ കോവിലകത്തിൻെറ പരിസരങ്ങളിൽ ഒരു വലിയ ലഹള കേട്ടു. നോക്കിയപ്പോൾ വെട്ടത്തുരാജാക്കന്മാരുടെ പടപുറപ്പാടാണെന്നു മനസ്സിലായി. ചേററുകുളത്തു ഭട്ടതിരി രണ്ടുദിവസം മുമ്പേ സംഗതികൾ പറഞ്ഞിരുന്നതിനാൽ അവിടേയ്ക്കു പരിഭ്രമമുണ്ടായില്ല. എന്നല്ല ലന്തക്കാർ വരുന്നുണ്ടായിരിക്കുമെന്ന് ഊഹിക്കുകയും ചെയ്തു. ഏതായാലും ഭക്ഷണം കഴിക്കുകതന്നെ, പിന്നത്തെക്കാൎയ്യം പിന്നെ എന്നുറച്ചു ഗ്രന്ഥം കെട്ടിവെച്ച് താഴത്തേയ്ക്കു പുറപ്പെട്ടു. അപ്പോഴയ്ക്കും അവിടെ ബഹളമായിരിക്കുന്നു. രാജ്ഞിയുടെ സേവകന്മാരും പരിചാരകന്മാരുമായി കുറെവളരെ ജനങ്ങൾ അവിടെ ഉണ്ടായിരുന്നു. അവർ നിലവിളിയും കൂട്ടവിളിയും തുടങ്ങിയിരിക്കുന്നു. ഉടനെ എല്ലാവരേയും വിളിച്ച് അവിടുന്നുതന്നെ സമാധാനിപ്പിച്ചു. വേഗം ഊണുകഴിച്ച് ഭയമുള്ളവരെല്ലാം അക്കരെ (എറണാകുളത്ത്) കടന്നു രക്ഷപ്പെട്ടുകൊള്ളു

വാൻ അനുവാദവും കൊടുത്തു. എന്നാൽ ചേററക്കുളത്തു ഭട്ടതിരിയും വേറെ രണ്ടു നമ്പൂതിരിമാരും നാലഞ്ചു വാലിയക്കാരും ഒന്നുരണ്ടു തിരുമുല്പാടന്മാരും രാജ്ഞിയോരുമിച്ച് അവിടത്തന്നെ താമസിച്ചു. രാജ്ഞിയും നമ്പൂതിരിമാരും ഊണുകഴിച്ചു മുകളിൽ ചെന്ന് ഇരിക്കുകയും ചെയ്തു.

അപ്പോൾ കോവിലകത്തിൻെറ നാലുഭാഗവും സൈന്യങ്ങളാൽ ചുററപ്പെട്ടിരുന്നു; വെട്ടത്തു രാജാക്കന്മാർ പ്രത്യേകം ശുഷ്കാന്തിവെച്ചു ചുററും സഞ്ചരിക്കുന്നുണ്ട്. രാമണങ്കോവിൽ താല്ക്കാലികങ്ങളായ ചില ഉപദേശങ്ങൾ കൊടുത്തുകൊണ്ട് ഒരു ദിക്കിൽ ഇരിക്കുകയാണ്. ശത്രുക്കളുടെ ഘോഷം കടലിരമ്പംപോലെ കേട്ടുതുടങ്ങി. കോവിലകത്തിൻെറ തെക്കുഭാഗത്താണ് അധികശക്തിയോടുകൂടി കേട്ടിരുന്നത്. ആകയാൽ എല്ലാവരും അങ്ങോട്ടുതന്നെ ശ്രദ്ധവെച്ചുകൊണ്ടിരുന്നു. കൊച്ചി, വലിയ ബിഷപ്പിൻെറ സ്ഥലം കൈവശപ്പെടുത്തി അവിടെ രക്ഷാസ്ഥാനം ഉറപ്പിച്ചതിനു ശേഷം 'വാൻഗ്ലുസ്' കപ്പൽമാർഗ്ഗമായി കുറെ തെക്കോട്ടു മാറി ഒരു ദിക്കിൽ ഇറങ്ങി. അവിടെനിന്നു താൻ പടയൊരുമിച്ചു വടക്കോട്ടാണ് കേറിത്തുടങ്ങിയിരുന്നത്. മൂപ്പിന്ന്, സാമൂതിരിപ്പാട്, പാലിയത്തച്ചൻ എന്നിവർ അവരവരുടെ സൈന്യങ്ങളോടൊന്നിച്ചുകൂടി ഒപ്പം ഉണ്ടായിരുന്നു. അധികം താമസിയാതെ രണ്ടു കക്ഷികളും അടുത്തു മുട്ടുകയും കൊച്ചിക്കോവിലകം ഒരു യുദ്ധക്കളമായിത്തീരുകയും ചെയ്തു. ഇരുകക്ഷികളും മത്സരിച്ചു പൊരുതുമ്പോൾ ഗംഗാധരലക്ഷ്മി യുദ്ധക്കളത്തിലേയ്ക്കു നോക്കിക്കൊണ്ടുതന്നെയിരുന്നു. രണ്ടു കൂട്ടരുടേയും യുദ്ധസമ്പ്രദായങ്ങൾ മനസ്സിരുത്തിക്കാണുകയും ചെയ്തു.

ഈ സമരത്തിൻെറ ആരംഭകാലത്തിൽ ചില ക്രമങ്ങളും മുറകളുമെല്ലാം ഉണ്ടായിരുന്നു. എന്നാൽ കുറച്ചുനേരം കൊണ്ടു അതൊരു സങ്കുലയുദ്ധമായിത്തീൎന്നു. കണ്ടവർ കണ്ടവരെ സംഹരിച്ചുതുടങ്ങി. രണ്ടു ഭാഗത്തും അനവധി യോ

ധാക്കം നഷ്ടപ്പെട്ടു. വെട്ടത്തു രാജാക്കന്മാർ മൂന്നുപേരും ഒ-
രേ പടക്കളത്തിൽ വെച്ചുതന്നെ വീഴ്ചസ്വർഗ്ഗം പ്രാപിച്ചു. അ-
പ്പോൾ നാഥനില്ലാത്ത ആ സൈന്യങ്ങൾ ഛിന്നഭിന്നമായി
അങ്ങുമിങ്ങും പാഞ്ഞു. ലന്തപ്പട നേരെ മട്ടാഞ്ചേരിക്കു കടന്നു
പറങ്കിക്കൊച്ചി കൈകേറുവാനുള്ള വട്ടമായി. പക്ഷെ അടു-
ത്തു ചെന്നപ്പോൾ പറങ്കികളുടെ ഒരുക്കങ്ങൾ കണ്ടു് ഒന്നു
സംശയിച്ചു. അവർ തങ്ങളുടെ കോട്ടയും മററും രക്ഷിച്ചുകൊ-
ണ്ടുതന്നെ ഇരുന്നിരുന്നു. ആകയാൽ പോയ വഴിയെ മുമ്പോ-
ട്ടു കയറുവാൻ ലന്തക്കാൎക്കു് ധൈൎയ്യമുണ്ടായില്ല. മട്ടാഞ്ചേരി
തോടിന്നൽ വടക്കെ വക്കത്തു സങ്കേതമുറപ്പിച്ചു. മറുഭാഗ-
ത്തു പറങ്കികളും അങ്ങുമിങ്ങും ആക്രമിക്കാതെ ഉറച്ചുനിന്നു.
ആയേടത്തോളം ആയി എന്നു ലന്തക്കാരും പോയതു പോ-
ട്ടെ എന്നു പറങ്കികളും നിശ്ചയിച്ചു. ലന്തക്കാരുടെ കൂട്ടത്തിൽ
ചില പ്രമാണികൾ നേരെ കോവിലകത്തു കയറിച്ചെന്നു.
അവിടെ രാജ്ഞിയും രണ്ടുമൂന്നു നമ്പൂതിരിമാരും മാത്രമെ ഉ-
ണ്ടായിരുന്നുള്ളു. സാധാരണ സൈന്യചാപല്യം അവിടെ പ്ര-
ത്യക്ഷപ്പെടാതിരുന്നില്ല. രാജ്ഞിയേയും നമ്പൂതിരിമാരെയും
പിടിച്ചു് ഒരു മുറിയിലിട്ടു് അടച്ചു. നമ്പൂതിരിമാർ വളരെ
പരിഭ്രമിച്ചു. രാജ്ഞിയ്ക്കു് ഒരു വികാരഭേദവുമുണ്ടായില്ല. രാമ-
ണങ്കോവിൽ എവിടെയാണെന്നുതന്നെ ആൎക്കും അറിഞ്ഞു
കൂട.

രാജ്ഞി ഗംഗാധരലക്ഷ്മിക്കും അനുചരന്മാൎക്കും ഈ ബ-
ന്ധനത്തിൽ അധികനേരം കിടക്കേണ്ടിവന്നില്ല. മൂപ്പിന്നും
മററും പിന്നാലെ വന്നിരുന്നു. കോവിലകത്തു കടന്നു് ആദ്യം
അന്വേഷിച്ചതു തന്റെ മാതാവിനെപ്പോലെ—മാതാവുത-
ന്നെ ആയിരുന്നു—ഇരുന്നിരുന്ന രാജ്ഞിയുടെ ക്ഷേമത്തെ
സംബന്ധിച്ചുതന്നെയായിരുന്നു. ലന്തഭടന്മാർ രാജ്ഞിയെ
അകത്തിട്ടടച്ചിരിക്കുന്നതായി അറിഞ്ഞു മൂപ്പിന്നു് വളരെ വ്യ-
സനിക്കുകയും ഉടനെ തുറന്നുവിടുവാൻ ആവശ്യപ്പെടുകയും

ചെയ്തു. വാതിൽ തുറന്നു ഗംഗാധരലക്ഷ്മി പുറത്തുവന്ന മാത്രയിൽ മൂപ്പിന്നു സാഷ്ടാംഗം നമസ്കരിച്ചു സമസ്താപരാധം പറഞ്ഞു. ലന്തഭാഷിയും ചാഴൂർ തമ്പുരാനും ഒരുമിച്ചുതന്നെയുണ്ടായിരുന്നു. അവരും രാജ്ഞിയെ നമസ്കരിച്ചു. ഉടനെ പാലിയത്തച്ചനും അടുത്തുചെന്നു തൊഴുതു വന്ദിച്ചു. "ഇതൊന്നും സാരമില്ല. എഴുന്നേൽക്കു" എന്നുപറഞ്ഞു രാജ്ഞി അടുത്തുചെന്ന് അവരെ പിടിച്ചെഴുന്നേല്പിച്ച് അവിടത്തെ രണ്ടു കൈകളും ശിരസ്സിൽ വച്ച് "കണക്കിലാവും!" എന്നു പറഞ്ഞ് ഓരോരുത്തരേയും പ്രത്യേകം പ്രത്യേകം അനുഗ്രഹിച്ചു. അനന്തരം രാജ്ഞി മുൻപിലും മറവുള്ളവർ പിൻപിലുമായി ആസ്ഥാനമണ്ഡപത്തിൽ ചെന്നു യഥാസ്ഥാനമിരുന്നു. അച്ചൻ അടുത്തുതന്നെ നില്ക്കുകയും ചെയ്തിരുന്നു.

രാജ്ഞി—ആരോട്, എന്താണ് ആദ്യം പറയേണ്ടതെന്ന് അറിഞ്ഞുകൂടാ. ഒന്നു തീച്ച: ആപത്തുകാലത്ത് അടുത്തുള്ളവർ തന്നെയാണ് ബന്ധുക്കൾ.

മൂപ്പിന്ന്—അതിനു സംഗതിവരണമെന്നുതന്നെയാണ് ഞങ്ങളുടെ ആഗ്രഹം.

രാജ്ഞി—(ഭാഷിയെ നോക്കിക്കൊണ്ട്) എവിടെയായിരുന്നു? ഈ നാട്ടുതന്നെ മറന്നുപോയോ എന്നു ശങ്കിച്ചു. ഏതായാലും കണ്ടതു നന്നായി.

ഭാഷി—സമയവും സൌകര്യവുമുള്ളപ്പോഴല്ലേ നടന്നു നാടുകാണുവാൻ സാധിക്കു? ഒന്നു ചുററിവന്നു എന്നേയുള്ളു.

രാജ്ഞി.—(അച്ചനോട്) എല്ലാവരും കൂടി മാനം കാത്തു രക്ഷിച്ചതു വളരെ സന്തോഷമായി. (മൂപ്പിലോട്) മേനവനെപ്പററി കുറച്ചൊന്നു തെററിദ്ധരിച്ചു ഇല്ലേ? (അച്ചൻ തൊഴുതുംകൊണ്ടുതന്നെ നിന്നു.)

മൂപ്പിന്ന്—അതെല്ലാം തീൎന്നു. ഇപ്പോൾ ഒന്നുമില്ല. ഇനി ഉണ്ടാകയുമില്ല.

രാജ്ഞി—അങ്ങിനെതന്നെയാണ് വേണ്ടത്. ബന്ധുക്കളെ വെറുപ്പിക്കരുത്. നമ്മളും പാലിയത്തുകാരും യോജിച്ചിരിക്കുന്നേടത്തോളം കാലം കൊച്ചിക്കു യാതൊരു കുറവും വന്നുചേരില്ല. (അച്ചനോട്) വേറെ വിശേഷമൊന്നുമില്ലല്ലോ?

അച്ചൻ—തൃപ്പാദദർശനം സാധിച്ചാൽ അതിൽപ്പരമായ ഒരു വിശേഷവും അടിയങ്ങൾക്കുണ്ടാകാനില്ല.

രാജ്ഞി—കുഡുംബത്തിലും സുഖംതന്നെയല്ലേ?

അച്ചൻ—എറാൻ, അതെ.

രാജ്ഞി—വേറെ രണ്ടുപേർ ഒരുമിച്ചുണ്ടായിരുന്നത് ആരാണ്?

മൂപ്പിന്ന്—ശങ്കരൻകണ്ടത്തു പണിക്കരും ചങ്ങരങ്കോത കർത്താവുമായിരിക്കും.

അച്ചൻ—അതെ.

രാജ്ഞി—ഓഹോ! കേട്ടിട്ടുണ്ട്.

മൂപ്പിന്ന്—നെടിയിരിപ്പു മൂപ്പിന്നും വന്നിട്ടുണ്ട്.

രാജ്ഞി—(എഴുനേൽക്കാൻ ഭാവിച്ചുകൊണ്ട്) എവിടെ, ഇങ്ങോട്ടു വരുന്നുണ്ടോ?

മൂപ്പിന്ന്—ഇല്ല. താഴത്തിരിക്കുന്നതേയുള്ളു.

രാജ്ഞി—എല്ലാം വേണ്ടപോലെ നോക്കിക്കൊള്ളണേ! ലന്തക്കപ്പിത്താൻ എവിടെ താമസിക്കുന്നു?

ദ്വിഭാഷി—വലിയ ബിഷപ്പിന്റെ സ്ഥലം അവരുടെ അധീനത്തിലായിട്ടുണ്ട്. അവിടെത്തന്നെയായിരിക്കും താമസം.

രാജ്ഞി—(നമ്പൂതിരിമാരോട്) നിങ്ങൾ ഇവിടെ കിടന്നു കഷ്ടപ്പെടേണമെന്നില്ല. നാലുപുറവും അശുദ്ധമായിരിക്കുന്നു. അതെല്ലാം എടുത്തുകളഞ്ഞു ശുദ്ധമാക്കണം. അതുവരെ അക്കരെസ്സുതന്നെ മാറിത്താമസിക്കുകയായിരിക്കും നല്ലത്.

നമ്പൂതിരിമാർ—വെട്ടത്തു രാജാക്കന്മാരെ സംസ്കരിക്കയല്ലേ

ഉത്തമം? അങ്ങിനെയാണെങ്കിൽ അതു കഴിച്ച് അക്കരയ്ക്കു കടന്നുകൊള്ളാം.

രാജ്ഞി—ഓ-ശരിതന്നെ. ഓൎമ്മപ്പെടുത്തിയതു നന്നായി. മന്ത്രസംസ്കാരംതന്നെ വേണം. സംശയമില്ല. (മൂപ്പിലോട്) എന്നാൽ അതു കഴിക്കുകയല്ലേ? അനാഥശവം സംസ്കരിച്ചാൽ വമ്പിച്ച ഫലമുണ്ട്. പിന്നെ കുറെക്കാലം ഇവിടത്തെ ആളായി ഇരിക്കുകയും ഉണ്ടായല്ലോ.

"അങ്ങിനെ ആയിക്കൊള്ളാം." എന്നു പറഞ്ഞ് മൂപ്പിന്നു താഴെയിറങ്ങി മരിച്ചുകിടക്കുന്ന "ക്ഷത്രത്രയി"യുടെ പരേതക്രിയയ്ക്കു വേണ്ട ഒരുക്കങ്ങളെല്ലാം ചെയ്തുതുടങ്ങി. ചുററുമുള്ള സ്ഥലങ്ങളെല്ലാം വൃത്തിയാക്കുവാനായി കൎത്താവും പണിക്കരും വേണ്ട ശ്രമങ്ങൾ ചെയ്തിരുന്നു. അവിടെ കിടപ്പുള്ള മൃതശരീരങ്ങളെല്ലാം എടുത്തു കൊണ്ടുപോയി കടപ്പുറത്തു ദൂരെ എങ്ങാൻ മറവുചെയ്യണമെന്നാണ് അവർ നിശ്ചയിച്ചിട്ടുള്ളത്. ഒപിഭാഷി സാമൂതിരിപ്പാടിനെ സല്ക്കരിക്കുവാനും അച്ചൻ സൈന്യങ്ങളെ അവിടവിടെ ഉറപ്പിച്ചു കോവിലകം രക്ഷിക്കുവാനും ഉത്സാഹമായി. ലന്തക്കാർ മട്ടാഞ്ചേരി സങ്കേതമുറപ്പിച്ചു കൈവശം വന്ന സ്ഥലങ്ങൾക്കു വേണ്ട രക്ഷകളെല്ലാം ചെയ്തുതുടങ്ങി. ഇങ്ങിനെ ഒരാഴ്ചയ്ക്കുള്ളിൽ കൊച്ചി കുറെ ശാന്തമായി. പറങ്കികളും ലന്തക്കാരും അങ്ങുമിങ്ങും കടക്കാതെയും എതിൎക്കാതെയും നിലയ്ക്കു നിന്നു.

സാമൂതിരിപ്പാട കൊച്ചിയിൽ അധികം താമസിക്കുവാനിഷ്ടപ്പെട്ടില്ല. അദ്ദേഹം ഉടനെ പള്ളിപ്പുറത്തു കടന്ന് അവിടെ സങ്കേതമുറപ്പിച്ചു. എന്നുമാത്രമല്ല, കൊടുങ്ങല്ലൂർ കോട്ടയും സാമൂതിരിപ്പാട്ടിലെ അധീനത്തിലാക്കാൻ തുടങ്ങി. ലന്തക്കാർ ഇതത്ര സമ്മതിച്ചില്ല. സാധാരണ യുദ്ധം കഴിഞ്ഞാലുണ്ടാവുന്നതുപോലെ ഒരന്തഃച്ഛിദ്രം അങ്കുരിച്ചു. ഉപായത്തിലിരുന്നാൽ ഒടുവിൽ സാമൂതിരിപ്പാടും തങ്ങളും തമ്മിൽ യുദ്ധം വേണ്ടിവരുമെന്നു ലന്തക്കാർ ആലോചിച്ചു. അ

വർ സാമൂതിരിപ്പാടിനെ തിരിയെ അയയ്ക്കുവാൻ ശ്രമംതുടങ്ങി. സാമൂതിരിപ്പാടാണെങ്കിൽ ഉടമ്പടിപ്രകാരം വലിയ ഒരു തുക തനിക്കു കിട്ടുവാനുണ്ടെന്നും ആ വക സംഖ്യ ഉടനെ ഒന്നായി കിട്ടണമെന്നും ശാഠ്യംപിടിച്ചു. അങ്ങിനെ ആവശ്യപ്പെടുന്നതു മറ്റാംഒയല്ലെന്നും സാമൂതിരിപ്പാടിൻെറ ഉദ്ദേശം മൂപ്പിലെ സഹായിക്കേണം എന്നു മാത്രമല്ലായിരുന്നു എന്ന് ഇതുകൊണ്ടുതന്നെ ഊഹിക്കാമെന്നും ദുരുദ്ദേശത്തോടുകൂടിയ സഹായം ശരിയായ പ്രതിഫലത്തെ അർഹിക്കുന്നില്ലെന്നും ലന്തക്കാർ വാദിച്ചു ഉടമ്പടിപ്രകാരം മുഴുവൻ നടത്തണമെങ്കിൽ ലന്തക്കാരെക്കൂടി യുദ്ധംചെയ്തു ജയിക്കണമെന്നും തല്ക്കാലം അതു കുറെ പ്രയാസമാണെന്നും സാമൂതിരിപ്പാട് ആലോചിക്കാതിരുന്നില്ല. ആകയാൽ കിട്ടിയതു വാങ്ങിക്കൊണ്ടുപോകുവാൻ അദ്ദേഹവും നിശ്ചയിച്ചു. സാമൂതിരിപ്പാട്ടിലേക്ക് ഉടമ്പടിപ്രകാരം ചെല്ലാനുള്ള സംഖ്യയിൽ ഏതാനും ഭാഗം തൽക്ഷണംതന്നെ കൊടുക്കുകയും ബാക്കി തവണവച്ചു തീക്കുവാൻ പ്രത്യേകനിശ്ചയം ചെയ്യുകയുമാണ് ഉണ്ടായത്. ഇതോടുകൂടി സാമൂതിരിപ്പാടും സൈന്യവും കോഴിക്കോട്ടേക്കു തന്നെ തിരിച്ചു.

## പതിനേഴാമദ്ധ്യായം.

കൊടുങ്ങല്ലൂർ കോട്ടയിൽനിന്ന് ഒളിച്ചോടിപ്പോയ ഗോദവമ്മരാജാവിൻെറ കഥയും അറിഞ്ഞിരിക്കേണ്ടതാണ്. ഒന്നിനും കൊള്ളരുതാത്ത ശുദ്ധഭീരുക്കളുടെ കൂട്ടത്തിൽ ഒരാളല്ല അദ്ദേഹം. നിവൃത്തിയില്ലെന്നു കണ്ടപ്പോൾ കോട്ട വിട്ടു പുറത്തുചാടി ആത്മരക്ഷക്കു ശ്രമിച്ചു എന്നേയുള്ളു. പറങ്കിപ്രമാണിയും ഇദ്ദേഹവും ഒരുമിച്ചു തന്നേയാണ് പുറത്തു കടന്നത്. അനന്തരം പറങ്കിക്കപ്പിത്താൻ കൊച്ചിക്കും

ഗോദവമ്മരാജാവ് ചേത്തലക്കും പോയി. തെക്കൻ രാജാക്കന്മാരും പ്രഭുക്കളും പറങ്കികൾക്കു സ്വാധീനമായിരുന്നതിനാൽ വെട്ടത്തു രാജാക്കന്മാക്കും അവർ ബന്ധുക്കളായി തീന്നിട്ടുണ്ട്. ഇടയ്ക്കിടക്ക് അങ്ങുമിങ്ങും പോക്കുവരവും കൂടിക്കാഴ്ചയും മററും സുലഭമായിരുന്നു. ലന്തക്കാരുടെ ഊക്കും ഒരുക്കവും കണ്ടപ്പോൾ, തനിക്ക് സഹായികൾ പോരെന്നും ഉണന്നുത്സാഹിക്കാഞ്ഞാൽ കാര്യം തകരാറാവുമെന്നും അദ്ദേഹത്തിനു ബോദ്ധ്യമായി. അതുകാരണം ഉടനെ ചേത്തലയ്ക്കു മാറി വടക്കുംകൂർ മുതലായ രാജാക്കന്മാരേയും, വയ്ക്കം ചേത്തല മുതലായ സ്ഥലങ്ങളിലെ മററു പ്രമാണികളേയും കൂട്ടിപ്പിടിച്ച് ഒരു സ്വാതന്ത്ര്യയുദ്ധത്തിനു വേണ്ട ഒരുക്കങ്ങളെല്ലാം ചെയ്തുവന്നു. എന്നാൽ ഈ ശ്രമം പൂത്തിയാകുന്നതിനു മുമ്പായി ലന്തക്കാർ മട്ടാഞ്ചേരിക്കൊച്ചി കീഴടക്കുകയും തന്റെ ജ്യേഷ്ഠന്മാർ മൂന്നു പേരും യുദ്ധത്തിൽ മരിച്ചുപോവുകയും ചെയ്ത വിവരം ഗോദവമ്മരാജാവിനു മനസ്സിലായി. അതോടുകൂടി അദ്ദേഹത്തിന്റെ വാശി ഒന്നുകൂടി വദ്ധിച്ചു. ഇനി ശത്രുക്കളെ ചുട്ടുപൊട്ടിച്ചേ ഇരിക്കൂ എന്ന് അദ്ദേഹം തീച്ചപ്പെടുത്തി.

ഈ വത്തമാനമറിഞ്ഞ് മൂത്ത കയ്മളും അവിടെ ചെന്നുകൂടിയിരുന്നു. ആയാളുടെ പരിശ്രമഫലമായി അഞ്ച് കയ്മൾമാരും അവരുടെ ആൾക്കാരും ഗോദവമ്മരാജാവിനെ സഹായിപ്പാനായി എറണാകുളത്ത് ഒരുങ്ങിനിന്നിരുന്നു. ആകപ്പാടെ ഗോദവമ്മരാജാവിന്റെ ഭാഗം വളരെ ബലപ്പെട്ടുവന്നു. ഇനി ഇറങ്ങുകതന്നെ എന്നുറച്ച് അങ്ങിനെ ഇരിക്കുമ്പോൾ അമ്പലപ്പുഴെ രാജാവും സൈന്യവും അവിടെ എത്തിച്ചേന്നു. ഇത് രാമണ്ണക്കോവിലിന്റെ പ്രയത്നഫലമാണ്. കൊച്ചി കോവിലകം ശത്രുക്കൾ ആക്രമിച്ചു തുടങ്ങിയ അവസരത്തിൽ അദ്ദേഹം അവിടെ ഉണ്ടായിരുന്നു. എന്നാൽ ജയമില്ലെന്നു കണ്ടപ്പോൾ പതുക്കെ പിൻമാറിക്കളഞ്ഞു. നേ

രെ അമ്പലപ്പുഴെ ചെന്ന് രാജാവിനെ പറഞ്ഞിളക്കി പറങ്കികളെ സഹായിപ്പാനുള്ള പുറപ്പാടായിരുന്നു. കൊച്ചിയിലെ താല്ക്കാലികാവസ്ഥ മുഴുവനും വഴിക്കുവെച്ച കേട്ടറിയുകയാൽ അവർ ഗോദവർമ്മരാജാവിൻെറ താവളത്തിൽ ചെന്നു കയറിയതാണ്.

ഈ പുതിയ ബലത്തിൻെറ ആവിർഭാവത്തിൽ ഗോദവർമ്മരാജാവിനു വളരെ സന്തോഷവും ഉത്സാഹവും ഉണ്ടായി. ഇവർ എല്ലാവരും യോജിച്ച് അനന്താകൃത്യത്തിനുള്ള ശ്രമവും തുടങ്ങി. നേരെ എറണാകുളത്തടുക്കണമെന്നും അവിടെ ചെന്നതിനു ശേഷം മേൽനടവടി ക്രമപ്പെടുത്താമെന്നും തീർച്ചപ്പെടുത്തി. അതിന്നാണ് ആദ്യമായി ശ്രമിച്ചത്. ഗോദവർമ്മരാജാവിൻെറ അന്നത്തെ പടപുറപ്പാട് കാണേണ്ട കാഴ്ചകളിൽ ഒന്നായിരുന്നു. പലതരം ബോട്ടുകൾ, ഓടികൾ, ചുണ്ടൻവള്ളങ്ങൾ ഇതുകളിൽ നിറച്ച് ഉത്സാഹശാലികളായ യോദ്ധാക്കൾ ആർത്തുവിളിച്ച് അടിച്ചുകയറുന്ന ആ ഘോഷയാത്ര ആരുടെ മനസ്സിലും ഒരിളക്കമുണ്ടാക്കാതിരിക്കയില്ല. യുദ്ധസാമഗ്രികളും ഭക്ഷണപദാർത്ഥങ്ങളും നിറച്ച കയററിയിരുന്ന കെട്ടുവള്ളങ്ങളും കേവഞ്ചികളും തുടരെത്തുടരെ അവരെ അനുഗമിച്ചിരുന്നു. ആകപ്പാടെ ആ വലിയ കായൽ നിറച്ച് ഈ വക വാഹനങ്ങൾ ആണെന്നു പറഞ്ഞാൽ അതിശയോക്തിയാകയില്ല. ഇവരിങ്ങിനെ എറണാകുളത്തു വന്നടുത്തപ്പോഴേക്കും കമ്മൾമാരും കൂട്ടരും അവിടെ ഹാജരായിരുന്നു. വെള്ളംവഴി വന്നിറങ്ങിയവരും കരവഴിക്കു വന്നടുത്തവരും ആയി നാലയ്യായിരം ജനങ്ങൾ അപ്പോൾ എറണാകുളത്തുണ്ടായിരുന്നു. എല്ലാവരും യുദ്ധോദ്യുക്തന്മാരുമായിരുന്നു. സൈന്യങ്ങളും സാമാനങ്ങളും വന്നു കയറിയപ്പോൾ ഒരു ദിക്കാസകലം ഇവരുടെ ആവശ്യത്തിന്നു ഒഴിച്ചിടേണ്ടതായി വന്നു. എറണാകുളം കരയിലുണ്ടായിരുന്ന പ്രധാനസ്ഥലങ്ങൾ മിക്കതും അവർ കൈവശപ്പെടുത്തി ഓരോ സ്ഥാനങ്ങളുറപ്പി

ച്ചു തുടങ്ങി. അവിടത്തന്നെ വീടും കുടിയും വെച്ചു പാൎത്തിരുന്നവർ കുഞ്ഞുകുട്ടിപരാധീനങ്ങളേയും പെട്ടി പത്തായങ്ങൾ, കിണ്ണം കിണ്ടികൾ, എന്നുവേണ്ട അവശ്യം വേണ്ടിവരുന്ന നിത്യോപകരണങ്ങളേയും കെട്ടിയെടുത്ത് സ്ഥലം വിട്ടുതുടങ്ങി. കൂട്ടത്തിൽ ചിലർ സൈന്യത്തിൽ ചേരാനുമുണ്ടായി. ഈ സൈന്യത്തിൽ നായരല്ലാതെ ആരുമുണ്ടായിരുന്നില്ല. പതിനായിരം, പന്തീരായിരം എന്നും മററും പറഞ്ഞുകേട്ടിട്ടുള്ളതല്ലാതെ പ്രത്യക്ഷത്തിൽ ഇത്ര വലിയ നായർസൈന്യം അടുത്ത കാലത്ത് ആരും കണ്ടിട്ടില്ല.

കൂട്ടത്തിൽ പല പ്രമാണികളുണ്ടെങ്കിലും ആകപ്പാടെ ഗോദവൎമ്മരാജാവും മൂത്ത കയ്മളും തന്നേയാണ് എല്ലാററിനും പ്രമാണം. അവരുടെ ആജ്ഞയെ അതിലംഘിച്ചു നടപ്പാൻ ആൎക്കും ധൈൎയ്യമുണ്ടായിരുന്നില്ല. കയ്മളുടെ ആജ്ഞാശക്തിക്ക് അതിരില്ല. പണ്ടുതന്നെ ആയാളെ ഭയപ്പെട്ടിരുന്ന നാട്ടുകാർ ഇപ്പോൾ 'കിടുകിടെ' ആയിരിക്കുന്നു. കയ്മൾക്കു ഇത്രമാത്രം പ്രഭുത്വവും പ്രതാപവും ഉണ്ടെന്നുള്ള കഥ രാമണ്ണകോവിൽ തന്നെ ഇപ്പോഴാണ് അറിഞ്ഞത്. കയ്മളുടെ ഈ കയററത്തിൽ അദ്ദേഹത്തിനും ഒരിടിച്ചിൽ തട്ടിയിരിക്കുന്നു. അതു കാരണം രാമണ്ണകോവിലിന് കുറച്ചു കുണ്ഠിതവും കുറെ അസൂയ തന്നേയും ഉണ്ടാകാതിരുന്നില്ല. 'മൂത്ത കയ്മളെ കൂട്ടിപ്പിടിക്കേണ്ടിയിരുന്നില്ല' എന്നു തന്നേയും അദ്ദേഹത്തിനു തോന്നിപ്പോയി. യോഗത്തിൽ ഛിദ്രമുണ്ടാക്കിത്തീൎക്കുന്നത് ശുഭകരമല്ലെന്നു കരുതി രാമണ്ണകോവിൽ മൌനം ദീക്ഷിക്കുകയും ചെയ്തു. യുദ്ധം തുടങ്ങേണ്ടതെങ്ങിനേയാണെന്നും ഏതേതു പ്രദേശങ്ങളാണ് ഉറപ്പിക്കേണ്ടതെന്നും ഏതു ഭാഗത്തു കൂടിയാണ് കൊച്ചിക്ക് കടക്കേണ്ടതെന്നും മററും ആലോചിക്കുന്ന തിരക്കായിരിക്കുന്നു. കൂട്ടത്തിൽ രാമണ്ണകോവിലുമുണ്ട്. ഓരോരുത്തരും ഓരോ അഭിപ്രായം പറഞ്ഞുതുടങ്ങി. കൊച്ചിയുടെ കിടപ്പും മററു സ്ഥിതികളും

രാമണങ്കോവിലിനും കയ്മൾക്കും തന്നേയാണ് അധികം വിവരമുള്ളതെന്ന് പരക്കെ സമ്മതമായിരുന്നു. അതിനാൽ മേൽ പറഞ്ഞ കാര്യങ്ങൾ തീച്ച്പ്പെടുത്തുവാൻ അവരെ തന്നെ ഏല്പിച്ചു.

ഗോദവർമ്മരാജാവിൻെറ ഉദ്ദേശവും ഉത്സാഹവും പറങ്കികളെ അറിയിച്ചിരുന്നു. യുദ്ധത്തിലുണ്ടായേക്കാവുന്ന ധനനാശത്തെ ഭയന്നു അടങ്ങിയൊതുങ്ങിയിരിക്കുന്ന കച്ചവടക്കാരായ പറങ്കികൾ ഗോദവർമ്മരാജാവിൻെറ നേരെ ആനുകൂല്യവും പ്രാതികൂല്യവും പ്രദശിപ്പിച്ചില്ല. എന്നാൽ ഇദ്ദേഹത്തിൻെറ ശ്രമങ്ങളെ അവർ ഉററുനോക്കിക്കൊണ്ടുതന്നെ ഇരുന്നിരുന്നു. ഉപായത്തിൽ അവിടവിടെ സഞ്ചരിച്ചും ചാരന്മാർ മുഖാന്തിരവും സംഗതികളെല്ലാം 'പറേര്' നല്ലപോലെ ധരിച്ചിരുന്നു. കാര്യം ഇത്ര കരുത്തിൽ വന്ന സ്ഥിതിക്ക് മൌനം ദീക്ഷിക്കുന്നതും അത്ര ഗുണമല്ലാതായി. ഏതായാലും ഒരു വലിയ കലാപം കൂടാതെ കഴികയില്ലെന്നും ഏതെങ്കിലും ഒരു ഭാഗത്തു ഉറച്ചു നില്ക്കാത്ത പക്ഷം ഭാവി ഭയങ്കരമായിത്തീരുമെന്നും പറങ്കിപ്രമാണികൾ മനസ്സിലാക്കി. വേണമെങ്കിൽ ഗോദവർമ്മരാജാവിനു തന്നേയാണല്ലോ അവർ സഹായിക്കേണ്ടത്. അതിനാൽ ഗോദവർമ്മരാജാവും പടയും ഏറണാകുളത്ത് ഉറച്ചു എന്നു കണ്ടപ്പോൾ പറേരും വേറെ ഒന്നുരണ്ടു പറങ്കികളും ഉപായത്തിൽ അവിടെ ചെന്നു കൂടിയിരുന്നു. മേൽനടപടി നിശ്ചയിക്കുവാനേല്പിക്കപ്പെട്ടിരുന്ന രാമണങ്കോവിലും മൂത്ത കയ്മളും അവരുടെ പ്രവൃത്തിയിൽ പറങ്കിപ്രമാണികളേക്കൂടി പങ്കു ചേത്തു. കൊച്ചിയുടെ മൂന്നു ഭാഗവും ജലദുർഗ്ഗമായിരുന്നതിനാൽ കുറെ തെക്കോട്ടു മാറി (മുൻപ് ലന്തക്കാർ ചെയ്തപോലെ) ഒരിടത്ത് സങ്കേതമുറപ്പിച്ച് വടക്കോട്ടു പടവെട്ടിക്കേറാമെന്ന് അവരും നിശ്ചയിച്ചു.

ഈ നിശ്ചയങ്ങൾ ഒന്നും തന്നെ അമ്പലപ്പുഴ രാജാവി

നു സമ്മതമായില്ല. നിവൃത്തിയുള്ളിടത്തോളം ആയുധമെടുക്കാതെ കഴിക്കണമെന്നായിരുന്നു അദ്ദേഹത്തിൻെറ അഭിപ്രായം. കൊച്ചിയുടെ കിടപ്പും മററും തനിക്കു നിശ്ചയമില്ലെങ്കിലും ഇപ്പോൾ തീച്ചപ്പെടുത്തിയതുപോലെയാണെങ്കിൽ കുറച്ചധികം ആൾനാശം കൂടാതെ തരമില്ലെന്നും കുറേക്കൂടി ആലോചിച്ച് വേറെ വഴി കണ്ടുപിടിക്കുന്നതു നന്നായിരിക്കുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. എന്നാൽ ഇതിൽ കൂടുതൽ ഗുണകരമായ മറെറാരു മാഗ്ഗം അപ്പോൾ മററാക്കും തോന്നിയില്ല. കൊച്ചിയെ ചുററും വളഞ്ഞ് ജനങ്ങളുടേയും സാമാനവഞ്ചികളുടേയും ഗതാഗതങ്ങൾ തടഞ്ഞ് അകത്തുപെട്ടവരെ ഉപവസിപ്പിച്ച് തന്നിയെ കീഴടക്കുവാൻ കഴിയുമെങ്കിൽ അത്ര നല്ല മാഗ്ഗം വേറെ ഇല്ലെന്നുള്ള സ്വാഭിപ്രായം അമ്പലപ്പുഴ രാജാവ് തുറന്നുപറഞ്ഞു. ആൾനാശം കൂടാതെ യുദ്ധം ജയിക്കുവാനുള്ള ഉത്തമമാഗ്ഗം ഇതാണെന്നും ഇതു പ്രയോഗിച്ചുനോക്കി തനിക്കനുഭവം വന്നിട്ടുള്ളതാണെന്നും മററും അദ്ദേഹം ഊന്നി പ്രസ്താവിച്ചു. ശത്രുക്കൾ പത്തു നശിച്ചാലും ബന്ധുക്കൾ ഒന്നു നശിച്ചാൽ അവസാനം ജയിച്ചാലും തോററ ഫലം തന്നെയാണെന്നും, അതുകൊണ്ടു മാഗ്ഗാന്തരമുണ്ടെങ്കിൽ ആദ്യം നോക്കേണ്ടത് അതു തന്നെയാണെന്നും യുക്തിപൂവ്വം അദ്ദേഹം സ്ഥാപിച്ചു. ഗോദവമ്മ രാജാവിൻെറ അപ്പോഴത്തെ സൈനികശക്തി ആലോചിച്ചാൽ മേൽപ്രകാരം ശത്രുസംഹാരം ചെയ്യാൻ സാധിക്കുമെന്നു പരക്കെ ബോദ്ധ്യം വരികയാൽ അമ്പലപ്പുഴ രാജാവിൻെറ ഉപദേശപ്രകാരം ചെയ്യാൻ തന്നെ എല്ലാവരുംകൂടി നിശ്ചയിച്ചു. ഓരോ ഭാഗം, ഓരോരുത്തക്കു വീതിച്ചു കൊടുത്തപ്പോൾ തുറമുഖം (കടൽത്തീരം) തങ്ങൾ കാത്തുകൊള്ളാമെന്ന് പറങ്കികൾ മുൻകൂട്ടിത്തന്നെ പറഞ്ഞുകഴിഞ്ഞു. മററാരും ഇങ്ങിനെ ചുമതലപ്പെടുവാനുണ്ടായില്ല. മററു ഭാഗങ്ങൾ എല്ലാവരും കൂടി വളയുവാനും തീച്ചയാക്കി. അതിനുള്ള യാത്രയായി.

എറണാകുളം കരയിൽ പുതിയ സൈന്യങ്ങൾ വന്നിറങ്ങിയ വിവരം കൊച്ചിയിൽ അറിയാതിരുന്നില്ല. ലന്തപ്രമാണികളും മററും കൊച്ചിക്കോവിലകത്തുവെച്ച് പല കൂടിയാലോചനകളും നടത്തുകയുണ്ടായി. ദ്വിഭാഷിയും അച്ചനും ഉപായത്തിൽ സഞ്ചരിച്ച് ശത്രുക്കളുടെ ബലവും മററൊരുക്കങ്ങളും എത്രമാത്രമുണ്ടെന്ന് നല്ലപോലെ ധരിച്ചിരുന്നു. വലിയ തോക്കെട്ടത്താൽ നാടൻ പടയെ നശിപ്പിക്കുവാൻ പ്രയാസമില്ലെന്നും അവക്കുറപ്പുണ്ടായിരുന്നു. എന്നാൽ അങ്ങിനെ ചെയ്യിക്കുന്നതു കഷ്ടമാണെന്നും സമാനരീതിയിൽ പടവെട്ടിപ്പിടിക്കുന്നതു തന്നേയാണ് മാനമെന്നും ആയിരുന്നു അവരുടെ അഭിപ്രായം. പറങ്കികൾ തോക്കെട്ടത്താൽ ലന്തക്കാരും എടുത്തുകൊള്ളട്ടെ എന്നു നിശ്ചയം ചെയ്ത് സാധാരണ നാടൻപടക്കു വേണ്ട ഒരുക്കങ്ങളെല്ലാം ചെയ്തു തുടങ്ങി. സൈന്യങ്ങളെ കൂട്ടിയിണക്കിനോക്കിയപ്പോഴാണ് സാമൂതിരിപ്പാട്ടിലെ അഭാവത്താലുള്ള ന്യൂനത സ്പഷ്ടമായത്. അവരുടെ സൈന്യം വളരെ ചെറുതാണെന്ന് അവക്കു തോന്നിപ്പോയി. സ്വന്തം സൈന്യങ്ങളിൽ ഏതാനും ഭാഗം മുൻപുതന്നെ നശിച്ചിരുന്നു. ഇതിനു പകരം കൊച്ചിപ്പട അവരുടെ ഭാഗത്തു കൂടിയിട്ടുണ്ടെന്ന് വേണമെങ്കിൽ പറയാം. വെട്ടത്തുകാരുടെ അവശിഷ്ടസൈന്യം ഇപ്പോഴും തടവിൽ തന്നെ കിടപ്പാണ്. ഒരു സമയം അവരും ചാടിപ്പുറപ്പെട്ടു എന്നു വന്നേക്കാം. പുറത്തിറങ്ങി സൈന്യശേഖരം ചെയ്യുവാനിടകിട്ടിയാൽ ഒരു പ്രയാസവുംകൂടാതെ എത്ര വേണമെങ്കിലും ഉണ്ടാക്കാമെന്ന് അച്ചന് ഉറപ്പുണ്ടായിരുന്നു. പക്ഷേ അതിനൊന്നിനും അത്ര സൌകര്യമില്ലാത്ത ഘട്ടമായി. എന്തായാലും വലിയ തോക്കെട്ടുക്കാതെ കഴിക്കണമെന്നു തന്നെയായിരുന്നു അവരുടെ നിർബ്ബന്ധം. എങ്ങാനും കിടക്കുന്നവരെ ക്ഷണിച്ചുവരുത്തി നാട്ടുകാരെ ഹിംസിക്കുന്നതായാൽ ഇഹലോകപരലോകങ്ങൾ രണ്ടും നശിച്ചേക്കുമെന്നുള്ള വിചാ

രമാണ് ഈ നിർബ്ബന്ധത്തിനുള്ള മുഖ്യബീജം. ഏതായാലും ഉള്ളതുകൊണ്ടു തടുത്തുനില്ക്കുവാൻ തന്നെ തീർച്ചപ്പെടുത്തി. വേണ്ടിവന്നാൽ വലിയതോക്കുകൾ— കൊടുങ്ങല്ലൂർ കോട്ടതട്ടിത്തകർത്ത പീരങ്കികൾ —സ്വാധീനത്തിലുണ്ടല്ലോ എന്നുള്ള സമാധാനവും അവൎക്കുണ്ടായിരുന്നു.

കൊച്ചിക്കോവിലകത്തും ലന്തക്കാരുടെ സങ്കേതസ്ഥലത്തും മററും യുദ്ധസന്നാഹം മുറുകിവന്നു. എന്നാൽ ശത്രുക്കളുടെ യാതൊരു ശ്രമവും പ്രത്യക്ഷത്തിൽ കാണുന്നില്ല. ദിവസം നാലഞ്ചു കഴിഞ്ഞു. ഒരു വ്യത്യാസവുമില്ല. എറണാകുളം കരയിൽ ആൾക്കൂട്ടമൊഴിഞ്ഞ സമയമില്ല. അങ്ങുമിങ്ങും ബോട്ടുകളും ഓടികളും പാഞ്ഞുകൊണ്ടിരിക്കുന്നത് എപ്പോഴും കാണാമായിരുന്നു. ഇതുകൾ കായലിന്റെ മദ്ധ്യം വരെ വന്നിരുന്നു. അടുത്തു വരുവാനുള്ള ഭയം തന്നെയായിരിക്കണം അമാന്തത്തിന്നു കാരണമെന്നു മൂപ്പിലെ ഭാഗക്കാർ വിചാരിച്ചു. യുദ്ധം കൂടാതെ കഴിഞ്ഞാൽ നന്നായി എന്നു തന്നെയായിരുന്നു അവരുടെ വിചാരം. ഇങ്ങിനെ ഒരാഴ്ച കഴിഞ്ഞപ്പോഴാണ് ശത്രുക്കളുടെ പോര് മൂപ്പിലേക്ക് മനസ്സിലായത്. നിത്യനിർവ്വഹണത്തിന്നു വേണ്ടതായ സാമഗ്രികൾ കിട്ടായ്കയാൽ പട്ടണത്തിൽ ആവലാതി തുടങ്ങിയിരിക്കുന്നു. ഈ ആപത്തിന്നുള്ള പരിഹാരമാൎഗ്ഗങ്ങളെപ്പററി ആലോചിച്ചതിൽ തൽക്കാലം യാതൊരു നിവൃത്തിയുമില്ലെന്നു മൂപ്പിലെ ഭാഗക്കാൎക്ക ബോദ്ധ്യമായി. വലിയ തോക്കു പ്രയോഗിച്ചാൽ കുറെ ആൾക്കാരേയും കെട്ടിടങ്ങളും നശിപ്പിക്കാം എന്നല്ലാതെ വിശേഷിച്ചു യാതൊരു ഫലവുമില്ല. നിത്യവൃത്തിക്കു വേണ്ടിവരുന്ന സാധനങ്ങൾ പുറംദിക്കുകളിൽനിന്നു വന്നു ചേരേണ്ടതാകയാൽ അതുകൾക്കുള്ള തടസ്ഥം തീൎത്തില്ലെങ്കിൽ അധികം താമസിയാതെ സൈന്യങ്ങളും ക്രമേണ പ്രമാണികളും നശിക്കയേ ഉള്ളു എന്നു നിശ്ചയമായി.

തൽക്കാലം എന്തെങ്കിലും ഒരു സൂത്രം പ്രയോഗിക്കാ

ത്തെ നിവ്വാഹമില്ലെന്നു കണ്ടപ്പോൾ ലന്തക്കാർ അവരുടെ കപ്പലിനെത്തന്നെ ശരണം പ്രാപിക്കുവാൻ തീച്ച്പ്പെടുത്തി. അടുത്ത ദിവസംതന്നെ ഗംഗാധരലക്ഷ്മിയേയും, മൂപ്പിലേയും മററു പ്രമാണികളേയും കപ്പലിൽ കയററി ഒഴിച്ചുപോകുന്നു എന്ന ഭാവത്തിൽ ലന്തക്കാർ കൊച്ചിക്കര വിട്ടുകളഞ്ഞു. കപ്പൽ കരവിട്ടു കണ്ടപ്പോൾ മററുള്ളവക്കു കാര്യം മനസ്സിലായി. അടുത്തുണ്ടായിരുന്നവർ പറങ്കികളായിരുന്നു. അവരുടെ പക്കൽ പടക്കപ്പലുകൾ ഒന്നും ഉണ്ടായിരുന്നില്ല. എന്തുചെയ്യാം! അടുത്തുചെന്നു യാതൊന്നും ചെയ്വാൻ അവക്കു സാധിച്ചില്ല. കരയ്ക്കു നിന്നുതന്നെ കുറെ വെടിവെച്ചു നോക്കി. പറങ്കികളുടെ വലിയ തോക്കുകൾ പറങ്കിക്കൊച്ചിയിലായിരുന്നതിനാൽ മട്ടാഞ്ചേരിക്കൊച്ചിയിൽനിന്ന് അഴിമുഖത്തുകൂടി ഒഴിഞ്ഞു പോയിരുന്ന ലന്തക്കാക്കു അധികം ഭയപ്പെടേണ്ടിയിരുന്നില്ല. അവരിങ്ങിനെ ഒഴിച്ചു പോകുന്നതു കണ്ടു ഗോദവമ്മരാജാവിൻെറ ആൾക്കാർ പലതും ആത്തുവിളിച്ചു അടുത്തു ചെന്നു. പക്ഷെ, അധികനേരം അവരെ പിന്തുടരുവാൻ സാധിച്ചില്ല. നാടൻ ബോട്ടിന്ന് ഓടി കടലിൽ കപ്പലിനെ പിന്തുടരുവാൻ സാധിക്കയില്ലല്ലൊ. കപ്പൽ കടലിൽ ചാടിയതോടുകൂടി ബോട്ടുകാർ തിരിച്ചുപോന്നു. ലന്തക്കപ്പൽ അങ്ങിനെതന്നെ വയ്പിൽ അടുത്ത് അതിലുണ്ടായിരുന്ന രാജ്ഞിയേയും മററു മലയാളികളേയും അവിടെ ഇറക്കി. വഷം കഴിഞ്ഞാൽ ഇതിലധികം ശക്തിയുള്ള പടക്കോപ്പുകളോടുകൂടി എത്തിക്കൊള്ളാമെന്ന് ഏററു പറഞ്ഞുംവച്ച് 'വാൻഗ്ഗൂസും' കൂട്ടരും അവരുടെ ഒരു പ്രധാന സങ്കേതസ്ഥലമായ കുളമ്പിലേയ്ക്കു പോകയും ചെയ്തു. ഗംഗാധരലക്ഷ്മിയും മൂപ്പിന്നും മററും നേരെ കൊടുങ്ങല്ലൂർ കോട്ടയിൽചെന്ന് അഭയം പ്രാപിച്ചു. അവിടെ ശത്രുക്കളുടെ ബാധ അശേഷമുണ്ടായിരുന്നില്ല. മൂപ്പിന്നും രാജ്ഞിയും അവിടെ താമസിച്ചു. തല്ക്കാലം വേണ്ടിടത്തോളം അംഗരക്ഷ

കന്മാരേയും ശേഖരിച്ച് അവിടെ നിത്തി; ലന്തഉപിഭാഷിയും അച്ഛനുംകൂടി പുറത്തിറങ്ങി സൈന്യശേഖരംചെയ്ത് സ്വബലം വദ്ധിപ്പിക്കുവാൻ തീച്ചപ്പെടുത്തി.

ലന്തക്കാർ തുറമുഖം വിട്ടതോടുകൂടി കൊച്ചിപ്പട്ടണം ശാന്തമായി. ഈ സംഗതി പറങ്കികൾക്കാണ് അധികം സന്തോഷകരമായി തീന്നത്. അവരുടെ യാതൊരു സാധനങ്ങൾക്കും ദോഷം തട്ടിയിട്ടില്ല. ആൾനാശം ഉണ്ടായിട്ടേ ഇല്ലല്ലോ. എറണാകുളത്തും മററും ചുററി വളഞ്ഞു കിടന്നിരുന്ന ഗോദവമ്മരാജാവിൻെറ കൂട്ടക്കും യുദ്ധമില്ലാതിരുന്നത് രസമായി. കൊച്ചിയിൽ എതിക്കുവാനാരുമില്ലെന്നറിഞ്ഞപ്പോൾ അവരെല്ലാവരും ഒരുമിച്ചങ്ങോട്ടു കയറി. രാജ്ഞിയെ ചെന്നുകണ്ട് അവിടത്തെ സമാധാനപ്പെടുത്തുവാൻ രാമണങ്കോവിലിനു ധൃതിയായി. അദ്ദേഹം കോവിലത്തു കടന്നു നോക്കിയപ്പോൾ ഗംഗാധരലക്ഷ്മി അവിടെ ഉണ്ടായിരുന്നില്ല. എല്ലാ ദിക്കിലും തിരഞ്ഞു. ഒടുവിൽ രാമവമ്മരാജാവ് പണിചെയ്യിച്ചിരുന്ന വടക്കേ കെട്ടിൽപോലും കടന്നന്വേഷിച്ചു. ഒരിടത്തും രാജ്ഞിയെ കണ്ടുകിട്ടിയില്ല. മൂപ്പിന്നൊരുമിച്ച് എറങ്ങിപ്പോയിരിക്കാമെന്നും അദ്ദേഹം ഊഹിച്ചു. എന്നാൽ എങ്ങോട്ടാണ് പോയിരിക്കുന്നതെന്നും മററും അറിയാൻ തരമില്ലാത്തതിനാൽ ഊഹം ഉറയ്ക്കുന്തോറും മനസ്സുല്യം കൂടിവരികയാണുണ്ടായത്. ഒരു സമയം വാസസ്ഥലം കണ്ടുകിട്ടിയാൽതന്നെ അവിടെ കടന്നുചെന്നു രാജ്ഞിയെ കാണുവാൻതനിക്കു സാധിക്കുമൊ എന്നും അദ്ദേഹം സംശയിക്കാതിരുന്നില്ല. എന്തിന്, ആകപ്പാടെ രാമണങ്കോവിലിൻെറ മനസ്സിടിഞ്ഞു. മൂത്താ കയ്മളുടെ കയററം തുടങ്ങിയതോടുകൂടി ആരംഭിച്ച മനശ്ശല്യം രാജ്ഞിയുടെ വിയോഗത്തോടുകൂടി അതിൻെറ പരമകാഷ്ഠയിൽ എത്തിയിരിക്കുന്നു. രാമണങ്കോവിലിന് മിക്ക സമയവും ഒരു മൌനമായി തീന്നു. രാജ്ഞിയെ കാണായ്ക ത

ന്നെയാണ് ഇതിന്നു കാരണമെന്നു മിക്ക ആളുകളും ധരിക്കയും ചെയ്തു.

ഗോദവർമ്മ രാജാവിനെ സഹായിക്കാൻ വന്ന വടക്കംകൂർ, അമ്പലപ്പുഴ മുതലായ രാജാക്കന്മാർ കുറെ ദിവസം കൊച്ചിയിൽത്തന്നെ താമസിച്ചു. അവരെ തിരിയെ അയക്കേണ്ട സംഗതിയെക്കുറിച്ചുള്ള ആലോചന തുടർച്ചയായി കുറെ ദിവസം നിലനിന്നു. ഗോദവർമ്മരാജാവ് അവരോടു ചെയ്തിരുന്ന ഉടമ്പടിപ്രകാരം നടക്കണമെങ്കിൽ പറങ്കികൾകൂടി അനുവദിക്കേണ്ടതായിരുന്നു. എന്നാൽ അവർ അതിന്നു വഴിപ്പെട്ടില്ല. തങ്ങളോടു യാതൊരു ആലോചനയും നടത്താതെയാണ് ഗോദവർമ്മരാജാവിന്റെ ഉടമ്പടി ഉണ്ടായതെന്നും ഇതിൽ തങ്ങൾക്കു യാതൊരു ബാദ്ധ്യതയും ഇല്ലെന്നുമായിരുന്നു അവരുടെ വാദം. അവരെ ഈ വഴിക്കു തിരിച്ചുവിട്ടതു വാസ്തവത്തിൽ മൂത്ത കയ്മൾ തന്നെയാണ്. തങ്ങൾക്കു കച്ചവടലാഭം കുറയുന്ന കാര്യമാകയാൽ മൂത്ത കയ്മളുടെ ഉപദേശം പൂർണ്ണമനസ്സോടുകൂടി പറങ്കികൾ സമ്മതിച്ചു എന്നേ ഉള്ളൂ. പുതിയ ശക്തികൾക്കു പറങ്കികളുടെ നേരെ വലിയ വെറുപ്പും വൈരവും വന്നു ചേർന്നു എന്നു പറയേണ്ടതില്ലല്ലോ. തരം വന്നാൽ പകരം ചോദിക്കാമെന്നുവെച്ചു ഓരോരുത്തരായി വന്ന വഴിയെ മടങ്ങിപ്പോകയും ചെയ്തു. എന്നാൽ അവരുടെ സൈന്യച്ചിലവിലേക്കായി ഏകദേശം ഒന്നു കണക്കാക്കി ഒരു തുക കൊടുത്തു. ചിലർ അതു വാങ്ങിച്ചു; ചിലർ അതുപേക്ഷിച്ചു.

തെക്കൻരാജാക്കന്മാർ തിരിച്ചുപോയപ്പോൾ മൂത്ത കയ്മൾക്കു സമാധാനമായി. ആയാൾ അന്നു ഗോദവർമ്മരാജാവിന്റെ പ്രധാനമന്ത്രി തന്നെയായിരുന്നു. ആയാളുടെ ആലോചനയും അറിവുമില്ലാതെ ഒരു കാര്യവും ഇല്ലതന്നെ. ശത്രുക്കൾ ഒഴികയും പുതിയ കൂട്ടുകാർ പിൻമാറുകയും ചെയ്തപ്പോൾ കൊച്ചിയും എറണാകുളവും ഒരു വിധം ശാന്തവും

സമാധാനപൂർണ്ണവുമായി. എന്നാൽ മൂത്ത കയ്മളുടെ ഉററബന്ധുക്കൾമാത്രം തിരിച്ചുപോയി കഴിഞ്ഞിട്ടില്ല. കുറെക്കൂടി കഴിഞ്ഞശേഷം അവരെ വിട്ടയച്ചാൽ മതി എന്നുവെച്ചു പറങ്കികളുടെ അനുവാദപ്രകാരം അവിടെ താമസിപ്പിച്ചിരിക്കുകയാണ്. ഏതാനും സൈന്യങ്ങൾ കൂടാതെയും കഴികയില്ല. ലന്തക്കാർ തടവിലിട്ടിരുന്ന വെട്ടത്തു സൈന്യങ്ങളെ മുക്തന്മാരാക്കി വീണ്ടും ഇണക്കി നിർത്തി എങ്കിലും അവർ സംഖ്യ അധികമില്ലാതിരുന്നതിനാൽ തന്റെ സ്വന്തം ആൾക്കാരെ വിട്ടയപ്പാൻ കയ്മൾക്കു ധൈര്യമുണ്ടായില്ല. പണ്ടത്തെ കൊച്ചിപ്പട എവിടെപ്പോയി എന്ന് ഒരു വിവരവുമില്ല. വല്ല വിധവും കണ്ടുകിട്ടിയാൽ തന്നെ അവർ കീഴടങ്ങുന്ന കാര്യവും സംശയമായിരുന്നു. കയ്മളുടെ സൈന്യമുണ്ടായിരുന്നതിനാൽ തല്ക്കാലം ആ വക ബുദ്ധിമുട്ടൊന്നും വേണ്ടിവന്നില്ല എന്നു പറഞ്ഞാൽ കഴിഞ്ഞു.

മൂത്തകയ്മളുടെ ഈ ആധിപത്യംകൊണ്ടു രാമണങ്കോവിലിനു സഹായിപ്പാൻ നിവൃത്തിയില്ലാതായി. കൊച്ചിവിട്ടുപോകുന്നതാണ് കുറെ ഭേദമെന്ന് ആയാൾക്കു തോന്നി. പറങ്കിപ്രമാണികളെച്ചെന്നു കണ്ട്, തനിക്കു പ്രായാധിക്യമായതിനാൽ നാട്ടിലേയ്ക്കു പോകുന്നുവെന്നും ഇനി സ്ഥിരതാമസം അവിടെത്തന്നെ ആയിരിക്കുമെന്നും പറഞ്ഞ് അദ്ദേഹം നാട്ടിലേയ്ക്കു പുറപ്പെട്ടു. പോകുംവഴി, രാജ്ഞിയെക്കൂടി കണ്ടു യാത്ര പറഞ്ഞുപോയാൽ കൊള്ളാമെന്ന് അതികഠിനമായ ആഗ്രഹമുണ്ടായിരുന്നു. കൊച്ചിവിട്ടു പുറമെ അന്വേഷിച്ചപ്പോൾ രാജ്ഞി കൊടുങ്ങല്ലൂർ കോട്ടയിലുണ്ടെന്നുള്ള വിവരം മനസ്സിലായി. ഉടനെ അങ്ങോട്ടു തിരിച്ചു. കുറെ ദൂരം പോയപ്പോഴാണ് മൂപ്പിന്നും മററും അവിടെ ഉണ്ടായിരിക്കുമെന്നു ഓർമ്മവന്നത്. ഒരു വിധം അവിടെച്ചെന്നു ചേർന്നാൽത്തന്നെ രാജ്ഞിയെ കാണുവാൻ സാധിക്കയില്ലെന്നു തീർച്ചയായി. അതോടുകൂടി അദ്ദേഹം പിന്നാക്കം തിരിച്ചു. ഇങ്ങിനെ രണ്ടു

നാലുതവണ ആങ്ങോട്ടും ഇങ്ങോട്ടും നടന്നപ്പോഴെക്കും പ്രായാധിക്യത്താലും വിചാരവൈവിദ്ധ്യത്താലും ദുർബ്ബലമായിതീൎന്ന അദ്ദേഹത്തിന്റെ ബുദ്ധിക്കു കുറച്ചൊരു മാന്ദ്യം സംഭവിച്ചു. ക്രമേണ അതും വൎദ്ധിച്ച് ഒരു മത്തന്റെ നിലയായി. അല്പദിവസംകൊണ്ടു രാമണ്ണക്കോവിലിന്റെ പ്രതാപം, പ്രഭാവം ഇതുകൾ ക്ഷയിച്ച്, ഓജസ്സും തേജസ്സും നശിച്ചു മഹാപ്രാകൃതനായിത്തീൎന്നു. ഈ വൎത്തമാനം കേട്ടറിഞ്ഞു മൂത്തകൂറ്റുകൾതന്നെ ഇറങ്ങി രാമണ്ണക്കോവിലിനെ തിരഞ്ഞുപിടിച്ചു കൊച്ചിക്കു കൂട്ടിക്കൊണ്ടുപോയി അവിടെ വേണ്ടപോലെ രക്ഷിച്ചു. ആധിമൂത്തു വ്യാധിയായിത്തീൎന്ന രാമണ്ണക്കോവിലിന്റെ അസ്വാസ്ഥ്യം ദിവസംപ്രതി വൎദ്ധിച്ചതേയുള്ളൂ. അധികം താമസിക്കാതെ അദ്ദേഹം കൊച്ചിക്കോവിലകത്തു കിടന്നു തന്നെ മരിക്കുകയും ചെയ്തു. ഈ വിവരം അറിഞ്ഞപ്പോൾ രാജ്ഞി വളരെ വ്യസനിച്ചു. രാമണ്ണക്കോവിൽ എത്രതന്നെ സ്വാൎത്ഥിയും ദുരാഗ്രഹിയുമായിരുന്നാലും രാജ്ഞിയെ സംബന്ധിച്ചിടത്തോളം അദ്ദേഹം സ്നേഹിതനും വന്ദ്യനുമായിരുന്നു. അന്ത്യകാലങ്ങളിൽ അടുത്തുണ്ടായിരുന്നാൽ വേണ്ടില്ലായിരുന്നു എന്നു രാജ്ഞിക്കു തോന്നാതിരുന്നില്ല. അതിനൊന്നിനും സംഗതി വന്നില്ലെങ്കിലും അദ്ദേഹത്തിന്റെ ആത്മാവിനു 'ശാന്തിയുണ്ടാകുമാറാകട്ടെ' എന്നു പ്രാൎത്ഥിച്ചുകൊണ്ടു ഗംഗാധരലക്ഷ്മിയും ഇരിപ്പായി.

---

## പതിനെട്ടാമദ്ധ്യായം.

---

അന്നു രാത്രി കൂരിരുട്ടത്തു ചിറസ്തൂൽ അടുത്തു കരക്കിറങ്ങിയിരുന്ന ഉണ്ണിമായയുടെ കഥ എന്താണെന്നും മറ്റും വിസ്തരിച്ചു പറഞ്ഞിട്ടില്ലെങ്കിലും അവർ ചാഴൂർ കോവിലകത്തു രക്ഷിക്കപ്പെട്ടിട്ടുണ്ടെന്നുള്ള വസ്തുത മുൻപു പ്രസ്താവിച്ചിട്ടുണ്ട

ല്ലോ. ചാഴൂർ കോവിലകത്തുതന്നെ കോവിലകം വക ഒരു കൃഷിസ്ഥലമുണ്ടായിരുന്നു. അതു വളരെ വലിയതല്ലെങ്കിലും ഒരു കുടുംബത്തിന്നു സുഖമായി താമസിക്കത്തക്ക സകല സൌകര്യങ്ങളും തികഞ്ഞ ഒരൊന്നാന്തരം വീടായിരുന്നു. തെക്കിനി എകത്തികെട്ടിയ ഒരു നാലുകെട്ടും അടുക്കളയും കിഴക്കിനിയുടെ കിഴക്കുവശത്തു വിശാലമായ ഒരു കുളപ്പുരയും തൊഴുത്തും മാത്രമാണ് അവിടെ പ്രധാന കെട്ടിടങ്ങൾ. അവിടെ സ്ഥിരമായി താമസിച്ചുവരുന്ന കൃഷികപ്രമാണികൾ നാലഞ്ചുപേർ ഉണ്ടായിരുന്നു. കൃഷീവലന്മാർ മിക്കവാറും ചെറുമക്കൾ തന്നെയാണ്. അവരുടെ ഉപയോഗത്തിന്നായി വളപ്പിനകത്തുതന്നെ കുറവളരെ ചെറുമാടങ്ങളും കെട്ടപ്പെട്ടിരുന്നു. അവിടെ എന്നും ആൾ ഒഴിഞ്ഞ സമയമില്ല. എന്നു മാത്രമല്ല രാത്രികാലങ്ങളിൽ ചുരുങ്ങിയതു രണ്ടുപേർ ഉറക്കമിളച്ചു കാവലിരുന്നുകൊള്ളണമെന്നുനിയമവുമുണ്ടായിരുന്നു. ഉണ്ണിമായയുടെ ആവശ്യത്തിന്ന് ഇതിലെ നാലുകെട്ടു ഒഴിഞ്ഞുകൊടുത്തിരുന്നു. പരിചയ്യക്കായി ഒന്നുരണ്ടു സ്ത്രീകളേയും ഏപ്പാടുചെയ്തിട്ടുണ്ട്. ഒരു വിധം നോക്കിയാൽ ഉണ്ണിമായക്കു പരമസുഖമാണെന്നു തന്നെ പറയാം. നല്ല സ്ഥലം, പറഞ്ഞതു കേൾക്കുവാൻ വേണ്ട ആളുകൾ, രക്ഷാപുരുഷന്മാർ അതിധാരാളം. ആകപ്പാടെ ഒരു രാജപദവിതന്നെയായിരുന്നു എന്നു പറയാം.

ഇപ്പറഞ്ഞതെല്ലാം വാസ്തവമാണെങ്കിലും അത്രമാത്രം അവൾക്കു സന്തോഷമോ സമാധാനമോ ഉണ്ടായിരുന്നില്ല. മൂത്ത കയ്മളുടെ ആൾക്കാർ തൃശ്ശിവപേരൂരിൽനിന്നു പിടിച്ചുകൊണ്ടുപോവുമ്പോൾ സ്വന്തം ആൾക്കാരോടുകൂടിച്ചെന്ന് അവളെ സംരക്ഷിച്ച ആ ധീരപുരുഷന്റെ നിരന്തരദശനം അവൾക്കു സാധിച്ചിട്ടില്ലെന്നല്ല പകൽസമയം അദ്ദേഹത്തെ കാണ്മാൻ തന്നെ അവൾക്കു സംഗതിവന്നിട്ടില്ല. അവളെ നിർദ്ദിഷ്ടസ്ഥലത്തു കൊണ്ടുപോയിരുത്തി അന്നു രാ

ത്രിതന്നെ അദ്ദേഹം അവിടം വിട്ടിരുന്നു. ഉണ്ണിമായ വിചാരിച്ചിരുന്നതുപോലെ ഒന്നുംതന്നെ സാധിച്ചില്ല. അദ്ദേഹം എവിടെനിന്നു വന്നു, എങ്ങോട്ടു പോയി എന്നൊന്നും അറിഞ്ഞുകൂട. ഇത്രയും കഴിഞ്ഞപ്പോൾ അദ്ദേഹം ആരാണെന്നുള്ള കാര്യംതന്നെ അവൾക്കു സംശയമായി. മററുള്ളവരുടെ പെരുമാററം കാണുമ്പോൾ തന്റെ വിചാരംപോലെ തന്നെ ആയിരിക്കാമെന്നും തോന്നിയിരുന്നു. ഇതിനിടയ്ക്കു ചേററക്കളത്തു ഭട്ടതിരി അവിടെ ചെന്നു. എന്നാൽ അപ്പോഴും വിവരമായി ഒന്നും മനസ്സിലായില്ല. അവളുടെ ഊഹം ഭട്ടതിരിയെ ഗ്രഹിപ്പിക്കുകയും ഉടനെ അറിഞ്ഞുവരാമെന്നു അദ്ദേഹം ഏററുപറകയും ഉണ്ടായി. പക്ഷേ അദ്ദേഹം പിന്നെ അങ്ങോട്ടു കടക്കുകയേ ഉണ്ടായില്ല. ചാഴൂർ തമ്പുരാൻ ഒരാൾ മാത്രമേ പരമാർത്ഥമറിഞ്ഞിട്ടുള്ളു. മിക്കവാറും അദ്ദേഹം അവിടെ ഉണ്ടാകാറില്ല. ഉണ്ടെങ്കിൽതന്നെ ആരോടും പറകയുമില്ല. അദ്ദേഹത്തിന്റെ അമ്മ ചോദിച്ചിട്ടുതന്നെ കാര്യം തുറന്നു പറഞ്ഞിട്ടില്ലെന്നാണ് കേൾവി.

കുടുംബക്ഷേമങ്ങളെ അന്വേഷിപ്പാനായി ചാഴൂർ തമ്പുരാൻ ഇടയ്ക്കിടയ്ക്ക് അവിടെ പോകാറുണ്ട്. ആ സന്ദർഭങ്ങളിൽ യുദ്ധകാര്യങ്ങളെ സംബന്ധിച്ചല്ലാതെ യാതൊന്നും ചോദിക്കുകയൊ പറകയൊ പതിവില്ല. കൊടുങ്ങല്ലൂർ കോട്ട അധീനത്തിലായതു മുതൽ നാളതുവരെ നടന്ന സംഗതികൾ എല്ലാം അവർ അറിഞ്ഞിരുന്നു. ഇരുഭാഗത്തുമുള്ള നായകന്മാരേയും അവരുടെ പ്രവൃത്തിവിശേഷങ്ങളേയും വിസ്തരിക്കുന്നത് പലതവണയും കേൾക്കുവാൻ സാധിച്ചിട്ടുണ്ട്. ഈ സന്ദർഭങ്ങളിൽ ചിലപ്പോൾ അല്ല പലപ്പോഴും അവളുടെ ഹൃദയത്തിൽ ചില വികാരവിശേഷങ്ങൾ ഉണ്ടായിക്കൊണ്ടിരുന്നു. ആ വീരന്മാരുടെ കൂട്ടത്തിൽ തന്റെ രക്ഷിതാവ് അല്ലെങ്കിൽ ജീവനാഥൻകൂടി ഉൾപ്പെട്ടിട്ടുണ്ടെന്ന് അവൾക്കു തോന്നിയിരുന്നു. അദ്ദേഹമുള്ള ഭാഗം ജയിക്കുമ്പോൾ സ

ന്തോഷവും തോല്ക്കുമ്പോൾ വ്യസനവും അവളുടെ മുഖത്തു സ്പഷ്ടമായിരുന്നു. താനറിയാതെ ഒന്നുരണ്ടു തവണ അവൾ ഉറക്കെ കരയുകകൂടി ഉണ്ടായി. ഇതെല്ലാം കണ്ടും കേട്ടും കോവിലകത്തുള്ളവരും സമീപസ്ഥന്മാരും എന്തൊക്കയോ ശങ്കിച്ചിരുന്നു. എന്നാൽ ചാഴൂർ തമ്പുരാനെ ഭയപ്പെട്ട് ആരും ഒന്നും പുറത്തു പറഞ്ഞിരുന്നില്ല. എങ്ങിനെയെന്നറിയാതെ ഉണ്ണിമായ ദിവസം കഴിച്ചുകൂട്ടിയിരുന്നു.

ഇങ്ങിനേയിരിക്കുമ്പോൾ ചാഴൂർ തമ്പുരാനും ചേററക്കളത്തു ഭട്ടതിരിയും കൂടി ഒരു ദിവസം വയ്യുന്നേരം അവിടെ എത്തിച്ചേർന്നു. തമ്പുരാൻ വരുമ്പോൾ സാധാരണ ഉണ്ടാകാറുള്ളപോലെ അന്നും കോവിലകത്തു തിരക്കായിരുന്നു. വിശേഷവത്തമാനങ്ങൾ വല്ലതും ഉണ്ടോ എന്നറിയാനായി കേട്ടുകേൾപ്പിച്ച് അനവധി ജനങ്ങൾ അവിടെ വന്നു വശായിട്ടുണ്ട്. ആർ എന്തു ചോദിച്ചാലും പരസ്യമാകുവാൻ വിരോധമില്ലെന്ന് അദ്ദേഹത്തിനു തോന്നിയ വിവരങ്ങളല്ലാതെ ഒരക്ഷരം പറഞ്ഞുപോയെന്നുവരില്ല. ഇതെല്ലാവക്കും നിശ്ചയമുണ്ട്. കേൾക്കാവുന്നതു കേൾക്കാമല്ലോ എന്നേ ജനങ്ങൾ വിചാരിച്ചിരുന്നുള്ളു. തമ്പുരാൻെറ അന്നത്തെ ആഗമനത്തിൽനിന്നു പുതിയ സംഗതികൾ പലതും അവക്ക് മനസ്സിലാക്കുവാൻ സാധിച്ചു. രാജ്ഞി ഗംഗാധരലക്ഷ്മി തൃശ്ശിവപേരൂർ താമസമാക്കിയ വത്തമാനം എല്ലാവക്കും നൂതനമായിരുന്നു. ഈ കൃത്യങ്ങൾ നടന്നിട്ട് അധികം ദിവസങ്ങളായിട്ടില്ല. അതുതന്നെയാണ് പ്രസിദ്ധിയാകാതിരുന്നതും.

തമ്പുരാൻെറ ഉദ്ദേശമെന്തുതന്നെയായിരുന്നാലും കോവിലകത്തുള്ള തമ്പുരാട്ടിമാർ രാജ്ഞിയെ കാണുവാൻ തൃശ്ശിവപേരൂക്ക് പോവുന്നുണ്ടെന്നും അവരെ കൂട്ടിക്കൊണ്ടുപോവാനാണ് അദ്ദേഹവും ഭട്ടതിരിയും അവിടെ എത്തിയിരിക്കുന്നതെന്നും ക്ഷണനേരംകൊണ്ടു പുറമെ സംസാരമായിക്കഴിഞ്ഞു. ഈ വിവരം ഉണ്ണിമായയും കേൾക്കാതിരുന്നില്ല: രാ

ജ്ഞിയെ കാണുവാൻ അവൾക്കും ആഗ്രഹമുണ്ടായിരുന്നു. ബാല്യം മുഴുവനും അവിടുത്തെ രക്ഷയിലാണല്ലൊ അവൾ ഇരുന്നിരുന്നത്. പിന്നെ ഇടയ്ക്കിടയ്ക്കു പോയി കാണുകയും ചെയ്തിരുന്നു. രാമണങ്കോവിലിന്റെ തിരിപ്പും ഗോദവർമ്മരാജാവിന്റെ ധൃതിയും മൂത്ത കയ്മളുടെ മുഷ്ക്കും കൂടി കലൎന്നപ്പോൾ വേണ്ടതൊന്നും ചെയ്വാൻ സാധിക്കാതെയായി. എന്നുതന്നെയല്ല അവൾക്കു വീടുവിട്ടു ഓടിപ്പോകേണ്ടതായും വന്നു. ഇപ്പോൾ രാജ്ഞി തൃശ്ശിവപേരൂർ വന്നിരിക്കുന്ന സ്ഥിതിക്ക് ഏതു വിധവും അവിടെ ചെന്നു അവിടുത്തെ കണ്ടു വന്നാൽക്കൊള്ളാമെന്ന് അവൾക്ക് വലിയ മോഹമായിരിക്കുന്നു. ചേററക്കളത്തു ഭട്ടതിരികൂടി അവിടെ വന്നിട്ടുള്ളതിനാൽ കാൎയ്യം സാധിക്കാമെന്നും അവൾ കരുതിയിരുന്നു.

ഉണ്ണിമായയുടെ ഹൃദയത്തിൽ വേരൂന്നി വളൎന്നുവന്നിരുന്ന വിചാരപരമ്പരയ്ക്ക് ഇതുകൊണ്ടൊന്നുംശമനമുണ്ടായില്ല. ക്ഷണനേരംകൊണ്ട് അവളുടെ മനസ്സു അതിനു മുൻപുണ്ടായിരുന്ന ജോലിയിൽതന്നെ പ്രവേശിച്ചു. ഭട്ടതിരിയെ കണ്ടു വൎത്തമാനം ചോദിക്കുവാൻ വളരെ ബദ്ധപ്പാടായിരുന്നു. അത്താഴംകഴിഞ്ഞ് അദ്ദേഹം അങ്ങോട്ടു ചെല്ലുമെന്നാണ് അവൾ വിചാരിച്ചിരുന്നത്. വളരെനേരം കാത്തിരുന്നു. പതിവിലധികം ഉറക്കമിളച്ചിരിക്കുന്നതുകണ്ട് ഒരുമിച്ചുള്ളവർ ചോദ്യം തുടങ്ങിയപ്പോൾ ഒന്നും മിണ്ടാതെ പോയി കിടക്കുകയും ചെയ്തു. ഉണ്ണിമായയെ അന്നുതന്നെ കണ്ടാൽ കൊള്ളാമെന്നു ഭട്ടതിരിക്കും ഉണ്ടായിരുന്നു. അവളുടെ ചട്ടവട്ടങ്ങളെപ്പററിയന്വേഷിച്ചതിൽ രാത്രി അങ്ങിനെ അങ്ങോട്ടു ആരേയും പറഞ്ഞയയ്ക്കാൻ പാടില്ലെന്നു തമ്പുരാൻ ഏൎപ്പാടു ചെയ്തിട്ടുണ്ടെന്നു മനസ്സിലായി. താൻശ്രമിച്ചാൽ വേണമെങ്കിൽ സാധിക്കാമെന്നു അദ്ദേഹത്തിന്നു തോന്നിയെങ്കിലും അതിനാവശ്യവും തമ്പുരാന്റെ ആജ്ഞാശക്തിക്ക് ഹാനികരവും ആണെന്നു കരുതി അതിനു ശ്രമിച്ചില്ല. പിറേറദിവസം നേ

ത്ത കുളിയും ദേവകാര്യങ്ങളും കഴിച്ച ഭട്ടതിരി ഉണ്ണിമായയുടെ അടുത്ത് ഹാജരായി. ഇങ്ങിനെ ഉണ്ടാവുമെന്ന് അവൾ ഊഹിക്കുകയും ചെയ്തു. ഭട്ടതിരിയെ കണ്ടപ്പോൾ തന്നെ "നല്ല കേമനാണ്. വൎത്തമാനങ്ങൾ അറിഞ്ഞുവരാൻ പോയ ആളേ മഷിയിട്ടു നോക്കിയാൽത്തന്നെ കാണ്മാനില്ല." എന്ന് ഉണ്ണിമായയും, "ഒന്നും പറയേണ്ട ഇങ്ങിനെയൊക്കെ വന്നുകൂടി എന്നേ ഉള്ളു." എന്നു ഭട്ടതിരിയും ഒരു ശാന്തസ്വരത്തിൽ പറഞ്ഞു കഴിഞ്ഞു. ഉടനെ ഒരു പുത്തൻപുല്പായകൊണ്ടുകൊടുത്ത് ഭട്ടതിരിയെ അവിടെ ഇരുത്തി. ഉണ്ണിമായ അടുത്തുനിന്നുകൊണ്ടുതന്നെ ഇങ്ങിനെ ചോദിച്ചു.

ഉണ്ണിമായ— തമ്പുരാട്ടി ഒരുമിച്ചു തൃശ്ശിവപേരൂക്ക് എഴുന്നള്ളിയതായിരിക്കും?

ഭട്ടതിരി—ഇപ്പോൾ തമ്പുരാൻ ഒരുമിച്ചു ചാഴൂക്കല്ലേ വന്നിരിക്കുന്നത്.

ഉണ്ണി— അതടിയനറിയാം. തൃശ്ശിവപേരൂർ നിന്നല്ലേ എഴുന്നള്ളുന്നത്?

ഭട്ടതിരി— എന്നാൽ അതും അറിഞ്ഞിട്ടുണ്ടാവും.

ഉണ്ണി— എന്നാൽ ലൌകികം ചോദിച്ചു എന്നേ വിചാരിക്കേണ്ടു.

ഭട്ടതിരി—എങ്കിലും അലൌകികമാവാതെ കഴിക്കണം. പിന്നെ അറിയുന്നതും അറിയേണ്ടതുമായ അനേകം കാൎയ്യങ്ങൾ ചോദിക്കാനും പറയാനുമുണ്ട്. അപ്പോൾ വെറുതെ വല്ലതും പറഞ്ഞ് സമയം കളയുന്നത് ഭംഗിയല്ല.

ഉണ്ണിമായ— വിസ്തരിച്ചു കേട്ടാൽ കൊള്ളാം. വളരെ ദിവസമായി അടിയൻ ആഗ്രഹിക്കുന്നു.

ഭട്ടതിരി— കുറച്ചധികം പറയാനുണ്ട്. അവിടേയിരിക്കു. (ഉണ്ണിമായ ഇരുന്നു. ഭട്ടതിരി കൊടുങ്ങല്ലൂർകോട്ടയിൽ ചെന്നതുമുതൽ മട്ടാഞ്ചേരി യുദ്ധം കഴിഞ്ഞ് വീണ്ടും കൊടുങ്ങ

ല്ലൂർ വന്നുകൂടിയതുവരെയുള്ള സംഗതികൾ വിസ്തരിച്ചു പറഞ്ഞു).

ഉണ്ണി—ഇനി എന്താണ് ആലോചന? തമ്പുരാക്കന്മാർ കൊടുങ്ങല്ലൂർ തന്നെയില്ലേ?

ഭട്ടതിരി—ഇല്ലല്ലൊ. അതല്ലേ രാജ്ഞി തൃശ്ശിവപേരൂർക്ക് മാറിയിരിക്കുന്നത്.

ഉണ്ണി—എവിടേക്കാണ് അവർ എഴുന്നള്ളിയിരിക്കുന്നത്?

ഭട്ടതിരി—കൊളമ്പിലേക്ക്.

ഉണ്ണി—ഇപ്പോൾ വിശേഷിച്ചെന്താണ് സംഗതി?

ഭട്ടതിരി—യുദ്ധകാര്യംകൊണ്ടാലോചിപ്പാൻ തന്നെയാണ്.

ഉണ്ണി—ഈശ്വര! എത്ര കാലമായി കഷ്ടപ്പെടുന്നു! ഇനിയും ഇരിക്കപ്പൊറുതിയില്ലല്ലൊ. വലിയച്ഛനെവിടെയാണ്?

ഭട്ടതിരി—അദ്ദേഹവും ഒരുമിച്ചു പോയിട്ടുണ്ട്.

ഉണ്ണി—അപ്പോൾ തമ്പുരാട്ടിക്കു സഹായമാരാണ്?

ഭട്ടതിരി—ചങ്ങരംകോത കത്താവും ശങ്കരൻകണ്ടത്തു പണിക്കരും ഒരുമിച്ചുതന്നെയുണ്ട്.

ഉണ്ണി—അതുതന്നെയായിരിക്കും അവിടുന്നു തൃശ്ശിവപേരൂർ എഴുന്നള്ളി താമസമാക്കിയത്.

ഭട്ടതിരി—വടക്കോട്ടു മാറുംതോറും പറങ്കികളുടെ ശല്യത്തിനു ശക്തി കുറയും. അഥവാ ഉപദ്രവിക്കാൻ വന്നാൽതന്നെ ചിററിലപ്പിള്ളി, ചിററഞ്ഞൂർ, കുമരപുരം മുതലായ രാജാക്കന്മാരും മററു പ്രഭുക്കളും അധീനത്തിലുള്ള സ്ഥിതിക്ക് അത്ര ഭയപ്പെടാനുമില്ല.

ഉണ്ണി—അമ്മാമൻെറ ശക്തി ശത്രുപക്ഷത്തിലേക്കായിപ്പോയത് അടിയങ്ങളുടെ ഭാഗ്യദോഷം. അല്ലെങ്കിൽ അവിടെയ്ക്കു തെക്കൻദിക്കിലും സഹായികൾ ധാരാളമാകുമായിരുന്നു. (ഇതു പറഞ്ഞപ്പോൾ അവളുടെ നേത്രങ്ങൾ അശ്രുപൂണ്ണങ്ങളായി എന്നല്ല, കപോലങ്ങളിൽകൂടി അതിൻെറ ധാരകൾ പ്രവഹിച്ചുതുടങ്ങുകയും ചെയ്തു).

ഭട്ടതിരി—അതൊന്നും പറഞ്ഞിട്ടു ഫലമില്ല. അങ്ങിനെ വന്നു വശമായി. എന്നാൽ മുഴുവനും മൂത്ത കയ്മളുടെ കുററമാണെന്നു പറവാൻ ഞാനൊരുക്കമില്ല.

ഉണ്ണി—ആരുടെ കുററമായാലും അനുഭവിപ്പാൻ മററുള്ളവരായി. വരുന്നതൊക്കെ വരട്ടെ. അല്ലാതെ എന്തു ചെയ്യാം?

ഭട്ടതിരി—എന്നും ഒരുപോലെ ആക്കമില്ല. മനുഷ്യജന്മംതന്നെ അസ്ഥിരമല്ലേ? പിന്നെ അവരുടെ സുഖദുഃഖങ്ങൾ പറയാനുണ്ടോ? രാമണങ്കോവിലിന്റെ കഥതന്നെ കണ്ടില്ലേ?

ഉണ്ണി—പാവം! എങ്ങിനെ ഇരുന്നിരുന്നു? എല്ലാം ഈശ്വരന്റെ കളിതന്നെ. അദ്ദേഹത്തിന്റെ നിയ്യാണത്തിൽ തമ്പുരാട്ടിയും വ്യസനിച്ചിരിക്കും.

ഭട്ടതിരി—പറയാനുണ്ടോ? ആക്കായാലും ഉണ്ടാവില്ലേ?

ഉണ്ണി—ഇപ്പോൾ അവിടേക്കു വിശേഷമൊന്നുമില്ലല്ലോ?

ഭട്ടതിരി—ഇല്ല. ഒരുവിധം സമാധാനമായി.

ഉണ്ണി—കൊളമ്പിലേക്കെഴുന്നള്ളിയിരിക്കുന്നതെന്തിനാണ്?

ഭട്ടതിരി— യുദ്ധകാൎയ്യംകൊണ്ടാലോചിപ്പാനാണെന്നു പറഞ്ഞില്ലേ?

ഉണ്ണി—ഉവ്വ്; ചോദിച്ച എന്നേയുള്ളു.

ഭട്ടതിരി—എന്നെ പരീക്ഷിക്കുകയാണോ?

ഉണ്ണി—അതൊന്നുമല്ലേ, ഈശ്വരാ! എന്നാണ് മടങ്ങി എഴുന്നള്ളുക എന്നറിഞ്ഞുവോ?

ഭട്ടതിരി—ഇല്ല; എങ്കിലും അധികം താമസമുണ്ടാവില്ലെന്നാണ് തോന്നുന്നത്.

ഉണ്ണി—അതെന്താണ്?

ഭട്ടതിരി—ലന്തപ്രമാണികളായ 'വാൻഗ്ലുസ്സം' 'മെയിഡ' നും പറഞ്ഞിരുന്നതുപോലെ എത്തിക്കാണാഞ്ഞതിനാൽ

അന്വേഷിപ്പാൻ പുറപ്പെട്ടിരിക്കയാണ്. ഒരു സമയം വഴിക്കവച്ച് കണ്ടുമുട്ടാനും മതി. എന്നാൽ ഭാരമില്ല.

സംഭാഷണം ഈ ഘട്ടത്തിലെത്തിയപ്പോൾ ഒരാൾ വന്നു കോവിലകത്തേക്കു ചെല്ലണമെന്നും ഊണുകാലമായിരിക്കുന്നു എന്നും ഭട്ടതിരിയെ അറിയിച്ചു. ഊണുകഴിഞ്ഞാൽ അങ്ങോട്ടുതന്നെ ചെല്ലാമെന്നു പറഞ്ഞു ഭട്ടതിരി കോവിലകത്തേക്കു പോവുകയും ചെയ്തു. ഇവരുടെ സംഭാഷണത്തിൽ നിന്നു നമുക്കറിയുവാനുള്ള പ്രധാനസംഗതി മൂപ്പിലെ കൊളമ്പുയാത്രയാണ്. അതിന്നുള്ള കാരണവും അതിൽ സൂചിപ്പിച്ചിട്ടുണ്ട്. ലന്തക്കാർ കൊച്ചിരാജ്യം വിട്ടു പോയപ്പോൾ പറഞ്ഞിരുന്നപോലെ പ്രവൎത്തിച്ചുകാണാഞ്ഞയാൽ മൂപ്പിലേക്കും മററും പരിഭ്രമമായി. പറഞ്ഞ കാലം കഴിഞ്ഞു കുറെ ദിവസങ്ങൾ കാത്തു. എന്നിട്ടും ഒരു വിവരവുമില്ല. ഗോദവൎമ്മരാജാവ് ജയഭേരി മുഴക്കിത്തുടങ്ങി. രാമണങ്കോവിലിനു പകരം മൂത്ത കയ്യളാണെന്നേയുള്ളൂ. പറങ്കികൾക്കും ഉത്സാഹം തന്നെ. അവർ യുദ്ധസാമഗ്രികളും സൈന്യങ്ങളും ഒരുക്കിട്ടിത്തുടങ്ങിയിരിക്കുന്നു. ഇങ്ങിനെ അധികദിവസം കഴിഞ്ഞാൽ തടുപ്പാൻതന്നെ പ്രയാസമാകും. മൂപ്പിലെ ഭാഗത്ത് ലന്തക്കാരാണ് പ്രധാനാവലംബം. നാട്ടുകാരെ കുറെ ശേഖരിച്ചിട്ടുണ്ടെങ്കിലും തോക്കെടുത്തു യുദ്ധം ചെയ്യുന്നതിൽ അവൎക്കു ജയം കിട്ടുവാൻ അസാദ്ധ്യമാണെന്നു പരക്കെ സമ്മതമായ ഒരു കാൎയ്യമാണ്. ഏതായാലും വെറുതേയിരുന്നാൽ ഗുണമില്ലെന്നു കരുതി മൂപ്പിന്നു തന്നെ കൊളമ്പിലേക്ക് പുറപ്പെട്ടതാണ്.

രാജ്ഞി ഗംഗാധരലക്ഷ്മി മൂപ്പിന്നൊരുമിച്ചു കൊടുങ്ങല്ലൂർ കോട്ടയിലാണല്ലോ എഴുന്നള്ളിയിരുന്നത്. മൂപ്പിന്നും മററും കൊളമ്പിലേയ്ക്കു പുറപ്പെട്ടപ്പോൾ അവിടുത്തെ താമസം എങ്ങിനെ വേണ്ടു എന്നാലോചനയായി. താൻ അവിടെത്തന്നെ താമസിച്ചുകൊള്ളാമെന്നും മററും രാജ്ഞി ധൈൎയ്യമാ

യി പറഞ്ഞു. എന്നാൽ തല്ക്കാലം തൃശ്ശിവപേരൂർക്ക് മാറിത്താമസിക്കുന്നതു തന്നേയാണ് അധികം നല്ലതെന്നു തോന്നുകയാൽ ഒടുക്കം അങ്ങിനെ ചെയ്യുയാണുണ്ടായത്. കൎത്താവു മുതലായ തലയാളികൾ സൈന്യസമേതം ഒരുമിച്ചുതന്നെയുണ്ട്. കാൎയ്യാന്വേഷണങ്ങൾക്കു ചാഴൂർ തമ്പുരാനും, വിനോദവിഹൃതികൾക്കു ഭട്ടതിരിയും ഒരുമിച്ചുണ്ടായിരിക്കണമെന്നാണ് നിശ്ചയം. ഇവർ തൃശ്ശിവപേരൂർ എത്തിച്ചേൎന്നിട്ട അധികദിവസമായില്ല. എങ്കിലും ചാഴൂർ തമ്പുരാന് കൂടക്കൂടെ കുടുംബക്ഷേമങ്ങളന്വേഷിക്കാതെ തരമില്ലാത്തതിനാൽ ഇപ്പോൾ അങ്ങോട്ടു ചെന്നിരിക്കയാണ്. തിരിയെ വരുന്ന സമയം കോവിലകത്തെ സ്ത്രീകളിൽ ചിലരെക്കൂടി തൃശ്ശിവപേരൂർക്ക് കൂട്ടിക്കൊണ്ടു ചെല്ലണമെന്നു പ്രത്യേകം പറഞ്ഞിരുന്നു. ഇങ്ങരെ ക്ഷണിച്ചുവരുത്തി സൽക്കരിപ്പാനുള്ള സമയം ഇതല്ലെങ്കിലും പഴയ വേഴ്ചക്കാരെ കാണുവാനുള്ള താല്പൎയ്യംകൊണ്ടും ഇനി മറെറാരിക്കൽ ഇത്ര സൌകൎയ്യമുണ്ടാവുന്ന കാൎയ്യം സംശയമായിരുന്നതുകൊണ്ടും അവിടുന്നിങ്ങിനെ നിശ്ചയിച്ചതാണ്. ചാഴൂർ തമ്പുരാൻ പുറപ്പെട്ടപ്പോൾ ഒരുമിച്ചു ഭട്ടതിരിയും പുറപ്പെട്ടു. രണ്ടാളുംകൂടി പോവുന്ന കാൎയ്യത്തിൽ രാജ്ഞി കുറച്ചു വിസമ്മതം പ്രദൎശിപ്പിച്ചു. എങ്കിലും തന്റെ പ്രത്യേക കാൎയ്യത്തിനാണെന്നും അത് തമ്പുരാനൊന്നിച്ചല്ലാതെ സാധിക്കയില്ലെന്നും ധരിപ്പിച്ചപ്പോൾ അവിടുന്നു സമ്മതിക്കയും ചെയ്തു. ഉണ്ണിമായ ചാഴൂർ കോവിലകത്തു താമസിച്ചിരുന്ന വിവരം രാജ്ഞിയും അറിഞ്ഞിരുന്നു. അവളുടെ കാൎയ്യത്തിൽ അവിടുന്ന് പണ്ടുതന്നേ വളരെ ശുഷ്കാന്തിയുള്ള ഒരാളായിരുന്നു. സൌകൎയ്യമുണ്ടെങ്കിൽ അവളും ഒന്നിച്ചു പോന്നുകൊള്ളട്ടെ എന്ന് രാജ്ഞിക്ക് അഭിപ്രായമുണ്ടായിരുന്നു.

തമ്പുരാനും ഭട്ടതിരിയും മററും ഭക്ഷണം കഴിഞ്ഞു പുറത്തു വന്നപ്പോൾ അവിടെ വിശേഷാൽ ഒന്നുരണ്ടുപേർ വ

ന്നു നിന്നിരുന്നു. അവർ ഷഷ്ടിപൂർത്തി കഴിഞ്ഞു എന്നു തോന്നത്തക്ക വൃദ്ധന്മാരുമായിരുന്നു. ചാഴൂക്ക് ഇദംപ്രഥമമായി വന്നവരാകയാൽ അവരെ അറിയുന്നവർ ആരും ആ ദിക്കിലുണ്ടായിരുന്നില്ല. ഭട്ടതിരി മാത്രം അവൎക്കു പരിചിതനായിരുന്നു. തമ്പുരാനോടുകൂടി അദ്ദേഹം പുറത്തു കടന്നു ചെല്ലുന്നതു കണ്ടപ്പോൾ അവിടെ നിന്നിരുന്നവർ താണു തൊഴുതു വാക്കയ്യു പൊത്തി ഒതുങ്ങി നിന്നു. വൎത്തമാനങ്ങൾ ചോദിച്ചതിൽ മൂത്ത കയ്മൾ പറഞ്ഞയച്ചവരാണെന്നും കൊച്ചിയിൽനിന്നു വരികയാണെന്നും മനസ്സിലായി. അവർ കയ്മളുടെ വിശ്വസ്തഭൃത്യന്മാർ തന്നേയാണെന്നു ഭട്ടതിരിക്കും അറിയാം. ആഗമനകാരണം ചോദിച്ചപ്പോൾ സ്വകാൎയ്യമാണെന്നു മാത്രമേ അപ്പോൾ അവർ പറകയുണ്ടായുള്ളു. ഓരോരുത്തർ ഓരോന്നു ഊഹിച്ചുതുടങ്ങി. കുളിയും ഊണും കഴിഞ്ഞതിന്നുശേഷം കാൎയ്യം പറയാമെന്നും അതു വേഗം കഴിയട്ടേ എന്നും പറഞ്ഞു. തമ്പുരാനും ഭട്ടതിരിയും മാളികയിലേക്കു നടന്നു.

ആരും ഒന്നും പറഞ്ഞിട്ടില്ല. ഉണ്ണിമായയെ പിടിച്ചുകൊണ്ടുപോകുവാൻ ആൾ വന്നിട്ടുണ്ടെന്നു സംസാരമായിക്കഴിഞ്ഞു. എന്നു മാത്രമല്ല അവളെ പറഞ്ഞയച്ചില്ലെങ്കിൽ മൂത്ത കയ്മൾ തന്നെ പുറപ്പെട്ടിട്ടുണ്ടെന്നും കേട്ടുതുടങ്ങി. ഇതിങ്ങിനെ കേട്ടു കേൾപ്പിച്ച് അവിടെയെല്ലാം പരന്നു. ഒടുക്കം മൂത്ത കയ്മൾ യുദ്ധത്തിന്നു പുറപ്പെട്ടിരിക്കുന്നു എന്നായി. ഈ വിവരം തമ്പുരാട്ടിമാരും അറിഞ്ഞു. ഉണ്ണിമായയെ ഉടനെ പറഞ്ഞയക്കേണമെന്നും അല്ലാത്ത പക്ഷം വലുതായ നാശം സംഭവിക്കുവാനിടയുണ്ടെന്നും അവർ ധരിച്ചുവശായി. ആകപ്പാടെ അവൎക്കു വലിയ പരിഭ്രമമായിത്തീൎന്നു. എന്നാൽ ഇതു തീരെ അടിസ്ഥാനരഹിതമായിരുന്നില്ല. വാസ്തവത്തിൽ ഉണ്ണിമായയെ കൂട്ടിക്കൊണ്ടുപോവാൻ തന്നെയാണ് അവർ വന്നിരുന്നത്. വലിയ ബോട്ടും വളരെ വലിക്കാരും ചില

ക്കൽ കടവിൽ അടുത്തു കെട്ടിക്കിടന്നിരുന്നു. അവിടേനിന്നാണ് ഈ വൎത്തമാനം ആദ്യം പുറത്തായത്. പിന്നെ കണ്ണാകണ്ണികയാം പരന്നു കോവിലകത്ത് അന്തഃപുരംവരെ എത്തി എന്നേയുള്ളൂ. യുദ്ധമുണ്ടായേക്കുമോ എന്നു ഭയപ്പെട്ട് സാധുക്കൾ കലശൽ കൂട്ടിത്തുടങ്ങി.

ഉണ്ണിമായയുടെ ഭക്ഷണം കോവിലകത്തു തമ്പുരാട്ടിമാരുടെ ദൃഷ്ടിയിൽ തന്നെയായിരുന്നു. പതിവുപോലെ അവൾ അവിടെ ചെന്നപ്പോൾ അന്ന് ഈ ലഹളയായിരുന്നു. അവൾ വരുന്നതു കണ്ടു ചിലർ ഒന്നും മിണ്ടാതെ ഒളിച്ചു മാറിക്കളഞ്ഞു. പ്രായമായ വലിയ തമ്പുരാട്ടി അവിടെത്തന്നെ ഇരുന്നു. ഇതെല്ലാം കണ്ടപ്പോൾ അവളും ഒന്നു പരുങ്ങി. കയ്മളുടെ ആൾ വന്ന വിവരം അവളും അറിഞ്ഞിരുന്നു. എന്നാൽ സംഗതികൾ മുഴുവൻ ധരിച്ചിരുന്നില്ല. ഭട്ടതിരി എത്തുമ്പോഴയ്ക്കും ഊണു കഴിച്ച് വേഗം ചെല്ലണമെന്നു കരുതി ആരോടും ഒന്നും പറയാൻ നില്ക്കാതെ ഭക്ഷണം കഴിച്ചു തിരിയെ പുറപ്പാടായി. അപ്പോൾ മൂത്ത തമ്പുരാട്ടി അവളെ വിളിച്ച് "ഇനി എന്താണ് വിചാരിക്കുന്നത്?" എന്നു ചോദിച്ചു. ചോദ്യത്തിന്റെ താല്പൎയ്യം മനസ്സിലാകാഞ്ഞതിനാൽ അവൾ ഒന്നു പരുങ്ങി. "യുദ്ധം ഇവിടെ വെച്ചു കൂടാതെ കഴിച്ചാൽ നന്നായിരുന്നു." എന്നാണ് അവിടത്തെ പിന്നത്തെ വാക്ക്. "അടിയൻ നിമിത്തം അതുണ്ടാവില്ല" എന്ന് ഉണ്ണിമായയും പറഞ്ഞു.

തമ്പുരാട്ടിയുടെ ഈ വാക്ക് ഉണ്ണിമായക്ക് വല്ലാതെ ഉള്ളിൽ തട്ടി. അവൾ സ്വസ്ഥാനത്തെത്തി വിവരം തിരക്കിത്തുടങ്ങി. അപ്പോഴയ്ക്കും ഭട്ടതിരിയും അവിടെ എത്തിച്ചേൎന്നു. കയ്മളുടെ ആൾ വന്ന വിവരം മുഴുവനും അദ്ദേഹം വിസ്തരിച്ചു പറഞ്ഞു. വേഗം തൃശ്ശിവപേരൂക്ക് പുറപ്പെടണമെന്നും അവിടെ അഭയം പ്രാപിക്കാമെന്നും ചാഴൂർ തമ്പുരാൻ പറഞ്ഞിട്ടുണ്ടെന്നും അശേഷം പരിഭ്രമിക്കാനില്ലെന്നും ഭട്ടതിരി ഉ

ണ്ണിമായയെ അറിയിച്ചു. സ്വതേ അനേകവിചാരങ്ങൾക്ക് അടിമപ്പെട്ടിരുന്ന അവളുടെ മനസ്സിൽ ഇനി ഒന്നിനും സ്ഥലം ഉണ്ടായിരുന്നില്ല. എങ്കിലും വലിയ വലിയ ശക്തികൾ വന്നു കേറുമ്പോൾ ചെറിയ ചെറിയ ശക്തികൾ ഇടംകൊടുത്ത് ഒഴിഞ്ഞുനില്ക്കുന്നതു സ്വാഭാവികമാണല്ലോ. മൂത്ത കയ്മളുടെ ആൾ വന്ന വിവരവും ചാഴൂർ കോവിലകത്തുള്ള തമ്പുരാട്ടിമാരുടെ ആശയവും അറിഞ്ഞപ്പോൾ ഉണ്ണിമായക്ക തന്റെ ഭാവിയെപ്പററി ഒരു പുനരാലോചന അത്യാവശ്യമായിത്തീന്നു. അവൾ മററു ചിന്തകൾ എല്ലാംമാററിവെച്ചു സമാധിയിലുറച്ചതുപോലെ ഏകാഗ്രചിത്തയായി കുറെനേരം ഇരുന്നേടത്തുതന്നെ ഇരുന്നു. ഭട്ടതിരി അടുത്തിരുന്നു പല സമാധാനവാക്കുകളും പറഞ്ഞിരുന്നു. അതൊന്നും അവൾ കേട്ടതുതന്നെയില്ലെന്നാണു തോന്നുന്നത്. ഒരു മറുപടിയും പറഞ്ഞില്ല. കുറച്ചധികം നേരം ഇങ്ങിനെ കഴിഞ്ഞതിനുശേഷം ഒരു ദീൎഘശ്വാസത്തോടുകൂടി "കൊച്ചിക്കു പോകാൻ തന്നെ അടിയൻ നിശ്ചയിച്ചു" എന്നു ഭട്ടതിരിയോടു പറഞ്ഞു. "സഹായത്തിനാരാണവിടെ?" എന്നുള്ള ഭട്ടതിരിയുടെ ചോദ്യത്തിന് "ഈശ്വരനുണ്ട്" എന്നായിരുന്നു അവളുടെ മറുപടി. ഏതായാലും മൂത്ത കയ്മൾ തന്നെ പിടിച്ചു കൊണ്ടുപോകാതിരിക്കയില്ലെന്ന് അവൾക്കു ബോദ്ധ്യമായതിനാലും താൻ കാരണം തമ്പുരാട്ടിമാക്കു യാതൊരു ശല്യവും വരരുതെന്നു തോന്നിയതിനാലും അവൾ മേൽപ്രകാരം നിശ്ചയിച്ചതാണ്. കഷ്ടപ്പാട് അനുഭവിച്ചു പരിചയം വരുമ്പോൾ ധൈൎയ്യവും സ്വയംനിൎണ്ണയശക്തിയും താനെ ഉണ്ടാകുന്നതു ലോകസ്വഭാവമാണ്. ഭട്ടതിരി കുറെയൊക്കെ തടുത്തുനോക്കി. പക്ഷെ ഫലിച്ചില്ല. ചാഴൂർ തമ്പുരാൻ പ്രത്യേകിച്ചു ഗുണദോഷിച്ചു. ആത്മരക്ഷയ്ക്കുള്ള മാൎഗ്ഗങ്ങൾ ഇനി താൻതന്നെ നോക്കിക്കൊള്ളാമെന്നും ഇഷ്ടംപോലെ പ്രവൎത്തിക്കുവാൻ അനുവാദമുണ്ടാകണമെന്നും അവൾ ചാ

ഴൂർ തമ്പുരാനേയും അറിയിച്ചു. ആർ എന്തു ചെയ്തിട്ടും അവളുടെ നിശ്ചയം മാറുവാൻ കഴിഞ്ഞില്ല.

## പത്തൊമ്പതാമദ്ധ്യായം.

കൊച്ചിയിൽ ഗോദവർമ്മരാജാവിന്റെ ഭരണം ക്രമേണ ഉറച്ചുവന്നുതുടങ്ങി. സ്വതേ നിർഘൃണനായ രാജാവിനു മൂത്ത കയ്മളുടെ ഉപദേശംകൂടി ഉണ്ടായപ്പോൾ ഉഗ്രത വല്ലാതെ വർദ്ധിച്ചു. ജനങ്ങൾക്കു ബഹു ഭയം. അനുവാദംകൂടാതെ അനങ്ങിയാൽ കഥ കഴിയുമെന്ന് അവർ ഉറച്ചിരുന്നു. തെക്കൻപ്രദേശങ്ങൾ ഒട്ടു മുഴുവനും അദ്ദേഹത്തിന്റെ കീഴിലായി എന്നുതന്നെ പറയാം. ഇക്കൂട്ടത്തിൽ പാലിയത്തച്ചൻ മാത്രമെ വഴിപ്പെടാതിരിക്കുന്നുള്ളു. അധികം താമസിയാതെ അദ്ദേഹവും കീഴടങ്ങുമെന്നുതന്നെ എല്ലാവരും വിചാരിച്ചിരുന്നു. അദ്ദേഹം മൂപ്പിന്നോടുമിച്ചു ചാടിപ്പോയതുതന്നെ തോൽവിയുടെ ലക്ഷണമാണെന്നു ജനങ്ങൾ വ്യാഖ്യാനിച്ചുതുടങ്ങിയിരിക്കുന്നു. മൂത്ത കയ്മളുടെ ഉത്സാഹം ഇന്നവിധമെന്നു പറവാനില്ല. താൻ വിചാരിച്ചിരുന്നതിൽ എത്രയോ കൂടുതൽ ഔന്നത്യവും അധികാരവും ലഭിച്ചിട്ടുണ്ടെന്ന് ആയാൾക്കു തന്നെ സമ്മതമാണ്. ഇങ്ങിനെ ഒരു പദവി ലഭിക്കുവാനുണ്ടായ മൂലകാരണം വാസ്തവത്തിൽ രാമണക്കോവിലാണെങ്കിലും ഇന്നത്തെ അപ്രതിഹതമായ അധികാരത്തിന്ന് അദ്ദേഹത്തിന്റെ നിര്യാണംതന്നെയാണ് പ്രധാനകാരണമെന്നു സമ്മതിക്കാതെ നിവൃത്തിയില്ല. സുഖക്കേട് ഒന്നുംകൂടാതെ ഇപ്പോൾ രാമണക്കോവിൽ ജീവിച്ചിരുപ്പുണ്ടെങ്കിൽ കൊച്ചിയിലെ പ്രധാനമന്ത്രി അദ്ദേഹംതന്നെ ആകുമായിരുന്നു. രാജ്ഞി ഗംഗാധരലക്ഷ്മി ഉള്ള കാലത്തോളം ഈ സ്ഥാനം മററാക്കും അപഹരിക്കുവാൻ സാധിക്കയില്ലെന്നു തീർച്ചയാണ്. എന്നാൽ ആ വക ബാധകൾ ഒന്നും

ഇപ്പോൾ ഇല്ല. ഇങ്ങിനെയെല്ലാം വന്നുകൂടിയതു വിചാരിച്ചാൽ കയ്യുകളുടെ യോഗം എന്നല്ലാതെ മറെറാന്നും പറയുവാനില്ല.

ഇപ്പോൾ പറങ്കികൾക്കും ഒരുവിധം സമാധാനമാണ്. അവർ തങ്ങൾക്കു സംഭവിച്ച തകരാറുകളെ പരിഹരിച്ചു മുൻസ്ഥിതിയിൽതന്നെ ആക്കുവാൻ ശ്രമിക്കുന്നുണ്ട്. പറങ്കിക്കൊച്ചി പൂർവ്വാധികം ഉറപ്പിക്കുവാനുള്ള ശ്രമമാണ് അവക്കിപ്പോൾ ഉള്ളത്. യുദ്ധസാമഗ്രികളും രക്ഷാസ്ഥാനങ്ങളും വേണ്ടിടത്തോളം ഇല്ലാതിരുന്നതുകൊണ്ടു തന്നെയാണു തങ്ങൾ തോററുപോകുന്നത് എന്ന് അവർ മനസ്സിലാക്കി. മാനുവൽകോട്ട കൂററക്കൂടി ഉറപ്പിച്ചു ഭദ്രമായി സൂക്ഷിച്ചുതുടങ്ങി. മട്ടാഞ്ചേരി തോട്ടൾപ്പടെ മൂന്നു ഭാഗം ജലദുർഗ്ഗമായിട്ടുള്ള പറങ്കിക്കൊച്ചിയെ, തെക്കുവശംകൂടി തോടു കുത്തി ഒരു പ്രത്യേക തുരുത്താക്കിത്തീർത്തു. നാലുഭാഗങ്ങളിലും കാവലേപ്പെടുത്തി വളരെ ജാഗ്രതയായിരുന്നു. ഏതാനും പടക്കപ്പൽകൂടി അട്ടത്തെത്താൻ കൊണ്ടുവന്നു നിറുത്തിയാൽ ഒരിക്കലല്ലെങ്കിൽ മറെറാരിക്കൽ വലിയ ഉപകാരമായിരിക്കുമെന്നു കരുതി അതിന്നു വേണ്ട ഏപ്പാടുകൾ എല്ലാം ചെയ്തിട്ടുണ്ട്. കൊല്ലവും കൊടുങ്ങല്ലൂരും വീണ്ടെടുക്കുവാൻ അവക്കു വളരെ മോഹമുണ്ടായിരുന്നു. പക്ഷെ ഒരുക്കങ്ങൾ മുഴുവനാവട്ടെ എന്നു കരുതി അടങ്ങിയിരിക്കുകയാണ്. ലന്തക്കാർ തല്ക്കാലം ഒഴിച്ചുപോയെങ്കിലും അവർ വീണ്ടും വരാതിരിക്കുകയില്ലെന്നുതന്നെയാണു പറങ്കികൾ ഉറപ്പിരുന്നത്. എന്നാൽ അഞ്ചെട്ടുമാസം കഴിഞ്ഞിട്ടും അവർ വന്നു കാണാത്തതിൽ "എന്തോ" എന്നു ശങ്കിക്കുകയും ചെയ്തിരുന്നു. മൂപ്പിന്നും പാലിയത്തച്ചനും കൊടുങ്ങല്ലൂർ കോട്ടയിൽനിന്നും പോയിരിക്കുന്നു എന്നും രാജ്ഞി തൃശ്ശിവപേരൂക്കു മാറി താമസിച്ചിരിക്കുന്നു എന്നും അവർ അറിഞ്ഞിരുന്നു. ശത്രുക്കളുടെ ശ്രമങ്ങൾ എന്തെല്ലാമാണെന്നും മററും പറങ്കികൾക്കു മനസ്സിലാകുന്നി

ല്ല. എങ്കിലും അവർ ഒരുങ്ങിത്തന്നേയിരുന്നു. ഇതിങ്ങിനെ ഇരിക്കട്ടെ.

മൂത്ത കയ്മളുടെ ആൾ ഒരുമിച്ചു കൊച്ചിക്കു പോകുവാൻ തന്നെയാണ് ഉണ്ണിമായ നിശ്ചയിച്ചിരിക്കുന്നത് എന്നു കഴിഞ്ഞ അദ്ധ്യായത്തിൽ പറഞ്ഞിട്ടുണ്ടല്ലോ. അതുപോലെതന്നെ അവൾ പ്രവൎത്തിക്കുകയും ചെയ്തു. അവൾ തൃശ്ശിവപേരൂർ ചെന്നു താമസിക്കണമെന്നു ചാഴൂർ തമ്പുരാനും ചേററക്കളത്തു ഭട്ടതിരിയും വളരെ നിർബന്ധിച്ചു. പക്ഷെ, താനങ്ങോട്ടു ചെന്നാൽ തമ്പുരാട്ടിക്കുകൂടി ആപത്തായിത്തീരുമെന്നും അതു ഒരിക്കലും വിചാരിക്കുന്നില്ലെന്നും ഖണ്ഡിച്ചു പറകയാൽ അവക്ക് ആ ഭാഗം പിൻവലിക്കേണ്ടിവന്നു. എന്നാൽ കൊച്ചിക്കു താനും ഒരുമിച്ചു പോരാമെന്നു ഭട്ടതിരി ശാഠ്യം പിടിച്ചു. അതും അവൾ സമ്മതിച്ചില്ല. മൂത്ത കയ്മൾക്കു തന്റെ നേരെ വലിയ പക ഉണ്ടാകുമെന്നും ഈ സന്ദൎഭത്തിൽ ഭട്ടതിരി ഒരുമിച്ചു വന്നാൽ അദ്ദേഹത്തിന്നുകൂടി അപായം വന്നേക്കുമെന്നും അവൾ ശങ്കിച്ചിരുന്നു. അതാണ് ഭട്ടതിരിയെ ഒരുമിച്ചുകൊണ്ടു പുറപ്പെടാതിരുന്നത്. ഉണ്ണിമായയുടെ ഈ പ്രവൃത്തി ജനങ്ങളുടെ സംസാരത്തിന്ന് ഒരു പ്രത്യേകവിഷയമായിത്തീൎന്നു. പലക്കും പല അഭിപ്രായമായി. ഗോദവൎമ്മരാജാവിന്നു മൂപ്പു കിട്ടുകയും മൂത്തകയ്മൾ പ്രധാനമന്ത്രിയാവുകയും ചെയ്തപ്പോൾ ഉണ്ണിമായയുടെ ബുദ്ധി തീരെ മാറിപ്പോയി എന്നുള്ള അഭിപ്രായക്കാർ പലരും ഉണ്ടായിരുന്നു. എന്നാൽ ഇതൊന്നും ചേററക്കളത്തു ഭട്ടതിരി സമ്മതിച്ചിരുന്നില്ല. പക്ഷെ അധികംപേർ അദ്ദേഹത്തിന്റെ ഭാഗത്തല്ലായിരുന്നതിനാൽ ഭട്ടതിരി തോററതേയുള്ളു.

കയ്മളുടെ ആൾ വന്നതിന്റെ പിറേറ ദിവസം തന്നെ ഉണ്ണിമായ കൊച്ചിക്കു പുറപ്പെട്ടു. വലിയ ബോട്ടും അതിന്നു വേണ്ടിടത്തോളം വലിക്കാരും കടവിൽ ഹാജരുണ്ടായിരുന്നുവല്ലോ. വഴിക്കു വിശേഷിച്ചു യാതൊരു താമസവും വേണ്ടി

വന്നില്ല. അന്നുതന്നെ സന്ധ്യക്കുമുമ്പായി ബോട്ടു കൊച്ചിയിൽ ചെന്നടുത്തു. ഇതു നോക്കിക്കൊണ്ടുതന്നെ കയ്മളുടെ ആൾ അവിടെ നിന്നിരുന്നു. ഉണ്ണിമായ കരക്കിറങ്ങുന്നതു കണ്ടപ്പോൾ ആൾ ഓടിച്ചെന്നു മൂത്ത കയ്മളേയും രാജാവിനേയും വിവരം അറിയിച്ചു. കൂട്ടിക്കൊണ്ടു വരുവാൻ പോയ ഭൃത്യന്മാരെ മനസ്സുകൊണ്ടു അഭിനന്ദിക്കയും സമക്ഷത്തു വെച്ചുതന്നെ തക്ക സമ്മാനം അവൎക്കു കൊടുക്കേണമെന്നു കയ്മൾ നിശ്ചയിക്കുകയും ചെയ്തു. തല്ക്കാലം കോവിലകത്തുതന്നെ ഉണ്ണിമായയ്ക്കു് ഒരു മുറി ഒഴിച്ചുകൊടുത്തു് അത്യാവശ്യം വേണ്ടതായ മററു സൌകൎയ്യങ്ങൾ എല്ലാം ഒരുക്കിക്കൊടുക്കുവാൻ ഏൎപ്പാടു ചെയ്തു. തൃശ്ശൂരേക്കു—കയ്മൾ വീട്ടിലേക്കു—പ്രത്യേകം ഒരാളെ അയച്ചു വിവരം അവിടെ അറിയിക്കുവാനും ഉണിക്കാളിയമ്മയെ കൂട്ടിക്കൊണ്ടു വരുവാനും ആണ് ആളെ അയച്ചതു്. രാത്രി തന്നെ അവർ വന്നുകൊള്ളട്ടെ എന്നു കയ്മൾ അനുവദിച്ചിട്ടുണ്ടായിരുന്നു. ആകപ്പാടെ മൂത്ത കയ്മൾ കൃതാൎത്ഥനായിത്തീൎന്നു. "കയ്യിൽ കിട്ടിയല്ലോ ഇനി സൂക്ഷിച്ചുകൊള്ളാം" എന്നു് ആയാൾ വിചാരിക്കുകയും ചെയ്തു.

ഗോദവൎമ്മരാജാവിന്റെ ഉത്സാഹം പതിന്മടങ്ങു വൎദ്ധിച്ചിരിക്കുന്നു. ഉണ്ണിമായയോടുണ്ടായ ദീൎഘവിരഹത്തിൽ സാധാരണക്കാൎക്കുണ്ടാകാവുന്നതുപോലെ ഒന്നും അദ്ദേഹത്തിന്നുണ്ടായിട്ടില്ല. വിരഹവേദനയെക്കാൾ അധികം അദ്ദേഹത്തെ ശല്യപ്പെടുത്തിയിരുന്നതു് അപമാനം ആയിരുന്നു. രോഗം കണ്ടുപിടിച്ചു തക്ക പരിഹാരങ്ങൾ ചെയ്തപ്പോൾ അതു് ഒരുവിധം ശമിക്കുകയും ചെയ്തു. എങ്കിലും 'ഭേദ'മായിട്ടുള്ളവരെ—പ്രത്യേകിച്ചു മൂത്ത കയ്മളെ—കാണുമ്പോൾ ഒരു കുസൽ അദ്ദേഹത്തിന്നുണ്ടായിരുന്നു. ഉണ്ണിമായയെ പിടിച്ചുകൊണ്ടുവന്നതോടുകൂടി അതും തീൎന്നു. അദ്ദേഹത്തിന്നു കയ്മളുടെ പേരിൽ അന്നുണ്ടായ ബഹുമാനം എത്രമാത്രമാ

ണെന്നു പറഞ്ഞാൽ തീരുകയില്ല. "ഇതാണ് കൂറ്. ഇങ്ങിനെയുള്ളവരെയാണു വിശ്വസിക്കേണ്ടത്" എന്ന് അദ്ദേഹം തന്നെത്താൻ ഒന്നിലധികം തവണ പറകയുണ്ടായി. കയ്മൾക്ക് എന്തു കൊടുത്താലും അദ്ദേഹത്തെ എത്ര പുകഴ്ത്തിയാലും രാജാവിന്നു തൃപ്തിയില്ല. ഉണ്ണിമായയെ അവിടെ കൊണ്ടുവന്ന ഉടനെ മൂത്ത കയ്മൾ ഗോദവർമ്മരാജാവിനെ കാണുവാനായി അദ്ദേഹത്തിൻെറ സമീപത്തു ചെന്നു. കയ്മൾ അകത്തു കടന്നപ്പോൾ ഗോദവർമ്മരാജാവ് എഴുന്നേററു തൻെറ കയ്യിൽ കിടന്നിരുന്ന ഒരു രത്നാംഗുലീയം ഊരി 'ഇപ്പോൾ ഇതിരിക്കട്ടെ' എന്നു പറഞ്ഞു കയ്മൾക്കു സമ്മാനിച്ചു. ആയാൾ കാര്യം മനസ്സിലായതുപോലെ ഒരു പുഞ്ചിരിയോടുകൂടി അതു വാങ്ങിക്കുകയും "ഇപ്പോഴാണ് ഇതിന്നു സംഗതി വന്നത്" എന്നു പറഞ്ഞു താണുതൊഴുത് അവിടെ നില്ക്കുകയും ചെയ്തു.

ഗോദ—എല്ലാത്തിന്നും ഒരു കാലമുണ്ട്. ഇതിന്നിപ്പോഴാണു കാലമായത് എന്നേ വിചാരിക്കാനുള്ളു.

കയ്മൾ—കാലം വരാതെ ഒന്നും പററില്ല. അല്ലെങ്കിൽ അന്നിങ്ങിനെ ഒന്നും വരേണ്ടല്ലോ.

ഗോദ—ഇപ്പോഴും സമാധാനിക്കാറായില്ല. മൂത്ത കയ്മൾക്ക് എന്നിലുള്ള സ്നേഹബഹുമാനങ്ങൾ നിർവ്യാജങ്ങളാണെന്നു ബോദ്ധ്യം വന്നതിൻെറ ഒരു ചിഹ്നമായി വിചാരിച്ചാൽ മതി.

കയ്മൾ—ഉത്തമകൃത്യങ്ങൾ നടത്തിക്കഴിഞ്ഞാൽ തൽക്കർത്താക്കളെ ഉടനെ അഭിനന്ദിക്കുന്നതു രാജോചിതം തന്നെയാണ്. ഇപ്പോൾ അവളുടെ മട്ടൊന്നു മാറിയിരിക്കുന്നു എന്നാണു തോന്നുന്നത്.

ഗോദ—(ആശയോടുകൂടി) അതെങ്ങിനെ മനസ്സിലായി?

കയ്മൾ—അവൾ സ്വന്തം മനസ്സാലെ പോന്നതാണത്രേ.

ഗോദ—വിരോധിക്കാനാരും ഉണ്ടായിരുന്നില്ലായിരിക്കാം.

കയ്മൾ — ചാഴൂർ തമ്പുരാനും മററും വളരെ നിർബന്ധിച്ചു നോക്കി. അതെല്ലാം നിരസിച്ച് ഇങ്ങോട്ടുതന്നെ പോന്നുകളഞ്ഞു.

ഗോദ — 'മററും' എന്നു പറഞ്ഞത് ആരെ ഉദ്ദേശിച്ചാണ്. പാലിയത്തു മേനോൻ ഇവിടെ ഇല്ലല്ലോ.

കയ്മൾ — ചേററക്കളത്തു ഭട്ടതിരി ഇല്ലേ. 'ചെററക്കളം' എന്നാണ് പറയേണ്ടത്. അദ്ദേഹം അവിടെ ഉണ്ടായിരുന്നു.

ഗോദ — ആയാളെ എന്തിനു കുററം പറയുന്നു. സാധു! മററുള്ളവർ പറഞ്ഞതു കേട്ടു എന്നല്ലേ ഉള്ളൂ?

കയ്മൾ — എന്നാലെം! വല്ലവരുടേയും വാക്കുകേട്ട് ആരാന്റെ വീട്ടിൽ കടന്നു പെൺകിടാങ്ങളെ എറക്കിക്കൊണ്ടു പോകുന്നതു മര്യാദയാണോ? അടിയൻ അടുത്തെങ്ങാനും അദ്ദേഹത്തിനെ കണ്ടിരുന്നാൽ വല്ല ആപത്തും വരുമായിരുന്നു. ഒന്നുംകൂടാതെ കഴിഞ്ഞതു നന്നായി.

ഗോദ — അവൾ തനിച്ചേ ഉള്ളൂ?

കയ്മൾ — തൃശൂരേക്ക് ആൾ പോയിട്ടുണ്ട്. അവിടുന്നും ചിലരെല്ലാം ഇപ്പോൾ വരും.

ഗോദ — എവിടെ താമസിക്കുന്നു?

കയ്മൾ — വടക്കേ കോവിലകം ഒഴിച്ചുകൊടുപ്പാൻ ഏർപ്പാടു ചെയ്തിട്ടുണ്ട്.

ഗോദ — അതു നന്നായി. ഇവിടെ ഭഗവതിയും മററും ഉള്ള സ്ഥിതിക്ക് സ്ത്രീകൾക്കു പെരുമാറുവാൻ സൌകര്യം കുറയുമല്ലോ.

കയ്മൾ — അതു വിചാരിച്ചുതന്നെയാണ് മറേറ ഏർപ്പാടു ചെയ്തത്.

ഗോദ — ഇന്നു വിശേഷിച്ച് ഒന്നും വേണ്ടതില്ലല്ലോ.

കയ്മൾ — ഒന്നും വേണ്ട. അവർ എല്ലാം വരട്ടെ.

“നേരത്തെ കണ്ടുകൊള്ളാം” എന്നു പറഞ്ഞു കയ്മൾ സ്വസ്ഥാനത്തേക്കു തിരിച്ചു. മുറപ്രകാരം കാലും മുഖവും കഴുകി നാമജപവും മററും കഴിച്ചു ഭക്ഷണത്തിന്നുത്സാഹിച്ചപ്പോഴേക്കും ഉണിക്കാളി അമ്മയും വേറെ ഒന്നു രണ്ടു സ്ത്രീകളും അവിടെ എത്തിയ വിവരം മനസ്സിലായി. എല്ലാവരും വടക്കേ കോവിലകത്തുതന്നെ താമസിച്ചുകൊള്ളട്ടെ എന്ന് ആജ്ഞാപിക്കുകയും ഉണ്ണിമായയെ ഒരുമിച്ചുതന്നെ ഇരുത്തി ജാഗ്രതയായി സൂക്ഷിക്കണമെന്നു പ്രത്യേകം ഏല്പിക്കുകയും ചെയ്തു. കയ്മൾ വേഗം ഭക്ഷണം കഴിച്ചു പുറത്തു കടന്നു വിവരം അന്വേഷിച്ചതിൽ വടക്കേക്കോവിലകത്തു വലിയ തിരക്കാണെന്നും ആൎക്കും ഒരു പ്രകൃതവും ഇല്ലെന്നും ഉണിക്കാളിയമ്മ കാരോന്ന് ‘എണ്ണിപ്പെറുക്കി’ കരകയാണെന്നും മനസ്സിലായി. കുറെ കഴിഞ്ഞാൽ എല്ലാം നേരെ ആയിക്കൊള്ളും എന്നു കരുതി ആയാൾ വിശേഷിച്ചൊന്നും അപ്പോൾ ചെയ്തില്ല. അവൎക്കു വേണ്ടതായ ഗൃഹോപകരണങ്ങൾ എല്ലാം ഒരുക്കിക്കൊടുക്കണമെന്നു ഭൃത്യവൎഗ്ഗങ്ങളേയും ഉണ്ണിമായ ഇനി ചാടിപ്പോകാതെ കാത്തുകൊള്ളണമെന്നു കാവല്ക്കാരേയും പ്രത്യേകം ശട്ടംകെട്ടി.

ഉണിക്കാളിയമ്മയുടെ കഥ ഒന്നും പറയുവാനില്ല. “കച്ചിട്ടിറക്കാനും മധുരിച്ചിട്ടു തുപ്പാനും പാടില്ല” എന്ന മട്ടിലാണ് അവരുടെ സ്ഥിതി. ഗോദവൎമ്മരാജാവിന്റെ ഐശ്വൎയ്യവും ആധിപത്യവും മററും വിചാരിക്കുമ്പോൾ ഒരു കാലത്തും അദ്ദേഹത്തിനെ ഉപേക്ഷിക്കുവാൻ മനസ്സുവരുന്നില്ല. മകളുടെ പരുങ്ങലും പാരവശ്യവും കാണുമ്പോൾ ഒന്നും വേണ്ടെന്നും തോന്നുന്നുണ്ട്. പിന്നെ ഉണ്ണിമായയുടെ ഉള്ളിണങ്ങിയ ഒരാളെ ഊഹിച്ചുവച്ചിട്ടുണ്ടായിരുന്നതിനാൽ മകളുടെ ഹിതം വിട്ടു വല്ലതും പ്രവൎത്തിപ്പാൻ വൈമനസ്യം ഉണ്ടായിരുന്നു. ആകപ്പാടെ ഇക്കാൎയ്യത്തിൽ ഉണിക്കാളിയമ്മ മൌനം ദീക്ഷിച്ചുതുടങ്ങി. തന്റെ ഊഹം എത്രത്തോളം ശരിയായിട്ടു

ണ്ടെന്നറിവാൻ അവർ പല വിദ്യയും പരീക്ഷിച്ചുനോക്കി. ഒരു ഫലവും ഉണ്ടായില്ല. ഉണ്ണിക്കാളിയമ്മ നിഷ്കർഷിക്കുന്തോറും ഉണ്ണിമായ ഒളിച്ചു വെക്കുവാൻ തുടങ്ങി. ഒടുക്കം "എന്തെങ്കിലും ആയ്പ്പട്ടെ, ഞാൻ ഒന്നും പറവാൻ ഭാവമില്ല" എന്നു തീച്ചയാക്കി. അധികം നിർബ്ബന്ധിച്ചാൽ ഇനിയും അപകടം പ്രവർത്തിച്ചാലോ എന്നുള്ള ഭയവും അവൎക്കുണ്ടായിരുന്നു. മകളെ കണ്ടുകിട്ടിയതു തന്നെ വലിയ ഭാഗ്യമായി എന്നായിരുന്നു ഉണ്ണിക്കാളിയമ്മയുടെ അപ്പോഴത്തെ വിചാരം.

ഉണ്ണിമായക്ക് ഒരു സമാധാനവും ഇല്ല. ചാഴൂർ കോവിലകത്തുനിന്നു പുറപ്പെട്ടപ്പോൾ തുടങ്ങിയിരിക്കുന്ന അവളുടെ ദീൎഘാലോചന ഇനിയും അവസാനിച്ചിട്ടില്ല. എത്ര ആലോചിച്ചാലും ഒരു തീരുമാനവും ഉണ്ടാക്കുവാൻ സാധിക്കുന്നില്ല. തനിക്കു വേണ്ടിടത്തോളം സഹായികൾ ഉണ്ടാകുമെന്നും ആരേയും ഭയപ്പെടുവാൻ ഇല്ലെന്നും വിചാരിച്ചിരുന്നതെല്ലാം അബദ്ധമാണെന്നും, ഒരാൾ ഉണ്ടെങ്കിൽ തന്നെ അത് ഈശ്വരൻ മാത്രമാണെന്നും അവൾ നല്ലപോലെ ഉറച്ചിരുന്നു. ആത്മശക്തി പരീക്ഷിച്ചു നോക്കുവാനുള്ള അവസരം ഇതുതന്നെയാണെന്നവൾ നിശ്ചയിച്ചു. കാണുന്ന മാത്രയിൽത്തന്നെ കയ്മൾ കഥ കഴിക്കുമെന്നായിരുന്നു അവൾ വിചാരിച്ചിരുന്നത്. ആയാൾ ഒന്നും മിണ്ടാതിരുന്നപ്പോൾ അവളുടെ ഭയവും വ്യസനവും വർദ്ധിക്കുകയാണുണ്ടായത്. വല്ല ശിക്ഷയും ഭാവമുണ്ടെങ്കിൽ അതു കഴിഞ്ഞാൽ കുറെ ഭേദമായിരുന്നു. കയ്മളുടെ വിചാരം എന്താണെന്നറിയായ്കയാൽ അവൾ വല്ലാതെ കുഴക്കിലായി. എന്തുതന്നെ ആയാലും അനീതിക്കു കീഴടങ്ങുവാൻ ഭാവമില്ലെന്നു മാത്രം ഉണ്ണിമായ നിശ്ചയിച്ചിട്ടുണ്ട്. ഇക്കാലത്തു ഉണ്ണിക്കാളിയമ്മയുടെ പ്രകൃതത്തിന്ന് ഏറക്കുറെ മാറ്റം കണ്ടത് അവൾക്കു കുറച്ചു സമാധാനത്തിന്നു കാരണമാകാതിരുന്നില്ല. അവർ മകളുടെ സംബന്ധകാൎയ്യത്തെപ്പററി ആരോടും ഒന്നും പറയുന്നില്ല. ഇതാ

ണ് പ്രധാനമായ ഒരു മാററം. ഇതുതന്നെയാണ് ഉണ്ണിമായയ്ക്കുള്ള സമാധാനവും.

രണ്ടു മൂന്നു ദിവസം ഇങ്ങിനെ കഴിഞ്ഞു. ഉണ്ണിമായയുടെ താമസം കൊച്ചിയിൽ ഉറച്ച കൂട്ടത്തിലായി. മരുമകളുടെ സംബന്ധകാൎയ്യത്തെക്കുറിച്ചു തന്നെയാണ് മൂത്ത കയ്മൾ ഇപ്പോൾ പ്രധാനമായി ആലോചിക്കുന്നത്. ആദ്യമായി ഈ വിഷയത്തിൽ പ്രവേശിച്ചപ്പോൾ ആയാൾക്കുണ്ടായിരുന്ന ആഗ്രഹം മിക്കതും സാധിച്ചിരിക്കുന്നു. ഇപ്പോൾ അതിനായി ഇങ്ങിനെ ശ്രമിക്കേണ്ടതില്ല. എങ്കിലും തനിക്ക് കുറച്ച് ഒരു ജാള്യത ഉള്ളതു തീൎത്തു വെക്കാഞ്ഞാൽ പോരല്ലോ എന്നു വെച്ച് യഥാപൂൎവ്വം ശ്രമിക്കുന്നതാണ്. ദിവസം കഴിയുന്തോറും ഗോദവൎമ്മരാജാവിന് ആഗ്രഹം വൎദ്ധിച്ചു വന്നു. എന്നല്ല അദ്ദേഹം പണ്ടത്തെപ്പോലെ 'കൊണ്ടുപിടിച്ചു' തുടങ്ങി. എന്നാൽ ഒരു തവണ അബദ്ധം പററിയ സ്ഥിതിക്കു മുമ്പത്തേപ്പോലെ പരസ്യമായി ശ്രമിക്കുവാൻ ധൈൎയ്യം വന്നില്ല. ഏതായാലും നേരിട്ടു കണ്ട് ഉണ്ണിമായയോടു താൻ തന്നെ ഒന്നു ചോദിച്ചു കളയാം എന്നു ഗോദവൎമ്മരാജാവ് നിശ്ചയിച്ചു. എങ്ങിനെയെങ്കിലും അവളെ വശീകരിക്കാമെന്നും അദ്ദേഹം ഉറച്ചിരുന്നു. തനിക്കു ചിലതു സംസാരിക്കാനുണ്ടെന്നും സൌകൎയ്യമുള്ള സമയം അറിയിക്കേണമെന്നും കാണിച്ചു രാജാവ് അവൾക്ക് ഒരു കത്തയച്ചു. എപ്പോഴും സൌകൎയ്യമാണെന്നും ഇഷ്ടമുള്ളപ്പോൾ വരാമെന്നും അവൾ മറുപടിയും കൊടുത്തു. ഇതു കണ്ടപ്പോൾ ഗോദവൎമ്മരാജാവിന്നു വളരെ സന്തോഷമായി. ഈ സംഭവം നടന്ന ദിവസം തന്നെ അത്താഴം കഴിഞ്ഞു കയ്മൾവീട്ടുകാർ താമസിക്കുന്ന സ്ഥലത്തു അദ്ദേഹം ഏകാകിയായി കടന്നു ചെന്നു. അസമയത്ത് അസംഗതിയായി അദ്ദേഹം ഇങ്ങിനെ കടന്നു ചെന്നതു കണ്ട് ഉണ്ണിക്കാളിയമ്മ ഒന്നു പരുങ്ങി. അവർ എന്തു വേണ്ടു എന്നറിയാതെ കിടന്നു കുഴങ്ങുമ്പോൾ "ഉണ്ണിമായ

എവിടെയാണ്? എനിക്കൊന്നു കാണണം" എന്നു രാജാവു തന്നെ പറഞ്ഞു. "ഇങ്ങോട്ടെഴുന്നെള്ളാം" എന്നു പറഞ്ഞ് അവർ മകളുടെ മുറിയിലേയ്ക്കു വഴി കാണിച്ചുകൊടുക്കുകയും ചെയ്തു.

ഗോദവർമ്മരാജാവു ഇങ്ങിനെ പറേറിക്കുമെന്ന് ഉണ്ണിമായ കരുതിയിരുന്നു. എന്നാൽ അന്നുതന്നെ ഇതുണ്ടാവുമെന്നു വിചാരിച്ചില്ല. എഴുത്തും മറുപടിയും കഴിഞ്ഞിരുന്നതിനാൽ കാര്യം മനസ്സിലാക്കുവാൻ പ്രയാസമുണ്ടായില്ല. അടുത്തു ചെന്നപ്പോൾ അവൾ എഴുനീററു ഒരു പുൽപ്പായ എടുത്തു കൊടുത്ത് ഒതുങ്ങിനിന്നു. ഇതെല്ലാം കണ്ട് ഉണ്ണിക്കാളിയമ്മ വല്ലാതെ ആശ്ചര്യപ്പെട്ടു. ഇവർ ഗൂഢമായി എന്തൊക്കെയോ ആലോചനകൾ കഴിച്ചിട്ടുണ്ടെന്നും പരസ്പരം ഇണങ്ങിക്കഴിഞ്ഞിരിക്കുന്നു എന്നും തീർച്ചപ്പെടുത്തി. സൈ്വരസല്ലാപത്തിന്നു താൻ തടസ്ഥമാവുന്നില്ലെന്ന നാട്യത്തിൽ ഉണ്ണിക്കാളി അമ്മ പതുക്കെ മാറിക്കളഞ്ഞു. എന്നാൽ അവരുടെ ശരീരം കുറെ അകന്നു എങ്കിലും മനസ്സ് അവിടെത്തന്നെ ഉറച്ചിരുന്നു. ഉണ്ണിക്കാളിയമ്മ അകന്നു കഴിഞ്ഞപ്പോൾ വേറെ ആരും അവിടെ ഇല്ലെന്നു വിശ്വസിച്ച് ഗോദവർമ്മരാജാവു താൻ ഉദ്ദേശിച്ച കൃത്യം ആരംഭിച്ചുതുടങ്ങി. ഉണ്ണിമായയുമായി സംഭാഷണം തുടങ്ങി എന്നർത്ഥം.

ഗോദ—കുറച്ചധികം കഷ്ടപ്പെട്ടു; ഇല്ലെ?

ഉണ്ണി—കഷ്ടപ്പെടേണ്ട കാലത്ത് അതു കൂടാതെ കഴികയില്ലല്ലോ.

ഗോദ—അന്നു തന്നെ കാര്യം കഴിക്കാമായിരുന്നു.

ഉണ്ണി—ആയിരുന്നു എന്നു പറഞ്ഞിട്ടു ഫലമില്ല.

ഗോദ—അതു ശരിയാണ്. അന്നു എന്താ അങ്ങിനെ ചെയ്തത്?

ഉണ്ണി—എന്ന്?

ഗോദ—നമ്മുടെ സംബന്ധം നിശ്ചയിച്ച ദിവസം!

ഉണ്ണി—എന്താ അങ്ങിനെ നിശ്ചയിപ്പാൻ എന്താേ?

ഗോദ—അതല്ല; അന്നു വീട്ടിൽനിന്നു ചാടിപ്പോയില്ലേ, അതെന്തിനാണ്? അതല്ലേ ഈ കഷ്ടപ്പാടിനെല്ലാം കാരണം?

ഉണ്ണി—അങ്ങിനെ ചെയ്യില്ലെങ്കിൽ സുഖമാകുമായിരുന്നോ?

ഗോദ—അതില്ലേ! എന്നാൽ അന്നു തന്നെ നമുക്ക് ഒരുമിച്ചു കൂടാമായിരുന്നു.

ഉണ്ണി—എന്നാൽ എല്ലാം തികഞ്ഞോ?

ഗോദ—എല്ലാം തികഞ്ഞിട്ടില്ലെങ്കിലും അദ്ധ്വാനം കുറയുമായിരുന്നു.

ഉണ്ണി—വിശേഷിച്ചു ഒരദ്ധ്വാനം വേണ്ടി വന്നിട്ടില്ല.

ഗോദ—എത്ര വഴി നടന്നു, എവിടെയെല്ലാം ചെന്നു താമസിച്ചു, ആരെയെല്ലാം ആശ്രയിച്ചു; ഇതൊന്നും അദ്ധ്വാനമല്ലെന്നോ?

ഉണ്ണി—ഓരോ കർമ്മഫലമല്ലേ. അനുഭവിക്കാതെ തരമുണ്ടോ?

ഗോദ—കർമ്മഫലത്തിനും ഒരു കണക്കുണ്ട്. അല്ലെങ്കിൽ ആരും ഒന്നും ശ്രമിക്കേണ്ടതില്ല. എല്ലാം കർമ്മഫലം എന്നു വെച്ചാൽ മതി.

ഉണ്ണി—അവിടുന്ന് എവിടെയെല്ലാം ഓടി നടന്നു, ആരെയെല്ലാം ആശ്രയിച്ചു. ഇതൊന്നും കൂടാതെ കഴിക്കാമായിരുന്നില്ലേ?

ഗോദ—അ-അ്-ആ്! അത് രാജ്യകാര്യമായിട്ടല്ലേ. അതു കൂടാതെ തരമുണ്ടോ?

ഉണ്ണി—ചിലക്ക് രാജ്യകാര്യസംബന്ധമായിട്ടാണ, മററു ചിലക്ക് വെറും സംബന്ധമായിട്ടാണ്; കൂടാതെ കഴിയാത്തു ഇരുകൂട്ടക്കും തുല്യമാണ്.

ഗോദ—ഒരാൾ സംബന്ധത്തിനു വന്നാൽ മറെറയാൾ ഓടിപ്പോകണമെന്നുണ്ടോ?

ഉണ്ണി—മറെറയാൾക്കു മനസ്സില്ലെങ്കിലോ?

ഗോദ—ഇപ്പോഠ മനസ്സുണ്ടായോ?

ഉണ്ണി—ആൎക്ക്?

ഗോദ—ആർ, ആർ നിമിത്തം ഒളിച്ചോടി അലഞ്ഞു തിരിഞ്ഞ് ആയാളുടെ അടുക്കൽ എത്തിച്ചേൎന്നിരിക്കുന്നുവോ, അവൎക്ക തന്നെ.

ഉണ്ണി—എനിക്കോ!

ഗോദ—എന്തേ സംശയം തോന്നിയത്?

ഉണ്ണി—എനിക്ക് അന്നുമിന്നും ഒരു വ്യത്യാസവുമില്ല. അന്നു സമ്മതമല്ലാത്തത് ഇന്നും സമ്മതമല്ല.

ഗോദ—എന്നാൽ ഇവിടെ താമസിക്കുന്നതെന്തിനാണ്?

ഉണ്ണി—അതെനിക്കറിഞ്ഞുകൂടാ.

താൻ വിചാരിച്ചതുപോലെയല്ല ഉണ്ണിമായ മറുപടി പറയുന്നതെന്നു കാണുകയാൽ ഗോദവൎമ്മരാജാവിന്റെ ഉത്സാഹം കുറഞ്ഞു. അധികം നിൎബ്ബന്ധിച്ചാൽ അവഠ തീരെ നിഷേധിക്കുമെന്നു അദ്ദേഹത്തിനുതന്നെ തോന്നിപ്പോയി. പ്രഥമസംഭാഷണമാകയാൽ ഇതിലധികം വിസ്തരിക്കുന്നതു യുക്തമല്ലെന്നും സാവധാനത്തിൽ ശ്രമിക്കാമെന്നും നിശ്ചയിച്ച് അന്നത്തെ സംഭാഷണം നിറുത്തി അദ്ദേഹം മടങ്ങിപോന്നു. ഇങ്ങിനെ ഒന്നുരണ്ടു തവണ പിന്നേയും അവിടെ ചെന്ന് അദ്ദേഹം സംസാരിക്കുകയുണ്ടായി. വിശേഷിച്ച് ഒരു ഫലവുമുണ്ടായില്ല. പലരെക്കൊണ്ടും ശിപാൎശി ചെയ്യിച്ചു നോക്കി. അതും ഫലിച്ചില്ല. കൂട്ടത്തിൽ മൂത്ത കയ്മളും കൊണ്ടുപിടിച്ചു ശ്രമിച്ചിരുന്നു. ആർ എത്ര തന്നെ ശ്രമിച്ചാലെന്താണ്; ഉണ്ണിമായ 'ഇമ്മിക്ക്' അടുക്കുന്നില്ല. കയ്മൾക്ക പണ്ടു തന്നെ വാശിയുണ്ടല്ലോ. ആയാൾക്ക ദേഷ്യം കലശലായി. മരുമകഠ താൻ പറഞ്ഞത് കേഠക്കാത്തപക്ഷം അവളെ കഠിനമായി ശിക്ഷിക്കുവാൻ തന്നെ ആയാഠ നിശ്ചയപ്പെടുത്തി. 'തലക്കുമീതെ മൎമ്മമില്ലെ'ന്നു ഉണ്ണിമായയും നിശ്ചയിച്ചു. ഉടനെ അമ്മാമനും മരുമകളും തമ്മിൽ ഒരു വലിയ മ

ത്സവം നടന്നു അവസാനം, ഉണ്ണിമായ കീഴടങ്ങുന്നതുവരെ അവളെ അകത്തിട്ടടച്ചു ഭദ്രമായി സൂക്ഷിക്കുവാൻ അമ്മാമൻ ആജ്ഞാപിച്ചു. ഇതു കഴിഞ്ഞപ്പോൾ ഉണിക്കാളി അമ്മ മട്ടുമാറി. അവർ കാരണവരോടു സങ്കടം പറഞ്ഞു. ആയാൾ കണ്ണെടുത്തില്ല. അവർ ന്യായം പറഞ്ഞു. ആയാൾ ദേഷ്യപ്പെട്ടു. ഉണിക്കാളി അമ്മയെ വീട്ടിലേക്ക് തന്നെ പറഞ്ഞയയ്ക്കുകയും ചെയ്തു.

## ഇരുപതാമദ്ധ്യായം.

ഒരു ദിവസം നട്ടുച്ച സമയം. മദ്ധ്യാഹ്നസൂൎയ്യന്റെ കഠോരകിരണങ്ങൾ 'ആഴിയുടെ അടിത്തട്ടു' കൂടി ഉരുകി കലിക്കുമാറ് അത്ര ഊക്കോടെ കലിച്ചിരുന്നു. "കന്നിമാസത്തിലെ വെയിലും, കയ്യരുടെ അടിയും" ഒരുപോലെയാണെന്നു പഴമക്കാർ പറയാറുള്ളതു പരമാൎത്ഥം തന്നെയാണെന്നു പരക്കെ ബോദ്ധ്യമായിരിക്കുന്നു. ചൂടിന്റെ ശക്തിനിമിത്തം മിക്ക പ്രദേശവും മനുഷ്യസഞ്ചാരശൂന്യമായിത്തന്നെ കാണപ്പെടുന്നു. എന്നാൽ കൊച്ചിപ്പട്ടണത്തിൽ വിശേഷിച്ചും പറങ്കിക്കൊച്ചിയിൽ ഈ ശൂന്യാവസ്ഥ ബാധിച്ചിട്ടില്ല. അവിടെ വെയിലൊ ചൂടൊ ഇല്ലാഞ്ഞയില്ല; നേരെമറിച്ചു, ചറവുമുള്ള മണൽപ്രദേശങ്ങൾ ചുട്ടുപഴുത്തു കിടന്നിരുന്നതിനാൽ സാധാരണ നാട്ടുപ്രദേശങ്ങളേക്കാൾ എത്രയൊ അധികമായ ചൂട് അവിടെ ഉണ്ടായിരുന്നു. അതിന്ന് എത്ര ശക്തി ഉണ്ടെങ്കിലും ഒരു സൂൎയ്യന്റെ ചൂടല്ലേ പുറത്തുണ്ടായിരുന്നുള്ളു. എന്നാൽ പറങ്കികളുടെ അകത്ത് ആയിരമല്ല, പതിനായിരം സൂൎയ്യന്മാർ ഒരുമിച്ചുദിച്ചയന്നാൽ ഉണ്ടാകുന്നത്ര ചൂടുണ്ടായിരുന്നു. അതു തന്നെ ആയിരിക്കണം അവിടെ കാണുന്ന ഈ വ്യത്യാസത്തിന്നു കാരണം.

'പറയരു' മുതലായ പറങ്കിപ്രമാണികൾ അങ്ങുമിങ്ങും ഓടിക്കൊണ്ടിരിക്കുന്നു. ചുററും സൈന്യങ്ങളെ അണിയണിയായി നിരത്തിനിറുത്തി പറങ്കിക്കൊച്ചിയെ ഭദ്രമായി സൂക്ഷിച്ചിരിക്കുന്നു. മാനുവൽകോട്ടയിലും മററും ഉണ്ടായിരുന്ന പീരങ്കികളും മററായുധങ്ങളും പുറത്തേയ്ക്കെടുത്തിരിക്കുന്നു. ഒരു മഹായുദ്ധത്തിന്നു വേണ്ട സകല ഒരുക്കങ്ങളും ചെയ്തുകൊണ്ടാണവർ ഇരിക്കുന്നത്. പറങ്കികളുടെ അഹംഭാവം ഇപ്പോൾ തീരെ നശിച്ചിരിക്കുന്നു. അവരുടെ മുഖത്തു ചോര ഒററത്തുള്ളിയില്ല. റോജാപ്പൂപോലെ പ്രകാശിച്ചിരുന്ന കപോലഭിത്തികൾ വാടിത്തളർന്ന് ആനക്കൊമ്പുപോലെ വിളർത്തു വശമായിരിക്കുന്നു. അവർക്ക് ഗത്യന്തരമില്ലെന്നും അത്യാപത്തിലകപ്പെട്ടിരിക്കുന്നുവെന്നും അവർ ഓരോരുത്തരുടേയും മുഖഭാവംകൊണ്ടുതന്നെ ഊഹിക്കാം. കൊച്ചിയിൽ അടുത്തു നടന്ന യുദ്ധകാലത്ത് ഇത്രയൊന്നും പരിഭ്രമം ഉണ്ടായിരുന്നില്ല. എന്നാൽ ഈ അവസ്ഥാന്തരത്തിന്നുള്ള പ്രത്യേകകാരണമെന്തായിരിക്കാം!

അഴിമുഖത്ത് അതാ കിടക്കുന്നു കുറെ കപ്പലുകൾ. പല തരത്തിൽ പത്തുപന്ത്രണ്ടെണ്ണം നിരത്തി നിറുത്തിയിരിക്കുന്നു. അതുകളിൽ ആടിക്കളിച്ചുകൊണ്ടിരുന്ന കൊടിയടയാളംകൊണ്ടുതന്നെ അതുകൾ പടക്കപ്പലുകളാണെന്ന് ഊഹിക്കാം. അവ ലന്തക്കാരുടേതാണെന്നും പറങ്കികൾ അറിഞ്ഞിരിക്കുന്നു. ഈ കപ്പലുകൾ അവിടെ വന്നടുത്തിട്ട് ഒരാഴ്ച ആയിരിക്കുന്നു. തങ്ങൾ യുദ്ധത്തിന്നൊരുങ്ങി വന്നിരിക്കയാണെന്നും പറങ്കികൾ കീഴടങ്ങുന്ന പക്ഷം യുദ്ധം കൂടാതെ കഴിക്കാമെന്നും മററും അർത്ഥമായ കൊടിയടയാളങ്ങൾ കാണിക്കുകയും, കീഴടങ്ങുവാൻ ഭാവമില്ലെന്നും യുദ്ധം ചെയ്യാൻതന്നെ പറങ്കികൾ ഒരുങ്ങിയിരിക്കുന്നു എന്നും ലന്തക്കാർക്ക് മറുവടി കിട്ടുകയും ചെയ്തിരിക്കുന്നു. പറങ്കികളുടെ ആവശ്യത്തിന്നു വേണ്ടിടത്തോളം പടക്കപ്പലുകൾ അവരുടെ നാ

ട്ടിൽനിന്നും പുറപ്പെട്ടിട്ടുണ്ടെന്നും അധികം താമസിയാതെ എത്തിച്ചേരുമെന്നും വിശ്വസിച്ചിരുന്നതിനാൽ കീഴടങ്ങുവാൻ അവക്കു മനസ്സ് വന്നില്ല. അതു കാരണം ഇപ്പോഴും ഇരുകക്ഷികളും യുദ്ധത്തിന്നുതന്നെ ഒരുങ്ങിയിരിക്കുകയാണ്.

ഗോദവമ്മരാജാവിന്റെയും മൂത്ത കയ്മളുടേയും സ്ഥിതി ഏറെക്കുറെ മോശമായിരിക്കുന്നു. ഇനിയും യുദ്ധം വേണ്ടിവരുമെന്നു അവർ വിചാരിച്ചിരുന്നില്ല. പ്രജകളെ ഭയപ്പെടുത്തിയും ശിക്ഷിച്ചും കീഴടക്കി രാജ്യഭരണത്തിന്നു സ്ഥലവ്യാപ്തി വദ്ധിപ്പിക്കുകയായിരുന്നു കയ്മൾ പ്രധാനമായി ചെയ്തിരുന്നത്. അപ്പോഴാണ് മേൽപറഞ്ഞ പടക്കപ്പലുകൾ അഴിമുഖത്തു വന്നടുത്തത്. ഇതു കണ്ടപ്പോൾ ആയാൾക്കു പൂവ്വസ്മരണ ഉണ്ടായി സ്വരക്ഷക്ക് ഉദ്യമിച്ചുതുടങ്ങി. പക്ഷെ കഴിഞ്ഞതവണ ഉണ്ടായതുപോലെ തെക്കൻരാജാക്കന്മാരുടെ സഹായം തീരെ കിട്ടില്ല എന്നു മാത്രമല്ല അവർ ശത്രുഭാഗം സഹായിക്കുമൊ എന്നുകൂടി ഭയമായിരിക്കുന്നു. അളകപ്പാടെ മൂത്ത കയ്മളുടെ കൂറുകാരായ 'അഞ്ചിക്കയ്മ'ന്മാർ മാത്രമെ സഹായമുള്ളു. ഉള്ളവർ എല്ലാം ഒന്നു ചേന്ന് ഒരു ഗണമായി ഉറച്ചുനില്ക്കുവാൻ കൊണ്ടുപിടിച്ച ശ്രമം ചെയ്തിരുന്നു. ഇതിനിടക്കു വടക്കുനിന്ന് വലിയൊരു സൈന്യം വന്നു കയറി ഏറണാകുളം കൈവശപ്പെടുത്തി സങ്കേതം ഉറപ്പിച്ചു. ഇതോടുകൂടി ഗോദവമ്മരാജാവിന്റെ സവ്വ നാഡികളും തളന്നു. ഏതായാലും പറങ്കികളോടു ചേന്നു യുദ്ധത്തിന്നൊരുങ്ങുക തന്നെയാണ് ഉചിതമെന്ന് അദ്ദേഹവും തീച്ചപ്പെടുത്തി.

പെരുമ്പടപ്പു മൂപ്പിന്നും പാലിയത്തച്ചനും ലന്തപ്രമാണികളെ കാണുവാനായി കൊളമ്പിലേക്കു പോയിരുന്ന വിവരം മുമ്പൊരദ്ധ്യായത്തിൽ പ്രസ്താവിച്ചിരുന്നുവല്ലൊ. അതുപ്രകാരം അവർ അവിടെ ചെന്നു 'വാൻഗ്ലൂസ്' മുതലായവരെ കണ്ട് വേണ്ടിടത്തോളം പടക്കോപ്പുകളോടുകൂടി ഇ

പ്പോൾ തിരിയെ എത്തിയിരിക്കുന്നു ഇതിനിടെ ഒരു പ്രത്യേകസംഭവം ഉണ്ടായത് തീരെ മറക്കുകയോ മറയ്ക്കുകയോ ചെയ്യത്തക്കതല്ല. കൊളമ്പിൽ എത്തി കുറച്ചു കഴിഞ്ഞപ്പോൾ ദിക്കുപിടിക്കാഞ്ഞതിനാലോ എന്തോ മൂപ്പിലേക്ക് ഒരു പനി വന്നുകൂടി. ആരംഭത്തിൽ അതിനു വലിയ ശക്തിയൊന്നും ഉണ്ടായിരുന്നില്ല. എങ്കിലും ക്രമേണ അതു വൎദ്ധിച്ചുതന്നെ വന്നു. കൊളമ്പിൽനിന്നു തിരിയെ പുറപ്പെട്ടു കപ്പൽ വഴിമദ്ധ്യത്തിൽ എത്തിയപ്പോൾ പെരുമ്പടപ്പുമൂപ്പിന്നു കാലധൎമ്മം പ്രാപിക്കുകയും ചെയ്തു. ഇതു കാരണം ലന്തക്കാൎക്കു തന്നെ വലിയ ശല്യം ഉണ്ടായി. പാലിയത്തച്ചന്റെയും ബിഭാഷിയുടേയും കഥ പറവാനില്ല. എന്നാൽ ഇതെല്ലാം ക്ഷണഭംഗുരങ്ങളാകയാൽ അധികം താമസിയാതെ അവരുടെ മനസ്സു സ്വസ്ഥമാവുകയും സ്വകൃത്യ നിൎവ്വഹണത്തിന്നുതന്നെ ഉദ്യമിക്കുകയും ചെയ്തു.

ലന്തപ്പടക്കപ്പൽ കൊച്ചിയിൽ അടുക്കുന്നതിന്നു മുമ്പുതന്നെ ബിഭാഷിയേയും അച്ചനേയും വയ്പിൽ ഇറക്കി വിട്ടിരുന്നു. പടക്കപ്പൽ കരയ്ക്കടുത്തു യുദ്ധം തുടങ്ങുമ്പോഴെക്കും നാട്ടുസൈന്യങ്ങളോടുകൂടി തങ്ങളും അവിടെ എത്തിക്കൊള്ളാമെന്നും മറ്റും നിശ്ചയം ചെയ്തിട്ടുതന്നെയാണ് അവർ വയ്പിൽ ഇറങ്ങിയത്. കപ്പൽ ഇറങ്ങിയ ഉടനെ തൃശ്ശിവപേരൂർ ചെന്നു രാജ്ഞിയെ കണ്ടു വിവരം ധരിപ്പിച്ച് സാമന്തരാജാക്കന്മാർ, പ്രഭുക്കന്മാർ മുതലായവൎക്കെല്ലാം അറിവുകൊടുത്ത് ഒരുമിച്ചു കൊണ്ടുവരുവാൻ സാധിച്ചേടത്തോളം ആൾക്കാരെ കൂട്ടിക്കൊണ്ട് ഇപ്പോൾ എറണാകുളത്ത് എത്തിയിരിക്കുന്നു. ഈ വിവരമെല്ലാം ഗ്രഹിച്ചിട്ടുണ്ടായ പരിഭ്രമത്തിന്റെ ഫലമാണ് മൂത്ത കയ്മളുടേയും ഗോദവൎമ്മരാജാവിന്റെയും പാരവശ്യം മുഴുവനും. ദിനംപ്രതി എറണാകുളത്തു പുരുഷാരം കൂടിക്കൂടി വന്നിരുന്നു. എന്നു മാത്രമല്ല അവർ കൊച്ചിക്കു കടക്കുവാനുള്ള വട്ടവും ആയിരിക്കുന്നു. ഇ

ങ്ങിനെ രണ്ടു പുറത്തും ശത്രുക്കൾ എത്തി മുട്ടിയപ്പോൾ കൊച്ചിക്കാർ വല്ലാതെ വിഷമിച്ചു. എന്നാലും അവർ കീഴടങ്ങുവാൻ ആലോചിക്കുക ഉണ്ടായില്ല. അധികം താമസിയാതെ അതിഗംഭീരമായ ഒരു യുദ്ധവും നടന്നു.

പറങ്കികൾ കരുതിയിരുന്നപോലെ പടക്കപ്പലോ ആൾക്കാരൊ അവരെ സഹായിക്കുവാൻ എത്തിച്ചേൎന്നില്ല. യുദ്ധം തുടങ്ങി ഒന്നുരണ്ടു ദിവസം കഴിഞ്ഞപ്പോൾ "ഇനി എന്തു വേണ്ടു" എന്ന വിചാരമായി. ലന്തക്കാരുടെ പീരങ്കി ഉണ്ടകൾ വന്നു വീണ് വലിയ കെട്ടിടങ്ങളും വിലപിടിച്ച സാമാനങ്ങളും നശിച്ചു നാനാവിധമാകുന്നതു കണ്ട് സഹിക്കാൻ വയ്യാതായി. ഇടക്കിടയ്ക്കു് ആൾനാശവും ധാരാളം ഉണ്ടാകുന്നുണ്ട്. ശത്രുക്കൾ കടലിലായിരുന്നതിനാൽ പറയത്തക്കയാതൊരു പരുക്കും ഏല്പിക്കുവാൻ പറങ്കികൾക്കു സാധിച്ചതും ഇല്ല. ആകപ്പാടെ അവർ പരുങ്ങലിലായിത്തീൎന്നു. ആയുധം വെച്ചു കീഴടങ്ങാത്തപക്ഷം ആയുസ്സുകൂടി നഷ്ടപ്പെടുമെന്നു പറങ്കിപ്രമാണി പറയര് മനസ്സിലാക്കാതിരുന്നില്ല. എന്നാലും അങ്ങിനെ ചെയ്വാൻ ആയാളുടെ ആത്മാഭിമാനം അനുവദിച്ചില്ല. ശത്രുക്കൾ ക്രമേണ അടുത്തു തുടങ്ങി. പറങ്കികൾ സകല ശക്തിയും പ്രയോഗിച്ചു. ഈ യുദ്ധത്തിൽ ലന്തക്കാൎക്കും കുറെ നാശം സംഭവിച്ചു. പക്ഷെ അതൊന്നും അവർ അത്ര വകവെച്ചില്ല. ഇട മുറിയാതെ പീരങ്കികൾ ഒഴിച്ചുകൊണ്ടുതന്നെ ഇരുന്നു. പറങ്കിക്കൊച്ചി പുകഞ്ഞുപോകുമെന്ന ദിക്കായി. വൎത്തകന്മാർ ഓരോരുത്തരായി ഉള്ളതും വാരിക്കൊണ്ട് ഒഴിച്ചുപോയിത്തുടങ്ങി. ഈ മഹായുദ്ധം ഒന്നര ആഴ്ചയോളം ഇങ്ങിനെ നിന്നു. അപ്പോഴെക്കും, ഒഴിച്ചോടിപ്പോയതും വെടികൊണ്ടു ചത്തതും കഴിച്ചു ബാക്കി അധികജനങ്ങൾ ഇല്ലാതായി. പറങ്കികളുടെ വെടിയുണ്ടകൾ കടലിലേക്കു ചെല്ലാതായപ്പോൾ ലന്തക്കാർ കുറെക്കൂടി അടു

ത്തു. ക്രമേണ അവർ കരയ്ക്കിറങ്ങി. പറങ്കികളുടെ തലസ്ഥാനംതന്നെ ലന്തക്കാർ ഒന്നാമത്തു കൈവശപ്പെടുത്തി.

ഇരുകക്ഷിയിലുംകൂടി കുറച്ചധികം ജനങ്ങൾ ഇത്തവണയും നശിച്ചുപോയിട്ടുണ്ട്. കൂട്ടത്തിൽ മൂത്തകയ്മൾക്കും ആപത്തു നേരിട്ടു. സൈന്യത്തിൽ ഒരു വകക്കാർ കല്ലേറുകാരായിരുന്നു. അവരിൽ ഒരാൾ കവണ വീശിയപ്പോൾ ഒരു കരിങ്കൽക്കഷണം കയ്മളുടെ തലയിൽ ചെന്നു കൊള്ളുകയും ആയാൾ തൽക്ഷണം മോഹാലസ്യപ്പെട്ടു വീഴുകയും ചെയ്തു. ഇതു കണ്ട് ഗോദവർമ്മരാജാവ് ഓടിക്കളഞ്ഞു. അപ്പോൾ അദ്ദേഹത്തിന്റെ സൈന്യങ്ങളും ഒഴിച്ചുതുടങ്ങി. മൂത്ത കയ്മളുടെ സഹായികളായിരുന്ന മററു പ്രമാണികളെല്ലാം ആയുധംവെച്ചു കീഴടങ്ങി. ഇങ്ങിനെ കുറച്ചു സമയംകൊണ്ടു മട്ടാഞ്ചേരിക്കൊച്ചി ശാന്തമായെന്നു പറയാം. ഇതിനിടയ്ക്കു മൂത്ത കയ്മളെ എടുത്തു കൊണ്ടുപോയി, വെള്ളം തളിച്ചു വീശി ബോധക്ഷയം തീർത്ത് ഒരിടത്തു കിടത്തിയിരുന്നു. എന്നാൽ ആയാൾക്ക് ഒന്നുരണ്ടുതവണ ഈ ഉപദ്രവം വീണ്ടും ഉണ്ടായി. അപ്പോഴെല്ലാം യഥാവിധി ഉപചാരങ്ങൾ ചെയ്തു് ഒരു വിധം സമാധാനപ്പെടുത്തി. എങ്കിലും ആയാൾക്കു നല്ല വെളിവുണ്ടായിട്ടില്ല. അതിനാൽ ഒരു പ്രത്യേക ബോട്ടിൽ കയററി ആയാളെ കയ്മൾവീട്ടിൽ കൊണ്ടാക്കുവാൻ ഭൃത്യന്മാരെ ഏല്പിച്ചുവിട്ടു. അനന്തരം അച്ചനും ദ്വിഭാഷിയും കൊച്ചിക്കോവിലകത്തു സങ്കേതമുറപ്പിച്ചു. മറുഭാഗത്തു സഹായിച്ചിരുന്നവരും ഇപ്പോൾ കീഴടങ്ങിയവരും ആയ പ്രമാണികളെ, ആവശ്യമുള്ളപ്പോൾ ഹാജരായിക്കൊള്ളാം എന്ന നിശ്ചയത്തിന്മേൽ വിട്ടയക്കുകയും ചെയ്തു.

ഇതു കഴിഞ്ഞു പിറേറ ദിവസം ലന്തപ്രമാണികൾ കോവിലകത്തു ചെന്ന് അച്ചനേയും ദ്വിഭാഷിയേയും കാണുകയുണ്ടായി. പാങ്കിക്കൊച്ചി തങ്ങൾക്കു കീഴടങ്ങിയതും മററും ലന്തക്കാർ വിസ്തരിച്ചു പറഞ്ഞു. അന്ന് അവിടെവെച്ചുതന്നെ ഒരുപുതിയ ഉടമ്പടി എഴുതി വെക്കുകയുമുണ്ടായി. കൊ

ച്ചിയിലെ പുതിയ രാജാവായ അന്നത്തെ പെരുമ്പടപ്പുമൂ
പ്പിലെ പട്ടാഭിഷേകമഹോത്സവം അടുത്ത ദിവസം അവി
ടെ വെച്ചുതന്നെ ആഘോഷിക്കേണമെന്നു ലന്തക്കാൎക്കു മോഹ
മുണ്ടായിരുന്നു. പക്ഷെ തൽക്കാലം അതു സാധിച്ചില്ല. റാ
ണി ഗംഗാധരലക്ഷ്മിയെ തൃശ്ശിവപേരൂർനിന്നു കൂട്ടിക്കൊണ്ടു
വരുവാനായിരുന്നു അച്ചന്റെയും ദ്വിഭാഷിയുടേയും ഉത്സാ
ഹം. അവിടുത്തെ ആഗമനം അതി കേമമായി ആഘോഷി
ക്കേണമെന്ന് അവർ നിശ്ചയിച്ചിരുന്നു. അകമ്പടിയായി ഒ
രുമിച്ചു വരുവാൻ ഉത്സാഹത്തോടുകൂടി പാലിയത്തച്ചൻ പുറ
പ്പെട്ടു കഴിഞ്ഞു. ഇതു കണ്ടു ലന്തക്കാർ തങ്ങളുടെ ശ്രമം നി
ൎത്തിവെച്ച് ദ്വിഭാഷിയോടു ചേൎന്ന് അനന്തരകൃത്യത്തിനു
ദ്യമിക്കയും ചെയ്തു.

കൊച്ചിക്കോവിലകത്തു ദിനംപ്രതി തിരക്കു വൎദ്ധിച്ചുതു
ടങ്ങി. ചിലർ പഴയ സ്ഥലങ്ങൾ ചെത്തിത്തേച്ച് അടിച്ചു
തുടച്ച് വെങ്കളിയിട്ടു വൃത്തിയാക്കുന്നു. മററു ചിലർ മുററ
ത്തു മുഴുവനും പന്തലിട്ട് കെട്ടി വിതാനിക്കുവാൻ ഉത്സാഹി
ക്കുന്നു. വേറെ ചിലർ വഴികളെല്ലാം വരണ്ടി കല്ലും പുല്ലും
കളഞ്ഞു വെള്ളമണൽ വിരിച്ചു വിശേഷമാക്കുന്നു. ഇതെല്ലാം
നോക്കിക്കൊണ്ടും പണിക്കാൎക്കു വേണ്ട ഉപദേശങ്ങൾ കൊടു
ത്തുകൊണ്ടും ദ്വിഭാഷി കോവിലകത്തുതന്നെ ഇരുന്നിരുന്നു.
ഇതിനിടയ്ക്കു് ഒരു ഭൃത്യൻ ഓടിക്കിതച്ചു മുകളിൽ കേറിച്ചെ
ല്ലുന്നതും ദ്വിഭാഷി പരിഭ്രമിച്ചുകൊണ്ടു താഴത്തിറങ്ങി വട
ക്കേക്കോവിലകത്തേക്കു പോകുന്നതും അവിടെ കൂടിയിരുന്ന
വരിൽ പലരും കാണുകയുണ്ടായി. അദ്ദേഹം ആരേയും വി
ളിക്കുകയുണ്ടായില്ല. എങ്കിലും ഒന്നുരണ്ടു പ്രമാണികൾ അദ്ദേ
ഹത്തിന്റെ പിന്നാലെ ചെന്നിരുന്നു. അവിടെ ചെന്നുക
ണ്ടപ്പോൾ എല്ലാവരും നിന്ന നിലയിൽ തന്നെ സ്തംഭിച്ചുപോ
യി. മൃതപ്രായയായിരുന്ന ഒരു തരുണിയെ താങ്ങിയെടുത്തു
മടിയിൽ കിടത്തി ദ്വിഭാഷി സ്വന്തം കൈകൊണ്ടുതന്നെ

വെള്ളം കൊടുക്കുന്ന കാഴ്ചയാണ് അവരുടെ ദൃഷ്ടിക്ക് ഗോചരീഭവിച്ചത്. ഒരു ഭൃത്യൻ അടുത്തുനിന്നു വീശുന്നുണ്ടായിരുന്നു. അനുവാദം കൂടാതെ അകത്തു കടപ്പാനൊ ആ ജോലിയിൽ ഭാഗഭാക്കത്വം വഹിപ്പാനൊ മററാക്കും ധൈൎയ്യമുണ്ടായില്ല; എന്നു മാത്രമല്ല അധികം താമസിയാതെ അവരെല്ലാം അവിടംവിട്ട് സ്വജോലിയിൽത്തന്നെ ഏൎപ്പെട്ടു. ഇതൊന്നുംതന്നെ ദ്വിഭാഷി അറിഞ്ഞിട്ടില്ല. അദ്ദേഹത്തിന്റെ ശ്രദ്ധ ആ തരുണിയുടെ വാടിത്തളൎന്ന മുഖത്തു തന്നെയായിരുന്നു.

ക്ഷണനേരംകൊണ്ട് ആ സാധ്വസ്ത്രീക്കു നാക്കെടുത്തു സംസാരിക്കുവാൻ ശക്തിയുണ്ടായി. അവൾ എന്തോ പറയുവാൻ ഭാവിച്ചപ്പോൾ "വരട്ടെ, ക്ഷീണം നല്ലവണ്ണം മാറട്ടെ" എന്നിങ്ങിനെ ദ്വിഭാഷി തടുത്തു പറഞ്ഞു. ഈ ശബ്ദം കേട്ടപ്പോൾ എന്തോ ആവേശംകൊണ്ടതുപോലെ അവൾ പിടച്ചെഴുനേററു. പക്ഷെ അധികനേരം നിൽക്കുവാൻ സാധിച്ചില്ല. കാൽ കുഴഞ്ഞ് അവിടെത്തന്നെ മറിഞ്ഞുവീണുപോയി. അതോടുകൂടി വീണ്ടും മോഹാലസ്യപ്പെടുകയും ചെയ്തു. ക്ഷീണാധിക്യത്താൽ ബാധിച്ച തലതിരിച്ചൽകൊണ്ട് ഇങ്ങിനെ സംഭവിച്ചതാണെന്നും സാവധാനത്തിൽ സുഖമായിക്കൊള്ളുമെന്നും നിശ്ചയിച്ച് ദ്വിഭാഷി മുമ്പു ചെയ്തതുപോലെ വീണ്ടും മടിയിൽ കിടത്തി മുഖത്തു വെള്ളം തളിച്ച് ഭൃത്യനോടു വീശുവാൻ പറഞ്ഞു. കാൽ നാഴികക്കുള്ളിൽ അവൾ കണ്ണുതുറന്നു. കുറേശ്ശ സംസാരിക്കാറായി. പക്ഷെ മിണ്ടുവാനും അനങ്ങുവാനും അദ്ദേഹം സമ്മതിച്ചില്ല. അവൾ കണ്ണു മറയ്ക്കാതെ ദ്വിഭാഷിയുടെ മുഖത്തു നോക്കിക്കൊണ്ട് അദ്ദേഹത്തിന്റെ മടിയിൽ കിടന്ന് സ്വൎഗ്ഗസുഖം അനുഭവിച്ചുതുടങ്ങി. ഇതുവരെ ഉണ്ടായിട്ടുള്ള സകല ക്ലേശങ്ങളും അവൾ മറന്നുകഴിഞ്ഞു. പാവം! വളരെക്കാലമായില്ലേ വ്യസനിക്കുന്നു! ഇനി കുറെ സുഖമനുഭവിക്കട്ടേ

ഉണ്ണിമായയുടെ ഈ ദയനീയമായ അവസ്ഥക്കു കാരണം എന്തായിരിക്കുമെന്നും മററും വായനക്കാർതന്നെ ഊഹിച്ചിരിയ്ക്കുവാൻ ഇടയുണ്ട്. അവളെ അകത്തിട്ടടയ്ക്കണമെന്നും മററും മൂത്ത കയ്മൾ ആജ്ഞാപിച്ചതും മററും ഓക്കുന്നുണ്ടായിരിക്കുമല്ലോ. ആയാളുടെ കല്പനപ്രകാരം അവളെ അടച്ചു പൂട്ടിയ മുറിയിൽതന്നെയാണ് അവളിപ്പോൾ കിടക്കുന്നത്. പരിചാരകവൃത്തിക്ക് ഏപ്പാടചെയ്തിരുന്ന ഭൃത്യന്മാർ യുദ്ധാരംഭത്തോടുകൂടിത്തന്നെ പലായനം ചെയ്തു കഴിഞ്ഞിരിക്കുന്നു. മൂത്ത കയ്മൾ ബോധംകെട്ടു വീഴുകയും ആയാളെ വീട്ടിലേക്ക് എടുത്തുകൊണ്ടു പോകയും ചെയ്തപ്പോൾ ആയാളുടെ ഭൃത്യന്മാരും അവിടെ ഇല്ലാതായി. പ്രാണഭയംകൊണ്ടു പലായനം ചെയ്തവരും പറഞ്ഞതു കേൾക്കാൻ മാത്രം പഠിപ്പിക്കപ്പെട്ടവരും ഉണ്ണിമായയെ വിസ്മരിച്ചതിൽ അത്ഭുതപ്പെടുവാനില്ല. ദിവാഷിയും അച്ഛനും ഒരുമിച്ചുചെന്നു കേറിയവരും പുതുതായി ഭൃത്യപ്രവൃത്തിയിൽ നിയോഗിക്കപ്പെട്ടവരും ഇക്കഥ അറിഞ്ഞിരുന്നുമില്ല. ഇതു കാരണം അവൾ ഏകാകിനിയായി ആ മുറിയിൽത്തന്നെ നാൾ കഴിച്ചുപോന്നു. പതിവായി തക്ക സമയത്തു തന്നെ ആഹാരവും മററും കൊണ്ടു കൊടുക്കുമാറുണ്ടായിരുന്നുവെങ്കിലും അവൾ ഭക്ഷിച്ചിരുന്നില്ലെന്നുതന്നെ പറയാം. തീരെ പട്ടിണിയല്ലെന്നു മാത്രമെയുള്ളു. മനസ്സമാധാനമില്ലാത്ത ഏതാദൃശകാലങ്ങളിൽ ഇതിലധികമുണ്ടാകുന്നത് വളരെ അപൂവ്വമാണ്. ഇപ്പോൾ രണ്ടുമൂന്നു ദിവസമായി ജലപാനമില്ല. ഒരുക്കിക്കൊടുക്കുവാൻ ആളില്ലാഞ്ഞതന്നെയാണ് ഇതിന്നു കാരണം. ആകപ്പാടെ അവൾ വളരെ ക്ഷീണിച്ചിരുന്നു. എഴുന്നേററാൽ തലചുററി വീണുതുടങ്ങി. തൊണ്ട വരണ്ട് ഒരക്ഷരം ഉച്ചരിക്കുവാൻ ശക്തിയില്ലാതായി. ഇങ്ങിനെ ആ മുറിയിൽ ഒരിടത്തു ചുരുണ്ടു കിടക്കുമ്പോഴാണ് സ്ഥലങ്ങൾ വൃത്തിയാക്കുന്നവർ അവളെ കണ്ടു മുട്ടിയതും മുൻ വിവരിച്ച

സംഗതികൾ എല്ലാം നടന്നതും. ഉണ്ണിമായക്ക് അധികനേരം അവിടെ കിടക്കുവാൻ ധൈര്യമുണ്ടായില്ല. ക്ഷീണം കുറെ ഭേദമായിയെന്നു തോന്നിയപ്പോൾ അവൾ വീണ്ടും എഴുന്നേററുനിന്നു. "കുറെക്കൂടി കഴിയട്ടെ" എന്നിങ്ങിനെ ഇത്തവണയും ദ്വിഭാഷി പറയാതിരുന്നില്ല. എന്നാൽ ഉണ്ണിമായ അതനുസരിച്ചില്ല. മുമ്പത്തേപ്പോലെ അവൾ വീണതുമില്ല. ഇത്രയുമായപ്പോൾ ദ്വിഭാഷിക്കും സമാധാനമായി. അദ്ദേഹംതന്നെ അവളോടു ചിലതു ചോദിക്കുവാനാരംഭിച്ചു. അടുത്തു വീശിക്കൊണ്ടിരുന്ന ഭൃത്യൻ പതുക്കെ അവിടം വിട്ടു മാറുകയും ചെയ്തു.

ദ്വിഭാഷി—കുറച്ചധികം കഷ്ടപ്പെട്ടു; ഇല്ലേ?

ഉണ്ണി—എങ്കിലും കാര്യം സാധിച്ചുവല്ലൊ.

ദ്വിഭാഷി—അപ്പോഴെയ്ക്കും തൃപ്തിയായിക്കഴിഞ്ഞൊ?

ഉണ്ണി—ഇതുതന്നെ അസാദ്ധ്യമാണെന്നു തോന്നിയിരുന്നു. അപ്പഴൊ?

ദ്വിഭാ—ചാഴൂർത്തന്നെ താമസിച്ചാൽ പോരായിരുന്നൊ? ഇങ്ങോട്ടു ചാടിപ്പുറപ്പെട്ടതെന്തിനാണ്? അതല്ലെ ഇത്ര കഷ്ടപ്പെടേണ്ടി വന്നത്?

ഉണ്ണി—തമ്പുരാട്ടിമാർ കലശൽ കൂട്ടിത്തുടങ്ങി. അവരുടെ ചോറുതിന്നുകൊണ്ട് അവിടെ താമസിച്ച് അവരെ ശല്യപ്പെടുത്തുന്നതു ഭംഗിയാണൊ?

ദ്വിഭാ—എന്നാൽ തൃശ്ശിവപേരൂക്ക് പോകാമായിരുന്നില്ലെ?

ഉണ്ണി—ആകാമായിരുന്നതു പലതുമുണ്ട്. അതൊന്നും പറഞ്ഞിട്ടു ഫലമില്ല. ഇങ്ങോട്ടു പോരുന്നതായിരിക്കും കുറെ ഭേദമെന്ന് അപ്പോൾ തോന്നി.

ദ്വിഭാ—അപ്പപ്പോൾ തോന്നുംപോലെ പ്രവത്തിച്ചാൽ ഇങ്ങിനെയൊക്കെ വരും.

ഉണ്ണി—ഒടുക്കം ഇങ്ങിനെയും വരുമല്ലൊ. അതു കുറച്ചു സമാധാനം തന്നെയാണ്.

ദ്വിഭാ—എങ്ങിനെ? ജലപാനം പോലുമില്ലാതെ ചാവുകയൊ?

ഉണ്ണി—ചാവാറായി കിടക്കുമ്പോൾ അമൃതപാനംചെയ്തു് ദിവ്യാനന്ദമനുഭവിക്കുക.

ദ്വിഭാ—അധികം സംസാരിക്കേണ്ട. ക്ഷീണം നല്ലവണ്ണം മാറട്ടെ. അതുവരെ കുറച്ചു മനസ്സിരുത്തണം.

ഉണ്ണി—മനസ്സിരുത്താനൊന്നുമില്ല. ക്ഷീണം മാറിക്കഴിഞ്ഞു. എത്ര സംസാരിച്ചാലും അധികമാകയുമില്ല.

ദ്വിഭാ—ഇനി സമയം ധാരാളമുണ്ടല്ലൊ.

ഉണ്ണി—അപ്പോൾ സംസാരിക്കുവാനും ധാരാളമുണ്ടാകും.

ദ്വിഭാ—ആട്ടെ. ഇങ്ങിനെ നിന്നു ബുദ്ധിമുട്ടണ്ട. അവിടെ ഇരിക്കു.

ഉണ്ണി—ഇതൊരു ബുദ്ധിമുട്ടല്ല.

ഇവർ ഇങ്ങിനെ പറഞ്ഞു് ഒട്ടു വളരെ നേരം അവിടെ കൂടി. ഉണ്ണിമായ ചിങ്ങപുരത്തു താമസിച്ചിരുന്ന കാലത്തു മൂത്ത കയ്മളുടെ ആൾക്കാർ വന്നു പിടിച്ചുകൊണ്ടു പോകുവാൻ നിശ്ചയിച്ച വിവരം മുൻകൂട്ടി ഗ്രഹിച്ചു് കിട്ടൻപട്ടരും കൂട്ടരുമറിയാതെ ആ രാത്രി ബോട്ടിൽ കടന്നുകൂടി തക്ക സമയത്തു് അവളെ രക്ഷിച്ചതും മററും ദ്വിഭാഷി വിസ്തരിച്ചുപറഞ്ഞു. ഈവക സംഗതികൾ വിസ്തരിച്ചു തുടങ്ങിയാൽ വക്താവിനും ശ്രോതാവിനും അലംഭാവം തോന്നുന്നതു് അപൂൎവ്വമാണു്. ഈ സ്വഭാവം ഇവിടേയും പ്രകാശിക്കാതിരുന്നില്ല. ആരാണു് മുമ്പേ സംഭാഷണം മതിയാക്കേണ്ടതെന്നു് ആൎക്കും അറിഞ്ഞുകൂടാ. ഒരാൾ ഒരു സംഗതി ഒരുവിധം പറഞ്ഞവസാനിപ്പിച്ചാൽ മറേറയാൾ മറെറാരു സംഗതി തുടങ്ങുകയായി. കുറച്ചധികം നേരം ഇങ്ങിനെ കഴിഞ്ഞു. ഇരുട്ടായതും വിളക്കുവെച്ചതും അവർ അറിഞ്ഞില്ല. അത്താഴം കാലമായിരിക്കുന്നു. എന്നാലും അവർ സംഭാഷണം നിൎത്തി പുറത്തു കടക്കുന്നില്ല. ഈ സ്വൈരസല്ലാപത്തിനു വിഘ്നം വരുത്തി അട

ത്തുവന്നു കാൎയ്യം ധരിപ്പിക്കുവാൻ ആൎക്കും ധൈൎയ്യമുണ്ടായില്ല. കുറച്ചു കഴിഞ്ഞപ്പോൾ ദ്വിഭാഷിയുടെ ദൃഷ്ടി അവിടെ പുറത്തു കത്തിക്കൊണ്ടിരുന്ന ദീപത്തിന്മേൽ എങ്ങിനെയൊ ചെന്നു പതിക്കുകയും, "ഹേ ഇത്രയായോ നേരം!" എന്നു പറഞ്ഞ് അദ്ദേഹം പിടച്ചെഴുനേല്ക്കയും ചെയ്തു. പുറത്തു കടന്നു നക്ഷത്രം നോക്കിയപ്പോൾ നേരം പാതിരയായിരിക്കുന്നു. കോവിലകം അലങ്കരിക്കുന്ന തിരക്കായിരുന്നതിനാൽ ഭൃത്യവൎഗ്ഗങ്ങൾക്കു വെറുതെ കെട്ടിക്കാത്തു കിടന്നു കഷ്ടപ്പെടേണ്ടിവന്നില്ല. ദ്വിഭാഷി പുറത്തുകടന്നപ്പോഴേക്കും ചങ്ങലവട്ടകയും എടുത്തുകൊണ്ട് ഭൃത്യന്മാർ അവിടെ ഹാജരായി. ലജ്ജയും പരിഭ്രമവും നിമിത്തം അദ്ദേഹം ഒന്നു പരുങ്ങി. എന്നാൽ ഈ ഭാവഭേദം അധികനേരം നിലനിന്നില്ല. നേരേ കുളത്തിൽ ചെന്ന് ഒന്നു ചാടി മുങ്ങി. സന്ധ്യാവന്ദനവും ഭക്ഷണവും കഴിച്ചു വീണ്ടും വടക്കേ കോവിലകത്തുതന്നെ ചെന്നുകൂടി. അനന്തരം ഉണ്ണിമായയും കാലും മുഖവും കഴുകി, ഉണ്ടു എന്നു വരുത്തിക്കൂട്ടി സ്വസ്ഥാനത്തു ചെന്നുചേൎന്നു. ഇതെല്ലാം കണ്ട് ജനങ്ങൾ അമ്പരന്നു. ആരും ഒന്നും പറഞ്ഞതുമില്ല. ഏതായാലും നന്നായി എന്ന് എല്ലാവൎക്കും തോന്നി.

## ഇരുപത്തൊന്നാമദ്ധ്യായം.

അഹോരാത്രങ്ങൾ പൊയ്ക്കൊണ്ടേ ഇരുന്നു. ഒരു ദിവസം കഴിയുംതോറും ദീൎഘജീവിതത്തിലെ ഓരോ സോപാനം—അഥവാ ഓരോ പ്രധാനഭാഗം—അടൎന്നു വീണുകൊണ്ടിരിക്കുന്നു. എന്നിട്ടും, വളരെ അകലെ കിടക്കുന്ന ഒരു ദിവസം അടുത്തുവരുവാനാഗ്രഹിക്കുന്നതും അതിന്റെ കാലവിളംബത്തിൽ കഠിനമായി വ്യസനിക്കുന്നതും മനുഷ്യരുടെ മായാമോഹത്തിന്റെ മഹിമയെന്നേ പറയാനുള്ളു. കൊച്ചിരാജ്യക്കാർ സാമാന്യമായും കൊച്ചി നഗരവാസികൾ പ്രത്യേകിച്ചും എ

ണ്ണിക്കൊണ്ടിരുന്ന ആ സുദിനം ഇതാ ആസന്നമായിരിക്കുന്നു.

നേരം പ്രഭാതമായി; അരുണോദയം അടുത്തിരിക്കുന്നു; രാജ്ഞി ഗംഗാധരലക്ഷ്മിയുടെ എഴുന്നെള്ളത്ത് പ്രമാണിച്ചു വീരാളിപ്പട്ടുകൊണ്ട് മേലാപ്പിട്ടതുപോലെ ആകാശവീഥി മുഴുവനും, പൂർവ്വഭാഗം വിശേഷിച്ചും ആസന്നോദയനായ ബാലമാർത്താണ്ഡൻെറ കിരണകന്ദളങ്ങളെക്കൊണ്ടു അതിമനോഹരമായി അലങ്കരിപ്പിരിക്കുന്നു. വെൺകളിയിട്ടു വെളുപ്പിച്ചിരുന്ന പ്രാസാദപംക്തികളിൽ ഈ അരുണകിരണങ്ങൾ ചെന്നു പരന്നപ്പോൾ ഉന്മേഷശാലിനിയായ ഗോശ്രീനഗരിയുടെ മനോഹരമായ മന്ദഹാസമഹിമയെ അഭിജ്ഞന്മാർ അനുസ്മരിച്ചുതുടങ്ങി. സകല ജനങ്ങളും ഉണൎന്ന് ഉത്സാഹത്തോടെ സ്വാ സ്വാ കൃത്യങ്ങളിൽ ഏൎപ്പെട്ടു. അന്നു കൊച്ചിക്കോവിലകത്ത് വന്നുകൂടിയ ജനങ്ങൾക്കു കയ്യും കണക്കുമില്ല. നാട്ടിലെ മിക്ക പ്രമാണികളും അവിടെ ഹാജരായിട്ടുണ്ട്. രാജ്ഞിയുടെ എഴുന്നെള്ളത്ത് അടുത്തിരിക്കുന്നുവെന്ന് ജനങ്ങൾ പരക്കെ അറിഞ്ഞിരുന്നു. ആകയാൽ അവിടെയുണ്ടായിരുന്നവർ മുക്കാലുമുണ്ടാണിയും ആ കായൽവക്കത്ത് തന്നെ ആയിരുന്നു.

കൊച്ചികരയിൽ മാത്രമല്ല, അതിൻെറ പുരോഭാഗത്തു പരന്നുകിടക്കുന്ന വലിയ കായലിൽകൂടി ജനങ്ങളുടെ തിരക്കായിരിക്കുന്നു. അവിടന്നും ഇവിടന്നും ആയി പലതരം ബോട്ടുകളും ഓടികളും അവിടവിടെ നിരന്നിരിക്കുന്നു. ഇത്തരം വാഹനങ്ങളുടെ വരവ് ഇനിയും നിലച്ചുകഴിഞ്ഞിട്ടില്ല. ഇതാ വടക്കുനിന്നു അഞ്ചെട്ടു വലിയ ബോട്ടുകൾ ഒരേ വേഗത്തിൽ ഒരുമിച്ചു പാഞ്ഞടുക്കുന്നു. അതുകൾ തോരണം കുലവാഴ മുതലായ മംഗളപദാൎത്ഥങ്ങളെക്കൊണ്ടു കമനീയമായി അലങ്കരിച്ചിരിക്കുന്നു. ഒരു ഉയൎന്ന കൊടിയോടും പെരുമ്പറ, തമ്പേർ മുതലായ വാദ്യഘോഷങ്ങളോടുംകൂടി ഒരു വലിയ

ബോട്ട് മുമ്പിൽ കുറെയകലെ ഓറാക്ക് ഓടുന്നുണ്ട്. അതിൻെറ പിന്നിൽ രണ്ടുവരിയായി ഒന്നാംതരം ഓടികൾ നന്നാലെണ്ണം, ഓരോന്നിൽ ഏകദേശം ആറു വലിക്കാർ വീതം ഒത്തു വലിച്ചുകൊണ്ട് അകമ്പടിയായി അടുത്തുതന്നെ നടക്കുന്നു. അവയുടെ പിറകെ, വീരാളിപ്പട്ടുകൊണ്ടു വിതാനിച്ചും നീരാളംകൊണ്ടു പൊതിഞ്ഞും, മംഗളവസ്തുക്കളെക്കൊണ്ടു അലങ്കരിച്ചും വളരെ വിശേഷമായ ഒരു വലിയ ബോട്ട്, അരയരുടെ കുലപരമ്പരാപ്രാപ്തങ്ങളായ ഗാനവിശേഷങ്ങളോടുകൂടി ആടിയുലഞ്ഞ് ഓടിയടുക്കുന്നു. മററു ബോട്ടുകൾ അതിൻെറ പിന്നിൽ അടുത്തടുത്തുതന്നെ ഓടിക്കൊണ്ടിരിക്കുന്നു. ഈ ബോട്ടുകൾ എല്ലാം ക്ഷണനേരംകൊണ്ടു കൊച്ചിക്കരയിൽ വന്നടുത്തു. ആഹ്ളാദസൂചകമായ ആർപ്പുവിളി, വാസ്സൂരൽ ഇത്തുകൾ മുഴക്കിക്കൊണ്ട് അനുഗമിക്കുന്ന അകമ്പടിക്കാരോടുകൂടി രാജ്ഞി ഗംഗാധരലക്ഷ്മി, ഇങ്ങിനെ അരുണോദയത്തിന്നു മുമ്പായി കൊച്ചിയിലടുത്ത് കരക്കിറങ്ങി. ചാഴൂർ കോവിലകത്തെ ചില തമ്പുരാട്ടിമാരും ഒരുമിച്ചുണ്ടായിരുന്നു. രാജ്ഞി കരക്കിറങ്ങിയ സമയം ലന്തക്കാരുടെ വലിയ തോക്കുകളും നാട്ടുകാരുടെ കുട്ടക്കതിനകളും കൊച്ചി കര കുലുങ്ങുമാറ് കിടന്നു മുഴങ്ങിക്കൊണ്ടിരുന്നു. ആകപ്പാടെ ഒരു മഹോത്സവമെന്നേ പറവാനുള്ളു.

രാജ്ഞിയെ അനുഗമിച്ചിരുന്ന മററു പ്രമാണികൾ ഒരുമിച്ചുതന്നെ കരക്കടുത്തു. ഒരു ബോട്ടിൽ കല്ലൂർ നമ്പൂതിരിപ്പാട്, കിരാങ്ങാട്ട് നമ്പൂതിരിപ്പാട്, ചിറവർ നമ്പൂതിരിപ്പാട്, അവണാവു നമ്പൂതിരിപ്പാട് മുതലായ ആഢ്യന്മാരും അവരുടെ ശിഷ്യഗണങ്ങളും, അടുത്ത ബോട്ടിൽ ചാഴൂർ തമ്പുരാക്കന്മാർ ചിററിച്ചപ്പിള്ളി, ചിററഞ്ഞൂര്, കുമരപുരം തുടങ്ങിയ രാജാക്കന്മാർ ഇവരും പരിജനങ്ങളും, അതിൻെറ പിന്നാലെ പാലിയത്തച്ചൻ ചങ്ങരംകോത കർത്താവ്, ചങ്കാങ്കണ്ടത്തു പണിക്കർ മുതലായ പ്രഭുക്കളും അവരുടെ ഭൃത്യന്മാ

രും, ബാക്കി ബോട്ടുകളിലെല്ലാം രാജപരിവാരങ്ങളും ആയിരുന്നു. ഇവരെല്ലാം ഈ ക്രമത്തിൽതന്നെ കൊച്ചിയിൽ വന്നടുത്തു് കരയ്ക്കിറങ്ങുകയും ചെയ്തു. അനന്തരം രാജ്ഞിയെ കനകപ്പല്ലക്കിലെഴുന്നെള്ളിച്ചു രാജോചിതമായ വാദ്യഘോഷങ്ങളോടും ആർപ്പു് മുതലായ മംഗളധ്വനികളോടും ബ്രാഹ്മണരുടെ "സ്വസ്തിവാദങ്ങളോടും" നാട്ടുകാരുടെ വിജയാശിസ്സുകളോടും കൂടി, മുൻകൂട്ടി നിശ്ചയിച്ചിരുന്ന ശുഭമുഹൂർത്തത്തിൽതന്നെ കൊച്ചി കോവിലകത്തു് പ്രവേശിപ്പിച്ചു. ക്രമേണ മററു താവഴിയിലെ സ്ത്രീപുരുഷന്മാർ അവിടെ ചെന്നുചേർന്നു. പിന്നെ ഓരോരുത്തരും അവരവരുടെ നിത്യനൈമിത്തികകർമ്മങ്ങളിൽ ഏർപ്പെടുകയും ചെയ്തു.

അന്നു് അതിഗംഭീരമായ ഒരു ബ്രാഹ്മണസദ്യയും പ്രതിഗ്രഹവും സർവ്വാണിയും ഉണ്ടായി. ഒരു ദിക്കിലും ഒരു കുറവുണ്ടായിട്ടില്ല. നാനാദിക്കുകളിൽനിന്നും കൂട്ടം കൂട്ടമായി വന്നുചേർന്ന ജനങ്ങൾക്കെല്ലാം സുഭിക്ഷമായി ഭക്ഷണം കൊടുക്കുകയും അവർ രാജ്ഞിക്കും രാജവംശത്തിന്നും ഹൃദയപൂർവ്വം മംഗളമാശംസിക്കയും ചെയ്തിരുന്നു. ഇതെല്ലാം കഴിഞ്ഞു് നാലഞ്ചുനാഴിക പകലെ അന്നവിടെ എത്തിച്ചേർന്ന പ്രമാണികളെല്ലാം ഒത്തുകൂടി ഒരു മഹായോഗം കൂടുകയുണ്ടായി. കോവിലകത്തുള്ള ആസ്ഥാനമണ്ഡപത്തിൽ സ്ഥലസൌകര്യം പോരാതിരുന്നതിനാൽ തല്ക്കാലാവശ്യത്തിന്നു കെട്ടിയുണ്ടാക്കിയ നെടുമ്പുരയിൽ തന്നെയാണു് യോഗംകൂടിയതു്. ലന്തക്കാരുടെ പ്രത്യേകശ്രമത്തിന്റെ ഫലമായിട്ടാണു് ഈ കൃത്യം നടന്നതു്. കൊച്ചിക്കാരെ—കേരളീയരെത്തന്നെ—സംബന്ധിച്ചേടത്തോളം ഒരു പുതിയ രീതിയിലായിരുന്നു ഈ യോഗം നടത്തപ്പെട്ടതു്. നാനാതരക്കാർ ഒരുമിച്ചിരിക്കുന്നതു് ആഭിജാത്യത്തിന്നും പ്രഭുത്വത്തിന്നും പോരായ്മയാണെന്നു പരക്കെ ഒരു ബോധം അന്നുണ്ടായിരുന്നു. എങ്കിലും ലന്തക്കാരുടെ സാമർത്ഥ്യവും സ്വാധീനശക്തിയും കാരണമായി

അന്നത്തെ ആ മഹായോഗം ഏകദേശം ഇന്നത്തെ സഭായോഗങ്ങളുടെ രീതിയിൽത്തന്നെ നടത്തപ്പെട്ടിരുന്നുവെന്നു പ്രത്യേകം പ്രസ്താവയോഗ്യമാണ്.

രംഗാഗ്രഭാഗത്തായി കൊച്ചിയിലെ പുരാതന രാജകീയസിംഹാസനം സ്ഥാപിക്കപ്പെട്ടിരുന്നു. അതിൻെറ വലത്തുഭാഗത്തു സ്വന്തം സിംഹാസനത്തിന്മേൽ ഗംഗാധരലക്ഷ്മി എഴുന്നെള്ളിയിരുന്നു. ഇടത്തുഭാഗത്ത് വേറെ ഒരു പീഠത്തിന്മേൽ നമ്മുടെ ദ്വിഭാഷിയും ഇരുന്നു. ഈ സംഗതി സദസ്സിൽ പലരുടേയും ആശങ്കയ്ക്കും അസ്വാരസ്യത്തിന്നും കാരണമാകാതിരുന്നില്ല. എന്നാൽ ഇക്കാൎയ്യം ലന്തക്കാരുടെ സ്വാധീനശക്തിയുടെ ഫലമാണെന്നു വ്യാഖ്യാനിച്ചും മുൻകടന്നു കാൎയ്യം പറവാൻ മടിച്ചും ആരും ഒന്നും പറഞ്ഞില്ല. ചാഴൂർ മുതലായ മററു താവഴിലെ തമ്പുരാക്കന്മാരും യഥോചിതം എഴുന്നെള്ളിയിരുന്നു. മററു രാജാക്കന്മാരും പ്രഭുക്കളും ഓരോ ആസനങ്ങളിൽ വാസമുറപ്പിച്ചു. കൂട്ടത്തിൽ വാൻഗ്ലൂസ്, മെയിഡൻ മുതലായ ലന്തപ്രമാണികളും ഇരുന്നിരുന്നു. നമ്പൂതിരിപ്പാടന്മാരും മററു നമ്പൂതിരിമാരും രംഗമദ്ധ്യം നിറയെ ഇരുന്നിരുന്നു. പാലിയത്തച്ചൻ അവിടവിടെ നടക്കുന്നതല്ലാതെ ഒരു ദിക്കിൽ അടങ്ങി ഒതുങ്ങി ഇരുന്നില്ല. കത്താവും പണിക്കരും അച്ചനെ അനുഗമിച്ചതേയുള്ളു.

ക്ഷണനേരംകൊണ്ട് രംഗം നിശ്ശബ്ദമായി. എന്തെന്നില്ലാത്ത ഒരു ഗൌരവം സൎവ്വത്ര പ്രസ്ഫുരിച്ചു. ഇങ്ങിനെ കുറച്ചു കഴിഞ്ഞപ്പോൾ ലന്തപ്രമാണി വാൻഗ്ലൂസ്, താൻ ഇരുന്നേടത്തുനിന്നെഴുന്നേററു ദ്വിഭാഷിയുടെ വലത്തുഭാഗത്തു ഒഴിഞ്ഞുകിടന്നിരുന്ന സിംഹാസനത്തിൻെറ പിൻപുറത്തുചെന്നുനിന്നു. പട്ടുകൊണ്ടു പൊതിഞ്ഞിട്ടുള്ള എന്തൊ ഒരു സാധനം ആയാളുടെ വലത്തുകയ്യിൽ ഉണ്ടായിരുന്നു. എല്ലാവൎക്കും കാണത്തക്കവണ്ണം ആയാൾ അതുയൎത്തിപ്പിടിക്കയും ചെയ്തിരുന്നു. അപ്പോൾ അവിടെയുണ്ടായിരുന്ന സകലരുടേയും ദൃഷ്ടി

വാൻഗ്ലുസിന്റെ ഉയൎത്തിപ്പിടിച്ചിരിക്കുന്ന കയ്യിൽ പതിച്ചു; പോരാം, അവിടെത്തന്നെ ഉറച്ചിരുന്നു. പിന്നെ കുറെ നേരം വാൻഗ്ലൂസ് സ്വന്തഭാഷയിൽ സാമാന്യം ദീൎഘമായ ഒരു പ്രസംഗം ചെയ്കയും അതിന്റെ താല്പൎയ്യം സകല സഭ്യന്മാൎക്കും ഗ്രഹിക്കത്തക്കവണ്ണംപാലിയത്തച്ചൻ മലയാളത്തിൽ പറകയും ഉണ്ടായി. അതിന്റെ ചുരുക്കം ഇപ്രകാരമാണ്:—

"വന്ദ്യവയോധികയും സൌഭാഗ്യവതിയും ആയ രാജ്ഞീ! ലന്തസ്സഞ്ചാരി സംഘത്തിന്റെ പ്രതിനിധി ഇതാ വന്ദിക്കുന്നു. ഇങ്ങിനെ ഒരു മഹൽകൃത്യം നിൎവ്വഹിക്കുവാനുള്ള ഒരു ഭാഗ്യം ഞങ്ങൾക്കു സിദ്ധിച്ചതിൽ അപാരമായ സന്തോഷവും അത്യന്തം അഭിമാനവും തോന്നുന്നുണ്ട്. കേവലം പടിഞ്ഞാറൻ കരയിൽ പാൎത്തിരുന്ന ഞങ്ങൾ എന്തിനായി പുറത്തിറങ്ങിയെന്നും പ്രധാന സംഗതികൾ എന്തെല്ലാം ചെയ്തുവെന്നും അറിവാനുള്ള താല്പൎയ്യം ഇന്നിവിടെ കൂടിയിരിക്കുന്ന മാന്യന്മാരിൽ പലൎക്കും ഉണ്ടായിരിക്കും. എന്നാൽ അതെല്ലാം വിസ്തരിക്കുവാൻ സൌകൎയ്യം പോരായ്കയാലും പ്രധാന സംഗതികൾ മിക്കതും നിങ്ങളുടെ പ്രമാണികൾമുഖാന്തിരം തന്നെ നിങ്ങൾക്കറിവാൻ സാധിക്കാവുന്നതാകയാലും ഈ ചുരുങ്ങിയ സമയത്തു ഞാൻ അതിന്നുദ്യമിക്കുന്നില്ല. ഇതിനേക്കാൾ എത്രയോ മഹത്തായ ഒരു സൽകൃത്യം നടത്തുവാനുള്ള സദുദ്ദേശത്തോടുകൂടിയാണ് ഞാൻ ഇവിടെ ഹാജരായിരിക്കുന്നത്. അതെന്തെന്നാൽ ഇതാ എന്റെ ഇടത്തുഭാഗത്ത്, ഭവാന്മാരുടെ പുരോഭാഗത്തിങ്കൽ ഒരു പുരുഷകേസരി ആസനസ്ഥനായിരിക്കുന്നു. നമ്മുടെ ഭാഗ്യക്കുറവിനാൽ അകാലത്തിൽ അന്തരിച്ചുപോയ പെരുമ്പടപ്പ് മൂപ്പിലെ കനിഷ്ഠഭ്രാതാവും കൊച്ചിയിലെ കിരീടാവകാശിയും ആയ ഈ വീരകേരളവൎമ്മമഹാരാജാവു തിരുമനസ്സിലെ നിങ്ങൾ അറിയാതിരിക്കുവാൻ തരമില്ല. അവിടുന്നും ഞങ്ങളുമായി പരിചയിച്ചിട്ട് കൊല്ലം നാലഞ്ചു കഴിഞ്ഞിരിക്കുന്നു.

ഞ്ഞങ്ങൾ കൊല്ലം പട്ടണവും മററും കീഴടക്കി അവിടെയെല്ലാം സങ്കേതമുറപ്പിച്ച് കുറെ കഴിഞ്ഞപ്പോൾ ഈ മഹാപുരുഷനെ കണ്ടു പരിചയിക്കുവാൻ സാധിച്ചിരിക്കുന്നു. ഇവിടുന്ന് ഒരു മഹാപുരുഷനാണെന്നു പറഞ്ഞതിൽ അശേഷം അതിശയോക്തിയില്ല. മഹാപുരുഷലക്ഷണം തന്നെ ക്ലേശമനുഭവിക്കുവാനുള്ള മനക്കരുത്താണ്. ഒരു രാജ്യത്തിലെ കിരീടാവകാശിയും യുവാവുമായ ഒരാൾ കേവലം ഞങ്ങളുടെ ദ്വിഭാഷിയായി കുറേക്കാലം കഴിച്ചുകൂട്ടിയ ഏകസംഗതി ഇവിടുത്തെ മഹത്വത്തെ വേണ്ടതിലധികം സ്പഷ്ടമാക്കുന്നുണ്ട്. ഞങ്ങൾ കൊച്ചിരാജ്യത്തിനും നാട്ടുകാൎക്കും വല്ല ഗുണവും ചെയ്തിട്ടുണ്ടെങ്കിൽ അതിനും ഇനി വല്ലതും ചെയ്വാൻ കഴിയുമെങ്കിൽ അതിനും മൂലകാരണം നിങ്ങളുടെ മഹാരാജാവായ ഈ തിരുമേനി തന്നെയെന്ന് തീൎത്തുപറയാം. ഈ നരസിംഹത്തെ ഇപ്രകാരമുള്ള ഒരു മഹായോഗത്തിൽ വെച്ച് എന്റെ കൈകൊണ്ടുതന്നെ കിരീടധാരണം ചെയ്യിക്കേണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ഈ മഹായോഗം ഇവിടെ കൂടിയിരിക്കുന്നത്. അതുകൊണ്ട് ആ കൃത്യം നടത്തുവാനായി നിങ്ങളുടെ ഐകകണ്ഠ്യേനയുള്ള അനുമതിയെ വിനയപൂർവ്വം അർത്ഥിച്ചുകൊള്ളുന്നു.''

ഇങ്ങിനെ പറഞ്ഞ് അച്ഛൻ മൌനമുദ്രയെ അവലംബിച്ചു. ജനങ്ങൾ ആശ്ചൎയ്യപരതന്ത്രരായി വാൻഗ്ലൂസിനെ തന്നെ നോക്കിക്കൊണ്ടിരുന്നു. അദ്ദേഹമാകട്ടെ കയ്യിലുണ്ടായിരുന്ന ആ പൊതി അഴിച്ച് രത്നഖചിതമായ സ്വൎണ്ണകിരീടം പുറത്തെടുത്ത് പരക്കെ കാണത്തക്കവണ്ണം ഉയൎത്തിപ്പിടിച്ച് ദ്വിഭാഷിയെന്ന പേരിൽ നാമറിഞ്ഞിരുന്ന ആ വീരകേരളവൎമ്മരാജാവിന്റെ ശിരസ്സിലൎപ്പിക്കുവാനുള്ള ആരംഭമായി. സദസ്സു മുഴുവൻ ആനന്ദഭരിതമായി ഹസ്തതാഡനം മുഴക്കി. ഈ അവസരത്തിൽ വീരകേരളവൎമ്മ തമ്പുരാൻ സ്വസ്ഥാനത്തു നിന്നു പതുക്കെ എഴുന്നേററുനിന്നു. അതോടുകൂടി സദസ്യർ

മുഴുവനും എഴുന്നേററുനിന്നുപോയി. എന്നാൽ തമ്പുരാൻ തന്നെ കൈകാണിച്ച് എല്ലാവരേയും അതാതു സ്ഥാനത്തിരുത്തി. സഭാരംഗം വീണ്ടും നിശ്ശബ്ദമായി. അപ്പോൾ വീരകേരളവൎമ്മതമ്പുരാൻ അരുളിച്ചെയ്തതിൻെറ ചുരുക്കം താഴേ കാണിക്കാം:—

"വളരെ ചെറുപ്പം മുതൽക്ക് എന്നെ വളൎത്തിക്കൊണ്ടുപോന്ന എൻെറ പ്രിയപ്പെട്ട ചിററമ്മയ്ക്കു് നമസ്കാരം. മഹാജനങ്ങളെ! എൻെറ വലത്തുഭാഗത്തു നിൽക്കുന്ന ഈ മാന്യനെ—ലന്തക്കപ്പിത്താൻ വാൻഗൂസ് അവർകളെ—നിങ്ങളിൽ അധികം പേരും അറിഞ്ഞിരിക്കുവാൻ ഇടയില്ല പെരുമ്പടപ്പുസ്വരൂപത്തിൻേറയും കൊച്ചിരാജ്യക്കാരായ നിങ്ങളുടേയും സുകൃതവിശേഷത്താൽ, കൊല്ലത്തുവെച്ച് യാദൃച്ഛികമായി ഈ മാന്യനേയും കൂട്ടുകാരേയും കണ്ടുപരിചയിക്കുവാനും, യഥാശക്തി സഹായിക്കുവാനും എനിക്കു സാധിച്ചു എന്നുള്ള സംഗതി അഭിമാനപൂൎവ്വം പ്രസ്താവിച്ചുകൊള്ളുന്നു. ഇവരുടെ ആഗമനഹേതുവും പ്രാപ്യസ്ഥാനവും മററും വിസ്തരിക്കേണമെന്നു ഞാനും വിചാരിക്കുന്നില്ല. ഒരു സമയം, ഇന്നത്തെപ്പോലെ ചില പ്രധാനസംഭവങ്ങൾ ഉണ്ടാവുകതന്നെ ആയിരിക്കാം അതിൻെറ ഫലമെന്നും ഊഹിക്കാം. അതെന്തുതന്നെ ആയിരുന്നാലും ഇവരുടെ സഹായം നമുക്ക് ലഭിച്ചിട്ടില്ലായിരുന്നുവെങ്കിൽ നമ്മുടെ ഇന്നത്തെ സ്ഥിതി എന്തായിരിക്കുമെന്നു ഊഹിപ്പാൻതന്നെ ശക്യമല്ല. പറങ്കികളുടെ ആഗ്നേയാസ്ത്രത്തെ അടക്കി ഒതുക്കി കൊച്ചി കൊച്ചിക്കാൎക്കുതന്നെ സ്വായത്തമാക്കിയത് ലന്തക്കാരുടെ വാരുണാസ്ത്രമായിരുന്നു എന്ന സംഗതി കൊച്ചിക്കാർ ആചന്ദ്രാൎക്കം അനുസ്മരിക്കേണ്ടതാണ്. ഇവരുടെ ആഗമനവും ആനുകൂല്യവും ഉണ്ടായിരുന്നില്ലെങ്കിൽ ഇന്നത്തെ കൊച്ചിരാജ്യം വേണാട്ടരചന്മാരുടേയോ വെട്ടത്തു രാജാക്കന്മാരുടേയോ അഥവാ തുശത്തു കയ്മ്മളുടേയോ ആകുമായിരുന്നു. ആകയാൽ

കൊച്ചിരാജ്യത്തേയും രാജസ്ഥാനത്തേയും ഹൃദയപൂൎവ്വം സ്നേഹിക്കുന്ന ഏതൊരാളും ലന്തപ്രമാണികളെ—വിശേഷിച്ച വാൻഗ്ലൂസ്, മെഡൻ ഇവരെ—യഥാൎത്ഥബന്ധുക്കളായിക്കരുതി സ്നേഹവിശ്വാസങ്ങളോട കൂടി അനുവൎത്തിക്കേണ്ടതാണെന്ന് ഞാനിതാ തുറന്നു പറഞ്ഞുകൊള്ളുന്നു. കൊച്ചിയിലെ പുരാണകഥകളെ വിവരിക്കുമ്പോൾ പ്രത്യേക വൎണ്ണനക്കു വിഷയീഭവിക്കുന്ന പാലിയത്ത് മേനവനേയും അദ്ദേഹത്തിന്റെ സഹായസഹകരണങ്ങളേയും നാം ഒരു കാലത്തും വിസ്മരിക്കരുത്. മേനവൻ ചെയ്തിട്ടുള്ളതും ചെയ്തുവരുന്നതും ആയ സംഗതികളെ വിസ്തരിച്ചുതുടങ്ങിയാൽ അവസാനമില്ല. എന്നു മാത്രമല്ലാ, ഉള്ളിണങ്ങിയ രണ്ടുപേരിൽ ഒരുവൻ മററവനെക്കുറിച്ചു ചെയ്യുന്ന അഭിനന്ദനകളും പ്രശംസകളും ഒരുവിധം ആത്മപ്രശംസതന്നെ ആയിട്ടാണ് പരിണമിക്കുക. ആകയാൽ അധികം വിസ്തരിക്കുന്നില്ല. പാലിയത്തു മേനവനെ അനുഗമിക്കുന്ന പടയാളികളിൽ തലയാളികളും തനിക്കുതാൻ പോന്നവരും ആണ് ചങ്ങരംകോത കൎത്താവും ചങ്കരങ്കണ്ടത്തു പണിക്കരും എന്ന പരമാൎത്ഥം മറച്ചുവെക്കുന്നില്ല. ഇനി എന്നിൽ സമൎപ്പിച്ചിട്ടുള്ള, അഥവാ സമൎപ്പിക്കുവാൻ ഭാവിക്കുന്ന ആ സ്ഥാനത്തെപ്പററി രണ്ടു വാക്കു പറഞ്ഞുകൊള്ളട്ടെ. പ്രാചീനചരിത്രം നോക്കുമ്പോൾ ഇന്നത്തെ കിരീടാവകാശി ഞാൻ തന്നെയാണെന്ന് സമ്മതിക്കാം. എന്നാൽ കുറേക്കാലമായി ചില പ്രത്യേക കാരണങ്ങളാൽ ആ അവകാശം ചിററമ്മയുടെ താവഴിക്കു മാത്രമായി തീൎന്നിട്ടുള്ള സംഗതി എല്ലാവരും അറിഞ്ഞിട്ടുള്ളതാണ്. ആ ശാഖയിൽ ഒരു ചെറു പൈതൽപോലും ജീവിച്ചിരിക്കെ മറെറാരാൾ ആ സ്ഥാനത്തെ അൎഹിക്കുന്നില്ലെന്നാണ് എന്റെ ഉത്തമ വിശ്വാസം. വിശേഷിച്ച് വളരെക്കാലം ഈ സ്ഥാനം വേണ്ടുംവണ്ണം നിൎവ്വഹിച്ച പുണ്യവതിയും വന്ദ്യവയോധികയും ആയ എന്റെ ചിററമ്മയുള്ളപ്പോൾ

അവിടന്ന് തന്നെയാണിക്കൃത്യം നടത്തേണ്ടതെന്നു ഞാനല്ല, ഏതു ബാലനും അഭിപ്രായപ്പെടാതിരിക്കയില്ല. അവിടക്ക് വാർദ്ധക്യം ബാധിച്ചതും തന്നിമിത്തം രാജ്യഭരണക്ലേശം വെച്ചൊഴിഞ്ഞു വിശ്രമിക്കാൻ ഉറച്ചതും എല്ലാവരും അറിഞ്ഞിരിക്കും. ഈ നിർവൃതിയുടെ ഫലമായി എന്റെ ജ്യേഷ്ഠനെ ദത്തെടുത്ത് ഭരണാധികാരിയാക്കി വെക്കുകയും കുറച്ചുകാലം അവിടന്നു രാജ്യഭരണം നടത്തുകയും ഉണ്ടായിട്ടുള്ളതു സുപ്രസിദ്ധമാണ്. കാലകൌടില്യത്താൽ ആ ദത്തൻ സ്ഥാനഭ്രഷ്ടനാവുകയും നാട് അലങ്കോലപ്പെടുകയും ചെയ്തു. എന്നാൽ ഇപ്പോളിതാ ഭരണകർത്തൃത്വം സർവ്വതന്ത്രസ്വതന്ത്രമായി അവിടെത്തന്നെ എത്തിച്ചേർന്നിരിക്കുന്നു. ഇനി ചിററമ്മയുടെ ആയുഷ്കാലം മുഴുവൻ അവിടന്നുതന്നെ പ്രജാസംരക്ഷണം ചെയ്താൽ കൊള്ളാമെന്നാണ് എന്റെ പ്രാത്ഥന. എന്നാൽ എന്റെ ഉത്തമസുഹൃത്തായ ലന്തക്കപ്പിത്താൻ വാൻഗ്ലൂസ് അവർകൾ ഉയർത്തിക്കാണിച്ചിരിക്കുന്ന കൈകളെ അങ്ങിനെതന്നെ പിൻവലിപ്പിക്കുവാൻ ഞാൻ വിചാരിക്കുന്നില്ല” എന്നിങ്ങിനെ അരുളിച്ചെയ്ത് സാക്ഷാൽ വീരകേരളവർമ്മതമ്പുരാൻ തൃക്കൈകൾ നീട്ടി കാണിക്കുകയും വാൻഗ്ലൂസ് ആ കിരീടം അവിടത്തെ കരപുടങ്ങളിൽ അർപ്പിക്കുകയും ചെയ്തു. തമ്പുരാനാകട്ടെ ആദരവോടുകൂടി അതു സ്വീകരിച്ച് ആ സഭാമദ്ധ്യത്തിൽ ഒഴിഞ്ഞുകിടന്നിരുന്ന പുരാതന രാജകീയസിംഹാസനത്തിൽ സ്ഥാപിച്ച് ജനങ്ങളുടെ ആശിസ്സും ആശംസകളും ഏററുംകൊണ്ട് യഥാപൂർവ്വം ആസനസ്ഥനാവുകയും ചെയ്തു.

ഇത്രയും കഴിഞ്ഞപ്പോൾ രാജ്ഞി ഗംഗാധരലക്ഷ്മി ഒന്നു നിവർന്നിരുന്നു. അവിടന്ന് എന്തോ അരുളിച്ചെയ്‌വാൻ ഭാവിക്കുന്നതുപോലെ ജനങ്ങൾക്കു തോന്നി. അതോടുകൂടി സകല ജനങ്ങളുടേയും ദൃഷ്ടി അവിടെ ചെന്നുവീണു. അനന്തരം രാജ്ഞി എഴുന്നെള്ളിഇരുന്നുകൊണ്ടുതന്നെ എല്ലാവരും കേൾ

ത്തക്കവണ്ണം വളരെ സാവധാനത്തിൽ അരുളിച്ചെയ്തതിന്റെ ചുരുക്കം ഇതാണ്:—

“മാന്യന്മാരായ ലന്തക്കപ്പിത്താനും അനുചരന്മാരും, അവരുടെ വ്യക്തികളെ സംബന്ധിച്ചേടത്തോളംഎനിക്കു തീരെ പരിചിതന്മാരല്ല. എങ്കിലും അവരുടെ ഗുണബുദ്ധിയും തജ്ജന്യമായ പരോപകാരവും മററു പ്രവൃത്തികളും ഇപ്പോൾ ഏറെക്കുറെ പരിചയപ്പെട്ടിട്ടുണ്ട്. ഉണ്ണി പറഞ്ഞതുപോലെ തന്നെ കൊച്ചിരാജവംശത്തിന്റെയും നാട്ടുകാരുടേയും സവിശേഷമായ കൃതജ്ഞതക്കു പാത്രീഭവിച്ചിട്ടുള്ള പുരുഷോത്തമന്മാർ തന്നെയാണ് ലന്തപ്രമാണികൾ എന്നു ഞാനും സമ്മതിക്കുന്നു. പറങ്കികൾ ആദ്യം ഇവിടെ വന്നുകേറിയതും ക്രമേണ അന്നത്തെ രാജകുടുംബത്തോട് അടുത്തതും അവരുടെ ശക്തി വൎദ്ധിപ്പിച്ച് “പറങ്കിക്കൊച്ചി” എന്നു പ്രത്യേക അഭിധാനത്തിന്നു വിഷയമായ ഒരു പ്രത്യേകഭൂഭാഗം സ്വതന്ത്രസ്വാതന്ത്ര്യത്തോടുകൂടി അവൎക്കു ലഭിച്ചതും മററും പഴമക്കാർ പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. അവരിൽനിന്ന് അന്നത്തെ കൊച്ചിക്കാൎക്കു പലഗുണങ്ങളും സിദ്ധിച്ചിട്ടുണ്ടെന്നും കേട്ടിരുന്നു. എന്നാൽ നാട്ടുകാരുടെ നിൎഭാഗ്യം നിമിത്തം അടുത്തകാലത്ത് അന്തഃച്ഛിദ്രം അങ്കുരിക്കുകയും അതിവേഗത്തിൽ അതു വളൎന്നുവന്ന് അചിന്ത്യമായ ഒരവസ്ഥാന്തരത്തെസൃഷ്ടിക്കുകയും ചെയ്തു. ഈ സംഗതി വിചാരിക്കുമ്പോൾ എന്തെന്നില്ലാത്ത ഒരു മനശ്ശല്യം എന്നെ ബാധിക്കുന്നുണ്ടെന്നുള്ള വസ്തുത ചിലരെങ്കിലും അറിഞ്ഞിട്ടുണ്ടായിരിക്കുമെന്നു വിശ്വസിക്കുന്നു. ഈ അന്തഃച്ഛിദ്രങ്ങളും കുഴപ്പങ്ങളും കൂടാതെ കഴിക്കണമെന്നുള്ള വിചാരത്തിന്മേൽ ചിലതെല്ലാം ഞാൻ ചെയ്യാതിരുന്നില്ല. അതിനാലായിരുന്നു ഉണ്ണിരാമവൎമ്മനെ മുറപ്രകാരം ദത്തെടുത്ത് അനന്തരാവകാശിയായി വാഴിച്ചത്. സംഗതിവശാൽ അത് അസ്ഥിരപ്പെടുത്തുകയും തൽസ്ഥാനത്ത് അന്യഥാ ചിലരെ സ്ഥിരപ്പെടുത്തുകയും ചെയ്യേണ്ടതായി വ

ന്നു. ഇപ്പോൾ ആ വക ബാധകളെല്ലാം തീൎന്ന് ഒരുവിധം സമാധാനമാകുവാനുള്ള സൂചനകൾ കാണുന്നതു സന്തോഷകരംതന്നെ. ഈ നവീനാഭ്യുദയത്തിന്നുള്ള കാരണങ്ങളിൽ ഒന്ന് ലന്തപ്രമാണികളുടെ ആഗമനവും ആനുകൂല്യവും ആണെന്നു തീൎച്ചതന്നെ. ഇവരുടെ ഈ സൽപ്രവൃത്തിക്കു തക്ക പ്രതിഫലം കൊടുക്കുവാൻ ഈശ്വരനുമാത്രമെ സാധിക്കുവെന്നു പറയേണ്ടതില്ലല്ലൊ. ലന്തക്കാരോടു നമുക്കു സിദ്ധിച്ചിട്ടുള്ള ഈ പുതിയ മൈത്രി ഉത്തരോത്തരം ഉൽക്കൎഷത്തെ പ്രാപിച്ച് ആചന്ദ്രതാരം നിലനില്ക്കുമാറാകട്ടെ എന്നു ഹൃദയപൂൎവ്വം അൎത്ഥിച്ചുകൊള്ളുന്നു. ഈ സന്ദൎഭത്തിൽ പാലിയത്തു മേനവനെപ്പററി ഒന്നും പറയാതിരിക്കുവാൻ എനിക്കു മനസ്സുവരുന്നില്ല. കൊച്ചി രാജകുടുംബവും പാലിയത്തുകാരും പണ്ടേയ്ക്കുപണ്ടെ ബന്ധുക്കളാണ്. ഈ മേനവൻ ചെറുപ്പംമുതൽക്കേ എനിക്കു പരിചിതനുമാണ്. ഇത്രമാത്രം വിശ്വസിക്കാവുന്ന ഉത്തമമിത്രങ്ങളെ ഞാൻഅധികംകണ്ടിട്ടില്ല. കൊച്ചിയുടെ ഈ പുതിയ പ്രതിഷ്ഠയ്ക്ക് ഒരു വലിയപങ്ക് മേനവന് ഉണ്ടായിരുന്നുവെന്ന് എല്ലാവരും ധരിച്ചിട്ടുണ്ട്. ആ ധാരണ അടിസ്ഥാനരഹിതമല്ല. കൊച്ചിക്കാർ സാമാന്യമായും വീരകേരളവൎമ്മൻ പ്രത്യേകിച്ചും മേനവനോടു കൃതജ്ഞത കാണിക്കേണ്ടതാണ്. ഇനിയത്തെ പ്രധാനമന്ത്രി പാലിയത്തു മേനവനായിരിക്കണം എന്നാണ് എന്റെ ആന്തരമായ അഭിപ്രായം. ഇനി ഭരണാധികാരത്തെപ്പററിയും ഒരു വാക്കു പറഞ്ഞുകളയാം. രാജ്യഭരണത്തിന്നു വേണ്ടിടത്തോളംശക്തിയും സാമൎത്ഥ്യവും എനിക്കുണ്ടായിരുന്നില്ല. വിധിവൈപരീത്യത്താൽ "ഒററമരത്തിൽ കുരങ്ങുപോലെ" ഈ താവഴിയിൽ ഞാൻ മാത്രമായിത്തീൎന്നു. അക്കാലങ്ങളിൽ, നല്ലതോ ചീത്തയോ ചിലതെല്ലാം പ്രവൎത്തിക്കുകയും ചെയ്തു. എന്നാൽ ഇയ്യിടെ കുറേക്കാലമായി മനസ്സിന്നും ദേഹത്തിന്നും അശേഷം സ്വാസ്ഥ്യമില്ല. ഈ വക ഉത്തരവാദപ്പെട്ട പ്രവൃത്തിക

ാനിന്നും വിരമിച്ച ജീവിതശേഷം ശാന്തമായ രീതിയിൽ കഴിച്ചുകൂട്ടിയാൽ കൊള്ളാമെന്നാണ് ഇപ്പോഴും എന്റെ ആഗ്രഹം. അതിന്നു സഹായിക്കുന്നവരാരോ അവരാണ് എന്റെ യഥാൎത്ഥബന്ധുക്കൾ. അതിനുമാത്രം "ശേഷിയും ദശമുഷിയും" തികഞ്ഞ ഒരാളെ കണ്ണിനു നേരെ കാണുകയും ആയാളെ എല്ലാവൎക്കും ബോദ്ധ്യമാവുകയും ചെയ്താൽ അതിലധികമായി ഒന്നുംതന്നെ എനിക്കു വേണ്ടതായിട്ടില്ല. അതുകൊണ്ട് ഉണ്ണി വീരകേരളവൎമ്മൻതന്നെ രാജാവായിരുന്ന് "ബ്രാഹ്മണരേയും പശുക്കളേയും" രക്ഷിച്ച നീതിന്യായപരിപാലനം നടത്തി ഐഹികാമുഷ്മികശ്രേയസ്സനുഭവിച്ചുകൊൾക. അതിന്ന് ഈശ്വരാനുഗ്രഹമുണ്ടാകട്ടേ."

രാജ്ഞി ഗംഗാധരലക്ഷ്മി ഇപ്രകാരം അരുളിച്ചെയ്തു മുൻസ്ഥിതിയെത്തന്നെ അവലംബിച്ചു. ഈ അവസരത്തിൽ സകല സഭ്യന്മാരും രാജ്ഞിയുടെ ത്യാഗശീലത്തെ അഭിനന്ദിക്കുകയും അവിടേയ്ക്ക് ആയുരാരോഗ്യങ്ങളെ ആശംസിക്കുകയും ചെയ്തു. ഇങ്ങിനെ അന്നത്തെ മഹായോഗം അവസാനിച്ചു. എന്നാൽ പ്രമാണികൾ പലരും ഒരാഴ്ചകൂടി അവിടെ താമസിച്ചു. ഇതിനിടയ്ക്കു വീരകേരളവൎമ്മ തമ്പുരാനെ ദത്തെടുക്കുകയും സൎവ്വസമ്മതപ്രകാരം രാജാവായി വാഴിക്കുകയും ഉണ്ടായി. അന്നുതന്നെ പാലിയത്തച്ചനു മന്ത്രിസ്ഥാനവും ചേരാക്കുളത്തു ഭട്ടതിരിക്കു തേവാരിസ്ഥാനവും കൊടുത്ത് അവരെ യഥാക്രമം മാനിച്ചു. അനന്തരം ഉണ്ണിമായ പെരുമ്പടപ്പുമൂപ്പിലെ നൈത്യാരമ്മയായി ഗാംഗാധരലക്ഷ്മിയെ മുഖംകാണിച്ച് തൃക്കൈകൊണ്ടു പട്ടും വളയുംവാങ്ങി കൃതകൃത്യയാവുകയും ചെയ്തു. ഈ വിവരമറിഞ്ഞപ്പോൾ കയ്മൾവീട്ടുകാർ (കൂട്ടത്തിൽ മൂത്തകയ്മളും ഉണ്ടായിരുന്നു) കോവിലകത്തേക്കു ചെന്നു. സമസ്താപരാധം പറയുകയും, രാജ്ഞിയുടെ ഔദാൎയ്യാതിരേകത്തിന്റെ ഫലമായി തമ്പുരാൻ അഭയം നൽകി അവരെ ര

ക്ഷിക്കുകയും ചെയ്തു. രാജ്ഞി ഗംഗാധരലക്ഷ്മി പിന്നേയുമേ റേക്കാലം കൊച്ചി കോവിലകത്തുതന്നെ സുഖമായി എഴു ന്നെള്ളിയിരുന്നു.

ശുഭം.

DEFINITORY T. O. C. D.
No ..........
LIBRARY.

DC Library
*00004522*
T63.1 AL11